# സ്നേഹത്തിന്റെ സന്തോഷം

1. കുടുംബങ്ങൾ അനുഭവിക്കുന്ന സ്നേഹത്തിന്റെ സന്തോഷം സഭയുടെയും സന്തോഷമാണ്. സിനഡു പിതാക്കന്മാർ നിരീക്ഷിച്ചതുപോലെ, വിവാഹത്തിന്റെ സ്ഥാപനത്തിൽ വിഷമസ്ഥിതിയുടെ അനേകം അടയാളങ്ങളുണ്ടെങ്കിലും, 'വിവാഹം ചെയ്യാനും കുടുംബം രൂപപ്പെടുത്താനുമുള്ള ആഗ്രഹം സജീവമായി നിലനില്ക്കുന്നുണ്ട്, പ്രത്യേകിച്ച് യുവജനങ്ങളിൽ. അത് സഭയ്ക്ക് ഒരു പ്രചോദനമാണ്.'[1] ആ ആഗ്രഹത്തോടുള്ള പ്രത്യുത്തരമെന്ന നിലയിൽ, 'കുടുംബത്തെക്കുറിച്ചുള്ള ക്രൈസ്തവപ്രഘോഷണം യഥാർഥത്തിൽ സദ്വാർത്തയാണ്.'[2]

2. ആധുനിക ലോകത്തിലെ കുടുംബങ്ങളുടെ അവസ്ഥ പരിശോധിക്കാൻ സിനഡിലെ ചർച്ചകൾ ഇടയാക്കി. അങ്ങനെ വിവാഹത്തിന്റെയും കുടുംബത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചുള്ള കൂടുതൽ വിശാലമായ ദർശനവും നവീകൃതബോധവും ലഭിക്കാനും അതു സഹായകമായി. സിനഡിൽ ഉരുത്തിരിഞ്ഞ പ്രശ്നങ്ങളുടെ സങ്കീർണത ഒരു വസ്തുത വ്യക്തമാക്കി - സൈദ്ധാന്തികവും ധാർമികവും ആധ്യാത്മികവും അജപാലനപരവുമായ ധാരാളം ചോദ്യങ്ങളെ സംബന്ധിച്ച് തുടർച്ചയായ തുറന്ന ചർച്ച ആവശ്യമാണ്. സഭയോട് വിശ്വസ്തത പുലർത്തുന്ന അജപാലകരുടെയും ദൈവശാസ്ത്രജ്ഞരുടെയും സത്യസന്ധവും യഥാർഥവും സർഗാത്മകവുമായ ചിന്ത കൂടുതൽ വ്യക്തത നേടാൻ നമ്മെ സഹായിക്കും. മാധ്യമങ്ങളിലും ചില പ്രസിദ്ധീകരണങ്ങളിലും - സഭാശുശ്രൂഷകരുടെയിടയിൽ പോലും - വാദപ്രതിവാദങ്ങൾ നടക്കുന്നുണ്ട്. പര്യാപ്തമായ വിചിന്തനമോ അടിസ്ഥാനമോ കൂടാതെ പരിപൂർണമാറ്റത്തിനുവേണ്ടിയുള്ള അമിതമായ ആഗ്രഹം മുതൽ പൊതുനിയമങ്ങൾ പ്രയോഗിച്ചുകൊണ്ടോ ചില പ്രത്യേക ദൈവശാസ്ത്ര പരിഗണനകളിൽനിന്ന് അനുചിതമായ നിഗമനങ്ങളിൽ എത്തിച്ചേർന്നുകൊണ്ടോ എല്ലാ പ്രശ്നവും പരിഹരിക്കാൻ കഴിയുമെന്ന മനോഭാവംവരെ അവയിൽ കാണുന്നു.

3. 'കാലം സ്ഥലത്തെക്കാൾ വലുതാണ്.' അതുകൊണ്ട് സൈദ്ധാന്തികമോ ധാർമികമോ അജപാലനപരമോ ആയ പ്രശ്നങ്ങളെ സംബന്ധിച്ച സകല തർക്കങ്ങളും പ്രബോധനാധികാരത്തിന്റെ ഇടപെടലുകൾവഴി പരിഹരിക്കാനാവുകയില്ലെന്നു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സഭയിൽ പ്രബോധനത്തിലും അഭ്യസനത്തിലും ഐക്യമുണ്ടായിരിക്കുകയെന്നത് തീർച്ചയായും അത്യാവശ്യമാണ്. എന്നാലും ഈ ഐക്യം ആ



പ്രബോധനത്തിന്റെ ഏതാനും മേഖലകളെ വ്യാഖ്യാനിക്കുന്ന കാര്യത്തിലും തദ്ഭൂതമായ ചില നിഗമനങ്ങളിലെത്തിച്ചേരുന്ന കാര്യത്തിലും വ്യത്യസ്തമായ മാർഗങ്ങൾ അവലംബിക്കുന്നതിനെ തള്ളിപ്പറയുന്നില്ല. പരിശുദ്ധാത്മാവ് പൂർണസത്യത്തിലേക്കു നമ്മെ നയിക്കുന്നതിനാൽ (cf യോഹ 16:13) ക്രിസ്തു രഹസ്യത്തിലേക്ക് അവിടന്നു നമ്മെ പൂർണമായും നയിക്കുകയും എല്ലാ വസ്തുക്കളെയും അവിടന്നു കാണുന്നതുപോലെ കാണാൻ നമ്മെ ശക്തരാക്കുകയും ചെയ്യുന്നതുവരെ എന്നും ഇപ്രകാരമായിരിക്കും സംഭവിക്കുക. കൂടാതെ, ഓരോ രാജ്യത്തിനും പ്രദേശത്തിനും അതതിന്റെ സംസ്കാരത്തിനിണങ്ങിയവയും തദ്ദേശ പാരമ്പര്യങ്ങളോടും ആവശ്യങ്ങളോടും ആഭിമുഖ്യം പുലർത്തുന്നവയുമായ മെച്ചപ്പെട്ട പരിഹാരങ്ങൾ തേടാനും സാധിക്കും. എന്തെന്നാൽ 'സംസ്കാരങ്ങൾ യഥാർഥ്യത്തിൽ തികച്ചും വ്യത്യസ്തങ്ങളാണ്. ഓരോ പൊതുതത്ത്വവും... പരിഗണിക്കപ്പെടുകയും പ്രയോഗിക്കപ്പെടുകയും ചെയ്യണമെങ്കിൽ അത് സാംസ്കാരികാനുരൂപണത്തിനു വിധേയമാകണം.'[3]

4. സിനഡുചർച്ചകൾ ആകർഷകവും ഉദ്ദീപനപരവുമായിരുന്നുവെന്നു പറയാതെ വയ്യാ. ലോകത്തിലെങ്ങും കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ കൂടുതൽ സമഗ്രമായി ഗ്രഹിക്കാൻ എന്നെ സഹായിച്ച അനേകം സംഭാവനകൾക്കു ഞാൻ നന്ദി പറയുന്നു. സിനഡു പിതാക്കന്മാരുടെ വിവിധ ഇടപെടലുകൾ ഞാൻ ശ്രദ്ധാപൂർവം ശ്രവിച്ചു. ന്യായമായ അനേകം താത്പര്യങ്ങളും സത്യസന്ധമായ അനേകം ചോദ്യങ്ങളും പ്രകാശിപ്പിക്കുന്ന പല മുഖങ്ങളുള്ള രത്നം പോലെയായിരുന്നു അവ. ഇക്കാരണത്താൽ, കുടുംബത്തെക്കുറിച്ച് അടുത്ത കാലത്തു നടന്ന രണ്ടു സിനഡുകളുടെ സംഭാവനകൾ ശേഖരിക്കുന്നതോടൊപ്പം, വിചിന്തനത്തിനും സംവാദത്തിനും അജപാലനപരമായ പ്രയോഗത്തിനും സഹായകവും കുടുംബങ്ങൾക്ക് അവയുടെ അനുദിനകർമങ്ങളിലും വെല്ലുവിളികളിലും സഹായകവും പ്രോത്സാഹനജനകവുമായ നിലയിയിൽ മറ്റു ചില ചിന്തകളും കൂട്ടിച്ചേർത്ത് ഒരു സിനഡനന്തര അപ്പസ്തോലികാഹ്വാനം തയ്യാറാക്കുക ഉചിതമാണെന്ന് ഞാൻ കരുതി.


5. കാരുണ്യത്തിന്റെ ഈ ജൂബിലി വർഷത്തിൽ ഈ ആഹ്വാനം തികച്ചും കാലാനുസൃതമാണ്. കാരണം, ഒന്നാമതായി ഇത് ക്രൈസ്തവ ഭവനങ്ങൾക്കുള്ള ഒരു ക്ഷണമാണ് - വിവാഹത്തിന്റെയും കുടുംബത്തിന്റെയും ദാനങ്ങളെ വിലമതിക്കാനും ഉദാരത, സമർപ്പണബുദ്ധി, വിശ്വസ്തത, സഹനശക്തി എന്നീ ഗുണങ്ങളാൽ ശക്തമാക്കപ്പെട്ട ഒരു സ്നേഹത്തിൽ നിലനില്ക്കാനുമുള്ള ക്ഷണം. രണ്ടാമതായി, കുടുംബജീവിതം അപൂർണമായിരിക്കുകയോ സമാധാനവും സന്തോഷവും അന്യമായിരിക്കുകയോ ചെയ്യുന്നിടത്തെല്ലാം കാരുണ്യത്തിന്റെയും

സാമീപ്യത്തിന്റെയും അടയാളമായിരിക്കുന്നതിന് എല്ലാവരെയും അതു പ്രോത്സാഹിപ്പിക്കുന്നു.

6. ശരിയായ ശ്രുതി ചേരാനായി, വിശുദ്ധ ഗ്രന്ഥത്താൽ പ്രചോദിതമായ ഒരു അധ്യായം കൊണ്ടുതന്നെ ഞാൻ തുടങ്ങാം. പിന്നീട് യാഥാർഥ്യത്തിൽ ഉറച്ചുനില്ക്കാൻവേണ്ടി കുടുംബങ്ങളുടെ യഥാർഥ അവസ്ഥയെ വിശകലന വിധേയമാക്കും. വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ച സഭാപ്രബോധനത്തിന്റെ സാരാംശപരമായ ചില വശങ്ങളെ അനുസ്മരിച്ചുകൊണ്ട് സ്നേഹത്തിനായി സമർപ്പിക്കപ്പെട്ട രണ്ടു കേന്ദ്ര അധ്യായങ്ങൾക്കു വഴിയൊരുക്കും. ദൈവികപദ്ധതിയനുസരിച്ച് ആരോഗ്യകരവും ഫലപൂർണവുമായ കുടുംബങ്ങൾ സ്ഥാപിക്കുന്നതിൽ നമ്മെ നയിക്കാൻ കഴിയുന്ന ചില അജപാലന സമീപനങ്ങളെ ഉയർത്തിക്കാണിക്കുന്നതോടൊപ്പം കുട്ടികളെ വളർത്തൽ എന്ന പ്രമേയത്തിനായി ഒരധ്യായം മുഴുവൻ നീക്കിവയ്ക്കും. അവസാനമായി, കാരുണ്യത്തിലേക്കും കർത്താവു നമ്മോട് ആവശ്യപ്പെടുന്നതു ചെയ്യാതിരിക്കുന്ന സാഹചര്യങ്ങളുടെ തിരിച്ചറിവിലേക്കും ഞാൻ ശ്രദ്ധ ക്ഷണിക്കും. കുടുംബപരമായ ആധ്യാത്മികയെക്കുറിച്ചുള്ള ലഘുവായ ചർച്ചയോടെ ഉപസംഹരിക്കുകയും ചെയ്യും.

7. രണ്ടുവർഷത്തെ സിനഡ് സമ്പന്നമായ ഫലങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ ആഹ്വാനം, വിവിധ രീതികളിൽ വ്യത്യസ്ത പ്രശ്നങ്ങൾ ചർച്ചാവിഷയമാക്കും. അതാണ് അനുപേക്ഷണീയമായ ഇതിന്റെ ദൈർഘ്യത്തിനുള്ള വിശദീകരണം. അതിനാൽ, ഈ ടെക്സ്റ്റ് പെട്ടെന്നു വായിക്കാൻ ഞാൻ ശിപാർശ ചെയ്യുന്നില്ല. ഓരോ ഭാഗവും ക്ഷമാപൂർവം ശ്രദ്ധയോടെ വായിച്ചാൽ, അല്ലെങ്കിൽ തങ്ങളുടെ പ്രത്യേകമായ ആവശ്യങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഭാഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ, കുടുംബങ്ങൾക്കും കുടുംബപ്രേഷിതത്വത്തിൽ ഏർപ്പെടുന്നവർക്കും ഏറ്റവും കൂടുതൽ ഉപകാരം ലഭിക്കും. ഉദാഹരണമായി, വിവാഹിതരായ ദമ്പതികൾക്കു നാലും അഞ്ചും അധ്യായങ്ങളിലും അജപാലനശുശ്രൂഷകർക്ക് ആറാം അധ്യായത്തിലും കൂടുതൽ താത്പര്യമുണ്ടാകാൻ സാധ്യതയുണ്ട്. അതേ സമയം എട്ടാം അധ്യായം തങ്ങളെ വെല്ലുവിളിക്കുന്നതായി എല്ലാവർക്കും തോന്നണം. ഈ ടെക്സ്റ്റു വായിക്കുമ്പോൾ കുടുംബജീവിതത്തെ സ്നേഹിക്കാനും പോഷിപ്പിക്കാനും തങ്ങൾ വിളിക്കപ്പെട്ടതായി എല്ലാവർക്കും തോന്നുമെന്നാണ് എന്റെ പ്രത്യാശ. എന്തെന്നാൽ, കുടുംബങ്ങൾ ഒരു പ്രശ്നമല്ല; അവ പ്രധാനവും പ്രഥമവുമായി ഒരു സന്ദർഭമാണ്."[4]





***കർത്താവിനെ ഭയപ്പെടുകയും അവിടത്തെ വഴികളിൽ***
***നടക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.***
***നിന്റെ അധ്വാനഫലം നീ അനുഭവിക്കും;***
***നീ സന്തുഷ്ടനായിരിക്കും; നിനക്കു നൻമ വരും.***
***നിന്റെ ഭാര്യ ഭവനത്തിൽ ഫലസമൃദ്ധമായ***
***മുന്തിരിപോലെയായിരിക്കും;***
***നിന്റെ മക്കൾ നിന്റെ മേശയ്ക്കുചുറ്റും***
***ഒലിവുതൈകൾപോലെയും.***

## അധ്യായം ഒന്ന്

# ദൈവവചനത്തിന്റെ വെളിച്ചത്തിൽ

8. കുടുംബങ്ങളും ജനനങ്ങളും പ്രണയകഥകളും കുടുംബ പ്രതിസന്ധികളും കൊണ്ടു നിറഞ്ഞിരിക്കുകയാണ് ബൈബിൾ. ആദത്തിന്റെയും ഹവ്വയുടെയും കുടുംബം, അതിന്റെ അക്രമത്തിന്റെ ഭാരത്തോടും ഒപ്പം സ്ഥിരശക്തിയോടും കൂടി (cf ഉത്പ. 4) പ്രത്യക്ഷപ്പെടുന്ന ഒന്നാം പേജു മുതൽ മണവാട്ടിയുടെയും കുഞ്ഞാടിന്റെയും വിവാഹോത്സവം നാം കാണുന്ന അവസാനത്തെ പേജ് വരെ (വെളി 21:2,9) അപ്രകാരമാണ്. പാറമേൽ പണിയപ്പെട്ടതും മണലിൽ പണിയപ്പെട്ടതുമായ രണ്ടുവീടുകളെക്കുറിച്ച് (cf മത്താ 7:24-27) യേശു വിവരിക്കുന്നുണ്ട്. കുടുംബാംഗങ്ങളുടെ സ്വാതന്ത്ര്യ വിനിയോഗത്താൽ ഉരുവാകുന്ന എത്രയെത്ര കുടുംബ സാഹചര്യങ്ങളുടെ പ്രതീകമാണവ. എന്തെന്നാൽ കവിപറയുന്നതുപോലെ 'ഓരോ കുടുംബവുംഒരു ദീപപീഠമാണ്.'[5] നമുക്ക് ഇപ്പോൾ സങ്കീർത്തകനാൽ നയിക്കപ്പെട്ട് ആ കുടുംബങ്ങളിൽ ഒരെണ്ണത്തിലേക്ക്, ഇന്നും യഹൂദരുടെയും ക്രൈസ്തവരുടെയും വിവാഹാഘോഷത്തിൽ പ്രതിധ്വനിക്കുന്ന ഒരു ഗാനത്തോടെ പ്രവേശിക്കാം:

'കർത്താവിനെ ഭയപ്പെടുകയും അവിടത്തെ വഴികളിൽ
നടക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.
നിൻെറ അധ്വാനഫലം നീ അനുഭവിക്കും;
നീ സന്തുഷ്ടനായിരിക്കും; നിനക്കു നൻമ വരും.
നിൻെറ ഭാര്യ ഭവനത്തിൽ ഫലസമൃദ്ധമായ
മുന്തിരിപോലെയായിരിക്കും;
നിൻെറ മക്കൾ നിൻെറ മേശയ്ക്കുചുറ്റും
ഒലിവുതൈകൾപോലെയും.
കർത്താവിൻെറ ഭക്തൻ ഇപ്രകാരം അനുഗൃഹീതനാകും.
കർത്താവു സീയോനിൽനിന്നു നിന്നെ അനുഗ്രഹിക്കട്ടെ!
നിൻെറ ആയുഷ്കാലമത്രയും
നീ ജറുസലെമിൻെറ ഐശ്വര്യം കാണും.
മക്കളുടെ മക്കളെ കാണാൻ നിനക്ക് ഇടവരട്ടെ!
ഇസ്രായേലിനു സമാധാനമുണ്ടാകട്ടെ' (സങ്കീ 128:1-6)



## നീയും നിന്റെ ഭാര്യയും

9. ആഘോഷത്തിന്റെ മേശയ്ക്കു ചുറ്റും കുടുംബാഗങ്ങളിരിക്കുന്ന പ്രശാന്തമായ ഈ ഭവനത്തിന്റെ പടിവാതിൽ കടന്നു നമുക്കു ചെല്ലാം. മധ്യത്തിൽ പിതാവും മാതാവും ഇരിക്കുന്നതു നാം കാണുന്നു. സ്വന്തമായൊരു പ്രണയകഥയുള്ള ദമ്പതികളാണവർ. ക്രിസ്തു വ്യക്തമാക്കിയ ആദിമ ദൈവികപദ്ധതിയുടെ മൂർത്തീഭാവങ്ങളാണവർ: 'സ്രഷ്ടാവ് ആദിമുതലേ അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചുവെന്ന് നിങ്ങൾ വായിച്ചിട്ടില്ലേ?' (മത്താ 19:4). ഉത്പത്തിഗ്രന്ഥത്തിൽ കാണുന്ന കല്പനയുടെ പ്രതിധ്വനി നാം ഇവിടെ കേൾക്കുന്നു: 'അതിനാൽ, പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരും. അവർ ഒറ്റ ശരീരമായിത്തീരും' (ഉത്പ 2:24).

10. ഉത്പത്തിഗ്രന്ഥത്തിലെ ഗാംഭീര്യം തുളുമ്പുന്ന ആദ്യാധ്യായങ്ങൾ മനുഷ്യദമ്പതികളെ അവരുടെ അതിസാന്ദ്രമായ യാഥാർത്ഥ്യത്തിൽ അവതരിപ്പിക്കുന്നു. ബൈബിളിന്റെ ആദ്യത്തെ ആ പേജുകൾ സുവ്യക്തമായ ഏതാനും പ്രസ്താവനകൾ നടത്തുന്നുണ്ട്. ഒന്നാമത്തേത്, യേശു സ്വന്തം രീതിയിൽ ഉദ്ധരിച്ച ഭാഗമാണ്: 'അങ്ങനെ ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ ഛായയിൽ അവിടന്ന് അവനെ സൃഷ്ടിച്ചു; സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു' (ഉത്പ 1:27). 'ദൈവത്തിന്റെ പ്രതിച്ഛായ' എന്നത് ഇവിടെ 'പുരുഷനും സ്ത്രീയുമായ' ദമ്പതികളെ പരാമർശിക്കുന്നുവെന്നതു ശ്രദ്ധേയമാണ്. ലൈംഗികത എന്നത്, ദൈവത്തിന്റെ തന്നെ ഗുണമാണെന്നോ, ചില പ്രാചീനമതങ്ങൾ അഭിപ്രായപ്പെട്ടതുപോലെ, ദൈവത്തിനു കൂട്ടായി ഒരു ദേവിയുണ്ടായിരുന്നോ ഇത് അർഥമാക്കുന്നുണ്ടോ? തീർച്ചയായും, ഇതിന്റെ ഉത്തരം 'ഇല്ല' എന്നാണ്. വിശുദ്ധനാട്ടിലെ കാനന്യരുടെ ഇടയിലുണ്ടായിരുന്ന അത്തരം വിശ്വാസങ്ങളെ തികഞ്ഞ വിഗ്രഹാരാധനയായിക്കരുതി വേദഗ്രന്ഥം തള്ളിക്കളയുന്നുവെന്നു നമുക്കറിയാമല്ലോ. ദൈവത്തിന്റെ അതിശായിത്വം മുറുകെപ്പിടിക്കേണ്ടതാണ്. എന്നാലും ദൈവം സ്രഷ്ടാവു കൂടിയാകയാൽ, മാനുഷിക ദമ്പതികളുടെ സന്താനോല്പാദനശേഷി സജീവവും കാര്യക്ഷമവുമായ ഒരു 'പ്രതീകം' ആണ് - ദൈവത്തിന്റെ സർഗാത്മകപ്രവൃത്തികളുടെ ദൃശ്യമായ ഒരടയാളം.

11. സ്നേഹിക്കുകയും ജീവനു ജന്മം നല്കുകയും ചെയ്യുന്ന ദമ്പതികൾ സ്രഷ്ടാവും രക്ഷകനുമായ ദൈവത്തെ വെളിപ്പെടുത്താൻ കഴിവുള്ള യഥാർത്ഥവും സജീവവും ആയ ഐക്കൺ ആണ്. പത്തു കല്പനകൾ വിലക്കിയിരിക്കുന്ന, കല്ലും സ്വർണവുമുപയോഗിച്ചുള്ള വിഗ്രഹം പോലെയല്ല ഇത്. ഇക്കാരണത്താൽ ഫലപൂർണമായ സ്നേഹം ദൈവത്തിന്റെ ആന്തരികജീവിതത്തിന്റെ ഒരു പ്രതീകം ആയിത്തീരുന്നു

(cf ഉത്പ 1:28; 9:7; 17:2-5, 16; 28:3, 35:11; 48:3-4). അതുകൊണ്ടാണ് ഉത്പത്തി വിവരണം, 'പുരോഹിത പാരമ്പര്യം' പിന്തുടർന്ന വിവിധ വംശാവലി വിവരണങ്ങളാൽ ഇഴനെയ്തതായിരിക്കുന്നത് (cf ഉത്പ 4:17-22, 25-26; 5; 10; 11:10-32; 25:1-4, 12-17, 19-26; 36). രക്ഷാചരിത്രം മുന്നേറുന്നത് ജീവനെ ഉത്പാദിപ്പിക്കാൻ മാനുഷികദമ്പതികൾക്കുള്ള പ്രാപ്തിപാതയിലൂടെയാണ്. ഇപ്രകാരം വീക്ഷിക്കുമ്പോൾ, ദമ്പതികളുടെ ഫലപൂർണമായ ബന്ധം ദൈവത്തിന്റെതന്നെ രഹസ്യം മനസ്സിലാക്കാനും വിവരിക്കാനുമുള്ള ഒരു രൂപകമായിത്തീരുന്നു. എന്തെന്നാൽ, ത്രിത്വത്തെ സംബന്ധിച്ച ക്രൈസ്തവദർശനത്തിൽ ദൈവത്തെ പിതാവും പുത്രനും സ്നേഹത്തിന്റെ ആത്മാവുമായാണ് ധ്യാനിക്കുന്നത്. ത്രിത്വാത്മകദൈവം സ്നേഹത്തിന്റെ സംസർഗമാണ്; കുടുംബം അതിന്റെ സജീവപ്രതിഫലനവും. വിശുദ്ധ ജോൺ പോൾ രണ്ടാമൻ ഈ വിഷയത്തിൽ വെളിച്ചം വീശുന്നുണ്ട്: 'നമ്മുടെ ദൈവം അവിടത്തെ അഗാധതമമായ രഹസ്യത്തിൽ ഏകാന്തതയല്ല, പിന്നെയോ ഒരു കുടുംബമാണ്. എന്തെന്നാൽ അവിടത്തേക്ക് തന്നിൽത്തന്നെ പിതൃത്വവും പുത്രത്വവും ഗാർഹികസാരാംശമായ സ്നേഹവുമുണ്ട്. ദൈവിക കുടുംബത്തിലെ ആ സ്നേഹം പരിശുദ്ധാത്മാവാണ്.'[6] അങ്ങനെ കുടുംബം ദൈവത്തിന്റെ സത്തയുമായി ബന്ധപ്പെടാത്തതല്ല.[7] ഈ ത്രിത്വാത്മകമാനം വിശുദ്ധ പൗലോസിന്റെ ദൈവശാസ്ത്രത്തിൽ പ്രകാശനം കണ്ടെത്തുന്നു. അദ്ദേഹം ദമ്പതികളെ ക്രിസ്തുവും സഭയും തമ്മിലുള്ള ഐക്യത്തിന്റെ രഹസ്യത്തോടു ബന്ധപ്പെടുത്തുന്നു (cf എഫേ 5:21-33).

12. വിവാഹത്തെപ്പറ്റി പറയുമ്പോൾ, ഉത്പത്തി ഗ്രന്ഥത്തിന്റെ മറ്റൊരു പേജു പരിശോധിക്കാൻ യേശു നമ്മോട് ആവശ്യപ്പെടുന്നുണ്ട് - ദമ്പതികളുടെ സുന്ദരവും സവിസ്തരവുമായ ഒരു ചിത്രം വരച്ചുവച്ചിരിക്കുന്ന രണ്ടാം അധ്യായം. ആദ്യം തനിക്കുചേർന്ന ഒരു ഇണയെ (വാക്യങ്ങൾ 18,20) ഉത്കണ്ഠയോടെ അന്വേഷിക്കുന്ന മനുഷ്യനെ നാം കാണുന്നു. മൃഗങ്ങളുടെയും തനിക്കു ചുറ്റുമുള്ള പ്രപഞ്ചത്തിന്റെയും മധ്യേ തന്റെ ഏകാന്തത ശമിപ്പിക്കാൻ കഴിവുള്ള സഹായിയെയാണ് അവൻ അന്വേഷിക്കുന്നത്. ഹീബ്രു മൂലകൃതിയിൽ ഒരു മുഖാമുഖം ആണ് വ്യംഗ്യം കണ്ണും കണ്ണും തമ്മിലുള്ള ഒരു ബന്ധം; ഒരുതരം നിശ്ശബ്ദ സംഭാഷണം. എന്തെന്നാൽ, സ്നേഹത്തിൽ നിശ്ശബ്ദത എപ്പോഴും വാക്കുകളെക്കാൾ വാചാലമാണ്. അത് ദൈവത്തിന്റെ തന്നെ സ്നേഹം പ്രതിഫലിപ്പിക്കുന്ന ഒരു മുഖവുമായുള്ള, ഒരു 'നീ'യുമായുള്ള കണ്ടുമുട്ടലാണ്. ബൈബിളിലെ ജ്ഞാനിയുടെ വാക്കുകളിൽ, ആ 'നീ'യാണ് പുരുഷന്റെ ഏറ്റവും വലിയ സമ്പത്തും തുണയും താങ്ങും (cf പ്രഭാ 36:24). വീണ്ടും, സ്നേഹത്തിന്റെയും പരസ്പരദാനത്തിന്റെയും ഉത്തുംഗമായ ഏറ്റുപറച്ചിൽ നടത്തിക്കൊണ്ട് ഉത്തമഗീതത്തിലെ സ്ത്രീ



പാടുന്നതുപോലെ: 'എന്റെ ആത്മനാഥൻ എന്റേതാണ്. ഞാൻ അവന്റേതും... ഞാൻ എന്റെ പ്രിയന്റേതാണ്, എന്റെ പ്രിയൻ എന്റേതും' (ഉത്തമ 2:16;6:3).

13. മനുഷ്യന്റെ ഏകാന്തതയകറ്റുന്ന ഈ കണ്ടുമുട്ടൽ പുതിയ ജനനത്തിനും കുടുംബത്തിനും കാരണമാകുന്നു. എല്ലാകാലത്തെയും സ്ഥലത്തേയും മനുഷ്യൻ കൂടിയായ ആദം അയാളുടെ ഭാര്യയോടൊപ്പം പുതിയ കുടുംബം തുടങ്ങുന്നുവെന്നത് ശ്രദ്ധേയമാണ്. ഉത്പത്തി ഗ്രന്ഥത്തിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് യേശു ഇതിനെപ്പറ്റി പറയുന്നു: 'പുരുഷൻ... തന്റെ ഭാര്യയോടു ചേർന്നിരിക്കും. അവർ ഇരുവരും ഒറ്റശരീരമായിത്തീരും' (മത്താ 19:5, ഉത്പ 2:24). ഹീബ്രുമൂലത്തിൽ 'ചേർന്നിരിക്കുക' അല്ലെങ്കിൽ 'ഒട്ടിച്ചേരുക' എന്ന പ്രയോഗം അഗാധമായ ഐക്യമാണ് അർഥമാക്കുന്നത് - ശാരീരികവും ആന്തരികവുമായ അടുപ്പം. ദൈവവുമായുള്ള നമ്മുടെ ഐക്യത്തെ വിവരിക്കാൻമാത്രം അഗാധമാണത്: 'എന്റെ ആത്മാവ് അങ്ങയോട് ഒട്ടിച്ചേർന്നിരിക്കുന്നു' (സങ്കീ 63:8). അങ്ങനെ വൈവാഹികൈക്യം അതിന്റെ ലൈംഗികവും ശാരീരികവുമായ തലത്തിൽ മാത്രമല്ല സൂചിതമായിരിക്കുന്നത്; അതിന്റെ സ്നേഹപ്രചോദിതമായ സ്വതന്ത്ര ആത്മദാനത്തിലും കൂടിയാണ്.

ഈ ഐക്യത്തിന്റെ ഫലം രണ്ടുപേർ 'ഒറ്റശരീരമായിത്തീരുന്നു'വെന്നതാണ് - ശാരീരികമായും, ഹൃദയങ്ങളുടെയും ജീവിതങ്ങളുടെയും ഐക്യത്തിലൂടെയും, ഒരുപക്ഷേ കുഞ്ഞുങ്ങളിലൂടെയും. കുഞ്ഞാകട്ടെ, ജനിതകമായി മാത്രമല്ല, ആത്മീയമായും മാതാപിതാക്കളിരുവരുടെയും 'ശരീര'ത്തിൽ പങ്കുചേരുന്നു.

## നിന്റെ മക്കൾ ഒലിവുതൈകൾ പോലെ

14. നമുക്ക് ഒരിക്കൽകൂടി സങ്കീർത്തകന്റെ കീർത്തനം പരിഗണിക്കാം. ഭവനത്തിൽ ഭാര്യയും ഭർത്താവും മേശയ്ക്കുചുറ്റും ഇരിക്കുമ്പോൾ കുട്ടികൾ അവരുടെയരുകിൽ 'ഒലിവുതൈകൾപോലെ' (സങ്കീ 128:3)ആയിരിക്കും. അതായത്, ഊർജ്ജവും സജീവത്വവും നിറഞ്ഞവരായിരിക്കും. മാതാപിതാക്കൾ ഒരർഥത്തിൽ ഭവനത്തിന്റെ അടിസ്ഥാനമാണെങ്കിൽ കുട്ടികൾ ആ ഭവനത്തിന്റെ സജീവശിലകളായിരിക്കും (cf 1 പത്രോ 2:5). പഴയനിയമത്തിൽ ദൈവികനാമം (യാഹ്‌വേ = കർത്താവ്) കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് ശിശു (ബെൻ = പുത്രൻ) എന്ന പേരാണെന്നതു ശ്രദ്ധേയമാണ്. ആ പേരാകട്ടെ, 'പണിതുയർത്തുക' (ബനാ) എന്ന ക്രിയാരൂപവുമായി ബന്ധപ്പെട്ടതാണ്. അങ്ങനെ, 127-ാം സങ്കീർത്തനത്തിൽ ശിശുക്കളെന്ന ദാനത്തെപ്പറ്റി പറയുമ്പോൾ കെട്ടിട നിർമാണത്തിൽ നിന്നും നഗരങ്ങളിലെ സാമൂഹിക ജീവിതത്തിൽ നിന്നും സ്വീകരിച്ച ബിംബങ്ങൾ ഉപയോഗിക്കുന്നു: 'കർത്താവു വീടുപണിയുന്നില്ലെങ്കിൽ പണിക്കാരുടെ അധ്വാനം വ്യർത്ഥമാണ്... കർത്താവിൻെറ ദാനമാണ്

മക്കൾ, ഉദരഫലം ഒരു സമ്മാനവും. യൗവനത്തിൽ ജനിക്കുന്ന മക്കൾ യുദ്ധവീരന്റെ കൈയിലെ അസ്ത്രങ്ങൾ പോലെയാണ്. അവകൊണ്ട് ആവനാഴി നിറയ്ക്കുന്നവൻ ഭാഗ്യവാൻ; നഗരകവാടത്തിങ്കൽവച്ച് ശത്രുക്കളെ നേരിടുമ്പോൾ അവൻ ലജ്ജിക്കേണ്ടിവരുകയില്ല' (സങ്കീ 127:1, 3-5). ഈ ബിംബങ്ങൾ ഒരു പ്രാചീനസംസ്കാരത്തെ പ്രതിഫലിപ്പിക്കുന്നവയാണെങ്കിലും രക്ഷാചരിത്രത്തിലുടനീളമുള്ള, തലമുറതോറുമുള്ള, കുടുംബത്തിന്റെ തുടർച്ചയുടെ അടയാളമാണ് കുട്ടികളുടെ സാന്നിധ്യം.

15. ഇവിടെയും കുടുംബത്തിന്റെ മറ്റൊരുവശം നമുക്കു കാണാനാകും. പുതിയ നിയമം 'ഭവനങ്ങളിൽ സമ്മേളിക്കുന്ന സഭകളെക്കുറിച്ചു' പരാമർശിക്കുന്നുണ്ടല്ലോ (cf 1 കോറി 16:19; റോമാ 16:5; കൊളോ 4:15; ഫില 2). ഒരു കുടുംബത്തിന്റെ താമസസ്ഥലം ദിവ്യബലിക്കുള്ള രംഗവേദിയായ ഒരു ഗാർഹികദേവാലയമായി മാറാം; അതിന്റെ മേശയിൽ ക്രിസ്തു സാന്നിധ്യമുണ്ടാകാം. വെളിപാടിന്റെ ഗ്രന്ഥത്തിൽ കാണുന്ന സാദൃശ്യം നമുക്ക് ഒരിക്കലും മറക്കാനാവുകയില്ല. കർത്താവ് അവിടെ പറയുന്നു: 'ഇതാ ഞാൻ വാതിലിൽ വന്നു മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെയടുത്തേക്കു വരും. ഞങ്ങൾ ഒരുമിച്ചു അവനോടൊത്തു ഭക്ഷിക്കുകയും ചെയ്യും' (വെളി 3:20). ഇവിടെ ദൈവസാന്നിധ്യം നിറഞ്ഞ, കുടുംബപ്രാർഥനയുള്ള, എല്ലാത്തരം അനുഗ്രഹങ്ങളുമുള്ള ഒരു ഭവനത്തെ നാം കാണുന്നു. മുമ്പ് ഉദ്ധരിച്ച 128-ാം സങ്കീർത്തനത്തിന്റെ ഉപസംഹാരത്തിന്റെ അർഥം ഇതാണ്: 'കർത്താവിന്റ ഭക്തൻ ഇപ്രകാരം അനുഗൃഹീതനാകും. കർത്താവ് സീയോനിൽ നിന്നെ അനുഗ്രഹിക്കട്ടെ!' (സങ്കീ 128:4-5)

16. കുട്ടികളെ വിശ്വാസത്തിൽ വളർത്തിക്കൊണ്ടുവരുന്ന സ്ഥാനമായും ബൈബിൾ കുടുംബത്തെ അവതരിപ്പിക്കുന്നുണ്ട്. പെസഹാഘോഷത്തിന്റെ വിവരണത്തിൽ നിന്ന് ഇതു വ്യക്തമാണ് (cf പുറ 12:26-27; നിയമാ 6:20-25). പിന്നീട്, അത് യഹൂദരുടെ ഹഗ്ഗാദായിൽ, അതായത് പെസഹാഭക്ഷണത്തോടൊപ്പമുള്ള സംഭാഷണത്തിൽ വ്യക്തമായി കാണപ്പെടുന്നു. ഒരു സങ്കീർത്തനം കുടുംബങ്ങൾക്കുള്ളിലുള്ള വിശ്വാസപ്രഘോഷണത്തെക്കുറിച്ച് ഉദ്ഘോഷിക്കുന്നു: 'നാം അതു കേൾക്കുകയും അറിയുകയും ചെയ്തിട്ടുണ്ട്; പിതാക്കന്മാർ നമ്മോടു പറഞ്ഞിട്ടുമുണ്ട്. അവരുടെ മക്കളിൽ നിന്നു നാം അതു മറച്ചുവയ്ക്കരുത്; കർത്താവു പ്രവർത്തിച്ച മഹത്തായ കാര്യങ്ങളും അവിടത്തെ ശക്തിപ്രഭാവവും അദ്ഭുതകൃത്യങ്ങളും വരുംതലമുറയ്ക്കു വിവരിച്ചുകൊടുക്കണം. അവിടന്ന് യാക്കോബിനു പ്രമാണങ്ങൾ നല്കി; ഇസ്രായേലിനു നിയമവും. അതു മക്കളെ പഠിപ്പിക്കാൻ നമ്മുടെ പിതാക്കന്മാരോട് അവിടന്ന് ആജ്ഞാപിച്ചു. വരാനിരിക്കുന്ന തലമുറ, ഇനിയും ജനിച്ചിട്ടില്ലാത്ത മക്കൾ, അവ അറിയുകയും തങ്ങളുടെ മക്കൾക്ക് അവ പറഞ്ഞുകൊടുക്കുകയും



ചെയ്യും' (സങ്കീ 78:3-6). അങ്ങനെ മാതാപിതാക്കൾ വിശ്വാസകാര്യത്തിൽ മക്കളുടെ പ്രഥമ അധ്യാപകരായിത്തീരുന്ന സ്ഥാനമായി കുടുംബം തീരുന്നു. ഒരു വ്യക്തിയിൽ നിന്ന് മറ്റൊരു വ്യക്തിയിലേക്ക് കൈമാറിക്കൊണ്ട് അവർ ഈ 'ക്രയവിക്രയം' പഠിക്കുന്നു. 'ഇതിന്റെ അർഥമെന്താണെന്ന് പില്ക്കാലത്ത് നിന്റെ മകൻ ചോദിച്ചാൽ നീ പറയണം....' (പുറ 13:14). അങ്ങനെ തുടർന്നുവരുന്ന തലമുറകൾക്ക് കർത്താവിന്റെ പക്കലേക്ക് ഗാനമുതിർക്കാൻ കഴിയും: 'യുവാക്കളും കന്യകമാരും വൃദ്ധരും ശിശുക്കളും' (സങ്കീ 148:12).

17. ബൈബിളിലെ ജ്ഞാനികൾ നമ്മെ മിക്കപ്പോഴും ഓർമിപ്പിക്കുന്നതുപോലെ, ഈ വിദ്യാഭ്യാസധർമം നിർവഹിക്കാൻ മാതാപിതാക്കൾക്ക് ഗൗരവപൂർണമായ കടമയുണ്ട് (cf സുഭാ 3:11-12; 6:20-22; 13:1; 22:15; 23:13-14; 29:17). 'നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക' (പുറ 20:12) എന്ന കല്പന സ്വീകരിക്കാനും അഭ്യസിക്കാനും മക്കൾ വിളിക്കപ്പെട്ടിരിക്കുന്നു. ഇവിടെ 'ബഹുമാനിക്കുക' എന്ന ക്രിയ കുടുംബപരവും സാമൂഹികവുമായ കടമകളുടെ നിർവഹണത്തോടും ബന്ധപ്പെട്ടിരിക്കുന്നു; മതാത്മകലക്ഷ്യങ്ങളുടെ മറപിടിച്ച് അവ ഉപേക്ഷിക്കാൻ പാടില്ല (cf മർക്കോ 7:11-13). 'പിതാവിനെ ബഹുമാനിക്കുന്നവൻ തന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യുന്നു. അമ്മയെ മഹത്ത്വപ്പെടുത്തുന്നവൻ നിക്ഷേപം കൂട്ടിവയ്ക്കുന്നു' (പ്രഭാ 3:3-4).

18. കുട്ടികൾ കുടുംബത്തിന്റെ സ്വത്തല്ലെന്നും അവർക്ക് സ്വന്തം ജീവിതം നയിക്കാനുണ്ടെന്നും സുവിശേഷം നമ്മെ ഓർമിപ്പിക്കുന്നു. യേശു തന്റെ ഭൗമിക മാതാപിതാക്കളോടുള്ള അനുസരണത്തിൻ കീഴിൽ സ്വയം സമർപ്പിച്ചു എന്നത് ശരിതന്നെ (cf ലൂക്കാ 2:51). എന്നാൽ, കുട്ടികളുടെ ജീവിതസംബന്ധമായ തീരുമാനങ്ങൾ മൂലവും അവരുടെ ക്രൈസ്തവ ദൈവവിളിമൂലവും, ദൈവരാജ്യത്തിനുവേണ്ടി ഒരു വേർപിരിയൽ ആവശ്യമായി വന്നേക്കാമെന്നുകൂടി അവിടന്നു കാണിക്കുന്നു (cf മത്താ 10:34-37; ലൂക്കാ 9:59-62). അവിടന്നുതന്നെ പന്ത്രണ്ടു വയസ്സായിരിക്കേ, തന്റെ ഭൗമിക ഭവനത്തിൽ നിന്നകന്ന് കൂടുതൽ വലിയ ഒരു ദൗത്യം തനിക്കു നിർവഹിക്കാനുണ്ടെന്ന് മറിയത്തോടും യൗസേപ്പിനോടും പറയുന്നു (cf ലൂക്കാ 2:48-50). അങ്ങനെ കുടുംബത്തിനുള്ളിൽപോലും കൂടുതൽ ആഴമുള്ള മറ്റു ബന്ധങ്ങൾ ഉണ്ടാകുക ആവശ്യമാണെന്ന് അവിടന്ന് വ്യക്തമാക്കുന്നു: 'ദൈവവചനം ശ്രവിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരരും' (ലൂക്കാ 8:21). പൗരാണിക പശ്ചിമേഷ്യൻ സമൂഹങ്ങൾ പ്രത്യേക അവകാശങ്ങളൊന്നുമില്ലാത്തവരായും, കുടുംബസ്വത്തായിപ്പോലും കരുതിയിരുന്ന കുട്ടികളോടുള്ള യേശുവിന്റെ താത്പര്യം ഏറെ വലുതായിരുന്നു. മറ്റു

ള്ളവരോടുള്ള അവരുടെ ലളിതമായ ആശ്രയവും നിഷ്കളങ്കമായ പെരുമാറ്റവും മുൻനിറുത്തി യേശു അവരെ അധ്യാപകരായിപ്പോലും അവതരിപ്പിച്ചു. അവിടന്നു പറഞ്ഞു: 'സത്യമായി ഞാൻ നിങ്ങളോടു പറയുന്നു നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ രാജ്യത്തിൽ പ്രവേശിക്കുകയില്ല. ഈ ശിശുവിനെപ്പോലെ സ്വയം ചെറുതാകുന്നവനാണ് സ്വർഗരാജ്യത്തിലെ ഏറ്റവും വലിയവൻ' (മത്താ 18:3-4).

## സഹനത്തിന്റെയും രക്തത്തിന്റെയും ഒരു പാത

19. ഇതിനോടു സംഘർഷം പുലർത്തുന്നതല്ല സങ്കീ 128-ൽ അവതരിപ്പിച്ചിരിക്കുന്ന പ്രശാന്തസുന്ദരമായ ചിത്രം. കുടുംബങ്ങളെ തകർക്കുകയും ജീവന്റെയും സ്നേഹത്തിന്റെയും ഐക്യത്തെ തകർക്കുകയും ചെയ്യുന്ന വേദന, തിന്മ, അക്രമം എന്നിവയുടെ സാന്നിധ്യം വിശുദ്ധഗ്രന്ഥത്തിലുട നീളം കാണുന്ന കയ്പാർന്ന സത്യമാണ്. വിവാഹത്തെക്കുറിച്ചുള്ള ക്രിസ്തുവിന്റെ പ്രബോധനം വിവാഹമോചനത്തെ സംബന്ധിച്ച തർക്കത്തിനിടയിൽ ചേർത്തിരിക്കുന്നത് തക്ക കാരണത്താലാണ് (മത്താ 19:3-9). ആരംഭത്തിലുണ്ടായിരുന്ന പ്രശാന്തമായ മാനത്തിന് ദൈവവചനം സ്ഥിരം സാക്ഷ്യം നല്കുന്നുണ്ട്. പിന്നീട് പുരുഷനും സ്ത്രീയും തമ്മിലുള്ള സ്നേഹത്തിന്റെയും നിർമലതയുടെയും ബന്ധം പാപം മൂലം ആധിപത്യമായി മാറുന്നു: 'നിനക്ക് ഭർത്താവിൽ അഭിലാഷമുണ്ടായിരിക്കും, അവൻ നിന്നെ ഭരിക്കുകയും ചെയ്യും' (ഉത്പ 3:16).

20. സ്വന്തം സഹോദരൻ ആബേലിനെ കായേൻ വധിച്ചതോടെ തുടങ്ങുന്ന സഹനത്തിന്റെയും രക്തച്ചൊരിച്ചിലിന്റെയും നൂലിഴ ബൈബിളിലെ അനേകം താളുകളിലൂടെ മുന്നേറുന്നു. അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നീ പൂർവപിതാക്കന്മാരുടെ മക്കളും ഭാര്യമാരും തമ്മിലുള്ള തർക്കങ്ങളെപ്പറ്റി നാം വായിക്കുന്നു. ദാവീദിന്റെ കുടുംബത്തെ ചൂഴ്ന്നു നില്ക്കുന്ന ദുരന്തങ്ങളും അക്രമവും തോബിയാസിന്റെ കഥയിൽ പ്രതിഫലിക്കുന്ന കുടുംബപ്രശ്നങ്ങളും നാം കാണുന്നു. ജോബിന്റെ കയ്പു നിറഞ്ഞ പരാതിയും നാം കേൾക്കുന്നു: 'അവിടന്ന് എന്റെ സഹോദരന്മാരെ അകറ്റിയിരിക്കുന്നു. എന്റെ ബന്ധുജനങ്ങളും ഉറ്റസ്നേഹിതരും എന്നെ ഉപേക്ഷിച്ചു. എന്റെ ഭാര്യ എന്നോട് അറപ്പുകാട്ടുന്നു. എന്റെ സഹോദരന്മാർക്കു ഞാൻ നിന്ദാപാത്രമായി' (ജോബ് 19:13-14,17).

21. അന്യദേശത്തേക്ക് പലായനം ചെയ്യേണ്ടിവന്ന ഒരു ചെറിയ കുടുംബത്തിലാണു യേശുതന്നെയും ജനിച്ചത്. യേശു പത്രോസിന്റെ ഭവനം സന്ദർശിച്ചു. അവിടെ അദ്ദേഹത്തിന്റെ അമ്മായിയമ്മ രോഗിണിയായി കിടക്കുകയായിരുന്നു (cf മർക്കോ 1:30-31). ജായിറൂസിന്റെയും ലാസറിന്റെയും ഭവനങ്ങളിൽ ഉണ്ടായ മരണങ്ങളിൽ അവിടന്നു സഹതപിച്ചു



(cf മർക്കോ 5:22-24, 35-43; യോഹ 11:1-44). മൃതനായ തന്റെ പുത്രനെയോർത്തു വിലപിക്കുന്ന നായിമിലെ വിധവയുടെ വിലാപം അവിടന്നു കേട്ടു (cf ലൂക്കാ 7:11-15). ഒരു ചെറിയ ഗ്രാമപ്രദേശത്ത് ചുഴലിരോഗബാധയുള്ള ഒരു കുട്ടിയുടെ പിതാവ് നടത്തിയ അപേക്ഷ അവിടന്ന് ശ്രവിച്ചു (cf മർക്കോ 9:17-27). മത്തായി, സഖേയൂസ് എന്നിവരെപ്പോലുള്ള ചുങ്കം പിരിവുകാരുടെ ഭവനങ്ങളിൽ അവിടന്ന് പോയി (cf മത്താ 9:9-13; ലൂക്കാ 19:1-10). ഫരിസേയനായ ശിമയോന്റെ വീട്ടിൽ കണ്ട സ്ത്രീയെപ്പോലുള്ള പാപിനികളോട് അവിടന്നു സംസാരിച്ചു (cf ലൂക്കാ 7:36-50). കുടുംബങ്ങൾ അനുഭവിച്ച ആകുലതകളും മാനസിക സംഘർഷങ്ങളും അവിടന്ന് അറിയുകയും അവയെ തന്റെ ഉപമകളിൽ ഉൾച്ചേർക്കുകയും ചെയ്തു: സാഹസികതയ്ക്കായി വീടുവിട്ടു പോകുന്ന മക്കൾ (cf ലൂക്കാ 15:11-32), ശല്യക്കാരായ മക്കൾ (cf മത്താ 21:28-31) അക്രമത്തിനു വിധേയരാകുന്ന മക്കൾ (cf മർക്കാ12:1-9)എന്നിങ്ങനെ. കല്യാണവിരുന്നിൽ വീഞ്ഞു തീർന്നപ്പോഴും (cf യോഹ 2:1-10), വിരുന്നിലേക്ക് അതിഥികൾ വരാതിരുന്നപ്പോഴും (cf മത്താ 22:1-10) ഉണ്ടായ പരിഭ്രമവും ഒരു നാണയം നഷ്ടപ്പെട്ട ദരിദ്രകുടുംബത്തിന്റെ ഉത്കണ്ഠയും (cf ലൂക്കാ 15:8-10) അവിടന്നു തിരിച്ചറിഞ്ഞു.

22. ഈ വിഹഗവീക്ഷണത്തിൽ ഒരു വസ്തുത നമുക്കു കാണാം: ദൈവവചനം അമൂർത്തമായ ആശയങ്ങളുടെ ഒരു പരമ്പരയല്ല: പിന്നെയോ, പ്രയാസങ്ങളും സഹനവുമുള്ള ഓരോ കുടുംബത്തിനും ആശ്വാസത്തിന്റെയും സഖിത്വത്തിന്റെയും ഒരു ഉറവിടമാണ്. എന്തെന്നാൽ അവരുടെ യാത്രയുടെ ലക്ഷ്യം അവർക്ക് അതു കാണിച്ചുകൊടുക്കുന്നു. അവിടെ ദൈവം 'അവരുടെ കണ്ണിൽ നിന്ന് ഓരോ തുള്ളി കണ്ണുനീരും തുടച്ചു മാറ്റും. ഇനി മരണം ഉണ്ടായിരിക്കുകയില്ല. ഇനിമേൽ ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവുകയില്ല...' (വെളി 21:4).

## നിന്റെ അധ്വാനഫലം

23. സങ്കീർത്തനം 128-ന്റെ ആരംഭത്തിൽ പിതാവ് ഒരു തൊഴിലാളിയായി പ്രത്യക്ഷപ്പെടുന്നു. അയാൾ തന്റെ കൈകൾകൊണ്ടു ചെയ്യുന്ന ജോലി കൊണ്ട് തന്റെ കുടുംബത്തിന്റെ ഭൗമികക്ഷേമവും പ്രശാന്തതയും സുസ്ഥിരമാക്കുന്നു: 'നിന്റെ അധ്വാനഫലം നീ അനുഭവിക്കും. നീ സന്തുഷ്ടനായിരിക്കും. നിനക്കു നന്മ വരും' (സങ്കീ 128:2). മനുഷ്യമഹത്ത്വത്തിന്റെ അന്ത്യന്താപേക്ഷികമായ ഒരു ഭാഗമാണ് അധ്വാനമെന്ന് ബൈബിളിന്റെ ആദ്യത്തെ താൾ മുതൽ വ്യക്തമായി കാണാം. അവിടെ നാം ഇങ്ങനെ വായിക്കുന്നു: 'ഏദൻതോട്ടം കൃഷി ചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി' (ഉത്പ 2:15). സ്വന്തം ദാനങ്ങളും കഴിവുകളും പരിപോഷിപ്പിക്കുന്നതോടൊപ്പം ഭൂമിയിൽ അധ്വാനിക്കുകയും

പ്രകൃതിശക്തികളെ മെരുക്കുകയും 'കഠിനപ്രയത്നം ചെയ്ത് ഉപജീവിക്കുകയും' (സങ്കീ 127:2) ചെയ്യുന്ന ഒരു തൊഴിലാളിയായിട്ടാണ് മനുഷ്യനെ അവതരിപ്പിച്ചിരിക്കുന്നത്.

24. അധ്വാനം സമൂഹത്തിന്റെ വികസനത്തെ സാധ്യമാക്കുകയും. കുടുംബത്തിന്റെ ജീവസന്ധാരണം, സ്ഥിരത, ഫലപൂർണത എന്നിവയ്ക്കുവേണ്ടവ നല്കുകയും ചെയ്യുന്നു. 'നിന്റെ ആയുഷ്കാലമത്രയും നീ ജറുസലെമിന്റെ ഐശ്വര്യം കാണും. മക്കളുടെ മക്കളെ കാണാൻ നിനക്ക് ഇടവരട്ടെ' (സങ്കീ 128:5-6). സുഭാഷിതങ്ങളുടെ പുസ്തകം കുടുംബത്തിൽ ജോലിചെയ്യുന്ന അമ്മമാരെ അവതരിപ്പിച്ചുകൊണ്ട്. ഭർത്താക്കന്മാരുടെയും മക്കളുടെയും പ്രശംസ നേടുന്ന അവരുടെ ജോലി വിശദീകരിക്കുന്നു (cf 31:10-31). പൗലോസ് അപ്പസ്തോലൻ സ്വന്തം കൈകൊണ്ട് അധ്വാനിച്ച് ജീവസന്ധാരണം സാധിച്ചു. തന്മൂലം മറ്റുള്ളവർക്കു ഭാരമാകാതെ ജീവിച്ചതിൽ അദ്ദേഹം അഭിമാനംകൊണ്ടു (cf അപ്പ 18:3; 1 കോറി 4:12; 9:12). 'അധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ' (2 തെസ്സ 3:10; cf 1 തെസ്സ 4:11) എന്ന കർശനമായ കല്പന തന്റെ സമൂഹങ്ങൾക്കു നല്കത്തക്കവിധം തൊഴിലിന്റെ ആവശ്യകതയെക്കുറിച്ച് പൗലോസ്ശ്ലീഹയ്ക്ക് അവബോധമുണ്ടായിരുന്നു.

25. ഇത്രയും പറഞ്ഞശേഷം, തൊഴിലില്ലായ്മയും സ്ഥിരജോലിയില്ലായ്മയും സൃഷ്ടിക്കുന്ന ദുരിതം മനസ്സിലാക്കാൻ നമുക്കാവും. ഇതാണ് റൂത്തിന്റെ ഗ്രന്ഥത്തിലും തൊഴിൽരഹിതരായി ചന്തസ്ഥലത്ത് അലസരായി നില്ക്കാൻ നിർബന്ധിതരാകുന്ന ജോലിക്കാരുടെ ഉപമയിലും (മത്താ 20:1-16) ദാരിദ്ര്യവും പട്ടിണിയും സഹിക്കുന്ന മനുഷ്യരുമായുള്ള യേശുവിന്റെ വ്യക്തിപരമായ അനുഭവത്തിലും പ്രതിഫലിക്കുന്നത്. ദുഃഖകരമെന്നു പറയട്ടെ, ഈ യാഥാർഥ്യങ്ങൾ ഇന്നു പല രാജ്യങ്ങളിലുമുണ്ട്. അവിടങ്ങളിൽ തൊഴിലവസരങ്ങളുടെ അഭാവം കുടുംബജീവിതത്തിന്റെ പ്രശാന്തതയെ നശിപ്പിക്കുന്നു.

26. പാപം മൂലമുണ്ടായ സാമൂഹിക അധഃപതനത്തെ അവഗണിക്കാനും നമുക്കു സാധ്യമല്ല. മനുഷ്യർ പ്രകൃതിയെ തന്നിഷ്ടപ്രകാരം ഉപയോഗിക്കുമ്പോൾ, സ്വാർത്ഥതയോടെ - മൃഗീയമായിപ്പോലും - നശിപ്പിക്കുമ്പോൾ ഉണ്ടാകുന്ന അധഃപതനം ഒരു ഉദാഹരണമാണ്. അത് ഭൂമിയെ മരുഭൂമിയാക്കും (cf ഉത്പ 3:17-19); സാമൂഹികവും സാമ്പത്തികവുമായ അസന്തുലിതാവസ്ഥയുണ്ടാക്കും. ഏലിയാ പ്രവാചകൻ തുടങ്ങി എല്ലാ പ്രവാചകന്മാരും അപലപിച്ചതാണിത് (cf 1 രാജാ 21). അനീതിക്കെതിരേയുള്ള യേശുവിന്റെ വാക്കുകളിൽ അത് പൂർണതയിലെത്തി (cf ലൂക്കാ 12:13; 16:1-31).



## ആലിംഗനത്തിന്റെ മൃദുലത

27. സ്നേഹത്തിന്റെ നിയമവും അപരർക്കായുള്ള ആത്മദാനവും തന്റെ ശിഷ്യന്മാരുടെ വ്യതിരിക്തമായ അടയാളമായിരിക്കണമെന്ന് ക്രിസ്തു നിർദേശിച്ചു (cf മത്താ 22:39; യോഹ 13:34). 'സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹം ഇല്ല' (യോഹ 15:13). കരുണയായും ക്ഷമയായും സ്നേഹം ഫലം ചൂടാറുണ്ട്. എന്ന തത്ത്വം പ്രഖ്യാപിച്ചപ്പോഴാണ് അവിടന്ന് അത് നിർദേശിച്ചത്. ഈ തത്ത്വമാകട്ടെ, മാതാപിതാക്കൾ തങ്ങളുടെ ജീവിതത്തിൽ സ്വാഭാവികമായി ആചരിക്കുന്ന ഒന്നാണ്. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുടെ ചിത്രത്തിൽ ഇത് സവിശേഷമാംവിധം നാം കാണുന്നു. ആ സ്ത്രീ ദേവാലയത്തിന്റെ മുമ്പിൽ അവളെ കുറ്റപ്പെടുത്തുന്നവരാൽ ചുറ്റപ്പെട്ടു നില്ക്കുന്നു. എന്നാൽ പിന്നീട് അവൾ യേശുവിന്റെ സന്നിധിയിൽ മാത്രം നില്ക്കുന്നു. അവൾക്ക് ശിക്ഷാവിധിയുണ്ടായില്ല; കൂടുതൽ യോഗ്യമായ ജീവിതം നയിക്കണമെന്ന മുന്നറിയിപ്പു മാത്രമാണുണ്ടായത് (cf യോഹ 8:1-11).


28. വിവാഹത്തിന്റെയും കുടുംബത്തിന്റെയും ക്രിസ്തീയാനുഭവത്തിന്റെ കാതലായി നിലകൊള്ളുന്ന ഈ സ്നേഹത്തിനു സമാന്തരമായി മറ്റൊരു പുണ്യം നിലകൊള്ളുന്നുണ്ട് - തിരക്കിട്ടതും ഉപരിപ്ലവവുമായ ബന്ധങ്ങളുടെ ഈ ലോകത്ത് പലപ്പോഴും അവഗണിക്കപ്പെടുന്ന മൃദുലത അഥവാ വാത്സല്യം. സങ്കീർത്തനം 131-ലെ ഹൃദയസ്പർശിയായ വാക്കുകൾ നമുക്കു ശ്രദ്ധിക്കാം. ബൈബിളിലെ മറ്റു ഭാഗങ്ങളിലെന്ന പോലെ (ഉദാ: പുറ 4:22; ഏശ 49:15; സങ്കീ 27:10) മാതാപിതാക്കൾക്കു മക്കളോടുള്ള സ്നേഹത്തിന്റെ ഭാഷയാണ് കർത്താവും അവിടത്തെ വിശ്വസ്തരും തമ്മിലുള്ള ഐക്യത്തിനായി പ്രയോഗിച്ചിരിക്കുന്നത്. അമ്മയും കുഞ്ഞും തമ്മിലുള്ള മൃദുലവും വാത്സല്യപൂർണവുമായ ഉറ്റബന്ധം ഇവിടെ നാം കാണുന്നു. അമ്മയുടെ പരിലാളനകളേറ്റ് മാതൃകരങ്ങളിൽ ഉറങ്ങുന്ന കുഞ്ഞിന്റെ ചിത്രമാണത്. ഹീബ്രുവിലെ ഗമൂൽ എന്ന വാക്കു സൂചിപ്പിക്കുന്നതു പോലെ തന്നെ പാലൂട്ടിയ അമ്മയോടു പറ്റിച്ചേർന്നിരിക്കുന്ന കുഞ്ഞ്; കുഞ്ഞിനെ മാറോടു ചേർക്കുന്ന അമ്മ. ഇവിടെയുള്ള അടുപ്പം വെറും ജീവശാസ്ത്രപരമല്ല, ബോധപൂർവകമായ ഒന്നാണ്. ഈ ബിംബത്തെ അവലംബിച്ച് സങ്കീർത്തകൻ ഇങ്ങനെ പാടുന്നു: 'മാതാവിന്റെ മടിയിൽ ശാന്തനായി കിടക്കുന്ന ശിശുവിനെയെന്നപോലെ ഞാൻ എന്നെത്തന്നെ ശാന്തനാക്കി' (സങ്കീ 131:2). ഹോസിയാപ്രവാചകൻ ദൈവത്തിന്റെ അധരങ്ങളിൽ നിക്ഷേപിക്കുന്ന ഹൃദയസ്പർശിയായ വാക്കുകളെക്കുറിച്ചു കൂടി നമുക്കു ചിന്തിക്കാം: 'ഇസ്രായേൽ ശിശു ആയിരുന്നപ്പോൾ ഞാൻ അവനെ സ്നേഹിച്ചു... ഞാൻ അവരെ എന്റെ കൈകളിലെടുത്തു... കരുണയുടെ കയർപിടിച്ച് ഞാൻ അവരെ നയിച്ചു - സ്നേഹത്തിന്റെ കയർതന്നെ.

ഞാൻ അവർക്കു താടിയെല്ലിൽ നിന്നു നുകം അയച്ചുകൊടുക്കുന്നവനായി. ഞാൻ കുനിഞ്ഞ് അവർക്കു ഭക്ഷണം നല്കി' (ഹോസി 11:1, 3-4).

29. വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും, കൃപയുടെയും വിശ്വസ്തതയുടെയും ദൃഷ്ടിയിൽ മാനുഷികകുടുംബങ്ങളും ദൈവിക ത്രിത്വവും തമ്മിലുള്ള ബന്ധം നാം ധ്യാനിച്ചുകഴിഞ്ഞു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഐക്യച്ഛായയിൽ വ്യക്തികളുടെ ഒരു കൂട്ടായ്മയായി മാറേണ്ടതിന് കുടുംബത്തെ ഒരു പുരുഷനും ഒരു സ്ത്രീക്കും അവരുടെ മക്കൾക്കുമായി ഭരമേല്പിച്ചിരിക്കുന്നെന്ന് ദൈവവചനം നമ്മോടു പറയുന്നു. കുട്ടികളെ ജനിപ്പിക്കുകയും വളർത്തുകയും ചെയ്യുകയെന്നത് ദൈവത്തിന്റെ സർഗാത്മകപ്രവൃത്തിയുടെ പ്രതിഫലനമാണ്. അനുദിനപ്രാർഥനയിൽ ഒന്നിക്കാനും ദൈവവചനം വായിക്കാനും ദിവ്യകാരുണ്യസംസർഗത്തിൽ പങ്കുചേരാനും അങ്ങനെ സ്നേഹത്തിൽ വളർന്ന്, പൂർവാധികം പൂർണമായി പരിശുദ്ധാത്മാവു വസിക്കുന്ന ആലയമായി ത്തീരാനും കുടുംബം വിളിക്കപ്പെട്ടിരിക്കുന്നു.

30. ഓരോ കുടുംബവും നസ്രത്തിലെ വിശുദ്ധ കുടുംബത്തിന്റെ ഐക്കണിലേക്ക് നോക്കണം. ആ കുടുംബത്തിന്റെ അനുദിനജീവിതത്തിൽ കഷ്ടതകൾ സഹിക്കേണ്ടി വന്നിട്ടുണ്ട്, പരിഭ്രാന്തിപോലുമുണ്ടായിട്ടുണ്ട്. ഹേറോദേസിന്റെ കൊടുംക്രൂരത സഹിച്ചത് അതിനൊരു ഉദാഹരണമാണ്. നമ്മുടെ കാലഘട്ടത്തിൽ പരിത്യക്തരും നിസ്സഹായരുമായിട്ടുള്ള അഭയാർഥികളായ അനേകം കുടുംബങ്ങൾ ഇന്നും പരിഭ്രാന്തിയുള്ളവരായിരിക്കുന്നുവെന്ന് ദുഃഖപൂർവം പറയേണ്ടിയിരിക്കുന്നു. പൂജരാജാക്കളെപ്പോലെ ദിവ്യശിശുവിനെയും അവന്റെ അമ്മയെയുംകുറിച്ച് ധ്യാനിക്കാനും കുനിഞ്ഞ് ആ ശിശുവിനെ ആരാധിക്കാനും നമ്മുടെ കുടുംബങ്ങൾ ക്ഷണിക്കപ്പെടുന്നു (മത്താ 2:11). മറിയത്തെപ്പോലെ കുടുംബം നേരിടുന്ന വെല്ലുവിളികളെ നല്ലകാലത്തും കഷ്ടകാലത്തും ധീരതയോടും പ്രശാന്തതയോടും കൂടി അവർ നേരിടുകയും ദൈവം അവർക്കായി ചെയ്ത വലിയ കാര്യങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കുകയും വേണം (cf ലൂക്കാ 2:19,51). മറിയത്തിന്റെ ഹൃദയമാകുന്ന നിക്ഷേപാലയത്തിൽ അവൾ വാത്സല്യപൂർവം സൂക്ഷിക്കുന്ന ഓരോ കുടുംബത്തിന്റെയും അനുഭവങ്ങളുമുണ്ട്. ഇക്കാരണത്താൽ ഈ അനുഭവങ്ങളുടെ അർഥം ഗ്രഹിക്കാനും നമ്മുടെ കുടുംബങ്ങളുടെ ജീവിതത്തിലൂടെ ദൈവം നല്കുന്ന സന്ദേശം ശ്രവിക്കാനും സഹായിക്കാൻ അവൾക്കു കഴിയും.





*യഥാർത്ഥത്തിൽ, ദമ്പതികൾ തമ്മിലുള്ള വ്യക്തിപരമായ ആശയവിനിമയത്തി കൂടുതൽ ഊന്നൽ നല്കിയാൽ അത് കുടുംബജീവിതത്തെ കൂടുതൽ മാനുഷിക ക്കും. അതേ സമയം 'ഇന്നത്തെ സമൂഹമോ നാം എത്തിച്ചേരാൻ മുന്നേറിക്കൊണ്ടി ക്കുന്ന സമൂഹമോ പഴയരൂപങ്ങളെയും മാതൃകകളെയും അതിജീവനത്തിന് അ വദിക്കുന്നില്ല*

## അധ്യായം രണ്ട്

# കുടുംബങ്ങളുടെ അനുഭവങ്ങളും അവ നേരിടുന്ന വെല്ലുവിളികളും

31. ലോകത്തിന്റെയും സഭയുടെയും ഭാവിക്ക് കുടുംബത്തിന്റെ ക്ഷേമം നിർണായകമാണ്. വിവാഹം കുടുംബം അവയുടെ ഇന്നത്തെ പ്രശ്നങ്ങൾ അവ നേരിടുന്ന വെല്ലുവിളികൾ എന്നിവയെ സംബന്ധിച്ച് അസംഖ്യം പഠനങ്ങളുണ്ടായിട്ടുണ്ട്. ചരിത്രസംഭവങ്ങളിൽ പരിശുദ്ധാത്മാവിന്റെ വിളിയും നിബന്ധനകളും പ്രതിധ്വനിക്കുന്നതിനാലും ഇവയിലൂടെ 'വിവാഹവും കുടുംബവുമാകുന്ന അക്ഷയ രഹസ്യത്തിന്റെ അഗാധതരമായ ധാരണയിലേക്ക് സഭ നയിക്കപ്പെടാനിടയാകും' എന്നതിനാലും വസ്തുനിഷ്ഠമായ യാഥാർഥ്യങ്ങളിൽ നാം ശ്രദ്ധപതിപ്പിക്കുന്നത് ഉചിതമാണ്. ഇന്നു കുടുംബത്തെപ്പറ്റി പറയുന്നതെല്ലാം ഇവിടെ അവതരിപ്പിക്കാൻ ഞാൻ ശ്രമിക്കുന്നില്ല. എന്നാലും സിനഡുപിതാക്കന്മാർ ലോകവ്യാപകമായി കുടുംബങ്ങളുടെ അവസ്ഥ പരിശോധിച്ചിട്ടുള്ളതുകൊണ്ട്, അവരുടെ അജപാലനപരമായ ഉൾക്കാഴ്ചകൾ എന്റെ അനുഭവത്തിൽ നിന്നുണ്ടായ താത്പര്യങ്ങളോടൊപ്പം പരിഗണിക്കുന്നത് ഉചിതമാണെന്നു ഞാൻ കരുതുന്നു.

### കുടുംബത്തിന്റെ കാലിക യാഥാർഥ്യങ്ങൾ

32. 'ക്രിസ്തുവിന്റെ പ്രബോധനത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ട് ഇന്നത്തെ കുടുംബമെന്ന യാഥാർത്ഥ്യത്തെ അതിന്റെ സർവസങ്കീർണതകളോടും കൂടി അതിന്റെ പ്രകാശത്തോടും നിഴലുകളോടും കൂടി ഞങ്ങൾ നോക്കിക്കാണുന്നു... നമ്മുടെ കാലഘട്ടത്തിലെ നരവംശശാസ്ത്രപരവും സാംസ്ക്കാരികവുമായ മാറ്റങ്ങൾ ജീവിതത്തിന്റെ എല്ലാ വശങ്ങളെയും സ്വാധീനിക്കുന്നു. അത് അപഗ്രഥനപരവും വ്യത്യസ്തവുമായ സമീപനം ആവശ്യപ്പെടുന്നു'.[9] പല ദശകങ്ങൾക്കു മുമ്പ് സ്പെയിനിലെ മെത്രാന്മാർ ഇങ്ങനെ നിരീക്ഷിച്ചു: കുടുംബങ്ങൾ കൂടുതൽ സ്വാതന്ത്ര്യമനുഭവിക്കുന്നവയായിരിക്കുന്നു. 'കടമകളുടെയും ഉത്തരവാദിത്വങ്ങളുടെയും ദൗത്യങ്ങളുടെയും നീതിപൂർവകമായ പങ്കിട്ടുനല്കലിലൂടെ തന്നെ'. യഥാർത്ഥത്തിൽ, ദമ്പതികൾ തമ്മിലുള്ള വ്യക്തിപരമായ ആശയവിനിമയത്തിനു കൂടുതൽ ഊന്നൽ നല്കിയാൽ അത് കുടുംബജീവിതത്തെ കൂടുതൽ മാനുഷികമാക്കും. അതേ സമയം 'ഇന്നത്തെ സമൂഹമോ നാം എത്തിച്ചേ



രാൻ മുന്നേറിക്കൊണ്ടിരിക്കുന്ന സമൂഹമോ പഴയരൂപങ്ങളെയും മാതൃകകളെയും വിമർശനവിധേയമല്ലാത്ത അതിജീവനത്തിന് അനുവദിക്കുന്നില്ല.'[10] ഒരു വസ്തുതകൂടി വ്യക്തമാണ്. അതായത് 'നരവംശശാസ്ത്രപരവും സാംസ്ക്കാരികവുമായ പ്രധാനപ്പെട്ട പ്രവണതകൾ' വൈയക്തികവും കുടുംബപരവുമായ ജീവിതത്തിൽ 'വ്യക്തികൾ സാമൂഹികസംവിധാനങ്ങളിൽ നിന്നു കഴിഞ്ഞകാലത്ത് അനുഭവിച്ചുകൊണ്ടിരിക്കുന്ന പിന്തുണ കുറഞ്ഞുകൊണ്ടിരിക്കുന്നു.'[11]

33. മറുവശത്ത്, അങ്ങേയറ്റത്തെ വ്യക്തി കേന്ദ്രീകൃതവാദമാകുന്ന വർധിച്ചുകൊണ്ടിരിക്കുന്ന അപകടത്തെ തുല്യതോതിൽ പരിഗണിക്കണം. ആ വാദം കുടുംബബന്ധങ്ങളെ ദുർബലപ്പെടുത്തുന്നു. കുടുംബത്തിലെ ഓരോ അംഗത്തെയും ഒറ്റപ്പെട്ട ഒരു യൂണിറ്റായി പരിഗണിക്കുന്നതിൽ ചെന്നവസാനിക്കുന്നു. ചില സാഹചര്യങ്ങളിൽ അത് ഒരു വ്യക്തിയുടെ വ്യക്തിത്വം രൂപീകൃതമാകുന്നത് ആ വ്യക്തിയുടെ ആഗ്രഹങ്ങളാലാണെന്ന ആശയത്തിലേക്കു നയിക്കുന്നു. ആ ആഗ്രഹങ്ങളാകട്ടെ ഉപാധിയറ്റവയായി കരുതപ്പെടുന്നു.'[12] 'സമ്പത്തും സുഖഭോഗങ്ങളുമുള്ള അമിതമായി വ്യക്തികേന്ദ്രീകൃതമായിരിക്കുന്ന ഒരു സംസ്കാരം സംഘർഷങ്ങൾക്കു കാരണമാകുന്നു. അത് കുടുംബങ്ങളെ അസഹിഷ്ണുതയിലേക്കും ശത്രുതയിലേക്കും നയിക്കുന്നു.'[13] ഇന്നത്തെ ജീവിതത്തിലെ ധൃതി, മാനസികസംഘർഷം സമൂഹത്തിന്റെയും തൊഴിലിന്റെയും സംഘാടനം എന്നിവകൂടി ഇവിടെ ഞാൻ ഉൾപ്പെടുത്തുന്നു. എന്തെന്നാൽ ഇവയെല്ലാം സുസ്ഥിരമായ തീരുമാനങ്ങൾക്കെതിരേ യുദ്ധം ചെയ്യുന്ന സാംസ്ക്കാരികഘടകങ്ങളാണ്. വ്യാപകമായ അനിശ്ചിതത്വവും സംശയവും കൂടി നാം നേരിടുന്നുണ്ട്. ഉദാഹരണമായി, കേവലം ചേർച്ചക്കെതിരായ തനിമ തിരഞ്ഞെടുക്കുന്ന വ്യക്തിമാഹാത്മ്യവാദത്തെ നാം വിലമതിക്കുന്നത് നീതിയുക്തമാണ്. ഇത് സ്വാഭാവികതയ്ക്ക് അനുകൂലമാണ്, ജനങ്ങളുടെ കഴിവുകൾ കൂടുതൽ നന്നായി ഉപയോഗിക്കാൻ സഹായകമാണ്. ഇതു തെറ്റായ വഴിയിലൂടെ നയിക്കപ്പെട്ടാൽ എപ്പോഴും സംശയം, സമർപ്പണസംബന്ധമായ ഭീതി, സ്വാർത്ഥത, അഹങ്കാരം എന്നിവയുടെ മനോഭാവങ്ങളെ വളർത്തും. തിരഞ്ഞെടുക്കാനുള്ള അവകാശം നമ്മുടെ ജീവിതപദ്ധതി ആസൂത്രണം ചെയ്യാനും ഏറ്റവും നന്നായി ജീവിക്കാനും സാധ്യത നല്കുന്നു. എന്നാൽ ഈ സ്വാതന്ത്ര്യത്തിനു ശ്രേഷ്ഠമായ ലക്ഷ്യങ്ങളും വ്യക്തിപരമായ ശിക്ഷണവും ഇല്ലെങ്കിൽ ഉദാരതയോടെ മറ്റുള്ളവർക്കായി സ്വയം നല്കാൻ കഴിയാത്ത അവസ്ഥയായി തരംതാണുപോകും. യഥാർത്ഥത്തിൽ വിവാഹിതരാകുന്നവരുടെ സംഖ്യ കുറഞ്ഞുവരുന്ന അനേകം രാജ്യങ്ങളിൽ ഒറ്റയ്ക്കു ജീവിക്കാനോ സഹവാസം കൂടാതെ ഒന്നിച്ച് സമയം ചെലവഴിക്കാനോ തീരുമാനിക്കുന്നവരുടെ സംഖ്യ കൂടിക്കൂടിവരുന്നു. നീതിക്കുവേണ്ടിയുള്ള പ്രശംസനീയമായ താത്പര്യം ഇവിടെ ചൂണ്ടിക്കാണിക്കാ

നാവും. എന്നാൽ അത് തെറ്റിധരിക്കപ്പെട്ടാൽ പൗരന്മാരെ സേവനങ്ങൾ ലഭിക്കുന്നതിൽ മാത്രം താത്പര്യമുള്ളവരാക്കിത്തീർക്കും.

34. കുടുംബത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയെ ഈ ഘടകങ്ങൾ സ്വാധീനിക്കുമ്പോൾ കുടുംബം സൗകര്യമുള്ളപ്പോൾ സഹായകമായ ഒരു ജീവിതാവസ്ഥയായി കരുതപ്പെടാൻ ഇടയാകും. അല്ലെങ്കിൽ വ്യക്തിപരമായ ആഗ്രഹങ്ങളുടെയും സാഹചര്യങ്ങളുടെയും മാറിക്കൊണ്ടിരിക്കുന്ന കാറ്റിന് ബന്ധങ്ങളെ വിധേയമാക്കുകയും അവകാശങ്ങൾക്കായി വാദിക്കുകയും ചെയ്യുന്ന വേദിയായിത്തീരും. ആത്യന്തികമായി, ഇക്കാലത്ത് യഥാർത്ഥ സ്വാതന്ത്ര്യത്തെ, വ്യക്തികൾക്ക് മാർഗദർശനം നല്കാൻ സത്യങ്ങളോ, തത്ത്വങ്ങളോ ഇല്ലാത്തതുപോലെ, എന്തും ചെയ്യാൻ സാധിക്കുമെന്നും എന്തും ചെയ്യാൻ അനുവാദമുണ്ടെന്നുമുള്ള ആശയവുമായി കൂട്ടിക്കുഴയ്ക്കുക എളുപ്പമാണ്. ദമ്പതികളുടെ സമ്പൂർണ്ണ ഐക്യം, ദാമ്പത്യസ്ഥിരത എന്നിവയോടുള്ള സമർപ്പണത്താൽ മുദ്രിതമായ വിവാഹമെന്ന ആദർശം അത് അസൗകര്യമുണ്ടാക്കുമ്പോഴും ക്ലേശകരമായിരിക്കുമ്പോഴുമെല്ലാം തൂത്തെറിയപ്പെടുന്നു. ഒറ്റപ്പെട്ടുപോകുമെന്നതിനെക്കുറിച്ചുള്ള ഭയവും സ്ഥിരതയ്ക്കും വിശ്വസ്തതയ്ക്കും വേണ്ടിയുള്ള ആഗ്രഹവും വ്യക്തിപരമായ ലക്ഷ്യങ്ങളുടെ നേട്ടത്തെ തടയാൻ കഴിയുന്ന ഒരു ബന്ധത്തിൽ കുടുങ്ങിപ്പോകുമെന്ന വർധമാനമായ ഭീതിയോടൊപ്പം നിലനില്ക്കുന്നു.

35. സമകാലീനലോകത്തിലെ വൈകാരികാനുഭവങ്ങളെ ഒഴിവാക്കാൻ വേണ്ടി മാത്രമായി വിവാഹത്തിനുവേണ്ടി വാദിക്കാൻ ക്രിസ്ത്യാനികളായ നമുക്കു പ്രയാസമുണ്ട്. പരിഷ്കൃതരായിരിക്കാനുള്ള ആഗ്രഹംകൊണ്ടോ മാനുഷികവും ധാർമ്മികവുമായ പരാജയങ്ങളുടെ മുമ്പിലുണ്ടാകുന്ന നിസ്സഹായതയെക്കുറിച്ചുള്ള ബോധംകൊണ്ടോ വിവാഹം ആവശ്യമാണെന്നു വാദിക്കാൻ പ്രയാസമുണ്ട്. അങ്ങനെ വാദിച്ചാൽ നമുക്കു നല്കാൻ കഴിയുന്നതും നാം നല്കേണ്ടതുമായ മൂല്യങ്ങൾ ലോകത്തിന് ഇല്ലാതാക്കുകയായിരിക്കും നാം ചെയ്യുന്നത്. ഇന്നത്തെ തിന്മകളെ അപലപിച്ചാൽ അത് കാര്യങ്ങൾക്കു മാറ്റമുണ്ടാക്കുമെന്ന ഭാവത്തിൽ അവയെ അപലപിക്കുക മാത്രം ചെയ്യുന്നതിൽ അർത്ഥമില്ലെന്നത് സത്യമാണ്. അധികാരംകൊണ്ടു മാത്രം നിയമങ്ങൾ അടിച്ചേല്പിക്കുന്നതും സഹായകമാകുകയില്ല. വിവാഹവും കുടുംബവും തിരഞ്ഞെടുക്കുന്നതിനുള്ള കാരണങ്ങളും ലക്ഷ്യങ്ങളും അവതരിപ്പിക്കാനുള്ള കൂടുതൽ ഉത്തരവാദിത്വപൂർണവും ഉദാരതാപൂർണവുമായ പരിശ്രമമാണ് നമുക്ക് ആവശ്യമായിരിക്കുന്നത്. മനുഷ്യർക്ക് ദൈവം നല്കുന്ന കൃപാവരത്തോടു കൂടുതൽ നന്നായി പ്രത്യുത്തരിക്കാൻ സ്ത്രീപുരുഷന്മാരെ അങ്ങനെ സഹായിക്കാൻ നമുക്കു സാധിക്കും.

36. നമ്മുടെ വിശ്വാസകാര്യങ്ങളെ അവതരിപ്പിക്കുകയും മറ്റു മനുഷ്യരോടു പെരുമാറുകയും ചെയ്ത രീതി ചിലപ്പോൾ ഇന്നത്തെ പ്രശ്നസ



കീർണമായ സാഹചര്യം സൃഷ്ടിക്കാൻ സഹായിച്ചിട്ടുണ്ടെന്നത് അംഗീകരിക്കാൻ വേണ്ട വിനയവും യാഥാർത്ഥ്യബോധവും നമുക്കുണ്ടായിരിക്കണം. ഗുണകരമായ ആത്മ-വിമർശനം നമുക്ക് ആവശ്യമാണ്. മിക്കപ്പോഴും വിവാഹത്തിന്റെ ഐക്യപരമായ അർത്ഥത്തെ, സ്നേഹത്തിൽ വളരാനുള്ള അതിന്റെ വിളിയെ, പരസ്പരസഹായമെന്ന അതിന്റെ ആദർശത്തെ പ്രത്യുത്പാദനത്തിനുള്ള കടമയെക്കുറിച്ചു മാത്രമുള്ള ഊന്നിപ്പറച്ചിൽ വഴി മൂടിക്കളയത്തക്കവിധം നാം വിവാഹത്തെ അവതരിപ്പിക്കുന്നു. വിവാഹം ചെയ്ത ചെറുപ്പക്കാരായ ദമ്പതികൾക്ക് ഉറപ്പുള്ള മാർഗനിർദ്ദേശം എപ്പോഴും നല്കിയിട്ടില്ല. അവരുടെ കർമ്മപരിപാടികളും അവരുടെ ചിന്താരീതികളും വസ്തുനിഷ്ഠമായ അവരുടെ താത്പര്യങ്ങളും മനസ്സിലാക്കിക്കൊണ്ട് അപ്രകാരം ചെയ്തിട്ടില്ല. ചിലപ്പോൾ വിവാഹത്തെ സംബന്ധിച്ച അങ്ങേയറ്റം അമൂർത്തവും മിക്കവാറും കൃത്രിമവുമായ ദൈവശാസ്ത്രപരമായ ആദർശം നാം നിർദേശിച്ചിട്ടുണ്ട്. യഥാർത്ഥ കുടുംബങ്ങളുടെ വസ്തുനിഷ്ഠമായ സാഹചര്യങ്ങളിൽ നിന്നും പ്രായോഗിക സാധ്യതകളിൽ നിന്നും ഏറെ അകലെ നില്ക്കുന്ന ആദർശമാണ് നിർദ്ദേശിച്ചിട്ടുള്ളത്. അമിതമായ ഈ ആദർശവത്കരണം, പ്രത്യേകിച്ച് ദൈവകൃപയിൽ വിശ്വസിക്കാൻ പ്രേരിപ്പിക്കുന്നതിൽ പരാജയപ്പെട്ടപ്പോൾ നടത്തിയ ആ ആദർശവത്കരണം വിവാഹത്തെ കൂടുതൽ അഭിലഷണീയവും ആകർഷകവുമാക്കാൻ സഹായിച്ചിട്ടില്ല. നേരേ വിപരീതമായിട്ടാണു സംഭവിച്ചത്.

37. കൃപാവരത്തോടുള്ള തുറവിനെ പ്രോത്സാഹിപ്പിക്കാതെ സിദ്ധാന്തപരവും ജീവശാസ്ത്രധാർമ്മികതാപരവും ധാർമ്മികവുമായ പ്രശ്നങ്ങളെ ഊന്നിപ്പറയുന്നതുകൊണ്ടു മാത്രം നാം കുടുംബങ്ങൾക്ക് വേണ്ടത്ര പിന്തുണ നല്കുകയായിരുന്നുവെന്നും വിവാഹബന്ധത്തെ ശക്തിപ്പെടുത്തുകയായിരുന്നുവെന്നും വൈവാഹിക ജീവിതത്തിനു അർത്ഥം നല്കുകയായിരുന്നുവെന്നും ദീർഘകാലം വിചാരിച്ചു. ജീവിതകാലം മുഴുവനുമുള്ള ഭാരമെന്നതിനെക്കാൾ വ്യക്തിപരമായ വികസനത്തിനും ജീവിത സാഫല്യത്തിനും വേണ്ടിയുള്ള സ്വയം ചാലകപഥമായി വിവാഹത്തെ അവതരിപ്പിക്കാൻ നമുക്കു പ്രയാസം തോന്നുന്നു. തങ്ങളുടെ പരിമിതികൾക്കുള്ളിൽ സുവിശേഷത്തോട് മിക്കപ്പോഴും ആവുന്നത്ര നന്നായി പ്രത്യുത്തരിക്കുന്നവരും സങ്കീർണസാഹചര്യങ്ങളിൽ സ്വന്തം തിരിച്ചറിയലനുസരിച്ചു പ്രവർത്തിക്കുന്നവരുമായ വിശ്വാസികളുടെ മനസ്സാക്ഷികൾക്കു സ്ഥാനം നല്കാൻ നമ്മൾ പ്രയാസപ്പെടുകയും ചെയ്യുന്നു. നാം വിളിക്കപ്പെട്ടിരിക്കുന്നത് മനസ്സാക്ഷികളെ രൂപപ്പെടുത്താനാണ്. അവയ്ക്കു പകരം വയ്ക്കാനല്ല.

38. ശാശ്വതവും പരസ്പരബഹുമാനത്താൽ മുദ്രിതവുമായ കുടുംബബന്ധങ്ങളെ മിക്കജനങ്ങളും വിലമതിക്കുന്നതിൽ നമ്മൾ നന്ദിയുള്ളവരായിരിക്കണം. സ്നേഹത്തിലുള്ള വളർച്ച, സംഘർഷങ്ങളെ അതിജീവിക്കൽ, കുട്ടികളെ വളർത്തൽ എന്നിവയോടു ബന്ധപ്പെട്ട മണ്ഡലങ്ങളിൽ മാർഗനിർ

ദ്ദേശവും ഉപദേശവും നല്കാൻ സഭ ചെയ്യുന്ന പരിശ്രമങ്ങളെ അവർ അഭിനന്ദിക്കുന്നു. അനേകർ കൗദാശിക അനുരഞ്ജനശുശ്രൂഷയിലും ദിവ്യകാരുണ്യ സ്വീകരണത്തിലും അനുഭവിച്ച കൃപാവരശക്തിയാൽ സ്പർശിക്കപ്പെട്ടിട്ടുണ്ട്. വിവാഹത്തിനും കുടുംബത്തിനുമെതിരേ ഉയരുന്ന വെല്ലുവിളികളെ നേരിടാൻ അത് അവരെ സഹായിക്കുന്നു. ചില രാഷ്ട്രങ്ങ ളിൽ, പ്രത്യേകിച്ച്, ആഫ്രിക്കയുടെ വിവിധ ഭാഗങ്ങളിൽ മതനിരപേക്ഷത (സെക്കുലറിസം) ചില പരമ്പരാഗത മൂല്യങ്ങളെ ദുർബലപ്പെടുത്തിയി ട്ടില്ല. കൂടുതൽ വിശാലമായ രണ്ടു കുടുംബങ്ങൾ തമ്മിലുള്ള ദൃഢമായ ബന്ധത്തിനു വിവാഹങ്ങൾ സഹായിക്കുന്നു. പ്രശ്നങ്ങളും സംഘർഷ ങ്ങളും കൈകാര്യം ചെയ്യുന്നതിന് വ്യക്തവും സുനിശ്ചിതവുമായ വ്യവ സ്ഥകൾ അവർക്കുണ്ട്. സുസ്ഥിരമാണെന്നു തെളിയിക്കുക മാത്രമല്ല ഫല പൂർണവും സ്നേഹപൂർണവുമായിരിക്കുക കൂടി ചെയ്യുന്നുവെന്ന് സ്വയം തെളിയിച്ച വിവാഹങ്ങൾക്കു സാക്ഷികളാകാൻ കഴിയുന്നതിൽ നന്ദിയുള്ള വരാണു നമ്മൾ. സുവിശേഷത്തിലെ ആവശ്യങ്ങളെ വിലമതിച്ചുകൊണ്ടു വളരാൻ ദമ്പതികളെ സഹായിക്കാൻ കഴിവുള്ള ഭാവാത്മകവും സ്വാഗ താർഹവുമായ അജപാലന സമീപനത്തിനു പ്രചോദനം നല്കാൻ ഈ വസ്തുതകൾക്കെല്ലാം സാധിക്കും. എന്നാലും നമ്മൾ മിക്കപ്പോഴും സ്വയം ന്യായീകരിക്കാൻ ശ്രമിക്കുകയായിരുന്നു. യഥാർത്ഥ സന്തോഷം കണ്ടെ ത്തുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിൽ സജീവപ്രവർത്തകരാ കാതെ അധഃപതിച്ചുകൊണ്ടിരിക്കുന്ന ഒരു ലോകത്തെ അപലപിക്കുന്നതിനു അജപാലനപരമായ ഊർജം പാഴാക്കുകയായിരുന്നു. വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ച സഭയുടെ സന്ദേശം യേശുവിന്റെ പ്രഭാഷ ണത്തെയും മനോഭാവത്തെയും വ്യക്തമായി പ്രതിബിംബിക്കുന്നില്ലെന്നു അനേകർക്കു തോന്നുന്നുണ്ട്. യേശു ത്യാഗം ആവശ്യപ്പെടുന്ന ആദർശത്തെ നിശ്ചയിച്ചു. പക്ഷേ, സമരിയാക്കാരി സ്ത്രീയെയും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെയും പോലെയുള്ള വ്യക്തികളുടെ ദൗർബല്യത്തോട് സഹതാപവും അടുപ്പവും കാണിക്കുന്നതിൽ അവിടന്ന് ഒരിക്കലും പരാജ യപ്പെട്ടിട്ടില്ലല്ലോ.

39. സ്നേഹവും സ്വയംദാനവും വളർത്താൻ പരാജയപ്പെടുന്ന സാംസ് കാരിക അധോഗതിക്കെതിരേ മുന്നറിയിപ്പു നല്കൽ നിറുത്തിവയ്ക്കണ മെന്ന് ഇതിന് അർത്ഥമില്ല. കഴിഞ്ഞ രണ്ടു സൂനഹദോസുകൾക്കും മുമ്പ് നടത്തിയ ആലോചനായോഗത്തിൽ 'ഉപരിപ്ലവസംസ്കാരത്തിന്റെ' വിവിധ ലക്ഷണങ്ങൾ ചൂണ്ടിക്കാണിക്കപ്പെട്ടു. സ്നേഹപരമായ ഒരു ബന്ധത്തിൽ നിന്ന് മറ്റൊരു ബന്ധത്തിലേക്ക് ആളുകൾ എത്ര വേഗത്തിൽ മാറുന്നുവെ ന്നതിനെക്കുറിച്ച്, ഉദാഹരണമായി, ഞാൻ ചിന്തിക്കുന്നു. സാമൂഹിക നെറ്റു വർക്കുകളുടെ വഴിയിൽ തന്നിഷ്ടം പോലെ സ്നേഹത്തോടു ബന്ധപ്പെടു കയോ ആ ബന്ധം പരിത്യജിക്കുകയോ ചെയ്യാമെന്നും പെട്ടെന്നു 'തടയാ'



മെന്നും അവർ കരുതുന്നു. വേറെ ചില വസ്തുതകളെക്കുറിച്ചു കൂടി ഞാൻ ചിന്തിക്കുന്നു: സ്ഥിരസമർപ്പണത്തെക്കുറിച്ചുള്ള ഭയം, ഒഴിവു സമ യത്തിനുവേണ്ടിയുള്ള ക്രമരഹിതമായ വ്യഗ്രത; ഏകാന്തത പരിഹരി ക്കാനും സംരക്ഷണം ലഭിക്കാനും അല്ലെങ്കിൽ ഒരു സേവനം കാഴ്ചവ യ്ക്കാനും വേണ്ടി ചെലവുകളും ഉപകാരങ്ങളും ആവശ്യമായി വരുന്ന ബന്ധങ്ങൾ. നമ്മൾ സ്നേഹപരമായ ബന്ധങ്ങളോട് ഭൗതികവസ്തുക്ക ളോടും പരിസ്ഥിതിയോടും പെരുമാറുന്നതുപോലെ പെരുമാറുന്നു: എല്ലാം വലിച്ചെറിയാവുന്നതാണെന്ന്, സ്വീകരിക്കലും ഒഴിവാക്കലും പാടുണ്ടെന്നും, ചൂഷണം ചെയ്യുകയും അവസാനത്തുള്ളിവരെ പിഴിഞ്ഞെടുക്കാൻ കഴി യുമെന്നും കരുതുന്നു. സ്വദേഹപ്രേമം (Narcissism) തങ്ങൾക്ക് അപ്പുറം നോക്കാൻ, സ്വന്തം ആഗ്രഹങ്ങൾക്കും ആവശ്യങ്ങൾക്കും അപ്പുറം നോക്കാൻ, മനുഷ്യരെ കഴിവില്ലാത്തവരാക്കുന്നു. എന്നാലും മറ്റുള്ളവരെ ഉപയോഗിക്കുന്നവർ, വേഗത്തിലോ ക്രമേണയോ, സ്വയം ഉപയോഗിക്ക പ്പെട്ടവരായിത്തീരുന്നു. അതേ മാനസിക വ്യവസ്ഥിതിയിൽത്തന്നെ ദുരു പയോഗിക്കപ്പെട്ടവരും പരിത്യക്തരുമായിത്തീരുന്നു. ഒരു വസ്തുത കൂടി ശ്രദ്ധിക്കപ്പെടേണ്ടതായിട്ടുണ്ട്. അതായത്, വാർധക്യത്തിലെത്തിയവരിലാണ് ബന്ധത്തകർച്ച കൂടുതൽ സംഭവിക്കുന്നത്. അവർ ഒരുതരം 'സ്വാതന്ത്ര്യം' അന്വേഷിക്കുന്നു. പരസ്പരം പരിചരിച്ചും പിന്തുണച്ചും വാർധക്യത്തി ലേക്ക് ഒന്നിച്ച് എത്തിച്ചേരുകയെന്ന ആദർശം അവർ ഉപേക്ഷിക്കുന്നു.

40. 'ഒരു കുടുംബം തുടങ്ങാൻ യുവജനത്തെ നിർബന്ധിക്കാത്ത ഒരു സംസ്കാരത്തിലാണ് നാം ജീവിക്കുന്നതെന്ന്, അമിതമായി ലളിതമാക്കുക യെന്ന അപകടസാധ്യതയിലാണെങ്കിലും, നമുക്കു പറയാം. യുവജനത്തെ നിർബന്ധിക്കാത്തത് അവർക്ക് ഭാവിസാധ്യതകൾ ഇല്ലാത്തതുകൊണ്ടാണ്. എന്നാലും ഇതേ സംസ്ക്കാരം മറ്റൊരു കൂട്ടരെ കൂടി അവതരിപ്പിക്കുന്നുണ്ട്. തിരഞ്ഞെടുപ്പിനുള്ള ധാരാളം അവസരങ്ങളുണ്ടായിട്ടും കുടുംബസ്ഥാപന ത്തിൽ നിന്നു പിന്മാറാൻ ഉപദേശിക്കപ്പെടുന്നവരാണവർ.'[14] ചില രാജ്യങ്ങ ളിൽ യുവജനം സാമ്പത്തിക കാരണങ്ങളാലോ തൊഴിൽ മൂലമോ പഠനം മൂലമോ വിവാഹം മാറ്റിവയ്ക്കുന്നു. താഴെപ്പറയുന്ന വേറെ ചില കാരണങ്ങ ളാലാണ് ചിലർ അങ്ങനെ ചെയ്യുന്നത്: വിവാഹത്തെയും കുടുംബത്തെയും വിലകുറച്ചു കാണിക്കുന്ന പ്രത്യയശാസ്ത്രങ്ങളുടെ സ്വാധീനം, മറ്റു ദമ്പ തികൾക്കുണ്ടായ പരാജയങ്ങൾ ഒഴിവാക്കാനുള്ള ആഗ്രഹം, അമിതപ്രാധാ ന്യവും വിശുദ്ധിയുമുള്ളതായി തങ്ങൾ കരുതുന്ന ഒരു കാര്യത്തെക്കുറി ച്ചുള്ള ഭയം, വെറുതേ ഒന്നിച്ചു താമസിക്കുന്നതിനോട് ബന്ധപ്പെട്ടിരിക്കുന്ന സാമൂഹിക സാധ്യതകളും സാമ്പത്തിക ഉപകാരങ്ങളും, സ്നേഹത്തെക്കു റിച്ചുള്ള കേവലം വൈകാരികവും റൊമാന്റിക്കുമായിട്ടുള്ള സങ്കല്പം, സ്വാതന്ത്ര്യവും അനാശ്രയത്വവും നഷ്ടപ്പെടുമെന്നുള്ള ഭീതി, കേവലം സ്ഥാപനപരവും ഉദ്യോഗസ്ഥമേധാവിത്വപരവുമായി കരുതുന്ന ഒന്നിനെ

ഉപേക്ഷിക്കൽ[15] യുവജനങ്ങളുടെ ഹൃദയങ്ങളിലേക്ക് എത്തിച്ചേരാൻ നമ്മെ സഹായിക്കുന്ന ശരിയായ ഭാഷയും വാദമുഖങ്ങളും സാക്ഷ്യരൂപങ്ങളും നമ്മൾ കണ്ടുപിടിക്കണം. ഔദാര്യത്തിനും സമർപ്പണത്തിനും സ്നേഹത്തിനും സാഹസികതയ്ക്കുപോലും യുവാക്കൾക്കുള്ള കഴിവിനെ ആകർഷിക്കണം. അങ്ങനെ ആവേശത്തോടും ധീരതയോടുംകൂടി വിവാഹമെന്ന വെല്ലുവിളിയോട് പ്രത്യുത്തരിക്കാൻ അവരെ ക്ഷണിക്കണം.

41. സിനഡുപിതാക്കന്മാർ ഇങ്ങനെ നിരീക്ഷിച്ചു: 'ഇന്നത്തെ ലോകത്തിലെ സാംസ്കാരികപ്രവണതകൾ വ്യക്തിയുടെ വൈകാരികതയ്ക്ക് ഒരു പരിധിയും കല്പിക്കുന്നില്ലെന്നു തോന്നുന്നു.' യഥാർത്ഥത്തിൽ, സ്വശരീരപ്രേമം അസ്ഥിരമോ പരിണാമവിധേയമോ ആയ വൈകാരികത, ഒരു വ്യക്തിയെ പക്വതയിലേക്കു വളരാൻ എപ്പോഴും സഹായിക്കുന്നില്ല. താഴെപ്പറയുന്ന കാര്യങ്ങളെക്കുറിച്ചും അവർ ആകുലത പ്രകടിപ്പിച്ചു: 'ശരീരത്തിന്റെ വ്യവസായവത്കരണം, ഇന്റർനെറ്റിന്റെ ദുരുപയോഗത്തിലും വളർത്തപ്പെടുന്ന അശ്ലീലസാഹിത്യത്തിന്റെ വ്യാപനവും ശരീരത്തിന്റെ വാണിജ്യവത്കരണവും. ആളുകൾ വ്യഭിചരിക്കാൻ നിർബന്ധിക്കപ്പെടുന്ന നിന്ദ്യമായ സാഹചര്യങ്ങളെ'ക്കുറിച്ചും അവർ ഉത്കണ്ഠ പ്രകടിപ്പിച്ചു. ഈ സാഹചര്യത്തിൽ 'ദമ്പതികൾ സന്ദേഹിക്കുന്നവരും വളരാനുള്ള വഴികൾ കണ്ടെത്താൻ സംശയിക്കുന്നവരും കഷ്ടപ്പെടുന്നവരുമായിരിക്കുന്നു. അനേകർ തങ്ങളുടെ വൈകാരികതയുടെയും ലൈംഗിക ജീവിതത്തിന്റെയും ആദിമഘട്ടത്തിൽ നിലനില്ക്കാനുള്ള പ്രവണത കാണിക്കുന്നു. ദമ്പതികളുടെ ബന്ധത്തിലുണ്ടാകുന്ന വിഷമസ്ഥിതി കുടുംബത്തെ അസ്ഥിരമാക്കുന്നു. അത് വേർപെടലിലേക്കും വിവാഹമോചനത്തിലേക്കും നയിച്ചേക്കും. പ്രായമായവർക്കും കുട്ടികൾക്കും പൊതുവേ സമൂഹബന്ധത്തെയും ദുർബലമാക്കി അത് ഗൗരവപൂർണമായ അനന്തരഫലങ്ങൾ ഉളവാക്കും.[16] വിവാഹസംബന്ധമായ പ്രശ്നങ്ങൾ 'മിക്കപ്പോഴും ക്ഷമാശീലവും ചിന്തയും ഇല്ലാതെയും ത്യാഗങ്ങൾ ചെയ്യാനും പരസ്പരം ക്ഷമിക്കാനുമുള്ള ധീരത കൂടാതെയും ധൃതിയിൽ നേരിടുന്നു. പരാജയങ്ങൾ പുതിയ ബന്ധങ്ങൾക്കും പുതിയ ദമ്പതികൾക്കും പുതിയ സിവിൾ ബന്ധങ്ങൾക്കും പുതിയ വിവാഹങ്ങൾക്കും ഇടം നല്കുന്നു. ഇത് ക്രൈസ്തവ ജീവിതത്തിൽ സങ്കീർണവും പ്രശ്നപൂർണവുമായ കുടുംബസാഹചര്യങ്ങളെ സൃഷ്ടിക്കുകയും ചെയ്യുന്നു.'[17]

42. കൂടാതെ, കുട്ടികളുണ്ടായിരിക്കുകയെന്നതിന് വിരുദ്ധമായിട്ടുള്ള മനോഭാവവും പ്രജനനപരമായ ആരോഗ്യത്തെ സംബന്ധിച്ച ലോകരാഷ്ട്രീയവും മൂലം ജനസംഖ്യ കുറഞ്ഞുകൊണ്ടിരിക്കുന്നു. തലമുറകൾ തമ്മിലുള്ള ബന്ധം ഉറപ്പുവരുത്താത്ത ഒരു സാഹചര്യം സൃഷ്ടിക്കുക മാത്രമല്ല അതു ചെയ്യുന്നത്. പിന്നെയോ, മറ്റൊരു അപകടം കൂടിയുണ്ടാകും. അതായത്, കാലക്രമേണ 'സ്വദേഹപ്രേമ സംബന്ധമായിട്ടുണ്ടാകുന്ന ഈ അധോഗതി



സാമ്പത്തിക ദാരിദ്ര്യത്തിലേക്കു നയിക്കും. ഭാവിയെക്കുറിച്ചു പ്രത്യാശ നഷ്ടപ്പെടുകയും ചെയ്യും. ജീവശാസ്ത്രപരമായ സാങ്കേതികവിദ്യയ്ക്കു ജനനനിരക്കിന്മേൽ പ്രധാനപ്പെട്ട ഒരു സ്വാധീനവുമുണ്ട്.'[18] ഇതിനോടു കൂട്ടിച്ചേർക്കേണ്ട മറ്റു വസ്തുതകൾ കൂടിയുണ്ട്. ഉദാഹരണമായി 'വ്യവസായവത്കരണം, ലൈംഗികവിപ്ലവം, അമിത ജനസംഖ്യയെക്കുറിച്ചുള്ള ഭയം സാമ്പത്തിക പ്രശ്നങ്ങൾ...ഉപഭോഗസംസ്കാരവും കുട്ടികളെ ജനിപ്പിക്കുന്നതിൽ നിന്ന് ആളുകളെ തടഞ്ഞേക്കും. അവർക്ക് അങ്ങനെ ഒരു പ്രത്യേക തരം സ്വാതന്ത്ര്യവും ജീവിതശൈലിയും നിലനിറുത്താൻ കഴിയുന്നു.'[19] ജീവൻ പകരാൻ ഉദാരത കാണിച്ച ദമ്പതികളുടെ ശരിയായ മനസ്സാക്ഷിയെ, പര്യാപ്തവും ഗൗരവപൂർണവുമായ കാരണങ്ങളാൽ തങ്ങളുടെ കുട്ടികളുടെ സംഖ്യ കുറയ്ക്കാൻ പ്രേരിപ്പിച്ചേക്കും. എന്നാൽ 'മനസ്സാക്ഷിയുടെ മഹത്ത്വം കൊണ്ടുതന്നെ ഗർഭനിരോധനം, വന്ധ്യംകരം, ഗർഭഛിദ്രം എന്നിവ നടത്താൻ രാഷ്ട്രം ബലാത്കാരമായി ഇടപെടുന്നതിനെ സഭ ശക്തിയുക്തം തള്ളിക്കളയുന്നു.'[20] അത്തരം നടപടികൾ ഉയർന്ന ജനനനിരക്കുള്ള സ്ഥലങ്ങളിൽപ്പോലും സ്വീകാര്യമല്ല. പക്ഷേ, അസ്വസ്ഥത ജനിപ്പിക്കുന്നവിധം ജനനനിരക്കു കുറഞ്ഞിരിക്കുന്ന രാജ്യങ്ങളിലും രാഷ്ട്രീയ പ്രവർത്തകർ അത്തരം നടപടികളെ പ്രോത്സാഹിപ്പിക്കുന്നു. കൊറിയായിലെ മെത്രാൻമാർ പറഞ്ഞതുപോലെ ഇത് തന്നിൽത്തന്നെ വൈരുധ്യമുള്ള വിധത്തിൽ പ്രവർത്തിക്കലാണ്, സ്വന്തം കടമയെ അവഗണിക്കലാണ്.'[21]

43. പല സമൂഹങ്ങളിലും വിശ്വാസവും മതപരമായ ആചാരങ്ങളും ദുർബലമായിട്ടുണ്ട്. അത് കുടുംബത്തെ സ്വാധീനിച്ചു. പ്രയാസങ്ങളുടെയിടയിൽ കുടുംബങ്ങളെ ഒറ്റപ്പെടുത്തിക്കൊണ്ട് അപ്രകാരം ചെയ്തു. സൂനഹദോസു പിതാക്കന്മാർ ഇങ്ങനെ നിരീക്ഷിച്ചു: 'സമകാലീന സംസ്കാരത്തിനുള്ള മഹാദാരിദ്ര്യത്തിന്റെ ഒരു ലക്ഷണം ദൈവത്തിന്റെ അഭാവത്തിൽ നിന്നുണ്ടാകുന്ന ഒറ്റപ്പെടലും ബന്ധങ്ങളുടെ ക്ഷണഭംഗുരതയുമാണ്. കുടുംബങ്ങളെ മിക്കപ്പോഴും ഞെരുക്കിക്കളയുന്ന സാമൂഹിക-സാംസ്ക്കാരിക യാഥാർത്ഥ്യങ്ങളുടെ മുമ്പിൽ ശക്തിയില്ലായ്മയെക്കുറിച്ചുള്ള പൊതുവായ തോന്നലുമുണ്ട്. സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുള്ള താത്പര്യമില്ലായ്മയും ശ്രദ്ധയില്ലായ്മയും മൂലം കുടുംബങ്ങൾ മിക്കപ്പോഴും ഉപേക്ഷിക്കപ്പെട്ടവയായി തോന്നുന്നു. സാമൂഹിക ക്രമത്തിൻമേലുള്ള നിഷേധാത്മക സ്വാധീനം വ്യക്തമാണ്. ജനസംഖ്യാപരമായ വിഷമസ്ഥിതി, കുട്ടികളെ വളർത്താനുള്ള പ്രയാസം, പുതിയ ജീവനെ സ്വാഗതം ചെയ്യുന്നതിലുള്ള ആശങ്ക, വാർധക്യത്തിലെത്തിയവരെ ഭാരമായി കാണാനുള്ള പ്രവണത, വൈകാരികപ്രശ്നങ്ങളുടെയും അക്രമപ്രവൃത്തികളുടെയും വർധനവ് എന്നിവയിൽ അതുകാണാം. യുവജനത്തിന്റെ ഭാവി ഉറപ്പാക്കാനും കുടുംബം രൂപീകരിക്കാനുമുള്ള അവരുടെ പദ്ധതി സാക്ഷാത്കൃ

തമാകാൻ സഹായിക്കാനും വേണ്ടി നിയമങ്ങൾ നിർമ്മിച്ചു നടപ്പാക്കാനും തൊഴിൽ സൃഷ്ടിക്കാനും രാഷ്ട്രത്തിനു കടമയുണ്ട്.'[22]

44. വാസയോഗ്യവും നിർമ്മാണക്ഷമവുമായ വീട് ഇല്ലാതിരിക്കുന്നുവെന്നത് പലപ്പോഴും ആചാരപരമായ ബന്ധങ്ങൾ മാറ്റിവയ്ക്കുന്നതിനു കാരണമാകുന്നുണ്ട്. ഒരു കാര്യം മനസ്സിൽ സൂക്ഷിക്കണം. 'യോഗ്യമായ വീടുണ്ടായിരിക്കാനുള്ള അവകാശം കുടുംബത്തിനുണ്ട്. വീട് കുടുംബജീവിതത്തിനു ചേർന്നതായിരിക്കണം. കുടുംബാംഗങ്ങൾക്കെല്ലാവർക്കും തികയുന്നതുമായിരിക്കണം. കുടുംബത്തിന്റെയും സമൂഹത്തിന്റെയും ജീവിതത്തിനുള്ള അടിസ്ഥാന സേവനങ്ങൾ നല്കുന്ന ഭൗമിക സാഹചര്യത്തിലുള്ളതുമായിരിക്കണം.[23] 'കുടുംബങ്ങളും വീടുകളും ഒന്നിച്ചു പോകുന്നു. വ്യക്തികളുടെ അവകാശങ്ങളെപ്പറ്റി മാത്രം ഊന്നിപ്പറയാതെ കുടുംബങ്ങളുടെ അവകാശങ്ങളെപ്പറ്റി ഊന്നിപ്പറയുകയെന്നത് എത്ര മാത്രം പ്രധാനപ്പെട്ട കാര്യമാണെന്ന് ഇക്കാര്യം നമുക്കു വ്യക്തമാക്കിത്തരുന്നു. കുടുംബം എന്നത് ഒരു നന്മയാണ്. അതുകൂടതെ സമൂഹത്തിനു ജീവിക്കാനാവുകയില്ല. അതു സംരക്ഷിക്കപ്പെടുക അത്യാവശ്യമാണ്.'[24] 'വിവാഹത്തെയും കുടുംബത്തെയും പോഷിപ്പിക്കുക, അവയെ ആക്രമിക്കുന്നവരിൽ നിന്ന് അവയെ സംരക്ഷിക്കുക എന്നീ കാര്യങ്ങൾ തന്റെ ദൗത്യത്തിന്റെ ഭാഗമായി സഭ എന്നും കരുതിയിട്ടുണ്ട്.'[25] പ്രത്യേകിച്ച് രാഷ്ട്രീയ അജണ്ടകളിൽ അവയ്ക്കു നല്കുന്ന ശ്രദ്ധ വിരളമായിരിക്കുമ്പോൾ സഭ അങ്ങനെ ചെയ്യുന്നു. 'നീതിന്യായപരവും സാമ്പത്തികവും സാമൂഹികവും നികുതിപരവുമായ മണ്ഡലങ്ങളിൽ രാഷ്ട്രീയ പരിഗണന ലഭിക്കണമെന്നത് കുടുംബങ്ങളുടെ അവകാശമാണ്.'[26] ചിലപ്പോൾ കുടുംബങ്ങൾ ഭയാനകമായ തോതിൽ കഷ്ടതയനുഭവിക്കുന്നുണ്ട്. സ്നേഹിക്കപ്പെട്ട വ്യക്തിക്കു രോഗമുണ്ടാകുമ്പോൾ പര്യാപ്തമായ ചികിത്സ തേടാൻ കഴിവില്ലാതായിരിക്കുമ്പോൾ, അല്ലെങ്കിൽ മാന്യമായ ജോലി കിട്ടാൻ കഷ്ടപ്പെടേണ്ടി വരുമ്പോൾ അങ്ങനെ സംഭവിക്കുന്നു. 'സാമ്പത്തിക ഞെരുക്കം, വിദ്യാഭ്യാസം, സാംസ്കാരിക പ്രവർത്തനങ്ങൾ, സമൂഹജീവിതത്തിലുള്ള ഉൾപ്പെടൽ എന്നിവ നടത്തുന്നതിൽ നിന്ന് കുടുംബത്തെ തടയുന്നു. ഇന്നത്തെ സാമ്പത്തികാവസ്ഥ സമൂഹത്തിൽ ഭാഗഭാഗിത്വം വഹിക്കുന്നതിൽ നിന്ന് ആളുകളെ പലവിധത്തിൽ തടയുന്നുണ്ട്. കുടുംബങ്ങൾ പ്രത്യേകിച്ച്, തൊഴിൽ സംബന്ധമായ പ്രശ്നങ്ങൾ മൂലം കഷ്ടതയനുഭവിക്കുന്നു. യുവജനത്തിനു സാധ്യതകളും തൊഴിൽ ദാനസാധ്യതകളും വളരെകുറച്ചേ ഉള്ളൂ. അവ ഏറെ സെലക്റ്റീവാണ്, സുരക്ഷിതത്വമില്ലാത്തവയുമാണ്. ജോലി ദിവസങ്ങൾ വളരെ കൂടുതലാണ്. ദീർഘകാലത്തേക്ക് ഭവനത്തിൽ നിന്ന് അകലെയുള്ള സ്ഥലത്തു ജോലിചെയ്യേണ്ടിവരുന്നതുമൂലം ഭാരപ്പെട്ടവയുമാണ്. കുടുംബാംഗങ്ങൾ ഒന്നിച്ചുചേരാൻ ഈ സാഹചര്യം സഹായിക്കുന്നില്ല. ഓരോ ദിവസവും ബന്ധം പോഷിപ്പിക്കത്തക്കവിധ



ത്തിൽ തങ്ങളുടെ മക്കളുടെ കൂടെയായിരിക്കാൻ അത് മാതാപിതാക്കളെ സഹായിക്കുന്നില്ല.'[27]

45. വളരെയേറെ കുട്ടികൾ വിവാഹബന്ധത്തിനു പുറമേ ജനിക്കുന്നു. അവരിൽ അനേകം കുട്ടികൾ തങ്ങളുടെ മാതാപിതാക്കളിൽ ഒരാളുടെ കൂടെ മാത്രം ജീവിക്കുന്നു. അല്ലെങ്കിൽ സങ്കീർണമോ പുനഃസ്ഥാപനപരമോ ആയ കുടുംബത്തിൽ ജീവിക്കുന്നു... കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുകയെന്നത് ഇന്നത്തെ സമൂഹത്തിലെ ഉതപ്പുണ്ടാക്കുന്നതും വികൃതവുമായ യാഥാർത്ഥ്യമാണ്. യുദ്ധം മൂലമുണ്ടാകുന്ന അക്രമവും ഭീകരവാദപ്രവർത്തനങ്ങളും സംഘടിത കുറ്റകൃത്യങ്ങളുടെ സാന്നിധ്യവും അനുഭവിക്കുന്ന സമൂഹങ്ങൾ കുടുംബത്തിന്റെ അധഃപതനത്തിനു സാക്ഷ്യം വഹിക്കുന്നു. സർവോപരി വലിയ നഗരങ്ങളിൽ അവയുടെ ചേരികളിൽ 'തെരുവു കുട്ടികൾ' എന്നു വിളിക്കപ്പെടുന്ന കുട്ടികളുടെ സംഖ്യ വർധിച്ചുകൊണ്ടിരിക്കുകയാണ്.'[28] കുട്ടികളെ ലൈംഗികമായി ദുരുപയോഗിക്കുകയെന്നത്, അവർ ഏറ്റവും സുരക്ഷിതരായിരിക്കേണ്ട സ്ഥലങ്ങളിൽ - പ്രത്യേകിച്ച് സ്കൂളുകളിലും സമൂഹങ്ങളിലും ക്രൈസ്തവസ്ഥാപനങ്ങളിലും - സംഭവിക്കുമ്പോൾ അങ്ങേയറ്റം ഉതപ്പുണ്ടാക്കുന്നതാണ്.'[29]

46. 'കുടിയേറ്റം കാലത്തിന്റെ മറ്റൊരു അടയാളമാണ്. കുടുംബജീവിതത്തിൽ അതുണ്ടാക്കുന്ന നിഷേധാത്മകമായ അനന്തരഫലങ്ങളുടെ പേരിൽ നേരിടേണ്ടതും മനസ്സിലാക്കേണ്ടതുമാണ്.'[30] ഇപ്പോഴത്തെ സിനഡ് ഈ വിഷയത്തിലേക്കു ശ്രദ്ധ ക്ഷണിച്ചു. 'ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിയേറ്റം വിവിധരീതികളിൽ മുഴുവൻ ജനതയെയും ബാധിക്കുന്നുവെന്നതു ശ്രദ്ധിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. സഭ ഈ മണ്ഡലത്തിൽ വലിയൊരു ധർമ്മം നിർവഹിച്ചിട്ടുണ്ട്. സുവിശേഷത്തിനു നല്കുന്ന ഈ സാക്ഷ്യം (cf മത്താ 25:35) സൂക്ഷിക്കുകയും വികസിപ്പിക്കുകയും വേണം. മാനുഷിക ചലനക്ഷമത ജനതകളുടെ സ്വാഭാവികവും ചരിത്രപരവുമായ ചലനംപോലുള്ളതാണ്. അത് കുടിയേറുന്ന കുടുംബങ്ങൾക്കും അവരെ സ്വാഗതം ചെയ്യുന്ന കുടുംബങ്ങൾക്കും യഥാർത്ഥ പരിപോഷണമായിരിക്കുമെന്നു തെളിയിക്കാനാവും. കൂടാതെ കുടുംബങ്ങളുടെ നിർബന്ധിത കുടിയേറ്റമുണ്ട്. അത് യുദ്ധസാഹചര്യം, പീഡനം, ദാരിദ്ര്യം, അനീതി എന്നിവ മൂലമുണ്ടാകുന്നു. മിക്കപ്പോഴും അവ ജീവൻ അപകടപ്പെടുത്തുന്നതാണ്; ജനതകളെ മുറിവേല്പിക്കുന്നതും കുടുംബങ്ങളെ അസ്ഥിരമാക്കുന്നതുമാണ്. സഭ കുടിയേറ്റക്കാരോടൊത്തു സഞ്ചരിക്കുമ്പോൾ സഭയ്ക്കു സവിശേഷമായ അജപാലന പദ്ധതിയുണ്ടായിരിക്കണം. കുടിയേറുന്ന കുടുംബങ്ങളെ സംബന്ധിച്ചു മാത്രമല്ല, പിന്നിൽ നില്ക്കുന്ന കുടുംബാംഗങ്ങളെ സംബന്ധിച്ചും അതുണ്ടാവണം. ഈ അജപാലനപ്രവർത്തനം അവരുടെ സംസ്കാരത്തോട് അർഹമായ ബഹുമാനം പ്രകടിപ്പിച്ചുകൊണ്ടുള്ളതായിരിക്കണം. അവർ എവിടെനിന്നു

വന്നോ ആ പ്രദേശത്തെ മാനുഷികവും മതപരവുമായ പരിശീലനത്തോടും അവരുടെ റീത്തുകളുടെയും പാരമ്പര്യങ്ങളുടെയും ആധ്യാത്മിക സമ്പന്നതയോടും ആദരവു പുലർത്തിക്കൊണ്ടു നിർവഹിക്കപ്പെടണം. സവിശേഷമായ അജപാലനശുശ്രൂഷകൊണ്ടും അങ്ങനെ ചെയ്യണം. നിയമരഹിതമായി സംഭവിക്കുമ്പോഴും മനുഷ്യക്കടത്തിന്റെ അന്താരാഷ്ട്ര നെറ്റുവർക്കിന്റെ പിന്തുണയോടെ നടത്തപ്പെടുമ്പോഴും പ്രത്യേകമാം വിധത്തിൽ നാടകീയവും കുടുംബങ്ങളെയും വ്യക്തികളെയും നശിപ്പിക്കുന്നതുമാണ്. സ്ത്രീകളെയോ കൂട്ടത്തിൽ ആളില്ലാത്ത കുട്ടികളെയോ സംബന്ധിച്ചതാകുമ്പോൾ ഇതു തുല്യരീതിയിൽ സത്യമാണ്. അവർ താത്കാലിക പാർപ്പിടങ്ങളിലും അഭയാർത്ഥി ക്യാം പുകളിലും ദീർഘകാലം താമസിച്ച് ക്ലേശങ്ങൾ സഹിക്കാൻ നിർബന്ധിതരാകുന്നു. അവിടെ ഉദ്ഗ്രഥനപ്രക്രിയ തുടങ്ങാൻ സാധ്യമല്ല. കടുത്ത ദാരിദ്ര്യവും കുടുംബത്തകർച്ചയുടെ മറ്റു സാഹചര്യങ്ങളും മൂലം ചിലപ്പോൾ കുട്ടികളെ വ്യഭിചാരത്തിനായിട്ടും അവയവക്കടത്തിനായും വില്ക്കേണ്ടി വരുന്നു.'[31] 'ലോകത്തിന്റെ പലഭാഗങ്ങളിലും, പ്രത്യേകിച്ച്, മധ്യപ്രദേശത്ത് ക്രിസ്ത്യാനികളെയും വംശപരമോ മതപരമോ ആയി ന്യൂനപക്ഷമായിരിക്കുന്നവരെയും പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. അത് സഭയ്ക്കു മാത്രമല്ല മുഴുവൻ അന്താരാഷ്ട്രസമൂഹത്തിനും വലിയ പരീക്ഷയാണ്. കുടുംബങ്ങളും ക്രൈസ്തവസമൂഹങ്ങളും അവരുടെ ജന്മനാട്ടിൽ നിലനില്ക്കാൻ വേണ്ടിയുള്ള പരിശ്രമം, പ്രായോഗികരീതിയിലാണെങ്കിൽപ്പോലും, പ്രോത്സാഹിപ്പിക്കപ്പെടണം.'[32]

47. 'സവിശേഷമായ ആവശ്യങ്ങളുള്ള വ്യക്തികളെ ഉൾക്കൊള്ളുന്ന കുടുംബങ്ങളെ പ്രത്യേകം ശ്രദ്ധിക്കണമെന്ന് സിനഡുപിതാക്കന്മാർ ആവശ്യപ്പെട്ടു. ആ കുടുംബങ്ങളിൽ വൈകല്യത്തെ നേരിടുകയെന്ന അപ്രതീക്ഷിത വെല്ലുവിളിയുണ്ടാകുന്നു. അത് കുടുംബത്തിന്റെ സന്തുലിതാവസ്ഥയെയും ആഗ്രഹങ്ങളെയും പ്രതീക്ഷകളെയും തകിടം മറിക്കും. സവിശേഷമായ ആവശ്യങ്ങളുള്ള കുട്ടിയുണ്ടായിരിക്കുകയെന്ന കഠിനപരീക്ഷ സ്നേഹപൂർവം നേരിടുന്ന കുടുംബങ്ങളെ വലിയ തോതിൽ അഭിനന്ദിക്കണം. അവർ ജീവനെന്ന ദാനത്തോടു വിശ്വസ്തത കാണിക്കുകയെന്ന അമൂല്യസാക്ഷ്യം സഭയ്ക്കും സമൂഹത്തിനും നല്കുന്നുണ്ട്. ഈ സാഹചര്യങ്ങളിൽ ക്രൈസ്തവസമൂഹത്തോടൊപ്പം പുതിയ സമീപനങ്ങളും പുതിയ പ്രവർത്തനരീതികളും മറ്റുള്ളവരോടൊപ്പം മനസ്സിലാക്കാനും തിരിച്ചറിയാനുമുള്ള വ്യത്യസ്ത മാർഗവും കണ്ടെത്താൻ കുടുംബത്തിനു കഴിയും. മനുഷ്യജീവന്റെ ഭംഗുരതയെന്ന രഹസ്യത്തെ സ്വാഗതം ചെയ്തും അതിനെ ശുശ്രൂഷിച്ചും അങ്ങനെ ചെയ്യാം. വൈകല്യമുള്ള ആളുകൾ കുടുംബത്തിനുള്ള ഒരു സമ്മാനമാണ്. സ്നേഹത്തിലും പരസ്പരസഹായത്തിലും ഐക്യത്തിലും വളരാനുള്ള ഒരവസരം നല്കുന്നതുമാണ്.



സവിശേഷാവശ്യങ്ങളുള്ള വ്യക്തികളുടെ സാന്നിധ്യം വിശ്വാസത്തിന്റെ വെളിച്ചത്തിൽ കുടുംബം സ്വീകരിക്കുന്നുവെങ്കിൽ ഓരോ മനുഷ്യജീവന്റെയും ഗുണമേന്മയും മൂല്യവും തിരിച്ചറിയാനും ഉറപ്പുവരുത്താനും അതിനു സാധിക്കും. മനുഷ്യജീവന്റെ ശരിയായ ആവശ്യങ്ങളോടും അവകാശങ്ങളോടും അവസരങ്ങളോടും കൂടി അങ്ങനെ ചെയ്യാൻ സാധിക്കും. ഈ സമീപനം വൈകല്യമുള്ളവർക്കു നല്കുന്ന ശ്രദ്ധയും സേവനങ്ങളും വളർത്തും. അവരെ സമീപിക്കാനും ആളുകളെ പ്രേരിപ്പിക്കും.'[33] ഇവിടെ ഒരു വസ്തുത ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതായത്, കുടിയേറ്റക്കാരോടും സവിശേഷാവശ്യങ്ങളുള്ള വ്യക്തികളോടും ഒന്നുപോലെ കാണിക്കുന്ന സമർപ്പണബുദ്ധിയും താത്പര്യവും പരിശുദ്ധാത്മാവിന്റെ ഒരു അടയാളമാണ്. രണ്ടു സാഹചര്യങ്ങളും വിശിഷ്ട മാതൃകകളാണ്. മറ്റുള്ളവരെ സ്വാഗതം ചെയ്യുന്നതിനും ദുർബലരെ തികച്ചും നമ്മുടെ സമൂഹത്തിന്റെ ഭാഗമാക്കുന്നതിനും കാരുണ്യം കാണിക്കാനുള്ള നമ്മുടെ സമർപ്പണബുദ്ധിയുടെ ഒരു പരീക്ഷയാണത്.

48. ' മിക്കകുടുംബങ്ങളും വാർധക്യത്തിലെത്തിയവരോട് വലിയ ബഹുമാനം കാണിക്കുന്നുണ്ട്. വാത്സല്യപൂർവം അവർക്കു ചുറ്റും നില്ക്കുകയും അവരെ ഒരനുഗ്രഹമായി കരുതുകയും ചെയ്യുന്നുണ്ട്. പ്രായമായവർക്ക് ആധ്യാത്മികമായും സാമൂഹികമായും സേവനം ചെയ്യുന്നതിനു സ്വയം സമർപ്പിച്ചിട്ടുള്ള സംഘടനകളെയും കുടുംബപ്രസ്ഥാനങ്ങളെയും അഭിനന്ദിക്കേണ്ടിയിരിക്കുന്നു. വലിയ തോതിൽ വ്യവസായവത്കരിക്കപ്പെട്ട സമൂഹങ്ങളിൽ ജനനനിരക്ക് താണുകൊണ്ടിരിക്കുകയും വാർധക്യത്തിലെത്തിയവരുടെ സംഖ്യ വർധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അത്തരം സമൂഹങ്ങളിൽ വൃദ്ധരെ ഭാരമായി കരുതിയേക്കാം. മറുവശത്ത് അവർക്ക് ആവശ്യമായിരിക്കുന്ന പരിചരണം അവർ സ്നേഹിച്ചവർക്ക് മിക്കപ്പോഴും മനഃക്ലേശമുണ്ടാക്കുന്നു.'[34] 'ജീവിതത്തിന്റെ അന്തിമഘട്ടത്തിലുള്ള ശുശ്രൂഷയും താത്പര്യവും ഇന്നു വളരെ കൂടുതലായി ആവശ്യമായിരിക്കുന്നു. സമകാലീനസമൂഹം മരണസമയത്തിന്റെ എല്ലാ അടയാളവും നീക്കിക്കളയാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു തന്നെ. ദുർബലരും ആശ്രിതരുമായിരിക്കുന്ന വൃദ്ധജനം ചിലപ്പോൾ സാമ്പത്തിക ലാഭത്തിനുവേണ്ടി മാത്രം അന്യായമായി ചൂഷണം ചെയ്യപ്പെടുന്നു. ഒരു വ്യക്തിയുടെ ജീവിതസാഫല്യത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞുകൊണ്ടും കർത്താവിന്റെ പെസഹാരഹസ്യത്തിലുള്ള ഭാഗഭാഗിത്വംകൊണ്ടും ജീവിതത്തിന്റെ അന്തിമഘട്ടങ്ങളെ സമീപിക്കാൻ കഴിയുമെന്ന് അനേകം കുടുംബങ്ങൾ നമ്മെ കാണിച്ചു തന്നിട്ടുണ്ട്. വൃദ്ധജനങ്ങളുടെ വലിയൊരു സംഖ്യ സഭാസ്ഥാപനങ്ങളിൽ ശുശ്രൂഷിക്കപ്പെടുന്നുണ്ട്. അവിടെ ഭൗതികമായും ആധ്യാത്മികമായും അവർക്ക് സമാധാനത്തോടെ കുടുംബാന്തരീക്ഷത്തിൽ ജീവിക്കാൻ സാധിക്കുന്നു. കാരുണ്യവധവും സഹായിക്കപ്പെടുന്ന ആത്മഹത്യയും

ലോകവ്യാപകമായ തോതിൽ ഗൗരവപൂർണമായ ഭീഷണികളാണ്. ചില രാഷ്ട്രങ്ങളിൽ അവ നിയമാനുസൃതമായിരിക്കുന്നു. സഭ ഈ പ്രവൃത്തികളെ ദൃഢതയോടെ എതിർക്കുന്നു. അതോടൊപ്പം വൃദ്ധരും രോഗികളുമായ തങ്ങളുടെ വൃദ്ധരെ പരിപാലിക്കുന്ന കുടുംബങ്ങൾക്ക് സഹായം നല്കുക ആവശ്യമാണെന്നു കരുതുകയും ചെയ്യുന്നു.'[35]

49. കടുത്ത ദാരിദ്ര്യത്തിലും വലിയ പരിമിതികൾക്കുള്ളിലും ജീവിക്കുന്ന കുടുംബങ്ങളുടെ അവസ്ഥയെക്കുറിച്ച് സൂചിപ്പിക്കാൻ ഞാൻ ഇവിടെ ആഗ്രഹിക്കുന്നു. ദരിദ്ര കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ മിക്കപ്പോഴും ഏറെ മനഃക്ലേശമുണ്ടാക്കുന്നതാണ്.[36] ഉദാഹരണമായി ഒരമ്മ ഒറ്റയ്ക്ക് ഒരു കുട്ടിയെ വളർത്തേണ്ടിവന്നാൽ, അവൾ തൊഴിലിനു പുറത്തുപോകുമ്പോൾ കുട്ടിയെ വീട്ടിൽ ഒറ്റയ്ക്ക് വിട്ടിട്ടുപോകേണ്ടിവരുന്നു. ആ കുട്ടി എല്ലാത്തരം അപകടസാധ്യതകൾക്കും വ്യക്തിപരമായ വളർച്ചയിൽ തടസ്സങ്ങൾക്കും വിധേയനാകുന്നു. ആവശ്യങ്ങളുടെ അത്തരം പ്രയാസം നിറഞ്ഞ സാഹചര്യങ്ങളിൽ സഭ സവിശേഷമാം വിധത്തിൽ അവരെ മനസിലാക്കുകയും ആശ്വസിപ്പിക്കുകയും സ്വീകരിക്കുകയും ചെയ്യണം. കുറെ നിയമങ്ങൾ അവരുടെ മേൽ അടിച്ചേല്പിക്കുകയല്ല വേണ്ടത്. അങ്ങനെ ചെയ്താൽ ദൈവത്തിന്റെ കാരുണ്യം അവരോടു കാണിക്കാൻ കടപ്പെട്ടിരിക്കുന്ന മാതാവു തന്നെ അവരെ വിധിക്കുകയും പരിത്യജിക്കുകയും ചെയ്യുന്നതായി അവർക്കു തോന്നും. കൃപാവരത്തിന്റെ സുഖപ്പെടുത്തൽ ശക്തിയും, സുവിശേഷസന്ദേശത്തിന്റെ വെളിച്ചവും അവർക്കു നല്കുന്നതിനുപകരം ചിലർ ആ സന്ദേശത്തെ അടിച്ചേല്പിക്കും. അതിനെ 'മറ്റുള്ളവരെ എറിയാനുള്ള മൃതശിലകളാക്കി മാറ്റിക്കൊണ്ട് അങ്ങനെ ചെയ്യും.'[37]

## ചില വെല്ലുവിളികൾ

50. രണ്ടു സിനഡുകൾക്കും മുമ്പു നടന്ന പര്യാലോചനകളിൽ ധാരാളം വ്യത്യസ്തസാഹചര്യങ്ങളെയും അവ ഉയർത്തുന്ന പുതിയ വെല്ലുവിളികളെയും കുറിച്ചുള്ള ഉത്തരങ്ങൾ ലഭിച്ചു. മുമ്പു സൂചിപ്പിച്ചവയ്ക്കു പുറമേ കുട്ടികളെ വളർത്തുന്നതിൽ കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പലരും ചൂണ്ടിക്കാണിച്ചു. പലപ്പോഴും മാതാപിതാക്കൾ അങ്ങേയറ്റം ക്ഷീണിതരായി വീട്ടിലെത്തിച്ചേരുന്നു. അവർ സംസാരിക്കാൻ ആഗ്രഹിക്കുന്നില്ല. പല കുടുംബങ്ങളിലും ഒന്നിച്ചു ഭക്ഷണം കഴിക്കുന്നില്ല. ധാരാളം തടസ്സങ്ങളുണ്ടാകുന്നു - ടെലിവിഷനോടുള്ള ആസക്തി ഉൾപ്പെടെ. അവയെല്ലാം മാതാപിതാക്കൾ കുട്ടികൾക്കു തങ്ങളുടെ വിശ്വാസം പകർന്നു കൊടുക്കുകയെന്നത് കൂടുതൽ പ്രയാസമുള്ള കാര്യമാക്കിത്തീർക്കുന്നു. കുടുംബങ്ങളെ സംബന്ധിച്ച കടുത്ത മാനസിക സംഘർഷത്തിന്റെ ഫലത്തെക്കുറിച്ച് മറ്റു ചില ഉത്തരങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്. അവർ വർത്തമാനകാലത്തെ ആസ്വദിക്കുന്നതിനുപകരം ഭാവി സുരക്ഷിതമാക്കണമെന്ന ചിന്തയിൽ മുഴുകു



ന്നതായി തോന്നുന്നു. ഇത് കൂടുതൽ വ്യാപകമായ ഒരു സംസ്ക്കാരിക പ്രശ്നമാണ്. സ്ഥിരജോലി, സാമ്പത്തിക നില, കുട്ടികളുടെ ഭാവി എന്നിവയെക്കുറിച്ചുള്ള ഭയംകൊണ്ട് അതു കൂടുതൽ തീക്ഷ്ണമായിത്തീരുന്നു.

51. മയക്കുമരുന്നിന്റെ ഉപയോഗവും നമ്മുടെ കാലഘട്ടത്തിലെ ചമ്മട്ടിയടികളിൽ ഒന്നായി സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. അത് അളവറ്റ സഹനത്തിനും അനേകം കുടുംബങ്ങളുടെ തകർച്ചയ്ക്കും കാരണമാകുന്നു. മദ്യാസക്തി, ചൂതുകളി മുതലായ മറ്റ് ആസക്തികളെ സംബന്ധിച്ചും ഇതു ശരിയാണ്. ഇവയെല്ലാം തടയുകയും കീഴടക്കുകയും ചെയ്യുന്ന സ്ഥാനമായിരിക്കേണ്ടതാണ് കുടുംബം. എന്നാൽ കുടുംബങ്ങൾ അപകടസ്ഥിതിയിലാണെന്നു കാണുന്നതിൽ സമൂഹവും രാഷ്ട്രീയവും പരാജയപ്പെടുന്നു. 'കുടുംബങ്ങൾക്ക് അവയുടെ അംഗങ്ങളെ സഹായിക്കുന്നതിനുവേണ്ട ശക്തി നഷ്ടപ്പെടുന്നു. ഈ തകർച്ചയുടെ ഗൗരവപൂർണമായ അനന്തരഫലങ്ങൾ നാം കുടുംബങ്ങളിൽ കാണുന്നു. അവ തകർക്കപ്പെട്ടിരിക്കുന്നു. യുവജനം പറിച്ചെറിയപ്പെട്ടിരിക്കുന്നു. വൃദ്ധജനം പരിത്യക്തരായിരിക്കുന്നു. ജീവിച്ചിരിക്കുന്ന മാതാപിതാക്കളുള്ള മക്കൾ അനാഥരായി മാറിയിരിക്കുന്നു. കൗമാരപ്രായക്കാരും ചെറുപ്പക്കാരും ആശയക്കുഴപ്പത്തിലായിരിക്കുന്നു. അവർ പിന്തുണയില്ലാത്തവരായിരിക്കുന്നു.'[38] മെക്സിക്കോയിലെ മെത്രാന്മാർ ചൂണ്ടിക്കാണിച്ചതുപോലെ കുടുംബത്തിലെ അക്രമം സാമൂഹിക അക്രമത്തിന്റെ പുതിയ രൂപങ്ങളെ ജനിപ്പിക്കുന്നു. കാരണം 'അക്രമവാസനയുള്ള വ്യക്തിത്വത്തിലേക്കുള്ള പ്രവണതയെയും കുടുംബബന്ധങ്ങൾക്കു വിശദീകരിക്കാനാവും. ആശയവിനിമയമില്ലായ്മ, സ്വയം ന്യായീകരണ മനോഭാവങ്ങളുടെ പ്രാമാണ്യം, പരസ്പരം പിന്തുണയ്ക്കാത്ത അംഗങ്ങൾ, ഭാഗഭാഗിത്വത്തെ പ്രോത്സാഹിപ്പിക്കുന്ന കുടുംബപ്രവർത്തനങ്ങളുടെ അഭാവം, മാതാപിതാക്കളുമായുള്ള ബന്ധം മിക്കപ്പോഴും സംഘർഷാത്മകവും സംഘട്ടനാത്മകവും ആയിരിക്കൽ, മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധങ്ങളിൽ ശത്രുത എന്നിവയുള്ള കുടുംബങ്ങളിലാണ് മിക്കപ്പോഴും ഇത് സംഭവിക്കുന്നത്. ഏറ്റവും അടിസ്ഥാനപരമായ മാനുഷിക ബന്ധങ്ങളിൽ എതിർപ്പിന്റെയും ശത്രുതയുടെയും വിളനിലമാണ് കുടുംബത്തിലെ അക്രമം.[39]

52. വിവാഹത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള സ്വാഭാവികമായ സമൂഹമെന്ന നിലയിലുള്ള കുടുംബത്തെ ദുർബലപ്പെടുത്തുന്നത് സമൂഹത്തിനു മുഴുവനും ഉപകാരം ചെയ്യുമെന്ന് ആർക്കും ചിന്തിക്കാൻ സാധ്യമല്ല. അതിനു വിപരീതമായിട്ടുള്ളതാണ് സത്യം. കുടുംബത്തെ ദുർബലപ്പെടുത്തൽ വ്യക്തികളുടെ പക്വതയിലേക്കുള്ള വളർച്ച, സമൂഹമൂല്യങ്ങളുടെ പോഷണം, നഗരങ്ങളുടെയും രാജ്യങ്ങളുടെയും ധാർമ്മിക പുരോഗതി എന്നിവയ്ക്കു ഭീഷണിയായിത്തീരും. ഒരു വസ്തുത മനസ്സിലാക്കുന്നതിൽ പരാജയപ്പെടുന്നു. സ്ത്രീയും പുരുഷനും തമ്മിലുള്ള പരവർജനീയവും

അലംഘ്യവുമായ ഐക്യത്തിനു മാത്രമേ സമൂഹത്തിൽ പുതിയ ജീവനിൽ ഫലം വഹിക്കുന്ന സ്ഥിര സമർപ്പണമെന്ന നിലയിൽ പൂർണമായ പങ്കു സമൂഹത്തിൽ നിർവഹിക്കാനാവുകയുള്ളു എന്നതാണ് ആ വസ്തുത. കുറേയെല്ലാം സ്ഥിരത നല്കാൻ കഴിയുന്ന ധാരാളം വ്യത്യസ്ത കുടുംബസാഹചര്യങ്ങളുണ്ടെന്നു നാം അംഗീകരിക്കണം. എന്നാൽ യഥാർത്ഥത്തിൽ എല്ലാം, ഉദാഹരണമായി ഒരേ ലിംഗത്തിൽപെട്ടവർ തമ്മിലുള്ള ഐക്യത്തെ വിവാഹത്തിനു തുല്യമായി കരുതാൻ സാധ്യമല്ല. താത്കാലികമോ ജീവന്റെ പകരൽ നിരോധിച്ചിട്ടുള്ളതോ ആയ ഒരു ഐക്യത്തിനും സമൂഹത്തിന്റെ ഭാവിയെ ഉറപ്പുവരുത്താനാവുകയില്ല. എന്നാൽ ഇക്കാലത്ത്, വിവാഹങ്ങളെ ശക്തിപ്പെടുത്താൻ ആരാണ് പരിശ്രമം നടത്തുന്നത്? വിവാഹിതർക്ക് അവരുടെ പ്രശ്നങ്ങൾ കീഴടക്കാൻ ആരാണ് സഹായിക്കുന്നത്? കുട്ടികളെ വളർത്തുകയെന്ന ജോലിയിൽ അവർക്കു സഹായം ചെയ്യുവാൻ ആരുണ്ട്? പൊതുവേ, വിവാഹബന്ധത്തിന്റെ സ്ഥിരതയെ പ്രോത്സാഹിപ്പിക്കുന്നവർ ഉണ്ടോ?

53. 'ചില സമൂഹങ്ങൾ ഇപ്പോഴും ബഹുഭാര്യാത്വം നിലനിറുത്തുന്നു. മറ്റു ചില സ്ഥലങ്ങളിൽ ഏർപ്പാടു ചെയ്യപ്പെടുന്ന വിവാഹങ്ങൾ ദീർഘനാൾ കൊണ്ടു നടക്കുന്ന ആചാരമാണ്. പാശ്ചാത്യരാജ്യങ്ങളിൽ മാത്രമല്ല മറ്റു പല സ്ഥലങ്ങളിലും വിവാഹത്തിനുമുമ്പ് ഒന്നിച്ചു താമസിക്കുന്ന സ്ഥിതി വ്യാപകമായിട്ടുണ്ട്. വിവാഹം ചെയ്യാനുള്ള യാതൊരു ഉദ്ദേശ്യവുമില്ലാതെ സഹവസിക്കുന്ന രീതിയും വ്യാപകമായിരിക്കുന്നു.'[40] വിവിധ രാഷ്ട്രങ്ങളിൽ നിയമനിർമ്മാണം വിവാഹത്തിനു പകരമായിട്ടുള്ള പലതിന്റെയും വളർച്ച എളുപ്പമുള്ളതാക്കിയിരിക്കുന്നു. അതിന്റെ ഫലമായി, പരവർജനീയത, അലംഘ്യത, ജീവനോടുള്ള തുറവ് എന്നീ സവിശേഷതകളുള്ള വിവാഹം പഴയ രീതിയിലുള്ളതും കാലഹരണപ്പെട്ടതുമായ ഒരു തിരഞ്ഞെടുപ്പായി കാണപ്പെടുന്നു. പല രാഷ്ട്രങ്ങളും കുടുംബത്തിന്റെ നിയമപരമായ പൊളിച്ചുകളയലിനു സാക്ഷ്യം വഹിക്കുന്നു. വ്യക്തിയുടെ ഇഷ്ടത്തിന്റെ സ്വയം ചാലകത്വത്തിൽ മാത്രം അടിസ്ഥാനപ്പെടുത്തിയിട്ടുള്ള മോഡലുകൾ സ്വീകരിക്കാൻ പ്രവണത കാണിച്ചുകൊണ്ട് അങ്ങനെ ചെയ്യുന്നു. തീർച്ചയായും സ്വേച്ഛാധിപത്യവും-അക്രമംപോലും ഉണ്ടായിരുന്ന പരമ്പരാഗത കുടുംബത്തിന്റെ പഴയ രൂപങ്ങളെ തള്ളിക്കളയുകയെന്നത് നിയമാനുസതവും നീതിയുക്തവുമാണ്. പക്ഷേ, അത് വിവാഹത്തിന്റെ തന്നെ തരം താഴ്ത്തലിലേക്കു നയിക്കരുത്. മറിച്ച് അതിന്റെ യഥാർത്ഥമായ അർത്ഥവും നവീകരണവും വീണ്ടും കണ്ടെത്താൻ സഹായിക്കണം. കുടുംബത്തിന്റെ ശക്തി 'നിലനില്ക്കുന്നത് സ്നേഹിക്കാനും എങ്ങനെ സ്നേഹിക്കാമെന്നു പഠിപ്പിക്കാനുമുള്ള കഴിവിലാണ്. കുടുംബത്തിന് എന്തെല്ലാം പ്രശ്നങ്ങൾ ഉണ്ടായാലും സ്നേഹത്തിൽ തുടങ്ങി എപ്പോഴും വളരാൻ കഴിയും.'[41]



54. ഈ സംക്ഷിപ്ത നിരീക്ഷണത്തിൽ ഒരു വസ്തുത ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സ്ത്രീകളുടെ അവകാശങ്ങളുടെയും പൊതുജീവിതത്തിലുള്ള അവരുടെ ഭാഗഭാഗിത്വത്തെയും അംഗീകരിക്കുന്നതിൽ ശ്രദ്ധേയമായ മുന്നേറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ചില രാഷ്ട്രങ്ങളിൽ ഈ അവകാശങ്ങളെ വളർത്തുന്നതിനു ഇനിയും ഏറെ ചെയ്യാനുണ്ട് എന്നതാണ് ആ വസ്തുത. അസ്വീകാര്യമായ ആചാരങ്ങൾ ഇനിയും ഇല്ലാതാക്കേണ്ടതുണ്ട്. ഞാൻ പ്രത്യേകമായി ചിന്തിക്കുന്നത് സ്ത്രീകളോടുള്ള ലജ്ജാകരമായ ദുഷിച്ച പെരുമാറ്റം അക്രമം, വിവിധതരത്തിലുള്ള അടിമത്തം എന്നിവയാണ്. അവയെല്ലാം പുരുഷശക്തിയുടെ ഒരു പ്രകടനത്തേക്കാളുപരി, ഭീരുത്വത്തിന്റെ പ്രവൃത്തികളാണ്. ചില വിവാഹങ്ങളിൽ വാചികവും ശാരീരികവും ലൈംഗികവുമായ അക്രമം സ്ത്രീകൾ സഹിക്കുന്നു. അത് ദാമ്പത്യബന്ധത്തിന്റെ സ്വഭാവത്തിനു തന്നെ എതിരാണ്. ചില രാഷ്ട്രങ്ങളിൽ സ്ത്രീകളുടെ ജനനേന്ദ്രിയങ്ങളെ വിഛേദിക്കുകയെന്ന നിന്ദ്യമായ പ്രവൃത്തിയെപ്പറ്റി ഞാൻ ചിന്തിക്കുന്നു. മാത്രമല്ല, അവർക്ക് പുരുഷന്മാരോടൊപ്പം മഹത്ത്വമുള്ള ജോലിയിൽ പ്രവേശിക്കാനോ തീരുമാനങ്ങളെടുക്കുന്നതിൽ പങ്കുചേരാനോ കഴിയുന്നുമില്ല. സ്ത്രീകളെ തരംതാണവരായി കരുതിയിരുന്ന കുലപതി ഭരണസമ്പ്രദായമുള്ള സംസ്കാരങ്ങളുടെ ആധിക്യംകൊണ്ട് ചരിത്രം ഭാരപ്പെട്ടിരിക്കുന്നു. എന്നാലും നമ്മുടെ കാലഘട്ടത്തിൽ പകരക്കാരായ അമ്മമാരെ ഉപയോഗിക്കുന്നുവെന്നതും 'ഇന്നത്തെ മാധ്യമ സംസ്കാരത്തിൽ സ്ത്രീകളുടെ ശരീരത്തെ ചൂഷണം ചെയ്യുകയും കച്ചവടച്ചരക്കായി കരുതുകയും ചെയ്യുന്നു'[42] വെന്നതും അവഗണിക്കാനാവുകയില്ല. ഇന്നത്തെ പല പ്രശ്നങ്ങളും ഉണ്ടായത് സ്ത്രീവിമോചനം മൂലമാണെന്നു വിശ്വസിക്കുന്നവരുണ്ട്. ഈ വാദമുഖം സാധുവായതല്ല. 'അത് തെറ്റാണ്, അസത്യമാണ്, പുരുഷന്മാരുടെ അഭിമാനഗർവിന്റെ ഒരു രൂപമാണ്.'[43] സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമഹത്ത്വമുണ്ടായിരിക്കുന്നത് നമ്മെ സന്തോഷിപ്പിക്കുന്നു. വിവേചനത്തിന്റെ പഴയ രൂപങ്ങൾ അപ്രത്യക്ഷമാകുന്നത് കാണുന്നതിലും കുടുംബങ്ങളിൽ പാരസ്പര്യം വളരുന്നതിലും നമുക്കു സന്തോഷമുണ്ട്. അപര്യാപ്തമായി നാം കരുതേണ്ട ഫെമിനിസത്തിന്റെ ചില രൂപങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാലും സ്ത്രീകളുടെ പ്രസ്ഥാനങ്ങളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം കാണണം. സ്ത്രീകളുടെ മഹത്ത്വവും അവകാശങ്ങളും കൂടുതൽ വ്യക്തമായി അംഗീകരിക്കപ്പെടുന്നതിനുവേണ്ടിത്തന്നെ.

55. പുരുഷന്മാർ 'കുടുംബജീവിതത്തിൽ തുല്യതോതിൽ നിർണായകമായ പങ്കുവഹിക്കുന്നുണ്ട്. പ്രത്യേകിച്ച്, തങ്ങളുടെ ഭാര്യമാരുടെയും കുട്ടികളുടെയും സംരക്ഷണം, പിന്തുണ എന്നീ കാര്യങ്ങളിൽ...കുടുംബത്തിൽ തങ്ങൾക്കുള്ള പങ്കിന്റെ പ്രാധാന്യത്തെപ്പറ്റി അനേകം പുരുഷന്മാർക്ക് ബോധമുണ്ട്. അതനുസരിച്ച് തങ്ങളുടെ പുരുഷത്വം അവർ ജീവിക്കുന്നു.


പിതാവിന്റെ അഭാവം കുടുംബജീവിതത്തെ ഗൗരവപൂർണമായ തോതിൽ ബാധിക്കുന്നുണ്ട്. കുട്ടികളെ വളർത്തുന്നതിലും അവരെ സമൂഹവുമായി ഉദ്ഗ്രഥിക്കുന്നതിലും അങ്ങനെ തന്നെയാണ്. ഈ അഭാവം - അത് ശാരീരികമോ വൈകാരികമോ മാനസികമോ ആധ്യാത്മികമോ ആകാം - കുട്ടികളിൽ അനുയോജ്യനായ പിതാവിന്റെ ചിത്രം ഇല്ലാതാക്കുന്നു.'[44]

56. ലിംഗസംബന്ധമായ ഒരു പ്രത്യയശാസ്ത്രത്തിന്റെ വിവിധരൂപങ്ങൾ മറ്റൊരു വെല്ലുവിളി ഉയർത്തുന്നുണ്ട്. അത് 'സ്ത്രീയുടെയും പുരുഷന്റെയും പ്രകൃതിയിലുള്ള വ്യത്യാസവും പാരസ്പര്യവും നിഷേധിക്കുന്നു. ലൈംഗിക വ്യത്യാസങ്ങളില്ലാത്ത ഒരു സമൂഹത്തെ മനസ്സിൽ ചിത്രീകരിക്കുകയും ചെയ്യുന്നു. അങ്ങനെ കുടുംബത്തിന്റെ നരവംശശാസ്ത്രപരമായ അടിസ്ഥാനത്തെ നീക്കിക്കളയാൻ ശ്രമിക്കുന്നു. ഈ പ്രത്യയശാസ്ത്രം വിദ്യാഭ്യാസപരമായ പരിപാടികളിലേക്കും നിയമനിർമ്മാണത്തിലേക്കും നയിക്കുന്നു. അവയാകട്ടെ സ്ത്രീയും പുരുഷനും തമ്മിലുള്ള ജീവശാസ്ത്രപരമായ വ്യത്യാസങ്ങളിൽ വേർതിരിച്ച് വ്യക്തിപരമായ തനിമയും വൈകാരിക അടുപ്പവും പ്രോത്സാഹിപ്പിക്കുന്നു. തത്ഫലമായി മാനുഷിക തനിമ വ്യക്തി തിരഞ്ഞെടുക്കുന്ന ഒന്നായിത്തീരുന്നു. അത് പിന്നീട് മാറ്റാവുന്നതുമായിത്തീരുന്നു.'[45] ഇത്തരത്തിലുള്ള ചില പ്രത്യയശാസ്ത്രങ്ങൾ ചിലപ്പോൾ മനസ്സിലാക്കാവുന്ന ആഗ്രഹങ്ങളോടു പ്രത്യുത്തരിക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ അവ ഉത്കണ്ഠയുടെ ഉറവിടമായിത്തീരുന്നു. അവ കേവലവും ചോദ്യം ചെയ്യപ്പെടാനാവാത്തതും എങ്ങനെ കുട്ടികളെ വളർത്തണമെന്നു കല്പിക്കുകപോലും ചെയ്യുന്നതും ആയിരിക്കുന്നതുകൊണ്ടുതന്നെ. 'ജീവശാസ്ത്രപരമായ ലൈംഗികതയും ലൈംഗികതയുടെ (സ്ത്രീപുരുഷവ്യത്യാസം) സാമൂഹിക-സാംസ്കാരിക പങ്കും വേർതിരിച്ചറിയാം. പക്ഷേ, അവയെ വിഭജിക്കാൻ പാടില്ല'[46] എന്ന കാര്യം ഊന്നിപ്പറയേണ്ടതാണ്. മറുവശത്ത്, 'മാനുഷിക പ്രജനനത്തിന്റെ മണ്ഡലത്തിൽ സാങ്കേതിക വിദ്യാപരമായ വിപ്ലവം പ്രജനനപ്രക്രിയയെ ദുരുപയോഗിക്കാനുള്ള കഴിവു നല്കിയിട്ടുണ്ട്. ജനനപ്രക്രിയയെ സ്ത്രീയും പുരുഷനും തമ്മിലുള്ള ലൈംഗികബന്ധത്തിൽ നിന്നു സ്വതന്ത്രമാക്കിക്കൊണ്ടാണ് അങ്ങനെ ചെയ്തത്. ഇങ്ങനെ മനുഷ്യജീവനും പിതൃത്വവും ക്രമം മാറ്റാവുന്നതും വിഭജിക്കാവുന്നതുമായ യാഥാർത്ഥ്യങ്ങളായിത്തീരുന്നു. പ്രധാനമായും വ്യക്തികളുടെ അഥവാ ദമ്പതികളുടെ ഇഷ്ടത്തിനു വിധേയമായി അപ്രകാരം ചെയ്യാവുന്നതായിത്തീരുന്നു.'[47] മനുഷ്യന്റെ ദൗർബല്യവും ജീവിതസങ്കീർണതകളും മനസിലാക്കുകയെന്നത് ഒരു കാര്യം, ഒരു യാഥാർത്ഥ്യത്തിന്റെ അവിഭാജ്യമായ വശങ്ങളെ വിഭജിക്കാൻ ശ്രമിക്കുന്ന പ്രത്യയശാസ്ത്രങ്ങളെ സ്വീകരിക്കുകയെന്നത് മറ്റൊരു കാര്യം. സ്രഷ്ടാവിനുപകരക്കാരനെ വയ്ക്കാൻ ശ്രമിക്കുകയെന്ന പാപത്തിൽ നമുക്കു വീഴാതിരിക്കാം. നമ്മൾ സൃഷ്ടികളാണ്. സർവശക്തരല്ല. സൃഷ്ടി നമുക്കു മുമ്പേ



നടന്നു. അത് ഒരു ദാനമായി നാം സ്വീകരിക്കണം. അതേ സമയം നമ്മുടെ മനുഷ്യത്വത്തെ സംരക്ഷിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഒന്നാമതായി ഇതിന്റെ അർത്ഥം അത് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതുപോലെ കണ്ട് സ്വീകരിക്കുകയും ആദരിക്കുകയും ചെയ്യുകയെന്നതാണ്.

57. തങ്ങളെത്തന്നെ പൂർണരായി കരുതാത്ത അനേകം കുടുംബങ്ങൾ സ്നേഹത്തിൽ ജീവിക്കുകയും അവരുടെ വിളി നിറവേറ്റുകയും വഴിയിൽ പലപ്പോഴും വീണാലും മുന്നേറുകയും ചെയ്യുന്നു. ഇതിനു ഞാൻ ദൈവത്തോടു നന്ദി പറയുന്നു. ആദർശപരമായ കുടുംബത്തിന്റെ സ്റ്റീരിയോ ടൈപ്പ് ഇല്ലെന്ന് സൂനഹദോസിന്റെ വിചിന്തനങ്ങൾ നമുക്കു കാണിച്ചുതരുന്നു. എന്നാൽ അനേകം വ്യത്യസ്ത യാഥാർത്ഥ്യങ്ങൾകൊണ്ടു നിർമ്മിച്ച സന്തോഷവും പ്രത്യാശയും പ്രശ്നങ്ങളും ഉള്ള വെല്ലുവിളിക്കുന്ന മൊസൈക്ക് നമുക്കു കാണിച്ചുതരുന്നു. നമ്മെ സംബന്ധിച്ചുള്ള സാഹചര്യങ്ങൾ വെല്ലുവിളികളാണ്. നമ്മൾ ശോകപൂർണമായ വിലാപങ്ങളിൽ കുടുങ്ങി സമയം നഷ്ടപ്പെടുത്തരുത്. പിന്നെയോ പ്രേഷിതത്വ സർഗാത്മകതയുടെ പുതിയ രൂപങ്ങൾ അന്വേഷിക്കണം. ഓരോ സാഹചര്യത്തിലും 'സത്യത്തിന്റെയും പ്രത്യാശയുടെയും ഒരു വാക്കു പറയുക ആവശ്യമാണെന്ന ബോധം സഭയ്ക്കുണ്ട്. വിവാഹത്തിന്റെയും ക്രൈസ്തവകുടുംബത്തിന്റെയും മഹത്തായ മൂല്യങ്ങൾ മനുഷ്യാസ്തിത്വത്തിന്റേതായ, സാരാംശപരമായ, ആഗ്രഹമാണ്.'[48] നാം എത്രമാത്രം പ്രശ്നങ്ങൾ കണ്ടാലും, കൊളംബിയായിലെ മെത്രാന്മാർ പറഞ്ഞതുപോലെ ആയിരിക്കണം അവ; 'നമ്മുടെ പ്രത്യാശയെ പുനരുജ്ജീവിക്കാനും അതിനെ പ്രവചനപരമായ ദർശനങ്ങളുടെ ഉറവിടമാക്കാനും പരിവർത്തനാത്മകമായ പ്രവൃത്തികൾ ചെയ്യാനും പരസ്നേഹത്തിന്റെ സർഗാത്മകരൂപങ്ങളാക്കാനുമുള്ള വിളി.'[49]



*നസ്രത്തിലെ തിരുക്കുടുംബം ജീവിച്ച സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും ഉടമ്പടിയാണ് ഓരോ കുടുംബത്തിനും രൂപം നല്കുകയും ജീവിതത്തിന്റെയും ചരിത്രത്തിന്റെയും കഷ്ടപ്പാടുകളെ കൂടുതൽ നന്നായി നേരിടാൻ ശക്തിപ്പെടുത്തുകയും ചെയ്യുന്ന അടിസ്ഥാന തത്ത്വത്തെ പ്രകാശിപ്പിക്കുന്നത്. ഈ അടിസ്ഥാനത്തിൽ, ഓരോ കുടുംബത്തിനും - അതിനു ദൗർബല്യങ്ങളുണ്ടെങ്കിലും - ലോകത്തിന്റെ അന്ധകാരത്തിൽ ഒരു പ്രകാശമായിരിക്കാൻ കഴിയും*

## അധ്യായം മൂന്ന്

# യേശു ധ്യാനം: കുടുംബത്തിന്റെ വിളി

58. കുടുംബങ്ങളിലും കുടുംബങ്ങൾക്കിടയിലും സുവിശേഷസന്ദേശം എപ്പോഴും പ്രതിധ്വനിക്കണം. ആ സന്ദേശത്തിന്റെ കേന്ദ്രമായിട്ടുള്ള കെരിഗ്മ 'അതിസുന്ദരവും വിശിഷ്ടതരവും അത്യാകർഷകവും ഏറ്റവും ആവശ്യമുള്ളതുമാണ്.'[50] ഈ സന്ദേശം 'എല്ലാ സുവിശേഷപ്രവർത്തനങ്ങളുടെയും കാതലായി നിലകൊള്ളണം.'[51] അത് പ്രഥമവും സുപ്രധാനവുമായ പ്രഘോഷണമാണ്. നാം 'അത് വിവിധരീതികളിൽ വീണ്ടും വീണ്ടും കേൾക്കുകയും. ഏതെങ്കിലും ഒരു രൂപത്തിൽ നാം എപ്പോഴും പ്രഘോഷിക്കുകയും ചെയ്യേണ്ടതാണ്.'[52] യഥാർത്ഥത്തിൽ മറ്റുള്ള യാതൊന്നും ആ സന്ദേശത്തെക്കാൾ ദൃഢവും അഗാധവും സുരക്ഷിതവും അർത്ഥപൂർണവും ജ്ഞാനപൂർവകവുമല്ല. ഫലത്തിൽ 'എല്ലാ ക്രൈസ്തവ പരിശീലനവും കെരിഗ്മയിലേക്ക് കൂടുതൽ ആഴത്തിൽ പ്രവേശിക്കുക എന്നതാണ്.'[53]

59. വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ച നമ്മുടെ പ്രബോധനം സ്നേഹത്തിന്റേതും വാത്സല്യത്തിന്റേതുമായ ഈ സന്ദേശത്താൽ പ്രചോദിതവും പരിവർത്തിതവുമാകാതിരിക്കാൻ സാധ്യമല്ല. അല്ലെങ്കിൽ അത് ശുഷ്കവും നിർജീവവുമായ ഒരു സിദ്ധാന്തത്തിന്റെ ന്യായീകരണമെന്നതിനുപരി മറ്റൊന്നും ആവുകയില്ല. ക്രൈസ്തവ കുടുംബമെന്ന രഹസ്യം പൂർണമായി മനസ്സിലാക്കാൻ കഴിയുന്നത് നമുക്കായി സ്വയം ബലിയർപ്പിക്കുകയും നമ്മുടെയിടയിൽ നിത്യം വസിക്കുകയും ചെയ്യുന്ന ക്രിസ്തുവിൽ വെളിവാക്കപ്പെട്ട ദൈവപിതാവിന്റെ അനന്തസ്നേഹത്തിന്റെ വെളിച്ചത്തിൽ മാത്രമാണ്. ധാരാളം പ്രണയകഥകളുടെ കേന്ദ്രബിന്ദുവായ ക്രിസ്തുവിലേക്ക് എന്റെ ദൃഷ്ടി തിരിക്കാൻ ഞാൻ ആഗ്രഹിക്കുകയും ലോകത്തിലെ സകല കുടുംബങ്ങളുടെയും മേൽ പരിശുദ്ധാത്മാവിന്റെ അഗ്നി ജ്വലിക്കാൻ ഞാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

60. അങ്ങനെ, ഈ ചെറിയ അധ്യായത്തിൽ വിവാഹത്തെയും കുടുംബത്തെയും കുറിച്ചുള്ള സഭയുടെ പ്രബോധനത്തെ സംഗ്രഹിച്ചിരിക്കുന്നു. ഇവിടെ നമ്മുടെ വിശ്വാസം നല്കുന്ന പ്രകാശത്തെപ്പറ്റി സിനഡു പിതാക്കന്മാർ പറഞ്ഞത് ഞാൻ സൂചിപ്പിക്കട്ടെ. അവർ യേശു ധ്യാനത്തെപ്പറ്റി പറഞ്ഞുകൊണ്ടാണു തുടങ്ങിയത്. അവിടന്ന് 'സ്നേഹത്തോടും വാത്സല്യത്തോടും കൂടി കണ്ടുമുട്ടിയ സ്ത്രീപുരുഷന്മാരെ എങ്ങനെ നോക്കിക്കണ്ടു'വെന്നും ദൈവരാജ്യത്തിനായുള്ള യോഗ്യതകളെ അവിടന്ന്

പ്രഘോഷിച്ചപ്പോൾ സത്യത്തിലും ക്ഷമാശീലത്തിലും കാരുണ്യത്തിലും അവരെ സഹഗമിച്ചത് എങ്ങനെയെന്നും' അവർ വിവരിക്കുന്നു.[54] കുടുംബത്തിന്റെ സുവിശേഷം ജീവിതത്തിൽ പകർത്താനും പകർന്നു നല്കാനും നമ്മൾ പരിശ്രമിക്കുമ്പോൾ കർത്താവ് നമ്മോടുകൂടെയുണ്ട്.

## യേശു ദൈവത്തിന്റെ പദ്ധതി പുനഃസ്ഥാപിക്കുകയും പൂർത്തീകരിക്കുകയും ചെയ്യുന്നു

61. വിവാഹത്തെ തിന്മയായി കണ്ടു തള്ളിക്കളഞ്ഞവർക്കെതിരേ പുതിയ നിയമം ഇങ്ങനെ പഠിപ്പിക്കുന്നു:' 'ദൈവം സൃഷ്ടിച്ചതെല്ലാം നല്ലതാണ്. ഒന്നും പരിത്യജിക്കേണ്ടതല്ല' (1 തിമോ 4:4). വിവാഹം ദൈവത്തിൽ നിന്നുള്ള ഒരു 'ദാന'മാണ് (1 കോറി 7:7). അതേസമയം, ഭാവാത്മകമായ ഈ ധാരണകൊണ്ടു തന്നെ, പുതിയ നിയമം ഈ ദൈവദാനത്തെ പരിരക്ഷിക്കുന്നതിന്റെ ആവശ്യകതയെ ശക്തിയുക്തം ഊന്നിപ്പറയുന്നു: 'എല്ലാവരുടെയും ഇടയിൽ വിവാഹം മാന്യമായി കരുതപ്പെടണം. വിവാഹശയ്യ മലിനമാക്കപ്പെടാതിരിക്കട്ടെ' (ഹെബ്രാ 13:4). ഈ ദൈവികദാനത്തിൽ ലൈംഗികത ഉൾക്കൊള്ളുന്നുണ്ട്: 'പരസ്പരം നിഷേധിക്കരുത്' (1 കോറി 7:5).

62. സഭാപിതാക്കന്മാർ ഇങ്ങനെ നിരീക്ഷിച്ചു: 'യേശു സ്ത്രീയെയും പുരുഷനെയും സംബന്ധിച്ച ആദിമ ദൈവികപദ്ധതിയെപ്പറ്റി പറഞ്ഞപ്പോൾ അവർ തമ്മിലുള്ള അലംഘ്യമായ ഐക്യത്തെ ഉറപ്പിച്ചു പറഞ്ഞുകൊണ്ട് ഇങ്ങനെ പ്രസ്താവിക്കുകപോലും ചെയ്തു: 'നിങ്ങളുടെ ഹൃദയകാഠിന്യം മൂലമാണ് നിങ്ങളുടെ ഭാര്യമാരെ ഉപേക്ഷിക്കാൻ മോശ നിങ്ങളെ അനുവദിച്ചത്. എന്നാൽ ആദിമുതൽ അങ്ങനെ ആയിരുന്നില്ല (മത്താ 19:8). വിവാഹത്തിന്റെ അലംഘനീയത - 'ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ' (മത്താ 19:6) എന്നത്-മനുഷ്യവംശത്തിൻമേൽ വച്ച ഒരു നുകമായി കാണരുത്. പിന്നെയോ വിവാഹത്തിൽ ഒന്നിച്ചവർക്കു നല്കപ്പെട്ട 'ദാന'മായി കാണണം... ദൈവത്തിന്റെ കരുണാപൂർണമായ സ്നേഹം എപ്പോഴും നമ്മുടെ മാനുഷിക യാത്രയോടുകൂടിയുണ്ട്. കൃപാവരത്തിലൂടെ കഠിനപ്പെട്ട ഹൃദയങ്ങളെ സുഖപ്പെടുത്തിയും രൂപാന്തരപ്പെടുത്തിയും കുരിശിന്റെ വഴിയിലൂടെ ആരംഭത്തിലേക്ക് അവരെ തിരികെ നയിച്ചു. ദൈവത്തിന്റെ ആദിമപദ്ധതിയെ പുനഃസ്ഥാപിക്കുന്ന വെളിപാടിന്റെ പൂർണതയായി വിവാഹത്തിന്റെ അർത്ഥത്തെ പ്രഘോഷിച്ച ക്രിസ്തുവിന്റെ മാതൃക സുവിശേഷങ്ങൾ വ്യക്തമായി അവതരിപ്പിക്കുന്നുണ്ട് (cf മത്താ 19:3).'[55]

63. 'എല്ലാ കാര്യങ്ങളും തന്നിൽ അനുരഞ്ജിപ്പിച്ച യേശു വിവാഹത്തെയും കുടുംബത്തെയും അവയുടെ ആദിമരൂപത്തിൽ പുനഃസ്ഥാപിച്ചു (cf മത്താ 10:1-12). വിവാഹത്തെയും കുടുംബത്തെയും ക്രിസ്തു വീണ്ടുടു



ക്കുകയും (cf എഫേ 5:21-32) യഥാർത്ഥമായ എല്ലാ സ്നേഹവും പ്രവഹിക്കുന്ന രഹസ്യമായ പരിശുദ്ധ ത്രിത്വത്തിന്റെ സാദൃശ്യത്തിൽ പുനഃസ്ഥാപിക്കുകയും ചെയ്തു. സൃഷ്ടിയിൽ ഉദ്ഭവിച്ചതും രക്ഷാകരചരിത്രത്തിൽ വെളിവാക്കപ്പെട്ടതുമായ ദാമ്പത്യ ഉടമ്പടി ക്രിസ്തുവിലും അവിടത്തെ സഭയിലും പൂർണമായ അർത്ഥം കണ്ടെത്തുന്നു. ദൈവസ്നേഹത്തിനു സാക്ഷ്യം വഹിക്കാനും സംസർഗത്തിന്റെ ജീവിതം നയിക്കാനും അത്യാവശ്യമായ കൃപ യേശു തന്റെ സഭ വഴി വിവാഹത്തിൻമേലും കുടുംബത്തിൻമേലും ചൊരിയുന്നു. കുടുംബത്തിന്റെ സുവിശേഷം ലോകചരിത്രത്തിൽ ആകമാനം നിറഞ്ഞുനില്ക്കുന്നു. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ചതു മുതൽ (cf ഉത്പ1:26-27) കുഞ്ഞാടിന്റെ വിവാഹത്തോടെ കാലം അവസാനിക്കുമ്പോൾ ക്രിസ്തുവിലുള്ള ഉടമ്പടി രഹസ്യത്തിന്റെ പൂർത്തീകരണം വരെ (cf വെളി 19:9)[56]

64. 'യേശുവിന്റെ മാതൃക സഭയ്ക്കു ഒരു ഉത്തമ മാതൃകയാണ്. അവിടന്ന് തന്റെ പരസ്യശുശ്രൂഷ കാനായിലെ കല്യാണവിരുന്നിൽ ചെയ്ത അദ്ഭുതകൃത്യത്തോടെ തുടങ്ങുന്നു (cf യോഹ 2:1-11). ലാസറിന്റെയും അയാളുടെ സഹോദരിമാരുടെയും കുടുംബത്തിലും (cf ലൂക്കാ 10:38) പത്രോസിന്റെ കുടുംബത്തിലും (cf മർക്കോ 8:14) സൗഹൃദത്തിന്റെ അനുദിന നിമിഷങ്ങളിൽ അവിടന്നു പങ്കുചേർന്നു. വിലപിക്കുന്ന മാതാപിതാക്കളോട് അവിടന്ന് സഹതപിക്കുകയും അവരുടെ കുട്ടികൾക്ക് ജീവൻ നല്കുകയും ചെയ്തു (cf മർക്കോ 5:41; ലൂക്കാ 7;14-15). ഇങ്ങനെ അവിടന്ന് ആ കാരുണ്യം ഉടമ്പടിയുടെ പുനഃസ്ഥാപനത്തിന് അനിവാര്യമായ കാരുണ്യത്തിന്റെ യഥാർത്ഥമായ അർത്ഥം വ്യക്തമാക്കി. (cf ജോൺ പോൾ II, ദീവെസ് ഇൻ മിസെരിക്കോർദിയ,4). സമരിയാക്കാരിയുമായും (cf യോഹ 1:4-30) വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയുമായും (cf യോഹ 8:1-11) അവിടന്നു നടത്തിയ സംഭാഷണങ്ങളിൽ നിന്നു ഇതു വ്യക്തമാണ്. അവിടെ, യേശുവിന്റെ ഉദാരത നിറഞ്ഞ സ്നേഹത്തോടെയുള്ള കണ്ടുമുട്ടൽ വഴി പാപത്തെക്കുറിച്ചുള്ള ബോധം ഉണർത്തപ്പെട്ടു.'[57]

65. നസ്രത്തിലെ ഒരു മനുഷ്യ കുടുംബത്തിൽ സംഭവിച്ച ദിവ്യവചനത്തിന്റെ മനുഷ്യാവതാരം അതിന്റെ പുതുമകൊണ്ടു തന്നെ ലോകചരിത്രത്തെ വ്യത്യാസപ്പെടുത്തി. മാലാഖയുടെ സന്ദേശത്തോട് മറിയം, തന്റെ ഉദരത്തിൽ ദിവ്യവചനത്തെ ധരിച്ചപ്പോൾ പറഞ്ഞ 'അങ്ങനെയാകട്ടെ' എന്ന വാക്കിലേക്കും യേശുവിനു ഒരു പേരു നല്കുകയും മറിയത്തെ സംരക്ഷിക്കുകയും ചെയ്ത ജോസഫ് പറഞ്ഞ 'അങ്ങനെയാകട്ടെ' എന്ന വാക്കിലേക്കും ശ്രദ്ധയൂന്നി യേശുവിന്റെ ജനനത്തിന്റെ രഹസ്യത്തിലേക്കു നാം പ്രവേശിക്കണം. പുൽക്കൂടിനു മുമ്പിൽ നില്ക്കുന്ന ആട്ടിടയൻമാരുടെ സന്തോഷത്തെക്കുറിച്ചും പൂജരാജാക്കളുടെ ആരാധനയെക്കുറിച്ചും യേശു

തന്റെ ജനത്തിന്റെ വിപ്രവാസം, പീഡാസഹനം, അപമാനം എന്നിവയുടെ അനുഭവത്തിൽ പങ്കുചേർന്ന ഈജിപ്തിലേക്കുള്ള പലായനത്തെക്കുറിച്ചും നാം ധ്യാനിക്കണം. സഖറിയായുടെ മതാത്മക പ്രതീക്ഷയെയും യോഹന്നാൻ മാംദാനയുടെ ജനനസമയത്ത് അദ്ദേഹം അനുഭവിച്ച സന്തോഷത്തെയും ദേവാലയത്തിൽ ശിമെയണെയും അന്നയെയും അറിയിച്ച വാഗ്ദാന പൂർത്തീകരണത്തെയും ബാലനായ യേശുവിന്റെ വിജ്ഞാനം ശ്രവിച്ച പ്രബോധകരുടെ വിസ്മയത്തെയും കുറിച്ച് നാം ധ്യാനിക്കണം. പിന്നീട് നീണ്ട മുപ്പതുവർഷം യേശു നയിച്ച ജീവിതത്തിലേക്ക് നാം ഉറ്റുനോക്കണം. സ്വന്തം കൈകൾകൊണ്ട് അധ്വാനിച്ചു ജീവസന്ധാരണത്തിനുള്ളവ സമ്പാദിച്ചും തന്റെ ജനത്തിന്റെ പരമ്പരാഗത പ്രാർത്ഥനകളും ശൈലികളും ഉരുവിട്ടും പൂർവികരുടെ വിശ്വാസത്തെ, ദൈവരാജ്യ രഹസ്യത്തിൽ ഫലം പുറപ്പെടുവിക്കുന്നതുവരെ പഠിച്ചറിഞ്ഞു. ഇതാണു കുടുംബജീവിതത്തിന്റെ സൗന്ദര്യത്തെ പ്രവഹിപ്പിക്കുന്ന ക്രിസ്തുമസിന്റെ ദിവ്യരഹസ്യം; നസ്രത്തിന്റെ രഹസ്യവും ഇതുതന്നെ. ഇതാണ് ഫ്രാൻസിസ് അസ്സീസിയെയും ഉണ്ണിയീശോയുടെ തെരേസയെയും ചാൾസ് ഡി ഫൊക്കോൾഡിനെയും ഇത്രമാത്രം ആകർഷിച്ചതും ക്രൈസ്തവ കുടുംബങ്ങളെ പ്രത്യാശയും സന്തോഷവുംകൊണ്ട് നിറച്ചുകൊണ്ടിരിക്കുന്നതും.

66. 'നസ്രത്തിലെ തിരുക്കുടുംബം ജീവിച്ച സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും ഉടമ്പടിയാണ് ഓരോ കുടുംബത്തിനും രൂപം നല്കുകയും ജീവിതത്തിന്റെയും ചരിത്രത്തിന്റെയും കഷ്ടപ്പാടുകളെ കൂടുതൽ നന്നായി നേരിടാൻ ശക്തിപ്പെടുത്തുകയും ചെയ്യുന്ന അടിസ്ഥാന തത്ത്വത്തെ പ്രകാശിപ്പിക്കുന്നത്. ഈ അടിസ്ഥാനത്തിൽ, ഓരോ കുടുംബത്തിനും - അതിനു ദൗർബല്യങ്ങളുണ്ടെങ്കിലും - ലോകത്തിന്റെ അന്ധകാരത്തിൽ ഒരു പ്രകാശമായിരിക്കാൻ കഴിയും. 'കുടുംബജീവിതത്തിന്റെ അർത്ഥം, അതിന്റെ സ്നേഹപൂർണമായ ഐക്യം, അതിന്റെ ലളിതവും കർക്കശവുമായ സൗന്ദര്യം, അതിന്റെ വിശുദ്ധവും അലംഘ്യവുമായ സ്വഭാവം എന്നിവ നസ്രത്ത് നമ്മെ പഠിപ്പിക്കുന്നു. അതിന്റെ പരിശീലനം എത്ര മധുരപൂർണവും പകരം വയ്ക്കാനാവാത്തതുമാണെന്നും, സാമൂഹിക ക്രമത്തിൽ അതിന്റെ പങ്ക് എത്രമാത്രം മൗലികവും താരതമ്യാതീതവുമാണെന്നും അതു നമ്മെ പഠിപ്പിക്കട്ടെ' (പോൾ VI, നസ്രസിലെ പ്രഭാഷണം, 5 ജനുവരി 1964).'[58]

## കുടുംബം: സഭയുടെ പ്രമാണരേഖകളിൽ

67. രണ്ടാം വത്തിക്കാൻ കൗൺസിൽ, ഗാവുദിയും ഏത്ത് സ്പെസ് എന്ന അതിന്റെ അജപാലനപരമായ കോൺസ്റ്റിറ്റ്യൂഷനിൽ 'വിവാഹത്തിന്റെയും കുടുംബത്തിന്റെയും മഹത്ത്വം വളർത്താൻ താത്പര്യം കാണിച്ചിട്ടുണ്ട് (cf 47-52) സ്നേഹം കുടുംബത്തിന്റെ കേന്ദ്രബിന്ദുവാക്കികൊണ്ട് 'വിവാഹത്തെ



ജീവന്റെയും സ്നേഹത്തിന്റെയും (cf 48) സമൂഹമെന്നു ആ കോൺസ്റ്റിറ്റ്യൂഷനിൽ നിർവചിച്ചു. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള യഥാർത്ഥ സ്നേഹം (49) പര്സപരമുള്ള ആത്മദാനം അനിവാര്യമാക്കുകയും ലൈംഗികവും സ്നേഹപരവുമായ മാനങ്ങളെ ദൈവത്തിന്റെ പദ്ധതിയനുസരിച്ച് ഉൾക്കൊള്ളുകയും ഉദ്ഗ്രഥിക്കുകയും ചെയ്യുന്നു' (cf 48-49) എന്ന് പ്രസ്താവിച്ചു. ആ കൗൺസിലിന്റെ പ്രമാണരേഖ ഇങ്ങനെ ഊന്നിപറയുന്ന കാര്യങ്ങൾ ഇവയാണ്: 'ദമ്പതികളുടെ അടിസ്ഥാനം ക്രിസ്തുവിലാണ്, കർത്താവായ ക്രിസ്തു വിവാഹമെന്ന കൂദാശയിൽ ക്രൈസ്തവദമ്പതികൾക്ക് തന്നെത്തന്നെ സന്നിഹിതനാക്കുകയും (48) അവരോടൊപ്പം വസിക്കുകയും ചെയ്യുന്നു. മനുഷ്യാവതാരത്തിൽ അവിടന്നു മാനുഷിക സ്നേഹം സ്വീകരിക്കുകയും അതിനെ വിശുദ്ധീകരിക്കുകയും പൂർണതയിലെത്തിക്കുകയും ചെയ്തു. അവിടന്ന് തന്റെ പരിശുദ്ധാത്മാവു വഴി വിശ്വാസത്തിന്റേയും പ്രത്യാശയുടേയും സ്നേഹത്തിന്റേതുമായ അവരുടെ ജീവിതത്തിന്റെ ഓരോ അംശത്തിലും നിറഞ്ഞുകൊണ്ട് ആ സ്നേഹത്തിൽ ജീവിക്കാനുള്ള കഴിവ് ദമ്പതികൾക്കു നല്കുന്നു. ഇങ്ങനെ, ദമ്പതികൾ പവിത്രീകൃതരാവുകയും സവിശേഷകൃപയുടെ സഹായത്താൽ ക്രിസ്തുവിന്റെ ശരീരത്തെ പണിതുയർത്തുകയും ഗൃഹസഭയെ രൂപപ്പെടുത്തുകയും ചെയ്യുന്നു (cf ലൂമെൻ ജെൻസിയും, 11). സഭ തന്റെ രഹസ്യം പൂർണമായി ഗ്രഹിക്കുന്നതിനുവേണ്ടി സഭയെ യഥാർത്ഥ രീതിയിൽ വെളിപ്പെടുത്തുന്ന ക്രൈസ്തവ കുടുംബത്തിലേക്കു ഉറ്റുനേക്കുന്നു.'[59]

68. 'പോൾ ആറാമൻ മാർപാപ്പാ രണ്ടാംവത്തിക്കാൻ കൗൺസിൽ തുടങ്ങുന്നതിന് അല്പം മുമ്പ് വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ച സഭയുടെ പ്രബോധനത്തെ കൂടുതൽ വികസിപ്പിച്ചു. അദ്ദേഹം സവിശേഷമായ വിധത്തിൽ, *ഹുമാനേ വീത്തേ* എന്ന ചാക്രികലേഖനം കൊണ്ട് ദാമ്പത്യസ്നേഹവും ജന്മം കൊടുക്കലും തമ്മിലുള്ള ആന്തരികബന്ധത്തെ വ്യക്തമാക്കിയിട്ടുണ്ട് 'ഭാര്യയും ഭർത്താവും ഉത്തരവാദിത്വപൂർണമായ പിതൃത്വത്തിന്റെ കടമകളെപ്പറ്റി പൂർണമായി അറിഞ്ഞിരിക്കണമെന്ന് വിവാഹജീവിതത്തിലെ സ്നേഹം ആവശ്യപ്പെടുന്നു. ഇന്ന് അത് ശരിയായിത്തന്നെ ഊന്നിപ്പറയപ്പെടുന്നുണ്ടെങ്കിലും അത് കൃത്യമായി മനസ്സിലാക്കപ്പെടേണ്ടിയിരിക്കുന്നു ഭാര്യയും ഭർത്താവും മുൻഗണനകളുടെ ശരിയായ ക്രമം സൂക്ഷിച്ചുകൊണ്ട് ദൈവത്തോടും തങ്ങളോടുതന്നെയും തങ്ങളുടെ കുടുംബത്തോടും മനുഷ്യസ്നേഹത്തോടും തങ്ങൾക്കുള്ള കടമകൾ മനസ്സിലാക്കണമെന്ന്' (നമ്പർ 10) ഉത്തരവാദിത്വപൂർണമായ പിതൃത്വം ആവശ്യപ്പെടുന്നു. പോൾ 6-ാമൻ മാർപാപ്പാ എവാഞ്ചെലീ നൂൺസ്യാന്തി എന്ന അപ്പസ്തോലികാഹ്വാനത്തിൽ കുടുംബവും സഭയും തമ്മിലുള്ള ബന്ധത്തെ ഉയർത്തിക്കാണിച്ചിട്ടുണ്ട്.'[60]

69. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാനുഷികസ്നേഹത്തെക്കുറിച്ചുള്ള തന്റെ മതബോധന പ്രഭാഷണങ്ങളിലും ഗ്രാത്തീസീമും സാനേ എന്ന കുടുംബങ്ങൾക്കുള്ള എഴുത്തിലും പ്രത്യേകിച്ച്, ഫമിലിയാരിസ് കൊൺസോർസ്യോ എന്ന അപ്പസ്തോലികാഹ്വാനത്തിലും കുടുംബത്തിന്റെ കാര്യത്തിൽ സവിശേഷ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഈ പ്രമാണരേഖകളിൽ മാർപാപ്പാ കുടുംബത്തെ 'സഭയുടെ പാത' എന്നു നിർവചിച്ചു. സ്നേഹത്തിലേക്കു സ്ത്രീ പുരുഷന്മാർക്കുള്ള വിളിയുടെ ഒരു പൊതുദർശനം അദ്ദേഹം കാഴ്ചവച്ചു. കുടുംബത്തെ സംബന്ധിച്ച അജപാലനശുശ്രൂഷയ്ക്കും സമൂഹത്തിൽ കുടുംബത്തിനുള്ള പങ്കിനും മൗലിക മാർഗനിർദ്ദേശങ്ങൾ അദ്ദേഹം നല്കി. പ്രത്യേകമായി, ദാമ്പത്യ സ്നേഹത്തെ പ്രതിപാദിച്ചുകൊണ്ട് (cf നമ്പർ13) ദമ്പതികൾ അവരുടെ പരസ്പരസ്നേഹത്തിൽ എങ്ങനെ ക്രിസ്തുവിന്റെ പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നുവെന്നും വിശുദ്ധിയിലേക്കുള്ള അവരുടെ വിളി എങ്ങനെ ജീവിക്കുന്നുവെന്നും വിവരിച്ചു.'[61]

70. ബനഡിക്ട് 16-ാമൻ മാർപാപ്പാ ദേവൂസ് കാരിത്താസ് എസ്ത് എന്ന തന്റെ ചാക്രികലേഖനത്തിൽ, ക്രൂശിതനായ ക്രിസ്തുവിന്റെ സ്നേഹത്തിൽ മാത്രം പൂർണമായി പ്രകാശിക്കുന്ന സ്ത്രീപുരുഷസ്നേഹമെന്ന സത്യം എന്ന വിഷയത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു (cf നമ്പർ 2). പരവർജനീയവും സുനിശ്ചിതവുമായ സ്നേഹത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വിവാഹം ദൈവവും തന്റെ ജനവും തമ്മിലുള്ളതും മറിച്ചുള്ളതുമായ ബന്ധത്തിന്റെ ഐക്കൺ ആയിത്തീരുന്നുവെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. 'ദൈവത്തിന്റെ സ്നേഹമാർഗം മാനുഷിക സ്നേഹത്തിന്റെ അളവായിത്തീരുന്നു' (11). കൂടാതെ കാരിത്താസ് ഇൻ വേരിത്താത്തേ എന്ന ചാക്രികലേഖനത്തിൽ പൊതു നന്മയുടെ അനുഭവങ്ങളെക്കുറിച്ചും പഠനവേദിയായ സമൂഹജീവിതത്തിലെ ഒരുത്തമ തത്ത്വമെന്ന നിലയമുള്ള സ്നേഹത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടി (cf 44)

## വിവാഹമെന്ന കൂദാശ

71. കുടുംബത്തിന്റെ സവിശേഷതകളോടുകൂടി വെളിപ്പെടുത്തപ്പെട്ട ത്രിത്വത്തെ സംബന്ധിച്ച അറിവിലേക്ക് വിശുദ്ധ ലിഖിതങ്ങളും പാരമ്പര്യവും നമ്മെ നയിക്കുന്നു. വ്യക്തികളുടെ കൂട്ടായ്മയായ കുടുംബം ദൈവത്തിന്റെ പ്രതിഛായയാണ്. ക്രിസ്തുവിന്റെ മാമ്മോദീസ വേളയിൽ യേശുവിനെ തന്റെ പ്രിയ പുത്രനെന്നു വിളിക്കുന്ന പിതാവിന്റെ ശബ്ദം നാം കേട്ടു. അവിടത്തെ ഈ സ്നേഹത്തിൽ പരിശുദ്ധാത്മാവിനെ നമ്മൾ തിരിച്ചറിയുന്നു (cf മർക്കോ 1:10-11). എല്ലാം തന്നിൽ അനുരഞ്ജിപ്പിക്കുകയും നമ്മെ പാപത്തിൽ നിന്നു വീണ്ടെടുക്കുകയും ചെയ്ത യേശു വിവാഹത്തെയും കുടുംബത്തെയും അവയുടെ ആദിമരൂപത്തിലേക്കു തിരിച്ചുകൊണ്ടു



വരുക മാത്രമല്ല ചെയ്തത് പിന്നെയോ, ക്രിസ്തുവിനു സഭയോടുള്ള സ്നേഹത്തിന്റെ കൗദാശികാടയാളത്തിലേക്ക് ഉയർത്തുക കൂടി ചെയ്തു (cf മത്താ 19:1-12); മർക്കോ 10:1-12; എഫേ 5:21-32). ക്രിസ്തു ഒരുമിച്ചു കൂട്ടിയ മനുഷ്യ കുടുംബത്തിൽ പരിശുദ്ധ ത്രിത്വത്തിന്റെ പ്രതിഛായയും സാദൃശ്യവും (cf ഉത്പ 1:26) പുനഃസ്ഥാപിച്ചു. ആ രഹസ്യത്തിൽ നിന്നാണ് യഥാർത്ഥമായ എല്ലാ സ്നേഹവും പ്രവഹിക്കുന്നത്. ദൈവസ്നേഹത്തിന്റെ സുവിശേഷ.ത്തിന് സാക്ഷ്യം വഹിക്കാൻ'[63] സഭയിലൂടെ വിവാഹവും കുടുംബവും ക്രിസ്തുവിൽ നിന്ന് പരിശുദ്ധാത്മാവിന്റെ കൃപാവരം സ്വീകരിക്കുന്നു.

72. വിവാഹമെന്ന കൂദാശ ഒരു സാമൂഹികാചാരമല്ല, പൊള്ളയായ അനുഷ്ഠാനമല്ല, സമർപ്പണത്തിന്റെ ബാഹ്യമായ കേവല ഛിഹ്നവുമല്ല. ആ കൂദാശ ദമ്പതികളുടെ വിശുദ്ധീകരണത്തിനും രക്ഷയ്ക്കും വേണ്ടി നല്കപ്പെടുന്ന ദാനമാണ്. കാരണം, 'അവരുടെ പരപസ്പരബന്ധം, ക്രിസ്തുവും സഭയും തമ്മിലുള്ള അതേ ബന്ധത്തിന്റെ കൗദാശികാടയാളത്തിലൂടെയുള്ള പ്രാതിനിധ്യമാണ്. അതുകൊണ്ട് വിവാഹിതരായ ദമ്പതിമാർ കുരിശിൽ സംഭവിച്ചത് സഭയെ സ്ഥിരം ഓർമ്മപ്പെടുത്തുന്നവരാണ്. അവർ പരപസ്പരവും കുട്ടികൾക്കും, കൂദാശയിലൂടെ പങ്കുവയ്ക്കുന്ന രക്ഷയുടെ സാക്ഷികളാണ്.'[64] ദാമ്പത്യസ്നേഹത്തെ ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹത്തിന്റെ അപൂർണമായ അടയാളമെന്ന നിലയിൽ വിവാഹം ഒരു വിളിയാണ്. തത്ഫലമായി, വിവാഹം ചെയ്യണമെന്നും ഒരുകുടുംബം സ്ഥാപിക്കണമെന്നുമുള്ള തീരുമാനം ഈ വിളിയുടെ തിരിച്ചറിയൽ പ്രക്രിയയുടെ ഫലമായിരിക്കണം.

73. 'വിവാഹ കൂദാശയിലുള്ള പരസ്പര ആത്മദാനം മാമ്മോദീസയുടെ കൃപയിൽ അധിഷ്ഠിതമാണ്. അത് സഭയിൽ ക്രിസ്തുവുമായുള്ള ഓരോ വ്യക്തിയുടെയും അടിസ്ഥാനപരമായ ഉടമ്പടി സ്ഥാപിക്കുന്നു. വിവാഹ വാഗ്ദാനം ചെയ്ത ദമ്പതികൾ പരസ്പരം സ്വീകരിക്കുന്നതിൽ, ക്രിസ്തുവിന്റെ കൃപാവരത്തോടെ, പരസ്പരം സമ്പൂർണമായ ആത്മദാനവും വിശ്വസ്തതയും പുതിയ ജീവിതത്തോടുള്ള തുറവും വാഗ്ദാനം ചെയ്യുന്നു. ദമ്പതികൾ ദൈവദാനമായ ഈ ഘടകങ്ങളെ വിവാഹത്തിന്റെ അടിസ്ഥാന ഘടകങ്ങളായി കരുതി ദൈവനാമത്തിലും സഭയുടെ സാന്നിധ്യത്തിലും ഗൗരവപൂർവം അവർ പരസ്പരം സമർപ്പിക്കുന്നു. അങ്ങനെ വിവാഹത്തിന്റെ നന്മകളെ സമർപ്പണങ്ങളാക്കി സ്വീകരിക്കാൻ അവർക്ക് സാധിക്കുന്നതോടൊപ്പം. കൂദാശയുടെ കൃപാവരത്തിന്റെ സഹായത്താൽ കൂടുതൽ നന്നായി അവയെ സൂക്ഷിക്കാനും വിശ്വാസം സാധ്യത നല്കുന്നു.... തത്ഫലമായി സഭ വിവാഹിതരായ ദമ്പതികളെ യേശുവിലേക്കുചരിക്കുന്ന മുഴുവൻ കുടുംബത്തിന്റെയും ഹൃദയമായി കാണുന്നു.'[65] കൂദാശ ഒരു 'വസ്തു'വോ ഒരു 'അധികാര'മോ അല്ല. എന്തെന്നാൽ അതിൽ

ക്രിസ്തു അവരിൽ തന്നെ ക്രൈസ്തവ ദമ്പതികളെ കണ്ടുമുട്ടുന്നു... അവിടന്ന് അവരോടുകൂടെ വസിക്കുന്നു. അവരുടെ കുരിശുകൾ വഹിക്കാനും അങ്ങനെ അവിടത്തെ അനുഗമിക്കാനും, വീഴ്ചകളിൽ നിന്ന് അവർ എഴുന്നേൽക്കാനും, പരസ്പരം ക്ഷമിക്കാനും പരസ്പരം ഭാരങ്ങൾ വഹിക്കാനും അവർക്ക് ശക്തി നല്കുന്നു.'[66] കുരിശിൽ മുദ്രവച്ച ഉടമ്പടിയിൽ ക്രിസ്തു തന്റെ സഭയെ എത്രമാത്രം സ്നേഹിച്ചു എന്നതിന്റെ അടയാളമാണ് ക്രൈസ്തവ വിവാഹം. അതോടൊപ്പം അത് ദമ്പതികളുടെ ഐക്യത്തിൽ അന്തർലീനമായിരിക്കുന്ന സ്നേഹത്തെ സൃഷ്ടിക്കുകകൂടി ചെയ്യുന്നു. അവർ ഒറ്റ ശരീരമായിത്തീർന്നുകൊണ്ട് ദൈവപുത്രൻ നമ്മുടെ മാനുഷിക പ്രകൃതിയെ സ്വീകരിച്ച പ്രവൃത്തിയെ മൂർത്തീഭവിപ്പിക്കുന്നു. അതുകൊണ്ടാണ് 'അവരുടെ സ്നേഹത്തിന്റെ സന്തോഷങ്ങളിലും കുടുംബജീവിതത്തിലും അവിടന്ന് അവർക്ക് കുഞ്ഞാടിന്റെ വിവാഹോത്സവത്തിന്റെ മുന്നാസ്വാദനം ഭൂമിയിൽ വച്ചുനല്കുന്നത്.'[67] ഭർത്താവും ഭാര്യയും ചേർന്ന മാനുഷിക ദാമ്പത്യവും ക്രിസ്തുവും അവിടത്തെ സഭയും തമ്മിലുള്ള ഐക്യവും താദാത്മ്യപ്പെടുത്തുന്നത് 'അപൂർണമാണെങ്കിലും വിവാഹിതരായ ദമ്പതികളുടെ മേൽ ദൈവിക സ്നേഹം പ്രവഹിപ്പിക്കണമേ എന്ന് കർത്താവിനോട് പ്രാർത്ഥിക്കാൻ അത് പ്രചോദനം നല്കുന്നു.

74 സ്നേഹപൂർവം അനുഭവിക്കുന്നതും കൂദാശയാൽ വിശുദ്ധീകരിക്കപ്പെട്ടതുമായ ലൈംഗിക ഐക്യം ദമ്പതികൾക്ക് കൃപയുടെ ജീവിതത്തിലുള്ള വളർച്ചയുടെ വഴിയാണ്. അത് 'വൈവാഹിക രഹസ്യ'മാണ്.[69] അവരുടെ ശാരീരിക ഐക്യത്തിന്റെ അർത്ഥവും മൂല്യവും സമ്മതം നല്കലിന്റെ വാക്കുകളിൽ പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ട്. ആ വാക്കുകളിൽ അവർ തങ്ങളുടെ ജീവിതം പൂർണമായി പങ്കുവയ്ക്കുന്നതിന് പരസ്പരം സ്വീകരിക്കുകയും പരസ്പരം ദാനം നല്കുകയും ചെയ്തു. ആ വാക്കുകൾ ലൈംഗികബന്ധത്തിന് അർത്ഥം നല്കുകയും അതിനെ സംശയത്തിൽ നിന്ന് സ്വതന്ത്രമാക്കുകയും ചെയ്യുന്നു. കൂടുതൽ വിശാലാർത്ഥത്തിൽ, ഭാര്യാഭർത്താക്കന്മാരുടെ പൊതുജീവിതം, കുട്ടികളും, തങ്ങൾക്കു ചുറ്റുമുള്ള ലോകവുമായി അവർ പടുത്തുയർത്തുന്ന ബന്ധങ്ങളുടെ മുഴുവൻ ശൃംഖലയും കൂദാശയുടെ കൃപാവരത്താൽ അഗാധമാക്കപ്പെടുകയും ശക്തമാക്കപ്പെടുകയും ചെയ്യുന്നു. എന്തെന്നാൽ ദൈവം തമ്മിൽ ഒരാളായിത്തീർന്നുകൊണ്ട് മനുഷ്യവംശത്തോടുള്ള തന്റെ സ്നേഹത്തിന്റെ പൂർണത പ്രകടമാക്കിയ മനുഷ്യവതാരത്തിൽ നിന്നും പൊസഹാ രഹസ്യത്തിൽ നിന്നുംമാണ് വിവാഹമെന്ന കൂദാശ ഉറവെടുക്കുന്നത്. ദമ്പതികളിൽ ഒരാൾക്കും എന്തു വെല്ലുവിളി നേരിടേണ്ടിവന്നാലും ഒറ്റയ്ക്കു നേരിടേണ്ടി വരുകയില്ല. സമർപ്പണബുദ്ധിയോടും സർഗാത്മകതയോടും സ്ഥിരോത്സാഹത്തോടും അനുദിന പരിശ്രമത്തോടും കൂടി ദൈവത്തിന്റെ ദാനത്തോട് പ്രത്യുത്തരിക്കാൻ രണ്ടുപേരും വിളിക്കപ്പെട്ടിരിക്കുന്നു. അവർക്ക് എപ്പോഴും തങ്ങളുടെ ഐക്യത്തെ പവിത്രീകരിച്ച പരിശുദ്ധാത്മാവിന്റെ സഹായം യാചിക്കാം. അവർ നേരിടുന്ന ഓരോ പുതിയ സാഹചര്യത്തിലും അങ്ങനെ അവിടത്തെ കൃപ അനുഭവിക്കാനാവും.

75. സഭയുടെ ലത്തീൻ പാരമ്പര്യമനുസരിച്ച് വിവാഹ കൂദാശയുടെ കാർമ്മികർ വിവാഹം ചെയ്യുന്ന സ്ത്രീയും പുരുഷനുമാണ്.[70] അവർ തങ്ങളുടെ സമ്മതം പ്രകടിപ്പിച്ചുകൊണ്ടും അത് ശാരീരികമായി പ്രകടിപ്പിച്ചുകൊണ്ടും വലിയൊരു കൃപാവരം സ്വീകരിക്കുന്നു. അവരുടെ സമ്മതവും ശാരീരികസംയോഗവും അവർ 'ഒറ്റശരീരം' ആയിത്തീരുന്നതിന് ദൈവം നിശ്ചയിച്ച മാർഗ്ഗങ്ങളാണ്. അവരുടെ മാമ്മോദീസായിലെ പവിത്രീകരണം വഴി അവർ കർത്താവിന്റെ ശുശ്രൂഷകരെന്ന നിലയിൽ വിവാഹത്തിൽ ഒന്നിക്കാനും അങ്ങനെ ദൈവത്തിന്റെ വിളിയോട് പ്രത്യുത്തരിക്കാനും ശക്തരാക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അക്രൈസ്തവരായ രണ്ടു ദമ്പതികൾ മാമ്മോദീസ സ്വീകരിക്കുമ്പോൾ അവരുടെ വിവാഹവ്രതവാഗ്ദാനങ്ങൾ പുതുക്കേണ്ടതില്ല. അവർ അവയെ പരിത്യജിക്കരുതെന്നുമാത്രം. കാരണം മാമ്മോദീസ സ്വീകരിക്കുക വഴി അവരുടെ ഐക്യം സ്വാഭാവികമായി കൗദാശികമായിത്തീരുന്നു. പുരോഹിതന്റെ സാന്നിധ്യം കൂടാതെ നടത്തുന്ന ചില ഒന്നിക്കലുകളുടെ സാധുത കാനൻ നിയമവും അംഗീകരിക്കുന്നുണ്ട്.[71] പ്രകൃതിക്രമം യേശുവിന്റെ രക്ഷാകര കൃപകൊണ്ടു നിറഞ്ഞിരിക്കുന്നു. അതുകൊണ്ട് 'മാമ്മോദീസ സ്വീകരിച്ചവർ തമ്മിൽ സാധുവായ ഒരു വിവാഹോടമ്പടി, അതിനാൽത്തന്നെ ഒരു കൂദാശയാകാതെ തരമില്ല.'[72] വിവാഹം പരസ്യമായി സാക്ഷികളുടെ സാന്നിധ്യത്തിൽ, കാലഗതിയിൽ വ്യത്യസ്തങ്ങളായിത്തീർന്ന മറ്റു വ്യവസ്ഥകളോടുകൂടി നടത്തണമെന്ന് സഭയ്ക്ക് ആവശ്യപ്പെടാം. എന്നാൽ ഇത്, വിവാഹം ചെയ്യുന്ന ദമ്പതിമാർ കൂദാശയുടെ ശുശ്രൂഷകരാണെന്ന വസ്തുതയിൽ നിന്ന് മാറിപ്പോകുകയോ സ്ത്രീയും പുരുഷനും നല്കിയ സമ്മതത്തിന്റെ മൗലീകതയെ ഇത് ബാധിക്കുകുയോ ചെയ്യുന്നില്ല കാരണം അതിനാൽത്തന്നെ കൂദാശാപരമായ ബന്ധത്തെ സ്ഥാപിക്കുന്നുണ്ടല്ലോ.ഇങ്ങനെയോക്കെ പറയുന്നുവെങ്കിലും വിവാഹകർമ്മാനുഷ്ഠാനത്തിലുള്ള ദൈവത്തിന്റെ പ്രവൃത്തിയെക്കുറിച്ച് കൂടുതലായി ചിന്തിക്കേണ്ടതുണ്ട്. പരിശുദ്ധാത്മാവിന്റെ ദാനത്തിന്റെ അടയാളമെന്ന നിലയിൽ ദമ്പതികൾ സ്വീകരിക്കുന്ന ആശീർവാദത്തിന്റെ പ്രാധാന്യത്തിലൂടെ ഇത് പൗരസ്ത്യസഭകളിൽ പ്രകടമായി വ്യക്തമാക്കിയിട്ടുണ്ട്.

## വചന വിത്തുകളും അപൂർണ സാഹചര്യങ്ങളും

76. 'കുടുംബത്തിന്റെ സുവിശേഷം 'ഇനിയും വളരാൻ കാത്തിരിക്കുന്ന വിത്തുകളെ' പോഷിപ്പിക്കുന്നതിനും. 'വാടുന്നവയും അവഗണിക്കാനാവാത്തവയു'മായ സസ്യങ്ങളെ സംരക്ഷിക്കാനുള്ള അടിസ്ഥാനമായിവർത്തിക്കുന്ന

തിനും ഇതു സഹായിക്കുന്നു.'[73] അങ്ങനെ, വിവാഹിതരായ ദമ്പതിമാർ, ക്രിസ്തുവിന്റെ കൗദാശികദാനത്തിൻമേൽ പണിയപ്പെട്ട് 'ക്ഷമാപൂർവം മുന്നോട്ടു നയിക്കപ്പെടണം, അവർ തങ്ങളുടെ ജീവിതത്തിൽ ഈ രഹസ്യം കൂടുതൽ ആഴത്തിൽ ഗ്രഹിക്കുന്നതിനും കൂടുതൽ പൂർണമായി ഉദ്ഗ്രഥിക്കുന്നതിനും വേണ്ടിയാണിത്.'[74]

77. എല്ലാം ക്രിസ്തുവിലൂടെയും ക്രിസ്തുവിനുവേണ്ടിയും സൃഷ്ടിക്കപ്പെട്ടു (cf കൊളോ 1:16) എന്ന വേദഗ്രന്ഥപ്രബോധനത്തെ ആശ്രയിച്ചുകൊണ്ട് സിനഡു പിതാക്കന്മാർ ഇങ്ങനെ നിരീക്ഷിച്ചു: 'സൃഷ്ടിയുടെ ക്രമത്തെ വീണ്ടെടുപ്പിന്റെ ക്രമം പ്രകാശിപ്പിക്കുകയും പൂർത്തീകരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് സ്വാഭാവിക വിവാഹം വിവാഹകൂദാശയിലുള്ള അതിന്റെ പൂർത്തീകരണത്തിന്റെ വെളിച്ചത്തിൽ പൂർണമായി ഗ്രഹിക്കപ്പെടുന്നു: ഒരു വ്യക്തി മാനുഷിക ബന്ധങ്ങളുടെ ഏറ്റവും അഗാധമായ സത്യം അറിയുന്നത് മനുഷ്യാവതാരം ചെയ്ത ദിവ്യവചനത്തിന്റെ രഹസ്യത്തിൽ മനുഷ്യനെ സംബന്ധിച്ച രഹസ്യം പ്രകാശിക്കുന്നതും ക്രിസ്തുവിനെപ്പറ്റി ധ്യാനിക്കുമ്പോൾ മാത്രമാണ്....പുതിയ ആദമാകുന്ന ക്രിസ്തു പിതാവിന്റെയും അവിടത്തെ സ്നേഹത്തിന്റെയും രഹസ്യം വെളിപ്പെടുത്തുന്നതുവഴി മനുഷ്യനു അവനെത്തന്നെ വെളിപ്പെടുത്തിക്കൊടുക്കുകയും അവന്റെ പരമോന്നത വിളിയെ വ്യക്തമാക്കുകയും ചെയ്യുന്നു (ഗാവുദിയും ഏത്ത് സ്പെസ്, 22). ദമ്പതികളുടെ നന്മ (bonum conjugum) ക്രിസ്തുകേന്ദ്രീകൃത മാർഗത്തിലൂടെ ഗ്രഹിക്കുന്നത് സവിശേഷമാംവിധം സഹായകമാണ്.'[75] ആ നന്മയിൽ ഐക്യം, ജീവനോടുള്ള തുറവ്, വിശ്വസ്തത, അലംഘ്യത എന്നിവയോടൊപ്പം ക്രൈസ്തവ വിവാഹത്തിൽ കർത്താവുമായിട്ടുള്ള സമ്പൂർണ സൗഹൃദത്തിലേക്കുള്ള പാതയിൽ പരസ്പര സഹായവും ഉൾപ്പെട്ടിരിക്കുന്നു 'മറ്റു സംസ്കാരങ്ങളിലുള്ള 'ദിവ്യവചനത്തിന്റെ വിത്തുകളുടെ' സാന്നിധ്യം തിരിച്ചറിയലും (cf ആദ് ജെന്തെസ്, 11) വിവാഹവും കുടുംബവുമെന്ന യാഥാർത്ഥ്യത്തെ സംബന്ധിച്ച് പ്രസക്തമാണ്. യഥാർത്ഥ സ്വാഭാവിക വിവാഹം എന്നതിനോടൊപ്പം വിവാഹരൂപങ്ങളിൽ ഭാവാത്മകഘടകങ്ങൾ നിലകൊള്ളുന്നത് അവ്യക്തമാണെങ്കിൽ പോലും മറ്റു മതപാരമ്പര്യങ്ങളിലും കാണാം,'[76] പരിശുദ്ധാത്മാവ് സജീവനും കർമനിരതനുമാണെന്ന് സാക്ഷ്യപ്പെടുത്തികൊണ്ട് തിന്മയെ ശക്തമായി അതിജീവിക്കാൻ കുട്ടികളെ ആവേശംകൊള്ളിക്കുന്ന ഒരു കുടുംബത്തെ ഭൂമിയിൽ യാഥാർകത്യമാക്കുന്നു ഏതൊരുവനപും, അവൻ ഏതു രാജ്യക്കാരനായാലും, ഏതുമതക്കാരനായാലും ശരി, തീർച്ചയായും നമ്മുടെ നന്ദിയും അഭിനന്ദനവും അർഹിക്കുന്നു.[77]

78. ക്രിസ്തുവിന്റെ പ്രകാശം ഓരോ വ്യക്തിയെയും പ്രശോഭിപ്പിക്കും (cf യോഹ 1:9; ഗാവുദിയും ഏത്ത് സ്പെസ്, 22). ക്രിസ്തുവിന്റെ കണ്ണു കൊണ്ട് കാര്യങ്ങൾ കാണുകയാണെങ്കിൽ സഹവസിക്കുന്നവരോ രാഷ്ട്ര



നിയമമനുസരിച്ചു മാത്രം വിവാഹം ചെയ്തവരോ വിവാഹബന്ധം വേർപെടുത്തിയിട്ട് വീണ്ടു വിവാഹം ചെയ്തവരോ ആയ വിശ്വാസികൾക്കുവേണ്ടിയുള്ള സഭയുടെ അജപാലനശുശ്രൂഷയെ അതു പ്രചോദിപ്പിക്കും. ഈ ദൈവിക അധ്യാപനശാസ്ത്രം അനുസരിച്ചു കൊണ്ട് സഭ അപൂർണമായി തന്റെ ജീവനിൽ പങ്കുചേരുന്നവരിലേക്കു സ്നേഹപൂർവം തിരിയുന്നു: അവർക്കു മാനസാന്തരത്തിനുള്ള കൃപ ലഭിക്കാൻ പരിശ്രമിക്കുന്നു, നന്മചെയ്യാനും പരസ്പരം സ്നേഹപൂർവം പരിചരിക്കാനും അവർ ജീവിക്കുകയും തൊഴിലിൽ ഏർപ്പെടുകയും ചെയ്യുന്ന സമൂഹത്തെ സേവിക്കാനും അവരെ പ്രോത്സാഹിപ്പിക്കുന്നു. ക്രമരഹിതമായ ഐക്യത്തിലുള്ള ദമ്പതികൾ പരസ്യമായ ബന്ധത്തിലൂടെ ശ്രദ്ധേയമായ സ്ഥിരത നേടുന്നുവെങ്കിൽ (ഇതിന് അഗാധമായ സ്നേഹബന്ധം, കുട്ടികളെ സംബന്ധിച്ച ഉത്തരവാദിത്വം, പരീക്ഷകളെ കീഴടക്കാനുള്ള കഴിവ് എന്നീ സവിശേഷതകൾ ഉണ്ടായിരിക്കണം) വിവാഹ കൂദാശയുടെ ആഘോഷത്തിലേക്ക് അവരെ നയിക്കാൻ കഴിയുന്ന അവസരമായി കാണാവുന്നതാണ്.'[78]

79. പ്രയാസമുള്ള സാഹചര്യങ്ങളെയും മുറിവേറ്റ കുടുംബങ്ങളെയും നേരിടേണ്ടിവരുമ്പോൾ ഈ പൊതുതത്ത്വം ഓർമ്മിക്കുക എപ്പോഴും ആവശ്യമാണ്: 'സത്യത്തിനുവേണ്ടി സാഹചര്യങ്ങളെ ശ്രദ്ധാപൂർവം തിരിച്ചറിയാൻ തങ്ങൾക്കു കടമയുണ്ടെന്ന് അജപാലകർ അറിഞ്ഞിരിക്കണം' (ഫമിലിയാരിസ് കൊൺസോർസ്യോ, 84). എല്ലാ സംഭവങ്ങളിലും ഉത്തരവാദിത്വത്തിന്റെ അളവ് തുല്യമല്ലാതിരിക്കെ തീരുമാനമെടുക്കാനുള്ള കഴിവിനെ പരിമിതപ്പെടുത്തുന്ന ഘടകങ്ങൾ ഉണ്ടെന്നു വരാം. അതുകൊണ്ട് അജപാലകർ സഭയുടെ പ്രബോധനം വ്യക്തമായി പ്രസ്താവിക്കുകയും വ്യത്യസ്ത സാഹചര്യങ്ങളുടെ സങ്കീർണത പരിഗണിക്കാത്ത വിധിനിർണയങ്ങൾ ഒഴിവാക്കുകയും വേണം. ആളുകൾ തങ്ങളുടെ അവസ്ഥ മൂലമുണ്ടാകുന്ന മാനസികസംഘർഷം അനുഭവിക്കുകയും സഹിക്കുകയും ചെയ്യുന്നത് എങ്ങനെയാണെന്ന് ശ്രദ്ധാപൂർവം അറിയുക അത്യന്താപേക്ഷിതമാണ്.'[79]

## ജന്മം നല്കലും കുട്ടികളെ വളർത്തലും

'80. വിവാഹം ഒന്നാമതായി ദമ്പതികൾക്കു കൃപാവരം നല്കുന്ന 'ജീവന്റെയും സ്നേഹത്തിന്റെയും അവഗാഢമായ ഭാഗഭാഗിത്വമാണ്.'[80] അത് ദമ്പതികൾക്കുതന്നെ ഒരു നന്മയാണ്.[81] അതേസമയം ലൈംഗികത 'പുരുഷന്റെയും സ്ത്രീയുടെയും ദാമ്പത്യപരമായ സ്നേഹത്തിലേക്കു നയിക്കുന്നതുമാണ്.'[82] അതുകൊണ്ട് 'ദൈവം സന്തതികളെ നല്കാത്ത ദമ്പതികൾക്ക് മാനുഷികവും ക്രൈസ്തവുമായ രീതികളിൽ അർത്ഥപൂർണതയോടെ ദാമ്പത്യജീവിതം നയിക്കാൻ കഴിയും.'[83]

എന്നാലും ദാമ്പത്തിക ഐക്യം 'അതിന്റെ സ്വഭാവംകൊണ്ടുതന്നെ'[84] പ്രജനനത്തിലേക്കു നയിക്കുന്ന ഒന്നാണ്. ജനിക്കുന്ന ശിശു ദമ്പതികളുടെ പരസ്പര സ്നേഹത്തോടു കൂട്ടിചേർക്കപ്പെട്ട ഒരു വസ്തുവായി പുറമേ നിന്നു വരുന്നതല്ല. പിന്നെയോ, ആ പരസ്പര ദാനത്തിന്റെ ഹൃദയത്തിൽ നിന്നു തന്നെ, അതിന്റെ ഫലവും സാക്ഷാത്കാരവുമായി ഉറവെടുക്കുന്ന ഒന്നാണ്.'[85] അവനോ അവളോ ഒരു പ്രക്രിയയുടെ അവസാനം പ്രത്യക്ഷപ്പെടുന്നില്ല. പിന്നെയോ സാരാംശപരമായ അനിവാര്യ സനേഹമെന്ന നിലയിൽ ആരംഭം മുതൽ സന്നിഹിതനാണ് അഥവാ സന്നിഹിതയാണ്. ആ സ്നേഹത്തെ തന്നെ വികൃതമാക്കാതെ ആ വ്യക്തിയെ നിഷേധിക്കാൻ സാധ്യമല്ല. സ്നേഹം ആരംഭം മുതൽ അതിൽത്തന്നെ ഒതുങ്ങിക്കഴിയാനുള്ള ഏതു പ്രചോദനത്തെയും നിഷേധിക്കുന്നു. അതിനുമപ്പുറത്തുള്ള ഫലപൂർണ്ണതയിലേക്ക് നയിക്കപ്പെടാനുള്ള തുറവു അതിനുണ്ട്. അതുകൊണ്ട് ഭാര്യയും ഭർത്താവും ചേർന്നുള്ള പ്രജനന സംബന്ധമായ ഒരു പ്രവൃത്തിക്കും, വ്യത്യസ്ത കാരണങ്ങളാൽ എപ്പോഴും അത് പുതിയ ജീവനെ ജനിപ്പിക്കുന്നില്ലെങ്കിൽ പോലും, ഈ അർത്ഥം നിഷേധിക്കാൻ കഴിയുകയില്ല. അതിനുമപ്പുറത്ത് ഫലപൂര്ഡത്തതയിലെ നയിക്കപ്പെടാനുള്ള തുറവ് അതിനുണ്ട്.[86]

81. ഇതരമാർഗങ്ങളാലല്ലാതെ ആ സ്നേഹത്തിൽ നിന്നു ജനിക്കാൻ ഒരു ശിശുവിന് അവകാശമുണ്ട്. എന്തെന്നാൽ 'അവനോ അവളോ ഒരാളുടെ ഉടമസ്ഥതയിൽപ്പെട്ടതല്ല, പിന്നെയോ ഒരു ദാനമാണ്.'[87] അത് 'മാതാപിതാക്കളുടെ ദാമ്പത്യ സ്നേഹത്തിന്റെ സവിശേഷമായ പ്രവൃത്തിയുടെ ഫലമാണ്.'[88] എന്നാൽ 'സൃഷ്ടിയുടെ ക്രമമനുസരിച്ച് സ്ത്രീയും പുരുഷനും തമ്മിലുള്ള ദാമ്പത്യസ്നേഹവും ജീവൻ പകരലും പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു (cf ഉത്പ 1:27-28). ഇങ്ങനെ സ്രഷ്ടാവ് സ്ത്രീയെയും പുരുഷനെയും തന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാക്കുന്നതോടൊപ്പം മാനുഷിക ജീവന്റെ പകർന്നു നല്കൽ വഴി മനുഷ്യവംശത്തിന്റെ ഭാവിയെ സംബന്ധിച്ച ഉത്തരവാദിത്വം അവരെ ഏല്പിച്ചുകൊണ്ട്. അവരെ തന്റെ സ്നേഹത്തിന്റെ ഉപകരണങ്ങളാക്കുകയും ചെയ്യുന്നു. '[89]

82. സിനഡു പിതാക്കന്മാർ ഇങ്ങനെ പ്രസ്താവനയിൽ മാനുഷിക ജീവന്റെ പ്രത്യുത്പാദനം ഒരു വ്യക്തിയുടെയോ ദമ്പതിമാരിൽ 'ഒരാളുടെയോ തന്നിഷ്ടമനുസരിച്ചുള്ള പദ്ധതികളിൽ ഒന്നു മാത്രമാണെന്നുള്ള മനോഭാവം വളർന്നുകൊണ്ടിരിക്കുന്നുവെന്ന് വ്യക്തമാക്കുന്നു'[90] ദമ്പതികളെ ഭാര്യാഭർത്താക്കന്മാരെന്ന നിലയിൽ അവരുടെ ഐക്യത്തെ പൂർണവും സ്വൈരെക്യമുള്ളതും ബോധപൂർവകവുമായ രീതിയിൽ, ജീവനെ പ്രത്യുത്പാദിപ്പിക്കാനുള്ള അവരുടെ കടമയോടുകൂടി, അനുഭവിക്കാൻ സഹായിക്കുക എന്നതാണ് സഭയുടെ പ്രബോധനദ്ദേശ്യം.



വാഴ്ത്തപ്പെട്ട പോൾ 6-ാമൻ മാർപാപ്പായുടെ ഹുമാനെ വീത്തേ എന്ന ചാക്രിക ലേഖനത്തിലെ സന്ദേശത്തിലേക്കു തിരിച്ചുപോകേണ്ടിയിരിക്കുന്നു. ജനന നിയന്ത്രണ മാർഗങ്ങളെ ധാർമ്മികമായി വിലയിരുത്തുമ്പോൾ വ്യക്തിയുടെ മഹത്വത്തെ ആദരിക്കണമെന്ന് അത് വ്യക്തമാക്കുന്നു... ദത്തെടുക്കൽ, മാതാപിതാക്കളെപ്പോലെ വളർത്തൽ എന്നിവയും വിവാഹജീവിതത്തിന്റെ സവിശേഷതയായിട്ടുള്ള ആ ഫലപൂർണതയെ പ്രകാശിപ്പിക്കാൻ കഴിവുള്ള കാര്യങ്ങളാണ്.'[91] 'വിവിധതരത്തിലുള്ള വൈകല്യങ്ങളുള്ള കുട്ടികളെ സ്വീകരിക്കുകയും വളർത്തുകയും അവരെ വാത്സല്യം കൊണ്ടു പൊതിയുകയും ചെയ്യുന്ന കുടുംബങ്ങളെ സഭ സവിശേഷമായ കൃതജ്ഞതയോടെ പിന്താങ്ങുന്നുണ്ട്.'[92]

83. ഇവിടെ അടിയന്തിരമായി ഒരു കാര്യം പ്രസ്താവിക്കണമെന്ന് എനിക്കു തോന്നുന്നു. അതായത്, കുടുംബം ജീവനെ ഗർഭത്തിൽ ധരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ശ്രീകോവിലാണെങ്കിൽ അത് ജീവനെ ഉപേക്ഷിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നിടമാകുന്ന ഭയാനകമായ വൈരുധ്യമാണ്. തന്നിൽത്തന്നെ ഒരു ലക്ഷ്യമായിരിക്കുന്നതും മറ്റൊരു മനുഷ്യജീവിയുടെ 'സ്വത്ത്' ആയി ഒരിക്കലും കരുതപ്പെടാനാവാത്തതുമായ ഒരു ജീവനെ നശിപ്പിക്കാനുള്ള തീരുമാനമെടുക്കാൻ ആർക്കെങ്കിലും അവകാശമുണ്ടെന്നത് നീതീകരിക്കാനാവില്ല. അത്ര വലുതാണ് മനുഷ്യജീവന്റെ വില. അമ്മയുടെ ഗർഭപാത്രത്തിൽ വളരുന്ന നിഷ്കളങ്കനായ ശിശുവിന്റെ ജീവിക്കാനുള്ള അവകാശം അന്യാധീനപ്പെടുത്താവുന്നതല്ല. മനുഷ്യജീവനെ അതിന്റെ അവസാനത്തെ ഘട്ടം ഉൾപ്പെടെയുള്ള എല്ലാ ഘട്ടങ്ങളിലും കുടുംബം സംരക്ഷിക്കുന്നു. തത്ഫലമായി, 'മനസ്സാക്ഷിപ്രകാരം എതിർക്കാനുള്ള ധാർമ്മിക കടമയെക്കുറിച്ച് ആരോഗ്യപാലന കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്നവരെ ഓർമ്മിപ്പിക്കുന്നു. അതുപോലെ, പീഡന ചികിത്സയും കാരുണ്യവധവും കൂടാതെ സ്വാഭാവിക മരണത്തിനുള്ള അവകാശം ഊന്നിപ്പറയുക അത്യാവശ്യമാണെന്നു മാത്രമല്ല മരണശിക്ഷയെയും സഭ 'ദൃഢതയോടെ തള്ളിക്കളയുന്നു.'[93]

84. ഒരു കാര്യം കൂടി ഊന്നിപ്പറയാൻ സിനഡു പിതാക്കന്മാർ ആഗ്രഹിച്ചു. അതായത്, 'ഇന്നു കുടുംബങ്ങൾ നേരിടുന്ന മൗലിക വെല്ലുവിളികളിലൊന്ന് തീർച്ചയായും കുട്ടികളെ വളർത്തുന്നതിനെ സംബന്ധിച്ചുള്ളതാണ്. ഇന്നത്തെ സാംസ്ക്കാരിക യാഥാർത്ഥ്യങ്ങളും മാധ്യമങ്ങളുടെ സുശക്തമായ സ്വാധീനവും ഇക്കാര്യം കൂടുതൽ പ്രയാസമുള്ളതും സങ്കീർണവും ആക്കിയിട്ടുണ്ട്.'[94] 'സഭ കുടുംബങ്ങളെ പിന്താങ്ങുന്നതിൽ വിലപ്പെട്ട ഒരു ധർമ്മം ഏറ്റെടുക്കുന്നുണ്ട്. ക്രൈസ്തവർ മുൻകൈ എടുത്ത് വിവിധ സമൂഹങ്ങളെ ഉൾപ്പെടുത്തി ഇതു നടത്തുന്നുണ്ട്.'[95] അതേ സമയം ഒരു വസ്തുത വീണ്ടും പ്രസ്താവിക്കുക സുപ്രധാന കാര്യമാണെന്ന് എനിക്കു തോന്നുന്നു. അതായത്, കുട്ടികളുടെ മുഴുവൻ വിദ്യാ

ഭ്യാസവും മാതാപിതാക്കളുടെ 'ഏറ്റവും ഗൗരവപൂർണമായ കടമയും അവരുടെ ഒരു പ്രാഥമികാവകാശവുമാണ്.'[96] അത് വെറും ഒരു ദൗത്യമോ ഭാരമോ അല്ല. പിന്നെയോ അത് അവരുടെ സർവ്വപ്രധാനവും അന്യാധീനപ്പെടുത്താനാവാത്തതുമായ അവകാശമാണ്. അതിനെ സംരക്ഷിക്കാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു. അവർക്ക് അത് ഇല്ലാതാക്കാൻ ആർക്കും അവകാശമില്ല. മാതാപിതാക്കളെ അവരുടെ അവശ്യാവശ്യക ധർമ്മ നിർവഹണത്തിൽ സഹായിച്ചുകൊണ്ട് രാഷ്ട്രം സഹായമെന്ന രീതിയിൽ വിദ്യാഭ്യാസ പരിപാടികൾ നടത്തുന്നു. മാതാപിതാക്കൾക്ക് തങ്ങളുടെ ബോധ്യങ്ങളനുസരിച്ച് തങ്ങളുടെ കുട്ടികൾക്കു നല്കാൻ ആഗഹിക്കുന്നതും അഭികാമ്യവും ഗുണമേന്മയുള്ളതുമായ തരത്തിലുള്ള വിദ്യാഭ്യാസം തിരഞ്ഞെടുക്കാൻ അവകാശമുണ്ട്. സ്കൂളുകൾ മാതാപിതാക്കൾക്കു പകരം നില്ക്കുന്നവയല്ല. അവ പൂരകങ്ങളാണ്. 'വിദ്യാഭ്യാസപ്രക്രിയയിലെ മറ്റുള്ള എല്ലാ നടത്തിപ്പുകാരും മാതാപിതാക്കളുടെ പേരിൽ തങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കാൻ മാത്രമുള്ളവരാണ് എന്നത് ഒരു മൗലിക തത്ത്വമാണ് മാതാപിതാക്കളുടെ സമ്മതത്തോടെയും കുറേയെല്ലാം അവർ നല്കിയ അധികാരത്തിലും നിർവഹിക്കാൻ മാത്രമുള്ളവരാണ് അവർ.'[97] എന്നാലും കുടുംബവും സമൂഹവും തമ്മിലും, കുടുംബവും സ്കൂളും തമ്മിലും ഒരു വിടവ് ഉണ്ടായിട്ടുണ്ട്. വിദ്യാഭ്യാസപരമായ ഉടമ്പടി ഇന്ന് തകർക്കപ്പെട്ടിരിക്കുന്നു. അങ്ങനെ സമൂഹവും കുടുംബവും തമ്മിലുള്ള വിദ്യാഭ്യാസ ബന്ധം അപകടത്തിലായിരിക്കുന്നു.'[98]

85. സമുചിതമായ അജപാലനസംരംഭങ്ങൾ വഴി മാതാപിതാക്കളുടെ വിദ്യാഭ്യാസപരമായ ദൗത്യത്തിന്റെ പൂർത്തീകരണത്തിൽ സഹായിച്ചുകൊണ്ട് മാതാപിതാക്കളോടു സഹകരിക്കാൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു. സഭ എപ്പോഴും ഇങ്ങനെ ചെയ്യുന്നത് അവർ അവരുടെ ധർമ്മത്തെ വിലമതിക്കാനും വിവാഹമെന്ന കൂദാശയുടെ സ്വീകരണം വഴി അവർ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ ശുശ്രൂഷകരായിരിക്കുന്നുവെന്നു മനസ്സിലാക്കാനും സഹായിക്കുന്നതിനാണ് വിദ്യാഭ്യാസം നല്കികൊണ്ട് അവർ സഭയെ പടുത്തുയർത്തുകയും അങ്ങനെ ദൈവദത്തമായ വിളി അവർ സ്വീകരിക്കുകയു ചെയ്യുന്നു.[100]

## കുടുംബവും സഭയും

86. 'സഭ ആന്തരിക സന്തോഷത്തോടും അഗാധമായ സമാശ്വാസത്തോടും കൂടി, സുവിശേഷ പ്രബോധനങ്ങളോടുള്ള വിശ്വസ്തതയിൽ നിലനില്ക്കുന്ന കുടുംബങ്ങളെ നോക്കിക്കാണുകയും. അവരെ പ്രോത്സാഹിപ്പിക്കുകയും അവർ നല്കുന്ന സാക്ഷ്യത്തിനു നന്ദി പറയുകയും ചെയ്യുന്നു. എന്തെന്നാൽ അലംഘ്യവും ശാശ്വത വിശ്വസ്തതയുള്ളതുമെന്ന നിലയിലുള്ള വിവാഹത്തിന്റെ സൗന്ദര്യത്തിന് വിശ്വസനീയ



മായ രീതിയിൽ അവർ സാക്ഷ്യം നല്കുന്നു. 'ഗൃഹസഭയെന്നു വിളിക്കപ്പെടാവുന്ന' (ലൂമെൻ ജെൻസിയും, 11) കുടുംബത്തിൽ വ്യക്തികൾ കൂട്ടായ്മയുടെ സഭാത്മകമായ അനുഭവത്തിലേക്കു പ്രവേശിക്കുന്നു. അതാകട്ടെ കൃപാവരം വഴി പരിശുദ്ധ ത്രിത്വമെന്ന രഹസ്യത്തെ പ്രതിഫലിപ്പിക്കുന്നു. 'ഇവിടെ ഒരുവൻ സഹനവും ജോലിയുടെ സന്തോഷവും സഹോദരസ്നേഹവും ആവർത്തിച്ചുള്ള ക്ഷമിക്കലും സർവോപരി പ്രാർത്ഥനയിലും ആത്മദാനത്തിലുമുള്ള ദൈവാരാധനയും പഠിക്കുന്നു' (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, 1657).'[101]

87. ഗൃഹസഭകളുടെയെല്ലാം ജീവിതംകൊണ്ട് നിരന്തരം പരിപോഷിപ്പിക്കപ്പെടുന്ന കുടുംബങ്ങളുടെ കുടുംബമാണ് സഭ. 'വിവാഹ കൂദാശയുടെ ശക്തിയിൽ ഓരോ കുടുംബവും, ഫലത്തിൽ, സഭയ്ക്കുള്ള ഒരു നന്മയായിത്തീരുന്നു. ഈ വീക്ഷണപ്രകാരം, കുടുംബവും സഭയും തമ്മിലുള്ള പരസ്പര പ്രവർത്തനത്തെപ്പറ്റിയുള്ള ചിന്ത സഭയ്ക്ക് നമ്മുടെ കാലഘട്ടത്തിലെ അമൂല്യദാനമാണെന്നു ബോധ്യപ്പെടും. സഭ കുടുംബത്തിനു നന്മയാണ്, കുടുംബം സഭയ്ക്കും. വിവാഹ കൂദാശയിൽ കർത്താവു നല്കുന്ന ദാനത്തിന്റെ സംരക്ഷണം വ്യക്തിഗത കുടുംബങ്ങളെ സംബന്ധിച്ചു മാത്രമല്ല മുഴുവൻ ക്രൈസ്തവസമൂഹത്തെ സംബന്ധിച്ചും ഒരു ശ്രദ്ധാവിഷയമാണ്.'[102]

88. കുടുംബങ്ങളിലെ സ്നേഹാനുഭവം സഭയുടെ ജീവിതത്തിനുള്ള ശക്തിയുടെ ശാശ്വത ഉറവിടമാണ്. ഈ സ്നേഹത്തെ വളർത്താനും ആഴപ്പെടുത്താനുമുള്ള സ്ഥിരാഹ്വാനമാണ് 'ഏകോപനസ്വഭാവമുള്ള വിവാഹത്തിന്റെ ലക്ഷ്യം. സ്നേഹത്തിലുള്ള അവരുടെ ഐക്യത്തിലൂടെ ദമ്പതികൾ മാതൃത്വത്തിന്റെയും പിതൃത്വത്തിന്റെയും സൗന്ദര്യം അനുഭവിക്കുകയും. പദ്ധതികളും, പരീക്ഷകളും പ്രതീക്ഷകളും താത്പര്യങ്ങളും പങ്കുവയ്ക്കുകയും പരസ്പരം ശ്രദ്ധിക്കാനും പരസ്പരം ക്ഷമിക്കാനും അവർ പഠിക്കുകയും ചെയ്യുന്നു. ഈ സ്നേഹത്തിൽ അവർ തങ്ങളുടെ സന്തോഷപൂർണമായ നിമിഷങ്ങളെ ആഘോഷിക്കുകയും. ഒന്നിച്ച് ജീവിതമാർഗത്തിലുള്ള പ്രയാസങ്ങളിൽ പരസ്പരം പിന്താങ്ങുകയും ചെയ്യുന്നു... പരസ്പരം നല്കുന്നതും ഔദാര്യപൂർവകമായ ദാനത്തിന്റെ സൗന്ദര്യം, ജനിക്കുന്ന ഒരു ജീവനിൽ നിന്നു വരുന്ന സന്തോഷം, ശിശുക്കൾ മുതൽ വൃദ്ധർവരെയുള്ള കുടുംബാംഗങ്ങളിലൂടെയെല്ലാം കിട്ടുന്ന സ്നേഹപൂർണമായ ശുശ്രൂഷ ഇവയെല്ലാം മറ്റു ചില ഫലങ്ങൾ മാത്രമാണ്. സഭയ്ക്കും സമൂഹത്തിനു മുഴുവനും അനന്യവും പകരം വയ്ക്കാനാവാത്തതുമായ കുടുംബത്തിന്റെ വിളിയോടു'[103] ആ ഫലങ്ങൾ പ്രത്യുത്തരിക്കുന്നു.



*പരിഹരിക്കപ്പെടാത്ത സംഘട്ടനങ്ങളുടെയും ആശയക്കുഴപ്പമുള്ള വൈകാരികാവസ്ഥകളുടെയും മധ്യത്തിൽപോലും സ്നേഹിക്കാനുള്ള തങ്ങളുടെ നിശ്ചയം, ഒരാൾ മറ്റേയാൾക്കുവേണ്ടിയായിരിക്കാനുള്ള നിശ്ചയം, ജീവിതങ്ങൾ പങ്കുവയ്ക്കാനും സ്നേഹിച്ചും ക്ഷമിച്ചും തുടരാനുള്ള നിശ്ചയം അവർ അനുദിനം സ്ഥിരീകരിക്കുന്നു. ഓരോ വ്യക്തിയും വ്യക്തിപരമായ വളർച്ചയുടെയും വികസനത്തിന്റെയും പാതയിൽ പുരോഗമിക്കുന്നു. ഈ യാത്രയിൽ സ്നേഹം ഓരോ ചുവടുവയ്പിലും ഓരോ പുതിയ ഘട്ടത്തിലും സന്തോഷിക്കുന്നു*

## അധ്യായം നാല്

# സ്നേഹം: വിവാഹത്തിൽ

89. സ്നേഹത്തെക്കുറിച്ചു കൂടി നാം പറഞ്ഞില്ലെങ്കിൽ ഇതുവരെ പറഞ്ഞതെല്ലാം വിവാഹത്തിന്റെയും കുടുംബത്തിന്റെയും സുവിശേഷം പ്രകാശിപ്പിക്കാൻ അപര്യാപ്തമായിരിക്കും. എന്തെന്നാൽ ദാമ്പത്യപരവും കുടുംബപരവുമായ സ്നേഹത്തിന്റെ വളർച്ചയും ശക്തിപ്പെടുത്തലും ആഴപ്പെടുത്തലും പ്രോത്സാഹിപ്പിക്കാതെ, വിശ്വസ്തതയുടെയും ആത്മദാനത്തിന്റെയും ഒരു പാത പ്രോത്സാഹിപ്പിക്കാനാവുകയില്ല. യഥാർഥത്തിൽ വിവാഹകൂദാശയുടെ കൃപാവരം ഉദ്ദേശിക്കുന്നത് സർവോപരി, 'ദമ്പതികളുടെ, സ്നേഹം പൂർണമാക്കുകയെന്നതാണ്.'[104] ഇവിടെയും നമുക്കു ഇങ്ങനെ പറയാനാവും: 'മലകളെ മാറ്റാൻ തക്ക വിശ്വാസം എനിക്കുണ്ടായിരുന്നാലും സ്നേഹമില്ലെങ്കിൽ ഞാൻ ഒന്നുമല്ല. ഞാൻ എന്റെ സർവസമ്പത്തും ദാനം ചെയ്താലും എന്റെ ശരീരം ദഹിപ്പിക്കാൻ വിട്ടുകൊടുത്താലും സ്നേഹമില്ലെങ്കിൽ എനിക്കു യാതൊരു പ്രയോജനവുമില്ല' (1 കോറി 13:2-3). 'സ്നേഹം' എന്ന പദം പൊതുവേ ഉപയോഗിക്കപ്പെടുന്നെങ്കിലും; മിക്കപ്പോഴും അതു ദുരുപയോഗിക്കപ്പെടുന്നു.[105]

### നമ്മുടെ അനുദിനസ്നേഹം

90. വിശുദ്ധ പൗലോസ് ശ്ലീഹായുടെ ഗാനാത്മക വിവരണത്തിൽ യഥാർഥ സ്നേഹത്തിന്റെ ചില സവിശേഷതകൾ നാം കാണുന്നു. 'സ്നേഹം ദീർഘക്ഷമയുള്ളതും ദയയുള്ളതുമാണ്. സ്നേഹം അസൂയപ്പെടുന്നില്ല. ആത്മപ്രശംസ ചെയ്യുന്നില്ല. അഹങ്കരിക്കുന്നില്ല. സ്നേഹം അനുചിതമായി പെരുമാറുന്നില്ല. സ്വാർഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല. അത് അനീതിയിൽ സന്തോഷിക്കുന്നില്ല. സത്യത്തിൽ ആഹ്ലാദിക്കുന്നു. സ്നേഹം സകലതും സഹിക്കുന്നു. സകലതും വിശ്വസിക്കുന്നു. സകലതും പ്രത്യാശിക്കുന്നു. സകലത്തെയും അതിജീവിക്കുന്നു' (1 കോറി 13:4-7).

ദമ്പതികളും അവരുടെ കുട്ടികളും അനുദിനജീവിതത്തിൽ സ്നേഹം അനുഭവിക്കുകയും അതിനെ വളർത്തുകയും ചെയ്യുന്നു. ഓരോ കുടുംബത്തിന്റെയും വസ്തുനിഷ്ഠമായ സാഹചര്യത്തിൽ പൗലോസ് ശ്ലീഹായുടെ ഈ ലേഖനഭാഗത്തിന്റെ അർഥവും പ്രസക്തിയും കൂടുതൽ ആഴത്തിൽ ചിന്തിക്കുക സഹായകമാണ്.

## സ്നേഹം ദീർഘക്ഷമയുള്ളതാണ്

91. ആദ്യം ഉപയോഗിച്ചിരിക്കുന്ന പദം '*മോക്രോത്തുമെയ്*' ആണ്. 'എല്ലാം സഹിക്കുക' എന്നതു മാത്രമായി അല്ല അതിനു ബന്ധം. കാരണം ആ ആശയം ഏഴാം വാക്യത്തിന്റെ അവസാനം ഉപയോഗിച്ചിട്ടുണ്ട്. പഴയ നിയമത്തിന്റെ ഗ്രീക്കു വിവർത്തനം അതിന്റെ അർഥം വ്യക്തമാക്കിയിരിക്കുന്നു: 'ദൈവം കോപിക്കുന്നതിൽ വിമുഖനാണ്' (പുറം 34:6; സംഖ്യ 14:18) . അപ്പോൾ ഇത് പരാമർശിക്കുന്നത് വികാരപരമായി പ്രവർത്തിക്കാതിരിക്കുകയും ദ്രോഹം ഒഴിവാക്കുകയും ചെയ്യുന്ന ഒരു വ്യക്തിയുടെ ഗുണത്തെയാണ്. കുടുംബജീവിതത്തിലും തന്നെ അനുകരിക്കാൻ ആഹ്വാനം ചെയ്യുന്ന ഉടമ്പടിയുടെ ദൈവത്തിൽ നാം ഇതു കാണുന്നു. ഈ പദം ഉപയോഗിക്കുന്ന വിശുദ്ധ പൗലോസിന്റെ വചനങ്ങൾ ജ്ഞാനത്തിന്റെ പുസ്തകത്തിന്റെ വെളിച്ചത്തിൽ വായിക്കണം (cf 11:23; 12:2, 15-18). ഈ ഗ്രന്ഥം, ദൈവത്തിന്റെ കാരുണ്യപ്രവൃത്തികളിൽ വെളിവാക്കപ്പെടതുപോലെ, അനുതാപസാധ്യത തുറന്നിടുന്നതും, എന്നാൽ അവിടത്തെ ശക്തിക്ക് ഊന്നൽ കൊടുക്കുന്നതുമായ അവിടത്തെ സംയമനം പുകഴ്ത്തുന്നു.. പാപികളോടുള്ള അവിടത്തെ കാരുണ്യത്തിൽ കാണിച്ച 'ക്ഷമാശീലം' അവിടത്തെ ശക്തിയുടെ യഥാർത്ഥ അടയാളമാണ്.

92. ക്ഷമാശീലമുണ്ടായിരിക്കുകയെന്നതിന് സ്ഥിരം ദുരുപയോഗിക്കപ്പെടാൻ നമ്മെത്തന്നെ വിട്ടുകൊടുക്കണമെന്നോ, ശാരീരികാക്രമണം സഹിക്കണമെന്നോ നമ്മെ ഉപയോഗിക്കാൻ മറ്റുള്ളവരെ അനുവദിക്കണമെന്നോ അർഥമില്ല. ബന്ധങ്ങളോ മനുഷ്യരോ പൂർണരായിരിക്കണമെന്ന് നാം ചിന്തിക്കുമ്പോഴും നമ്മെത്തന്നെ കേന്ദ്രസ്ഥാനത്ത് സ്ഥാപിച്ച് കാര്യങ്ങൾ നമ്മുടെ ഇഷ്ടപ്രകാരം നടക്കണമെന്നു പ്രതീക്ഷിക്കുമ്പോഴും നാം പ്രശ്നങ്ങളെ നേരിടുന്നു. അപ്പോൾ എല്ലാം നമ്മെ അക്ഷമരാക്കുന്നു; അക്രമപരമായി പ്രതികരിക്കാൻ എല്ലാം നമ്മെ പ്രേരിപ്പിക്കുന്നു. നമ്മൾ ക്ഷമ പോഷിപ്പിക്കുന്നില്ലെങ്കിൽ കോപത്തോടെ പ്രത്യുത്തരിക്കുന്നതിന് എപ്പോഴും ഒഴിവുകഴിവുകൾ കണ്ടുപിടിക്കും. നാം ഒന്നിച്ചു ജീവിക്കാൻ കഴിവില്ലാത്തവരും സമൂഹവിരുദ്ധരും നമ്മുടെ വികാരങ്ങളെ നിയന്ത്രിക്കാൻ കഴിയാത്തവരും ആകുകയും, നമ്മുടെ കുടുംബങ്ങൾ യുദ്ധഭൂമികളായിത്തീരുകയും ചെയ്യും. അതുകൊണ്ടാണ് ദൈവവചനം നമ്മോട് ഇങ്ങനെ പറയുന്നത്: 'സകല വിദ്വേഷവും ക്ഷോഭവും ക്രോധവും അട്ടഹാസവും ദൂഷണവും എല്ലാ തിന്മകളോടും കൂടെ നിങ്ങൾ ഉപേക്ഷിക്കുവിൻ' (എഫേ 4:31). മറ്റുള്ളവർക്കും അവർ ആയിരിക്കുന്നതുപോലെ ലോകത്തിൽ ജീവിക്കാൻ അവകാശമുണ്ടെന്നു ഞാൻ അംഗീകരിക്കുമ്പോൾ ക്ഷമാശീലം വേരുപിടിക്കുന്നു. അവർ എന്നെ പിടിച്ചു നിർത്തിയാലും എന്റെ പദ്ധതികൾ തകർത്താലും പ്രവർത്തന - ചിന്താ രീതികളാൽ അലട്ടിയാലും



ഞാൻ ആഗ്രഹിക്കുന്നപോലെയെല്ലാം അവർ ആകുന്നില്ലെങ്കിലും എനിക്കതു പ്രശ്നമല്ല. ആഴമേറിയ കാരുണ്യത്തിന്റെ ഒരു വശം സ്നേഹത്തിനുണ്ട്. ഞാൻ ഇഷ്ടപ്പെടുന്നതിൽ നിന്നു വ്യത്യസ്തമായി ആ വ്യക്തി പ്രവർത്തിക്കുന്നെങ്കിലും ആ വ്യക്തിയെ ഈ ലോകത്തിന്റെ ഒരു ഭാഗമായി സ്വീകരിക്കാൻ അതു പ്രേരിപ്പിക്കുന്നു.

## സ്നേഹം ദയയുള്ളതാണ്

93. വിശുദ്ധ പൗലോസ് ഉപയോഗിക്കുന്ന അടുത്ത വാക്ക് *ക്രെസ്തുവെത്തായ്* എന്നതാണ്. ബൈബിളിൽ ആകെ ഇവിടെ മാത്രമാണ് ഈ പദം പ്രയോഗിച്ചിട്ടുള്ളത്. *ക്രെസ്തോസ്* എന്നതിൽ നിന്നുണ്ടായ പദമാണത്. നല്ല മനുഷ്യൻ, തന്റെ പ്രവൃത്തികൾ വഴി നന്മ കാണിക്കുന്നവൻ എന്നിങ്ങനെയാണ് അതിന്റെ അർഥം. ഇവിടെ കൃത്യമായി മുമ്പു പ്രയോഗിച്ച പദത്തോടുള്ള നിശിതമായ സമാനതയനുസരിച്ച് ഇത് ഒരു പൂരകമായി നിലകൊള്ളുന്നു. 'ക്ഷമാശീല' മെന്നത് തികച്ചും നിഷ്ക്രിയമായ മനോഭാവമല്ലെന്നും, പ്രവർത്തനത്തോടും മറ്റുള്ളവരുമായുള്ള ഊർജ്ജസ്വലവും സർഗാത്മകവുമായ പരസ്പര ബന്ധത്തോടും കൂടിയതാണെന്ന് വ്യക്തമാക്കാൻ പൗലോസ് ശ്ലീഹാ ആഗ്രഹിക്കുന്നു. സ്നേഹം മറ്റുള്ളവർക്കു ഉപകാരം ചെയ്യുകയും സഹായിക്കുകയും ചെയ്യുന്നുവെന്ന് ഇതു സൂചിപ്പിക്കുന്നു. ഇക്കാരണത്താൽ ഇത് 'ദയവ്' എന്നു വിവർത്തനം ചെയ്യപ്പെടുന്നു. സഹായമാകാൻ എപ്പോഴും തയ്യാറാണ് സ്നേഹം.

94. സ്നേഹം കേവലം വികാരത്തേക്കാൾ കൂടിയതാണെന്ന് ഊന്നിപ്പറയാൻ പൗലോസ് ശ്ലീഹ ആഗ്രഹിക്കുന്നവെന്ന് വചനഭാഗം മുഴുവനിൽനിന്നും വ്യക്തമാണ്. 'സ്നേഹിക്കുക' എന്ന ഹീബ്രു ക്രിയാപദത്തിന്റെ അർഥമനുസരിച്ച് അതു മനസ്സിലാക്കണം. 'നന്മ ചെയ്യുക' എന്നാണ് അതിന്റെ അർഥം. വിശുദ്ധ ഇഗ്നേഷ്യസ് ലെയോള പറഞ്ഞതുപോലെ 'സ്നേഹം വാക്കുകളേക്കാൾ കൂടുതലായി പ്രവൃത്തികളിൽ കാണിക്കപ്പെടുന്നു.'[106] അത് അങ്ങനെ അതിന്റെ ഫലദായകത്വം കാണിക്കുന്നു. നല്കുന്നതിന്റെ സന്തോഷം അനുഭവിക്കാൻ, തിരിച്ചുതരാൻ ചോദിക്കാതെ, നല്കുന്നതിന്റെയും സേവിക്കുന്നതിന്റെയും സന്തോഷത്തിനുവേണ്ടിമാത്രം, നമ്മെത്തന്നെ ഉദാരതയോടെ ചെലവഴിക്കുന്നതിന്റെ കുലീനതയും മഹത്ത്വവും അനുഭവിക്കാൻ അത് അനുവദിക്കുന്നു.

## സ്നേഹം അസൂയപ്പെടുന്നില്ല

95. *സെലോയ്* എന്ന ക്രിയകൊണ്ടു പ്രകടിപ്പിക്കപ്പെടുന്ന അസൂയാലുയാകുക എന്ന മനോഭാവത്തെ പൗലോസ് ശ്ലീഹ സ്നേഹത്തിനു വിരുദ്ധമായി കരുതി തള്ളിക്കളയുന്നു. മറ്റൊരുവന്റെ സൗഭാഗ്യത്തെ സംബന്ധിച്ച് സ്നേഹത്തിൽ പരിഭവത്തിനു സ്ഥാനമില്ലെന്നാണ് ഇതിന്റെ അർത്ഥം

(cf അപ്പ 7:9; 17:5). മറ്റൊരാളുടെ അഭിവൃദ്ധിയിൽ ഉണർത്തപ്പെടുന്ന ദുഃഖത്തിന്റെ ഒരു രൂപമാണ് അസൂയ. മറ്റുള്ളവരുടെ സന്തോഷത്തിൽ അല്ല, നമ്മുടെ ക്ഷേമത്തിൽ മാത്രമാണ് നമുക്കു താത്പര്യമെന്ന് ഇതു കാണിക്കുന്നു. സ്നേഹം നമ്മെ നമ്മുടെമേൽ ഉയർന്നു നില്ക്കാൻ സഹായിക്കുമ്പോൾ, അസൂയ നമ്മെ നമ്മിൽത്തന്നെ അടച്ചുപൂട്ടിയിടുന്നു. യഥാർത്ഥ സ്നേഹം മറ്റൊരു വ്യക്തിയുടെ നേട്ടങ്ങളെ വിലമതിക്കുന്നു. അത് അവനെയോ അല്ലെങ്കിൽ അവളെയോ ഒരു ഭീഷണിയായി കരുതുന്നില്ല. അസൂയയുടെ അരുചിയിൽ നിന്ന് അത് നമ്മെ സ്വതന്ത്രരാക്കുന്നു. ഓരോ വ്യക്തിക്കും ജീവിതത്തിൽ വ്യത്യസ്ത ദാനങ്ങളുണ്ടെന്നും അനന്യമായ പാതയുണ്ടെന്നും അത് മനസ്സിലാക്കുന്നു. അതുകൊണ്ട് അത് സന്തോഷത്തിലേക്കുള്ള സ്വന്തം വഴി കണ്ടെത്താൻ ശ്രമിക്കുന്നു. മറ്റുള്ളവരെ അവരുടെ വഴി കണ്ടെത്താൻ അനുവദിക്കുകയും ചെയ്യുന്നു.

96. ഒറ്റവാക്കിൽ സ്നേഹത്തിന്റെ അർഥം ദൈവനിയമത്തിലെ അവസാനത്തെ രണ്ടു കല്പനകൾ നിറവേറ്റുകയാണ്: 'അയൽക്കാരന്റെ ഭവനം മോഹിക്കരുത്. അയൽക്കാരന്റെ ഭാര്യയെയോ ദാസനെയോ ദാസിയെയോ കാളയെയോ കഴുതയെയോ അവന്റെ മറ്റെന്തെങ്കിലുമോ മോഹിക്കരുത്' (പുറ 20:17). സ്നേഹം ഓരോ മനുഷ്യവ്യക്തിയെയും ആത്മാർഥമായി വിലമതിക്കാനും. സന്തോഷത്തിനുവേണ്ടിയുള്ള അവന്റെയോ അവളുടെയോ അവകാശം അംഗീകരിക്കാനും പ്രചോദിപ്പിക്കുന്നു. ഞാൻ ഈ വ്യക്തിയെ സ്നേഹിക്കുകയും 'എല്ലാം നമ്മുടെ സന്തോഷത്തിനുവേണ്ടി' (1 തിമോ 6:17) നല്കുന്ന ദൈവത്തിന്റെ കണ്ണുകൾകൊണ്ടു അവനെ അഥവാ അവളെ കാണുകയും ചെയ്യുന്നു. തത്ഫലമായി ഞാൻ അഗാധമായ സമാധാനവും അനുഭവിക്കുന്നു. ആഴത്തിൽ വേരുറച്ച ഇതേ സ്നേഹം ചിലർ അത്യധികവും മറ്റുചിലർ വളരെ കുറച്ചും സമ്പാദിക്കാൻ ഇടവരുത്തുന്ന അനീതിയെ നിഷേധിക്കാനും എന്നെ പ്രേരിപ്പിക്കുന്നു. സമൂഹഭ്രഷ്ടർ ചെറിയ അളവിൽ സന്തോഷം കണ്ടെത്താൻ, അവരെ സഹായിക്കാനുള്ള വഴികൾ തേടാൻ എന്നെ അതു പ്രേരിപ്പിക്കുന്നു. അത് അസൂയയല്ല. പിന്നെയോ സമത്വത്തിനുവേണ്ടിയുള്ള ആഗ്രഹമാണ്.

## സ്നേഹം ആത്മപ്രശംസ ചെയ്യുന്നില്ല

97. തുടർന്നുവരുന്ന വാക്ക് '*പെർപെരെവ്ത്തായ്*' എന്ന വാക്ക് വ്യർത്ഥാഭിമാനം, ഗർവ്, വിജ്ഞാനഗർവ്, വ്യഗ്രത എന്നിവ സൂചിപ്പിക്കുന്നു. സ്നേഹിക്കുന്നവർ തങ്ങളെപ്പറ്റിത്തന്നെയുള്ള അതിഭാഷണത്തിൽ നിന്നു പിന്മാറുക മാത്രമല്ല, മറ്റുള്ളവരിൽ ശ്രദ്ധ കേന്ദ്രീകരിക്കുക കൂടി ചെയ്യുന്നു. തങ്ങൾ ശ്രദ്ധാകേന്ദ്രമായിരിക്കണമെന്ന് അവർ ആഗ്രഹിക്കുന്നില്ല. അടുത്തതായി വരുന്ന പദം *ഫുസിയൂത്തായ്* എന്ന സമാനപദം സ്നേഹം അഹങ്കാരമുള്ളതല്ലെന്ന് സൂചിപ്പിക്കുന്നു. നമ്മൾ മറ്റുള്ളവരുടെ



മുമ്പിൽ 'ഊതിവീർപ്പിച്ച'വരായിത്തീരുന്നില്ല എന്നാണു അക്ഷരാർത്ഥം. അത് കൂടുതൽ സൂക്ഷ്മമായ ഒന്നിനെക്കൂടി സൂചിപ്പിക്കുന്നു: പകിട്ടു കാണിക്കാനുള്ള ക്രമരഹിതമായ വ്യഗ്രതയും യാഥാർഥ്യബോധത്തിന്റെ നഷ്ടവും. കൂടുതൽ ആത്മീയതയോ ജ്ഞാനമോ ഉള്ളവർ ആയതുകൊണ്ട് യഥാർഥത്തിൽ ആയിരിക്കുന്നതിനെക്കാൾ കൂടുതൽ പ്രാധാന്യമുള്ളവരാണ് തങ്ങളെന്ന് ഇക്കൂട്ടർ കരുതുന്നു. വിശുദ്ധ പൗലോസ് ശ്ലീഹ ഈ വാക്ക് മറ്റുള്ള സന്ദർഭങ്ങളിലും, ഉദാഹരണമായി 'അറിവ് അഹന്ത ജനിപ്പിക്കുന്നു', അതേസമയം 'സ്നേഹം ആത്മീയോത്കർഷം വരുത്തുന്നു' (1 കോറി 8:1) എന്നു പറയുന്നിടത്ത് ഉപയോഗിക്കുന്നുണ്ട്. തങ്ങൾ മറ്റുള്ളവരെക്കാൾ കൂടുതൽ അറിവുള്ളവരാകയാൽ കൂടുതൽ പ്രാധാന്യമുള്ളവരാണെന്നു ചിലർ കരുതുന്നു; അത് അവരിൽ കെട്ടിവയ്ക്കാനും അവർ ആഗ്രഹിക്കുന്നു. എന്നാൽ നമ്മെ കൂടുതൽ പ്രധാനപ്പെട്ടവരാക്കുന്നത് മറ്റുള്ളവരെ മനസ്സിലാക്കുകയും താത്പര്യം കാണിക്കുകയും ദുർബലരെ ആശ്ലേഷിക്കുകയും ചെയ്യുമ്പോഴാണ്. മറ്റൊരിടത്ത് സ്വന്തം പ്രാധാന്യം മൂലം 'ഔദ്ധത്യം കാണിക്കുന്നവരെ' വിമർശിക്കാൻ ഈ പദം ഉപയോഗിക്കുന്നുണ്ട് (cf 1 കോറി 4:18). അവർ യഥാർഥത്തിൽ പരിശുദ്ധാത്മാവിന്റെ യഥാർത്ഥ 'ശക്തി'യെക്കാൾ ശൂന്യമായ വാക്കുകൾ കൊണ്ടു നിറഞ്ഞവരാണ് (cf 1കോറി 4:19).

98. കുടുംബാംഗങ്ങളിൽ വിശ്വാസം സംബന്ധിച്ച് കുറച്ചു മാത്രം അറിയുന്നവരോടും ബോധ്യങ്ങളിൽ ദുർബലരോ ചഞ്ചലരോ ആയിട്ടുള്ളവരോടും പെരുമാറുന്ന മാർഗംകൊണ്ട് സ്നേഹം കാണിക്കുകയെന്നത് ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട കാര്യമാണ്. ചിലപ്പോൾ അതിനു വിപരീതമായി സംഭവിക്കുന്നു: കുടുംബത്തിലെ പക്വത പ്രാപിച്ചവരെന്നു കരുതപ്പെടുന്നവർ അസഹനീയമാംവിധം ഔദ്ധത്യമുള്ളവരായിത്തീരുന്നു. നേരേമറിച്ച്, സ്നേഹം വിനയത്താൽ മുദ്രിതമാണ്. നാം മറ്റുള്ളവരെ ഹൃദയപൂർവം മനസ്സിലാക്കുകയും അവരോടു ക്ഷമിക്കുകയും അവരെ ശുശ്രൂഷിക്കുകയും ചെയ്യണമെങ്കിൽ നമ്മുടെ അഹങ്കാരം സുഖപ്പെടുത്തുകയും വിനയം വർധിക്കുകയും വേണം. അധികാരം പ്രാബല്യപ്പെടുന്ന ലോകത്തിൽ ഓരോരുത്തനും മറ്റവനെ കീഴടക്കാൻ പരിശ്രമിക്കുന്നുവെന്നും എന്നാൽ 'നിങ്ങളുടെ ഇടയിൽ അങ്ങനെയായിരിക്കരുത്' (മത്താ 20:26) എന്നും യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു. ക്രൈസ്തവസ്നേഹത്തിന്റെ ആന്തരിക യുക്തി പ്രാധാന്യത്തെയും അധികാരത്തെയും സംബന്ധിച്ചുള്ളതല്ല. പിന്നെയോ 'നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനായിരിക്കണം' (മത്താ 20:27). കുടുംബജീവിതത്തിൽ, മേൽക്കോയ്മയുടെയും ആരാണ് ഏറ്റവും ബുദ്ധിയുള്ള അഥവാ അധികാരമുള്ള വ്യക്തി എന്ന മത്സരത്തിന്റെയും ന്യായവാദം സ്നേഹത്തെ നശിപ്പിക്കുന്നു. വിശുദ്ധ

പത്രോസിന്റെ ഉപദേശം കുടുംബത്തോടും ബന്ധിപ്പിക്കാവുന്നതാണ്: 'നിങ്ങൾ എല്ലാവരും പരസ്പര വിനയത്തിന്റെ അങ്കി അണിയുവിൻ. എന്തെന്നാൽ ദൈവം അഹങ്കാരികളെ എതിർക്കുകയും വിനയമുള്ളവർക്ക് കൃപ നല്കുകയും ചെയ്യുന്നു' (1 പത്രോ 5:5).

## സ്നേഹം അനുചിതമായി പെരുമാറുന്നില്ല

99. സ്നേഹിക്കുകയെന്നത് സൗമ്യതയും ശ്രദ്ധയുമുള്ളവനുമായിരിക്കുകയെന്നതു കൂടിയാണ്. ഇത് *അസ്ക്കെമോനേയ്* എന്ന അടുത്ത വാക്ക് സൂചിപ്പിക്കുന്നു. സ്നേഹം സംസ്കാരശൂന്യമോ മര്യാദ ഇല്ലാത്തതോ അല്ലെന്ന് ഇതു സൂചിപ്പിക്കുന്നു; അത് പരുഷമല്ല. അതിന്റെ പ്രവൃത്തികളും വാക്കുകളും ആംഗ്യങ്ങളും രൂക്ഷമോ കർക്കശമോ അല്ല സുഖിപ്പിക്കുന്നതാണ്. മറ്റുള്ളവരെ വിഷമിപ്പിക്കുകയെന്നത് അതു വെറുക്കുന്നു. മര്യാദയെന്നത് 'സംവേദകത്വത്തിന്റെയും നിസ്വാർത്ഥതയുടെയും വിദ്യാലയമാണ്. ശ്രവിക്കേണ്ടതും സംസാരിക്കേണ്ടതും, ചിലപ്പോൾ നിശ്ശബ്ദത പാലിക്കേണ്ടതും എങ്ങനെയെന്നു പഠിച്ച്[107] ഒരു' വ്യക്തി തന്റെ മനസ്സും വികാരങ്ങളും വികസിപ്പിക്കുവാൻ അത് ആവശ്യപ്പെടുന്നു. ഇത് ഒരു ക്രൈസ്തവന് സ്വീകരിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യാവുന്ന ഒന്നല്ല. സ്നേഹത്തിന്റെ സുപ്രധാന ആവശ്യമെന്ന നിലയ്ക്ക് 'ഓരോ വ്യക്തിയും തനിക്കു ചുറ്റുമുള്ളവരോട് യോജിക്കത്തക്കവിധത്തിൽ ജീവിക്കണം.'[108] ഓരോ ദിവസവും 'മറ്റൊരാളുടെ ജീവിതത്തിലേക്കു കടന്നു ചെല്ലുന്നത്, ആ വ്യക്തിക്ക് നമ്മുടെ ജീവിതത്തിൽ പണ്ടേ ഒരു പങ്കു വഹിക്കാനുണ്ടെങ്കിലും, വിശ്വാസവും ആദരവും പുതുക്കാൻ കഴിയുന്ന സംവേദകത്വവും സംയമനവും ആവശ്യപ്പെടുന്നു. യഥാർത്ഥത്തിൽ, സ്നേഹം എത്ര ആഴപ്പെടുന്നുവോ, അത്ര കൂടുതൽ അപരന്റെ സ്വാതന്ത്ര്യം ആദരിക്കാനും തന്റെ ഹൃദയകവാടം തുറക്കുന്നതുവരെ കാത്തിരിക്കാൻ വേണ്ട കഴിവും ആവശ്യപ്പെടുന്നു.'[109]

100. മറ്റുള്ളവരുമായി ആത്മാർത്ഥമായ കണ്ടുമുട്ടൽ തുടങ്ങാൻ 'കാരുണ്യപൂർണമായ നോട്ടം' അത്യന്താപേക്ഷിതമാണ്. സ്വന്തം കുറവുകൾ അവഗണിച്ചിട്ട് മറ്റുള്ളവരുടെ കുറവുകൾ എളുപ്പം ചൂണ്ടിക്കാണിക്കുന്ന നിഷേധാത്മകമായ മനോഭാവം ഇതിനു യോജിച്ചതല്ല. കരുണാപൂർണമായ നോട്ടം നമ്മുടെ പരിമിതിക്കപ്പുറം കാണാൻ നമ്മെ സഹായിക്കുന്നു, തമ്മിൽ വ്യത്യാസങ്ങളുണ്ടെങ്കിലും ക്ഷമയുള്ളവരായിരിക്കാനും മറ്റുള്ളവരോടു സഹകരിക്കാനും നമ്മെ സഹായിക്കുന്നു. സ്നേഹപൂർണമായ കാരുണ്യം ഉടമ്പടികളെ പടുത്തുയർത്തുകയും ബന്ധങ്ങളെ വളർത്തുകയും ചെയ്യുന്നു. സമന്വയത്തിന്റെ പുതിയ ശൃംഖലകളെ സൃഷ്ടിക്കുന്നു, ഉറച്ച സാമൂഹിക വ്യവസ്ഥിതിയെ നെയ്തെടുക്കുന്നു. ഇങ്ങനെ ഇത് എന്നും കൂടുതൽ ശക്തമായി വളരുന്നു, എന്തെന്നാൽ



സ്വന്തമെന്ന ബോധം കൂടാതെ മറ്റുള്ളവരുമായി ഒരു സമർപ്പണം നിലനിറുത്താൻ നമുക്കു സാധിക്കുകയില്ല. നാം നമ്മുടെ സൗകര്യം മാത്രം അന്വേഷിക്കുന്നവരാകുകയും പൊതുജീവിതം അസാധ്യമായിത്തീരുകയും ചെയ്യുന്നു. മറ്റു മനുഷ്യർ തങ്ങളുടെ തൃപ്തിക്കുവേണ്ടി മാത്രം ജീവിക്കുന്നവരാണെന്ന് സമൂഹവിരുദ്ധരായ മനുഷ്യർ ചിന്തിക്കുന്നു. തത്ഫലമായി, സ്നേഹത്തിന്റെ സൗമ്യതയ്ക്കോ അതിന്റെ പ്രകടനത്തിനോ സ്ഥാനമില്ലാതായിത്തീരുന്നു. സൗഖ്യത്തിന്റെയും ശക്തിയുടെയും സമാശ്വാസത്തിന്റെയും പ്രോത്സാഹനത്തിന്റെയും വാക്കുകൾ പറയാൻ സ്നേഹം നമ്മെ ശക്തരാക്കുന്നു. യേശു തന്നെ പറയുന്ന വാക്കുകൾ ഇവയാണ്: 'മകനേ, ധൈര്യത്തോടെയിരിക്കുക' (മത്താ 9:2), 'നിന്റെ വിശ്വാസം വലുതാണ്' (മത്താ 15:28), 'എഴുന്നേല്ക്കുക' (മർക്കോ 5:41), 'സമാധാനത്തിൽ പോകുക' (ലൂക്കാ 7:50), 'ഭയപ്പെടാതിരിക്കുക' (മത്താ 14:27). ഈ വാക്കുകൾ തരം താഴ്ത്തുകയോ ദുഃഖിപ്പിക്കുകയോ കോപം ധ്വനിപ്പിക്കുകയോ അവജ്ഞ പ്രകടിപ്പിക്കുകയോ ചെയ്യുന്നവയല്ല. നമ്മുടെ കുടുംബങ്ങളിൽ, നമ്മൾ പരസ്പരം സംസാരിക്കുമ്പോൾ യേശുവിന്റെ തന്നെ സൗമ്യത അനുകരിക്കാൻ നാം പഠിക്കണം.

## സ്നേഹം ഉദാരതയുള്ളതാണ്

101. അപരനെ സ്നേഹിക്കുന്നതിന് ആദ്യം നാം നമ്മെത്തന്നെ സ്നേഹിക്കണമെന്ന് നാം ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. എന്നാലും സ്നേഹം 'തന്റെ താത്പര്യം അന്വേഷിക്കുന്നില്ല,' 'തന്റേതുതന്നെ അന്വേഷിക്കുന്നില്ല' എന്നിങ്ങനെ പൗലോസിന്റെ സ്നേഹഗീതം പറയുന്നുണ്ട്. മറ്റൊരിടത്തും ഇതേ ആശയം പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ട്: 'ഓരോരുത്തരും സ്വന്തം താത്പര്യം മാത്രം നോക്കിയാൽ പോരാ, മറിച്ച് മറ്റുള്ളവരുടെ താത്പര്യം കൂടി പരിഗണിക്കണം' (ഫിലിപ്പി 2:4). മറ്റുള്ളവരെ ഉദാരതയോടെ സേവിക്കുന്നത് നമ്മെത്തന്നെ സ്നേഹിക്കുന്നതിനെക്കാൾ ഏറെ ശ്രേഷ്ഠമാണെന്ന് വേദഗ്രന്ഥം വ്യക്തമാക്കുന്നു. മറ്റുള്ളവരെ സ്നേഹിക്കാൻ കഴിയുന്നതിനുള്ള മനഃശാസ്ത്രപരമായ മുൻവ്യവസ്ഥയെന്ന നിലയിൽ മാത്രമേ നമ്മെത്തന്നെ സ്നേഹിക്കുന്നതിന് പ്രാധാന്യമുള്ളൂ: 'തന്നോടുതന്നെ പിശുക്കു കാണിക്കുന്നവൻ ആരോടെങ്കിലും ഔദാര്യം കാണിക്കുമോ? സ്വന്തം കാര്യത്തിൽ അല്പത്വം കാണിക്കുന്നവനെക്കാൾ അല്പനായി ആരുമില്ല...' (പ്രഭാ 14:5-6).

102. വിശുദ്ധ തോമസ് അക്വീനാസ് ഇങ്ങനെ വിവരിക്കുന്നു: 'സ്നേഹിക്കപ്പെടാൻ ആഗ്രഹിക്കുന്നതിനെക്കാൾ സ്നേഹിക്കാൻ ആഗ്രഹിക്കുകയെന്നതാണ് പരസ്നേഹത്തിൽ കൂടുതൽ യുക്തമായിരിക്കുന്നത്.'[110] യഥാർത്ഥത്തിൽ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത് അമ്മമാരാണ്. അവർ സ്നേഹിക്കപ്പെടണമെന്നതിനെക്കാൾ സ്നേഹിക്കാൻ പരിശ്രമി

ക്കുന്നു'.[111] തത്ഫലമായി സ്നേഹത്തിനു 'തിരിച്ചൊന്നും പ്രതീക്ഷിക്കാതെ'' (ലൂക്ക 6:35) നീതിയുടെ ആവശ്യങ്ങൾക്ക് അതീതമായിരിക്കാൻ അവയെ കവിഞ്ഞ് ഒഴുകാനും സാധിക്കും. മറ്റൊരാൾക്കുവേണ്ടി സ്വജീവൻ പരിത്യജിക്കുന്നതിലേക്ക് (cf യോഹ 15:13) നയിക്കാൻ ഏറ്റവും വലിയ സ്നേഹത്തിനു കഴിയും. നമ്മെത്തന്നെ സ്വതന്ത്രമായും പൂർണമായും നല്കാൻ നമ്മെ പ്രാപ്തരാക്കുന്ന അത്തരം ഔദാര്യം സാധ്യമാണോ? അതേ, എന്നെന്നാൽ സുവിശേഷം അത് ആവശ്യപ്പെടുന്നുണ്ട്: 'ദാനമായി നിങ്ങൾക്കു കിട്ടി; ദാനമായിത്തന്നെ കൊടുക്കുവിൻ' (മത്താ 10:8).

## സ്നേഹം കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നുമില്ല

103. മറ്റുള്ളവരുടെ ദുർബലതയോടും തെറ്റുകളോടും കഠിനമായി പെട്ടെന്നു പ്രതികരിക്കാതിരിക്കുന്ന ഒരു ക്ഷമാശീലത്തിന്റെ ആവശ്യത്തെക്കുറിച്ച് പൗലോസ് ശ്ലീഹായുടെ കീർത്തനത്തിലെ ആദ്യ വാക്കു പറഞ്ഞുവെങ്കിൽ അടുത്തതായി അദ്ദേഹം ഉപയോഗിക്കുന്ന *പരോക്സിനേത്തായ്* എന്ന പദം പുറമേ നിന്നുള്ള ഒന്നിനാൽ ആന്തരിക കോപത്തെ ഉദ്ദീപിപ്പിക്കുന്നതിനോടാണ് കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നത്. മറ്റുള്ളവരെക്കുറിച്ചു പറയുമ്പോൾ, അവർ പ്രശ്നക്കാരും ഭീഷണിപ്പെടുത്തുന്നവരും തന്മൂലം അകറ്റി നിറുത്തേണ്ടവരുമാണെന്ന വിധം നമ്മെ ക്ഷുഭിതരാക്കുന്ന ഉള്ളിലെ അക്രമോത്സുകമായ പ്രതികരണവും ഒളിഞ്ഞിരിക്കുന്ന പ്രകോപനവുമാണിത്. അത്തരം ആന്തരിക ശത്രുത വളർത്തുന്നത് ആർക്കും സഹായകമല്ല. അത് മുറിപ്പെടുത്തലിനും ഒറ്റപ്പെടുത്തലിനും മാത്രമേ കാരണമാകുകയുള്ളൂ. ഗുരുതരമായ അനീതിയ്ക്കെതിരേ നമ്മെ പ്രതികരിപ്പിക്കുമ്പോൾ മാത്രമേ കോപം ആരോഗ്യപ്രദമാകുന്നുള്ളൂ. അത് മറ്റുള്ളവരോടുള്ള നമ്മുടെ മനോഭാവത്തിൽ നിറയുമ്പോൾ അത് ദ്രോഹകരമാണ്.

104. നമ്മുടെ കണ്ണിലെ തടിക്കഷണത്തിലേക്കു നോക്കാൻ സുവിശേഷം നമ്മോടു പറയുന്നു (cf മത്താ 7:5). കോപം ജ്വലിപ്പിക്കാതിരിക്കാനുള്ള ദൈവവചനത്തിന്റെ സ്ഥിരമായ മുന്നറിയിപ്പ് അവഗണിക്കാൻ ക്രിസ്ത്യാനികൾക്കു സാധ്യമല്ല: 'നിങ്ങൾ തിന്മയാൽ കീഴടക്കപ്പെടരുത്' (റോമാ 12:21). 'നന്മ ചെയ്യുന്നതിൽ നമുക്കു മടുപ്പു തോന്നാതിരിക്കട്ടെ' (ഗലാ 6:9). ശത്രുത പെട്ടെന്ന് പതഞ്ഞുരയുന്നത് മനസിലാക്കുകയെന്നത് ഒരു കാര്യം; നമ്മുടെ ഹൃദയത്തിൽ അതു വേരുറയ്ക്കത്തക്കവിധം അതിൽ മുഴുകുകയെന്നത് മറ്റൊന്ന്. കോപിക്കുവിൻ എന്നാൽ പാപം ചെയ്യരുത്. നിന്റെ കോപത്തിൻമേൽ സൂര്യൻ അസ്തമിക്കാൻ ഇടയാകരുത്' (എഫേ 4:26). കുടുംബത്തിൽ സമാധാനം സ്ഥാപിക്കാതെ ദിവസം അവസാനിപ്പിക്കാൻ അനുവദിക്കരുതെന്നാണ് എന്റെ ഉപദേശം. 'ഞാൻ എങ്ങനെയാണ് സമാധാനം സ്ഥാപിക്കാൻ പോകുന്നത്? ഞാൻ മുട്ടുകുത്തിക്കൊണ്ടാണോ? അല്ല! ചെറിയ ഒരാംഗ്യം വഴി, ചെറുതായി എന്തെങ്കിലും ചെയ്തുകൊണ്ട് നിങ്ങളുടെ കുടുംബത്തിലെ പൊരുത്തം പുനഃസ്ഥാപിക്കപ്പെടും. അല്പം ലാളിക്കൽ മതി; വാക്കുകൾ ആവശ്യമില്ല. എന്നാൽ, നിങ്ങളുടെ കുടുംബത്തിൽ സമാധാനം സ്ഥാപിക്കാതെ ദിവസം അവസാനിക്കാൻ ഇടയാകരുത്.'[112] നമ്മെ ശല്യപ്പെടുത്തുമ്പോഴുള്ള ആദ്യ പ്രതികരണം ആ വ്യക്തിയെ ആശീർവദിക്കാനും സ്വതന്ത്രനാക്കാനും സുഖപ്പെടുത്താനും അപേക്ഷിച്ചുകൊണ്ടുള്ള ഹൃദയപൂർവ്വകമായ ആശീർവാദത്തിന്റേതായിരിക്കണം... 'നേരേ മറിച്ച് നിങ്ങൾ അനുഗ്രഹിക്കുവിൻ. അനുഗ്രഹം അവകാശമാക്കുന്നതിനുവേണ്ടി വിളിക്കപ്പെട്ടിരിക്കുന്നവരാണല്ലോ നിങ്ങൾ' (1 പത്രോ 3:9) തിന്മയോട് നാം യുദ്ധം ചെയ്യേണ്ടിയിരിക്കുന്നുവെങ്കിൽ അങ്ങനെയാകട്ടെ; പക്ഷേ, ഭവനത്തിൽ അക്രമത്തോട് നാം എപ്പോഴും 'ഇല്ല' എന്നു പറയണം.

## സ്നേഹം ക്ഷമിക്കുന്നു

105. ദ്വേഷം നമ്മുടെ ഹൃദയങ്ങളിൽ വേരുപിടിക്കാൻ നമ്മൾ അനുവദിച്ചുപോയാൽ, അത് കടുത്ത വെറുപ്പിലേക്കു നയിക്കും. ഗ്രീക്കുഭാഷയിലുള്ള '*ഊ ലോഗിസെറ്റായ് തോ കക്കോൺ*' എന്ന ശൈലിയുടെ അർത്ഥം സ്നേഹം 'തിന്മയെ കണക്കിലെടുക്കുന്നില്ല', അത് വെറുപ്പ് പ്രകടിപ്പിക്കുന്നതല്ല എന്നാണ്. 'വെറുപ്പിനു വിപരീതമായ ക്ഷമിക്കൽ മറ്റുള്ളവരുടെ ദൗർബല്യം മനസ്സിലാക്കാനും അവ പൊറുക്കാനും ശ്രമിക്കുന്ന ഒരു ഭാവാത്മക മനോഭാവത്തിൽ വേരുറച്ചതാണത്. യേശു പറഞ്ഞതുപോലെ: 'പിതാവേ, അവരോടു ക്ഷമിക്കണമേ; എന്തെന്നാൽ അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല' (ലൂക്കാ 23:34). എന്നാൽ നമ്മൾ കൂടിയ തിന്മകളെ സങ്കൽപിച്ച്, എല്ലാത്തരം മോശം ഉദ്ദേശ്യങ്ങളും അനുമാനിച്ച് കൂടുതൽ കുറ്റങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ വെറുപ്പ് വളരുകയും ആഴപ്പെടുകയും ചെയ്യുന്നു. അങ്ങനെ, ദമ്പതിമാരിൽ ഒരാളുടെ ഏതു തെറ്റിനും വീഴ്ചയ്ക്കും സ്നേഹബന്ധത്തെയും കുടുംബത്തിന്റെ ഉറപ്പിനെയും ഉപദ്രവിക്കാൻ കഴിയുന്നു. എല്ലാ പ്രശ്നങ്ങളെയും തുല്യതോതിൽ ഗൗരവപൂർണമായി നാം കാണുമ്പോൾ എന്തോ തെറ്റുണ്ട്. ഇങ്ങനെ മറ്റുള്ളവരുടെ പരാജയങ്ങളോട് അനുചിതമായി കാർക്കശ്യമുള്ളവരായിത്തീരുന്നു. നമ്മുടെ അവകാശങ്ങൾ ആദരിക്കപ്പെടാനുള്ള നീതിപൂർവകമായ ആഗ്രഹം, നമ്മുടെ അന്തസ് യുക്തപൂർവം സംരക്ഷിക്കുകയെന്നതിനെക്കാൾ കൂടുതലായി പകവീട്ടാനുള്ള ദാഹത്തിലേക്കു നയിക്കുന്നു.

106. നമ്മെ ഉപദ്രവിക്കുകയോ തരം താഴ്ത്തുകയോ ചെയ്യുമ്പോൾ ക്ഷമിക്കുകയെന്നത് സാധ്യവും, അഭികാമ്യവും ആണെങ്കിലും അത്, എളുപ്പമുള്ള

കാര്യമാണെന്ന് ആർക്കും പറയാൻ കഴിയുകയില്ല. 'കുടുംബക്കൂട്ടായ്മ വലിയ ത്യാഗ ചൈതന്യത്തിലൂടെ മാത്രമേ സംരക്ഷിക്കപ്പെടുകയും പൂർണമാക്കപ്പെടുകയും ചെയ്യുകയുള്ളു എന്നതാണു സത്യം. യഥാർത്ഥത്തിൽ, മനസിലാക്കാനും, സഹിക്കാനും ക്ഷമിക്കാനും അനുരഞ്ജിതരാകാനുമുള്ള സന്നദ്ധവും ഉദാരവുമായ തുറവ് എല്ലാവരിൽനിന്നും അത് ആവശ്യപ്പെടുന്നു. സ്വാർത്ഥതയും അനൈക്യവും സംഘർഷവും സംഘട്ടനവും തന്റെ കൂട്ടായ്മയെ ആക്രമിക്കുകയും ചിലപ്പോൾ മരണകരമായി വ്രണപ്പെടുത്തുകയും ചെയ്യുന്നത് എങ്ങനെയാണെന്ന് അറിയാത്ത ഒരു കുടുംബവുമില്ല. അങ്ങനെ കുടുംബജീവിതത്തിൽ വിവിധ രൂപങ്ങളിലുള്ള ഭിന്നിപ്പുകളുണ്ടാകുന്നു.'[113]

107. മറ്റുള്ളവരോടു ക്ഷമിക്കാൻ കഴിയുകയെന്നതിൽ നമ്മെത്തന്നെ മനസ്സിലാക്കാനും നമ്മോടു തന്നെ ക്ഷമിക്കാനുമുള്ള വിമോചനാനുഭവം ഉൾക്കൊള്ളുന്നുണ്ട് എന്ന് നാമിന്ന് തിരിച്ചറിയുന്നു. മിക്കപ്പോഴും നമ്മുടെ തെറ്റുകൾക്ക് അല്ലെങ്കിൽ നാം സ്നേഹിക്കുന്നവരിൽ നിന്നു കിട്ടുന്ന വിമർശനം സ്വാഭിമാനം നഷ്ടമാകാൻ ഇടയാക്കുന്നു. നാം മറ്റുള്ളവരുടെ വാത്സല്യം ഒഴിവാക്കി, നമ്മുടെ വ്യക്തിബന്ധങ്ങളെക്കുറിച്ചു ഭയം നിറഞ്ഞവരായി അവരിൽനിന്ന് അകലുന്നു. മറ്റുള്ളവരെ കുറ്റപ്പെടുത്തൽ അബദ്ധപൂർണമായ സ്ഥിരീകരിക്കലായിത്തീരുന്നു. നമ്മുടെ കഴിഞ്ഞകാല ചരിത്രത്തെ ഓർത്ത് പ്രാർത്ഥിക്കാനും നമ്മെത്തന്നെ സ്വീകരിക്കാനും നമ്മുടെ പരിമിതികളോടെ എങ്ങനെ ജീവിക്കാമെന്നു പഠിക്കാനും നമ്മോടുതന്നെ ക്ഷമിക്കാൻ പോലും നമ്മൾ പഠിക്കണം. ഇതേ മനോഭാവം മറ്റുള്ളവരോട് ഉണ്ടായിരിക്കാൻ അത് ആവശ്യമാണ്.

108. ദൈവത്താൽ നാം തന്നെ ക്ഷമിക്കപ്പെട്ടതിന്റെ അനുഭവം നമുക്കുണ്ടെന്നും നമ്മുടെ യോഗ്യതകളാലല്ല, ദൈവത്തിന്റെ കൃപാവരത്താലാണ് നാം നീതീകരിക്കപ്പെടുന്നതെന്നും ഇത് അർത്ഥമാക്കുന്നു. നമ്മുടെ ഏതു പരിശ്രമങ്ങൾക്കും മുമ്പുള്ള ഒരു സ്നേഹം, സ്ഥിരം വാതിലുകൾ തുറക്കുന്നതും ഉന്നമിപ്പിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതുമായ ഒരു സ്നേഹം, നാം അറിഞ്ഞിട്ടുണ്ട്. ദൈവത്തിന്റെ സ്നേഹം വ്യവസ്ഥാതീതമാണെന്നും ദൈവപിതാവിന്റെ സ്നേഹം വാങ്ങിക്കാനോ വില്ക്കാനോ കഴിയുന്നതല്ലെന്നും നാം അംഗീകരിച്ചാൽ നാം അളവറ്റ സ്നേഹം പ്രദർശിപ്പിക്കാനും മറ്റുളളവർ നമുക്കെതിരേ തെറ്റു ചെയ്താലും അവരോടു ക്ഷമിക്കാനും കഴിവുള്ളവരാകും. അല്ലെങ്കിൽ, നമ്മുടെ കുടുംബജീവിതം ധാരണയുടെയോ പിന്തുണയുടെയോ പ്രോത്സാഹനത്തിന്റെയോ ഒരിടമാകാതെ, സ്ഥിര സംഘർഷത്തിന്റെയും പരസ്പര വിമർശനത്തിന്റെയും ഇടമായിരിക്കും.



## സ്നേഹം സത്യത്തിൽ ആഹ്ലാദിക്കുന്നു

109. ഒരു വ്യക്തിയുടെ ഹൃദയത്തിൽ ആഴത്തിൽ ഒളിഞ്ഞിരിക്കുന്ന നിഷേധത്തെ സൂചിപ്പിക്കുന്ന ഒന്നാണ് *ഖായ്റേയി എപ്പി തേ അദിക്കിയ* എന്ന ഗ്രീക്കു പ്രയോഗം. മറ്റുള്ളവരോട് അനീതി ചെയ്യുന്നതു കാണുമ്പോൾ സന്തോഷിക്കുന്നവരുടെ വിഷമയമായ മനോഭാവമാണത്. തുടർന്നു വരുന്ന ശൈലി അതിന്റെ വിപരീതഭാവത്തെ സൂചിപ്പിക്കുന്നു: *സുഗ്ഖായ്റേയ് തേ അലേത്തേയിയ;* 'നീതിയിൽ സന്തോഷിക്കുന്നു' എന്നാണ് (അതിന്റെ അർത്ഥം). മറ്റു വാക്കുകളിൽ പറഞ്ഞാൽ മറ്റുള്ളവരുടെ മഹത്ത്വം നാം കാണുകയും അവരുടെ കഴിവുകളെയും സത്പ്രവൃത്തികളെയും നാം വിലമതിക്കുകയും ചെയ്യുമ്പോൾ അവരുടെ നന്മയിൽ നാം സന്തോഷിക്കുന്നു. തങ്ങളുടെ ജീവിത പങ്കാളിയോടുപോലും എപ്പോഴും താരതമ്യപ്പെടുത്തുകയും മത്സരിക്കുകയും ചെയ്ത്, അവരുടെ പരാജയങ്ങളിൽ രഹസ്യമായി സന്തോഷിക്കുന്നവർക്ക് ഇത് അസാധ്യമായിത്തീരുന്നു.

110. സ്നേഹിക്കുന്ന ഒരു വ്യക്തിക്ക് മറ്റുള്ളവർക്കായി നന്മചെയ്യാൻ കഴിയുമ്പോൾ, അല്ലെങ്കിൽ മറ്റുള്ളവർ സന്തുഷ്ടരാണെന്നു കാണുമ്പോൾ അവർ തന്നെ സന്തോഷപൂർവം ജീവിക്കുകയും അങ്ങനെ ദൈവത്തെ മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നു. എന്തെന്നാൽ 'സന്തോഷപൂർവം കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു' (2 കോറി 9:7). മറ്റുള്ളവരുടെ സന്തോഷത്തിൽ സന്തോഷിക്കുന്നവരെ നമ്മുടെ കർത്താവ് സവിശേഷമാംവിധം വിലമതിക്കുന്നു. മറ്റുള്ളവരുടെ ക്ഷേമത്തിൽ എങ്ങനെ സന്തോഷിക്കണമെന്നു പഠിക്കുന്നതിൽ നാം പരാജയപ്പെടുകയും നമ്മുടെ തന്നെ ആവശ്യങ്ങളിൽ നാം ഒന്നാമതായി ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്താൽ സന്തോഷരഹിതമായ ഒരസ്തിത്വത്തിലേക്ക് നാം നമ്മെത്തന്നെ വിധിക്കും. എന്തെന്നാൽ യേശു പറഞ്ഞതുപോലെ, 'സ്വീകരിക്കുന്നതിനെക്കാൾ കൊടുക്കുന്നതാണ് ശ്രേയസ്കരം' (അപ്പ 20:35). കുടുംബാംഗങ്ങളിൽ ഒരാൾക്ക് ഒരു നന്മയുണ്ടാകുമ്പോൾ മറ്റുള്ളവർ അയാളോടൊപ്പം ആഘോഷിക്കാനുണ്ടാകുമെന്ന് അറിയുന്ന ഒരു ഇടമായിരിക്കണം കുടുംബം.

## സ്നേഹം സകലതും സഹിക്കുന്നു

111. പൗലോസ് ശ്ലീഹായുടെ ലിസ്റ്റ് 'സകലതും' എന്നു വാക്ക് ഉൾക്കൊള്ളുന്ന നാലു ശൈലികൾകൊണ്ട് അവസാനിക്കുന്നു. സ്നേഹം എല്ലാം സഹിക്കുന്നു, സകലതും വിശ്വസിക്കുന്നു, സകലതും പ്രത്യാശിക്കുന്നു, സകലത്തെയും അതിജീവിക്കുന്നു. എന്തു ഭീഷണിപ്പെടുത്തിയാലും അതിനെ നേരിടാൻ കഴിവുള്ള പ്രതിസംസ്ക്കാരശക്തി ഇവിടെ നാം വ്യക്തമായി കാണുന്നു.

112. ഒന്നാമതായി, പൗലോസ് ശ്ലീഹാ പറയുന്നു, സ്നേഹം 'എല്ലാം സഹിക്കുന്നു' (*പന്താ സ്തേ ഗെയ്*) എന്ന്. ഇത് കേവലം തിന്മയെ സഹിക്കുകയെന്നതിനെക്കാൾ അധികമാണ്. നാവിന്റെ ഉപയോഗവുമായി അതിനു ബന്ധമുണ്ട്. മറ്റൊരു വ്യക്തിയുടെ തെറ്റിനെ സംബന്ധിച്ച് 'സ്വസമാധാനം സൂക്ഷിക്കുക' എന്നൊരർത്ഥം ഈ ക്രിയാപദത്തിനുണ്ട്. ദൃഢവും നിർദ്ദയവുമായ ഒരു കുറ്റപ്പെടുത്തൽ പ്രഖ്യാപിക്കാനുള്ള പ്രേരണയെ നിയന്ത്രിച്ച് വിധി പ്രസ്താവന പരിമിതപ്പെടുത്തുക എന്ന് അർഥമാക്കുന്നു: 'നിങ്ങൾ വിധിക്കരുത്; നിങ്ങളും വിധിക്കപ്പെടുകയില്ല' (ലൂക്കാ 6:37). നാം നമ്മുടെ നാവുകളെ സാധാരണമായി ഉപയോഗിക്കുന്നതിനു വിരുദ്ധമാണിതെങ്കിലും ദൈവവചനം നമ്മോട് പറയുന്നു: 'നിങ്ങൾ പരസ്പരം എതിർത്തു സംസാരിക്കരുത്' (യാക്കോ 4:11). മറ്റൊരു വ്യക്തിയെ കുറ്റപ്പെടുത്തി സംസാരിക്കാൻ തയ്യാറാകുകയെന്നത് നമ്മൾ ചെയ്തേക്കാവുന്ന ദ്രോഹം പരിഗണിക്കാതെ വെറുപ്പും അസൂയയും പ്രകടപ്പിച്ച് നമ്മെത്തന്നെ സമർത്ഥിക്കുകയാണ്. അപവാദം പറച്ചിൽ തികച്ചും പാപകരമാകാമെന്ന കാര്യം നാം പലപ്പോഴും മറക്കുന്നു. മറ്റൊരു വ്യക്തിയുടെ സത്പ്പേരിനെ ഗൗരവമാംവിധം ദ്രോഹിക്കുകയും പരിഹരിക്കാനാവാത്തവിധം തകർക്കുകയും ചെയ്യുന്നത് ദൈവത്തിനെതിരായ ഗുരുതരമായ പാപമാണ്. അതുകൊണ്ട് ദൈവവചനം വെട്ടിത്തുറന്ന് ഇങ്ങനെ പറയുന്നു: നാവ് മുഴുവൻ ശരീരത്തെയും മലിനപ്പെടുത്തുന്ന 'തിന്മയുടെ ലോകമാണ്' (യാക്കോ 3:6); അത് 'മാരകവിഷം നിറഞ്ഞ വിശ്രമമില്ലാത്ത തിന്മയാണ്' (യാക്കോ 3;8) 'ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവരെ ശപിക്കാൻ' (യാക്കോ 3:9) നാവ് ഉപയോഗിക്കാനാവുമെങ്കിലും, സ്നേഹം മറ്റുള്ളവരുടെ - ശത്രുക്കളുടെ പോലും - സത്പ്പേരിനെ പോഷിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ നിയമം ഉയർത്തിപ്പിടിക്കാൻ പരിശ്രമിക്കമ്പോൾ സ്നേഹത്തിന്റെ സവിശേഷമായ ഈ ആവശ്യം നാം ഒരിക്കലും മറക്കരുത്.

113. സ്നേഹത്തിൽ ഒന്നിക്കപ്പെട്ട വിവാഹതരായ ദമ്പതികൾ പരസ്പരം നല്ലതു പറയുന്നു. അവർ ജീവിതപങ്കാളിയുടെ ദൗർബല്യവും കുറ്റങ്ങളുമല്ല നല്ലവശം കാണിക്കാൻ പരിശ്രമിക്കുന്നു. എങ്ങനെയായാലും കുറ്റപ്പെടത്തി പറയുന്നതിനെക്കാൾ നിശ്ശബ്ദത പാലിക്കാൻ അവർ ശ്രമിക്കുന്നു. മറ്റുള്ളവരുടെ മുമ്പിൽ വെറുതെ അഭിനയിക്കുന്നതല്ല ഇത്. അത് ആന്തരികമായ ഒരു മനോഭാവത്തിൽ നിന്ന് ഉറവെടുക്കുന്നു. മറ്റുള്ളവരുടെ പ്രശ്നങ്ങളും ദുർബലതകളും കാണുന്നില്ലെന്ന് സാമർത്ഥ്യത്തോടെ അവകാശപ്പെടുന്നതിനു പകരം ദുർബലതകളെയും പിശകുകളെയും കൂടുതൽ വിശാലമായ സാഹചര്യത്തിൽ കാണുന്നു. ഈ പരാജയങ്ങളെല്ലാം കൂടുതൽ വലിയ ഒരു ചിത്രത്തിന്റെ ഭാഗമാണെന്ന് അത് തിരിച്ചറിയുന്നു. നമ്മൾ എല്ലാവരും പ്രകാശത്തിന്റെയും നിഴലുകളുടെയും ഒരു സങ്കീർണ സമ്മിശ്രമാണെന്ന്



നാം മനസിലാക്കണം. അപരൻ എന്നെ ശല്യപ്പെടുത്തുന്ന ചെറിയ കാര്യങ്ങളുടെ ആകെത്തുകയെക്കാൾ കൂടുതലായിട്ടുള്ളവനാണ്. വിലമതിക്കാൻ സ്നേഹം നമുക്ക് പൂർണമായിരിക്കണമെന്നില്ല. മറ്റു വ്യക്തികൾ എന്നെ ആവുന്നത്ര നന്നായി അവരുടെ സർവ പരിമിതികളോടും കൂടെ സ്നേഹിക്കുന്നു. എന്നാൽ സ്നേഹം അപൂർണമായതിനാൽ അത് സത്യരഹിതവും അയഥാർഥവുമാണെന്ന് അർഥമില്ല. അത് പരിമിതവും ഭൗതികവുമാണെങ്കിലും യഥാർത്ഥമാണ്. ഞാൻ അപരനിൽ നിന്ന് അമിതമായി പ്രതീക്ഷിച്ചാൽ അവന് അല്ലെങ്കിൽ അവൾക്ക് ദൈവത്തെപ്പോലാകാനോ എന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റാനോ സാധിക്കുകയില്ലയെന്ന് അവർ നമ്മെ മനസ്സിലാക്കിത്തരും. സ്നേഹം അപൂർണതയോടൊപ്പം നിലകൊള്ളുന്നു. 'എല്ലാം സഹിക്കാനും' സ്നേഹിക്കപ്പെട്ട വ്യക്തിയുടെ പരിമിതകൾക്കു മുമ്പിൽ അതിന്റെ സമാധാനം പുലർത്താനും അതിനു കഴിയും.

## സ്നേഹം സകലതും വിശ്വസിക്കുന്നു

114. *പന്താ പിസ്തുവെയ്* സ്നേഹം എല്ലാം വിശ്വസിക്കുന്നു. ഇവിടെ 'വിശ്വാസം' എന്നത് അതിന്റെ കർക്കശമായ ദൈവശാസ്ത്രപരമായ അർഥത്തിലല്ല പിന്നെയോ ആശ്രയം എന്ന വാക്കുകൊണ്ട് നാം ഉദ്ദേശിക്കുന്ന അർഥത്തിൽ സ്വീകരിച്ചാൽ മതി. അപരൻ നുണ പറയുകയല്ലെന്നോ വഞ്ചിക്കുകയല്ലെന്നോ സങ്കല്പിക്കുന്നതിനപ്പുറം പോകുന്ന ഒന്നാണത്. അത്തരം മൗലികമായ വിശ്വാസം ചാരത്തിനടിയിൽ ജ്വലിക്കുന്ന തീക്കട്ടപോലെ അന്ധകാരത്തിൽമേൽ പ്രകാശിക്കുന്ന ദൈവികപ്രകാശത്തെ തിരിച്ചറിയുന്നു.

115. ബന്ധം സ്വതന്ത്രമായിരിക്കാൻ ഈ വിശ്വാസം കഴിവു നല്കുന്നു. അപരനെ നിയന്ത്രിക്കേണ്ടതില്ലെന്നും. നമ്മുടെ പിടിയിൽ നിന്നു അയാൾ രക്ഷപെട്ടുപോകാതിരിക്കാൻ അയാളുടെ ഓരോ ചുവടുവയ്പിലും നാം അയാളെ പിന്തുടരേണ്ടതില്ലെന്നും അത് അർഥമാക്കുന്നു. സ്നേഹം വിശ്വസിക്കുന്നു, അത് വിമോചിപ്പിക്കുന്നു. അത് നിയന്ത്രിക്കാനും സ്വന്തമാക്കാനും ആധിപത്യം പുലർത്താനും പരിശ്രമിക്കുന്നില്ല. നമുക്കു ചുറ്റുമുള്ള ലോകത്തോടും പുതിയ അനുഭവങ്ങളുമുള്ള തുറവിനെ പോഷിപ്പിക്കുന്ന ഈ സ്വാതന്ത്ര്യത്തിന് ബന്ധങ്ങളെ സമ്പന്നമാക്കാനും വികസിപ്പിക്കാനും മാത്രമേ കഴിയുകയുള്ളൂ. ദമ്പതികൾ അപ്പോൾ തങ്ങളുടെ കുടുംബവൃത്തത്തിനു പുറത്തുനിന്നു സ്വീകരിച്ചവയും പഠിച്ചവയും പരസ്പരം പങ്കുവയ്ക്കുന്നു. അതേ സമയം ഈ സ്വാതന്ത്ര്യം ആത്മാർഥതയിലേക്കും സുതാര്യതയിലേക്കും വളരുന്നു; എന്തെന്നാൽ തങ്ങൾ വിശ്വസിക്കപ്പെടുകയും വിലമതിക്കപ്പെടുകയും ചെയ്യുന്നുണ്ടെന്ന് അറിയുന്നവർക്ക് തുറവുള്ളവരാകാനും ഒന്നും മറച്ചു

വയ്ക്കാത്തവരാകാനും കഴിയും. തന്റെ ജീവിതപങ്കാളി എപ്പോഴും സംശയിക്കുകയും വിധിക്കുകയും അയാൾക്ക് വ്യവസ്ഥാതീതമായ സ്നേഹമില്ലാതിരിക്കുകയും ചെയ്താൽ രഹസ്യങ്ങൾ സൂക്ഷിക്കാൻ പ്രവണത കാണിക്കുകയും പരാജയങ്ങളും ദൗർബല്യങ്ങളും മറച്ചുവയ്ക്കുകയും താൻ ആയിരിക്കുന്നതിലും വലിയ ആളാണെന്ന് ഭാവിക്കുകയും ചെയ്യും. നേരേമറിച്ച് സ്നേഹപൂർണമായ വിശ്വാസത്താൽ മുദ്രിതമായ കുടുംബം എന്തു സംഭവിച്ചാലും അതിന്റെ അംഗങ്ങളെ തനിമയുള്ളവരായിരിക്കാനും വഞ്ചനയും കാപട്യവും നുണകളും സ്വാഭാവികമായി ഉപേക്ഷിക്കാനും സഹായിക്കുന്നു.

## സ്നേഹം സകലതും പ്രത്യാശിക്കുന്നു

116. *പന്താ എൽപിസെയ്.* സ്നേഹം ഭാവിയെപ്പറ്റി നിരാശപ്പെടുന്നില്ല. മുകളിൽ പറഞ്ഞതിന്റെ തുടർച്ചയായി, മറ്റുള്ളവർക്കു പരിവർത്തനമുണ്ടാകാമെന്നും അവർ പക്വത നേടി അപ്രതീക്ഷിത സൗന്ദര്യവും മുമ്പു പറയപ്പെട്ടിട്ടില്ലാത്ത കഴിവും പ്രസരിപ്പിക്കുമെന്നും വിശ്വസിക്കുന്ന വ്യക്തിയുടെ പ്രത്യാശയെക്കുറിച്ച് ഈ പദങ്ങൾ പറയുന്നു. എല്ലാം ഈ ജീവിതത്തിൽ മാറുമെന്ന് ഇതുകൊണ്ട് അർഥമാക്കുന്നില്ല. കാര്യങ്ങൾ നമ്മൾ ആശിക്കുന്നതുപോലെ എപ്പോഴും മാറുകയില്ലെങ്കിലും ദൈവം വളഞ്ഞ വരകളെ നേരേ ആക്കുമെന്നും നാം ഈ ലോകത്തിൽ അനുഭവിക്കുന്ന തിന്മയിൽ നിന്ന് കുറേ നന്മ ഉത്പാദിപ്പിക്കുമെന്നുമുള്ള തിരിച്ചറിവ് ഇതിൽ ഉൾക്കൊള്ളുന്നു.

117. ഇവിടെ പ്രത്യാശ ഏറ്റവും പൂർണമായിത്തീരുന്നു. എന്തെന്നാൽ മരണാനന്തര ജീവിതത്തെ സംബന്ധിച്ച ഉറപ്പിനെ ഇത് ആശ്ലേഷിക്കുന്നു. ഓരോ വ്യക്തിയും അവന്റെ അല്ലെങ്കിൽ അവളുടെ പരാജയങ്ങളോടുകൂടി സ്വർഗത്തിൽ ജീവന്റെ പൂർണതയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. അവിടെ ക്രിസ്തുവിന്റെ ഉത്ഥാനത്താൽ പരിവർത്തിതനാക്കപ്പെട്ട് ഓരോ ദൗർബല്യവും അന്ധകാരവും രോഗാതുരതയും കടന്നുപോകും. അവിടെ വ്യക്തിയുടെ യഥാർഥ സത്ത അതിന്റെ സർവ നന്മയോടും സൗന്ദര്യത്തോടും കൂടി പ്രകാശിക്കും. ഇപ്പോഴത്തെ ജീവിതത്തിന്റെ പ്രകോപനങ്ങളുടെയിടയിൽ ഓരോ വ്യക്തിയെയും പ്രകൃത്യാതീത വീക്ഷണത്തിലും പ്രത്യാശയുടെ പ്രകാശത്തിലും കാണാനും അവനോ അവളോ സ്വർഗരാജ്യത്തു സ്വീകരിക്കാനിരിക്കുന്ന പൂർണതയെ, അതിപ്പോൾ ദൃശ്യമല്ലെങ്കിലും കാത്തിരിക്കാനും സഹായിക്കും.

## സ്നേഹം സകലതും അതിജീവിക്കുന്നു

118. *പന്താ ഹുപോമെനെയ്.* ഏതു പരീക്ഷയെയും ഭാവാത്മകമായ മനോഭാവത്തോടെ സ്നേഹം സഹിക്കുന്നുവെന്നാണ് അതിന്റെ അർഥം. ശത്രുതയുള്ള സാഹചര്യങ്ങളിൽ അത് ഉറപ്പോടെ നില്ക്കുന്നു. ചില



പ്രകോപനങ്ങൾ സഹിച്ചു നില്ക്കാനുള്ള കഴിവു മാത്രമല്ല ഈ 'സഹനശീല'ത്തിനുള്ളത്, പിന്നെയോ അതിനെക്കാൾ കൂടുതലായ ഒന്നുണ്ട്. ഏതു വെല്ലുവിളിയെയും നേരിടാനുള്ള നിരന്തര സന്നദ്ധതയാണത്. ഒരിക്കലും, ഏറ്റവും അന്ധകാരം നിറഞ്ഞ മണിക്കൂറിൽപോലും, ഒരിക്കലും ഉപേക്ഷിക്കാത്ത സ്നേഹമാണത്. അത് സ്ഥിരം പിന്തുടരുന്ന ഒരു ധീരത പ്രദർശിപ്പിക്കുന്നു. നിഷേധാത്മകമായ ഓരോ ഒഴുക്കിനെയും തടയാനുള്ള ഒരു ശക്തിയും നന്മയോടുള്ള അടക്കാനാവാത്ത സമർപ്പണവുമാണ്. ഏതു തരം പരീക്ഷയെയും ക്ലേശത്തെയും സഹോദരപരമായ സ്നേഹംകൊണ്ടു നേരിട്ട മാർട്ടിൻ ലൂഥർ കിംഗിന്റെ വാക്കുകളെപ്പറ്റി ഞാൻ ചിന്തിക്കുന്നു: 'നിന്നെ ഏറ്റവും അധികം വെറുക്കുന്ന വ്യക്തിക്ക് അവനിൽത്തന്നെ കുറേ നന്മയുണ്ട്. നിങ്ങളെ ഏറ്റവും അധികം വെറുക്കുന്ന രാഷ്ട്രത്തിനുപോലും കുറേ നന്മയുണ്ട്. നിങ്ങളെ ഏറ്റവും അധികം വെറുക്കുന്ന വംശത്തിലും കുറേ നന്മയുണ്ട്. ഓരോ മനുഷ്യന്റെയും മുഖത്തേക്കു നിങ്ങൾ നോക്കുകയും അവന്റെ ഉള്ളിന്റെ ഉള്ളിൽ 'ദൈവത്തിന്റെ ഛായ' എന്നു മതം വിളിക്കുന്ന ഒന്നു നിങ്ങൾ കാണുകയും ചെയ്യുമ്പോൾ, നിങ്ങൾ അവനെ എന്തൊക്കെയുണ്ടെങ്കിലും സ്നേഹിക്കാൻ തുടങ്ങും. അവൻ എന്തു തന്നെ ചെയ്താലും അവിടെ നിങ്ങൾ ദൈവത്തിന്റെ പ്രതിഛായ കാണുന്നു. അവന് ഒരിക്കലും ഉരിഞ്ഞു കളയാനാവാത്ത നന്മയുടെ ഒരു ഘടകമുണ്ട്.... നിങ്ങൾ നിങ്ങളുടെ ശത്രുവിനെ സ്നേഹിക്കാനുള്ള മറ്റൊരു മാർഗം ഇതാണ്: നിങ്ങൾക്ക് നിങ്ങളുടെ ശത്രുവിനെ പരാജയപ്പെടുത്താനുള്ള ഒരവസരമുണ്ടാകുമ്പോൾ, അപ്പോഴാണ് നിങ്ങൾ അങ്ങനെ ചെയ്യരുതാത്തത്. നിങ്ങൾ സ്നേഹത്തിന്റെ തലത്തിലേക്ക് ഉയരുമ്പോൾ അതിന്റെ മഹത്തായ സൗന്ദര്യത്തിലേക്കും ശക്തിയിലേക്കും ഉയരുമ്പോൾ നിങ്ങൾ തിന്മ നിറഞ്ഞ വ്യവസ്ഥിതികളെ കീഴടക്കാൻ മാത്രമേ പരിശ്രമിക്കുകയുള്ളൂ. ആളുകൾ ആ വ്യവസ്ഥിതിയിൽ കുടുങ്ങിക്കിടക്കുവാൻ ഇടയാകുമ്പോൾ നിങ്ങൾ സ്നേഹിക്കുന്നു, പക്ഷേ, ആ വ്യവസ്ഥിതിയെ പരാജയപ്പെടുത്താൻ പരിശ്രമിക്കും. വെറുപ്പിനു നേരെയുള്ള വെറുപ്പ് പ്രപഞ്ചത്തിൽ വെറുപ്പിന്റെയും തിന്മയുടെയും അസ്തിത്വത്തെ തീവ്രതരമാക്കുകയേ ഉള്ളൂ. ഞാൻ നിന്നെ പ്രഹരിക്കുന്നെങ്കിൽ നീ എന്നെ പ്രഹരിക്കുന്നു. വീണ്ടും ഞാൻ നിന്നെ പ്രഹരിക്കുന്നെങ്കിൽ നീ എന്നെ പ്രഹരിക്കുന്നു. അങ്ങനെ തുടരുന്നു. നോക്കൂ, അത് അനന്തകാലത്തേക്കു നീണ്ടുപോകും. അത് ഒരിക്കലും അവസാനിക്കുന്നില്ല. എവിടെയെങ്കിലും ആർക്കെങ്കിലും അല്പം സുബോധമുണ്ടാകണം; അവനാണ് ശക്തനായ വ്യക്തി. വിദ്വേഷത്തിന്റെ ചങ്ങലയെ, തിന്മയുടെ ചങ്ങലയെ വെട്ടിമുറിക്കുന്ന വ്യക്തിയാണ് ശക്തനായ വ്യക്തി. അതു വെട്ടിമുറിച്ച് പ്രപഞ്ചത്തിന്റെ ഘടനയിൽത്തന്നെ ഊർജ്ജസ്വലവും സുശക്തവുമായ സ്നേഹത്തിന്റെ ഘടകം കുത്തിവയ്ക്കാനും വേണ്ടത്ര മതവും വേണ്ടത്ര ധാർമ്മികതയും ആർക്കെങ്കിലും ഉണ്ടായിരിക്കണം.'[114]

119. കുടുംബജീവിതത്തിൽ, അതിനെ ഭീഷണിപ്പെടുത്തുന്ന എല്ലാ തിന്മയ്ക്കും എതിരേ പടപൊരുതാൻ നമ്മെ സഹായിക്കുന്ന സ്നേഹത്തിന്റെ ശക്തി വളർത്തണം. അവജ്ഞ, മറ്റുള്ളവരെ പുച്ഛിക്കൽ, ദ്രോഹിക്കാനുള്ള ആഗ്രഹം, എന്തെങ്കിലും നേട്ടമുണ്ടാക്കൽ എന്നിവയ്ക്ക് സ്നേഹം കീഴടങ്ങുന്നില്ല. ക്രൈസ്തവാദർശം, പ്രത്യേകിച്ച്, കുടുംബത്തിൽ, ഒരിക്കലും ഉപേക്ഷിക്കാത്ത സ്നേഹമാണ്. സ്വന്തം സംരക്ഷണത്തിനു വേണ്ടി ദമ്പതികൾ ഒരാൾ മറ്റെയാളെ ഉപേക്ഷിക്കേണ്ടി വന്നിട്ടും അവരുടെ ശാശ്വത ദാമ്പത്യസ്നേഹത്തെ പ്രതി അവരുടെ രോഗത്തിന്റെയോ സഹനത്തിന്റെയോ പരീക്ഷയുടെയോ നിമിഷങ്ങളിൽ, മറ്റുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുപോലും, അവരെ സഹായിക്കാൻ പരിശ്രമിക്കുന്നതു കാണുമ്പോൾ എനിക്ക് ചിലപ്പോൾ അത്ഭുതം തോന്നുന്നു. ഇവിടെയും ഒരിക്കലും പരിത്യജിക്കാത്ത സ്നേഹം നാം കാണുന്നു.

## ദാമ്പത്യസ്നേഹത്തിലുള്ള വളർച്ച

120. വിശുദ്ധ പൗലോസിന്റെ സ്നേഹഗീതത്തെക്കുറിച്ചുള്ള വിചിന്തനം ദാമ്പത്യസ്നേഹത്തപ്പറ്റി ചർച്ച ചെയ്യാൻ നമ്മെ സജ്ജരാക്കി. ഇത് ഭാര്യയും ഭർത്താവും തമ്മിലുള്ള സ്നേഹമാണ്.[115] വിശുദ്ധീകൃതവും വിവാഹ കൂദാശയുടെ കൃപാവരത്താൽ സമ്പന്നമാക്കപ്പെട്ടതും പ്രകാശിപ്പിക്കപ്പെട്ടതുമായ സ്നേഹമാണത്. അത് സ്നേഹപരമായ ഐക്യമാണ്.[116] അത് ആത്മീയവും ബലിപരവുമാണ്. അത് സൗഹൃദത്തിന്റെയും ലൈംഗിക വികാരത്തിന്റെയും ഊഷ്മളതയെ കൂട്ടിച്ചേർക്കുന്നതും വികാരങ്ങളും അഭിനിവേശവും കുറഞ്ഞാലും ദീർഘകാലം നിലനില്ക്കുന്നതുമാണ്. ഈ സ്നേഹം വൈവാഹിക ജീവിതത്തിന്റെ കടമകളിൽ നിറഞ്ഞു നില്ക്കുന്നുവെന്നും ഉന്നതസ്ഥാനം വഹിക്കുന്നുവെന്നും പീയൂസ് 11-ാമൻ മാർപാപ്പാ പഠിപ്പിച്ചിട്ടുണ്ട്.[117] സുശക്തമായ ഈ സ്നേഹം പരിശുദ്ധാത്മാവിനാൽ നിവേശിപ്പിക്കപ്പെട്ട് ക്രിസ്തുവും മനുഷ്യവംശവും തമ്മിലുള്ള അഭേദ്യമായ ഉടമ്പടിയുടെ പ്രതിഫലനമായിരിക്കുന്നു. ആ ഉടമ്പടി കുരിശിലൂള്ള ക്രിസ്തുവിന്റെ ആത്മയാഗത്തിലാണ് പൂർത്തിയായത്. 'കർത്താവു ചെരിയുന്ന പരിശുദ്ധാത്മാവ് പുതിയൊരു ഹൃദയം നല്കുന്നു. ക്രിസ്തു നമ്മെ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കാൻ സ്ത്രീയെയും പുരുഷനെയും ശക്തരാക്കുന്നു. ദാമ്പത്യസ്നേഹം ആന്തരികമായി ക്രമവത്കരിക്കപ്പെട്ടിരിക്കുന്ന പൂർണതയിലെത്തിച്ചേരുന്നു: ദാമ്പത്യപരമായ പരസ്നേഹമാണ് ആ പൂർണത.'[118]

121. വിവാഹം വിലപ്പെട്ട ഒരു അടയാളമാണ്. എന്തെന്നാൽ സ്ത്രീയും പുരുഷനും വിവാഹകൂദാശ ആഘോഷിക്കുമ്പോൾ ദൈവം അവരിൽ പ്രതിഫലിക്കുന്നു! അവിടന്ന് തന്റെ സവിശേഷതകളും മായ്ക്കപ്പെടാനാവാത്ത തന്റെ സ്നേഹത്തിന്റെ സ്വഭാവവും അവരിൽ പതിക്കുന്നു. ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിന്റെ ഐക്കൺ ആണ് വിവാഹം. യഥാർഥത്തിൽ ദൈവം സംസർഗം കൂടിയാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മൂന്നുവ്യക്തികൾ പരിപൂർണ ഐക്യത്തിൽ എന്നേക്കും ജീവിക്കുന്നു. ഇതാണ് കൃത്യമായി പറഞ്ഞാൽ വിവാഹമെന്ന രഹസ്യം: 'ദമ്പതികളായ രണ്ടു പേരെ ദൈവം ഒറ്റ അസ്തിത്വമാക്കി മാറ്റുന്നു.'[119] ഇതിനു വസ്തുനിഷ്ഠമായ അനുദിന അനന്തരഫലങ്ങളുണ്ട്. എന്തെന്നാൽ 'കൂദാശയുടെ ശക്തിയാൽ ദമ്പതികൾക്ക് യഥാർഥവും യുക്തവുമായ ദൗത്യം നല്കപ്പെടുന്നു. അങ്ങനെ അവർക്ക് അനുദിനജീവിതത്തിന്റെ ലളിതവും, സാധാരണവുമായ കാര്യങ്ങളിൽ തുടങ്ങി, ക്രിസ്തു തന്റെ സഭയെ സ്നേഹിക്കുകയും തന്റെ ജീവൻ അവൾക്കു നല്കുകയും ചെയ്ത സ്നേഹമം ദൃശ്യമാക്കാൻ കഴിയും.'[120]

122. എന്നാലും നമ്മൾ വ്യത്യസ്ത തലങ്ങളെ തമ്മിൽ കൂട്ടിക്കുഴയ്ക്കരുത്: ക്രിസ്തുവും അവിടത്തെ സഭയും തമ്മിലുള്ള ഐക്യത്തെ പൂർണ്ണമായി പുനരാവിഷ്ക്കരിക്കുകയെന്ന വലിയ ഭാരം പരിമിതരായ രണ്ടു വ്യക്തികളുടെ മേൽ ചുമത്തേണ്ടതില്ല. കാരണം, വിവാഹം ഒരു അടയാളമെന്ന നിലയ്ക്ക് ദൈവിക ദാനങ്ങളുടെ പടിപടിയായ സ്വാംശീകരണം വഴി ക്രമേണ മുന്നേറുന്ന ചലനാത്മകമായ ഒരു പ്രകിയയാണ്.'[121]

## ആജീവനാന്ത പങ്കുവയ്ക്കൽ

123. ദൈവത്തോടു നമ്മെ ഐക്യപ്പെടുത്തുന്ന സ്നേഹം കഴിഞ്ഞാൽ ദാമ്പത്യസ്നേഹം 'സൗഹൃദത്തിന്റെ ഏറ്റവും വലിയ രൂപമാണ്.'[122] ഒരു നല്ല സൗഹൃദത്തിന്റെ എല്ലാ അടയാളങ്ങളുമുള്ള ഒരു ഐക്യമാണത്: അപരവ്യക്തിയുടെ നന്മയ്ക്കായുള്ള താത്പര്യം, പാരസ്പര്യം, ദൃഢമായ ഐക്യം, ഊഷ്മളത, പങ്കുവയ്ക്കപ്പെട്ട ജീവിതത്തിൽ നിന്നു ജനിക്കുന്ന സ്ഥിരതയും സാദൃശ്യവും. വിവാഹം ഇതിനോടൊപ്പം വേർപെടുത്താനാവാത്ത ഒരു പരവർജനീയത കൂട്ടിച്ചേർക്കുന്നു. അതാകട്ടെ, ജീവിതകാലം മുഴുവനും ഒന്നിച്ചു പങ്കുവയ്ക്കാനും രൂപപ്പെടുത്താനുമുള്ള സുസ്ഥിരമായ സമർപ്പണത്തിൽ പ്രകാശിപ്പിക്കപ്പെടുന്നു. നമുക്കു സത്യസന്ധതയുള്ളവരായി. കാര്യങ്ങൾ അങ്ങനെയാണെന്നതിന്റെ അടയാളങ്ങൾ അംഗീകരിക്കാം. കേവലം താത്കാലികമാണ് തങ്ങളുടെ സ്നേഹമെന്ന് സ്നേഹിക്കുന്നവർ കരുതുന്നില്ല. വിവാഹം ചെയ്യുന്നവർ തങ്ങളുടെ ആവേശം അപ്രത്യക്ഷമാകുമെന്നു പ്രതീക്ഷിക്കുന്നില്ല. സ്നേഹത്തിന്റെ ഐക്യം എത്ര ദുർബലമാണെങ്കിലും അത് കാലത്തിന്റെ പരീക്ഷയെ അതിജീവിക്കുമെന്ന് അതിന്റെ ആഘോഷത്തിനു സാക്ഷ്യം വഹിക്കുന്നവർ വിശ്വസിക്കുന്നു. തങ്ങളുടെ മാതാപിതാക്കൾ പരസ്പരം സ്നേഹിക്കണമെന്നു മാത്രമല്ല അവർ വിശ്വസ്തരായി ഒന്നിച്ചു നിലനില്ക്കണമെന്നും കുട്ടികൾ ആഗ്രഹിക്കുന്നു. മാറ്റമില്ലാതിരിക്കുകയെന്നത് ദാമ്പത്യസ്നേഹത്തിന്റെ പ്രകൃതിയിൽത്തന്നെ ഉള്ളതാണെന്ന്

ഇതും ഇതുപോലെയുള്ള അടയാളങ്ങളും കാണിക്കുന്നു. വിവാഹവ്രതവാഗ്ദാനങ്ങൾ വഴി പ്രകടിപ്പിക്കുന്ന സുസ്ഥിരമായ ഐക്യം വെറുമൊരു ചടങ്ങിനെക്കാളും പരമ്പരാഗത സൂത്രവാക്യത്തെക്കാളും കൂടുതലാണ്. അത് മനുഷ്യവ്യക്തിയുടെ സ്വാഭാവിക വാസനകളിൽ വേരുറച്ചതാണ്. വിശ്വാസികൾക്ക് വിശ്വസ്തത ആവശ്യപ്പെടുന്ന ദൈവത്തിനു മുമ്പിലെ ഉടമ്പടി കൂടിയാണ്: 'നീയും നിന്റെ യൗവനകാലത്തെ ഭാര്യയും തമ്മിലുള്ള ഉടമ്പടിക്ക് കർത്താവു സാക്ഷിയായിരുന്നു. അവൾ ഉടമ്പടിപ്രകാരം നിന്റെ സഖിയും സഹഗാമിനിയുമായിരുന്നെങ്കിലും നീ വിശ്വസ്തതയില്ലാത്തവനായിരുന്നു... ഒരുവനും തന്റെ യൗവനകാലത്തെ ഭാര്യയോട് അവിശ്വസ്തത കാണിക്കാതിരിക്കട്ടെ. എന്തെന്നാൽ ഞാൻ വിവാഹമോചനത്തെ വെറുക്കുന്നു എന്ന് കർത്താവു പറയുന്നു' (മലാക്കി 2:14-16).

124. ഏറ്റെടുക്കേണ്ടതും നിലനിറുത്താൻ പടപൊരുതേണ്ടതും, വീണ്ടും ജനിക്കേണ്ടതും മരണംവരെ നവീകരിക്കേണ്ടതും മരണംവരെ പുതുതായി കണ്ടെത്തേണ്ടതുമായ ഒരു വെല്ലുവിളിയായി വിവാഹത്തെ സ്വീകരിക്കാൻ കഴിയാത്ത ദുർബലവും രോഗാതുരവുമായ സ്നേഹം മഹത്തായ ഒരു സമർപ്പണത്തെ നിലനിറുത്താൻ കഴിവുള്ളതല്ല. സ്ഥിരമായ വളർച്ചയുടെ പ്രക്രിയയെ തടയുന്ന ക്ഷണഭംഗുരതയുടെ സംസ്കാരത്തിന് അത് കീഴടങ്ങും. എന്നാലും 'നമ്മുടെ തന്നെ ആശയങ്ങളെക്കാളും സംരംഭങ്ങളെക്കാളും വലുതായ ഒരു പദ്ധതിയെ നാം കാണുമ്പോൾ എന്നേക്കുമുള്ള സ്നേഹം വാഗ്ദാനം ചെയ്യുക സാധ്യമാണ്. നമ്മെ താങ്ങി നിറുത്തുന്ന, നമ്മൾ സ്നേഹിക്കുന്ന വ്യക്തിക്ക് നമ്മുടെ ഭാവിയെ മുഴുവനായി അടയറ വയ്ക്കുന്ന പദ്ധതിയാണത്.'[123] ഈ സ്നേഹം എല്ലാ പരീക്ഷകളെയും അതിജീവിക്കുകയും എല്ലാറ്റിന്റെ മുമ്പിൽ വിശ്വസ്തതയോടെ നിലനില്ക്കുകയും ചെയ്യണമെങ്കിൽ അതിനെ ശക്തിപ്പെടുത്തുകയും ഉയർത്തുകയും ചെയ്യുന്ന കൃപാവരദാനം അതിന് ആവശ്യമാണ്. വിശുദ്ധ റോബർട്ട് ബല്ലാർമിന്റെ വാക്കുകളിൽ, 'ഒരു പുരുഷൻ ഒരു സ്ത്രീയുമായി അലംഘ്യമായ ഒരു ഉടമ്പടിയിൽ ഐക്യപ്പെടുകയും, ഏതുതരം പ്രയാസമുണ്ടായാലും, കുട്ടികളുണ്ടാവുകയില്ലെന്ന പ്രത്യാശപോലും ഇല്ലാതായാലും അവർ അവിഭാജ്യരായി നിലനില്ക്കുകയും ചെയ്യുന്നുവെന്നതു മഹത്തായ ഒരു രഹസ്യത്തിന്റെ അടയാളം തന്നെയാണ്.'[124]

125. അതുപോലെ വിവാഹം വികാരത്താൽ മുദ്രിതമായ ഒരു സൗഹൃദമാണ്. എന്നാൽ ആ വികാരം കൂടുതൽ ഉറച്ചതും തീക്ഷണവുമായ ഒരു ബന്ധത്തിലേക്ക് എപ്പോഴും നയിക്കുന്ന ഒന്നാണ്. ഇതിന്റെ കാരണം 'വിവാഹം കുട്ടികളെ പ്രത്യുത്പാദിപ്പിക്കാൻ മാത്രമല്ലാ പിന്നെയോ, പരസ്പരസ്നേഹം ശരിയായി പ്രകാശിപ്പിക്കപ്പെടാനും അത് വളരുകയും പക്വത പ്രാപിക്കുകയും ചെയ്യാനും'[125] കൂടി സ്ഥാപിക്കപ്പെട്ടതാണ്.



സ്ത്രീയും പുരുഷനും തമ്മിലുള്ള അനന്യമായ സൗഹൃദം ദാമ്പത്യബന്ധത്തിൽ മാത്രമാണ് സർവാശ്ലേഷിയായ സ്വഭാവം സ്വീകരിക്കുന്നത്. സർവാശ്ലേഷി ആയിരിക്കുമ്പോൾ ഈ ഐക്യം പരവർജനീയവും വിശ്വസ്ഥവും പുതിയ ജീവനോട് തുറവും ഉള്ളതാണ്. അത് എല്ലാ വസ്തുക്കളും സ്ഥായിയായ പരസ്പര ബഹുമാനത്തോടെ പങ്കുവയ്ക്കുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസ് താഴെക്കാണും പ്രകാരം പ്രസ്താവിച്ചുകൊണ്ട് ഇക്കാര്യം പ്രതിധ്വനിപ്പിച്ചിട്ടുണ്ട്.: 'അത്തരമൊരു സ്നേഹം മാനുഷികമായതിനെയും ദൈവികമായതിനെയും ഒന്നിപ്പിച്ച് പങ്കാളികളെ സ്വതന്ത്രവും പരസ്പരമുള്ളതുമായ ആത്മദാനത്തിലേക്ക് നയിക്കുന്നു. അതാകട്ടെ മൃദുലവികാരത്തിലും പ്രവൃത്തിയിലും അവർ അനുഭവിക്കുകയും അവരുടെ മുഴുവൻ ജീവിതത്തിലും നിറഞ്ഞു നില്ക്കുകയും ചെയ്യുന്നു.'[126]

## സന്തോഷവും സൗന്ദര്യവും

126. വിവാഹത്തിൽ സ്നേഹത്തിന്റെ സന്തോഷം വളർത്തപ്പെടണം. സുഖത്തിന് വേണ്ടിയുള്ള അന്വേഷണം ഭ്രാന്തമാകുമ്പോൾ അത് നമ്മെ കീഴ്പ്പെടുത്തി പിടിച്ചു നിറുത്തുന്നു. മറ്റ് സംതൃപ്തികൾ അനുഭവിക്കുന്നതിൽ നിന്ന് നമ്മെ തടയുകയും ചെയ്യുന്നു. നേരെമറിച്ച്, സന്തോഷം നമ്മുടെ ആനന്ദത്തെ വർധിപ്പിക്കുന്നു; ശാരീരിക സുഖം കുറയുന്ന കാലത്തുപോലും ഏതു കാര്യത്തിലും സാക്ഷാത്കാരം കണ്ടെത്താൻ സഹായിക്കുന്നു. 'സന്തോഷം എന്ന പദം ഹൃദയത്തിന്റെ വികാസത്തെ പരാമർശിക്കുന്നു'വെന്ന് വിശുദ്ധ തോമസ് അക്വീനാസ് പറഞ്ഞിട്ടുണ്ട്'[127] വിവാഹസംബന്ധമായ സന്തോഷം ദുഃഖത്തിനിടയിൽ പോലും അനുഭവിക്കാനാവും. ഒരു വസ്തുത അംഗീകരിക്കണമെന്ന് ഇത് ആവശ്യപ്പെടുന്നു. അതായത്, വിവാഹമെന്നത് സന്തോഷാനുഭവത്തിന്റെയും പടപൊരുതലുകളുടെയും, സംഘർഷങ്ങളുടെയും വിശ്രമത്തിന്റെയും വേദനകളുടെയും ആശ്വാസത്തിന്റെയും സംതൃപ്തികളുടെയും അഭിലാഷങ്ങലുടെയും ശല്യങ്ങളുടെയും സുഖാനുഭവങ്ങളുടെയും അനുപേക്ഷണീയമായ ഒരു സമ്മിശ്രമാണ്; എന്നാലും അത് എപ്പോഴും വിവാഹിതരായ ദമ്പതികളെ പരസ്പരം ശുശ്രൂഷിക്കാൻ പ്രചോദിപ്പിക്കുന്ന സൗഹൃദത്തിന്റെ പാതയിലാണ്. അതാകട്ടെ 'അവർ പരസ്പരം സഹായിക്കുകയും സേവിക്കുകയും ചെയ്യുന്നു.'[128]

127. സൗഹൃദത്തിന്റെ സ്നേഹത്തെ, മറ്റു വ്യക്തിയുടെ 'മഹത്തായ യോഗ്യത' കാണുകയും വിലമതിക്കുകയും ചെയ്യുമ്പോൾ, 'പരസ്നേഹം' എന്നു വിളിക്കുന്നു.[129] ശാരീരികമോ മനഃശാസ്ത്രപരമോ ആയ ആകർഷണത്തിൽ നിന്നു വ്യത്യസ്തമായ സൗന്ദര്യം എന്ന 'മഹത്തായ യോഗ്യത' ഒരു വ്യക്തിയുടെ പവിത്രതയെ വിലമതിക്കാൻ നമ്മെ ശക്തരാക്കുന്നു - അത്

സ്വന്തമാക്കുകയെന്ന ആവശ്യമില്ലാതെ തന്നെ. ഉപഭോഗസംസ്ക്കാരപരമായ ഒരു സമൂഹത്തിൽ സൗന്ദര്യബോധം കുറയ്ക്കുകയും അതുകൊണ്ട് സന്തോഷമുണ്ടാകുകയും ചെയ്യുന്നു. അത്തരം സമൂഹത്തിൽ ആളുകൾ ഉൾപ്പെടെ എല്ലാം വിലകൊടുത്തു വാങ്ങാനും സ്വന്തമാക്കാനും ഉപയോഗിക്കാനുമായി ഉണ്ട്. നേരേ മറിച്ച്, മൃദുലത സ്വാർത്ഥപരമായ സ്വന്തമാക്കലിൽ നിന്ന് സ്വതന്ത്രമായ സ്നേഹത്തിന്റെ അടയാളമാണ്. അത് ഒരു വ്യക്തിയെ അളവറ്റ ആദരത്തോടും ആ വ്യക്തിക്ക് ദ്രോഹമുണ്ടാകുമോ അല്ലെങ്കിൽ ആ വ്യക്തിയുടെ സ്വാതന്ത്ര്യത്തെ നശിപ്പിക്കുമോ എന്നിങ്ങനെയുള്ള ഭയത്തോടും കൂടി സമീപിക്കാൻ സഹായിക്കുന്നു. മറ്റൊരു വ്യക്തിയെ സ്നേഹിക്കുകയെന്നത് ആ വ്യക്തിക്കുള്ളതും എന്റെ ആവശ്യങ്ങളെക്കാൾ വലുതുമായ ജന്മസിദ്ധമായ സൗന്ദര്യത്തെയും പവിത്രതയെയുംകുറിച്ച് ധ്യാനിക്കുന്നതിന്റെയും വിലമതിക്കുന്നതിന്റെയും സന്തോഷം ഉൾക്കൊള്ളുന്നു. എന്റേതായിരിക്കാൻ കഴിയാത്തവരാണെങ്കിലും, ശാരീരികമായി ആകർഷകത നഷ്ടപ്പെട്ടവരും കടന്നുവന്നു ശല്യപ്പെടുന്നവരും ആയാലും അവരുടെ നന്മ അന്വേഷിക്കാൻ ഈ മനോഭാവം എന്നെ ശക്തനാക്കുന്നു. എന്തെന്നാൽ 'ഒരു വ്യക്തി മറ്റൊരു വ്യക്തിയെ സന്തോഷിപ്പിക്കുകയെന്നത് ആ വ്യക്തിക്ക് എന്തെങ്കിലും സൗജന്യമായി നല്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു.'[130]

128. മറ്റു വ്യക്തികൾ രോഗികളായാലും വൃദ്ധരായാലും ശാരീരികവും ആകർഷകത്വമില്ലാത്തവരായാലും അവരിൽത്തന്നെ പ്രാധാന്യമുള്ളവരായി കണക്കാക്കുന്ന ആ 'നോട്ടത്തിലാണ്' സ്നേഹത്തിന്റെ സൗന്ദര്യശാസ്ത്രപരമായ അനുഭവം പ്രകടിപ്പിക്കുന്നത്. വിലമതിക്കലിന്റെ ഒരു നോട്ടത്തിന് അളവറ്റ പ്രാധാന്യമുണ്ട്. അതു നല്കുവാൻ മടിക്കുന്നത് പലപ്പോഴും വേദനിപ്പിക്കുന്നതാണ്. ശ്രദ്ധിക്കപ്പെടാൻവേണ്ടി ദമ്പതികളും കുട്ടികളും ചിലപ്പോൾ എന്തെല്ലാം കാര്യങ്ങളാണു ചെയ്യുന്നത്! നാം പരസ്പരം നോക്കാതിരിക്കുമ്പാഴാണ് ഏറെ മുറിവുകളും പ്രശ്നങ്ങളും ഉണ്ടാകുന്നത്. കുടുംബങ്ങളിൽ നാം മിക്കപ്പോഴും കേൾക്കുന്ന പരാതികളുടെയും സങ്കടങ്ങളുടെയും പിന്നിൽ ഇതാണുള്ളത്. 'എന്റെ ഭർത്താവ് എന്റെ നേരേ നോക്കുന്നതേ ഇല്ല. ഞാൻ അദൃശ്യയാണെന്ന ഭാവത്തിൽ അയാൾ പ്രവർത്തിക്കുന്നു.' 'ഞാൻ നിന്നോടു സംസാരിക്കുമ്പോൾ ദയവായി എന്റെ നേരെ നോക്കുക.' 'എന്റെ ഭാര്യ എന്റെ നേരേ നോക്കുന്നില്ല. ഞങ്ങളുടെ കുട്ടികളുടെ നേരേ നോക്കാൻ മാത്രമേ അവൾക്കു കണ്ണുകളുള്ളൂ. 'എന്റെ വീട്ടിൽ എന്നെ ആരും ശ്രദ്ധിക്കുന്നില്ല, അവർ എന്നെ കാണുന്നുപോലുമില്ല. ഞാൻ ഇല്ലാത്തതുപോലെയാണത്.' സ്നേഹം നമ്മുടെ കണ്ണുകളെ തുറക്കുന്നു, മറ്റുള്ള എല്ലാറ്റിലും ഉപരിയായി ഒരു മനുഷ്യജീവിയുടെ മഹത്തായ യോഗ്യത കാണാൻ ശക്തരാക്കുകയും ചെയ്യുന്നു.



129. ഈ ധ്യാനാത്മക സ്നേഹത്തിന്റെ സന്തോഷം വളർത്തപ്പെടണം. നമ്മൾ സ്നേഹത്തിനായി സൃഷ്ടിക്കപ്പെട്ടിരിക്കയാൽ, നല്ല കാര്യങ്ങളിൽ പങ്കുചേരുന്നതിലുള്ള സന്തോഷത്തെക്കാൾ വലിയ സന്തോഷമില്ലെന്ന് നാം അറിയുന്നു. 'കൊടുക്കുക, എടുക്കുക, നന്നായി പെരുമാറുക' (പ്രഭാ 14:16). ജീവിതത്തിലെ ഏറ്റവും തീവ്രമായ സന്തോഷങ്ങൾ സ്വർഗത്തിന്റെ ഒരു മുന്നാസ്വാദനംപോലെ മറ്റുള്ളവരിൽ സന്തോഷം ഉദ്ദീപിപ്പിക്കാൻ നമുക്ക് കഴിയുമ്പോഴാണ് ജീവിതത്തിൽ ഏറ്റവും തീവ്രമായ സന്തോഷങ്ങൾ ഉണ്ടാകുന്നത്. ബാബെറ്റ്സ് ഫീസ്റ്റ് എന്ന സിനിമയിലുള്ള ആകർഷകമായ രംഗത്തെപ്പറ്റി നമുക്കു ചിന്തിക്കാം. അവിടെ ഉദാരമതിയായ പാചകക്കാരൻ കൃതജ്ഞതാപൂർവകമായ ആശ്ലേഷവും ഇങ്ങനെയൊരു പ്രശംസയും സ്വീകരിക്കുന്നു.: 'ഹായ് നീ എങ്ങനെ മാലാഖമാരെ സന്തോഷിപ്പിക്കും!' മറ്റുള്ളവർക്കു സന്തോഷം നല്കുകയെന്നത്, അവർ സന്തോഷിക്കുന്നതായി കാണുന്നത് വലിയ സന്തോഷവും സമാശ്വാസവുമാണ്. സഹോദരസ്നേഹത്തിന്റെ ഫലമായ ഈ സന്തോഷം വ്യർത്ഥമോ തന്നിൽത്തന്നെ കേന്ദ്രീകരിച്ചു സ്ഥിതിചെയ്യുന്നതോ അല്ല. പിന്നെയോ തങ്ങൾ സ്നേഹിക്കുന്നവരുടെ നന്മയിൽ ആനന്ദിക്കുകയും അവർക്ക് സ്വതന്ത്രമായി നല്കുകയും അങ്ങനെ നല്ല ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നവരുടെ സന്തോഷമാണ്.

130. മറുവശത്ത്, സന്തോഷം വേദനയിലൂടെയും ദുഃഖത്തിലൂടെയും കൂടി വളരുന്നുണ്ട്. വിശുദ്ധ ആഗസ്തീനോസിന്റെ വാക്കുകളിൽ ''യുദ്ധത്തിലെ അപകടം എത്ര വലുതാണോ അത്ര വലുതാണ് വിജയത്തിന്റെ സന്തോഷം.'[131] ഒന്നിച്ചു സഹിക്കുകയും കഷ്ടപ്പെടുകയും ചെയ്തതിനുശേഷം, അത് വിലപിടിപ്പുള്ളതാണെന്ന അനുഭവം ദമ്പതികൾക്കുണ്ടാകും. കാരണം അവർ ഏതെങ്കിലും ഒരു നന്മനേടി, ദമ്പതികളെന്ന നിലയിൽ എന്തെങ്കിലും പഠിച്ചു അല്ലെങ്കിൽ തങ്ങൾക്കുള്ളതിനെ വിലമതിക്കാൻ സാധിച്ചു. പരസ്പരം സ്നേഹിക്കുകയും പങ്കുവയ്ക്കപ്പെട്ട വലിയ പരിശ്രമത്തിന്റെ ഫലമായി എന്തെങ്കിലും നേടുകയും ചെയ്ത രണ്ടുപേർ അനുഭവിക്കുന്ന ഇത്ര വലിയ അഗാധവും വികാരഭരിതവുമായ സന്തോഷം വളരെ ചുരുക്കമായേയുള്ളൂ.

## സ്നേഹത്തിനുവേണ്ടി വിവാഹം ചെയ്യൽ

131. യുവജനങ്ങളോട് ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു: സ്നേഹം വിവാഹത്തിൽ പ്രകാശനം കണ്ടെത്തുമ്പോൾ ഇപ്പറഞ്ഞവയിലെന്നും അപകടത്തിലാക്കപ്പെടുന്നില്ല. അവരുടെ സ്നേഹം യഥാർഥത്തിൽ നിലനില്ക്കാനും വളരാനും ഉറപ്പു നല്കുന്ന മാർഗങ്ങൾ അവർ വിവാഹമെന്ന ജീവിതാവസ്ഥയിൽ കണ്ടെത്തും. സ്നേഹം സ്വാഭാവികമായി ബാഹ്യമായ സമ്മതത്തേക്കാളും അഥവാ ഉടമ്പടിയെ

ക്കാളും വലുതാണ്. എന്നാലും, ഒരു സമൂഹത്തിൽ ചില ധർമ്മങ്ങൾ ഏറ്റെടുത്തുകൊണ്ട് വിവാഹത്തിനു ദൃശ്യമായ ഒരു രൂപം നല്കാൻ നിശ്ചയിക്കുകയെന്നത് വിവാഹം എത്ര പ്രധാനപ്പെട്ടതാണെന്നു കാണിക്കും എന്നതു സത്യമാണ്. അത് മറ്റു വ്യക്തിയുമായി ഓരോ വ്യക്തിക്കു മുള്ള ഐക്യപ്പെടലിന്റെ ഗൗരവും കൗമാര വ്യക്തിഭാവം ഉപേക്ഷിച്ച് പരസ്പരം സ്വന്തമാകാനുള്ള അവരുടെ സുദൃഢമായ തീരുമാനവും വ്യക്തമാക്കുന്നു. സുശക്തമായ മറ്റൊരു ബന്ധം സ്ഥാപിക്കുന്നതിനും മറ്റൊരു വ്യക്തിയെ സംബന്ധിച്ച ഉത്തരവാദിത്വം ഏറ്റെടുക്കുന്ന തിനും വേണ്ടി, നമ്മൾ വളർന്ന ഭവനത്തിലുള്ള സുരക്ഷിതത്വം യഥാർഥ ത്തിൽ ഉപേക്ഷിച്ചുവെന്നു വ്യക്തമാക്കാനുള്ള ഒരു മാർഗമാണ് വിവാഹം. പരസ്പര സംതൃപ്തിക്കുവേണ്ടിയുള്ള കേവലം സ്വാഭാവികമായ കൂടിചേ രലിനെക്കാൾ ഏറെ അർഥപൂർണമാണിത്. ആ കൂടിച്ചേരൽ വിവാഹത്തെ കേവലം സ്വകാര്യസംഭവമാക്കി മാറ്റുന്നു. വിവാഹം ഒരു സാമൂഹികസ്ഥാ പനമെന്ന നിലയിൽ, വിവാഹം സ്നേഹത്തിലുള്ള കൂടുതൽ അഗാധമായ പങ്കുവയ്ക്കപ്പെട്ട സമർപ്പണത്തെയും പൊതുവേ സമൂഹത്തിന്റെ നന്മ യ്ക്കായുള്ള പരസ്പര സമർപ്പണത്തെയും സംരക്ഷിക്കുകയും രൂപപ്പെടു ത്തുകയും ചെയ്യും. അതുകൊണ്ടാണ് വിവാഹം ക്ഷണികമായ ഒരു ഫാഷ നെക്കാൾ കൂടുതലായ ഒന്നായിരിക്കുന്നത്. അത് ശാശ്വത പ്രാധാന്യമുള്ള കാര്യമാണ്. നമ്മുടെ മനുഷ്യപ്രകൃതിയിൽ നിന്നും സാമൂഹിക സ്വഭാവ ത്തിൽ നിന്നും അത് സാരാംശം സ്വീകരിക്കുന്നു. സ്നേഹത്തിൽ നിന്നു തന്നെ ജനിക്കുന്ന കടമകളുടെ ഒരു പരമ്പര അതിലുണ്ട്. ഏത് അപകടസാ ധ്യതയെയും നേരിടാൻ സന്നദ്ധമായ ഗൗരവപൂർണവും ഉദാരതാനിർഭര വുമായ ഒരു സ്നേഹമാണത്.

132. ഈ വിധത്തിൽ വിവാഹം തിരഞ്ഞെടുക്കുകയെന്നത് എന്തുവന്നാലും വഴികളിൽ ഒന്നിച്ചായിരിക്കാനുള്ള ആത്മാർത്ഥവും ദൃഢവുമായ തീരു മാനത്തെ പ്രകാശിപ്പിക്കുന്നു. ഇതിന്റെ ഗൗരവം കണക്കിലെടുത്ത് സ്നേഹ ത്തിന്റെ പരസ്യമായ ഈ സമർപ്പണം പെട്ടെന്നെടുത്ത തീരുമാനത്തിന്റെ ഫലമായിരിക്കാൻ പാടില്ല. ഇത് അനന്തമായി നീട്ടിവയ്ക്കാനും പാടില്ല. മറ്റൊരു വ്യക്തിക്ക് മുഴുവനായും സുനിശ്ചിതമായും സമർപ്പിക്കുകയെന്നത് എപ്പോഴും സാഹസവും ധീരമായ ചൂതാട്ടവുമാണ്. അത്തരമൊരു സമർപ്പണം നടത്തുന്നതിലുള്ള വൈമനസ്യം സ്വാർത്ഥതാപരമാണ്, ദുരാലോചനാപ രവും സങ്കുചിതവുമാണ്. മറ്റൊരു വ്യക്തിയുടെ അവകാശങ്ങളെ അംഗീ കരിക്കുന്നതിലും. വ്യവസ്ഥാതീതമായ സ്നേഹത്തിന് അർഹൻ എന്ന വിധത്തിൽ സമൂഹത്തിന് ആ വ്യക്തിയെ അവതരിപ്പിക്കുന്നതിലും അതു പരാജയപ്പെടുന്നു. രണ്ടു വ്യക്തികൾ യഥാർഥത്തിൽ പരസ്പരം സ്നേഹിക്കു ന്നുണ്ടെങ്കിൽ അവർ ആ സ്നേഹം സ്വാഭാവികമായി മറ്റുള്ളവരുടെ മുമ്പിൽ പ്രദർശിപ്പിക്കും. സ്നേഹം ഒരു വിവാഹ ഉടമ്പടിയിലൂടെ മറ്റുള്ളവരുടെ



മുമ്പിൽ അതിന്റെ പൊതുവായ സകല ധർമ്മങ്ങളോടും കൂടി പ്രകാശിപ്പി ക്കപ്പെടുമ്പോൾ അവർ പരസ്പരം സ്വതന്ത്രമായും കലവറയില്ലാതെയും പറയുന്ന 'സമ്മത'ത്തെ വ്യക്തമായി സൂചിപ്പിക്കുകയും കാത്തുസൂക്ഷിക്കു കയും ചെയ്യുന്നു. അവർക്ക് എന്നും പരസ്പരം വിശ്വസിക്കാമെന്ന് ഈ സമ്മതം അവർക്ക് വ്യക്തമാക്കിക്കൊടുക്കുന്നു. പ്രയാസങ്ങളോ പുതിയ ആകർഷണങ്ങളോ സ്വാർത്ഥതാത്പര്യങ്ങളോ ഉണ്ടാകുമ്പോൾ ഒരിക്കലും പരിത്യജിക്കപ്പെടുകയില്ലെന്നും അതു വ്യക്തമാക്കുന്നു.

## സ്വയം വെളിപ്പെടുത്തുകയും വർദ്ധിക്കുകയും ചെയ്യുന്ന സ്നേഹം

133. സൗഹൃദത്തിന്റെ സ്നേഹം വൈവാഹിക ജീവിതത്തിന്റെ എല്ലാ വശ ങ്ങളെയും ഒന്നിപ്പിക്കുകയും കുടുബാംഗങ്ങളെ നിരന്തരം വളരാൻ അനു വദിക്കുകയും ചെയ്യുന്നു. ഈ സ്നേഹം വാക്കുകളിലൂടെയും പ്രവൃത്തി കളിലൂടെയും സ്വതന്ത്രമായി, ഉദാരതയോടെ പ്രകാശിപ്പിക്കപ്പെടണം. കുടുംബത്തിൽ 'മൂന്നു വാക്കുകൾ' ഉപയോഗിക്കപ്പെടണം. ഇത് ആവർത്തിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മൂന്നു വാക്കുകൾ ഇവയാണ്: 'ദയ വായി', 'നന്ദി', 'ഖേദിക്കുന്നു' സുപ്രധാന മൂന്നു വാക്കുകൾ! [32] നമ്മുടെ കുടുംബങ്ങളിൽ നമ്മൾ അടക്കിനിർത്താതെ 'ഞാൻ ചെയ്യട്ടെ' എന്ന് ചോദിക്കുമ്പോൾ നമ്മുടെ കുടുംബങ്ങളിൽ നമ്മൾ സ്വാർത്ഥരാകാതെ നന്ദി എന്നു പറയുമ്പോൾ, നമ്മുടെ കുടുംബങ്ങളിൽ താൻ എന്തെ ങ്കിലും തെറ്റു ചെയ്തു എന്നു മനസ്സിലാക്കുമ്പോൾ 'ഞാൻ ദുഃഖി ക്കുന്നു' എന്നു പറയാൻ കഴിയുമ്പോൾ നമ്മുടെ കുടുംബം സമാധാന വും സന്തോഷവും അനുഭവിക്കുന്നു.[133] ഈ വാക്കുകൾ ഉപയോഗിക്കു ന്നതിൽ നാം പിശുക്കു കാണിക്കുന്നവരാകരുത്. പിന്നെയോ ദിവസം തോറും അവ ആവർത്തിച്ചുകൊണ്ടിരിക്കണം. എന്തെന്നാൽ 'ചിലപ്പോൾ കുടുംബങ്ങളിൽപ്പോലുമുള്ള - ഭാര്യാ ഭർത്താക്കൻമാർ തമ്മിൽ, മാതാ പിതാക്കളും കുട്ടികളും തമ്മിൽ ശിശുക്കളുടെയിടയിൽ ഉള്ള നിശ്ശബ്ദത ദുസ്സഹമാണ്.'[134] തക്കസമയത്തു പറയുന്ന തക്കവാക്കുകൾ സ്നേഹത്തെ അനുദിനം സംരക്ഷിക്കുകയും വളർത്തുകയും ചെയ്യും.

134. ഇതെല്ലാം വളർച്ചയുടെ പ്രക്രിയയിലൂടെ സംഭവിക്കുന്നു. വിശുദ്ധ തോമസ് അക്വീനാസ് പരസ്നേഹത്തെപ്പറ്റി പൊതുവായി പറഞ്ഞത് വിവാഹമാകുന്ന സ്നേഹത്തിന്റെ പ്രത്യേകരൂപം മൂർത്തീഭവിപ്പിക്കുന്നു. അദ്ദേഹം പറയുന്നു: 'പരസ്നേഹത്തിന്, പ്രകൃത്യാ അതിന്റെ വളർച്ചയ്ക്ക് പരിധിയില്ല. എന്തെന്നാൽ അത് പരിശുദ്ധാത്മാവാകുന്ന അനന്ത പരസ്നേഹത്തിലുള്ള ഒരു പങ്കുചേരലാണ്... അതിന്റെ വിഷയത്തെ സംബന്ധിച്ചും പരിധി നിശ്ചയിച്ചിട്ടില്ല. കാരണം പരസ്നേഹം വളരുന്ന തനുസരിച്ച് കൂടുതൽ വളർച്ചയ്ക്കുള്ള കഴിവ് അതിനുണ്ട്.'[135] വിശുദ്ധ

പൗലോസും ഇങ്ങനെ പ്രാർഥിക്കുന്നു: 'കർത്താവ് നിങ്ങളെ സ്നേഹത്തിൽ വർധിപ്പിക്കുകയും സമൃദ്ധരാക്കുകയും ചെയ്യട്ടെ' (1 തെസ 3:12). വീണ്ടും അദ്ദേഹം ഇങ്ങനെ പ്രാർഥിക്കുന്നു: 'സഹോദരസ്നേഹത്തെക്കുറിച്ച്... പ്രിയപ്പെട്ടവരേ സ്നേഹത്തിൽ കൂടുതൽ കൂടുതൽ വളരാൻ ഞങ്ങൾ നിങ്ങളെ നിർബന്ധിക്കുന്നു' (1 തെസ 4:9-10). കൂടുതൽ കൂടുതൽ! വൈവാഹിക ജീവിതം സംരക്ഷിക്കപ്പെടുന്നത് പ്രധാനമായി അലംഘ്യതയെ ഒരു കടമയായി അവതരിപ്പിച്ചുകൊണ്ടോ സിദ്ധാന്തം ആവർത്തിച്ചുകൊണ്ടോ അല്ല. പിന്നെയോ കൃപാവരത്തിന്റെ പ്രചോദനത്തിൻ കീഴിൽ കൂടുതൽ കൂടുതൽ ശക്തമായി വളരാൻ സഹായിച്ചുകൊണ്ടാണ്. വളരുന്നതിൽ പരാജയപ്പെടുന്ന ഒരു സ്നേഹം അപകടസാധ്യതയിലാണ്. നിരന്തരമായ സ്നേഹപ്രവൃത്തികളും കാരുണ്യപ്രവൃത്തികളും വഴി ദൈവകൃപയോട് പ്രത്യുത്തരിച്ചെങ്കിൽ മാത്രമേ വളർച്ചയുണ്ടാവുകയുള്ളൂ. ആ പ്രവൃത്തികൾ കൂടെക്കൂടെയുള്ളതും തീവ്രത, ഔദാര്യം, വാത്സല്യം, സന്തോഷം എന്നിവയിൽ വർധിക്കുന്നതുമായിരിക്കണം. ഭർത്താക്കന്മാരും ഭാര്യമാരും 'അവരുടെ ഐക്യത്തെക്കുറിച്ച് ബോധമുള്ളവരാകുകയും ഓരോ ദിവസവും അത് കൂടുതൽ ആഴത്തിൽ അനുഭവിക്കുകയും ചെയ്യുന്നു.'[136] ദമ്പതികളുടെ മേൽ ചൊരിയപ്പെട്ട ദൈവസ്നേഹമാകുന്ന ദാനവും കൃപയിൽ സ്ഥിരം വളരാനുള്ള ഒരു വിളിയാണ്.

135. വളരാൻ പ്രചോദനം ആവശ്യമില്ലാത്ത ഗാനാത്മകവും പൂർണവുമായ ഒരു സ്നേഹത്തെപ്പറ്റി സ്വപ്നം കാണുന്നതു സഹായകമല്ല. ഭൗമിക സ്നേഹത്തെക്കുറിച്ചുള്ള സ്വർഗീയ ധാരണ ഏറ്റവും നല്ലത് വരാനിരിക്കുന്നതേയുള്ളൂ എന്ന കാര്യം മറക്കുന്നു. നല്ല വീഞ്ഞ് കാലംകൊണ്ടേ വീര്യമുള്ളതാകുകയുള്ളൂ. ചിലിയിലെ മെത്രാന്മാർ ചൂണ്ടിക്കാണിച്ചതുപോലെ 'വഞ്ചനാത്മകമായ ഉപഭോഗസംസ്ക്കാരം പ്രചരിപ്പിക്കുന്ന തരത്തിലുള്ള സമ്പൂർണകുടുംബങ്ങൾ ഇല്ല. അത്തരം കുടുംബങ്ങളിൽ ആരും വൃദ്ധരാകുന്നില്ല, രോഗമില്ല, ദുഃഖമോ മരണമോ ഇല്ല. ഉപഭോഗസംസ്ക്കാരപരമായ പ്രചാരണം കുടുംബങ്ങളുടെ തലവന്മാർ നിരന്തരം നേരിടേണ്ടിയിരിക്കുന്ന യാഥാർഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത സങ്കല്പം അവതരിപ്പിക്കുന്നു.'[137] നമ്മുടെ പരിമിതികളെയും കുറവുകളെയും അപൂർണതകളെയും സംബന്ധിച്ച യഥാർഥ ബോധം പുലർത്തി, ഒന്നിച്ചു വളരാനുള്ള വിളിയോടു പ്രത്യുത്തരിക്കുകയും സ്നേഹത്തെ പക്വതയിലേക്കു നയിക്കുകയും എന്തൊക്കെ സംഭവിച്ചാലും ഐക്യത്തെ ശക്തിപ്പെടുത്തുകയും ചെയ്യുകയെന്നതാണ് കൂടുതൽ ആരോഗ്യകരം.

## സംവാദം

136. വിവാഹത്തിലും കുടുംബജീവിതത്തിലും സ്നേഹം അനുഭവിക്കുകയും പ്രകടിപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്യാൻ സംവാദം



സുപ്രധാനമാണ്. എന്നാലും സുദീർഘവും ത്യാഗപൂർണവുമായ പരിശീലനത്തിന്റെ ഫലമായിട്ടേ അത് ഉണ്ടാവുകയുള്ളൂ. പുരുഷന്മാരും സ്ത്രീകളും ചെറുപ്പക്കാരും പ്രായമായവരും വ്യത്യസ്ത രീതികളിലാണ് ആശയവിനിമയം നടത്തുന്നത്. അവർ വ്യത്യസ്ത ഭാഷകൾ സംസാരിക്കുകയും വ്യത്യസ്ത രീതികളിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. നമ്മൾ ചോദിക്കുന്നതിന്റെയും ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നതിന്റെയും രീതി, നാം ഉപയോഗിക്കുന്ന ഈണം, സമയ ക്രമീകരണം, അങ്ങനെ പല ഘടകങ്ങളും നാം എത്ര നന്നായി ആശയ വിനിമയം നടത്തുന്നു എന്നതിനെ സ്വാധീനിക്കുന്നു. സ്നേഹം പ്രകടിപ്പിക്കുകയും ആത്മാർഥമായ സംവാദത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ചില മനോഭാവങ്ങൾ നാം വളർത്തണം.

137. സമയമെടുക്കുക, ഗുണമേന്മയുള്ള സമയം. അതിന്റെ അർഥം ഇതാണ്: മറ്റേ വ്യക്തിക്കു പറയാനുള്ള എല്ലാ കാര്യങ്ങളും ക്ഷമാപൂർവം ശ്രദ്ധയോടെ കേൾക്കാൻ തയ്യാറായിരിക്കുക. തക്ക സമയം വരുന്നതുവരെ സംസാരിക്കാതിരിക്കാനുള്ള സ്വയം പരിശീലനം ഇതിന് ആവശ്യമാണ്. ഒരു അഭിപ്രായം പറയുകയോ ഉപദേശം നല്കുകയോ ചെയ്യുന്നതിനു പകരം മറ്റേ വ്യക്തിക്കു പറയാനുള്ളതെല്ലാം കേട്ടുകഴിഞ്ഞുവെന്ന് ഉറപ്പുവരുത്തുക എന്നാണ് ആവശ്യം. ഇതിന്റെ അർഥം മറ്റേ വ്യക്തിക്കു പറയാനുള്ളത് മാനസിക വൈകാരിക ചാഞ്ചല്യമില്ലാതെ ശ്രവിക്കുന്നതു സാധ്യമാകുന്ന ആന്തരിക നിശ്ശബ്ദത വളർത്തുകയെന്നതാണ്. ധൃതി കൂട്ടാതിരിക്കുക, നിങ്ങളുടെ സ്വന്തം ആവശ്യങ്ങളും ആകുലതകളും മാറ്റിവയ്ക്കുക. മറ്റേയാൾക്ക് സംസാരിക്കാൻ ഇടം ഉണ്ടാക്കുക. താൻ പറയുന്നത് കേൾക്കപ്പെടണമെന്നല്ലാതെ തന്റെ പ്രശ്നത്തിനു പരിഹാരമുണ്ടാകണമെന്നു ദമ്പതികളിൽ ഒരാൾ ആഗ്രഹിക്കുന്നില്ല; തന്റെ വേദനയും ഇച്ഛാഭംഗവും ഭീതിയും കോപവും പ്രത്യാശയും സ്വപ്നങ്ങളും മറ്റൊരാൾ അംഗീകരിക്കുന്നുണ്ടെന്ന് അറിയണമെന്നേ ഉദ്ദേശിക്കുന്നുള്ളൂ. താഴെപ്പറയുന്ന തരത്തിലുള്ള പരാതികൾ നാം എത്രയോ പ്രാവശ്യം കേൾക്കുന്നു: 'അവൻ എന്നെ ശ്രവിക്കുന്നില്ല,' 'നീ എന്നെ ശ്രവിക്കുന്നുണ്ടെന്നു തോന്നുമ്പോൾ നീ യാഥാർഥത്തിൽ മറ്റെന്തോ ചെയ്യുകയാണ്,' 'ഞാൻ അവളോടു സംസാരിക്കുമ്പോൾ ഞാൻ പറഞ്ഞു തീരുന്നതുവരെ കാത്തിരിക്കാൻ അവൾക്കു കഴിയുന്നില്ലെന്നു തോന്നുന്നു,' 'ഞാൻ അവളോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവൾ വിഷയം മാറ്റാൻ ശ്രമിക്കുന്നു. അല്ലെങ്കിൽ സംഭാഷണം നിറുത്താൻവേണ്ടി അനാദരവു കാണിക്കുന്നവിധത്തിൽ ചുരുക്കത്തിൽ ഉത്തരം നല്കുന്നു.'

138. മറ്റേ വ്യക്തിക്ക് യഥാർഥ പ്രാധാന്യം നല്കുന്ന ശീലം വളർത്തുക. മറ്റുള്ളവരെ വിലമതിക്കുകയും ജീവിക്കാനുള്ള അവരുടെ അവകാശം അംഗീകരിക്കുകയും അവർ ചിന്തിക്കുന്നതുപോലെ ചിന്തിക്കുകയും സന്തോഷത്തോടെ കഴിയുകയും ചെയ്യുക എന്നാണ് അതിന്റെ അർഥം.

നിങ്ങൾക്ക് നിങ്ങളുടെം വീക്ഷണം പ്രകടിപ്പിക്കേണ്ടിയിരിക്കുന്നെങ്കിലും മറ്റുള്ളവർ പറയുകയോ ചിന്തിക്കുകയോ ചെയ്യുന്നതിനെ തരം താഴ്ത്തരുത്. എന്തെങ്കിലും സംഭാവന ചെയ്യാൻ എല്ലാവർക്കും കഴിയും. കാരണം അവർക്ക് അവരുടെ ജീവിതാനുഭവമുണ്ട്. അവർ കാര്യങ്ങളെ വ്യത്യസ്ത വീക്ഷണകോണിലൂടെ കാണുന്നു. അവർക്കു സ്വന്തമായി, താത്പര്യങ്ങളും കഴിവുകളും ഉൾക്കാഴ്ചകളുമുണ്ട്. മറ്റു വ്യക്തികളുടെ സത്യവും അവരുടെ ഏറ്റവും അഗാധമായ താത്പര്യങ്ങളുടെ മൂല്യവും, അവർ സംവദിക്കാൻ ഉദ്ദേശിക്കുന്ന കാര്യവും - അത് എത്ര ആക്രമണപരമായാലും - അംഗീകരിക്കാൻ നമുക്കു കഴിയണം. മറ്റുള്ളവരുടെ നിഗൂഢങ്ങളായ താല്പര്യങ്ങൾ ഗ്രഹിക്കാനും തുടർ സംവാദം അവരെ കേന്ദ്രീകരിച്ച് നടത്താനും നമ്മൾ അവരുടെ സാഹചര്യത്തിൽ നില്ക്കുകയും അവരുടെ ഹൃദയങ്ങളിലേക്ക് ഉറ്റു നോക്കുകയും ചെയ്യണം ഏറ്റവും അഗാധമായ താത്പര്യങ്ങൾ നിരീക്ഷിക്കുകയും അവയെ കൂടുതലായിട്ടുള്ള സംവാദത്തിനുവേണ്ടി മാറ്റുകയും വേണം.

139. തുറന്ന മനസ്സു സൂക്ഷിക്കുക. നിങ്ങളുടെ പരിമിതമായ ആശയങ്ങളിലും അഭിപ്രായങ്ങളിലും മുങ്ങിക്കിടക്കരുത്. അവയെ വ്യത്യാസപ്പെടുത്താനോ വിപുലീകരിക്കാനോ തയ്യാറാവുക. ചിന്തയുടെ രണ്ടു വ്യത്യസ്തരീതികളുടെ കൂട്ടിച്ചേർക്കൽ രണ്ടുപേരെയും സമ്പന്നമാക്കുന്ന സമന്വയത്തിലേക്കു നയിക്കും. നാം അന്വേഷിക്കുന്ന ഐക്യം ഏക രൂപാവസ്ഥയല്ല. പിന്നെയോ 'വൈവിധ്യത്തിലുള്ള ഐക്യ' മാണ്. അഥവാ 'അനുരഞ്ജിത വൈവിധ്യം ആണ്.' വ്യത്യാസങ്ങളെ പൊതുനന്മയെ പോഷിപ്പിക്കുന്ന പൊതു വീക്ഷണത്തിൽ ആദരിക്കുകയും വിലമതിക്കുകയും ചെയ്യുന്നതുവഴി സഹോദര കൂട്ടായ്മ സമ്പന്നമാക്കപ്പെടും. നമ്മൾ എല്ലാവരും ഒന്നുപോലെയായിരിക്കണമെന്ന തോന്നലിൽ നിന്ന് നാം നമ്മെത്തന്നെ സ്വതന്ത്രരാക്കണം. സംവാദത്തിന്റെ പ്രക്രിയയിൽ തടസ്സമുണ്ടാകുന്ന നിശ്ചലതയുടെ ഭാവം അകറ്റാൻ സൂക്ഷ്മ ബുദ്ധി ആവശ്യമാണ് ഉദാഹരണമായി തീവ്രവികാരങ്ങൾ ഉയരാൻ തുടങ്ങുകയാണെങ്കിൽ സംഭാഷണത്തിന്റെ സ്വയംചാലകത്വത്തെ തടയാതിരിക്കാൻ അവയെ വിവേകത്തോടെ കൈകാര്യം ചെയ്യണം. ഒരു വ്യക്തി ചിന്തിക്കുന്നത് മറ്റൊരു വ്യക്തിയുടെ വികാരങ്ങളെ മുറിപ്പെടുത്താതെ പറയുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. പ്രത്യേകിച്ച് പ്രയാസമുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ വികാരങ്ങളെ മുറിപ്പെടുത്താതിരിക്കാൻ വാക്കുകൾ ശ്രദ്ധാപൂർവം തിരഞ്ഞെടുക്കണം.. സുനിശ്ചിതമായി ഒരു കാര്യം വ്യക്തമാക്കുമ്പോൾ ഒരിക്കലും കോപം ഉദ്ദീപിപ്പിക്കുകയോ മുറിപ്പെടുത്തുകയോ ചെയ്യരുത്. രക്ഷാധികാരപരമായ ഈണം മുറിപ്പെടുത്താനും കളിയാക്കാനും കുറ്റപ്പെടുത്താനും ദ്രോഹിക്കാനും മാത്രമേ സഹായിക്കുകയുള്ളൂ. ദമ്പതികൾ തമ്മിലുള്ള വിയോജിപ്പുകൾ പലതും



സുപ്രധാന കാര്യങ്ങളെക്കുറിച്ചുള്ളവയല്ല. മിക്കപ്പോഴും അവയെല്ലാം നിസ്സാരകാര്യങ്ങളെ സംബന്ധിച്ചുള്ളവയാണ്. കാര്യങ്ങൾ പറയുന്ന രീതിയോ അവ പറയുന്ന മനോഭാവമോ ആണ് വൈകാരിക സ്ഥിതി മാറുന്നത്.

140. മറ്റേ വ്യക്തിയോട് വാത്സല്യവും താത്പര്യവും കാണിക്കണം. ഏറ്റവും പ്രയാസമുള്ള തടസ്സങ്ങളെപ്പോലും സ്നേഹം കീഴടക്കുന്നു. നാം ഒരാളെ സ്നേഹിക്കുമ്പോൾ, അല്ലെങ്കിൽ സ്നേഹിക്കപ്പെടുന്നുവെന്നു തോന്നുമ്പോൾ, അവർ പറഞ്ഞറിയിക്കാൻ ഉദ്ദേശിക്കുന്നതെന്താണെന്ന് നമുക്കു കൂടുതൽ നന്നായി മനസ്സിലാകും. അപരൻ ഒരുതരം ശത്രു ആണെന്ന ഭീതി ദൗർബല്യത്തിന്റെ അടയാളമാണ്, അത് തരണം ചെയ്യണം. വാദത്തിൽ ജയിക്കുകയെന്ന ആവശ്യത്തിലോ അല്ലെങ്കിൽ വാദം ശരിയാണെന്നു തെളിയിക്കുകയെന്ന ആവശ്യത്തിലോ അല്ലാതെ, ദൃഢമായ തിരഞ്ഞെടുപ്പുകളിലും വിശ്വാസങ്ങളിലും മൂല്യങ്ങളിലും നിലപാട് ഉറപ്പിക്കുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

141. അവസാനമായി, യോഗ്യമായ ഒരു സംവാദമുണ്ടാകണമെങ്കിൽ എന്തെങ്കിലും പറയാനുണ്ടായിരിക്കണമെന്ന് നമുക്ക് അംഗീകരിക്കാം. അതാകട്ടെ വായന, വ്യക്തിപരമായ വിചിന്തനം, പ്രാർത്ഥന, നമുക്കു ചുറ്റുമുള്ള ലോകത്തോടുള്ള തുറവ് എന്നിവയിൽ പോഷിപ്പിക്കപ്പെട്ട സമ്പന്നതയുടെ ഫലമല്ലാതെ മറ്റൊന്നുമല്ല. അങ്ങനെയല്ലെങ്കിൽ സംഭാഷണം വിരസവും നിസ്സാരവും ആയിരിക്കും. ദമ്പതികളിൽ ഒരാളുപോലും ഇക്കാര്യത്തിൽ അധ്വാനിക്കാതിരുന്നാൽ, മറ്റുള്ള ജനങ്ങളുമായി യഥാർഥ സമ്പർക്കമില്ലാതിരുന്നാൽ, കുടുംബജീവിതം ശ്വാസം മുട്ടിക്കുന്നതും, സംഭാഷണം ദരിദ്രമാക്കപ്പെട്ടതും ആകും.

## തീവ്രതയുള്ള സ്നേഹം

142. വൈവാഹിക ജീവിതത്തിലുള്ള ഈ സ്നേഹത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇങ്ങനെ പറയുന്നു: 'അത് മുഴുവൻ വ്യക്തിയുടെയും നന്മയെ ആശ്ലേഷിക്കുന്നു. ചൈതന്യത്തിന്റെ വികാരങ്ങളെയും അവയുടെ ശാരീരിക പ്രകാശനത്തെയും അനന്യമായ മഹത്ത്വത്തോടെ സമ്പന്നമാക്കാൻ അതിനു കഴിയും. വിവാഹത്തിന്റേതായ സൗഹൃദത്തിന്റെ സവിശേഷതകളെയും പ്രകടനത്തെയും ശ്രേഷ്ഠമാക്കാനും അതിനു കഴിയും.'[138] ഇക്കാരണത്താൽ സുഖമോ വികാരതീവ്രതയോ ഇല്ലാത്ത ഒരു സ്നേഹം മനുഷ്യഹൃദയത്തിന് ദൈവവുമായിട്ടുള്ള ഐക്യത്തിന്റെ പര്യാപ്തമായ പ്രതീകമായിരിക്കാൻ കഴിവുള്ളതല്ല. 'അതിസ്വാഭാവിക സ്നേഹത്തിനും സ്വർഗീയസ്നേഹത്തിനും തങ്ങൾ അന്വേഷിക്കുന്ന പ്രതീകങ്ങൾ സൗഹൃദം, പുത്രസഹജമായ വാത്സല്യം, ഏതെങ്കിലും ഒരു കാര്യത്തോടുള്ള ഭക്തി എന്നിവയിലെന്നതിനെക്കാൾ കൂടുതലായി വൈവാഹിക സ്നേഹത്തിലാണു കാണുന്നതെന്ന് എല്ലാ മിസ്റ്റിക്കുകളും ഉറപ്പിച്ചു പറ

ഞ്ഞിട്ടുണ്ട്. അതിന്റെ കാരണം അതിന്റെ സംപൂർണതയിലാണ് കൃത്യമായി കണ്ടെത്താനാവുന്നത്.'[139] അപ്പോൾ, വിവാഹത്തിലെ വികാരങ്ങളെയും ലൈംഗികതയെയും കുറിച്ച് പറയാൻ ഇടവിരാമമിടാതിരിക്കുന്നതെന്തിന്?

## വൈകാരികത നിറഞ്ഞ ലോകം

143. ആഗ്രഹങ്ങൾ, വികാരങ്ങൾ വൈകാരിക ചലനങ്ങൾ എന്നിവ - പൗരാണികർ 'തീവ്ര വികാരങ്ങൾ' എന്നു വിളിച്ചവ - എല്ലാം വിവാഹ ജീവിതത്തിൽ സുപ്രധാന സ്ഥാനമുള്ളവയാണ്. ഒരു വ്യക്തിയുടെ ജീവിതത്തിൽ മറ്റൊരു വ്യക്തിയുടെ സാന്നിധ്യമുണ്ടാവുകയും ആ വ്യക്തി ജീവിതത്തിന്റെ ഭാഗമായിത്തീരുകയും ചെയ്യുമ്പോൾ ആ വികാരങ്ങൾ ഉണർത്തപ്പെടുന്നു. എല്ലാ ജീവജാലങ്ങളുടെയും സവിശേഷതയാണ് മറ്റു വസ്തുക്കളിലേക്ക് എത്തിച്ചേരുകയെന്നത്. ഈ വാസനയ്ക്ക് എപ്പോഴും അടിസ്ഥാനപരമായ വൈകാരിക ഭാവങ്ങളുണ്ടാകും: സുഖം അല്ലെങ്കിൽ വേദന, സന്തോഷം അല്ലെങ്കിൽ ദുഃഖം, വാത്സല്യം അല്ലെങ്കിൽ ഭയം. അവ ഏറ്റവും പ്രാഥമികമായ മനശ്ശാസ്ത്രപരമായ പ്രവർത്തനത്തിന്റെ ആധാരമാണ്. മനുഷ്യജീവികൾ ഈ ലോകത്തിലാണ് ജീവിക്കുന്നത്. അവർ പ്രവർത്തിക്കുകയും അന്വേഷിക്കുകയും ചെയ്യുന്നതെല്ലാം തീവ്രവികാരത്താൽ നിറഞ്ഞിരിക്കുന്നു.

144. യേശു യഥാർത്ഥ മനുഷ്യൻ എന്ന നിലയിൽ തന്റെ വികാരങ്ങൾ പ്രകടിപ്പിച്ചു. ജറുസലെമിന്റെ പരിത്യക്തതയിൽ അവിടന്നു ഹൃദയവേദന അനുഭവിച്ചു (cf മത്താ 23:27). അത് അവിടത്തെ കണ്ണീരണിയിച്ചു (cf ലൂക്കാ 19;41). അവിടന്ന് മറ്റുള്ളവരുടെ സഹനങ്ങളിലും വേദനയനുഭവിച്ചു (cf മർക്കോ 6:34). അവരുടെ ദുഃഖം അവിടത്തെ ശോകാകുലനാക്കി (cf യോഹ 11:33). ഒരു സുഹൃത്തിന്റെ മരണത്തിൽ അവിടന്നു വിലപിച്ചു (cf യോഹ 11:35). അവിടത്തെ മാനുഷിക ഹൃദയം മറ്റുള്ളവരിലേക്ക് എത്രമാത്രം തുറവുള്ളതായിരുന്നുവെന്ന് അവിടത്തെ സംവേദകത്വത്തിന്റെ ഈ മാതൃകകൾ കാണിക്കുന്നു.

145. ഒരു വികാരം അനുഭവിക്കുകയെന്നത് അതിൽത്തന്നെ ധാർമ്മികമായ നല്ലതോ തിന്മയോ അല്ല.[140] ആഗ്രഹത്തിന്റെയോ വെറുപ്പിന്റെയോ ഉദ്ദീപിപ്പിക്കൽ പാപകരമോ കുറ്റപ്പെടുത്തത്തക്കതോ അല്ല. ഏതെങ്കിലും ഒരു വികാരത്തിന്റെ അടിസ്ഥാനത്തിലോ അതിന്റെ സ്വാധീനത്താലോ കീഴിലോ നമ്മൾ ചെയ്യുന്നതാണ് ധാർമ്മികമായി നല്ലതോ തിന്മയോ ആകുന്നത്. എന്നാൽ വികാരങ്ങളെ ഉണർത്തുകയോ അന്വേഷിക്കുകയോ അതിന്റെ ഫലമായി നമ്മൾ തിന്മപ്രവൃത്തികൾ ചെയ്യുകയോ, ചെയ്താൽ അവയെ ജ്വലിപ്പിക്കാനുള്ള തീരുമാനത്തിലും അതിന്റെ ഫലമായി ഉണ്ടാകുന്ന തിന്മപ്രവൃത്തികളിലുമാണ് തിന്മ നിലകൊള്ളുന്നത്. ഇതേ രീതിയിൽ ഞാൻ ഒരാളാൽ ആകർഷിക്കപ്പെടുന്നുവെന്നത് സ്വാഭാവികമായി നന്മയല്ല. ആ വ്യക്തിയോടുള്ള എന്റെ



ആകർഷണം ആ വ്യക്തിയെ കീഴ്പ്പെടുത്താൻ എന്നെ പ്രേരിപ്പിച്ചാൽ എന്റെ വികാരം എന്റെ സ്വാർത്ഥതയെ സേവിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. 'നമ്മൾ നല്ലവരാണെന്ന്' തോന്നുന്നതുകൊണ്ടുമാത്രം നമ്മൾ നല്ലവരാണെന്നു വിശ്വസിക്കുന്നത് ഭയാനകമായ ബുദ്ധിഭ്രമമാണ്. അവർക്ക് വാത്സല്യം വലിയ തോതിൽ ആവശ്യമായതുകൊണ്ടു തങ്ങൾ വലിയ സ്നേഹത്തിന് കഴിവുള്ളവരാണെന്നു കരുതുന്നവരുണ്ട്. പക്ഷേ, മറ്റുള്ളവർക്ക് സന്തോഷം നല്കാൻ കഴിവില്ലാത്തവരാണെന്ന് അവർ സ്വയം തെളിയിക്കുന്നു. അവർ സ്വന്തം ആവശ്യങ്ങളിലും ആഗ്രഹങ്ങളിലും കുടുങ്ങിക്കിടക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ വികാരങ്ങൾ ഏറ്റവും ഉന്നതമായ മൂല്യങ്ങളിൽ നിന്നും ശ്രദ്ധ തിരിക്കുകയും ആരോഗ്യപ്രദവും സന്തോഷകരവുമായ ഒരു കുടുംബജീവിതം വളർത്തുന്നത് അസാധ്യമാക്കിത്തീർക്കുന്ന സ്വയം കേന്ദ്രീകൃതയെ ഒളിപ്പിച്ചുവയ്ക്കുകയും ചെയ്യുന്നു.

146. വികാരം ഒരു സ്വതന്ത്രപ്രവൃത്തയടോപ്പമുണ്ടെങ്കിൽ അത് ആ പ്രവൃത്തിയുടെ അഗാധതയെ വെളിപ്പെടുത്താൻ കഴിവുള്ളതായിരിക്കും. ഒരുവന്റെ മുഴുവൻ വൈകാരിക ജീവിതവും മുഴുവൻ കുടുംബത്തിനും ഉപകാരപ്പെടുമെന്നും അത് കുടുംബത്തിന്റെ പൊതു ജീവിതത്തിനു സഹായം ചെയ്യുമെന്നും ഉറപ്പുവരുത്തുന്നതാണ് വൈവാഹിക സ്നേഹം. അംഗങ്ങളുടെ വൈകാരിക ജീവിതം, വലിയ തീരുമാനങ്ങളെയും മൂല്യങ്ങളെയും ശ്വാസം മുട്ടിക്കുകയോ ഇരുട്ടിലാക്കുകയോ ചെയ്യാതെ ഓരോ വ്യക്തിയുടെയും സ്വാതന്ത്ര്യത്തെ അനുഗമിക്കുകയും അതിൽനിന്ന് ഉദ്ഭവിക്കുകയും അതിനെ സമ്പന്നവും പൂർണവുമാക്കുകയും സമന്വയപ്പെടുത്തുകയും ചെയ്യും. ഒരു സംവേദകത്വത്തിന്റെ രൂപമായിത്തീരുമ്പോൾ ഒരു കുടുംബം പക്വത പ്രാപിച്ചതായിത്തീരുന്നു.[141]

## മക്കളുടെ സന്തോഷം ദൈവത്തിന്റെ ആനന്ദം

147. പരിത്യാഗം ആവശ്യമായിരിക്കുന്ന ഒരു അധ്യാപന പ്രക്രിയ ഇതിന് ആവശ്യമാണ്. സഭയുടെ ഭാഗത്തുള്ള ബോധ്യത്തെ മാനുഷിക സന്തോഷത്തെ എതിർക്കുന്നതായി കരുതി മിക്കപ്പോഴും എതിർക്കപ്പെടുന്നുണ്ട്. ഈ ആരോപണത്തെ വലിയ വ്യക്തതയോടെ ബനഡിക്ട് 16-ാമൻ മാർപാപ്പാ സംഗ്രഹിച്ചിട്ടുണ്ട്. 'സഭ തന്റെ എല്ലാ കല്പനകളും വിലക്കുകളും കൊണ്ട് ജീവിതത്തിലെ ഏറ്റവും വിലപ്പെട്ട ഒരു കാര്യത്തെ കയ്പാക്കിമാറ്റിയില്ലേ? സ്രഷ്ടാവിന്റെ ദാനമായ സന്തോഷം-ദൈവികതയുടെ ഒരു മുന്നാസ്വാദനമായ ആനന്ദം നല്കുമ്പോൾത്തന്നെ സഭ തെറ്റെന്നു പറയുന്നില്ലേ? [142] അദ്ദേഹം ഇങ്ങനെ മറുപടി പറഞ്ഞു: ക്രിസ്തുമതത്തിൽ തപശ്ചര്യയുടെ അതിവർണനകളും വഴിതെറ്റിയ രൂപങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും സഭ വിശുദ്ധഗ്രന്ഥത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ടു നല്കുന്ന ഔദ്യോഗിക പ്രബോധനം 'ലൈംഗിക വികാരത്തെ

(ഈറോസിനെ) തള്ളിക്കളഞ്ഞിട്ടില്ല. അതിന്റെ വികൃതമാക്കപ്പെട്ടതും നാശകരവുമായ രൂപത്തെ മാത്രമേ തള്ളിക്കളഞ്ഞിട്ടുള്ളൂ. എന്തെന്നാൽ ലൈംഗിക വികാരത്തിന്റെ കൃത്രിമമായ ദൈവത്വവത്കരണം... യഥാർത്ഥത്തിൽ അതിന്റെ ദൈവിക മഹത്ത്വത്തെ ഉരിഞ്ഞുകളയുകയും അതിനെ മനുഷ്യരഹിതമാക്കുകയും ചെയ്യുന്നു.'[143]

148. വികാരത്തിന്റെയും വാസനയുടെയും മണ്ഡലത്തിൽ പരിശീലനം അത്യാവശ്യമാണ്. ചിലപ്പോൾ അത് ആ വികാരത്തിനു പരിധികൾ കല്പിക്കുന്നു. നിയന്ത്രണമില്ലാത്തതും ഭ്രാന്തമായതും ആവശ്യത്തിലധികവുമായ സുഖം ആ സുഖത്തെത്തന്നെ ദുർബലപ്പെടുത്തുകയും കളങ്കിതമാക്കുകയും[144] കുടുംബജീവിതത്തെ തകർക്കുകയും ചെയ്യും. ഒരു വ്യക്തിക്ക് തീർച്ചയായും അയാളുടെ വികാരങ്ങളെ മനോഹരവും ഗുണപ്രദവുമായ വഴികളിലൂടെ ഒഴുക്കാൻ കഴിയും. അവയെ വർധമാനമായ തോതിൽ പരോപകാര നിതത്വത്തിലേക്കും ഉദ്ഗ്രഥിതമായ ആത്മസാക്ഷാത്കാരത്തിലേക്കും ലക്ഷ്യംവച്ചുകൊണ്ട് അങ്ങനെ ചെയ്യാം. ഇത് കുടുംബത്തിന്റെ ഹൃദയത്തിൽ വ്യക്ത്യന്തബന്ധങ്ങളെ തീർച്ചയായും സമ്പന്നമാക്കും. തീവ്രമായ സന്തോഷാനുഭവത്തിന്റെ നിമിഷങ്ങളെ ഉപേക്ഷിക്കണമെന്ന് ഇതിന് അർത്ഥമില്ല.[145] പിന്നെയോ ഉദാരതാപൂർണമായ സമർപ്പണത്തിന്റെയും ക്ഷമാപൂർവകമായ പ്രത്യാശയുടെയും ആദർശം നേടാനുള്ള അനിവാര്യമായ ക്ഷീണത്തിന്റെയും പോരാട്ടത്തിന്റെയും മറ്റു നിമിഷങ്ങളോട് ഉദ്ഗ്രഥിക്കണമെന്നാണ് ഇതിന്റെ അർത്ഥം. കുടുംബജീവിതം ഇതെല്ലാമാണ്. അതു പൂർണമായി ജീവിക്കാൻ അർഹവുമാണ്.

149. വേദനയിൽ നിന്നു വിമോചനം നേടാനുള്ള ഒരു പാതയായി ആഗ്രഹത്തെ ഒഴിവാക്കണമെന്ന് ചില ആധ്യാത്മിക ചിന്താപദ്ധതികൾ പഠിപ്പിക്കുന്നുണ്ട്. എന്നാൽ മനുഷ്യർ അനുഭവിക്കുന്ന സന്തോഷത്തെ ദൈവം സ്നേഹിക്കുന്നുവെന്നു നമ്മൾ വിശ്വസിക്കുന്നു. ദൈവം നമ്മെ സൃഷ്ടിക്കുകയും 'സന്തോഷിക്കാനുള്ള എല്ലാം നമുക്കു ധാരാളമായി നല്കുകയും ചെയ്തു' (1 തിമോ) 6:17). അവിടന്ന് വലിയ സ്നേഹത്തോടെ നമ്മോട് ഇങ്ങനെ പറയുമ്പോൾ നമുക്കു സന്തുഷ്ടചിത്തരായിരിക്കാം: 'എന്റെ മകനേ, നീ നിന്നോടുതന്നെ നന്നായി പെരുമാറുക... നീ നിന്നിൽ നിന്ന് ഒരു നല്ലദിനം ഇല്ലാതാക്കരുത്' (പ്രഭാ 14:11-14). അതുപോലെ വിവാഹിതരായ ദമ്പതികൾ വേദഗ്രന്ഥത്തിലെ താഴെപ്പറയുന്ന കല്പന അനുസരിക്കുമ്പോൾ ദൈവത്തിന്റെ ഇഷ്ടത്തോടു പ്രത്യുത്തരിക്കുകയാണ്: 'അഭിവൃദ്ധിയുടെ ദിവസത്തിൽ സന്തോഷിക്കുവിൻ' (സഭാപ്ര. 7:14). ജീവിതത്തിന്റെ വിവിധ കാലഘട്ടങ്ങളിൽ, പരസ്പര സ്നേഹത്തിന്റെ ആവശ്യങ്ങളനുസരിച്ച്, സന്തോഷത്തിന് വ്യത്യസ്ത പ്രകാശനങ്ങളുണ്ടാകുമെന്ന് മനസ്സിലാക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നു തിരിച്ചറിയുകയെന്നതാണ് പ്രധാനപ്പെട്ട കാര്യം. നമ്മുടെ കാഴ്ച ഇടുങ്ങിയതാക്കുന്ന പരിമിതമായ അനുഭവത്താൽ നാം തടവിലാക്കപ്പെടാതിരിക്കാൻ നമ്മുടെ ബോധത്തെ വിശാലമാക്കണമെന്ന് നമ്മെ നിർബന്ധിക്കുന്ന ചില പൗരസ്ത്യ ഗുരുക്കന്മാരുടെ പ്രബോധനങ്ങൾ നമുക്കുവിലമതിക്കാനാവും പ്രബോധത്തിന്റെ ഈ വിപുലീകരണം ആഗ്രഹത്തിന്റെ നിഷേധിക്കലോ നശിപ്പിക്കലോ അല്ല. അതിലേറെയായി അതിന്റെ വിപലീകരണവും പൂർണതയുമാണ്.

## സ്നേഹത്തിന്റെ ലൈംഗികമാനം

150. ഇതെല്ലാം നമ്മെ വിവാഹത്തിന്റെ ലൈംഗിക മാനത്തിലേക്കു കൊണ്ടുവരുന്നു. ദൈവം തന്നെയാണ് ലൈംഗികത സൃഷ്ടിച്ചത്. അവിടന്ന് തന്റെ സൃഷ്ടികൾക്കു നല്കിയ വിസ്മയനീയമായ ദാനമാണത്. ഈ ദാനം വളർത്തപ്പെടുകയും നയിക്കപ്പെടുകയും ചെയ്യണമെങ്കിൽ അതിന്റെ 'യഥാർത്ഥമായ മൂല്യത്തെ ദരിദ്രമാക്കുന്ന പ്രക്രിയയെ'[146] തടയേണ്ടതാണ്. 'സഭയുടെ പ്രബോധനം മാനുഷിക ലൈംഗികതയുടെ മൂല്യത്തെ നിഷേധിക്കൽ' ആണെന്നോ 'ലൈംഗികത പ്രജനനത്തിന് അത്യാവശ്യമായതുകൊണ്ട്'[147] സഭ കഷ്ടിച്ച് അതു അനുവദിച്ചു കൊടുക്കുന്നു എന്നോ ഉള്ള വാദങ്ങളെ വിശുദ്ധ ജോൺ പോൾ രണ്ടാമൻ തള്ളിക്കളഞ്ഞിട്ടുണ്ട്. ലൈംഗികാഗ്രഹം പുഛിക്കപ്പെടേണ്ട ഒന്നല്ല. 'അതിന്റെ ആവശ്യകതയെ ചോദ്യം ചെയ്യാനുള്ള ഒരു പരിശ്രമവും ഉണ്ടാകാൻ പാടില്ല.'[148]

151. വികാരങ്ങളുടെയും ലൈംഗികതയുടെയും പരിശീലനം ലൈംഗിക സ്നേഹത്തിന്റെ സ്വയംപ്രേരിത പ്രവർത്തനത്തിൽ നിന്ന് അതിനെ വഴിതെറ്റിക്കുമെന്നു ചിലർ ഭയപ്പെടുന്നു. അവരോട് വിശുദ്ധ ജോൺ പോൾ 2-ാമൻ ഇങ്ങനെ മറുപടി പറഞ്ഞു: മനുഷ്യവ്യക്തികൾ 'തങ്ങളുടെ ബന്ധങ്ങളിൽ പൂർണവും പക്വവുമായ സ്വാഭാവികതയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു.' ആ പക്വതയാകട്ടെ ഒരുവന്റെ ഹൃദയത്തിലെ പ്രചോദനങ്ങളുടെ തിരിച്ചറിയലിന്റെ ക്രമാനുഗതമായ ഫലമാണ്.'[149] ഇതിന് ശിക്ഷണവും ആത്മനിയന്ത്രണവും വേണം. എന്തെന്നാൽ ഓരോ മനുഷ്യവ്യക്തിയും സ്ഥിരോത്സാഹത്തോടും സ്ഥിരതയോടും കൂടി അവന്റെ അല്ലെങ്കിൽ അവളുടെ ശരീരത്തിന്റെ അർഥം പഠിക്കണം.'[150] ലൈംഗികത തൃപ്തിപ്പെടലിനോ ഉല്ലാസത്തിനോ വേണ്ടിയുള്ളതല്ല. ഒരു വ്യക്തിയുടെ വിശുദ്ധവും അലംഘ്യവുമായ മഹത്ത്വത്തിൽ ആ വ്യക്തിയെ ഗൗരവപൂർവം പരിഗണിക്കുന്ന വ്യക്ത്യന്തര ഭാഷയാണിത്. 'മനുഷ്യഹൃദയം മറ്റൊരു തരം സ്വാത്മ പ്രചോദിതാവസ്ഥയിൽ പങ്കുചേരാൻ വരുന്നുവെന്നു പറയാം.'[151] ഈ സാഹചര്യത്തിൽ, ലൈംഗികാഭിനിവേശം ലൈംഗികതയുടെ സവിശേഷമായ മാനുഷിക പ്രകാശനമായി പ്രത്യക്ഷപ്പെടുന്നു.

'ശരീരത്തിന്റെ വിവാഹസംബന്ധമായ അർത്ഥവും ദാനത്തിന്റെ യഥാർത്ഥ മഹത്ത്വവും'[152] കണ്ടെത്താൻ നമ്മെ ശക്തരാക്കുന്നു. വിശുദ്ധ ജോൺ പോൾ 2-ാമൻ ശരീരത്തിന്റെ ദൈവശാസ്ത്രത്തെപ്പറ്റിയുള്ള മതബോധ നപ്രഭാഷണങ്ങളിൽ ഇങ്ങനെ പഠിപ്പിച്ചു: ലൈംഗിക വ്യത്യസ്തത 'ഫല പൂർണതയുടെയും പ്രജനനത്തിന്റെയും ഒരു ഉറവിടം' മാത്രമല്ല. പിന്നെയോ സ്നേഹം 'പ്രകടിപ്പിക്കാനുള്ള കഴിവു കൂടി അതിനുണ്ട്: മനുഷ്യ വ്യക്തി ഒരു ദാനമായിത്തീരുന്ന ആ സ്നേഹം തന്നെ.'[153] ആരോഗ്യപ്രദമായ ലൈംഗികാഗ്രഹം - ആനന്ദം തേടുന്നതിനോട് ഉറ്റബന്ധം പുലർത്തുന്നതാണെങ്കിലും - എപ്പോഴും വിസ്മയത്തിന്റെ ഒരുപൊരുൾ ഉൾക്കൊള്ളുന്നു. അക്കാരണത്താൽ തന്നെ അതിന് പ്രചോദനങ്ങളെ മാനുഷികമാക്കാൻ കഴിയും.

152. അതുകൊണ്ട് സ്നേഹത്തിന്റെ ലൈംഗികമാനത്തെ കേവലം അനുവദിക്കപ്പെട്ട ഒരു തിന്മയായോ കുടുംബത്തിന്റെ നന്മയ്ക്കുവേണ്ടി സഹിക്കുന്ന ഒരു ഭാരമായോ ഒരു വിധത്തിലും കരുതാനാവുകയില്ല. പിന്നെയോ ദമ്പതികളുടെ ബന്ധത്തെ സമ്പന്നമാക്കുന്നതും ദൈവത്തിൽ നിന്നുവരുന്നതുമായ ഒരു ദാനമായി കാണണം. അപരവ്യക്തിയുടെ മഹത്ത്വത്തോടുള്ള ബഹുമാനത്തോടെ ഉദാത്തീകരിക്കപ്പെടുന്ന ഒരു വികാരമെന്ന നിലയിൽ മനുഷ്യഹൃദയത്തിനു സാധ്യമായ വിസ്മയങ്ങളെ വെളിപ്പെടുത്തുന്ന 'നിർമ്മലവും മായം ചേർക്കാത്തതുമായ സ്ഥിരീകരണമായിത്തീരുന്നു.' ഇങ്ങനെ, ക്ഷണികനേരത്തേക്കിലും 'ജീവിതം നല്ലതും സന്തോഷപ്രദവും ആയിത്തീരുന്നുവെന്നു'[154] നമുക്കു അനുഭവിക്കാൻ കഴിയും.

## അക്രമവും ദുരുപയോഗവും

153. ലൈംഗികതയെ സംബന്ധിച്ച ഭാവാത്മകമായ ഈ ദർശനത്തിന്റെ അടിസ്ഥാനത്തിൽ മുഴുവൻ വിഷയത്തെയും ആരോഗ്യപ്രദമായ യാഥാർത്ഥ്യബോധത്തോടെ സമീപിക്കാം. ലൈംഗികത പലപ്പോഴും വ്യക്തിത്വരഹിതവും അനാരോഗ്യകരവുമായിത്തീരുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. അതിന്റെ ഫലമായി 'അത് തന്റേടത്തിന്റെയും വൈയക്തികാഗ്രഹങ്ങളുടെയും പ്രചോദനങ്ങളുടെയും സ്വാർത്ഥത നിറഞ്ഞ തൃപ്തിപ്പെടലിന്റെ സന്ദർഭവും ഉപകരണവുമായിത്തീരുന്നു.'[155] നമ്മുടെ കാലഘട്ടത്തിൽ 'ഉപയോഗിച്ച് ഉപേക്ഷിക്കുക' എന്ന മനോഭാവത്താൽ വിഷമയമാക്കപ്പെടുകയെന്ന അപകടസാധ്യതയെ ലൈംഗികത നേരിടുന്നുണ്ട്. അപരവ്യക്തിയുടെ ശരീരം പലപ്പോഴും സംതൃപ്തി തരുന്നിടത്തോളം കാലം ഉപയോഗിക്കാനും ആകർഷകമല്ലാതാകുമ്പോൾ ഉപേക്ഷിക്കാനുമുള്ള ഒരു വസ്തു ആയി കരുതപ്പെടുന്നു. ലൈംഗികതയെ സംബന്ധിച്ച വ്യക്തമാക്കപ്പെട്ട ധാരണയുടെ ഉത്പന്നങ്ങളായ ആധിപത്യം, അഹങ്കാരം, ദുരുപയോഗം, വൈകൃതം, അക്രമം എന്നിവയുടെ തുടർച്ചയായുള്ള രൂപങ്ങളെ നമുക്ക് യഥാർഥത്തിൽ അവഗണിക്കാനോ കണ്ടില്ലെന്നു ഭാവിക്കാനോ സാധിക്കുമോ? അല്ലെങ്കിൽ മറ്റുള്ളവരുടെ മഹത്ത്വവും സ്നേഹിക്കാനുള്ള നമ്മുടെ മാനുഷികവിളിയും 'തന്നെത്തന്നെ കണ്ടെത്തുക' എന്ന അവ്യക്ത ആഗ്രഹത്തേക്കാൾ അപ്രധാനമായിത്തീരുന്നുവെന്ന വസ്തുത അവഗണിക്കാനാവുമോ?

154. വിവാഹത്തിൽ തന്നെ ലൈംഗികത സഹനത്തിന്റെയും ദുരുപയോഗത്തിന്റെയും ഉറവിടമായിത്തീരാമെന്നും നമുക്കറിയാം. അതുകൊണ്ട് വീണ്ടും ഇപ്രകാരം ഉറപ്പിച്ചു പറയേണ്ടിയിരിക്കുന്നു: 'ഒരു വ്യക്തി തന്റെ ജീവിതപങ്കാളിയുടെ അവസ്ഥയോ അല്ലെങ്കിൽ ഈ വിഷയത്തിലുള്ള വൈയക്തികവും ന്യായവുമായ ആഗ്രഹങ്ങളോ പരിഗണിക്കാതെ, അടിച്ചേല്പിക്കുന്ന ലൈംഗിക പ്രവൃത്തി സ്നേഹത്തിന്റെ യഥാർത്ഥ പ്രവൃത്തിയല്ല. അത്, ഭാര്യാഭർത്താക്കന്മാരുടെ ഉറ്റ ബന്ധത്തിലെ ധാർമ്മികക്രമത്തെ ദ്രോഹിക്കുന്നു.'[156] ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ലൈംഗിക ഐക്യത്തിന്റേതായ പ്രവൃത്തികൾ 'യഥാർത്ഥത്തിൽ മാനുഷികമായ വിധത്തിൽ' ചെയ്യപ്പെടുമ്പോൾ അവ ദൈവം ആഗ്രഹിച്ച ലൈംഗികതയുടെ സ്വഭാവത്തിനു ചേർന്നതായിത്തീരുന്നു.[157] വിശുദ്ധ പൗലോസ് ശ്ലീഹാ ഇങ്ങനെ ഊന്നിപ്പറയുന്നു: 'ഒരുവനും ഈ വിഷയത്തിൽ തന്റെ സഹോദരനോ സഹോദരിക്കോ എതിരായി അക്രമമോ കുറ്റമോ ചെയ്യരുത്' (1 തെസ 4:6). സ്ത്രീകൾ പൂർണമായും പുരുഷന്മാർക്കു കീഴ്പ്പെട്ടവരായി കരുതിയിരുന്ന ഗോത്രത്തലവന്മാരുടെ സംസ്ക്കാരത്തിന്റെ സാഹചര്യത്തിലാണ് വിശുദ്ധ പൗലോസ് ഇപ്രകാരം എഴുതിയത്. എന്നാലും ലൈംഗികപ്രവൃത്തിക്ക് ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ആശയവിനിമയം ഉണ്ടായിരിക്കണമെന്നു അദ്ദേഹം പഠിപ്പിച്ചു: ലൈംഗിക ബന്ധം കുറേ നാളത്തേക്ക് മാറ്റിവയ്ക്കാനുള്ള സാധ്യതയെപ്പറ്റി അദ്ദേഹം പറയുന്നു. പക്ഷേ അങ്ങനെ ചെയ്യുന്നത് 'സമ്മതപ്രകാരം' ആയിരിക്കണമെന്നും പറയുന്നു (1 കോറി 7:5).

155. 'തൃപ്തിപ്പെടാനാവാത്ത അവസ്ഥക്ക് ദമ്പതികൾ വിധേയരാക്കപ്പെടാം'[158] എന്ന് വിശുദ്ധ ജോൺ പോൾ 2-ാമൻ ദമ്പതികൾക്കു സൂക്ഷ്മമായ മുന്നറിയിപ്പു നല്കി. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ദമ്പതികൾ കൂടുതൽ ആഴമേറിയ ഐക്യത്തിലേക്കു വിളിക്കപ്പെട്ടിരിക്കുമ്പോൾത്തന്നെ അവരുടെ വ്യത്യാസങ്ങളും രണ്ടുപേർ തമ്മിലുള്ള അകല്ച്ചയും ഉണ്ടാക്കുന്ന അപകട സാധ്യതയുമുണ്ട്. എന്തെന്നാൽ ഓരോ വ്യക്തിക്കും സ്വന്തമായിട്ടുള്ളതും അന്യാധീനപ്പെടുത്താനാവാത്തതുമായ മഹത്ത്വമുണ്ട്. പരസ്പരം സ്വന്തമായിരിക്കുകയെന്നത് ആധിപത്യത്തിലേക്കു നീങ്ങുമ്പോൾ' വ്യക്ത്യന്തരബന്ധങ്ങളിലുള്ള കൂട്ടായ്മയുടെ ഘടന സാരാംശപരമായി മാറുന്നു.'[159] ആധിപത്യ മനോഭാവത്തിന്റെ ഭാഗമാണ് ആധിപത്യം പുലർത്തുന്നവർ തങ്ങളുടെ തന്നെ മഹത്ത്വത്തിന്റെ നിഷേധത്തിൽ ചെന്നവസാനിക്കുന്നുവെന്നത്.[160] ആത്യന്തികമായി, 'അവർ തങ്ങളുടെ

തന്നെ ശരീരവുമായി വ്യക്തിനിഷ്ഠമായ വിധത്തിൽ താദാത്മ്യപ്പെടുന്നില്ല.'[161] എന്തെന്നാൽ അവർ അതിന്റെ ഏറ്റവും ആഴത്തിലുള്ള അർത്ഥം എടുത്തുകളഞ്ഞിരിക്കുന്നു. അവർ ലൈംഗികതയെ ഒളിച്ചോട്ടത്തിന്റെ രൂപമാക്കിത്തീർക്കുകയും. ദാമ്പത്യ ഐക്യത്തിന്റെ സൗന്ദര്യത്തെ ഉപേക്ഷിക്കുകയും ചെയ്യുന്നു.

156. ലൈംഗികമായിട്ടുള്ള കീഴടങ്ങലിന്റെ എല്ലാരൂപങ്ങളും വ്യക്തമായി നിഷേധിക്കപ്പെടണം. 'സ്ത്രീകൾ ഭർത്താക്കന്മാർക്കു വിധേയരായിരിക്കണം' (എഫേ 5:22) എന്ന് പൗലോസ് ശ്ലീഹാ എഫേസോസുകാർക്കുള്ള ലേഖനത്തിൽ പറയുന്നതിന്റെ അയുക്ത വ്യാഖ്യാനങ്ങളും ഇതിൽ ഉൾപ്പെടും. ഈ വാക്യം ആ കാലഘട്ടത്തിന്റെ പ്രത്യേക സാംസ്ക്കാരിക മനോഭാവങ്ങളെയാണ് പ്രതിബിംബിപ്പിക്കുന്നത്. എന്നാൽ നമ്മൾ പരിഗണിക്കുന്ന അതിന്റെ സാംസ്ക്കാരിക പശ്ചാത്തലമല്ല പിന്നെയോ അതു നല്കുന്നവെളിവാക്കപ്പെട്ടസന്ദേശത്തെയാണ്. വിശുദ്ധജോൺപോൾ 2-ാമൻ ബുദ്ധിപൂർവം നിരീക്ഷിച്ചതുപോലെ, 'ഭാര്യയെ ഭർത്താവിന്റെ ദാസിയോ അടിമയോ ആക്കുന്ന എല്ലാത്തരം വിധേയപ്പെടുത്തലിനെയും സ്നേഹം ഒഴിവാക്കുന്നു. വിവാഹത്തിലൂടെ അവർ സ്ഥാപിക്കേണ്ട കൂട്ടായ്മ അഥവാ ഐക്യം ഉറപ്പിക്കപ്പെടുന്നത് തന്നെത്തന്നെ പരസ്പരം ദാനം ചെയ്യുന്നതു വഴിയാണ്. അത് പരസ്പര വിധേയത്വവുമാണ്.'[162] അതുകൊണ്ട് പൗലോസ് ശ്ലീഹാ ഇങ്ങനെ തുടർന്നു പറയുന്നു: 'ഭർത്താക്കന്മാർ ഭാര്യമാരെ തങ്ങളുടെ ശരീരത്തെയെന്നപോലെ സ്നേഹിക്കണം'(എഫേ 5:28). ആത്മസംതൃപ്തിപരമായ വ്യക്തി പ്രാധാന്യവാദത്തെ കീഴടക്കാനും മറ്റുള്ളവരെക്കുറിച്ച് നിരന്തരം ശ്രദ്ധയുള്ളവരായിരിക്കാനും ഓരോ വ്യക്തിയെയും പ്രോത്സാഹിപ്പിക്കുകയാണ് ഈ ബൈബിൾ പാഠത്തിന്റെ യഥാർഥ താത്പര്യം: 'പരസ്പരം വിധേയരായിരിക്കുവിൻ' (എഫേ 5:21). വിവാഹത്തിൽ ഈ പരസ്പര 'വിധേയത്വം' പ്രത്യേകമായ ഒരർഥം സ്വീകരിക്കുന്നു. സ്വതന്ത്രമായി തിരഞ്ഞെടുത്തതും വിശ്വസ്തത, ബഹുമാനം, പരിചരണം എന്നിവയിൽ മുദ്രിതവുമായ പരസ്പരം കീഴടങ്ങലായി അത് കാണപ്പെടുന്നു. ലൈംഗികത ഈ ദാമ്പത്യസൗഹൃദത്തിന് നിരന്തരം സേവനം ചെയ്യുന്നു. എന്തെന്നാൽ അതിന്റെ ഉദ്ദേശ്യം സാക്ഷാത്കാരത്തിന് മറ്റേ വ്യക്തിയെ സഹായിക്കുകയെന്നതാണ്.

157. എന്നാലും ലൈംഗികതയുടെയും കാമവികാരത്തിന്റെയും വൈകൃതങ്ങളെ തള്ളിക്കളയുകയെന്നത് ലൈംഗികതയെയോ കാമവികാരത്തെയോ തരംതാഴ്ത്താനോ അവഗണിക്കാനോ നമ്മെ ഒരിക്കലും പ്രേരിപ്പിക്കാൻ ഇടയാകരുത്. വിവാഹമെന്ന ആദർശത്തെ ദമ്പതികളിൽ ഒരാൾ സർവസ്വകാര്യആവശ്യങ്ങളും ഉപേക്ഷിക്കുകയും സ്വന്തം തൃപ്തിയോടു താത്പര്യം കാണിക്കാതെ മറ്റേയാളുടെ നന്മ മാത്രം അന്വേഷിക്കുന്ന ഉദാരതാപൂർണമായ ദാനം നല്കലും ആത്മപരിത്യാഗവുമായി



മാത്രം കാണാൻ പാടില്ല. യഥാർഥ സ്നേഹം മറ്റേ വ്യക്തിയെ സ്വീകരിക്കാൻ കഴിയുന്നതാകണമെന്നും, സ്വന്തം മുറിവേല്ക്കൽ സാധ്യതയെയും ആവശ്യങ്ങളെയും അംഗീകരിക്കണമെന്നും, വാത്സല്യപ്രകടനം, ആശ്ലേഷം ചുംബനം ലൈംഗികബന്ധം എന്നിവയിലുള്ള സ്നേഹത്തിന്റെ ശാരീരിക പ്രകടനങ്ങൾ ആത്മാർത്ഥവും സന്തോഷപൂർണവുമായ കൃതജ്ഞതയോടെ സ്വാഗതം ചെയ്യണമെന്നും നാം ഓർത്തിരിക്കണം.. ബനഡിക്ട് 16-ാമൻ ഇക്കാര്യം വളരെ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. 'മനുഷ്യൻ ആത്മാവു മാത്രമായിരിക്കാനും, തന്റെ മൃഗപ്രകൃതിക്കുമാത്രം ചേർന്ന ഒന്നായി ശരീരത്തെ ഉപേക്ഷിക്കാനും ആഗ്രഹിച്ചാൽ ആത്മാവിനും ശരീരത്തിനും അവയുടെ മഹത്ത്വം നഷ്ടപ്പെടും.'[163] ഇക്കാരണത്താൽ, 'മനുഷ്യനു കാഴ്ച സമർപ്പണപരവും താഴോട്ടിറങ്ങുന്നതുമായ സ്നേഹം മാത്രമായി ജീവിക്കാൻ സാധ്യമല്ല. അവന് എപ്പോഴും കൊടുക്കാൻ സാധ്യമല്ല. അവൻ സ്വീകരിക്കുക കൂടി വേണം. സ്നേഹം കൊടുക്കാൻ ആഗ്രഹിക്കുന്ന ഏതു വ്യക്തിയും സ്നേഹത്തെ ഒരു ദാനമായി സ്വീകരിക്കുക കൂടി വേണം.'[164] എന്നാലും നമ്മുടെ മാനുഷിക സന്തുലിതാവസ്ഥ ദുർബലമാണെന്ന കാര്യം നാം ഒരിക്കലും മറക്കരുത്. യഥാർത്ഥ മാനുഷിക വളർച്ചയെ എതിർക്കുന്ന ഒരു ഭാഗം നമ്മിലുണ്ട്. അത് എപ്പോൾ വേണമെങ്കിലും ഏറ്റവും പ്രാകൃതവും സ്വാർത്ഥതാപൂർണവുമായ പ്രവണതകളെ അഴിച്ചു വിട്ടേക്കും.

## വിവാഹവും കന്യകാത്വവും

158. 'അവിവാഹിതരായ പലരും തങ്ങളുടെ കുടുംബത്തോടു മാത്രമല്ല സമർപ്പിതരായിരിക്കുന്നത്. പിന്നെയോ മിക്കപ്പോഴും അവർ തങ്ങളുടെ സുഹൃത് സമൂഹത്തിലും സഭാസമൂഹത്തിലും പ്രൊഫഷണൽ ജീവിതത്തിലും വലിയ സേവനം കാഴ്ചവയ്ക്കുന്നുണ്ട്. ചിലപ്പോഴെല്ലാം അവരിൽ ഒറ്റപ്പെടലിന്റെ ചിന്ത ജനിപ്പിക്കുന്നവിധം അവരുടെ സാന്നിധ്യവും സംഭാവനകളും അവഗണിക്കപ്പെടുന്നുണ്ട്. അനേകർ തങ്ങളുടെ കഴിവുകളെ പരസ്നേഹപ്രവൃത്തികളിലൂടെ സഭാസേവനത്തിനായി പ്രയോഗിക്കുന്നു. മറ്റുള്ളവർ ക്രിസ്തുവിനോടും അയൽക്കാരോടുമുള്ള സ്നേഹത്തിനായി ജീവിതം സമർപ്പിക്കുന്നതുകൊണ്ട് അവിവാഹിതരായി കഴിയുന്നു. അവരുടെ സമർപ്പണം കുടുംബത്തെയും സഭയെയും സമൂഹത്തെയും വലിയ തോതിൽ സമ്പന്നമാക്കുന്നു.'[165]

159. കന്യകാത്വം സ്നേഹത്തിന്റെ ഒരു രൂപമാണ്. ഒരു അടയാളമെന്ന നിലയിൽ അത് ദൈവരാജ്യത്തിന്റെ ആഗമനത്തെക്കുറിച്ചും സുവിശേഷത്തോടുള്ള പൂർണമായ ഭക്തിയുടെ ആവശ്യത്തെക്കുറിച്ചും നമ്മോടു പറയുന്നു (cf 1 കോറി 7:32). അത് സ്വർഗത്തിന്റെ പൂർണതയുടെ ഒരു പ്രതിഛായകൂടിയാണ്. 'അവിടെ അവർ വിവാഹം ചെയ്യുകയോ വിവാഹം

ചെയ്തുകൊടുക്കുകയോ ഇല്ല' (മത്താ 22:30). വിശുദ്ധ പൗലോസ് കാരണം യേശുവിന്റെ രണ്ടാം വരവ് പെട്ടെന്നുണ്ടാകുമെന്ന് അദ്ദേഹം പ്രതീക്ഷിച്ചതുകൊണ്ട് കന്യകാത്വത്തെ ശുപാർശ ചെയ്തു. എല്ലാവരും സുവിശേഷ പ്രചാരണത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കണമെന്നു അദ്ദേഹം ആഗ്രഹിക്കുകയും ചെയ്തു: 'സമയം പരിമിതമാണ്' (1 കോറി 7:29). എന്നാലും ഇത് തന്റെ വ്യക്തിപരമായ അഭിപ്രായവും മുൻഗണനയുമാണെന്നും (cf 1 കോറി 7:6-9) ക്രിസ്തുവിനാൽ കല്പിക്കപ്പെട്ടതല്ലെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. 'കർത്താവിന്റെ കല്പനയൊന്നും എനിക്കു ലഭിച്ചിട്ടില്ല' (1 കോറി 7:25). എന്നാലും വ്യത്യസ്ത വിളികളുടെ മൂല്യം അദ്ദേഹം തിരിച്ചറിഞ്ഞു. 'എന്നാൽ, ദൈവത്തിൽ നിന്ന് ഓരോരുത്തർക്കും പ്രത്യേക ദാനങ്ങളാണല്ലോ ലഭിക്കുന്നത്' (1 കോറി 7:7). ഇതിനെപ്പറ്റി ധ്യാനിച്ചുകൊണ്ട് വിശുദ്ധ ജോൺ പോൾ 2-ാമൻ വേദഗ്രന്ഥപാഠങ്ങളെക്കുറിച്ച് ഇങ്ങനെ നിരീക്ഷിച്ചു: 'വിവാഹത്തിന്റെ അധഃസ്ഥിതിയെക്കുറിച്ചോ ലൈംഗിക വർജനത്തിന്റെ അടിസ്ഥാനത്തിൽ കന്യകാത്വത്തിന്റെ അഥവാ അവിവാഹിതാവസ്ഥയുടെ ശ്രേഷ്ഠതയെക്കുറിച്ചോ ഉറപ്പിച്ചു പറയാൻ ഒരു കാരണവും'[166] വേദഗ്രന്ഥപാഠങ്ങൾ നല്കുന്നില്ല. ലൈംഗിക വജനത്തിന്റെ അടിസ്ഥാനത്തിൽ കന്യകാത്വത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ചു തീർത്തു പറയുന്നതിനെക്കാൾ പര്യാപ്തമായിട്ടുള്ളത് വ്യത്യസ്ത ജീവിതാവസ്ഥകൾ പരസ്പരം പൂരകമാണെന്നും തന്മൂലം ഒന്ന് ഒരുവിധത്തിലും മറ്റേത് വേറൊരുവിധത്തിലും പൂർണതയുള്ളതാണെന്നു ചൂണ്ടിക്കാണിക്കുകയാണ്. ഉദാഹരണമായി അലക്സാൺഡ്രിയായിലെ ഹാലെസ് ഇങ്ങനെ പ്രസ്താവിച്ചു: ഒരർത്ഥത്തിൽ വിവാഹം മറ്റു കൂദാശകളെക്കാൾ ശ്രേഷ്ഠമായി പരിഗണിക്കപ്പെടാം. കാരണം, അത് 'സഭയുമായി ക്രിസ്തുവിനുള്ള ബന്ധം എന്ന മഹത്തായ യാഥാർത്ഥ്യത്തിന്റെ അഥവാ അവിടത്തെ ദൈവിക - മാനുഷിക പ്രകൃതിയുടെ ഐക്യത്തിന്റെ സ്വഭാവത്തിന്റെ പ്രതീകമായി വർത്തിക്കുന്നു.'[167]

160. അതുകൊണ്ട് 'അവിവാഹിതാവസ്ഥയെ അനുകൂലിക്കാൻ വേണ്ടി വിവാഹത്തിന്റെ മൂല്യത്തെ കുറയ്ക്കുകയല്ല.'[168] 'ഒന്നിനെ മറ്റേതിനെതിരെ തള്ളിക്കളയാൻ പാടില്ല. ഏതെങ്കിലും ദൈവശാസ്ത്ര പാരമ്പര്യമനുസരിച്ച് 'പൂർണതയുടെ അവസ്ഥ'യെക്കുറിച്ച് (Status perfectionis) ഒരുവൻ പറയുന്നുണ്ടെങ്കിൽ അത് അവിവാഹിതാവസ്ഥയോടു മാത്രം ബന്ധപ്പെട്ടതല്ല. പിന്നെയോ സുവിശേഷോപദേശങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഒരു ജീവിതത്തിന്റെ സമഗ്രതയോടു ബന്ധപ്പെട്ടതാണ്.'[169] വിവാഹ ജീവിതം നയിക്കുന്ന ഒരു വ്യക്തിക്ക് പരസ്നേഹത്തിന്റെ ഏററവും ഉന്നതമായ അളവ് അനുഭവിക്കാൻ കഴിയും. അങ്ങനെ, 'പരസ്നേഹത്തിൽ നിന്നു പ്രവഹിക്കുന്ന പൂർണതയെ, ആ ഉപദേശങ്ങളുടെ ചൈതന്യത്തോടുള്ള വിശ്വസ്തതയിലൂടെ അനുഭവിക്കാൻ കഴിയും.



അത്തരം പൂർണത ഓരോ സ്ത്രീക്കും ഓരോ പുരുഷനും സാധ്യവും എത്തിച്ചേരാവുന്നതുമാണ്.'[170]

161. മറ്റൊരാളെ സ്വന്തമാക്കാൻ ആവശ്യമില്ലാത്ത ഒരു സ്നേഹത്തിന്റെ പ്രതീകമായിരിക്കുന്നതിലാണ് കന്യകത്വത്തിന്റെ മൂല്യം അടങ്ങിയിരിക്കുന്നത്. അങ്ങനെ അത് സ്വർഗരാജ്യത്തിന്റെ സ്വാതന്ത്ര്യത്തെ പ്രതിഫലിക്കുന്നു. പൂർണതയിലേക്ക് ഒന്നിച്ചു സഞ്ചരിച്ചുകൊണ്ട് ക്രിസ്തുവിന്റെ സ്നേഹത്തിന്റെ പശ്ചാത്തലത്തിൽ ദാമ്പത്യസ്നേഹം ജീവിക്കാൻ കന്യകാത്വം വിവാഹിതരായ ദമ്പതികളെ പ്രോത്സാഹിപ്പിക്കുന്നു. വൈവാഹികബന്ധം മറ്റു മൂല്യങ്ങളുടെയും പ്രതീകമായി നിലകൊള്ളുന്നു. ഒരു വശത്ത് അത് ത്രിത്വത്തിൽ കാണുന്ന വ്യത്യസ്തതയിലുള്ള സമ്പൂർണ ഐക്യത്തിന്റെ സവിശേഷമായ പ്രതിഫലനമാണ്. കുടുംബം ക്രിസ്തുവിന്റെ അടയാളമാണ്. ഓരോ മാനുഷിക ജീവന്റെയും ഭാഗമായ ദൈവത്തിനുള്ള അടുപ്പത്തെ അതു വെളിപ്പെടുത്തുന്നു. കാരണം, അവിടന്ന് മനുഷ്യാവതാരം, മരണം, പുനരുത്ഥാനം എന്നിവ വഴി നമ്മോട് ഒന്നുചേർന്നു. ദമ്പതിമാരിൽ ഓരോ വ്യക്തിയും മറ്റേ വ്യക്തിയുമായി ചേർന്ന് 'ഒറ്റ ശരീരം' ആയിത്തീരുന്നു. മരണം വരെ എല്ലാം പങ്കുവയ്ക്കാനുള്ള മനസ്സിന്റെ അടയാളമായിട്ട് അങ്ങനെ ചെയ്യുന്നു. കന്യകാത്വം ഉത്ഥിതനായ ക്രിസ്തുവിന്റെ യുഗാന്തപരമായ അടയാളമാണ്. വിവാഹമാകട്ടെ ഈ ലോകത്തിൽ ജീവിക്കുന്ന നമുക്ക് 'ചരിത്രപരമായ' അടയാളമാണ്. ഭൗമിക ക്രിസ്തുവിന്റെ ഒരടയാളമാണത്. അവിടന്ന് നമ്മോട് ഒന്നിക്കാൻ നിശ്ചയിച്ചു. രക്തം ചിന്തിപ്പോലും നമുക്കായി സ്വയം നല്കി. കന്യകാത്വവും വിവാഹവും സ്നേഹിക്കുന്നതിന്റെ വ്യത്യസ്ത രീതികളാണ്. അവ അങ്ങനെ ആയിരിക്കുകയും വേണം. 'എന്തെന്നാൽ മനുഷ്യനു സ്നേഹം കൂടാതെ ജീവിക്കാൻ സാധ്യമല്ല. മനുഷ്യന് സ്നേഹം വെളിപ്പെടുത്തപ്പെട്ടില്ലെങ്കിൽ അവൻ തനിക്കുതന്നെ മനസിലാക്കാനാവാത്ത ജീവിയാകും. അവന്റെ ജീവിതം അർത്ഥമില്ലാത്തതാകും.'[171]

162. സർവസ്വതന്ത്രനായിരിക്കാനുള്ള സ്വാതന്ത്ര്യം നല്കുന്ന സൗകര്യപ്രദമായ ഏകാന്തജീവിതമായിത്തീരുകയെന്ന അപകടസാധ്യത അവിവാഹിത ജീവിതത്തിനുണ്ട്. ഒരു താമസസ്ഥലത്തുനിന്ന് മറ്റൊന്നിലേക്ക് ഒരു ജോലിയിൽ നിന്നോ തിരഞ്ഞെടുപ്പിൽ നിന്നോ മറ്റൊന്നിലേക്ക് മാറാനുള്ള സ്വാതന്ത്ര്യം. അനുയോജ്യമെന്നു തോന്നുന്നപോലെ പണം ചെലവഴിക്കാനും ഇഷ്ടം പോലെ മറ്റുള്ളവരോടൊപ്പം സമയം ചെലവഴിക്കാനുമുള്ള സ്വാതന്ത്ര്യം. അത്തരം അവസരങ്ങളിൽ വിവാഹിതരുടെ സാക്ഷ്യം സവിശേഷമാംവിധം പ്രേരണാത്മകമായിരിക്കുന്നു. ദൈവത്തിനു തന്റെ ഉടമ്പടിയോടുള്ള ഉദാരതാപൂർണവും സ്ഥിരവുമായ വിശ്വസ്തതയുടെ വ്യക്തമായ അടയാളം ചില വിവാഹങ്ങളിൽ കണ്ടുമുട്ടാൻ കന്യകാത്വത്തിലേക്കു വിളിക്കപ്പെട്ടവർക്കു സാധിക്കും. മറ്റുള്ളവർക്ക് കൂടുതൽ വസ്തു

നിഷ്ഠമായും ഉദാരതാപൂർണമായും ലഭ്യരാകാൻ ഇത് അവരെ പ്രചോദിപ്പിക്കും. വിവാഹിതരായ അനേകം ദമ്പതികളിൽ ഒരാൾക്ക് ശാരീരികമായ ആകർഷകത്വമില്ലാതാകുമ്പോൾ അല്ലെങ്കിൽ ഇണയുടെ ആവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ കഴിവില്ലാതാകുമ്പോൾ വിശ്വസ്തത പാലിക്കപ്പെടുന്നുണ്ട്. അവിശ്വസ്തരാകാനോ ഇണയെ ഉപേക്ഷിക്കാനോ പ്രോത്സാഹിപ്പിക്കുന്ന സ്വരങ്ങൾ നമ്മുടെ സമൂഹത്തിലുണ്ടെങ്കിലും അവർ വിശ്വസ്തത പാലിക്കുന്നു. രോഗിയായ തന്റെ ഭർത്താവിനെ ശുശ്രൂഷിക്കാൻ ഭാര്യയ്ക്കു കഴിയും. അങ്ങനെ കുരിശിലേക്ക് അടുത്തുകൊണ്ട്, മരണം വരെ സ്നേഹത്തോടുള്ള തന്റെ സമർപ്പണം പുതുക്കാൻ അവൾക്കു കഴിയും. അത്തരം സ്നേഹത്തിൽ യഥാർത്ഥ സ്നേഹിതന്റെ മഹത്ത്വം പ്രകാശിക്കുന്നു. കാരണം സ്നേഹിക്കപ്പെടുകയെന്നതിനെക്കാൾ സ്നേഹിക്കുകയെന്നതാണ് പരസ്നേഹത്തിനു കൂടുതൽ യോജിച്ചത്.[172] കുട്ടികൾ പ്രശ്നങ്ങൾ സൃഷ്ടക്കുന്നവരും നന്ദിയില്ലാത്തവർ പോലും ആയിത്തീരുമ്പോൾ അവർക്ക് നിസ്വാർത്ഥവും സ്നേഹപൂർണവുമായ സേവനം ചെയ്യാൻ കഴിവുള്ള അനേകം കുടുംബങ്ങളുടെ സാന്നിധ്യം കൂടി നമുക്കു ചൂണ്ടിക്കാണിക്കാം. മാതാപിതാക്കളെ യേശുവിനുള്ള നിസ്വാർത്ഥവും സ്വതന്ത്രവുമായ സ്നേഹത്തിന്റെ അടയാളമാക്കിത്തീർക്കുന്നു ഇത്തരം സംഭവങ്ങൾ. അവിവാഹിതരായ വ്യക്തികളെ സ്വർഗരാജ്യത്തിനുള്ള അവരുടെ സമർപ്പണം കൂടുതൽ ഉദാരതയോടും തുറവോടുംകൂടി ജീവിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. ഇന്ന് മതനിരപേക്ഷത ആജീവനാന്ത ഐക്യത്തിന്റെ മൂല്യവും വിവാഹത്തിലേക്കുള്ള വിളിയുടെ സൗന്ദര്യവും ഇരുട്ടിലാഴ്ത്തിയിട്ടുണ്ട്. ഇക്കാരണത്താൽ, 'ദാമ്പത്യജീവിതത്തിന്റെ ഭാവാത്മകവശങ്ങളെക്കുറിച്ചുള്ള ധാരണ ആഴപ്പെടുത്തുക അത്യന്താപേക്ഷിതമാണ്.'[173]

## സ്നേഹത്തിന്റെ രൂപാന്തരീകരണം

163. ഇപ്പോൾ ആയുർദൈർഘ്യം കൂടിയിട്ടുണ്ട്. അതിന്റെ അർത്ഥം നാലോ അഞ്ചോ ദശകങ്ങൾ - ആറു ദശകങ്ങൾ പോലും - അവഗാഢവും പരവർജനീയവുമായ ബന്ധങ്ങൾ നിലനില്ക്കണമെന്നാണ്. തന്മൂലം പ്രാരംഭ തീരുമാനം കൂടെക്കൂടെ പുതുക്കേണ്ടിവരും. ദമ്പതികളിൽ ഒരാൾക്ക് മറ്റേയാളോട് തീവ്രമായ ലൈംഗികാസക്തി തോന്നുന്നില്ലെന്നു വരാം. എന്നാൽ പരസ്പരബന്ധത്തിന്റെ സന്തോഷം അനുഭവിക്കാം. ആരും ഒറ്റയ്ക്കല്ലെന്നും ജീവിതത്തിലെ സകലതും പങ്കുവയ്ക്കാൻ ഒരു പങ്കാളിയുണ്ടെന്നുമുള്ള അറിവിന്റെ സന്തോഷവും അനുഭവിക്കാം. അവൻ അല്ലെങ്കിൽ അവൾ ജീവിതയാത്രയിൽ സഹചാരി അഥവാ സഹചാരിണി ആണ്. അവനോടൊത്ത് അല്ലെങ്കിൽ അവളോടൊത്ത് ജീവിതത്തിന്റെ പ്രയാസങ്ങളെ നേരിടുകയും അതിന്റെ സന്തോഷങ്ങൾ അനുഭവിക്കുകയും ചെയ്യാം. ഈ സംതൃപ്തി ദാമ്പത്യസ്നേഹത്തിന്റേതായ വാത്സല്യത്തിന്റെ ഭാഗമാണ്. ജീവിതത്തിലെന്നും നമുക്ക് ഒരേ അനുഭവമുണ്ടായിരിക്കുമെ




ന്നതിന് ഒരു ഗ്യാരന്റിയുമില്ല. എന്നാലും പങ്കുവയ്ക്കപ്പെട്ടതും ശാശ്വതവുമായ ഒരു ജീവിതപദ്ധതിയുമായി മുന്നോട്ടു വരുന്ന ദമ്പതികൾക്ക്, മരണം അവരെ വേർതിരിക്കുന്നതുവരെ, പരസ്പരം സ്നേഹിക്കുന്ന, സമ്പന്നമാക്കുന്ന ഉറ്റബന്ധം ആസ്വദിക്കാം. അവർ പ്രതിജ്ഞ ചെയ്യുന്ന സ്നേഹം ഏതു വികാരത്തെക്കാളും തോന്നലിനെക്കാളും മാനസികാവസ്ഥയെക്കാളും വലുതാണ് - അതിൽ അവയെല്ലാം ഉൾപ്പെട്ടിരിക്കുമെങ്കിലും - അത് കൂടുതൽ അഗാധമായ സ്നേഹമാണ്, ഹൃദയത്തിന്റെ ആജീവനാന്ത തീരുമാനമാണ്. പരിഹരിക്കപ്പെടാത്ത സംഘട്ടനങ്ങളുടെയും ആശയക്കുഴപ്പമുള്ള വൈകാരികാവസ്ഥകളുടെയും മധ്യത്തിൽപോലും സ്നേഹിക്കാനുള്ള തങ്ങളുടെ നിശ്ചയം, ഒരാൾ മറ്റേയാൾക്കുവേണ്ടിയായിരിക്കാനുള്ള നിശ്ചയം, ജീവിതങ്ങൾ പങ്കുവയ്ക്കാനും സ്നേഹിച്ചും ക്ഷമിച്ചും തുടരാനുള്ള നിശ്ചയം അവർ അനുദിനം സ്ഥിരീകരിക്കുന്നു. ഓരോ വ്യക്തിയും വ്യക്തിപരമായ വളർച്ചയുടെയും വികസനത്തിന്റെയും പാതയിൽ പുരോഗമിക്കുന്നു. ഈ യാത്രയിൽ സ്നേഹം ഓരോ ചുവടുവയ്പിലും ഓരോ പുതിയ ഘട്ടത്തിലും സന്തോഷിക്കുന്നു.

164. ഓരോ വിവാഹത്തിന്റെയും ഒഴുക്കിൽ ശാരീരികഭാവം ക്രമേണ മാറുന്നു. പക്ഷേ, സ്നേഹവും ആകർഷണവും മാഞ്ഞുപോകണമെന്ന് അതിന് അർത്ഥമില്ല. നാം മറ്റൊരു വ്യക്തിയെ സ്നേഹിക്കുന്നത് കേവലം ആ വ്യക്തിയുടെ ശരീരം മൂലമല്ല, പിന്നെയോ ആ വ്യക്തി ആരായിരിക്കുന്നു എന്നതു മൂലമാണ്. ശരീരം വാർധക്യം പ്രാപിക്കുന്നു. എന്നാലും നമ്മുടെ ഹൃദയത്തെ ആദ്യം കീഴടക്കിയ വൈയക്തിക തനിമ ഇപ്പോഴും അതു പ്രകാശിപ്പിക്കുന്നു. ആ തനിമയുടെ സൗന്ദര്യം മറ്റുള്ളവർക്കു കാണാൻ സാധ്യമല്ലാതായെങ്കിലും ജീവിതപങ്കാളി സ്നേഹത്തിന്റെ കണ്ണുകൊണ്ട് അതുകണ്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ട് അയാളുടെ അല്ലെങ്കിൽ അവളുടെ വാത്സല്യം കുറയുന്നില്ല. ജീവിതപങ്കാളിയുടേതായിരിക്കാനുള്ള തീരുമാനം അയാൾ അല്ലെങ്കിൽ അവർ വീണ്ടും ഉറപ്പിച്ചു പറയുന്നു. വിശ്വസ്തവും സ്നേഹപൂർണവുമായ അടുപ്പത്തിൽ ആ തിരഞ്ഞെടുപ്പ് പ്രകടമാക്കുകയും ചെയ്യുന്നു. ഈ തീരുമാനത്തിന്റെ ശ്രേഷ്ഠത, അതിന്റെ തീവ്രതയും ആഴവും മൂലം, പുതിയൊരു തരം വികാരത്തിനു ജന്മം നല്കുന്നു. അവർ തങ്ങളുടെ പരസ്പരദൗത്യം നിർവഹിക്കുമ്പോൾ അങ്ങനെ സംഭവിക്കുന്നു. എന്തെന്നാൽ 'ഒരു വ്യക്തിയെന്ന നിലയിൽ മറ്റൊരു വ്യക്തി ഉദ്ദീപിപ്പിച്ച വികാരം പ്രകൃത്യാ ദാമ്പത്യധർമ്മാനുഷ്ഠാനത്തിലേക്കു നയിക്കുന്നില്ല.'[174] അത് ഇന്ദ്രീയവേദ്യമായ മറ്റു പ്രകാശനങ്ങൾ കണ്ടെത്തുന്നു. യഥാർഥത്തിൽ സ്നേഹം 'ഒറ്റ യാഥാർഥ്യമാണ്. പക്ഷേ, അതിനു വിവിധമാനങ്ങളുണ്ട്; വ്യത്യസ്ത സമയങ്ങളിൽ ഏതെങ്കിലും ഒരു മാനം കൂടുതൽ വ്യക്തമായി ഉയർന്നുവരും.'[175] വിവാഹോടമ്പടി പ്രകാശനത്തിന്റെ പുതിയ രൂപങ്ങൾ കണ്ടെത്തുന്നു. ശക്തിയിൽ വളരാനുള്ള

പുതിയ വഴികൾ സ്ഥിരം അന്വേഷിക്കുന്നു. ഇവ രണ്ടും ഉടമ്പടി സംരക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. അവ അനുദിനാധ്വാനം ആവശ്യപ്പെടുന്നു. പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്തിന്റെ ചൊരിയലിനും അവിടന്നു നല്കുന്ന അതിസ്വാഭാവിക ശക്തിക്കും ആത്മീയ അഗ്നിക്കും വേണ്ടി, ഓരോ പുതിയ സാഹചര്യത്തിലും നമ്മുടെ സ്നേഹത്തെ സ്ഥിരീകരിക്കാനും നയിക്കാനും രൂപാന്തരപ്പെടുത്താനും വേണ്ടി പ്രാർഥിക്കാതെ ഇതൊന്നും സാധ്യമാകുകയില്ല.





*വാത്സല്യത്തോടും സഹതാപത്തോടും കൂടി തന്റെ ശിശുവിനെ സൂക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരമ്മ ആ ശിശുവിനെ ആത്മധൈര്യത്തിൽ വളരാൻ സഹായിക്കുന്നു. ലോകം നല്ലതും സ്വാഗതമരുളുന്നതുമായ സ്ഥലമാണെന്ന് അനുഭവിച്ചറിയാനും സഹായിക്കുന്നു. ഇത് ശിശുവിനെ ആത്മാഭിമാനത്തിൽ വളരാൻ സഹായിക്കുന്നു*

# അധ്യായം അഞ്ച്

# ഫലസംലബ്ധിയുള്ള സ്നേഹം

165. സ്നേഹം എപ്പോഴും ജീവൻ നല്കുന്നു. ദാമ്പത്യ സ്നേഹം 'ദമ്പതികളോടുകൂടി അവസാനിക്കുന്നില്ല......... ദമ്പതികൾ പരസ്പരം നല്കുമ്പോൾ അവരെ മാത്രമല്ല നല്കുന്നത്, പിന്നെയോ കുട്ടികൾ എന്ന യാഥാർത്ഥ്യത്തെക്കൂടി നല്കുന്നു. കുട്ടികൾ അവരുടെ സ്നേഹത്തിന്റെ സജീവ പ്രതിഫലനമാണ്. അവരുടെ ദാമ്പത്യ ഐക്യത്തിന്റെ സ്ഥിരമായ അടയാളമാണ്. ഒരു പിതാവും മാതാവും ആയിരിക്കുകയെന്ന അവരുടെ അസ്തിത്വത്തിന്റെ സജീവവും അവിഭാജ്യവുമായ സാക്ഷേപമാണ്.'[176]

## പുതുജീവനു സ്വാഗതം

166. കുടുംബം പുതിയൊരു ജീവൻ ജനിക്കുന്ന രംഗം മാത്രമല്ല അതിനെ ദൈവത്തിന്റെ ദാനമായി കണ്ട് അവിടെ സ്വാഗതമരുളുകയും ചെയ്യുന്നു ഓരോ പുതിയ ജീവനും സ്നേഹത്തിന്റെ തികച്ചും സൗജന്യപരമായ മാനത്തെ വിലമതിക്കാൻ നമ്മെ അനുവദിക്കുന്നു. അതു നമ്മെ സദാ വിസ്മയിപ്പിക്കുകയും ചെയ്യുന്നു. ആദ്യം സ്നേഹിക്കപ്പെടുന്നതിന്റെ സൗന്ദര്യം തന്നെയാണത്: 'ജനിക്കുന്നതിനു മുമ്പേതന്നെ കുട്ടികൾ സ്നേഹിക്കപ്പെടുന്നു.'[177] ദൈവസ്നേഹത്തിനുള്ള പ്രാഥമ്യത്തിന്റെ പ്രതിഫലനം ഇവിടെ നാം കാണുന്നു. ദൈവമാണ് എപ്പോഴും സംരഭകൻ. എന്തെന്നാൽ 'സ്നേഹാർഹമായ യാതൊന്നും ചെയ്യുന്നതിനു മുമ്പേ കുട്ടികൾ സ്നേഹിക്കപ്പെടുന്നു.'[178] എന്നിട്ടും 'പല കുട്ടികളും അവരുടെ ജീവിതത്തിന്റെ ആദ്യനിമിഷങ്ങളിൽ തന്നെ അവഗണിക്കപ്പെടുന്നു ഉപേക്ഷിക്കപ്പെടുന്നു. അവരുടെ ശിശുത്വവും ഭാവിയും കൊള്ളയടിക്കപ്പെടുന്നു. ഈ കുട്ടികളെ ലോകത്തിലേക്ക് കൊണ്ടുവന്നത് ഒരു പിശകായിപ്പോയി എന്ന് സ്വയം നീതീകരിച്ചുകൊണ്ടെന്നപോലെ പറയുന്ന വരുണ്ട്. ഇതു ലജ്ജാകരമാണ്!... മുതിർന്നവരുടെ കുറ്റങ്ങൾക്കു കുട്ടികളെ ശിക്ഷിക്കുകയാണെങ്കിൽ മാനുഷികാവകാശങ്ങളെയും കുട്ടികളുടെ അവകാശങ്ങളെയും കുറിച്ച് നാം എങ്ങനെ ആഘോഷപൂർവകമായ പ്രഖ്യാപനങ്ങൾ നടത്തും?'[179] വേണ്ടാത്ത സാഹചര്യങ്ങളിലാണ് ഈ ലോകത്തിലേക്ക് ഒരു ശിശു കടന്നു വരുന്നതെങ്കിൽ ആ ശിശുവിനെ ദൈവത്തിന്റെ ദാനമായി സ്വീകരിക്കാനും തുറവിയോടും വാത്സല്യത്തോടും കൂടി അതിനെ സ്വീകരിക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാനും മാതാപിതാക്കളും



മറ്റു കുടുംബാംഗങ്ങളും വേണ്ടതെല്ലാം ചെയ്യണം. എന്തെന്നാൽ 'ഈ ലോകത്തിലേക്ക് വന്ന ശിശുക്കളെപ്പറ്റി പറയുമ്പോൾ, മുതിർന്നവർ ചെയ്ത ഒരു ത്യാഗവും ഏറെ വിലപ്പെട്ടതായിട്ടോ ഏറെ വലുതായിട്ടോ പരിഗണിക്കേണ്ടതില്ല. താൻ ഒരു അബദ്ധമാണെന്നോ അയോഗ്യനാണെന്നോ തെറ്റാണെന്നോ യോഗ്യതയില്ലാത്തതാണെന്നോ നാലുദിശകളിലേക്കും മനുഷ്യന്റെ അഹങ്കാരത്തിലേക്കും എറിഞ്ഞ് ഉപേക്ഷിക്കപ്പെടേണ്ടവനാണെന്നോ ഒരു ശിശുവിനും ഒരിക്കലും തോന്നരുതെന്ന് അത് അർത്ഥമാക്കുന്നുണ്ടെങ്കിൽ അങ്ങനെ പറയാൻ പാടില്ല.'[180] പിതാവിനെയും മാതാവിനെയും കർത്താവ് ഏല്പിക്കുന്ന നവശിശു എന്ന ദാനം സ്വീകരണത്തോടെ തുടങ്ങുന്നു. ആജീവനാന്ത സംരക്ഷണത്തോടെ തുടരുന്നു. അതിന് നിത്യജീവന്റെ സന്തോഷം അന്തിമ ലക്ഷ്യമാക്കുന്നു. ഓരോ മനുഷ്യവ്യക്തിയുടെയും അന്തിമസാക്ഷാത്ക്കാരത്തെക്കുറിച്ച് നിർമ്മലതയോടെ ധ്യാനിച്ചുകൊണ്ട് മാതാപിതാക്കൾ തങ്ങൾക്ക് ഏല്പിക്കപ്പെട്ട അമൂല്യദാനത്തെക്കുറിച്ച് കൂടുതൽ ബോധ്യമുള്ളവരായിത്തീരും. എന്തെന്നാൽ ദൈവത്തിനു തന്നെ ശാശ്വതമായി അവരുടെ കുട്ടിയെ വിളിക്കാനുള്ള പേരു തെരഞ്ഞെടുക്കാൻ മാതാപിതാക്കളെ അവിടുന്ന് അനുവദിക്കുന്നു.[181]

167. വലിയ കുടുംബങ്ങൾ സഭയ്ക്ക് ഒരു സന്തോഷമാണ്. അവ സ്നേഹത്തിന്റെ ഫലപൂർണ്ണതയുടെ ഒരു പ്രകാശനമാണ്. അതേസമയം വിശുദ്ധ ജോൺപോൾ രണ്ടാമൻ ഉത്തരവാദിത്വപൂർണ്ണമായ പിതൃത്വം എന്ത് അർത്ഥമാക്കുന്നില്ല എന്നു ശരിയായി വിശദീകരിച്ചു. അനിയന്ത്രിത പ്രത്യുത്പാദനമെന്നോ കുട്ടികളെ വളർത്തുന്നതിൽ ഉൾക്കൊണ്ടിരിക്കുന്നതെന്ത് എന്നതിനെ സംബന്ധിച്ച അറിവിന്റെ അഭാവമെന്നോ അല്ല, പിന്നെയോ ദമ്പതികൾക്കു തങ്ങളുടെ അലംഘ്യമായ സ്വാതന്ത്ര്യം ബുദ്ധിപൂർവ്വകമായും ഉത്തരവാദിത്വപൂർണ്ണമായും ഉപയോഗിക്കാൻ അധികാരം നല്കുകയെന്നർത്ഥം. സാമൂഹികവും ജനസംഖ്യാശാസ്ത്രപരവുമായ യാഥാർത്ഥ്യങ്ങളും സ്വന്തം സാഹചര്യവും നിയമാനുസൃതമായ ആഗ്രഹങ്ങളുമനുസരിച്ച് ആ സ്വാതന്ത്ര്യം ഉപയോഗിക്കാനുള്ള അധികാരം നല്കുകയെന്നതു തന്നെ.'[182]

## സ്നേഹവും ഗർഭാവസ്ഥയും

168 ഗർഭാവസ്ഥ പ്രയാസമുള്ളതും എന്നാൽ വിസ്മയനീയവുമായ കാലമാണ്. ഒരു പുതുജീവനാകുന്ന വിസ്മയം പുറപ്പെടുത്താൻ ഒരമ്മ ദൈവത്തോടു ചേരുന്നു. 'മാതൃത്വം സ്ത്രൈണശരീരത്തിന്റെ സവിശേഷമായ സർഗാത്മക ശക്തിയാണ്. അത് പുതിയൊരു മനുഷ്യജീവിയെ ഗർഭത്തിൽ ധരിക്കാനും അതിനെ ജനിപ്പിക്കാനുമുള്ളതാണ്.'[183] ഓരോ സ്ത്രീയും 'ഓരോ ജനനത്തിലും നവീകരിക്കപ്പെടുന്ന സ്രഷ്ടിരഹസ്യത്തിൽ പങ്കുചേരുന്നു.'[184] സങ്കീർത്തകൻ ഇങ്ങനെ പറയുന്നു: 'അവിടന്ന് എന്റെ അമ്മയുടെ

ഉദരത്തിൽ എന്നെമെനഞ്ഞു' (സങ്കീ.139:13). അമ്മയുടെ ഗർഭപാത്രത്തിൽ വളരുന്ന ഓരോ ശിശുവും ദൈവപിതാവിന്റെ സ്നേഹപൂർണ്ണമായ ശാശ്വതപദ്ധതിയുടെ ഭാഗമാണ്. 'മാതാവിന്റെ ഉദരത്തിൽ ഞാൻ നിനക്കു രൂപം നല്കുന്നതിനു മുൻപേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനു മുൻപേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു' (ജെറ1:5). ഓരോ ശിശുവിനും ദൈവത്തിന്റെ ഹൃദയത്തിൽ അനാദികാലം മുതൽ ഒരു സ്ഥാനമുണ്ട്. അവന്റെ അഥവാ അവളുടെ ഗർഭസ്ഥതയിൽ സ്രഷ്ടാവിന്റെ ശാശ്വത സ്വപ്നം സാക്ഷാത്കൃതമാകുന്നു.ഗർഭധാരണത്തിന്റെ നിമിഷം മുതൽ ആ ഭ്രൂണത്തിന്റെ വലിയ മൂല്യത്തെക്കുറിച്ച് നമുക്കു നിന്നു ചിന്തിക്കാം. നമ്മൾ അതിനെ ദൈവത്തിന്റെ കണ്ണുകൊണ്ട് കാണണം. അവിടുന്ന് വെറും കാഴ്ച്ചയ്ക്കപ്പുറം നോക്കികാണുന്നുണ്ട്.

169. ഒരു ഗർഭിണിക്ക് തന്റെ ശിശുവിനെക്കുറിച്ച് സ്വപ്നം കണ്ടുകൊണ്ട് ദൈവത്തിന്റെ പദ്ധതിയിൽ പങ്കുചേരാം. ഒൻപതു മാസത്തേക്ക് ഓരോ മാതാവും പിതാവും തങ്ങളുടെ ശിശുവിനെക്കുറിച്ചു സ്വപ്നം കാണുന്നു..... സ്വപ്നങ്ങൾ കൂടാതെ നിങ്ങൾക്ക് ഒരു കുടുംബമുണ്ടായിരിക്കാൻ സാധിക്കുകയില്ല. ഒരു കുടുംബത്തിനു സ്വപ്നം കാണാനുള്ള കഴിവ് നഷ്ടപ്പെട്ടാൽ കുട്ടികൾ വളരുകയില്ല.സ്നേഹം വളരുകയില്ല. ജീവൻ ചുക്കിചുളുങ്ങുകയും മരിക്കുകയും ചെയ്യും.'[185] ക്രൈസ്തവ ദമ്പതിമാരെ സംബന്ധിച്ചിടത്തോളം മാമ്മോദീസ ആ സ്വപ്നത്തിന്റെ ഒരു അവശ്യഘടകമായി കാണപ്പെടുന്നു. മാതാപിതാക്കൾ തങ്ങളുടെ പ്രാർത്ഥനകൾകൊണ്ട് മാമ്മോദീസയ്ക്ക് തയ്യാറെടുക്കുന്നു. ശിശു ജനിക്കുന്നതിനു മുമ്പുതന്നെ അതിനെ യേശുവിനെ ഏല്പിച്ചുകൊണ്ട് അങ്ങനെ ചെയ്യുന്നു.

170. ഒരു ശിശുവിന്റെ തലമുടിയുടെ നിറം എന്തായിരിക്കുമെന്നോ അതിന് പിന്നീട് എന്തുരോഗം സഹിക്കേണ്ടിവരുമെന്നോ മുൻകൂട്ടി അറിയാൻ ശാസ്ത്രീയ പുരോഗതി നമ്മെ ഇന്ന് സഹായിക്കുന്നുണ്ട്. എന്തെന്നാൽ ഭ്രൂണാവസ്ഥയിൽതന്നെ ശിശുവിന്റെ ജനെറ്റിക് കോഡിൽ ശാരീരിക സവിശേഷതകളെല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാലും സ്രഷ്ടാവായ പിതാവ് മാത്രമേ അവന്റെ അല്ലെങ്കിൽ അവളുടെ ഏറ്റവും അഗാധമായ തനിമയും മൂല്യവും അറിയുന്നുള്ളൂ. ശിശുവിന്റെ ജനനം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന അമ്മമാർ കുട്ടികളെ പൂർണ്ണമായി അറിയാനും അവർ ആയിരിക്കുന്നതുപോലെ സ്വീകരിക്കാനും ആവശ്യമായ ജ്ഞാനത്തിനുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കണം. ഏറ്റവും നല്ല സമയത്തല്ല തങ്ങളുടെ കുട്ടി പുറത്തുവരുന്നതെന്ന് ചില മാതാപിതാക്കൾ കരുതുന്നു. തങ്ങളുടെ ശിശുവിനെ പൂർണ്ണമായും പൂർണ്ണഹൃദയത്തോടെ സ്വീകരിക്കാൻ തങ്ങളെ സുഖപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യണമെന്ന് അവർ കർത്താവിനോട് പ്രാർത്ഥിക്കണം. തന്നെ ആവശ്യമുണ്ട് എന്നു തോന്നേണ്ടത് ഒരു ശിശുവിനെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട കാര്യമാണ്. അവൻ അഥവാ അവൾ ഒരു ഉപസാധനമോ. വ്യക്തിപരമായ ചില ആവശ്യങ്ങൾക്കുള്ള പരിഹാരമോ അല്ല. ഒരു ശിശു അളവറ്റ മൂല്യമുള്ള മനുഷ്യജീവിയാണ്. ഒരിക്കലും അതിനെ ഒരുവന്റെ പ്രയോജനത്തിനുവേണ്ടി ഉപയോഗിക്കാൻ പാടില്ല. അതുകൊണ്ട് ഈ പുതിയ ജീവൻ നിനക്കു സൗകര്യപ്രദമാണോയെന്നത്, അതിന് നിന്നെ തൃപ്തിപ്പെടുത്തുന്ന രൂപഭാവങ്ങൾ അതിനുണ്ടോ എന്നത്, അതു നിന്റെ പദ്ധതികൾക്കും ആഗ്രഹങ്ങൾക്കും ചേർന്നതാണോയെന്നത് നിസ്സാരകാര്യമാണ്. എന്തെന്നാൽ 'ശിശുക്കൾ ഒരു ദാനമാണ്. ഓരോ ശിശുവും അനന്യമാണ്, പകരംവയ്ക്കാനാവാത്തതുമാണ്... നാം നമ്മുടെ കുട്ടികളെ സ്നേഹിക്കുന്നത് അവർ കുട്ടികളായതുകൊണ്ടാണ്. അവർ സൗന്ദര്യമുള്ളവരായതുകൊണ്ടോ നമ്മെപ്പോലെ വീക്ഷിക്കുകയോ ചിന്തിക്കുകയോ ചെയ്യുന്നതുകൊണ്ടോ അല്ലെങ്കിൽ നമ്മുടെ സ്വപ്നങ്ങളെ മൂർത്തീഭവിപ്പിക്കുന്നതുകൊണ്ടോ അല്ല. അവർ കുട്ടികളായതുകൊണ്ട് നമ്മൾ അവരെ സ്നേഹിക്കുന്നു. ഒരു ശിശു ഒരു ശിശു ആണ്.'[186] പിതാവായ ദൈവം തന്റെ സ്നേഹം കാണിക്കുന്ന മാർഗ്ഗമാണ് മാതാപിതാക്കളുടെ സ്നേഹം. അവിടുന്ന് ഓരോ ശിശുവിന്റെയും ജനനം പ്രതീക്ഷിക്കുന്നു. ആ ശിശുവിനെ ഉപാധികളില്ലാതെ സ്വീകരിക്കുന്നു. അതിനെ സ്വതന്ത്രമായി സ്വാഗതം ചെയ്യുന്നു.

171. എല്ലാ ഭാവിമാതാക്കളെയും വലിയ വാത്സല്യത്തോടെ ഞാൻ നിർബന്ധിക്കുന്നു: സന്തോഷത്തോടെ കഴിയുക. മാതൃത്വത്തിന്റെ ആന്തരിക സന്തോഷത്തെ നിങ്ങളിൽനിന്ന് ആരും പിടിച്ചുപറിക്കാതിരിക്കട്ടെ. നിന്റെ ശിശു നിന്റെ സന്തോഷത്തിന് അർഹതയുള്ളതാണ്. ഈ ലോകത്തിലേക്ക് പുതിയൊരു ജീവനെ കൊണ്ടുവരാൻ ദൈവത്തിന്റെ ഉപകരണമായിത്തീർന്നതിലുള്ള നിന്റെ സന്തോഷത്തെ കുറയ്ക്കാൻ ഭയമോ, ആകുലതകളോ മറ്റുള്ളവരുടെ വിമർശനങ്ങളോ, പ്രശ്നങ്ങളോ ഇടയാക്കരുത്. നിന്റെ ശിശുവിന്റെ ജനനത്തിനുവേണ്ടി നിന്നെത്തന്നെ ഒരുക്കുക. വ്യഗ്രതയൊന്നും വേണ്ടാ. മറിയത്തിന്റെ ആനന്ദകീർത്തനത്തിൽ പങ്കുചേരുകയും ചെയ്യുക: 'എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു. എന്തെന്നാൽ അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു' (ലൂക്കാ.1 : 46-48). നിന്റെ അനേകം ഉത്കണ്ഠകൾക്കിടയിൽ നിർമ്മലമായ ഈ ഉദ്വേഗം അനുഭവിക്കുക. നിന്റെ സന്തോഷം കാത്തുസൂക്ഷിക്കാൻ കർത്താവിനോട് പ്രാർത്ഥിക്കുക അങ്ങനെ ആ സന്തോഷം നിന്റെ ശിശുവിലേക്ക് പകർന്നുകൊടുക്കുന്നതിനു വേണ്ടി തന്നെ.

## മാതാവിന്റെയും പിതാവിന്റെയും സ്നേഹം

172. കുട്ടികൾ ജനിച്ചുകഴിഞ്ഞാൽപ്പിന്നെ പോഷണത്തോടും പരിചരണത്തോടുമൊപ്പം തങ്ങൾ സ്നേഹിക്കപ്പെടുന്നുണ്ടെന്നു സുനിശ്ചിതമായി അറിയുകയെന്ന ആത്മീയ ദാനംകൂടി സ്വീകരിക്കാൻ തുടങ്ങുന്നു. ഈ സ്നേഹം അവരോട് പ്രകടിപ്പിക്കപ്പെടുന്നത്: വ്യക്തിപരമായ പേര് എന്ന ദാനം വഴി, ഭാഷയുടെ പങ്കുവയ്ക്കൽ വഴി, സ്നേഹത്തിന്റെ നോട്ടങ്ങളും, ഒരു പുഞ്ചിരിയുടെ ശോഭയും വഴി. ഇങ്ങനെ അവർ ഒരു കാര്യം പഠിക്കുന്നു : മാനുഷിക ബന്ധങ്ങളുടെ സൗന്ദര്യം നമ്മുടെ ആത്മാവിനെ സ്പർശിക്കുന്നു , നമ്മുടെ സ്വാതന്ത്ര്യത്തെ അന്വേഷിക്കുന്നു, മറ്റുള്ളവരുടെ വ്യത്യാസം സ്വീകരിക്കുന്നു. അവരെ സംവാദത്തിലുള്ള പങ്കാളിയായി അംഗീകരിക്കുകയും ആദരിക്കുകയും ചെയുന്നു...... സ്നേഹം അത്തരത്തിലുള്ളതാണ്.അത് ദൈവസ്നേഹത്തിന്റെ ഒരു തീപ്പൊരി ഉൾക്കൊള്ളുകയും ചെയ്യുന്നു.[187] പിതാവിൽ നിന്നും മാതാവിൽനിന്നും സ്നേഹം സ്വീകരിക്കാൻ ഓരോ കുട്ടിക്കും അവകാശമുണ്ട്. കുട്ടികളുടെ സമഗ്രവും സമന്വയപൂർണ്ണവുമായ വികസനത്തിന് അവർ രണ്ടുപേരും ഉണ്ടായിരിക്കുക അത്യാവശ്യമാണ്. ആസ്ത്രേലിയയിൽ നിന്നുള്ള മെത്രാന്മാർ നിരീക്ഷിച്ചതുപോലെ, 'ദമ്പതിമാരിൽ ഓരോ വ്യക്തിയും കുട്ടിയെ വളർത്തുന്നതിൽ വ്യത്യസ്ത രീതിയിൽ സംഭാവന നല്കുന്നുണ്ട്. ഒരു ശിശുവിന്റെ മഹത്വത്തെ ആദരിക്കുകയെന്നതിന്റെ അർത്ഥം, അതിന് ഒരു അപ്പനും ഒരു അമ്മയും ഉണ്ടായിരിക്കുകയെന്ന ആവശ്യവും സ്വാഭാവികാവകാശവും ഉറപ്പിച്ചു പറയുകയെന്നതാണ്.'[188] വ്യക്തികൾ എന്ന നിലയിലുള്ള മാതാവിന്റെയും പിതാവിന്റെയും സ്നേഹത്തെക്കുറിച്ചു മാത്രമല്ല, പിന്നെയോ അവരുടെ പരസ്പര സ്നേഹത്തെക്കുറിച്ചു കൂടിയാണ് നമ്മൾ പറയുന്നത്. ആ സ്നേഹം ഒരുവന്റെ ജീവന്റെ ഉറവിടവും കുടുംബത്തിന്റെ ദൃഢതയുള്ള അടിസ്ഥാനവുമെന്ന നിലയിലാണ് കാണപ്പെടുന്നത്. ഇതില്ലാതിരുന്നാൽ ഒരു ശിശു കേവലം ഒരു കളിവസ്തു മാത്രമായിത്തീരും. ഭർത്താവും ഭാര്യയും പിതാവും മാതാവും 'സ്രഷ്ടാവായ ദൈവത്തിന്റെ സ്നേഹത്തോട് സഹകരിക്കുന്നു. ഒരർത്ഥത്തിൽ അവർ അവിടത്തെ വ്യാഖ്യാതാക്കളാണ്.'[189] അവർ കുട്ടികൾക്ക് കർത്താവിന്റെ മാതൃത്വപരവും പിതൃത്വപരവുമായ മുഖം കാണിച്ചുകൊടുക്കുന്നു. പാരസ്പര്യം, വ്യത്യാസങ്ങളോടുള്ള ബഹുമാനം, കൊടുക്കാനും സ്വീകരിക്കാനുമുള്ള കഴിവ് എന്നിവയുടെ മൂല്യം അവർ ഒന്നിച്ച് പഠിപ്പിക്കുന്നു. അനിവാര്യമായ ഏതെങ്കിലും കാരണത്താൽ മാതാപിതാക്കളിൽ ഒരാൾ ഇല്ലാതിരുന്നാൽ ഈ നഷ്ടം പരിഹരിച്ചുകൊടുക്കുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. പക്വതയിലേക്കുള്ള ശിശുവിന്റെ വളർച്ചയ്ക്കുവേണ്ടിയാണത്.



173. അനേകം കുട്ടികളെയും യുവജനങ്ങളെയും ഇന്ന് തങ്ങൾ അനാഥരാണെന്ന ചിന്ത ബാധിക്കുന്നുണ്ട്. അത് നമ്മൾ വിചാരിക്കുന്നതിനേക്കാൾ ഏറെ ആഴത്തിലുള്ളതാണ്. സ്ത്രീകൾ പഠിക്കാനും തൊഴിൽ ചെയ്യാനും തങ്ങളുടെ വൈദഗ്ധ്യം വികസിപ്പിക്കാനും സ്ത്രീകൾ ആഗ്രഹിക്കുന്നു, അവർക്ക് വ്യക്തിപരമായ ലക്ഷ്യങ്ങളുമുണ്ട്, ഇക്കാര്യം ഇന്ന് നമ്മൾ നിയമാനുസൃതവും യഥാർത്ഥത്തിൽ അഭിലഷണീയവുമായി കരുതുന്നു.അതേസമയം കുട്ടികൾക്ക് അമ്മയുടെ സാന്നിധ്യം- പ്രത്യേകിച്ച് ജീവിതത്തിന്റെ ആദ്യമാസങ്ങളിൽ - ആവശ്യമുണ്ടെന്ന വസ്തുത നമുക്ക് അവഗണിക്കാനാവുകയില്ല. യഥാർത്ഥത്തിൽ 'സ്ത്രീ പുരുഷന്റെ മുമ്പിൽ ഒരു അമ്മയെന്ന നിലയിൽ നിൽക്കുന്നു. അവളിൽ ഗർഭം ധരിച്ച വികസിച്ചുവരുന്ന മനുഷ്യജീവന്റെ ഉടമയായി അവൾ നില്ക്കുന്നു. ആ മനുഷ്യജീവൻ അവളിൽ നിന്നാണ് ലോകത്തിൽ പിറക്കുന്നത്.'[190] സ്ത്രീസഹജമായ ഗുണങ്ങളോടുകൂടിയ ഈ മാതൃസാന്നിധ്യത്തെ ദുർബലപ്പെടുത്തിക്കൊണ്ടിരിക്കുന്നുവെന്നത് നമ്മുടെ ലോകത്തിന് വലിയ അപകടസാദ്ധ്യതയ്ക്ക് കാരണമാകുന്നു. ഞാൻ ഫെമിനിസത്തെ തീർച്ചയായും വിലമതിക്കുന്നുണ്ട്. പക്ഷേ ഐകരൂപം ആവശ്യപ്പെടാത്തതും മാതൃത്വത്തെ നിഷേധിക്കാത്തതുമായ ഫെമിനിസത്തെയാണെന്നുമാത്രം. എന്തെന്നാൽ സ്ത്രീകളുടെ മഹത്വത്തിൽ അവരുടെ അന്യാധീനപ്പെടുത്താനാവാത്ത മാനുഷിക മഹത്വത്തിൽ നിന്നുണ്ടാകുന്ന എല്ലാ അവകാശങ്ങളും ഉൾക്കൊള്ളുന്നുണ്ട്. മാനുഷിക മഹത്വത്തിൽ നിന്നുമാത്രമല്ല അവരുടെ സ്ത്രൈണ പ്രകൃതിയിൽനിന്നുണ്ടാകുന്ന അവകാശങ്ങളും ഉൾക്കൊള്ളുന്നുണ്ട്. അതാകട്ടെ സമൂഹത്തിന് അത്യന്താപേക്ഷിതവുമാണ്. സവിശേഷമായി സ്ത്രീസഹജമായിട്ടുള്ള അവരുടെ കഴിവുകൾ - പ്രത്യേകിച്ച് മാതൃത്വം - കടമകളും നല്കുന്നുണ്ട്. എന്തെന്നാൽ സ്ത്രീത്വത്തിന് ഈ ലോകത്തിൽ സവിശേഷമായ ദൗത്യമുണ്ട്. എല്ലാവരുടെയും നന്മക്കായി സമൂഹം സംരക്ഷിക്കുകയും സ്ഥിരമായി സൂക്ഷിക്കുകയും ചെയ്യേണ്ട ദൗത്യമാണത്.[191]

174. വ്യക്തിമാത്രമാഹാത്മ്യവാദത്തിന്റെ വ്യാപനത്തിനെതിരെയുള്ള ഏറ്റവും ശക്തമായ മറുമരുന്ന് അമ്മമാരാണ്. അവരാണ് ജീവിതത്തിന്റെ സൗന്ദര്യത്തിനു സാക്ഷ്യം നല്കുന്നവർ.[192] തീർച്ചയായും, 'അമ്മമാരില്ലാത്ത ഒരു സമൂഹം മനുഷ്യത്വരഹിതമായിരിക്കും. എന്തെന്നാൽ അമ്മമാരാണ് എപ്പോഴും - ഏറ്റവും മോശപ്പെട്ട സമയത്തും - വാത്സല്യത്തിനും സമർപ്പണത്തിനും ധാർമ്മിക ശക്തിക്കും സാക്ഷികളായിട്ടുള്ളവർ. അമ്മമാർ തങ്ങളുടെ കുട്ടികൾ പഠിക്കുന്ന പ്രാഥമിക പ്രാർത്ഥനകളിലും ഭക്തികർമ്മങ്ങളിലുംമതപരമായ അഭ്യസനത്തിന്റെ ഏറ്റവും അഗാധമായ അർത്ഥം മിക്കപ്പോഴും പകർന്നുനല്കുന്നു അമ്മമാരില്ലാതിരുന്നാൽ പുതിയ വിശ്വാസികൾ ഉണ്ടാവുകയില്ല. മാത്രമല്ല വിശ്വാസത്തിനുതന്നെ ലളിതവും അഗാധവുമായ ഊഷ്മളതയുടെ നല്ലൊരു ഭാഗം നഷ്ടപ്പെടുകയും

ചെയ്യും...... പ്രിയപ്പെട്ട അമ്മമാരേ, നിങ്ങൾക്കു നന്ദി. നിങ്ങൾ നിങ്ങളുടെ കുടുംബത്തിൽ എന്തായിരിക്കുന്നുവോ അതിനും സഭയ്ക്കും ലോകത്തിനും നിങ്ങൾ എന്തു നല്കുന്നുവോ അതിനും നന്ദി.'[193]

175. വാത്സല്യത്തോടും സഹതാപത്തോടും കൂടി തന്റെ ശിശുവിനെ സൂക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരമ്മ ആ ശിശുവിനെ ആത്മധൈര്യത്തിൽ വളരാൻ സഹായിക്കുന്നു. ലോകം നല്ലതും സ്വാഗതമരുളുന്നതുമായ സ്ഥലമാണെന്ന് അനുഭവിച്ചറിയാനും സഹായിക്കുന്നു. ഇത് ശിശുവിനെ ആത്മാഭിമാനത്തിൽ വളരാൻ സഹായിക്കുന്നു.അതാകട്ടെ ഉറ്റബന്ധത്തിനും അനുഭൂതിയുടെ അനുഭവത്തിനുമുള്ള കഴിവിന്റെ വികസനത്തിനുള്ള ശക്തി നല്കുന്നു. ജീവിതത്തിൽ പരിധികൾ കാണാനും കൂടുതൽ വിശാലമായ ലോകത്തിന്റെ വെല്ലുവിളികളോട് തുറവുള്ളവൻ അല്ലെങ്കിൽ തുറവുള്ളവൾ ആകാനും കഠിനാദ്ധ്വാനത്തിന്റെയും ക്ലേശഭൂയിഷ്ടമായ പരിശ്രമത്തിന്റെയും ആവശ്യം കാണാനും പിതാവ് ശിശുവിനെ സഹായിക്കുന്നു. വ്യക്തവും നിർമ്മലവുമായ പൗരുഷത്വത്തിന്റെ തനിമയുള്ളവനും തന്റെ ഭാര്യയോട് വാത്സല്യവും താത്പര്യവും പ്രകടിപ്പിക്കുന്നവനുമായ ഒരു പിതാവ്, ശുശ്രൂഷ ചെയ്യുന്ന അമ്മയെപ്പോലെ തന്നെ അവശ്യാവശ്യകവ്യക്തിയാണ്. ഓരോ കുടുംബത്തിന്റെയും വസ്തുനിഷ്ടമായ സാഹചര്യങ്ങളനുസരിച്ച് ധർമ്മങ്ങൾക്കും പ്രവർത്തനങ്ങൾക്കും അയവുണ്ടായിരിക്കാം. എന്നാൽ ആണും പെണ്ണുമായിട്ടുള്ള രണ്ടു വ്യക്തികളുടെയും വ്യക്തവും നന്നായി നിർവ്വചിക്കപ്പെടുന്നതുമായ സാന്നിധ്യം ഒരു ശിശുവിന്റെ വളർച്ചയ്ക്ക് ഏറ്റവും ഉചിതമായ സാഹചര്യം സ്രഷ്ടിക്കുന്നു.

176. നമ്മുടെ സമൂഹം 'പിതാക്കന്മാരില്ലാത്ത സമൂഹ'മാണെന്ന് പറയുന്നത് നാം പലപ്പോഴും കേട്ടിട്ടുണ്ട്. പാശ്ചാത്യസംസ്കാരത്തിൽ പിതൃരൂപം പ്രതീകാത്മകമായിസന്നിഹിതനല്ലാത്തതോ കാണാനില്ലാത്തതോ മറഞ്ഞതോ ആണെന്ന് പറയപ്പെടുന്നു. പുരുഷത്വം തന്നെ ചോദ്യം ചെയ്യപ്പെടുന്നതായി തോന്നുന്നു. അതിന്റെഫലം മനസ്സിലാക്കാവുന്ന ഒരു ആശയക്കുഴപ്പം തന്നെ. ആദ്യം ഇതൊരു വിമോചനമായി കരുതപ്പെട്ടിരുന്നു - 'പിതാവി'ൽ നിന്ന് 'മാസ്റ്റർ' എന്ന നിലയിലേക്കുള്ള വിമോചനം. അത് പുറമേനിന്ന് അടിച്ചേല്പിക്കപ്പെടുന്ന ഒരു നിയമത്തിന്റെ പ്രതിനിധിയായ പിതാവിൽ നിന്നുള്ള, കുട്ടികളുടെ സന്തോഷത്തിന്റെ വിചാരകനും യുവജനത്തിന്റെ സ്വാതന്ത്ര്യത്തിനും സ്വയംചാലകത്വത്തിനും തടസ്സമായിട്ടുള്ള പിതാവിൽ നിന്നുള്ള വിമോചനം. ചില കുടുംബങ്ങളിൽ ഒരിക്കൽ സ്വേച്ഛാധിപത്യവും ചിലപ്പോൾ ഞെരുക്കവും ഭരണം നടത്തി.'[194] എന്നാലും 'മിക്കപ്പോഴും സംഭവിക്കുന്നതുപോലെ ഒന്നു ഒരു മൂർദ്ധന്യത്തിൽ നിന്ന് മറ്റൊന്നിലേക്കു നീങ്ങുന്നു. നമ്മുടെ കാലത്ത് പിതാവിന്റെ അമിതസാന്നിധ്യമല്ല സാന്നിദ്ധ്യമില്ലായ്മയാണ് പ്രശ്നമായിട്ടുള്ളത്. പിതാവ് സന്നഹിതനാകാതിരിക്കുന്നു എന്നതുതന്നെ. പിതാക്കൾ മിക്കപ്പോഴും തങ്ങളിൽതന്നെയും തങ്ങളുടെ തൊഴിലിലും ചിലപ്പോൾ സ്വന്തം സംതൃപ്തിയിലും കുടുങ്ങിക്കിടക്കുന്നു.അങ്ങനെ അവർ തങ്ങളുടെ കുടുംബങ്ങളെ അവഗണിക്കുന്നു. അവർ ശിശുക്കളെയും ചെറുപ്പക്കാരെയും അവരുടെ വഴിക്ക് വിടുന്നു.'[195] പിതാവിന്റെ സാന്നിദ്ധ്യവും അങ്ങനെ പിതാവിന്റെ അധികാരവും വാർത്തകൾക്കും ഉല്ലാസപരമായ മാധ്യമങ്ങൾക്കും വേണ്ടി ചെലവഴിക്കുന്ന സമയത്തിന്റെ ആധിക്യം വഴിയും ഞെരുക്കപ്പെടുന്നുണ്ട്. ഇക്കാലത്ത് പലപ്പോഴും അധികാരത്തെ സംശയത്തോടെ വീക്ഷിക്കുന്നു. പ്രായമായവർ അപ്രസക്തരായി കരുതപ്പെടുന്നു. അവർ തന്നെ തീർച്ചയില്ലാത്തവരായിത്തീരുന്നു. അങ്ങനെ അവരുടെ കുട്ടികൾക്ക് സുനിശ്ചിതവും ദൃഢവുമായ മാർഗ്ഗ നിർദ്ദേശം നല്കുന്ന കാര്യത്തിൽ പരാജയപ്പെടുന്നു. മാതാപിതാക്കളുടെയും കുട്ടികളുടെയും ധർമ്മങ്ങൾ മാറ്റിമറിക്കുന്നതും ഗുണപ്രദമല്ല. കാരണം കുട്ടികൾ അനുഭവിക്കേണ്ട വികസനത്തിന്റെ ശരിയായ പ്രക്രിയയെ അതു തടയുന്നു. പക്വത പ്രാപിക്കാൻ കുട്ടികൾക്ക് ആവശ്യമായ സ്നേഹവും മാർഗനിർദ്ദേശവും നിഷേധിക്കപ്പെടുന്നു.[196]

177. ദൈവം പിതാവിനെ കുടുംബത്തിൽ സ്ഥാപിക്കുന്നത് അയാളുടെ പൗരുഷത്വത്തിന്റെ ദാനങ്ങൾ വഴി 'തന്റെ ഭാര്യയുടെ അടുത്തായിരിക്കാനും എല്ലാം - സന്തോഷവും ദുഃഖവും പ്രത്യാശയും ക്ലേശവും - പങ്കുവയ്ക്കാനും വേണ്ടിയാണ്. കുട്ടികൾ വളരുമ്പോൾ അവരുടെ അടുത്തായിരിക്കാൻ - അവർ കളിക്കുമ്പോഴും ജോലി ചെയ്യുമ്പോഴും ശ്രദ്ധയില്ലാത്തവരായിരിക്കുമ്പോഴും നിരുത്സാഹരായിരിക്കുമ്പോഴും അമിതമായി സംസാരിക്കുമ്പോഴും നിശ്ശബ്ദരായിരിക്കുമ്പോഴും ധീരത കാണിക്കുമ്പോഴും ഭയപ്പെടുമ്പോഴും വഴിതെറ്റുമ്പോഴും പിന്നീട് ശരിയായ മാർഗ്ഗത്തിലേക്ക് വരുമ്പോഴും അവരുടെ അടുത്തായിരിക്കാൻ വേണ്ടിയാണത്. എപ്പോഴും സന്നിഹിതനായ പിതാവായിരിക്കാൻ തന്നെ. സന്നിഹിതൻ എന്നു ഞാൻ പറയുമ്പോൾ 'നിയന്ത്രിക്കുന്നവൻ' എന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. അമിതമായി നിയന്ത്രിക്കുന്ന പിതാക്കന്മാർ തങ്ങളുടെ കുട്ടികളെ നിഷ്പ്രഭമാക്കുന്നു. കുട്ടികൾ വികസിക്കാൻ അവർ സമ്മതിക്കുന്നില്ല.'[197] തങ്ങൾ ഉപയോഗമില്ലാത്തവരോ ആവശ്യമില്ലാത്തവരോ ആണെന്ന് ചില പിതാക്കന്മാർക്കു തോന്നുന്നു. എന്നാൽ, തങ്ങളുടെ പ്രശ്നങ്ങളുമായി വീട്ടിലേക്കു തിരിച്ചു ചെല്ലുമ്പോൾ തങ്ങളെ കാത്തിരിക്കുന്ന പിതാവിനെ കാണുകയെന്നത് കുട്ടികളുടെ ആവശ്യമാണെന്നതാണ് യഥാർത്ഥ വസ്തുത. ഇത് അംഗീകരിക്കാതാരിക്കാൻ, അതു പ്രകടിപ്പിക്കാതിരിക്കാൻ, അവർ കഠിനശ്രമം ചെയ്തേക്കും. പക്ഷേ അവർക്ക് അത് ആവശ്യമാണ്.'[198] ഒരു പിതാവ് ഇല്ലാതാരിക്കുന്നതും, തയ്യാറാകുന്നതിനു മുമ്പേ വളരുന്നതും കുട്ടികൾക്കു നന്നല്ല.

## വിശാലമായ ഫലദായകത്വം

178. ചില ദമ്പതികൾക്കു കുട്ടികളുണ്ടാവുക സാധ്യമല്ല. അവർക്ക് അത് യഥാർത്ഥ സഹനത്തിന്റെ ഒരു കാരണമാകാമെന്ന് നമുക്ക് അറിയാം. അതേസമയം, 'വിവാഹം സ്ഥാപിക്കപ്പെട്ടത് കുട്ടികളെ ജനിപ്പിക്കാൻ വേണ്ടി മാത്രമല്ല എന്നും നമുക്കറിയാം... ദമ്പതികൾ തീവ്രമായി ആഗ്രഹിച്ചിട്ടും കുട്ടികൾ ഇല്ലാതിരിക്കുന്ന സാഹചര്യത്തിലും വിവാഹം ജീവിതത്തിന്റെ മുഴുവൻ പ്രകൃതിയും കൂട്ടായ്മയുമായിരിക്കുകയെന്ന അതിന്റെ സ്വഭാവം സൂക്ഷിക്കുന്നു. അതിന്റെ മൂല്യവും അലംഘനീയതയും സംരക്ഷിക്കുകയും ചെയ്യുന്നു.'[199] അതുപോലെതന്നെ''മാതൃത്വമെന്നത് ജീവശാസ്ത്രപരമായ ഒരു യാഥാർത്ഥ്യം മാത്രമല്ല. പിന്നെയോ അത് വ്യത്യസ്ത രീതികളിൽ പ്രകാശിപ്പിക്കപ്പെടുന്നതാണ്.'[200]

179. ദത്തെടുക്കൽ മാതാപിതാക്കളാകാൻ വളരെ ഉദാരതാപൂർണമായ ഒരു മാർഗമാണ്. കുട്ടികൾ ഉണ്ടാകാൻ സാധ്യതയില്ലാത്തവർ തങ്ങളുടെ വൈവാഹികസ്നേഹത്തെ ശരിയായ കുടുംബാന്തരീക്ഷമില്ലാത്ത കുട്ടികളെ ആശ്ലേഷിക്കാൻ പാകത്തിന് വികസിപ്പിക്കണം. ഞാൻ അവരെ ഇക്കാര്യത്തിൽ പ്രോത്സാഹിപ്പിക്കുന്നു. ഉദാരതയുള്ളവരായതിന്റെ പേരിൽ അവർ ഒരിക്കലും ദുഃഖിക്കേണ്ടി വരുകയില്ല. ഒരു ശിശുവിനെ ദത്തെടുക്കുകയെന്നത് സ്നേഹത്തിന്റെ ഒരു പ്രവൃത്തിയാണ്. ആരുമില്ലാത്ത ഒരാൾക്ക് കുടുംബമെന്ന ദാനം നല്കലാണത്. ദത്തെടുക്കൽ പ്രക്രിയയെ എളുപ്പമുള്ളതാക്കാൻ നിയമനിർമ്മാണം നടത്തണമെന്ന് ഊന്നിപ്പറയുക സുപ്രധാന കാര്യമാണ്. സർവോപരി ഉപേക്ഷിക്കപ്പെട്ട കുട്ടികളുടെ കാര്യത്തിൽ അങ്ങനെ ചെയ്യണം. അവർ ഗർഭച്ഛിദ്രം വഴി നശിപ്പിക്കപ്പെടാതിരിക്കാനും ഉപേക്ഷിക്കപ്പെടാതിരിക്കാനുമാണത്. ആരെയെങ്കിലും വ്യവസ്ഥകൾ ഇല്ലാതെയും സൗജന്യമായും ദത്തെടുത്തു സ്വീകരിക്കുകയെന്ന വെല്ലുവിളി സ്വീകരിക്കുന്നവർ ദൈവസ്നേഹത്തിന്റെ ചാലുകളായിത്തീരുന്നു. എന്തെന്നാൽ അവിടന്നു പറയുന്നു: 'നിന്റെ അമ്മ നിന്നെ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല' (ഏശ 49:15).

180. 'ദത്തെടുക്കലും, വളർത്തു മാതാപിതാക്കളാകലും കുട്ടികളുണ്ടാകാത്ത കാര്യത്തിൽ മാത്രമല്ല വൈവാഹികാനുഭവത്തിലും പ്രത്യേക തരത്തിലുള്ള ഫലപൂർണതയെ പ്രകാശിപ്പിക്കും. എന്തു ത്യാഗം സഹിക്കേണ്ടിവന്നാലും ഒരു കുട്ടി വേണമെന്ന് ആഗ്രഹിക്കുന്ന സാഹചര്യത്തിലും അല്ലാതെയും, ഒരു വ്യക്തിയുടെ ആത്മസംതൃപ്തിക്കുള്ള അവകാശമെന്ന നിലയിൽ, ദത്തെടുക്കൽ, അല്ലെങ്കിൽ വളർത്തു മാതാപിതാക്കളാകൽ എന്നിവ തിരഞ്ഞെടുക്കുമ്പോൾ മാതാപിതാക്കളാകുക, കുട്ടികളെ വളർത്തുക എന്നീ പ്രവൃത്തികളുടെ പ്രത്യേക ശ്രേഷ്ഠത അതിൽ പ്രകടമാകുന്നു. കുട്ടികൾ സ്വാഭാവികമായിട്ടുള്ളവരോ ദത്തെടുക്കപ്പെട്ടവരോ വളർത്താൻ സ്വീകരിക്കപ്പെട്ടവരോ ആയാലും സ്വന്തം അവകാശമുള്ള വ്യക്തികളാണെന്ന് അവർ



മനുഷ്യരെ അറിയിക്കുന്നു. ആ കുട്ടികൾ സ്വീകരിക്കപ്പെടേണ്ടവരും സ്നേഹിക്കപ്പെടേണ്ടവരും വളർത്തപ്പെടേണ്ടവരുമാണെന്നും ലോകത്തിലേക്കു വെറുതെ കൊണ്ടുവരപ്പെട്ടവർ മാത്രമല്ലെന്നും അറിയിക്കും. കുട്ടിയെ ദത്തെടുക്കുന്നതിലും വളർത്താനെടുക്കുന്നതിലും ഉണ്ടാകുന്ന ഏതു തീരുമാനത്തിന്റെ പിന്നിലും കുട്ടിയുടെ ഏറ്റവും നല്ല താത്പര്യങ്ങൾ നിലകൊള്ളണം.'[201] നേരേമറിച്ച്, 'രാജ്യങ്ങളുടെയും ഭൂഖണ്ഡങ്ങളുടെയും ഇടയിൽ നടക്കുന്ന മനുഷ്യക്കടത്ത് സമുചിതമായ നൈയാമിക പ്രവർത്തനം വഴിയും സ്റ്റേറ്റിന്റെ നിയന്ത്രണം വഴിയും തടയപ്പെടണം.'[202]

181. സ്നേഹത്തിന്റെ ഫലപൂർണത അനുഭവിക്കാൻ പ്രജനനവും ദത്തെടുക്കലും മാത്രമല്ല മാർഗങ്ങളായിട്ടുള്ളതെന്ന് നമ്മൾ ഓർമ്മിക്കുന്നതും നന്നായിരിക്കും. വലിയ കുടുംബങ്ങൾ പോലും സമൂഹത്തിൽ തങ്ങളുടെ മുദ്ര പതിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. അവരെ നിലനിറുത്തുന്ന സ്നേഹത്തെ ദീർഘിപ്പിക്കാനുള്ള ഏതെങ്കിലും മാർഗത്തിന്റെ പ്രകാശനങ്ങളുടെ മറ്റു ഫലപൂർണതകൾ കണ്ടെത്തിക്കൊണ്ട് അവർ അങ്ങനെ ചെയ്യും. ക്രൈസ്തവകുടുംബങ്ങൾ ഒരു വസ്തുത ഒരിക്കലും മറക്കരുത്. അതായത് 'വിശ്വാസം നമ്മെ ലോകത്തിൽ നിന്നു മാറ്റിക്കളയുന്നില്ല. പിന്നെയോ നമ്മെ അതിന്റെ കൂടുതൽ ആഴത്തിലേക്ക് വലിച്ചെടുക്കുകയാണ്. യഥാർത്ഥത്തിൽ നമ്മിൽ ഓരോരുത്തർക്കും നമ്മുടെ ലോകത്തിൽ ദൈവരാജ്യത്തിന്റെ ആഗമനത്തിനു വേണ്ടിയുള്ള തയ്യാറെടുപ്പിൽ സവിശേഷമായ ഒരു ധർമ്മം നിർവഹിക്കാനുണ്ട്.'[203] കുടുംബങ്ങൾ ഒരിക്കലും സമൂഹത്തിൽനിന്ന് അകന്ന അഭയ കേന്ദ്രങ്ങളായി തങ്ങളെത്തന്നെ കാണരുത്. പിന്നെയോ, മറ്റുള്ളവരുമായുള്ള ഐക്യദാർഢ്യത്തിന്റെ ചൈതന്യത്തോടെ അവരുടെ ഭവനങ്ങളിൽ നിന്നു പുറത്തോട്ടുപോകണം. അങ്ങനെ അവർ വ്യക്തികളെ സമൂഹത്തിലേക്ക് ഉദ്ഗ്രഥിക്കാനുള്ള ഒരു ഹബ് ആയിത്തീരും. പൊതുമണ്ഡലവും സ്വകാര്യമണ്ഡലവും തമ്മിൽ ബന്ധപ്പെടാനുള്ള സ്ഥാനവുമായിത്തീരും. വിവാഹിതർക്ക് തങ്ങളുടെ സാമൂഹിക കടമകളെപ്പറ്റി വ്യക്തമായ ബോധമുണ്ടായിരിക്കണം. അവരുടെ വാത്സല്യം കുറയരുത്, പിന്നെയോ പുതിയ പ്രകാശത്തോടെ കവിഞ്ഞൊഴുകണം. കവി പറയുന്നതുപോലെ:

'നിന്റെ കൈകൾ എനിക്കുള്ള തലോടലാണ്.
എന്റെ ദിവസങ്ങളെ നിറയ്ക്കുന്ന സ്വരൈക്യമാണ്.
ഞാൻ നിന്നെ സ്നേഹിക്കുന്നു, എന്തെന്നാൽ നിന്റെ കൈകൾ
നീതിക്കുവേണ്ടി പ്രവർത്തിക്കുന്നു.
നിന്നെ ഞാൻ സ്നേഹിക്കുന്നത് നീ എന്റെ സ്നേഹവും
എന്റെ സഹചാരിയും എന്റെ സർവസ്വവുമായതു കൊണ്ടാണ്.
തെരുവിൽ തോളോടു തോളു ചേർന്നു നില്ക്കുമ്പോൾനമ്മൾ കേവലം
രണ്ടുപേർ എന്നതിനെക്കാൾ വളരെ കൂടുതലാണ്'.[204]

182. അമിതമായ വ്യത്യാസമുള്ളതായും 'വേർതിരിച്ചുവയ്ക്കപ്പെട്ടതുമായ' സ്വയം കരുതുന്ന ഒരു കുടുംബത്തിനും ഫലപൂർണമായിരിക്കാൻ കഴിയുകയില്ല. ഈ അപകടസാധ്യത ഒഴിവാക്കാൻ വേണ്ടി നാം യേശുവിന്റെ കുടുംബത്തെക്കുറിച്ച് ഓർക്കണം. അത് ദൈവകൃപ കൊണ്ടും ജ്ഞാനം കൊണ്ടും നിറഞ്ഞതായിരുന്നു. എന്നാലും അത് അസാധാരണമായിട്ടോ മറ്റുള്ളവരിൽ നിന്നു വ്യത്യസ്തമായിട്ടോ കാണപ്പെട്ടില്ല. അതുകൊണ്ട് യേശുവിന്റെ ജ്ഞാനം അംഗീകരിക്കൽ ജനങ്ങൾക്ക് പ്രയാസമുള്ള കാര്യമായി തോന്നി: 'ഈ മനുഷ്യന് ഇതെല്ലാം എവിടെ നിന്നു കിട്ടുന്നു? ഇത് മരപ്പണിക്കാരനല്ലേ, മറിയത്തിന്റെ പുത്രൻ?'(മർക്കോ 6:2-3). 'ഇത് ആ മരപ്പണിക്കാരന്റെ മകനല്ലേ?' (മത്താ 13:55). അവരുടെ കുടുംബം ഒരു സാധാരണ കുടുംബമായിരുന്നുവെന്നും മറ്റുള്ളവരോട് അടുപ്പമുള്ളതായിരുന്നുവെന്നും സമൂഹത്തിന്റെ ഒരു സ്വാഭാവിക ഭാഗമായിരുന്നുവെന്നും ഈ ചോദ്യങ്ങൾ വ്യക്തമാക്കുന്നു. മറിയവും ജോസഫുമായി ഇടുങ്ങിയതും ശ്വാസം മുട്ടിക്കുന്നതുമായ ബന്ധത്തിലല്ല യേശു വളർന്നത്. പിന്നെയോ വിശാലമായ കുടുംബവുമായി, തന്റെ മാതാപിതാക്കളുടെ ബന്ധുക്കളും അവരുടെ സുഹൃത്തുക്കളുമായി സന്ന്ദധതയോടെയുള്ള പരസ്പരബന്ധത്തിൽ കഴിഞ്ഞു. ഈ സംഗതി ഒരു സംഭവത്തിന്റെ വിശദീകരണം നല്കുന്നു. അതായത്, മറിയവും ജോസഫും ജറുസലേമിൽനിന്ന് തിരിച്ചു പോകുമ്പോൾ തന്റെ പന്ത്രണ്ടു വയസ്സായ കുട്ടി സാർത്ഥവാഹകസംഘത്തിൽ അവരുടെ കഥകൾ കേട്ടും അവരുടെ താത്പര്യങ്ങളിൽ പങ്കുചേർന്നും എവിടെയങ്കിലും കഴിച്ചുകൂടുകയാണെന്ന് ഒരു ദിവസം മുഴുവനും സങ്കല്പിച്ചു. അങ്ങനെ സങ്കല്പിക്കാൻ അവർക്കു കഴിഞ്ഞു: 'അവൻ യാത്രാസംഘത്തിന്റെ കൂടെ കാണുമെന്ന് വിചാരിച്ച് അവർ ഒരു ദിവസത്തെ വഴി പിന്നിട്ടു' (ലൂക്കാ 2:44). ഇനിയും, ചില ക്രിസ്തീയ കുടുംബങ്ങൾ അവർ ഉപയോഗിക്കുന്ന ഭാഷ മൂലമോ അവർ പ്രവർത്തിക്കുന്ന അല്ലെങ്കിൽ മറ്റുള്ളവരോടു പെരുമാറുന്ന രീതി മൂലമോ അല്ലെങ്കിൽ രണ്ടോ മൂന്നോ പ്രശ്നങ്ങളെക്കുറിച്ചു മാത്രം സ്ഥിരമായി ചിന്തിക്കുകയോ ചെയ്യുന്നതു മൂലമോ സമൂഹത്തിൽനിന്ന് അകലെയുള്ളവരും സമൂഹത്തിന്റെ യഥാർത്ഥ ഭാഗമല്ലാത്തവരുമായി കാണപ്പെടുന്നു. അവർ തങ്ങളെ പരിഹസിക്കുകയോ വിധിക്കുകയോ ചെയ്യുന്നുവെന്ന് അവരുടെ ബന്ധുക്കൾക്കുപോലും തോന്നുന്നു.

183. സ്നേഹത്തിന്റെ ശക്തി അനുഭവിക്കുന്ന ദമ്പതികൾക്ക് അറിയാം ഈ സ്നേഹം ഭ്രഷ്ടരാക്കപ്പെട്ടവരുടെ വ്രണങ്ങൾ കഴുകിക്കെട്ടാനും കണ്ടുമുട്ടലിന്റെ ഒരു സംസ്കാരം വളർത്താനും നീതിക്കുവേണ്ടി യുദ്ധം ചെയ്യാനും ഉദ്ദേശിച്ചിട്ടുള്ളതാണെന്ന്. ദൈവം കുടുംബത്തിന് ലോകത്തെ 'മെരുക്കിയെടുക്കുക' എന്ന ജോലി നല്കിയിരിക്കുന്നു.[205] സഹജീവികളെ സഹോദരീസഹോദരന്മാരായി കാണാൻ ഓരോ വ്യക്തിയെയും സഹായിക്കുകയെന്ന ജോലി നല്കിയിരിക്കുന്നു. 'ഇന്നത്തെ സ്ത്രീ പുരുഷന്മാരുടെ അനുദിനജീവിതത്തെ സൂക്ഷിച്ചു നോക്കുമ്പോൾ കുടുംബചൈതന്യത്തിന്റെ ഗുണപ്രദമായ കുത്തിവയ്പ് സർവത്ര ആവശ്യമാണെന്ന് പെട്ടെന്നു പ്രകടമാകുന്നു. സാധാരണ ജീവിതത്തിന്റെ രൂപീകരണം മൗലിക മാനുഷികബന്ധങ്ങളിൽ നിന്ന് തികച്ചും മാറ്റപ്പെട്ട സ്വേഛാധിപത്യത്താൽ വർദ്ധമാനമായ തോതിൽ തടസ്സപ്പെടുത്തപ്പെടുന്നു. കൂടാതെ സാമൂഹികവും രാഷ്ട്രീയവുമായ ആചാരങ്ങളും തരംതാഴുന്നതിന്റെ സൂചനകൾ കാണിക്കുന്നുണ്ട്.'[206] തുറവുള്ളതും ശ്രദ്ധിക്കുന്നതുമായ കുടുംബങ്ങൾ ദരിദ്രർക്ക് ഒരു ഇടം കണ്ടെത്തുന്നു. തങ്ങളെക്കാൾ ദുർഭഗരായവരുമായി സൗഹൃദബന്ധങ്ങൾ സ്ഥാപിക്കുന്നു. സുവിശേഷമനുസരിച്ച് ജീവിക്കാനുള്ള അവരുടെ പരിശ്രമങ്ങളിൽ യേശുവിന്റെ വാക്കുകൾ അവർ ഓർമ്മിക്കുന്നു: 'എന്റെ ഏറ്റവും എളിയ ഈ സോഹദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തുതന്നത്' (മത്താ 25:40). നമ്മോടെല്ലാം ചെയ്യാൻ പറഞ്ഞിട്ടുള്ളത് അവരുടെ ജീവിതം യഥാർത്ഥ രീതിയിൽ പ്രകാശിപ്പിക്കുന്നു: 'നീ ഒരു സദ്യയോ അത്താഴവിരുന്നോ കൊടുക്കുമ്പോൾ നിന്റെ സ്നേഹിതരെയോ സഹോദരരെയോ ബന്ധുക്കളെയോ ധനികരായ അയൽക്കാരെയോ വിളിക്കരുത്. ഒരു പക്ഷേ. അവർ നിന്നെ പകരം ക്ഷണിക്കുകയും അതു നിനക്കു പ്രതിഫലമാകുകയും ചെയ്യും. എന്നാൽ നീ സദ്യ നടത്തുമ്പോൾ ദരിദ്രർ വികലാംഗർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്കുക. അപ്പോൾ നീ ഭാഗ്യവാനായിരിക്കും' (ലൂക്കാ 14:12-14). നീ ഭാഗ്യവാനായിരിക്കും! ഇവിടെയാണ് സന്തോഷപ്രദമായ കുടുംബത്തിന്റെ രഹസ്യം.

184. കുടുംബങ്ങൾ സാക്ഷ്യംകൊണ്ടും വാക്കുകൾ കൊണ്ടും മറ്റുള്ളവരോട് യേശുവിനെപ്പറ്റി പറയുന്നു. അവർ വിശ്വാസം പകർന്നു കൊടുക്കുന്നു. ദൈവത്തെ സംബന്ധിച്ച് ആഗ്രഹം ഉദ്ദീപിപ്പിക്കുന്നു. സുവിശേഷത്തിന്റെ സൗന്ദര്യത്തെയും അതിന്റെ ജീവിതരീതിയെയും പ്രതിഫലിപ്പിക്കുന്നു. ക്രൈസ്തവവിവാഹങ്ങൾ അങ്ങനെ സമൂഹത്തെ സജീവമാക്കുന്നു. സാഹോദര്യത്തിന്റെ സാക്ഷ്യംവഴി സാമൂഹിക താത്പര്യം വഴി ദരിദ്രർക്കുവേണ്ടി തുറന്നു പറയുന്നതു വഴി പ്രകാശപൂർണമായ വിശ്വാസവും പ്രവൃത്തിനിരതമായ പ്രത്യാശയും വഴി അവർ അപ്രകാരം ചെയ്യുന്നു. അവരുടെ ഫലപൂർണത വികസിക്കുകയും അസംഖ്യം മാർഗങ്ങളിലൂടെ ദൈവസ്നേഹത്തെ സമൂഹത്തിൽ സന്നിഹിതമാക്കുകയും ചെയ്യുന്നു.

## ശരീരത്തെ തിരിച്ചറിയൽ

185. ഈ ചിന്താഗതിക്ക് അനുസൃതമായി ഒരു ബൈബിൾ പാഠം നാം ഗൗരവപൂർവം കരുതിയാൽ കൊള്ളാം. ആ പാഠം സാധാരണമായി

അതിന്റെ സാഹചര്യത്തിനു വെളിയിൽവച്ചോ ഒരു പൊതു ആശയമനുസരിച്ചോ ആണ് വ്യാഖ്യാനിക്കുന്നത്. അതിന്റെ നേരിട്ടുള്ള അർത്ഥത്തെ അവഗണിക്കുകയെന്ന അപകടസാധ്യതയോടെയാണ് വ്യാഖ്യാനിക്കാറ്. നേരിട്ടുള്ള അർത്ഥമാകട്ടെ ശ്രദ്ധേയമാംവിധം സാമൂഹികമാണ്. ഞാനിവിടെ പറയുന്നത് 1 കോറി 11:17-34 വാക്യങ്ങളെക്കുറിച്ചാണ്. അവിടെ വിശുദ്ധ പൗലോസ് സമൂഹത്തിലെ ലജ്ജാകരമായ ഒരു സാഹചര്യത്തെ നേരിടുന്നു. കൂടുതൽ സമ്പന്നരായ അംഗങ്ങൾ ദരിദ്രരോടു വിവേചനം കാണിക്കാനുള്ള പ്രവണത പ്രദർശിപ്പിക്കുന്നു. ആ വിവേചനമാകട്ടെ ദിവ്യകാരുണ്യാഘോഷത്തോടു ചേർന്ന് അഗാപ്പേ എന്ന ഭക്ഷണം കഴിക്കലിലേക്കുപോലും കൊണ്ടുപോകുന്നു. സമ്പന്നന്മാർ തങ്ങളുടെ ഭക്ഷണം ആസ്വദിക്കുമ്പോൾ ദരിദ്രർ അതു കാണുകയും വിശപ്പോടെ തിരിച്ചു പോകുകയും ചെയ്യുന്നു: 'ഒരുവൻ വിശന്നും അപരൻ കുടിച്ച് ഉന്മത്തനായും ഇരിക്കുന്നു. എന്ത്! തിന്നാനും കുടിക്കാനും നിങ്ങൾക്ക് വീടുകളില്ലേ? അതോ നിങ്ങൾ ദൈവത്തിന്റെ സഭയെ അവഗണിക്കുകയും ഒന്നും ഇല്ലാത്തവരെ അവഹേളിക്കുകയും ചെയ്യുന്നുവോ? (1 കോറി 11:21-22).

186. സഭയാകുന്ന ഏകശരീരത്തിന്റെ അംഗങ്ങളായിരിക്കണം നമ്മൾ എന്ന് ദിവ്യകാരുണ്യം ആവശ്യപ്പെടുന്നു. ക്രിസ്തുവിന്റെ ശരീരത്തെയും രക്തത്തെയും സമീപിക്കുന്നവർ അതേ ശരീരത്തെ ഉതപ്പുണ്ടാക്കുന്ന വ്യത്യസ്തതകളും വിഭാഗിയതകളും അതിന്റെ അംഗങ്ങളിൽ സൃഷ്ടിച്ച് മുറിപ്പെടുത്തരുത്. കർത്താവിന്റെ ശരീരത്തെ 'വിവേചിച്ച് അറിയുക', കൗദാശിക അടയാളങ്ങളിലും സമൂഹത്തിലും വിശ്വാസത്തോടും പരസ്നേഹത്തോടും കൂടി അതിനെ അംഗീകരിക്കുക എന്നതിന്റെ അർത്ഥം ഇതാണ്. അങ്ങനെ ചെയ്യുന്നതിൽ പരാജയപ്പെടുന്നവർ തങ്ങൾക്കെതിരെയുള്ള വിധി തിന്നുകയും കുടിക്കുകയും ചെയ്യുന്നു (cf 1 കോറി 11:29). അങ്ങനെ ദിവ്യകാരുണ്യാഘോഷം ഓരോ വ്യക്തിക്കും 'ആത്മശോധന ചെയ്യാനുള്ള' (cf 1 കോറി 11:28) സ്ഥിരം വിളിയായിത്തീരുന്നു. ദരിദ്രരുമായി കൂടുതൽ സൗഹൃദത്തിനുവേണ്ടി കുടുംബത്തിന്റെ വാതിലുകൾ തുറന്നിടാനും അങ്ങനെ നമ്മെ ഒറ്റശരീരമാക്കുന്ന ദിവ്യകാരുണ്യസ്നേഹത്തിന്റെ കൂദാശ ഈ വിധത്തിൽ സ്വീകരിക്കാനും വേണ്ടിയുള്ള വിളി തന്നെ. 'ആ കൂദാശയുടെ മിസ്റ്റിസിസത്തിന് സാമൂഹികസ്വഭാവം ഉണ്ടെന്ന വസ്തുത നാം മറക്കരുത്'.[207] ദിവ്യകാരുണ്യകൂദാശ സ്വീകരിക്കുന്നവർ ദരിദ്രരുടെയും പീഡയനുഭവിക്കുന്നവരുടെയും നേരെ കണ്ണടയ്ക്കുമ്പോൾ അല്ലെങ്കിൽ വിഭജനം, പുച്ഛം, അസമത്വം എന്നിവയുടെ വിവിധ രൂപങ്ങൾക്ക് അനുവാദം നല്കുമ്പോൾ ആ കൂദാശയെ അയോഗ്യതയോടെയാണ് സ്വീകരിക്കുന്നത്. നേരെ മറിച്ച്, ശരിയായി സജ്ജീകൃതരാവുകയും ദിവ്യകാരുണ്യം സ്ഥിരമായി സ്വീകരിക്കുകയും ചെയ്യുന്ന കുടുംബങ്ങൾ സാഹോദര്യത്തിനും സാമൂഹികബോധത്തിനും ആവശ്യത്തിൽപ്പെട്ടവരോടുള്ള സമർപ്പണത്തിനുമുള്ള ആഗ്രഹത്തെ സുശക്തമാക്കുന്നു.



## വിശാലതരമായ കുടുംബത്തിലെ ജീവിതം

187. ന്യൂക്ലിയർ കുടുംബങ്ങൾ കൂടുതൽ വിശാലമായ കുടുംബവുമായി - മാതാപിതാക്കൾ, ഇളയമ്മമാർ, ചിറ്റപ്പന്മാർ, കസിന്മാർ, അയൽക്കാർ പോലും, ഉള്ള കുടുംബവുമായി - ബന്ധപ്പെടണം. ഈ വലിയ കുടുംബത്തിൽ സഹായം ആവശ്യമുള്ളവരോ, കുറഞ്ഞത് സൗഹൃദബന്ധമോ, വാത്സല്യമോ ആവശ്യമുള്ളവരോ സഹനത്തിനിടയിൽ സമാശ്വാസം ആവശ്യമുള്ളവരോ ഉണ്ടായേക്കാം.[208] ഇന്ന് വളരെ പ്രബലപ്പെട്ടിരിക്കുന്ന വ്യക്തിപ്രാധാന്യവാദം സുരക്ഷിതത്വത്തിന്റെ ചെറിയ കൂടുകൾ നിർമ്മിക്കാൻ പ്രേരകമാണ്. അവിടെ മറ്റുള്ളവർ ശല്യക്കാരായോ ഭീഷണിയായോ കാണപ്പെടുന്നു. എന്നാൽ അത്തരം ഒറ്റപ്പെടൽ കൂടുതൽ സമാധാനമോ സന്തോഷമോ നല്കാൻ കഴിവുള്ളതല്ല. അത് കുടുംബത്തിന്റെ ഹൃദയത്തെയും അതിന്റെ ജീവിതത്തെയും ഏറെ ഇടുങ്ങിയതാക്കുകയും ചെയ്യും.

## പുത്രന്മാരും പുത്രിമാരും

188. ആദ്യമായി നമുക്കു നമ്മുടെ മാതാപിതാക്കളെപ്പറ്റി ചിന്തിക്കാം. മാതാപിതാക്കളെ ഉപേക്ഷിക്കുന്നത് ദൈവത്തിന്റെ നിയമത്തിനു വിരുദ്ധമാണെന്ന് യേശു ഫരിസേയരോടു പറഞ്ഞു (cf. മർക്കോ 7:8-13). നമ്മിൽ ഓരോ വ്യക്തിയും ഒരു പുത്രനോ പുത്രിയോ ആണെന്നു നാം ഓർമ്മിക്കുന്നതു കൊള്ളാം. 'ഒരാൾ പ്രായമുള്ളവനായാലും മുതിർന്നവനായാലും ഒരു മാതാവോ പിതാവോ ആയാലും ഉത്തരവാദിത്വപ്പെട്ട ജോലി ചെയ്താലും ഇതിന്റെയെല്ലാം അടിയിൽ ഒരു ശിശുവിന്റെ തനിമയുണ്ട്. നമ്മൾ എല്ലാവരും പുത്രന്മാരും പുത്രിമാരുമാണ്. നമ്മൾ നമുക്കു തന്നെ ജീവൻ നല്കിയില്ല, പക്ഷേ അതു നാം സ്വീകരിക്കുകയാണു ചെയ്തത് എന്ന വസ്തുതയിലേക്ക് ഇതു നമ്മെ എപ്പോഴും തിരികെ കൊണ്ടുചെല്ലുന്നു. ജീവൻ മഹാദാനമാണ്, നമ്മൾ ആദ്യം സ്വീകരിച്ച ദാനം'.[209]

189. അതുകൊണ്ട് 'മാതാവിനെയും പിതാവിനെയും ബഹുമാനിക്കാൻ കുട്ടികളോട് നാലാം കല്പന ആവശ്യപ്പെടുന്നു (cf. പുറ 20:12). ദൈവത്തെപ്പറ്റി പറയുന്ന കല്പനകൾ കഴിഞ്ഞിട്ട് ഉടനെ തന്നെയാണ് ഈ കല്പന വരുന്നത്. യഥാർത്ഥത്തിൽ ഇത് വിശുദ്ധമായ, ദൈവികമായ ഒന്നിനോട്, മറ്റു തരത്തിലുള്ള ഓരോ മാനുഷിക ബഹുമാനത്തിന്റെയും അടിസ്ഥാനമായിരിക്കുന്ന ഒന്നിനോട് ബന്ധപ്പെട്ടതാണ്. നാലാം കല്പനയുടെ ബൈബിൾപരമായ ക്രോഡീകരണം തുടർന്ന് ഇങ്ങനെ പറയുന്നു: 'കർത്താവായ ദൈവം നിനക്കു തരുന്ന ദേശത്ത് നിന്റെ ദിവസങ്ങൾ ദൈർഘ്യമുള്ളതാകാൻ'. തലമുറകൾ തമ്മിലുള്ള സദ്ഗുണപരമായ ബന്ധം ഭാവിയുടെ ഗ്യാരന്റിയാണ്. യഥാർത്ഥ മാനുഷിക സമൂഹത്തിന്റെ ഗ്യാരൻരിയുമാണ്. മാതാപിതാക്കളെ ബഹുമാനിക്കാത്ത സമൂഹം ബഹുമാനമില്ലാത്ത സമൂഹമാണ്. അത് തൃപ്തിയില്ലാത്തതും അത്യാഗ്രഹമുള്ളതുമായ യുവജനം നിറഞ്ഞ സമൂഹമായിരിക്കാൻ വിധിക്കപ്പെട്ടതാണ്'.[210]

190. എന്നാലും നാണയത്തിന് മറുവശമുണ്ട്. 'ഒരു മനുഷ്യൻ തന്റെ മാതാവിനെയും പിതാവിനെയും വിട്ടുപോകുന്നു' (ഉത്പ 2:24) എന്നു ദൈവവചനം പറയുന്നതു പോലെ തന്നെ. ഇത് എപ്പോഴും സംഭവിക്കുന്നില്ല. അത്യാവശ്യമായ ഈ ത്യാഗവും കീഴടങ്ങലും ഉണ്ടായിരിക്കുന്നതിൽ പരാജയപ്പെട്ടാൽ വിവാഹം താറുമാറാക്കപ്പെടും. മാതാപിതാക്കൾ ഉപേക്ഷിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യരുത്. എന്നാൽ വിവാഹം തന്നെ ആവശ്യപ്പെടുന്നത് അവരെ 'വിട്ടുപോകണ'മെന്നാണ്. പുതിയ ഭവനം യഥാർത്ഥ ഗാർഹികവൃത്തമായിത്തീരാനും അത് സുരക്ഷിതത്വത്തിന്റെയും പ്രത്യാശയുടെയും ഭാവിപദ്ധതികളുടെയും സ്ഥലമായിത്തീരാനുമാണത്. ദമ്പതികൾക്ക് യഥാർത്ഥത്തിൽ 'ഒറ്റശരീരം' ആയിത്തീരാനാണത്. ചില വിവാഹങ്ങളിൽ ദമ്പതിമാരിൽ ഒരാൾ മറ്റേയാളെ അറിയിക്കാതെ രഹസ്യങ്ങൾ സൂക്ഷിക്കുകയും തന്റെ മാതാപിതാക്കളോടു മാത്രം പറയുകയും ചെയ്യുന്നു. അതിന്റെ ഫലമായി അവരുടെ മാതാപിതാക്കളുടെ അഭിപ്രായങ്ങൾ ദമ്പതികളുടെ തന്നെ വികാരങ്ങളെക്കാളും അഭിപ്രായങ്ങളെക്കാളും പ്രധാനപ്പെട്ടവയായിത്തീരുകയും ചെയ്യുന്നു. ദീർഘകാലത്തേക്ക് ഈ സാഹചര്യം നിലനില്ക്കുകയില്ല. അതു ദീർഘകാലം നിലനിന്നാൽ പോലും ദമ്പതികൾ വിശ്വാസത്തിലും ആശയവിനിമയത്തിലും വളരാൻ പരിശ്രമിക്കണം. പുത്രന്മാരും പുത്രിമാരുമായിരിക്കാനുള്ള പുതിയ വഴികൾ കണ്ടെത്താൻ ഭാര്യാഭർത്താക്കന്മാരെ വിവാഹം വെല്ലുവിളിക്കുന്നു.

## വൃദ്ധർ

191. 'വാർധക്യത്തിൽ എന്നെ തള്ളിക്കളയരുതേ! എന്റെ ശക്തി ക്ഷയിക്കുമ്പോൾ എന്നെ ഉപേക്ഷിക്കരുതേ!'(സങ്കീ 71:9). വിസ്മരിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്യുമെന്ന് ഭയപ്പെടുന്ന വൃദ്ധരുടെ യാചനയാണിത്. ദരിദ്രരുടെ വിലാപം കേൾക്കാനുള്ള തന്റെ മാർഗമായിരിക്കാൻ ദൈവം നമ്മോട് ആവശ്യപ്പെടുന്നു. അതുപോലെതന്നെ നമ്മൾ വൃദ്ധരുടെ വിലാപം ശ്രവിക്കണമെന്ന് അവിടന്ന് ആവശ്യപ്പെടുന്നു.[211] ഇത് കുടുംബങ്ങൾക്കും സമൂഹങ്ങൾക്കും നേരെ ഉയരുന്ന ഒരു വെല്ലുവിളിയാണ്. കാരണം, 'വാർധക്യത്തോടുള്ള ക്ഷമയില്ലായ്മയുടെ മനോഭാവത്തോട് ഒത്തുപോകാൻ സഭയ്ക്ക് സാധ്യമല്ല. അതിനോട് ഒത്തുപോകാൻ സഭ ആഗ്രഹിക്കുന്നുമില്ല. നിസ്സംഗതയോടും പുച്ഛത്തോടും അത്ര പോലും ഒത്തുപോകാൻ സാധ്യമല്ല. കൃതജ്ഞതയുടെയും വിലമതിക്കലിന്റെയും അതിഥിസത്കാരത്തിന്റെയും സംഘാതാത്മകമായ ബോധത്തെ നാം പുനരുജ്ജീവിപ്പിക്കണം. അത് തങ്ങൾ സമൂഹത്തിന്റെ ഒരു സജീവഭാഗത്തെപ്പോലെയാണെന്ന തോന്നൽ വൃദ്ധരിൽ ഉത്പാദിപ്പിക്കും. 'നമുക്കു മുമ്പേ നമ്മുടെ തന്നെ പാതയിൽ നമ്മുടെ ഭവനത്തിലെ മാന്യമായ ഒരു ജീവിതത്തിനുവേണ്ടിയുള്ള നമ്മുടെ അനുദിന യുദ്ധത്തിൽ മുമ്പേ വന്ന സ്ത്രീകളും



പുരുഷന്മാരും അമ്മമാരും അപ്പന്മാരുമാണ് വൃദ്ധജനങ്ങൾ'[212] യഥാർത്ഥത്തിൽ 'വലിച്ചെറിയൽ സംസ്കാരത്തെ ചെറുപ്പക്കാരും വൃദ്ധരും തമ്മിലുള്ള പുതിയ ആശ്ലേഷത്തിന്റെ കവിഞ്ഞൊഴുകുന്ന സന്തോഷം കൊണ്ട് വെല്ലുവിളിക്കുന്ന സഭയെ ഞാൻ എത്രമാത്രം ഇഷ്ടപ്പെടുന്നു'.[213]

192. നമ്മുടെ കുടുംബങ്ങളിൽ വൃദ്ധർക്കുള്ള ധർമ്മത്തെക്കുറിച്ച് ശ്രദ്ധയുള്ളവരായിരിക്കാൻ വിശുദ്ധ ജോൺപോൾ രണ്ടാമൻ നമ്മോട് ആവശ്യപ്പെട്ടു. എന്തെന്നാൽ, 'വിശേഷിച്ച് ക്രമരഹിതമായ വ്യാവസായിക നാഗരിക വികസനത്തിന്റെ തൊട്ടുപിമ്പേ - ഭൂതകാലത്തും വർത്തമാനകാലത്തും - വൃദ്ധരെ അസ്വീകാര്യമായ രീതികളിൽ മാറ്റിനിറുത്തി.'[214] 'തലമുറകളുടെ തുടർച്ചയെ' വിലമതിക്കാൻ വൃദ്ധർ നമ്മെ സഹായിക്കുന്നു. 'വിടവുകൾ ഇല്ലാതാക്കാൻ അവർക്കുള്ള സിദ്ധി വഴി'[215] ആണ് അവർ അങ്ങനെ ചെയ്യുന്നത്. മിക്കപ്പോഴും ഏറ്റവും പ്രധാനപ്പെട്ട മൂല്യങ്ങൾ മക്കളുടെ മക്കളിലേക്കു കടന്നുചെല്ലുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നത് പിതാമഹന്മാരാണ്. 'ക്രിസ്തുമതത്തിലേക്കുള്ള തങ്ങളുടെ പ്രവേശനത്തിന് തങ്ങൾ പിതാമഹന്മാരോടു കടപ്പെട്ടിരിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്താൻ അനേകർക്കു കഴിയും'.[216] ചരിത്രം തങ്ങളോടു കൂടിയല്ല തുടങ്ങിയതെന്നും ഇപ്പോൾ തങ്ങൾ തലമുറകളുടെ പഴക്കമുള്ള ഒരു തീർത്ഥാടനത്തിന്റെ ഭാഗമാണെന്നും തങ്ങൾക്കു മുമ്പേ ഉണ്ടായവയെ തങ്ങൾ ആദരിക്കണമെന്നും കുട്ടികൾക്കു മനസ്സിലാകാൻ അവരുടെ വാക്കുകളും വാത്സല്യവും അല്ലെങ്കിൽ കേവലം അവരുടെ സാന്നിധ്യവും സഹായിക്കും. ഭൂതകാലവുമായുള്ള ബന്ധങ്ങൾ തകർക്കുന്നവർ തീർച്ചയായും സുസ്ഥിരമായ ബന്ധങ്ങൾ സ്ഥാപിക്കാനും തങ്ങളെക്കാൾ വലുതാണ് യാഥാർത്ഥ്യമെന്നു മനസ്സിലാക്കാനും പ്രയാസം അനുഭവിക്കും. 'വാർധക്യത്തിലെത്തിയവരോടുള്ള ശ്രദ്ധ സമൂഹത്തിൽ വ്യത്യാസമുണ്ടാക്കും. ഏതെങ്കിലും സമൂഹത്തിന് വാർധക്യത്തിലെത്തിയവരോട് ഒരു സമൂഹം പരിഗണന കാണിക്കുന്നുണ്ടോ? വാർധക്യത്തിലെത്തിയവർക്ക് അതു സ്ഥാനം നല്കുന്നുണ്ടോ? ആ സമൂഹം വാർധക്യത്തിലെത്തിയവരുടെ ജ്ഞാനത്തെ ആദരിച്ചാൽ പുരോഗതി പ്രാപിക്കും'.[217]

193. ചരിത്രസ്മരണയുടെ അഭാവം നമ്മുടെ സമൂഹത്തിലെ ഗൗരവപൂർണമായ ഒരു അപര്യാപ്തതയാണ്. 'അന്ന് അന്നാണ്, ഇന്ന് ഇന്നാണ്'' എന്നുമാത്രം പറയാൻ കഴിയുന്ന മനോഭാവം ആത്യന്തികമായി അപക്വമാണ്. കഴിഞ്ഞകാലസംഭവങ്ങളെ അറിയുകയും അവയെ ഉചിതമായി വിധിക്കുകയും ചെയ്യുകയെന്നതാണ് അർത്ഥപൂർണമായ ഭാവി പടുത്തുയർത്താനുള്ള ഏകമാർഗം. ഓർമ്മ വളർച്ചയ്ക്ക് അത്യാവശ്യമാണ്: 'കഴിഞ്ഞ കാലങ്ങൾ ഓർമ്മിക്കുവിൻ' (ഹെബ്രാ 10:32). തങ്ങളുടെ കഥകൾ പറയുന്ന വൃദ്ധരെ ശ്രദ്ധിച്ചു കേൾക്കുന്നത് കുട്ടികൾക്കും യുവജനത്തിനും നല്ലതാണ്. തങ്ങളുടെ കുടുംബങ്ങളുടെയും അയൽപക്കക്കാരുടെയും രാജ്യത്തിന്റെയും സജീവചരിത്രവുമായി തങ്ങൾ ബന്ധപ്പെട്ടിരി

ക്കുന്നുവെന്ന് അവർക്കു തോന്നും. സജീവസ്മരണയായിട്ടുള്ള പിതാമഹന്മാരെ ആദരിക്കുന്നതിലും സൂക്ഷിക്കുന്നതിലും പരാജയപ്പെടുന്ന കുടുംബം അധോഗതിയിലായിക്കഴിഞ്ഞു. അതേസമയം ഓർമ്മ പുലർത്തുന്ന കുടുംബത്തിനു ഒരു ഭാവിയുണ്ടാകും. 'വൃദ്ധർക്ക് സ്ഥാനം നല്കാത്തതും, അല്ലെങ്കിൽ അവർ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുകൊണ്ട് തള്ളിക്കളയുന്നതുമായ സമൂഹത്തിൽ മാരകമായ വൈറസ് ബാധിച്ചിട്ടുണ്ട്'.[218] 'അത് അതിന്റെ വേരുകളിൽ നിന്നു കീറിമാറ്റപ്പെട്ടിരിക്കുന്നു'.[219] സാംസ്കാരിക തുടർച്ചയില്ലായ്മയും, നമ്മുടെ ജീവിതങ്ങളെ രൂപപ്പെടുത്തുന്ന തീർച്ചകളുടെ പിഴതുമാറ്റലും നശീകരണവും മൂലം നാം അനാഥരായിരിക്കുന്നുവെന്നതാണ് നമ്മുടെ സമകാലീനാനുഭവം. സംഘാതാത്മകചരിത്രത്തിന്റെ ഫലസമൃദ്ധമായ മണ്ണിൽ കുട്ടികൾക്കു വേരുകൾ ഊന്നാൻ തക്കസ്ഥാനങ്ങളാക്കി നമ്മുടെ ഭവനങ്ങളെ തീർക്കുന്നതിന് അതു നമ്മെ വെല്ലുവിളിക്കുന്നു.

## സഹോദരീ സഹോദരന്മാർ

194. സഹോദരന്മാരും സഹോദരിമാരും തമ്മിലുള്ള ബന്ധം കാലക്രമേണ ആഴപ്പെടുന്നു. 'കുടുംബത്തിൽ രൂപപ്പെടുന്ന കുട്ടികൾ തമ്മിലുള്ള സാഹോദര്യബന്ധം മറ്റുള്ളവരോടു തുറവു കാണിക്കുന്ന വിദ്യാഭ്യാസപരമായ അന്തരീക്ഷത്താൽ സുസ്ഥിരമാക്കപ്പെട്ടാൽ അത് സ്വാതന്ത്ര്യത്തിന്റെയും സമാധാനത്തിന്റെയും മഹത്തായ വിദ്യാലയമായിരിക്കും. ഒന്നിച്ചു ജീവിക്കേണ്ടതെങ്ങനെയെന്നു കുടുംബത്തിൽ നാം പഠിക്കുന്നു. ഒരു പക്ഷേ ഇതിനെക്കുറിച്ച് നാം എപ്പോഴും ചിന്തിക്കുന്നില്ലായിരിക്കാം. എന്നാലും കുടുംബം തന്നെ ലോകത്തിലേക്ക് സാഹോദര്യത്തെ പ്രവേശിപ്പിക്കുന്നു. വാത്സല്യം കൊണ്ടും വിദ്യാഭ്യാസം കൊണ്ടും വീട്ടിൽ വച്ച് പോഷിപ്പിക്കപ്പെടുന്ന ഭ്രാതൃത്വസംബന്ധമായ ഈ പ്രാരംഭാനുഭവത്തിൽ നിന്ന് സാഹോദര്യത്തിന്റെ ശൈലി ഒരു വാഗ്ദാനം പോലെ മുഴുവൻ സമൂഹത്തിന്മേലും പ്രസരിക്കുന്നു'.[220]

195. സഹോദരീ സഹോദരന്മാർ ഒന്നിച്ചു വളരുന്നത് പരസ്പരശുശ്രൂഷയുടെയും പരസ്പരസഹായത്തിന്റെയും മനോഹരമായ അനുഭവം സൃഷ്ടിക്കുന്നു. ദൗർബല്യവും രോഗവും വൈകല്യവും ഉള്ള ചെറിയ സഹോദരനെയോ സഹോദരിയെയോ ചൂഴ്ന്നുനില്ക്കുന്ന പരിചരണവും ക്ഷമാശീലവും വാത്സല്യവും നാം കാണുമ്പോൾ കുടുംബങ്ങളിലുള്ള സാഹോദര്യം സവിശേഷമാംവിധം പ്രശോഭിക്കുന്നു'.[221] ഒരു വസ്തുത നാം അംഗീകരിക്കണം. അതായത്, നിന്നെ സ്നേഹിക്കുന്ന ഒരു സഹോദരനോ സഹോദരിയോ ഉണ്ടായിരിക്കുകയെന്നത് അഗാധവും അമൂല്യവും അനന്യവുമായ ഒരനുഭവമാണ്'.[222] സഹോദരന്മാരും സഹോദരിമാരുമെന്ന നിലയിൽ പരസ്പരം പെരുമാറാൻ കുട്ടികളെ ക്ഷമാപൂർവം പഠിപ്പിക്കണം. ചിലപ്പോൾ തികച്ചും ത്യാഗങ്ങൾ വേണ്ടിവരുന്ന ഈ പരിശീലനം സാമൂഹി



കതാവത്കരണത്തിന്റെ യഥാർത്ഥ വിദ്യാലയമാണ്. ചില രാഷ്ട്രങ്ങളിൽ ഒറ്റ കുട്ടി മാത്രമുണ്ടായിരിക്കുകയെന്നത് തികച്ചും സാധാരണമായിരിക്കുന്നു. അവിടങ്ങളിൽ സഹോദരനോ സഹോദരിയോ ആയിരിക്കുകയെന്ന അനുഭവം കുറഞ്ഞുവരുന്നു. ഒരു കുട്ടി മാത്രമേ ഉണ്ടായിരിക്കാൻ സാധിക്കുകയുള്ളൂ എന്ന അവസ്ഥയുണ്ടായാൽ ആ കുട്ടി ഏകാന്തനായോ ഒറ്റപ്പെട്ടോ വളരാൻ ഇടയാകാതാരിക്കുന്നതിനു വേണ്ട ഉറപ്പു ലഭിക്കാനുള്ള വഴികൾ കണ്ടെത്തണം.

## വലിയൊരു ഹൃദയം

196. ദമ്പതികളും അവരുടെ കുട്ടികളും ഉൾക്കൊള്ളുന്ന ചെറിയ കുടുംബവൃത്തങ്ങൾക്കു പുറമേയുള്ള വലിയ കുടുംബത്തെ അവഗണിക്കാൻ പാടില്ല. യഥാർത്ഥത്തിൽ, 'ഭാര്യയും ഭർത്താവും തമ്മിലുള്ള സ്നേഹത്തിനും അതിൽ നിന്നുരുത്തിരിയുന്ന ഒരേ കുടുംബത്തിലെ അംഗങ്ങൾ തമ്മിലുള്ള സ്നേഹത്തിനും - മാതാപിതാക്കളും കുട്ടികളും തമ്മിൽ, സഹോദരീ സഹോദരന്മാർ തമ്മിൽ, കുടുംബത്തിൽപ്പെട്ട എല്ലാവരും തമ്മിൽ ഉള്ള സ്നേഹത്തിന് - ജീവനും നിലനില്പും നല്കുന്നത് നിരന്തരമായ ആന്തരിക സ്വയംചാലകത്വമാണ്. അത് കുടുംബത്തെ കൂടുതൽ അഗാധവും തീവ്രവുമായ കൂട്ടായ്മയിലേക്കു നയിക്കുന്നു. ആ കൂട്ടായ്മയാണ് വിവാഹത്തിന്റെയും കുടുംബത്തിന്റെയുമായ സംസർഗത്തിന്റെ അടിസ്ഥാനവും ആത്മാവും.'[223] കൂട്ടുകാരും മറ്റു കുടുംബങ്ങളും കൂടുതൽ വിപുലമായ ഈ കുടുംബത്തിന്റെ ഭാഗമാണ്. അതു പോലെ തന്നെ പ്രയാസങ്ങളിലും സാമൂഹിക ധർമ്മങ്ങളിലും വിശ്വാസത്തിലും സഹായിക്കുന്ന കുടുംബങ്ങളുടെ സമൂഹങ്ങളും ഈ വലിയ കുടുംബത്തിന്റെ ഭാഗമാണ്.

197. ഈ വലിയ കുടുംബം സ്നേഹവും പിന്തുണയും നല്കുന്നവരാണ് കൗമാരക്കാരികളായ അമ്മമാർ, മാതാപിതാക്കളില്ലാത്ത കുട്ടികൾ, കുട്ടികളെ വളർത്തേണ്ടിവരുന്ന ഒറ്റപ്പെട്ട അമ്മമാർ, പ്രത്യേക വാത്സല്യവും അടുപ്പവും ആവശ്യമുള്ള വികലാംഗർ, മദ്യാസക്തിയോടു പടപൊരുതുന്ന ചെറുപ്പക്കാർ, അവിവാഹിതർ, വേർപിരിക്കപ്പെട്ടവരോ വിധവകളോ ആയി ഒറ്റയ്ക്ക് കഴിയുന്നവർ, സ്വന്തം മക്കളുടെ പിന്തുണയില്ലാത്തവരും വാർധക്യവും രോഗവും ബാധിച്ചവരും. 'ജീവിതത്തിൽ കപ്പൽ നാശമുണ്ടായവരെപ്പോലും'[224] ഈ വലിയ കുടുംബം സഹായിക്കണം. കൂടുതൽ വിശാലമായ ഈ കുടുംബത്തിന് ചെയ്യാനാകുന്ന കാര്യങ്ങൾ: മാതാപിതാക്കളുടെ കുറവുകൾ പരിഹരിക്കുക. കുട്ടികൾ അക്രമവും ദുരുപയോഗം പോലും അനുഭവിക്കേണ്ടി വരാൻ സാധ്യതുള്ള സാഹചര്യങ്ങൾ കണ്ടുപിടിച്ചു റിപ്പോർട്ടു ചെയ്യുക, ആരോഗ്യകരമായ സ്നേഹവും കുടുംബസ്ഥിരതയും നല്കാൻ മാതാപിതാക്കൾക്ക് കഴിവില്ലാത്ത സാഹചര്യത്തിൽപ്പോലും അതു സാധ്യമാക്കുക എന്നിവ.

198. അവസാനമായി, കൂടുതൽ വിപുലമായ കുടുംബത്തിൽ അമ്മായിഅപ്പന്മാരും അമ്മായിഅമ്മമാരും ദമ്പതികളുടെ എല്ലാ ബന്ധുക്കളും ഉൾക്കൊള്ളുന്നു എന്നതു വിസ്മരിക്കാനാവില്ല ഈ ബന്ധുക്കളെ മത്സരക്കാരും ഭീഷണി ഉയർത്തുന്നവരും കടന്നുകയറ്റക്കാരുമായി കാണാതാരിക്കാൻ പഠിക്കുകയെന്നത് സ്നേഹത്തിന്റെ മൃദുലമായ ഒരു വശമാണ്. അവരുടെ പാരമ്പര്യങ്ങളോടും ആചാരമര്യാദകളോടും ബഹുമാനമുണ്ടായിരിക്കണമെന്നും അവരുടെ ഭാഷ മനസ്സിലാക്കാൻ പരിശ്രമിക്കണമെന്നും, ദമ്പതികളുടെ നിയമാനുസൃതമായ സ്വകാര്യതയും സ്വാതന്ത്ര്യവും സംരക്ഷിച്ചുകൊണ്ടുതന്നെ അവരെ സൂക്ഷിക്കുകയും ശുശ്രൂഷിക്കുകയും വേണമെന്നും ദാമ്പത്യബന്ധം ആവശ്യപ്പെടുന്നുണ്ട്. അങ്ങനെ ചെയ്യാൻ മനസ്സുണ്ടായിരിക്കുകയെന്നത് തന്റെ തന്നെ ജീവിതപങ്കാളിയോടുള്ള ഉദാരതാപൂർണമായ സ്നേഹത്തിന്റെ അതിവിശിഷ്ടമായ പ്രകാശനമാണ്.





*ഇടവകകൾക്കും പ്രസ്ഥാനങ്ങൾക്കും സ്കൂളുകൾക്കും മറ്റു സഭാസ്ഥാപനങ്ങൾക്കും വിവിധരീതികളിൽ കുടുംബങ്ങളെ പിന്താങ്ങുവാനും അവയുടെ വളർച്ചയിൽ സഹായിക്കാനും സാധിക്കും. കുടുംബങ്ങളുടെ ആവശ്യങ്ങളെ സഹായപൂർവകമായും സംവേദനപരമായും കൈകാര്യം ചെയ്യാൻ ഇടവകയുടെ കാര്യാലയം തയ്യാറായിരിക്കണം.*

# അധ്യായം ആറ്

# ചില അജപാലന വീക്ഷണങ്ങൾ

199. പുതിയ അജപാലനരീതികൾ കണ്ടെത്തുക ആവശ്യമാണെന്ന് സിനഡിന്റെ സമയത്തുണ്ടായ ചർച്ചകൾ വ്യക്തമാക്കി. അവയിൽ ചിലത് ഏറെ പൊതുവായ രീതിയിൽ സൂചിപ്പിക്കാൻ ഞാൻ പരിശ്രമിക്കാം. സഭയുടെ പ്രബോധനത്തെയും പ്രാദേശിക പ്രശ്നങ്ങളെയും ആവശ്യങ്ങളെയും ആദരിക്കുന്ന കൂടുതൽ പ്രായോഗികവും കാര്യക്ഷമവുമായ സംരംഭങ്ങൾ വ്യത്യസ്ത സമൂഹങ്ങൾ ആസൂത്രണം ചെയ്യണം. കുടുംബത്തിനുവേണ്ടിയുള്ള ഒരു അജപാലനപദ്ധതി അവതരിപ്പിക്കുന്നുവെന്ന് അവകാശപ്പെടാതെ, കൂടുതൽ ശ്രദ്ധേയമായ ചില അജപാലന വെല്ലുവിളികളെപ്പറ്റി ചിന്തിക്കാൻ ഞാൻ ഇപ്പോൾ ഇഷ്ടപ്പെടുന്നു.

## കുടുംബസുവിശേഷപ്രഘോഷണം ഇന്ന്

200. ക്രൈസ്തവ കുടുംബങ്ങൾ വിവാഹം എന്ന കൂദാശയുടെ കൃപാവരത്താൽ കുടുംബപ്രേഷിതത്വത്തിൽ പ്രധാന പ്രവർത്തകരാണെന്ന് സിനഡുപിതാക്കന്മാർ ഊന്നിപ്പറഞ്ഞു. സർവോപരി, 'ഗാർഹിക സഭകളെന്ന നിലയിലുള്ള അവരുടെ സന്തോഷപൂർണമായ സാക്ഷ്യത്തിലൂടെ'[225] അപ്രകാരമുള്ളവരാണെന്ന് പിതാക്കന്മാർ ഊന്നിപ്പറഞ്ഞു. തത്ഫലമായി, 'കുടുംബസുവിശേഷത്തെ 'ഹൃദയങ്ങളെയും ജീവിതങ്ങളെയും നിറയ്ക്കുന്ന' ഒരു സന്തോഷമെന്ന നിലയിൽ ജനങ്ങൾ അനുഭവിക്കുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. എന്തെന്നാൽ നാം ക്രിസ്തുവിൽ പാപത്തിൽ നിന്നും ദുഃഖത്തിൽ നിന്നും ആന്തരികശൂന്യതയിൽ നിന്നും ഏകാന്തതയിൽ നിന്നും സ്വതന്ത്രരാക്കപ്പെട്ടിരിക്കുന്നു (എവാഞ്ചെലി ഗാവുദിയും, 1). വിതക്കാരന്റെ ഉപമയിലെന്നപോലെ (cf മത്താ 13:3-9) നാം വിത്തു വിതയ്ക്കാൻ സഹായിക്കുന്നതിനു വിളിക്കപ്പെട്ടിരിക്കുന്നു. ബാക്കി കാര്യങ്ങൾ ദൈവത്തിന്റെ ജോലിയാണ്. സഭ, കുടുംബത്തെക്കുറിച്ചുള്ള തന്റെ പ്രബോധനത്തിൽ വൈരുധ്യത്തിന്റെ അടയാളമാണെന്ന കാര്യം നാം മറക്കാനും പാടില്ല.'[226] സുശക്തവും, ദൃഢവും സ്ഥിരവും നേരിടാനുള്ള ഏതു പരീക്ഷകളിലും താങ്ങി നിറുത്തുന്നതുമായ സ്നേഹമെന്ന ഉന്നതാദർശത്തെ തങ്ങളുടെ അജപാലകർ ഉയർത്തിപ്പിടിക്കുന്നതിന് വിവാഹിതരായ ദമ്പതികൾ കൃതജ്ഞതയുള്ളവരാണ്. സഭ വിനയത്തോടും സഹാനുഭൂതിയോടും കൂടി കുടുംബങ്ങളിലേക്ക് എത്തിച്ചേരാൻ ആഗ്രഹിക്കുന്നു. 'ഏതു കുടുംബവും നേരിടേണ്ടിവരുന്ന ഏതു തടസ്സത്തെയും കീഴടക്കാൻ ഓരോ കുടുംബത്തെയും സഹായിക്കാനും[227] ആഗ്രഹിക്കുന്നു. അജപാലനപദ്ധതിയിൽ പൊതുവായ താത്പര്യം കാണിച്ചാൽ പോരാ. കുടുംബങ്ങൾ കുടുംബസുവിശേഷത്തിന്റെ സജീവപ്രവർത്തകരാകാൻ അവയെ ശക്തിപ്പെടുത്തണം. അതിന് 'കുടുംബത്തിനുള്ളിൽ സുവിശേഷവത്കരണത്തിന്റെയും മതബോധനത്തിന്റെയും പരിശ്രമം'[228] ആവശ്യമാണ്.

201. സഭയിലുള്ള ഓരോ വ്യക്തിക്കും പ്രേഷിതത്വപരമായ മാനസാന്തരമുണ്ടാകണമെന്ന് ഈ പരിശ്രമം ആവശ്യപ്പെടുന്നു. അതായത്, ജനങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങളുമായി ബന്ധമില്ലാത്ത കേവലം സിദ്ധാന്തപരമായ സന്ദേശത്തിൽ തൃപ്തിപ്പെടാത്ത ഒന്നായിരിക്കണം അത്.'[229] 'മനുഷ്യവ്യക്തിയുടെ ഏറ്റവും അഗാധമായ പ്രതീക്ഷകൾ ചേർന്നതാണ് കുടുംബസുവിശേഷമെന്ന് കുടുംബങ്ങളെ സംബന്ധിച്ച അജപാലനശുശ്രൂഷ വ്യക്തമാക്കണം: ഓരോ വ്യക്തിയുടെയും മഹത്ത്വവും പാരസ്പര്യത്തിലുള്ള സാക്ഷാത്കാരവും, കൂട്ടായ്മയും ഫലപൂർണതയും ഇത് ഉൾക്കൊള്ളുന്നു. കേവലം കുറേ നിയമങ്ങൾ അവതരിപ്പിക്കുന്നതിൽ ഇത് അടങ്ങിയിരിക്കുന്നില്ല. ഏറ്റവും മതനിരപേക്ഷമായ രാജ്യങ്ങളിൽപോലും ഇന്ന് വ്യക്തമായി ആവശ്യമായിരിക്കുന്ന മൂല്യങ്ങളെ നിർദ്ദേശിക്കുന്നതിലാണ് അത് അടങ്ങിയിരിക്കുന്നത്.'[230] 'യഥാർത്ഥ കുടുംബജീവിതത്തെ തടയുകയും വിവേചനം, ദാരിദ്ര്യം, ഒഴിവാക്കൽ, അക്രമം എന്നിവയിലേക്കു നയിക്കുകയും ചെയ്യുന്ന സാംസ്ക്കാരികവും സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ - വിപണിയുടെ യുക്തിക്കു അമിതപ്രാധാന്യം നല്കുന്നതുപോലുള്ളവ - ഘടകങ്ങളെ സുവിശേഷവത്കരണം സംശയാതീതമായ വിധത്തിൽ തള്ളിക്കളയണമെന്ന് യാഥാർത്ഥ്യവും സിനഡു പിതാക്കന്മാർ ഉയർത്തിക്കാണിച്ചു. അതുകൊണ്ട് സാമൂഹിക വ്യവസ്ഥിതികളോട് സംവാദവും സഹകരണവും വളർത്തണം. ക്രൈസ്തവരെന്ന നിലയിൽ സാംസ്കാരിക-സാമൂഹിക രാഷ്ട്രീയമണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന അല്മായരെ പ്രോത്സാഹിപ്പിക്കുകയും വേണം.'[231]

202. 'കുടുംബങ്ങളുടെ അജപാലനശുശ്രൂഷയ്ക്ക് പ്രധാന സംഭാവന നല്കുന്നത് ഇടവകയാണ്. ചെറിയ സമൂഹങ്ങളും സഭാത്മക പ്രസ്ഥാനങ്ങളും സംഘടനകളും സമന്വയത്തോടെ ജീവിക്കുന്ന കുടുംബങ്ങളുടെ കുടുംബമാണ് ഇടവക.'[232] സവിശേഷമായി കുടുംബങ്ങളെ ലക്ഷ്യംവച്ചുള്ള അജപാലനപരമായ എത്തിച്ചേരലുണ്ടാകണം. ഇതിന് വൈദികർ, ഡീക്കന്മാർ, സന്ന്യസ്തരായ സ്ത്രീ പുരുഷന്മാർ മതാധ്യാപകർ, മറ്റുള്ള അജപാലനപ്രവർത്തകർ എന്നിവർക്ക് കൂടുതൽ പര്യാപ്തമായ പരിശീലനം ആവശ്യമാണെന്ന് ഇതു കാണിക്കുന്നു.'[233] ലോകവ്യാപകമായ ആലോചനയിൽ ലഭിച്ച മറുപടികളിൽ ഒരു കാര്യം വ്യക്തമായി: അതായത് ഇന്ന് കുടുംബങ്ങൾ

നേരിടുന്ന സങ്കീർണപ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ആവശ്യമായ പരിശീലനം പട്ടാഭിഷിക്തരായ ശുശ്രൂഷകർക്ക് മിക്കവാറും ഇല്ല. വിവാഹിതരായ വൈദികരുടെ വിശാലമായ പൗരസ്ത്യ പാരമ്പര്യവും മുതലാക്കാവുന്നതാണ്.

203. സെമിനാരി വിദ്യാർത്ഥികൾക്ക് കൂടുതൽ വ്യാപകവും വിദ്യാഭ്യാസപദ്ധതിയിൽ തന്നെ ഉൾപ്പെട്ടതുമായ പരിശീലനം ലഭിക്കണം. വിവാഹവാഗ്ദാനത്തിന്റെയും വിവാഹത്തിന്റെയും മണ്ഡലങ്ങളിൽ അതു ലഭിക്കണം. അതു കേവലം സിദ്ധാന്തപരമായിരിക്കരുത്. അവരുടെ മാനസികവും വൈകാരികവുമായ പശ്ചാത്തലവും അനുഭവങ്ങളും കണ്ടുപിടിക്കാൻ അവരുടെ പരിശീലനം ഏപ്പോഴും അവരെ സഹായിക്കുന്നില്ല. ചിലർ, മാതാപിതാക്കൾ ഇല്ലാത്തതും വൈകാരിക സ്ഥൈര്യമില്ലാത്തതുമായ പ്രക്ഷുബ്ധകുടുംബങ്ങളിൽ നിന്നാണു വരുന്നത്. അവരുടെ ഭാവി ശുശ്രൂഷയ്ക്ക് ആവശ്യമായ പക്വതയും മാനസിക സന്തുലിതാവസ്ഥയും നേടാൻ പരിശീലനപ്രക്രിയ അവരെ ശക്തരാക്കുമെന്ന് ഉറപ്പുവരുത്തണം. ഗുണപ്രദമായ ആത്മാഭിമാനം പുനഃസ്ഥാപിക്കാൻ കുടുംബബന്ധങ്ങൾ ഏറ്റം പ്രധാനമാണ്. സെമിനാരി പരിശീലനപ്രക്രിയയിലും വൈദികജീവിതത്തിലും കുടുംബങ്ങൾ ഭാഗഭാഗിത്വം വഹിക്കുക സുപ്രധാന കാര്യമാണ്. അത് അവരെ ഉറപ്പുള്ളവരാക്കും. അവരെ യാഥാർത്ഥ്യത്തിനായിട്ട് ഉറപ്പിച്ചു നിറുത്തുകയും ചെയ്യും. സെമിനാരിയിൽ ചെലവഴിക്കുന്ന സമയവും ഇടവകയിൽ ചെലവഴിക്കുന്ന സമയവും കൂട്ടിച്ചേർക്കുന്നത് സെമിനാരി വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായ കാര്യമാണ്. ഇടവകകളിൽ അവർക്കു കുടുംബജീവിതത്തിന്റെ വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങളുമായി കൂടുതൽ ബന്ധമുണ്ടാകും. എന്തെന്നാൽ അവർ തങ്ങളുടെ ഭാവിശുശ്രൂഷയിൽ കുടുംബങ്ങളുമായി വലിയ തോതിൽ ഇടപെടേണ്ടിവരും. 'വൈദിക പരിശീലനത്തിൽ അല്മായർ, കുടുംബങ്ങൾ, സവിശേഷമായി സ്ത്രീകൾ എന്നിവരുടെ സാന്നിധ്യം സഭയിലെ വ്യത്യസ്ത വിളികളുടെ വൈവിധ്യവും പരസ്പരപൂരകത്വവും വിലമതിക്കാൻ പ്രേരകമാരും.'[234]

204. കുടുംബങ്ങൾക്കുള്ള അജപാലനശുശ്രൂഷയിൽ സഹായിക്കാൻ അല്മായരായ നേതാക്കളെ പരിശീലിപ്പിക്കുക ആവശ്യമാണെന്നും പര്യാലോചനയ്ക്കു കിട്ടിയ മറുപടി ഊന്നിപ്പറയുന്നു. അധ്യാപകർ, ഉപദേഷ്ടാക്കൾ, കുടുംബം, സമൂഹത്തിലെ ചികിത്സകർ, സാമൂഹികപ്രവർത്തകർ യുവജനം, കുടുംബ അഡ്വേക്കേറ്റുമാർ എന്നിവരെ ഉൾപ്പെടുത്തിയുള്ള പരിശീലനം തന്നെ. മനശ്ശാസ്ത്രം സാമൂഹികശാസ്ത്രം വിവാഹസംബന്ധമായ ചികിത്സ, കൗൺസിലിങ്ങ് എന്നിവയുടെ സംഭാവനകളെയും സ്വീകരിക്കണമെന്നും പറയുന്നു. കുടുംബങ്ങളുടെ യഥാർത്ഥ സാഹചര്യങ്ങളിലും വസ്തുനിഷ്ഠമായ താത്പര്യങ്ങളിലും അജപാലനസംരംഭങ്ങൾ അടിയുറച്ചതായിരിക്കാൻ വിദഗ്ധർ, പ്രത്യേകിച്ച്, പ്രയോഗികാനുഭവമുള്ളവർ



സഹായിക്കും. 'അജപാലനപ്രവർത്തകർക്കായി പ്രത്യേകം ആസൂത്രണം ചെയ്തിട്ടുള്ള കോഴ്സുകളും കർമ്മപരിപാടികളും സഹായകമാകും. വിവാഹത്തിനു ഒരുക്കമായിട്ടുള്ള പരിപാടിയെ സഭാത്മക ജീവിതത്തിന്റെ കൂടുതൽ വ്യാപകമായ പ്രവർത്തനത്തോട് ഉദ്ഗ്രഥിച്ചുകൊണ്ട് അങ്ങനെ ചെയ്യാനാവും.'[235] 'പ്രത്യേകിച്ച് കുടുംബപരമായ അക്രമത്തിന്റെയും ലൈംഗിക ദുരുപയോഗത്തിന്റെയും സംഭവങ്ങളിൽ നിന്നുണ്ടാകുന്ന പ്രത്യേകമാംവിധം അടിയന്തിരമായിരിക്കുന്ന സാഹചര്യങ്ങളുടെ വെളിച്ചത്തിൽ'[236] നല്ല അജപാലന പരിശീലനം സുപ്രധാനമാണ്. ഇവയെല്ലാം ആധ്യാത്മിക മാർഗനിർദ്ദേശത്തിന്റെയും സഭയുടെ സമ്പന്നമായ ആധ്യാത്മിക നിക്ഷേപങ്ങളുടെയും കൗദാശികമായ അനുരഞ്ജനത്തിന്റെയും മൗലിക മൂല്യത്തെ ഒരു തരത്തിലും കുറയ്ക്കുന്നില്ല, പിന്നെയോ വർധിപ്പിക്കുകയാണു ചെയ്യുന്നത്.

## വിവാഹ വാഗ്ദാനം നടത്തിയ ദമ്പതികളെ വിവാഹത്തിന് ഒരുക്കൽ

205. വിവാഹത്തിന്റെ മഹത്ത്വവും സൗന്ദര്യവും കണ്ടുപിടിക്കാൻ യുവജനങ്ങളെ നാം സഹായിക്കണമെന്ന് സിനഡു പിതാക്കന്മാർ വിവിധരീതികളിൽ പ്രസ്താവിച്ചു.[237] സമ്പൂർണഐക്യത്തിന്റെ വശ്യത കാണാൻ അവരെ സഹായിക്കണം. ആ ഐക്യം അസ്തിത്വത്തിന്റെ സാമൂഹികമാനത്തെ ഉയർത്തുന്നു. ലൈംഗികതയ്ക്ക് അതിന്റെ ഏറ്റവും ആഴത്തിലുള്ള അർത്ഥം നല്കുന്നു. വളർച്ചയ്ക്കും വികസനത്തിനും വേണ്ടി ഏറ്റവും നല്ല സാഹചര്യം നല്കികൊണ്ട് കുട്ടികൾക്ക് ഉപകാരം ചെയ്യുന്നു.

206. 'വിവാഹം കഴിക്കാൻ തുടങ്ങുന്നവരെ ഒരുക്കുന്നതിൽ ക്രൈസ്തവ സമൂഹം മുഴുവനായും കൂടുതൽ പരിശ്രമം ചെയ്യണം. ഇന്നത്തെ സമൂഹത്തിന്റെ സങ്കീർണതയും കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികളും അത് ആവശ്യപ്പെടുന്നു. സദ്ഗുണങ്ങളുടെ പ്രാധാന്യം അതിൽ ഉൾപ്പെടുത്തണം. അവയിൽ വ്യക്തികൾ തമ്മിലുള്ള സ്നേഹത്തിന്റെ യഥാർത്ഥ വളർച്ചയ്ക്ക് ചാരിത്ര്യം അമൂല്യമാണെന്നു തെളിയുന്നു. ഇതിനെ സംബന്ധിച്ചിടത്തോളം മുഴുവൻ സമൂഹവും കൂടുതൽ വ്യാപകമായി ഉൾപ്പെടുക ആവശ്യമാണെന്ന് സിനഡ് പിതാക്ക്നമാർ സമ്മതിച്ചു. കുടുംബങ്ങളുടെ തന്നെ സാക്ഷ്യത്തെ ഊന്നിപ്പറഞ്ഞു. വിവാഹം, മാമ്മോദീസ, മറ്റു കൂദാശകൾ എന്നിവ തമ്മിലുള്ള ബന്ധത്തെ വ്യക്തമാക്കിക്കൊണ്ടും വിവാഹഒരുക്കത്തെ ക്രൈസ്തവപ്രാരംഭത്തിന്റെ അടിയുറപ്പിച്ചുകൊണ്ടും അങ്ങനെ ചെയ്യണമെന്ന് അവർ ഊന്നിപ്പറഞ്ഞു. വിവാഹഒരുക്കത്തിന് സവിശേഷ കർമ്മപരിപാടികൾ ആവശ്യമാണെന്നും സിനഡ് പിതാക്കന്മാർ പ്രസ്താവിച്ചു. ആ ഒരുക്കം ദമ്പതികൾക്ക് സഭാത്മകജീവിതത്തിലുള്ള ഭാഗഭാഗിത്വത്തിന്റെ യഥാർത്ഥ അനുഭവത്തെ ലക്ഷ്യംവയ്ക്കുന്നതും കുടുംബജീവിതത്തിന്റെ വിവിധ വശങ്ങളിലേക്കുള്ള സമ്പൂർണമായ പ്രവേശനവുമായിരിക്കണം'.[238]

207. 'ക്രൈസ്തവസമൂഹങ്ങൾ തങ്ങൾ നൽകുന്ന പിന്തുണ മുഖേന വിവാഹവാഗ്ദാനം നടത്തിയ ദമ്പതികൾക്ക് അവരുടെ വളർച്ചയിൽ ലഭിച്ച വലിയ ഉപകാരം തിരിച്ചറിയാൻ ഞാൻ പ്രോത്സാഹിപ്പിക്കുന്നു. ഇറ്റാലിയൻ മെത്രാൻ നിരീക്ഷിച്ചതുപോലെ ആ ദമ്പതികൾ 'വിലപ്പെട്ട വിഭവങ്ങളാണ്. കാരണം, സ്നേഹത്തിൽ വളരാനും ആത്മദാനം നടത്താനും അവർ ആത്മാർത്ഥമായി സ്വയം സമർപ്പിച്ചു. മുഴുവൻ സഭാത്മകസമൂഹത്തിന്റെയും നിർമ്മാണത്തെ നവീകരിക്കുന്ന പ്രക്രിയയിൽ സഹായിക്കാൻ അവർക്കു കഴിയും. അവർ ഭാഗമായിരുന്ന ആ ക്രൈസ്തവസമൂഹത്തിൽ അവരുടെ സ്നേഹത്തിന്റെ സവിശേഷരൂപം പകരാനും ആ സമൂഹത്തിൽ സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും വളർച്ചയെ പോഷിപ്പിക്കാനും കഴിയും.'[239] വിവാഹത്തിനുള്ള ഒരുക്കത്തിന്റെ പദ്ധതികൾ ആസൂത്രണം ചെയ്യാൻ ധാരാളം നിയമാനുസൃതമാർഗങ്ങളുണ്ട്. യുവജനത്തെ കൂദാശയിൽ നിന്ന് അകറ്റാതെ, സമുചിതമായ പരിശീലനം എങ്ങനെ നല്കണമെന്ന് ഓരോ പ്രാദേശിക സഭയും തിരിച്ചറിയും. അവരെ മുഴുവൻ വേദപാഠപുസ്തകവും പഠിപ്പിക്കേണ്ടതില്ല. അമിതവിവരണങ്ങൾ നല്കി അവരെ നിസ്സഹായാവസ്ഥയിലാക്കുകയും വേണ്ട. ഇവിടെയും 'ആത്മാവിന് സംതൃപ്തിനല്കുന്നത് വലിയ അറിവല്ല. പിന്നെയോ വസ്തുക്കളെ ആന്തരികമായി അനുഭവിക്കാനും രുചിക്കാനുമുള്ള കഴിവാണ്.'[240] അളവിനെക്കാൾ പ്രധാനപ്പെട്ടത് മേന്മയാണ്. അതുകൊണ്ട് അറിവിന്റെ ആകർഷകവും സഹായകവുമായ അവതരണത്തോടുകൂടെ വിവാഹങ്ങളുടെ ആകർഷകവും സഹായകവുമായ അവതരണത്തിന് പ്രാമുഖ്യം നല്കണം. 'വലിയ ധീരതയോടും ഉദാരതയോടും കൂടി'[241] ശേഷിച്ചിട്ടുള്ള ജീവിതം നയിക്കുന്നതിന് സഹായിക്കാൻ ആ വിവരണത്തിനു കഴിയും. വിവാഹത്തിനുള്ള ഒരുക്കം ഒരുവിധത്തിൽ വിവാഹകൂദാശയിലേക്കുള്ള 'പ്രവേശിപ്പിക്കൽ ആയിരിക്കണം. കൂദാശയെ യോഗ്യതയോടെ സ്വീകരിക്കാനും കുടുംബമെന്ന നിലയിലുള്ള ജീവിതത്തിന്റെ തുടക്കം ദൃഢപ്പെടുത്താനും ദമ്പതികൾക്ക് ആവശ്യമായ സഹായം നല്കികൊണ്ട് അപ്രകാരം ചെയ്യണം.

208. മിഷണറി കുടുംബങ്ങളുടെയും ദമ്പതികളുടെ തന്നെ കുടുംബങ്ങളുടെയും വിവിധ അജപാലന വിഭവങ്ങളുടെയും സഹായത്തോടെ അകന്ന ഒരുക്കത്തിനുള്ള വഴികളും കണ്ടെത്തണം. അതുവഴി അവരുടെ സ്നേഹം വളരാനും പക്വത പ്രാപിക്കാനും മാതൃക, നല്ല ഉപദേശം എന്നിവ വഴി സഹായിക്കാനും സാധിക്കും. യുവജനങ്ങൾക്ക് യഥാർത്ഥ താത്പര്യമുള്ള വിഷയങ്ങളെ സംബന്ധിച്ച ഗ്രൂപ്പു ചർച്ച, ഐച്ഛികപ്രഭാഷണം എന്നിവയും സഹായകമാകും. എന്നാലും വ്യക്തിപരമായ കണ്ടുമുട്ടലുകൾ അടിസ്ഥാനപരമായി നിലകൊള്ളുന്നു. കാരണം, പ്രധാനലക്ഷ്യം ഇതാണ്: ജീവിതം പങ്കുവയ്ക്കാൻ ഉദ്ദേശിച്ചിട്ടുള്ള വ്യക്തിയെ എങ്ങനെ സ്നേ



ഹിക്കാമെന്നു പഠിക്കാൻ സഹായിക്കുക. ആരെയെങ്കിലും സ്നേഹിക്കുകയെന്നത് യാന്ത്രികമായി നടക്കുകയില്ല. വിവാഹത്തിനു തൊട്ടുമുമ്പുള്ള ഒരു ചർച്ചാക്ലാസിലും അതു പഠിപ്പിക്കാനാവുകയില്ല. ദമ്പതികളെ സംബന്ധിച്ചിടത്തോളം വിവാഹത്തിനുള്ള തയ്യാറെടുപ്പ് ജനനത്തോടുകൂടെത്തന്നെ തുടങ്ങുന്നു. അവർ അവരുടെ കുടുംബത്തിൽ നിന്നു സ്വീകരിച്ചവ തങ്ങളെത്തന്നെ അറിയാനും പൂർണവും സുനിശ്ചിതവുമായ സമർപ്പണം നടത്താനും അവരെ ഒരുക്കണം. പരസ്പരം തങ്ങളെത്തന്നെ സമർപ്പിക്കുകയും ഓരോ ദിവസവും ആ നിശ്ചയം പുതുക്കുകയും ചെയ്ത തങ്ങളുടെ മാതാപിതാക്കളിൽ നിന്ന് ക്രൈസ്തവ വിവാഹം എന്താണെന്ന് പഠിച്ചവരാണ് മിക്കവാറും വിവാഹത്തിന് ഏറ്റവും നന്നായി ഒരുങ്ങിയവർ. ഈ അർത്ഥത്തിൽ, സ്നേഹത്തിലും കുടുംബസുവിശേഷത്തിലും വളരാൻ വിവാഹിതരായ ദമ്പതിമാരെ സഹായിക്കാൻ ഉദ്ദേശിച്ചിട്ടുള്ള അജപാലനസംരംഭങ്ങൾ അവരുടെ കുട്ടികളെയും സഹായിക്കും. ഭാവിവിവാഹജീവിതത്തിന് അവരെ ഒരുക്കിക്കൊണ്ട് അങ്ങനെ ചെയ്യും. പരമ്പരാഗതമായ മതാത്മക ആചാരങ്ങളുടെ അജപാലനപരമായ മൂല്യത്തെ നാം വിലകുറച്ചു കാണാനും പാടില്ല. ഉദാഹരണമായി സെന്റ് വാലെൻന്റയിൻ ഡേ ഞാൻ ഓർമ്മിപ്പിക്കുന്നു. ചില രാജ്യങ്ങളിൽ, ഈ ആഘോഷത്തിന്റെ ശക്തി, സഭയിലുള്ള നമ്മെക്കാൾ വേഗം കണ്ടെത്തുന്നത് വ്യാവസായിക താത്പര്യങ്ങളാണ്.

209. വിവാഹവാഗ്ദാനം നടത്തിയ ദമ്പതികളെ തക്കസമയത്ത് ഒരുക്കുന്ന ഇടവകസമൂഹം കാലക്രമേണ ഉണ്ടാകാവുന്ന പ്രശ്നങ്ങളെയും അപകടസാധ്യതകളെയും തിരിച്ചറിയാനും അവരെ സഹായിക്കണം. ഇങ്ങനെ, ഒരു ബന്ധത്തിന്റെ പരാജയവും വേദനാജനകമായ പരിണതഫലവും മുൻകൂട്ടി കാണാൻ കഴിയുകയും ആ ബന്ധം ഉപേക്ഷിക്കുന്നതിലെ വിജ്ഞാനം മനസിലാക്കാൻ കഴിയുകയും ചെയ്യും. പരസ്പരമുണ്ടാകുന്ന പ്രാഥമികാകർഷണത്തിൽ ദമ്പതികൾ ചില കാര്യങ്ങൾ മറച്ചു വയ്ക്കാനോ അവയെ ആപേക്ഷികങ്ങളായി കരുതാനോ പരിശ്രമിക്കുകയും അംഗീകാരരാഹിത്യം ഒഴിവാക്കുകയും ചെയ്യുന്നു. പിന്നീടു മാത്രമേ പ്രശ്നങ്ങൾ ഉപരിതലത്തിലെത്തുകയുള്ളൂ. ഇക്കാരണത്താൽ താഴെപ്പറയുന്ന കാര്യങ്ങളെപ്പറ്റി ചർച്ച നടത്താൻ അവർക്ക് ശക്തമായ പ്രോത്സാഹനം നല്കണം: അവരിൽ ഓരോ വ്യക്തിയും വിവാഹത്തിൽ നിന്ന് എന്തു പ്രതീക്ഷിക്കുന്നു? സ്നേഹം, സമർപ്പണം എന്നിവകൊണ്ട് അവർ എന്തു മനസ്സിലാക്കുന്നു? ഓരോ വ്യക്തിയും മറ്റേ വ്യക്തിയിൽ നിന്ന് എന്ത് ആഗ്രഹിക്കുന്നു? അവർ ഒന്നിച്ച് ഏതുതരം ജീവിതം കെട്ടിപ്പടുത്താനാണ് ആഗ്രഹിക്കുന്നത്? അവർക്ക് യഥാർത്ഥത്തിൽ കുറച്ചു കാര്യങ്ങളെങ്കിലും പൊതുവായിട്ടുണ്ടോയെന്നു കാണാനും അവരെ ഒന്നിച്ചു നിലനിറുത്താൻ പരസ്പരാകർഷണം മാത്രം മതിയാകുകയില്ലെന്നു മനസിലാക്കാനും

അത്തരം ചർച്ചകൾ അവരെ സഹായിക്കും. ആഗ്രഹത്തെക്കാൾ ക്ഷണികമായും സന്ദിഗ്ധമായും പ്രവചനാതീതമായും മറ്റൊന്നുമില്ല. യഥാർത്ഥവും സ്ഥിരവുമായ സമർപ്പണത്തെ ഉറപ്പുവരുത്തുന്ന കൂടുതൽ അഗാധമായ കാരണങ്ങൾ ദമ്പതികൾ കണ്ടെത്തിയിട്ടില്ലെങ്കിൽ വിവാഹം ചെയ്യാനുള്ള തീരുമാനത്തെ ഒരിക്കലും പ്രോത്സാഹിപ്പിക്കരുത്.

210. എങ്ങനെയായലും ഒരു പങ്കാളി മറ്റേ പങ്കാളിയുടെ ദുർബലവശങ്ങൾ വ്യക്തമായി മനസ്സിലാക്കുന്നുവെങ്കിൽ, അവയെ അതിജീവിക്കാൻ കഴിയുന്ന നല്ല ഭാവങ്ങളെ വികസിപ്പിക്കുന്നതിനും വളർത്തുന്നതിനും സഹായകമായ സാധ്യതയിൽ ആ പങ്കാളിക്ക് യഥാർത്ഥ വിശ്വാസമുണ്ടാകണം. അങ്ങനെ അവരുടെ മാനുഷിക വളർച്ചയെ പോഷിപ്പിക്കാനാവും. ക്രമേണ ഉണ്ടാകാവുന്ന സഹനങ്ങൾ പ്രശ്നങ്ങൾ, സംഘർഷത്തിന്റെ സാഹചര്യങ്ങൾ എന്നിവയെ നേരിടാനുള്ള മനസ്സ് ഇത് ആവശ്യപ്പെടുന്നു. അതിനു തയ്യാറാണെന്ന ഉറച്ച പ്രതിജ്ഞ ഇത് ആവശ്യപ്പെടുന്നു. ദമ്പതികൾ അവരുടെ ബന്ധത്തിൽ അപകടസൂചനകൾ കണ്ടുപിടിക്കാൻ കഴിവുള്ളവരായിരിക്കണം. വിവാഹത്തിനുമുമ്പ് അവയോടു പ്രത്യുത്തരിക്കാനുള്ള കാര്യക്ഷമമായ മാർഗങ്ങൾ കണ്ടെത്തണം. പരസ്പരം അറിയാതെ അനേകർ വിവാഹം ചെയ്യുന്നുവെന്നതു ദുഃഖകരമാണ്. അവർ പരസ്പരം കൂട്ടുകെട്ടിൽ സന്തോഷിച്ചു. പല കാര്യങ്ങളും ഒന്നിച്ചു ചെയ്തു. പക്ഷേ, തങ്ങളെത്തന്നെ വെളിപ്പെടുത്തുകയെന്ന വെല്ലുവിളിയെ നേരിടാതെ, മറ്റേ വ്യക്തി യഥാർത്ഥത്തിൽ ആരാണെന്ന് അറിയാതെ, ആണ് അങ്ങനെ ചെയ്തത്.

211. വിവാഹകർമ്മം പാതയുടെ അവസാനഘട്ടമാണെന്ന് ദമ്പതികൾ കരുതുന്നില്ലെന്ന് ഹൃസ്വകാലവിവാഹ ഒരുക്കവും ദീർഘകാല വിവാഹ ഒരുക്കവും ഉറപ്പുവരുത്തണം. എല്ലാ പരീക്ഷകളെയും പ്രയാസം നിറഞ്ഞ നിമിഷങ്ങളെയും ഒന്നിച്ചു നേരിടാനുള്ള ദൃഢവും യഥാർത്ഥവുമായ തീരുമാനത്തിൽ അധിഷ്ഠിതമായ ആജീവനാന്തവിളി എന്ന നിലയിൽ വിവാഹജീവിതം തുടങ്ങുകയാണെന്ന് അവർ കരുതണം. വിവാഹവാഗ്ദാനം നടത്തിയ ദമ്പതിമാർക്കും വിവാഹിതരായ ദമ്പതികൾക്കും വേണ്ടിയുള്ള അജപാലനശുശ്രൂഷ വിവാഹോടമ്പടികളെ കേന്ദ്രീകരിച്ചുള്ളതാകണം. ദമ്പതികളുടെ സ്നേഹം ആഴപ്പെടുത്താൻ മാത്രമല്ല പ്രശ്നങ്ങളെയും പ്രയാസങ്ങളെയും കീഴടക്കാനും അവരെ സഹായിക്കണം. സഭയുടെ പ്രബോധനം സ്വീകരിക്കാനും സഭയുടെ വിലപ്പെട്ട വിഭവങ്ങളുമായി ബന്ധപ്പെടാനുമുള്ള സഹായം മാത്രമല്ല ഇതിൽ ഉൾക്കൊള്ളുന്നത്. പിന്നെയോ പ്രായോഗിക കർമ്മപരിപാടികൾ, ഗുണപ്രദമായ ഉപദേശം, തെളിയിക്കപ്പെട്ട തന്ത്രങ്ങൾ, മനശ്ശാസ്ത്രപരമായ മാർഗനിർദേശം എന്നിവ സ്വീകരിക്കാനുള്ള സഹായം കൂടി അതിൽ ഉൾക്കൊള്ളുന്നു. യുവജനത്തിന്റെ വികാരങ്ങൾക്കും ആവശ്യങ്ങൾക്കും ചേർന്നതും അവരെ ആന്തരികമായി വളർത്താൻ കഴിവുള്ളതുമായ സ്നേഹത്തിന്റെ അധ്യാപനശാ



സ്ത്രമുണ്ടായിരിക്കണമെന്ന് ഇതെല്ലാം ആവശ്യപ്പെടുന്നുണ്ട്. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ദമ്പതികൾ സേവനങ്ങൾക്കായി സമീപിക്കേണ്ട സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരുകൾ വിവാഹ ഒരുക്കം നല്കണം. അനുരഞ്ജനകൂദാശയുടെ ലഭ്യതയെക്കുറിച്ച് അവരെ ഓർമ്മിപ്പിക്കുകയെന്നതും പ്രധാനപ്പെട്ട കാര്യമാണ്. അവരുടെ പാപങ്ങളെയും കഴിഞ്ഞ കാലത്തുണ്ടായ തെറ്റുകളെയും അവരുടെ ബന്ധത്തെത്തന്നെയും ദൈവതിരുമുമ്പാകെ കൊണ്ടുവരാൻ ആ കൂദാശ ഇടംനൽകുന്നു. അവിടത്തെ കരുണാപൂർണമായ മാപ്പും സൗഖ്യദായകമായ ശക്തിയും സ്വീകരിക്കാൻ അവർക്കു കഴിയുന്നു.

## കൂദാശയ്ക്കുള്ള ഒരുക്കം

212. വിവാഹത്തിനുള്ള ഹ്രസ്വകാലത്തേക്കുള്ള തയ്യാറെടുപ്പുകൾ ക്ഷണിക്കൽ, വസ്ത്രങ്ങൾ, സദ്യ എന്നിങ്ങനെ അനേകം കാര്യങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള പ്രവണത കാണിക്കുന്നു. അതെല്ലാം ബഡ്ജറ്റിനെ മാത്രമല്ല ഊർജ്ജത്തെയും - സന്തോഷത്തെപ്പോലും - ഇല്ലാതാക്കാൻ ഇടയാക്കുന്നു. ദമ്പതിമാർ തങ്ങൾ സ്വീകരിക്കാൻ പോകുന്ന നിശ്ചയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും അതിന് തയ്യാറാകുകയും ചെയ്യുന്നതിനു പകരം വിവാഹകർമ്മത്തിനു തികച്ചും ക്ഷീണിതരായും ധൃതിപിടിച്ചും വരുന്നു. മഹത്തായ ഒരു ആഘോഷത്തോടനുബന്ധിച്ചുണ്ടാകുന്ന ഇതേ വ്യഗ്രത യഥാർത്ഥത്തിൽ ചില ബന്ധങ്ങളെയും ബാധിക്കുന്നുണ്ട്. ദമ്പതികൾ ഈ വിഷയത്തിലുണ്ടാകുന്ന ചെലവുകൾ മൂലം, സർവോപരി അവരുടെ സ്നേഹത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് മറ്റുള്ളവരുടെ മുമ്പിൽ വച്ച് വിവാഹം നടത്തുന്നില്ല. സാമ്പത്തിക ചെലവുകളെപ്പറ്റി ഞാനിവിടെ ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. വ്യത്യസ്തരായിരിക്കാൻ ധൈര്യം കാണിക്കുക. ഉപഭോഗത്തിന്റെയും അർത്ഥശൂന്യമായ പ്രകടനങ്ങളുടെയും ഒരു സമൂഹത്താൽ വിഴുങ്ങപ്പെടാൻ നിങ്ങൾ അനുവദിക്കരുത്. കൃപാവരത്താൽ ശക്തമാക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നതും നിങ്ങൾ പങ്കുവയ്ക്കുന്നതുമായ സ്നേഹമാണ് പ്രധാനപ്പെട്ടത്. സ്നേഹത്തിന് ഒന്നാം സ്ഥാനം നല്കുന്ന കുടുതൽ മിതവും ലളിതവുമായ ആഘോഷം തിരഞ്ഞെടുക്കാൻ നിങ്ങൾക്കു കഴിയും. ഈ മുൻഗണന ഒരു അപവാദമായിട്ടല്ലാതെ ഒരു നിയമമാക്കിത്തീർക്കാൻ അജപാലന പ്രവർത്തകർക്കും മുഴുവൻ സമൂഹത്തിനും സഹായിക്കാൻ കഴിയും,.

213. ആരാധനക്രമപരമായ ആഘോഷത്തെ അഗാധമായ വൈയക്തികാനുഭവമാക്കാനും അതിന്റെ ഓരോ അടയാളത്തിന്റെയും മൂല്യത്തെ വിലമതിക്കാനും ദമ്പതികൾ പ്രോത്സാഹിപ്പിക്കപ്പെടണം. മാമ്മോദീസ സ്വീകരിച്ച വ്യക്തികളെ സംബന്ധിച്ചിടത്തോളം വാക്കുകൾകൊണ്ട് പ്രകടമാക്കുന്ന സമ്മതവും വിവാഹത്തെ പൂർണമാക്കുന്ന ശാരീരികഐക്യവും മനുഷ്യാ

വതാരം ചെയ്ത ദൈവപുത്രനും തന്റെ സഭയും തമ്മിലുള്ള ഉടമ്പടിപരമായ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും അടയാളങ്ങളായി കാണാം. മാമ്മോദീസ സ്വീകരിച്ചവരിൽ വാക്കുകളും അടയാളങ്ങളും വിശ്വാസത്തിന്റെ വാഗ്മിത്വമുള്ള ഭാഷയായിത്തീരുന്നു. ദൈവദത്തമായ അർത്ഥത്തോടെയാണ് ശരീരം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ആ ശരീരം 'കൂദാശയുടെ ശുശ്രൂഷകരുടെ ഭാഷയായിത്തീരുന്നു. വിവാഹോടമ്പടിയിൽ, ദൈവത്തിൽത്തന്നെ ഉത്പത്തിയുള്ള രഹസ്യം പ്രകാശിപ്പിക്കപ്പെടുകയും സാക്ഷാത്കരിക്കപ്പെടുകയും ചെയ്യുന്നുവെന്ന ബോധത്തോടെയാണ് അങ്ങനെ ചെയ്യുന്നത്.'[242]

214. തുടർന്നുവരുന്ന സകല അടയാളങ്ങളുടെയും അർത്ഥത്തെ പ്രകാശിപ്പിക്കുന്ന സമ്മതപ്രകടനത്തിന്റെ വാക്കുകൾക്കുള്ള ദൈവശാസ്ത്രപരവും ആധ്യാത്മികവുമായ പ്രാധാന്യം ചിലപ്പോൾ ദമ്പതികൾ ഗ്രഹിക്കുന്നില്ല. ആ വാക്കുകൾ വർത്തമാനകാലത്തിൽ ഒതുക്കി നിറുത്താൻ പാടില്ലെന്ന് ഊന്നിപ്പറയേണ്ടിയിരിക്കുന്നു. അവ ഭാവിയുടെ ആകെത്തുകയെ ഉൾക്കൊള്ളുന്നുണ്ട്: 'മരണം നമ്മെ വേർപെടുത്തുന്നതുവരെ.' സമ്മതപ്രകടനത്തിനുള്ള വാക്കുകളുടെ ഉള്ളടക്കം താഴെപ്പറയുന്ന കാര്യങ്ങളെ വ്യക്തമാക്കുന്നുണ്ട്: 'സ്വാതന്ത്ര്യവും വിശ്വസ്തതയും പരസ്പരവിരുദ്ധങ്ങളല്ല. പിന്നെയോ വ്യക്തിപരവും സാമൂഹികവുമായ ബന്ധങ്ങളിൽ അവ പരസ്പരം പിന്താങ്ങുന്നവയാണ്. യഥാർത്ഥത്തിൽ, ആഗോളവാർത്താവിനിമയ സംസ്കാരം ഉയർത്തുന്ന വാഗ്ദാന ലംഘനങ്ങളിലൂടെ സൃഷ്ടിക്കുന്ന നാശത്തെ പരിഗണിക്കുക. ഒരാൾ തന്റെ വാക്കു പാലിക്കുക, വാഗ്ദാനങ്ങളോടു വിശ്വസ്തത പുലർത്തുക: ഇവ വാങ്ങാനും വിൽക്കാനും പറ്റുന്ന കാര്യങ്ങളല്ല. ബലം പ്രയോഗിച്ച് അവയെ നിർബന്ധിക്കാനോ ത്യാഗം കൂടാതെ അവയെ കാത്തു സൂക്ഷിക്കാനോ സാധ്യമല്ല.'[243]

215. കെനിയൻ മെത്രാന്മാർ ഇങ്ങനെ നിരീക്ഷിച്ചു: 'അനേകം (യുവജനങ്ങൾ) തങ്ങളുടെ വിവാഹദിനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അവർ പ്രവേശിക്കാൻ പോകുന്ന ആജീവനാന്ത സമർപ്പണത്തെ മറക്കുകയും ചെയ്യുന്നു.'[244] തത്കാലം ഭൂതകാലത്തിന്റെയും അതിന്റെ ഓർമ്മകളുടെയും ഭാഗമായിത്തീരുന്ന ഒറ്റ നിമിഷമായി കൂദാശയെ കാണാതിരിക്കാൻ അവരെ പ്രോത്സാഹിപ്പിക്കണം. അവരുടെ വൈവാഹിക ജീവിതത്തെ മുഴുവനും സ്വാധീനിക്കുന്ന ഒന്നായി അതിനെ കാണാൻ പ്രോത്സാഹിപ്പിക്കപ്പെടണം.[245] ലൈംഗികതയുടെ പ്രത്യുത്പാദനപരമായ അർത്ഥം ശരീരത്തിന്റെ ഭാഷ, വിവാഹജീവിതത്തിൽ മുഴുവനും കാണിക്കുന്ന സ്നേഹത്തിന്റെ അടയാളങ്ങൾ എന്നിവയെല്ലാം 'ആരാധനാക്രമപരമായ ഭാഷയുടെ അനർഗളമായ തുടർച്ച' ആയിത്തീരുന്നു. 'വൈവാഹികജീവിതം ഒരർത്ഥത്തിൽ ആരാധനാക്രമപരമായിത്തീരുകയും ചെയ്യുന്നു.'[246]



216. അനുഷ്ഠാന ക്രമത്തിന്റെ ഭാഗങ്ങളായ വേദഗ്രന്ഥവായനകൾ, അവർ കൈമാറുന്ന മോതിരങ്ങളുടെ അർത്ഥപൂർണത, ക്രമാനുഷ്ഠാനത്തിന്റെ മറ്റു ഭാഗങ്ങൾ എന്നിവയെക്കുറിച്ചു ധ്യാനിക്കാനും ദമ്പതികൾക്കു കഴിയും. താഴെപ്പറയുന്ന നിലയിൽ അവർ വിവാഹകർമത്തിനു വരുന്നതു നന്നല്ല: ഒരിക്കലും ഒന്നിച്ചു പ്രാർത്ഥിക്കാതെ, ഒരാൾ മറ്റേയാൾക്കുവേണ്ടി പ്രാർത്ഥിക്കാതെ, വിശ്വസ്തതയോടും ഉദാരതയോടുംകൂടി നിലനില്ക്കാൻ ദൈവസഹായം തേടാതെ, തങ്ങളിൽ നിന്ന് എന്ത് ആവശ്യപ്പെടുന്നുവെന്ന് കർത്താവിനോടു ചോദിക്കാതെ, കന്യകാമറിയത്തിന്റെ ഒരു രൂപത്തിന്റെ മുമ്പിൽ തങ്ങളുടെ സ്നേഹം സമർപ്പിക്കാതെ വിവാഹത്തിന് അണയുന്നത് നല്ലതല്ല. അവരെ വിവാഹത്തിന് ഒരുക്കുന്നവർ ഈ പ്രാർത്ഥനാനിമിഷങ്ങളെ അനുഭവിക്കാൻ സഹായിക്കണം. അവ അവർക്ക് വളരെ ഉപകാരപ്രദങ്ങളാണ്. 'വിവാഹകർമ്മത്തിന്റെ ലിറ്റർജി അനന്യമായ ഒരു സംഭവമാണ്. അത് കുടുംബവും സമൂഹവും കൂടി നടത്തുന്ന ഒന്നാണ്. യേശു തന്റെ ആദ്യത്തെ അദ്ഭുതകർമ്മം നിർവഹിച്ചത് കാനായിൽ നടന്ന ഒരു വിവാഹസത്കാരത്തിൽ വച്ചാണ്. കർത്താവിന്റെ അദ്ഭുതകൃത്യം വഴി നല്ല വീഞ്ഞുണ്ടായി. പുതിയൊരു കുടുംബത്തിന്റെ തുടക്കത്തിന് അതു സന്തോഷം നല്കി. ആ വീഞ്ഞ് ഓരോ യുഗത്തിലെയും സ്ത്രീ പുരുഷന്മാരുമായിട്ടുള്ള ക്രിസ്തുവിന്റെ ഉടമ്പടിയുടെ പുതിയ വീഞ്ഞാണ്. സഭാജീവിതത്തിൽ വല്ലപ്പോഴും മാത്രം പങ്കെടുക്കുന്നവരും അല്ലെങ്കിൽ മറ്റു ക്രൈസ്തവസമൂഹങ്ങളിലേയോ മതസമൂഹങ്ങളിലേയോ അംഗങ്ങളും ഉൾക്കൊള്ളുന്ന സമൂഹത്തോട് കാർമ്മികൻ മിക്കപ്പോഴും സംസാരിക്കേണ്ടിവരുന്നു. ആ സന്ദർഭം ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കാനുള്ള വിലപ്പെട്ട അവസരം നല്കുന്നുണ്ട്.'[247]

## വിവാഹജീവിതത്തിന്റെ ആദ്യവർഷങ്ങളിൽ സഹഗമനം

217. വിവാഹത്തെ സ്നേഹത്തിന്റെ ഒരു കാര്യമായി കരുതുകയെന്നതു പ്രധാനപ്പെട്ട കാര്യമാണ്. അതുകൊണ്ട് പരസ്പരം സ്വതന്ത്രമായി തിരഞ്ഞെടുത്തു സ്നേഹിക്കുന്നവർ തമ്മിൽ മാത്രമേ വിവാഹം ചെയ്യാവൂ. സ്നേഹം കേവലം ശാരീരികാകർഷണമോ അവ്യക്ത വികാരമോ ആയിരുന്നാൽ ആ വികാരം ക്ഷയിക്കുകയോ ശാരീരികാകർഷണം കുറയുകയോ ചെയ്യുമ്പോൾ ദമ്പതികൾ സവിശേഷമാംവിധം പ്രണിതരാക്കപ്പെടാം. ഇത് മിക്കപ്പോഴും സംഭവിക്കുന്നുണ്ട്. അതുകൊണ്ട് വിവാഹജീവിതത്തിന്റെ ആദ്യവർഷങ്ങളിൽ ദമ്പതികളെ സഹായിക്കുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. അവരുടെ ബോധത്തെ സമ്പന്നവും അഗാധവുമാക്കാനും ജീവിതകാലം മുഴുവനും പരസ്പരം സ്നേഹിക്കാനും സ്നേഹം മുറുകെ പിടിക്കാനുമാണ് സഹായിക്കേണ്ടത്. പലപ്പോഴും വിവാഹ വാഗ്ദാനത്തിന്റെ കാലഘട്ടം വേണ്ടത്ര ദീർഘമല്ല. പല കാരണങ്ങളാൽ തീരുമാനം

കുത്തനേ വീണു പോകുന്നു. അതിനെക്കാൾ പ്രശ്നകരമായിട്ടുള്ളത് ദമ്പതികൾ വേണ്ടത്ര പക്വത പ്രാപിച്ചിട്ടില്ല എന്നതാണ്. അതുകൊണ്ട് പുതുതായി വിവാഹം ചെയ്ത ദമ്പതികൾ അവരുടെ വിവാഹ വാഗ്ദാനത്തിന്റെ കാലത്ത് സംഭവിക്കേണ്ടിയിരിക്കുന്ന പ്രക്രിയ പൂർണമാക്കണം.

218. വിവാഹഒരുക്കത്തിന്റെ മറ്റൊരു വലിയ വെല്ലുവിളി ഇതാണ്: വിവാഹം ഒരിക്കൽ എന്നേക്കുമായി സംഭവിച്ചുതീരുന്ന കർമ്മമല്ലെന്ന് ദമ്പതികൾ മനസ്സിലാക്കാൻ അവരെ സഹായിക്കുക. അവരുടെ ഐക്യം യഥാർത്ഥവും അലംഘ്യവുമാണ്. വിവാഹകൂദാശയാൽ സ്ഥിരീകരിച്ചതും പവിത്രീകരിച്ചതുമാണ്. എന്നാലും ദമ്പതികൾ തങ്ങളുടെ ജീവിതങ്ങളെ കൂട്ടിചേർക്കുമ്പോൾ ആ ജീവനാന്ത പദ്ധതിയിൽ പ്രവർത്തനക്ഷമവും സർഗാത്മകവുമായ ഒരു ധർമ്മം എറ്റെടുക്കുകയാണ്. അവരുടെ നോട്ടം ഭാവിയിലേക്കു തിരിക്കണം. ദൈവകൃപയുടെ സഹായത്താൽ ആ ഭാവിയെ നിരന്തരം പടുത്തുയർത്താൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു. ഇക്കാരണത്താൽത്തന്നെ ദമ്പതികളിൽ ഒരാൾക്ക് മറ്റേയാൾ പൂർണതയുള്ള വ്യക്തിയായിരിക്കുമെന്നു പ്രതീക്ഷിക്കാൻ സാധ്യമല്ല. ഓരോ വ്യക്തിയും മിഥ്യയായ തോന്നലുകളെ ഉപേക്ഷിക്കണം. മറ്റേ വ്യക്തിയെ അയാൾ യഥാർത്ഥത്തിൽ ആയിരിക്കുന്നതുപോലെ സ്വീകരിക്കുകയും വേണം: പണി തീരാത്ത ഒരു പദ്ധതിയായിട്ട്, വളർച്ച ആവശ്യമുള്ളതായിട്ട് പുരോഗമിച്ചുകൊണ്ടിരിക്കുന്ന ജോലിയായിട്ട്, അതിനെ സ്വീകരിക്കണം. ജീവിതപങ്കാളിയോട് സ്ഥിരമായി വിമർശനാത്മകമായ മനോഭാവം വച്ചുപുലർത്തുന്നത് ഒരു അടയാളമാണ്. ക്ഷമയോടും, ധാരണയോടും സഹിഷ്ണുതയോടും ഔദാര്യത്തോടും കൂടി പണിതുതീർക്കേണ്ട ഒരു പദ്ധതിയായി കരുതി വിവാഹകർമത്തിലേക്കു അവർ പ്രവേശിച്ചില്ല എന്നതിന്റെ അടയാളം. അങ്ങനെയായാൽ സ്ഥിരം ചോദ്യം ചെയ്യലിനും വിമർശനത്തിനും ഓരോ വ്യക്തിയുടെയും നല്ല വശങ്ങളിലും തിന്മയായിട്ടുള്ള വശങ്ങളിലുമുള്ള പിടിച്ചു നില്പിനും അന്ത്യശാസനങ്ങളുടെ പുറപ്പെടുവിക്കലിനും മത്സരത്തിനും സ്വയം നീതീകരണത്തിനും വേണ്ടി സ്നേഹം തീർച്ചയായും വഴി മാറും. അപ്പോൾ പക്വമായ ഒരു ഐക്യം സൃഷ്ടിക്കുന്നതിന് പരസ്പരം സഹായിക്കാൻ തങ്ങൾക്കു കഴിവില്ലെന്നു ദമ്പതികൾ തെളിയിക്കും. പുതുതായി വിവാഹം ചെയ്ത ദമ്പതികളുടെയും മുമ്പിൽ ഈ വസ്തുത യഥാർത്ഥത്തിൽ അവതരിപ്പിക്കപ്പെടണം. 'വിവാഹകർമ്മം ആരംഭം മാത്രമാണെന്ന്' അവർ മനസ്സിലാക്കാൻ വേണ്ടിയാണത്. 'ഞാൻ സമ്മതിക്കുന്നു' എന്നു പറഞ്ഞുകൊണ്ട് അവർ ഒരു യാത്ര തുടങ്ങുന്നു. അവർക്കു ലക്ഷ്യത്തിലെത്തിച്ചേരാനുള്ള വഴിയിൽ ഉണ്ടാകാവുന്ന സകല തടസ്സങ്ങളെയും അവർ കീഴടക്കണമെന്ന് അത് ആവശ്യപ്പെടുന്നുണ്ട്. അവർ സ്വീകരിക്കുന്ന വിവാഹാശീർവാദം ഈ യാത്രയ്ക്കായുള്ള കൃപയും പ്രചോദനവുമാണ്. തങ്ങളുടെ ലക്ഷ്യം എങ്ങനെ വസ്തുനിഷ്ഠമായി, പ്രാപിക്കാനാവുമെന്ന്



ഒരുമിച്ചിരുന്ന് എങ്ങനെയാണ് ഈ ലക്ഷ്യം നേടാൻ കഴിയുക എന്ന് പരസ്പരം സംസാരിക്കുന്നത് അവർക്ക് ഉപകാരം ചെയ്യും.

219. ഒരു പഴഞ്ചൊല്ല് ഞാൻ ഓർമ്മിക്കുന്നു: 'ഒഴുക്കില്ലാത്ത വെള്ളം നിശ്ചലവും ഒന്നിനും കൊള്ളാത്തതാവുകയും ചെയ്യുന്നു.' വിവാഹം കഴിഞ്ഞിട്ടുള്ള ആദ്യത്തെ വർഷങ്ങളിൽ സ്നേഹാനുഭവം ഒഴുക്കില്ലാത്തതായാൽ മുന്നോട്ടു കുതിക്കാനുള്ള അതിന്റെ ഉത്തേജനശക്തി നഷ്ടപ്പെടുന്നു. യുവസ്നേഹം ഭാവിയിലേക്ക് അളവറ്റ പ്രത്യാശയോടെ നൃത്തം ചെയ്ത് അടുത്തുകൊണ്ടിരിക്കണം. വിവാഹവാഗ്ദാനത്തിന്റെയും വിവാഹത്തിന്റെയും ആദ്യവർഷങ്ങളിൽ പ്രത്യാശയാണ് പുളിമാവായിരിക്കുന്നത്. അതാണ് വാദമുഖങ്ങൾക്കും സംഘട്ടനങ്ങൾക്കും പ്രശ്നങ്ങൾക്കും അപ്പുറത്തേക്കു നോക്കാനും കാര്യങ്ങൾ കൂടുതൽ വിശാലമായ വീക്ഷണ കോണിലൂടെ നോക്കിക്കാണാനും വേണ്ട കഴിവു നല്കുന്നത്. അത് അനിശ്ചിതാവസ്ഥകളെയും താത്പര്യങ്ങളെയും പ്രവർത്തനക്ഷമമായും പ്രത്യാശ നമ്മുടെ അവ്യക്തതകൾക്കും, ആകുലതകൾക്കും കവചമായിത്തീരുകയും വളർച്ചയെ സഹായിക്കുകയും ചെയ്യും. നമ്മുടെ സർവസ്വവും കുടുംബത്തിന്റെ ജീവിതത്തിനുവേണ്ടി നല്കിക്കൊണ്ട്: എന്തെന്നാൽ സുദൃഢമായ ഒരു ഭാവിക്കുവേണ്ടി തയ്യാറെടുക്കാനുള്ള ഏറ്റവും നല്ല മാർഗം വർത്തമാനകാലത്ത് നന്നായി ജീവിക്കുകയെന്നതാണ്.

220. ഔദാര്യവും പരിത്യാഗവും ആവശ്യമായിട്ടുള്ള വിവിധഘട്ടങ്ങളിൽ ആണ് ഈ പ്രക്രിയ സംഭവിക്കുന്നത്. ആകർഷണത്തിന്റെ ആദ്യത്തെ സുശക്തമായ വികാരങ്ങൾ ഒരു തിരിച്ചറിവിലേക്കു നയിക്കുന്നു. മറ്റേ വ്യക്തി ഇപ്പോൾ എന്റെ ജീവിതത്തിന്റെ ഭാഗമാണെന്ന തിരിച്ചറിവിലേക്കു തന്നെ. പരസ്പരം സ്വന്തമായിരിക്കുന്നതിലുള്ള സന്തോഷം ജീവിതത്തെ ഒരു പൊതുപദ്ധതിയായി കാണാൻ പ്രേരിപ്പിക്കുന്നു. മറ്റേ വ്യക്തിയുടെ സന്തോഷം എന്റെ സന്തോഷത്തിനു മുമ്പേ സ്ഥാപിച്ചുകൊണ്ടും ഈ വിവാഹം സമൂഹത്തെ സമ്പന്നമാക്കുന്നുവെന്ന സന്തോഷത്തോടെ മനസിലാക്കി നോക്കിക്കാണാനും പ്രേരിപ്പിക്കുന്നു. സ്നേഹം പക്വത പ്രാപിക്കുമ്പോൾ 'കൊടുക്കൽ വാങ്ങൽ' നടത്താനും പഠിക്കുന്നു. അത് സ്വാർത്ഥതയുള്ളതോ കണക്കുകൂട്ടുന്ന ഒന്നോ അല്ല. അത് പരസ്പരസ്നേഹത്തിന്റെ അഭ്യസനമാണ്. കുടുംബത്തിന്റെ നന്മയ്ക്കുവേണ്ടിയുള്ള കൊടുക്കലിന്റെയും വാങ്ങലിന്റെയും പരസ്പര പ്രവർത്തനമാണത്. വിവാഹജീവിതത്തിന്റെ ഓരോ പുതിയ ഘട്ടത്തിലും ഒന്നിച്ചിരുന്ന് ഉടമ്പടികളിൽ ഏർപ്പെടണം. ജയിക്കുന്നവരും തോൽക്കുന്നവരുമില്ലാതെ, രണ്ടു വിജയികൾ മാത്രം ഉണ്ടാകാനാണത്. ഭവനത്തിൽ ഏകപക്ഷീയമായി തീരുമാനങ്ങളെടുക്കാൻ പാടില്ല. കാരണം ദമ്പതികളിൽ ഓരോരുത്തർക്കും കുടുംബത്തെ സംബന്ധിച്ച ഉത്തരവാദിത്വമുണ്ട്. എന്നാലും ഓരോ ഭവനവും അനന്യമാണ്. ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ഒരു ക്രമവത്കരണം ഓരോ വിവാഹവും കണ്ടെത്തും.

221. വിവാഹജീവിതത്തെ സംബന്ധിച്ചുള്ള അനുചിതമായ ഉയർന്ന പ്രതീക്ഷകളാണ് തകർന്ന വിവാഹങ്ങളുടെ കാരണങ്ങളിൽ കാണുന്നത്. ഒരാൾ സങ്കല്പിക്കുന്നതിനെക്കാൾ പരിമിതവും വെല്ലുവിളിക്കുന്നതുമാണ് യാഥാർത്ഥ്യമെന്നു കാണുമ്പോൾ വേർപെടലിനെപ്പറ്റി വേഗത്തിലും നിരുത്തരവാദിത്വപരമായും ചിന്തിക്കുകയെന്നതല്ല പരിഹാരമാർഗം. വിവാഹജീവിതം വളർച്ചയുടെ ഒരു പ്രക്രിയയാണെന്നും അതിൽ ഓരോ അംഗവും മറ്റേ അംഗത്തെ വളരുന്നതിനു സഹായിക്കാനുള്ള ദൈവത്തിന്റെ ഉപകരണമാണെന്നും മനസിലാക്കുകയാണ് വേണ്ടത്. മാറ്റം, നന്നാവൽ, ഓരോ വ്യക്തിയിലുമുള്ള നല്ല ഗുണങ്ങളുടെ പുഷ്പിക്കൽ എന്നിവയെല്ലാം സാധ്യമാണ്. ഓരോ വിവാഹവും ഒരു തരം 'രക്ഷാചരിത്ര'മാണ്. ദുർബലമായ ആരംഭത്തിൽ നിന്ന് - ദൈവം തരുന്ന ദാനത്തിന്റെ സഹായത്താലും നമ്മുടെ ഭാഗത്തുനിന്നുള്ള സർഗാത്മകവും ഉദാരതാപൂർണവുമായ പ്രത്യുത്തരത്താലും കാലക്രമേണ അമൂല്യവും ശാശ്വതപൂർണവുമായ ഒന്നായി വളരുന്നതാണ്. സ്നേഹബദ്ധരായ രണ്ടു വ്യക്തികളുടെ ഏറ്റവും വലിയ ദൗത്യം കൂടുതൽ പുരുഷനും കൂടുതൽ സ്ത്രീയുമായി വളരാൻ പരസ്പരം സഹായിക്കുകയെന്നതാണെന്ന് പറയാൻ കഴിയില്ലേ? വളർത്തുകയെന്നതിന്റെ അർത്ഥം ഒരു വ്യക്തി സ്വന്തം തനിമ രൂപപ്പെടുത്താൻ സഹായിക്കുകയെന്നതാണ്. അതുകൊണ്ട് സ്നേഹം ഒരു തരം ശില്പ വൈദഗ്ധ്യമാണ്. പുരുഷനെയും സ്ത്രീയെയും സൃഷ്ടിച്ചതിനെ സംബന്ധിച്ച് ബൈബിളിൽ നാം വായിക്കുമ്പോൾ ദൈവം ആദ്യം ആദത്തെ രൂപപ്പെടുത്തുന്നതായി കാണുന്നു (cf ഉത്പ 2:7). സുപ്രധാനമായ എന്തോ ഒന്നിന്റെ അഭാവമുണ്ടെന്നു അവിടന്നു മനസ്സിലാക്കുകയും അങ്ങനെ ഹവ്വയെ രൂപപ്പെടുത്തുകയും അപ്പോൾ പുരുഷൻ വിസ്മയത്തോടെ ഇങ്ങനെ പ്രഘോഷിക്കുന്നതു കേൾക്കുകയും ചെയ്യുന്നു: 'അതേ ഇവൾ എനിക്കുവേണ്ടിത്തന്നെയുള്ളവളാണ്'. ആദ്യത്തെ പുരുഷനും സ്ത്രീയും തമ്മിൽ ആദ്യം കണ്ടുമുട്ടിയപ്പോൾ നടത്തിയ വിസ്മയനീയമായ സംഭാഷണം നമുക്ക് മിക്കവാറും കേൾക്കാവുന്നതാണ്. വിവാഹിതരായ ദമ്പതികളുടെ ജീവിതത്തിൽ, പ്രയാസം നിറഞ്ഞ നിമിഷങ്ങളിലും ഒരാൾക്കു മറ്റേയാളെ വിസ്മയപ്പിക്കാൻ കഴിയും. അവരുടെ ബന്ധത്തിനു പുതിയ കവാടങ്ങൾ തുറക്കാനും കഴിയും. അവർ ആദ്യമായി കണ്ടുമുട്ടുന്നതുപോലെ അങ്ങനെ ചെയ്യാൻ സാധിക്കും. ഓരോ പുതിയ കാലഘട്ടത്തിലും പരസ്പരം 'രൂപപ്പെടുത്തൽ' നടത്തിക്കൊണ്ടിരിക്കാൻ കഴിയും. ശില്പവിദഗ്ധന്റെ ക്ഷമാശീലത്തോടെ ഒരാളെ മറ്റേയാൾക്കുവേണ്ടി കാത്തിരിക്കാൻ സ്നേഹം നിർബന്ധിക്കുന്നു. ആ ക്ഷമാശീലം ദൈവത്തിൽ നിന്നു വരുന്നതാണ്.

222. പുതുതായി വിവാഹം ചെയ്ത ദമ്പതികൾക്കുവേണ്ടിയുള്ള അജപാലനശുശ്രൂഷയിൽ ദമ്പതികളെ ജീവൻ നല്കുന്നതിൽ ഉദാരമതികളാ



യിരിക്കാൻ പ്രോത്സാഹിപ്പിക്കുകയും വേണം. 'ദാമ്പത്യസ്നേഹത്തിന്റെ വ്യക്തിപരവും തികച്ചും മാനുഷികവുമായ സ്വഭാവം അനുസരിച്ച് കുടുംബാസൂത്രണം വേണ്ടവിധം നടപ്പിലാകുന്നത്, ദമ്പതികൾ തമ്മിലുള്ള സമ്മതപൂർവകമായ സംഭാഷണം, കാലങ്ങളെക്കുറിച്ചുള്ള ആദരവ്, പങ്കാളിയുടെ മഹത്ത്വത്തെക്കുറിച്ചുള്ള പരിഗണന എന്നിവയുടെ ഫലമായിട്ടാണ്. ഈ അർത്ഥത്തിൽ ഹുമാനേ വീത്തേ എന്ന ചാക്രികലേഖനത്തിലെ പ്രബോധനവും (cf 1014) ഫമിലിയാരിസ് കോൺസോർസ്യോ എന്ന അപ്പസ്തോലികാഹ്വാനത്തിലെ പ്രബോധനവും (cf 14: 2835) പുതുയായി സ്വീകരിക്കണം. മിക്കപ്പോഴും ജീവനോടു ശത്രുത പുലർത്തുന്ന മനോഭാവത്തെ എതിർക്കുന്നതിനുവേണ്ടിയാണിത്... ഉത്തരവാദിത്വപൂർണമായ പിതൃത്വത്തെയാണിത്സംബന്ധിച്ച തീരുമാനങ്ങൾ സ്വീകരിക്കുന്നതിനുമുമ്പ് മനസ്സാക്ഷി രൂപീകരണമുണ്ടായിരിക്കണം. മനസ്സാക്ഷി വ്യക്തിയുടെ നിഗൂഢമായ ഉള്ളറയും വിശുദ്ധാഗാരവുമാണ്. അവിടെ ഓരോ വ്യക്തിയും ഒറ്റയ്ക്ക് ദൈവത്തോടുകൂടിയായിരിക്കുന്നു. അവിടത്തെ ശബ്ദം ഹൃദയത്തിന്റെ അഗാധതലങ്ങളിൽ പ്രതിധ്വനിക്കുകയും ചെയ്യുന്നു (ഗാവുദിയും ഏത്ത് സ്പെസ്, 16). ദൈവത്തെയും അവിടത്തെ കല്പനകളെയും (cf റോമാ 2:15) മനസ്സാക്ഷിയിൽ ശ്രവിക്കാൻ ദമ്പതികൾ എത്ര കൂടുതലായി പരിശ്രമിക്കുകയും ആധ്യാത്മികമായി ഒന്നിച്ചു സഞ്ചരിക്കുകയും ചെയ്യുന്നുവോ അത്ര കൂടുതലായി അവരുടെ തീരുമാനം വ്യക്തിഗതമായ വികാരദൗർബല്യത്തിൽ നിന്നും പ്രബലമായിരിക്കുന്ന സാമൂഹികാചാരങ്ങളിൽ നിന്നും ആഴത്തിൽ സ്വതന്ത്രമായിരിക്കും.'[248] രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വ്യക്തമായ പ്രബോധനം ഇന്നും പ്രസക്തമാണ്: 'ദമ്പതികൾ പൊതുവായ ആലോചനയും പരിശ്രമവും വഴി തങ്ങൾക്കായി ശരിയായ നിഗമനങ്ങളിൽ എത്തിച്ചേരും. തങ്ങളുടെ തന്നെയും തങ്ങൾക്കു ജനിച്ചിട്ടുള്ളവരും ജനിക്കാനിരിക്കുന്നവരുമായ മക്കളുടെയും നന്മയെ അവർ ചിന്താപൂർവം പരിഗണിക്കട്ടെ. കൂടാതെ തങ്ങളുടെ കാലത്തിന്റെയും പരിതോവസ്ഥകളുടെയും ഭൗതികവും ആധ്യാത്മികവുമായ സാഹചര്യങ്ങളെക്കൂടി അവർ ശ്രദ്ധാപൂർവം പരിഗണിക്കണം. അവസാനമായി കുടുംബത്തിന്റെയും രാഷ്ട്രത്തിന്റെയും തിരുസഭയുടെ തന്നെയും താത്പര്യങ്ങളെയും സംരക്ഷിക്കണം. ദൈവതിരുമുമ്പിൽ മുൻപറഞ്ഞ തരത്തിലുള്ള നിഗമനം ആത്യന്തികമായി എടുക്കേണ്ടത് മാതാപിതാക്കൾ തന്നെയാണ്.'[249] കൂടാതെ 'പ്രകൃതിയുടെ നിയമങ്ങളെയും 'ഫലപൂർണതയുടെ ആകസ്മികത'യെയും അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള രീതികൾ (ഹൂമാനേ വീത്തേ,11) വളർത്തപ്പെടേണ്ടവയാണ്. കാരണം 'ഈ രീതികൾ ദമ്പതികളുടെ ശരീരങ്ങളെ ആദരിക്കുന്നു. അവർ തമ്മിലുള്ള വാത്സല്യത്തെ പ്രോത്സാഹിപ്പിക്കുന്നു. യഥാർത്ഥമായ സ്വാതന്ത്ര്യത്തിന്റെ അഭ്യസനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു' (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, 2370). കുട്ടികൾ

ദൈവത്തിൽ നിന്നുള്ള വിസ്മയനീയ ദാനങ്ങളും മാതാപിതാക്കൾക്കും സഭയ്ക്കും സന്തോഷവുമാണെന്ന വസ്തുത ഊന്നിപ്പറയുകയും വേണം കുട്ടികളിലൂടെ കർത്താവ് ലോകത്തെ നവീകരിക്കുന്നു.'[250]

## ചില സഹായ സ്രോതസ്സുകൾ

223. സിനഡു പിതാക്കന്മാർ ഇങ്ങനെ നിരീക്ഷിച്ചു: 'വിവാഹം കഴിഞ്ഞിട്ടുള്ള ആദ്യവർഷങ്ങൾ സജീവവും സംവേദനാപരവുമാണ്. അക്കാലത്ത് ദമ്പതികൾ വിവാഹജീവിതത്തിന്റെ വെല്ലുവിളികളെയും അർത്ഥത്തെയും കുറിച്ച് കൂടുതൽ ബോധമുള്ളവരാകുന്നു. അതുകൊണ്ട് അജപാലനപരമായ സഹഗമനം കൂദാശയുടെ യഥാർത്ഥ ആഘോഷത്തിനപ്പുറത്തേക്ക് പോകേണ്ടിയിരിക്കുന്നു (ഫമിലിയാരിസ് കൊൺസോർസ്യോ ഭാഗം III). ഇക്കാര്യത്തിൽ അനുഭവജ്ഞാനമുള്ള ദമ്പതികൾക്ക് സുപ്രധാനമായ ഒരു പങ്കു വഹിക്കാനുണ്ട്. അനുഭവജ്ഞാനമുള്ള ദമ്പതികൾക്ക് ചെറുപ്പക്കാരായ ദമ്പതികളെ സഹായിക്കാനുള്ള ഒരു സ്ഥലമാണ് ഇടവക. സംഘടനകൾ, സഭാത്മകപ്രസ്ഥാനങ്ങൾ, പുതിയ സമൂഹങ്ങൾ എന്നിവയുടെ ക്രമേണയുള്ള സഹകരണംകൊണ്ട് ഇവരെ സഹായിക്കാൻ കഴിയും. കുട്ടികൾ എന്ന മഹാദാനത്തോട് അടിസ്ഥാനപരമായി തുറവുള്ളവരായിരിക്കാൻ യുവദമ്പതികൾ പ്രോത്സാഹിപ്പിക്കപ്പെടണം. കുടുംബ ആധ്യാത്മികത, പ്രാർത്ഥന, ഞായറാഴ്ചക്കുർബാനയിലുള്ള പങ്കെടുക്കൽ എന്നിവയുടെ പ്രാധാന്യത്തിനും ഊന്നൽ നല്കണം. ആധ്യാത്മിക ജീവിതത്തിലും ജീവിതത്തിന്റെ വസ്തുനിഷ്ഠമായ ആവശ്യങ്ങളിലുള്ള ഐക്യദാർഢ്യം എന്നിവയുടെ വളർച്ച വർധിപ്പിക്കാൻ സ്ഥിരമായി സമ്മേളിക്കുന്നതിനു ദമ്പതിമാരെ പ്രോത്സാഹിപ്പിക്കണം. കുടുംബങ്ങളിൽ സുവിശേഷവത്കരണത്തെ വളർത്തുന്നതിലുള്ള സജീവകാര്യങ്ങളായി ആരാധനാനുഷ്ഠാനങ്ങൾ, ഭക്തിപരമായ അഭ്യാസനങ്ങൾ, കുടുംബങ്ങൾക്കുവേണ്ടി ആഘോഷിക്കപ്പെടുന്ന കുർബാന, പ്രത്യേകിച്ച് വിവാഹവാർഷികങ്ങളിൽ ആഘോഷിക്കപ്പെടുന്ന കുർബാന'[251] എന്നിവ സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്.

224. ഈ പ്രക്രിയ നടക്കാൻ കാലമെടുക്കും. സ്നേഹത്തിനു സമയവും സ്ഥലവും വേണം. മറ്റു കാര്യങ്ങളെല്ലാം അപ്രധാന കാര്യങ്ങളാണ്. കാര്യങ്ങളെപ്പറ്റി സംസാരിക്കാനും സ്വൈര്യമായി ആശ്ലേഷിക്കാനും പദ്ധതികൾ പങ്കുവയ്ക്കാനും പരസ്പരം ശ്രവിക്കാനും പരസ്പരം കണ്ണുകളിലേക്കു നോക്കാനും പരസ്പരം വിലമതിക്കാനും കൂടുതൽ ശക്തമായ ബന്ധം സൃഷ്ടിക്കാനും സമയം ആവശ്യമാണ്. ചിലപ്പോൾ നമ്മുടെ സമൂഹത്തിന്റെ ഭ്രാന്തമായ പോക്കും തൊഴിൽ സ്ഥലത്തെ സമ്മർദ്ദങ്ങളും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. മറ്റു സമയങ്ങളിൽ ഒന്നിച്ചായിരിക്കുന്ന സമയത്തിന്റെ മേന്മക്കുറവുണ്ടാകുന്നു. ഒരേ മുറിയിൽ പരസ്പരം നോക്കുകപോലും ചെയ്യാതെ കഴിഞ്ഞുകൂടുന്നു. ആ നിമിഷങ്ങളിൽ നിന്ന് ആവുന്നത്ര നേട്ടമു



ണ്ടാക്കാനും അർത്ഥപൂർണമായ നിശ്ശബ്ദതയുടെ നിമിഷങ്ങൾ പങ്കുവച്ചുകൊണ്ടെങ്കിലും പരസ്പരം സന്നിഹിതരാകാനും യുവദമ്പതികളെ അഥവാ വ്രണിതരാകാവുന്ന ദമ്പതികളെ സഹായിക്കുന്നതിനുള്ള മാർഗങ്ങളെപ്പറ്റി അജപാലനപ്രവർത്തകരും വിവാഹിതരായ ദമ്പതികളുടെ ഗ്രൂപ്പുകളും ചിന്തിക്കണം.

225. ഇപ്രകാരം ചെയ്യേണ്ടതെങ്ങനെയെന്ന് പഠിച്ചിട്ടുള്ള ദമ്പതികൾക്ക്, ഉപകാരപ്രദങ്ങളായി തങ്ങൾ കണ്ടെത്തിയ പ്രായോഗിക നിർദേശങ്ങൾ പങ്കുവയ്ക്കാൻ സാധിക്കും: ഒന്നിച്ചായിരിക്കാനുള്ള സമയം, കുട്ടികളോടുകൂടി ഉല്ലസിക്കാനുള്ള നിമിഷങ്ങൾ, സുപ്രധാന സംഭവങ്ങൾ ആഘോഷിക്കാനുള്ള വ്യത്യസ്തമാർഗങ്ങൾ, ആധ്യാത്മിക വളർച്ചയ്ക്കുവേണ്ടി പങ്കുവയ്ക്കപ്പെടുന്ന അവസരങ്ങൾ എന്നിവയ്ക്കുള്ള പദ്ധതി തയ്യാറാക്കാൻ കഴിയും. ആ നിമിഷങ്ങളെ അർത്ഥപൂർണവും സ്നേഹ പൂർണവുമാക്കാൻ യുവദമ്പതികളെ സഹായിക്കുന്ന വിഭവങ്ങൾ നല്കാനും അങ്ങനെ അവരുടെ ആശയ വിനിമയം അഭിവൃദ്ധിപ്പെടുത്താനും അവർക്കു കഴിയും. വിവാഹത്തിന്റെ പുതുമ തീർന്നുകഴിഞ്ഞ ഘട്ടത്തിൽ ഇത് അങ്ങേയറ്റം പ്രധാനപ്പെട്ട കാര്യമാണ്. ഒന്നിച്ച് സമയം എങ്ങനെ വിനിയോഗിക്കാമെന്ന് ദമ്പതികൾ അറിയാതാകുമ്പോൾ അവരിൽ ഒരാൾ അല്ലെങ്കിൽ രണ്ടുപേരും യന്ത്രോപകരണങ്ങളിൽ അഭയം തേടും. മറ്റു പ്രതിജ്ഞാബദ്ധതകൾ കണ്ടുപിടിച്ചും മറ്റൊരാളുടെ ആശ്ലേഷം അന്വേഷിച്ചും അങ്ങനെ ചെയ്യും. അല്ലെങ്കിൽ സുഖകരമല്ലാത്ത ബന്ധത്തിൽ നിന്ന് ഓടിപ്പോകാൻ വഴികൾ തേടിക്കൊണ്ടും അപ്രകാരം ചെയ്യും.

226. പങ്കുവയ്ക്കപ്പെടുന്ന അനുദിന അനുഷ്ഠാനങ്ങളിലൂടെ ഉറ്റബന്ധത്തിന്റെയും സ്ഥിരതയുടെയും ആരോഗ്യകരമായ ബോധം നല്കുന്ന ഒരു നടപടിക്രമം വികസിപ്പിക്കാൻ വിവാഹിതരായ യുവദമ്പതികൾ പ്രോത്സാഹിപ്പിക്കപ്പെടണം. പ്രസ്തുത അനുദിനാനുഷ്ഠാനങ്ങളിൽ താഴെപ്പറയുന്നവ ഉൾക്കൊള്ളുന്നു: പ്രഭാതചുംബനം, സായാഹ്നസന്ധ്യയിലെ ആശീർവാദം, വീട്ടിൽ പരസ്പരം സ്വാഗതം ചെയ്യാൻ വാതുക്കൽ കാത്തുനില്ക്കൽ, ഒന്നിച്ചു യാത്രചെയ്യൽ, വീട്ടുജോലികൾ പങ്കുചേരൽ. ദിനചര്യയിൽ മാറ്റം വരുത്തി ഒരു പാർട്ടിയിൽ പങ്കെടുക്കുന്നതും വാർഷികങ്ങളുടെയും സവിശേഷ സംഭവങ്ങളുടെയും കുടുംബാഘോഷങ്ങളിൽ സംബന്ധിക്കുന്നതും സഹായകമാകും. ദൈവികദാനങ്ങളെ ലാളിക്കുന്നതും ജീവിതത്തിനുവേണ്ടിയുള്ള നമ്മുടെ അഭിരുചിയെ നവീകരിക്കുന്നതുമായ ഈ നിമിഷങ്ങൾ നമുക്ക് ആവശ്യമുണ്ട്. നമുക്ക് ആഘോഷിക്കാൻ കഴിയുന്നിടത്തോളം കാലം നമ്മുടെ സ്നേഹത്തെ പുനരുജ്വലിപ്പിക്കാൻ നമുക്കു കഴിയും. മുഷിപ്പിൽ നിന്നു സ്വതന്ത്രമാക്കാനും നമ്മുടെ അനുദിന കർമ്മപദ്ധതിക്ക് പ്രതീക്ഷകൊണ്ട് നിറം കൊടുക്കാനും കഴിയും.

227. വിശ്വാസത്തിൽ വളരാൻ അജപാലകരായ നമ്മൾ കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കണം. കൂടെക്കൂടെ കുമ്പസാരിക്കാനുള്ള പ്രോത്സാഹനം, ആധ്യാത്മിക മാർഗനിർദ്ദേശം, സന്ദർഭാനുസൃതമായ ധ്യാനങ്ങൾ എന്നിവ ഉണ്ടായിരിക്കുക എന്നാണ് ഇതിന്റെ അർത്ഥം. ദിവസം തോറുമുള്ള കുടുംബപ്രാർത്ഥനയെ പ്രോത്സാഹിപ്പിക്കുകയെന്നും ഇതുകൊണ്ട് അർത്ഥമാക്കുന്നുണ്ട്. കാരണം, 'ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു നില്ക്കും.' നമ്മുടെ ജനങ്ങളുടെ വീടുകൾ നാം സന്ദർശിക്കുമ്പോൾ കുടുംബത്തിലെ എല്ലാ അംഗങ്ങളെയും ഒരുമിച്ചു കൂട്ടണം. ഓരോരുത്തരും മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കണം. കുടുംബത്തെ കർത്താവിന്റെ കരങ്ങളിൽ സമർപ്പിച്ചുകൊണ്ട് അങ്ങനെ ചെയ്യണം. ദമ്പതികളിൽ ഓരോ വ്യക്തിയും ഒറ്റയ്ക്ക്ദൈവത്തോടുപ്രാർത്ഥിക്കാൻപ്രോത്സാഹിപ്പിക്കുന്നതുംസഹായകമാണ്. കാരണം ഓരോ വ്യക്തിക്കും വഹിക്കാൻ രഹസ്യകുരിശുകളുണ്ട്. എന്തുകൊണ്ട്, ദൈവത്തോട് നമ്മുടെ കഷ്ടതകൾ പറയുകയും സൗഖ്യം നല്കാൻ പ്രാർത്ഥിക്കുകയും വിശ്വസ്തതയിൽ നിലനില്ക്കാനുള്ള സഹായത്തിനുവേണ്ടി യാചിക്കുകയും ചെയ്തുകൂടാ? സിനഡുപിതാക്കന്മാർ ഇങ്ങനെ നിരീക്ഷിച്ചു: 'ദൈവവചനം കുടുംബത്തിന് ജീവന്റെയും ആധ്യാത്മികതയുടെയും ഉറവിടമാണ്. ആളുകൾ ആന്തരികമായി ഗാർഹികസഭയുടെ അംഗങ്ങളാകാൻ കുടുംബങ്ങൾക്കുവേണ്ടിയുള്ള അജപാലനപ്രവർത്തനം ജനങ്ങളെ അനുവദിക്കണം. സഭയുടെ പ്രാർത്ഥനാപൂർവകമായ വേദഗ്രന്ഥവായനയിലൂടെ അങ്ങനെ ചെയ്യണം. ദൈവവചനം ഒരു വ്യക്തിയുടെ സ്വകാര്യജീവിതത്തിലെ സദ്വാർത്ത മാത്രമല്ല വിവാഹിതരായ ദമ്പതികളും കുടുംബങ്ങളും നേരിടുന്ന വെല്ലുവിളികളെ തിരിച്ചറിയാൻ സഹായിക്കുന്ന മാനദണ്ഡവും പ്രകാശവുമാണ്.'[252]

228. ചില സംഭവങ്ങളിൽ ദമ്പതികളിൽ ഒരാൾ മാമ്മോദീസ സ്വീകരിച്ചിട്ടില്ല. അല്ലെങ്കിൽ വിശ്വാസമനുസരിച്ചു ജീവിക്കാൻ ഇഷ്ടപ്പെടുന്നില്ല. ഇത് മറ്റേ വ്യക്തിക്ക് ക്രിസ്തീയജീവിതത്തിൽ ജീവിക്കാനും വളരാനും പ്രയാസം ഉളവാക്കിയേക്കും. എന്നാലും ഇവിടെയും ചില പൊതുമൂല്യങ്ങൾ കണ്ടെത്താനും അവ പങ്കുവയ്ക്കാനും ആസ്വദിക്കാനും കഴിയും. എങ്ങനെയായാലും വിശ്വാസിയല്ലാത്ത ജീവിതപങ്കാളിയോട് സ്നേഹം കാണിക്കുകയും വേദനകളിൽ അയാളെ ആശ്വസിപ്പിക്കുകയും ജീവിതം ഒന്നിച്ചു പങ്കുവയ്ക്കുകയും ചെയ്യുകയെന്നത് വിശുദ്ധീകരണത്തിന്റെ ഒരു പാതയാണ്. സ്നേഹം എപ്പോഴും ദൈവത്തിന്റെ ദാനമാണ്. അത് എവിടെയെല്ലാം പ്രവഹിപ്പിക്കപ്പെടുന്നുവോ അവിടെയെല്ലാം അതിന്റെ രൂപാന്തരീകരണപരമായ സാന്നിധ്യം അനുഭവവേദ്യമാകും. മിക്കപ്പോഴും നിഗൂഢമാർഗങ്ങളിലൂടെയായിരിക്കും അങ്ങനെ ചെയ്യുന്നത്. 'അവിശ്വാസിയായ ഭർത്താവ്ഭാര്യമുഖേനയുംഅവിശ്വാസിനിയായഭാര്യഭർത്താവുമുഖേനയും വിശുദ്ധീകരിക്കപ്പെടുന്നു' (1 കോറി 7:14).



229. ഇടവകകൾക്കും പ്രസ്ഥാനങ്ങൾക്കും സ്കൂളുകൾക്കും മറ്റു സഭാസ്ഥാപനങ്ങൾക്കും വിവിധരീതികളിൽ കുടുംബങ്ങളെ പിന്താങ്ങുവാനും അവയുടെ വളർച്ചയിൽ സഹായിക്കാനും സാധിക്കും. താഴെപ്പറയുന്നയെല്ലാം അതിൽ ഉൾപ്പെടുന്നു: അയൽപക്കങ്ങളിൽ ജീവിക്കുന്ന ദമ്പതികളുടെ സമ്മേളനം, ദമ്പതികൾക്കു വേണ്ടിയുള്ള ലഘുധ്യാനങ്ങൾ, കുടുംബങ്ങൾ നേരിടുന്ന വസ്തുനിഷ്ഠമായ പ്രശ്നങ്ങളെക്കുറിച്ചു വിദഗ്ധർ നടത്തുന്ന പ്രഭാഷണങ്ങൾ, വിവാഹസംബന്ധമായ കൗൺസിലിങ്, ദമ്പതികൾ അവരുടെ പ്രയാസങ്ങളും ആഗ്രഹങ്ങളും ചർച്ച ചെയ്യാൻ സഹായിക്കുന്ന കുടുംബപ്രേഷിതർ, മദ്യാസക്തി, അവിശ്വസ്തത, കുടുംബങ്ങളിലെ അക്രമങ്ങൾ എന്നിങ്ങനെയുള്ള കുടുംബപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന സാമൂഹിക സേവനങ്ങൾ, ആധ്യാത്മിക വളർച്ചയ്ക്കുള്ള കർമ്മപരിപാടികൾ, പ്രശ്നക്കാരായ കുട്ടികളുള്ള മാതാപിതാക്കൾക്കു വേണ്ടിയുള്ള വർക്ക്ഷോപ്പുകൾ. കുടുംബങ്ങളുടെ ആവശ്യങ്ങളെ സഹായപൂർവകമായും സംവേദനപരമായും കൈകാര്യം ചെയ്യാൻ ഇടവകയുടെ കാര്യാലയം തയ്യാറായിരിക്കണം. അത്യാവശ്യമുള്ളപ്പോൾ സഹായിക്കാൻ കഴിവുള്ളവർക്ക് നിർദേശം നല്കാനും കഴിയണം. വിവാഹിതരായ ദമ്പതികളുടെ ഗ്രൂപ്പുകൾ നല്കുന്ന സംഭാവനയുമുണ്ട്. സേവനം, പ്രാർത്ഥന, പരിശീലനം പരസ്പരസഹായം എന്നിവയോടുള്ള തങ്ങളുടെ സമർപ്പണത്തിന്റെ ഭാഗമായി അവർ സഹായം നല്കുന്നു. ഉദാരതയുള്ളവരായിരിക്കാനും മറ്റു കുടുംബങ്ങളെ സഹായിക്കാനും വിശ്വാസം പങ്കുവയ്ക്കാനും അത്തരം ഗ്രൂപ്പുകൾ ദമ്പതികളെ സഹായിക്കുന്നു. അതേസമയം അവർ വിവാഹങ്ങളെ ശക്തിപ്പെടുത്തുകയും അവയെ വളരാൻ സഹായിക്കുകയും ചെയ്യും.

230. അനേകം ദമ്പതികൾ ഒരിക്കൽ വിവാഹം കഴിഞ്ഞാൽ ക്രൈസ്തവസമൂഹത്തിൽ നിന്ന് പുറത്തുപോകുന്നു. എന്നാൽ അവർ തിരിച്ചുവരുമ്പോൾ ക്രൈസ്തവ വിവാഹമെന്ന മനോഹരമായ ആദർശത്തെക്കുറിച്ച് അനുസ്മരിപ്പിക്കാനും നമ്മുടെ ഇടവകകൾക്കു അവർക്കു നല്കാൻ കഴിയുന്ന പിന്തുണയെപ്പറ്റി ഓർമ്മിപ്പിക്കാനും ലഭിക്കുന്ന അവസരങ്ങൾ നാം ഉപയോഗപ്പെടുത്തുന്നില്ല. ഉദാഹരണമായി താഴെപ്പറയുന്ന സന്ദർഭങ്ങൾ ഞാൻ ഓർമ്മിക്കുന്നു: അവരുടെ കുട്ടികളുടെ മാമ്മോദീസയും ആദ്യകുർബാനസ്വീകരണവും അല്ലെങ്കിൽ അവരുടെ ബന്ധുക്കളുടെയോ സുഹൃത്തുക്കളുടെയോ മൃതസംസ്കാരചടങ്ങുകൾ അല്ലെങ്കിൽ വിവാഹാഘോഷങ്ങൾ. വിവാഹിതരായ മിക്ക ദമ്പതികളും ഈ സന്ദർഭങ്ങളിൽ വീണ്ടും പ്രത്യക്ഷപ്പെടും. ഇതിൽ നിന്നു നാം കൂടുതൽ വലിയ നേട്ടമുണ്ടാക്കണം. കൂടുതൽ അടുപ്പം വളർത്താനുള്ള മറ്റൊരു വഴി വീടുവെഞ്ചരിപ്പോ അയൽപ്രദേശങ്ങളിലുള്ള വീടുകളിലേക്ക് കന്യകാമറിയത്തിന്റെ തീർത്ഥാടനസ്വരൂപംകൊണ്ടു ചെല്ലലുമൊക്കെയാണ്. കുടുംബത്തിന്റെ അവസ്ഥയെ

ക്കുറിച്ച് അജപാലനപരമായി സംഭാഷണം നടത്താൻ ഇത് അവസരം നല്കും. അയൽപക്കത്തുള്ള യുവദമ്പതികളെ സന്ദർശിച്ചുകൊണ്ടും വിവാഹത്തിന്റെ ആദ്യവർഷങ്ങളിൽ അവർക്ക് മാർഗനിർദേശം നല്കിക്കൊണ്ടും സഹായിക്കാൻ പ്രായമുള്ള വിവാഹിതരായ ദമ്പതികളോട് ആവശ്യപ്പെടുന്നതും ഉപകാരപ്രദമാണ്. ഇന്നത്തെ ജീവിതത്തിന്റെ തിരക്കുമൂലം മിക്ക ദമ്പതികൾക്കും കൂടെക്കൂടെയുള്ള സമ്മേളനങ്ങളിൽ സംബന്ധിക്കാൻ കഴിയുന്നില്ല. എന്നാലും ചെറിയ ഗ്രൂപ്പുകളിലേക്കും അജപാലനപരമായിട്ടുള്ള നമ്മുടെ എത്തിച്ചേരൽ കുറയ്ക്കാൻ പാടില്ല. ഇക്കാലത്ത് കുടുംബങ്ങൾക്കുവേണ്ടിയുള്ള അജപാലന ശുശ്രൂഷ മൗലികമായി പ്രേഷിതത്ത്വപരമായിരിക്കണം. ജനങ്ങൾ എവിടെയാണോ അങ്ങോട്ടു പോയിക്കൊണ്ട് അങ്ങനെ ചെയ്യണം. നമുക്ക് ഇനിമേലിൽ കോഴ്സുകൾ ചവച്ചരച്ചുകൊണ്ടിരിക്കുന്ന ഫാക്ടറികളായിരിക്കാൻ സാധ്യമല്ല. അത്തരം കോഴ്സുകളിൽ മിക്കപ്പോഴും വളരെ കുറച്ച് ആളുകളേ പങ്കെടുക്കുന്നുള്ളു.

## വിഷമസന്ധികളിലും ആകുലതകളിലും പ്രയാസങ്ങളിലും വെളിച്ചം

231. ആരുടെ സ്നേഹം നല്ല വീഞ്ഞുപോലെ തനിമയിലെത്തിച്ചേർന്നിട്ടുണ്ടോ അവരെപ്പറ്റിയും ഒരു വാക്കു പറയേണ്ടിയിരിക്കുന്നു. നല്ല വീഞ്ഞ് കാലക്രമത്തിൽ 'ശ്വസിക്കാൻ' തുടങ്ങുന്നു. അതുപോലെ വിശ്വസ്തതയുടെ അനുദിനാനുഭവം വിവാഹജീവിതത്തിനും സമ്പന്നതയും 'ശരീരവും' നല്കുന്നു. ക്ഷമയും കാത്തിരിപ്പും വിശ്വസ്ഥതയുടെ ഭാഗങ്ങളാണ്. വർഷങ്ങൾ കഴിയുന്തോറും സന്തോഷങ്ങളും ത്യാഗങ്ങളും ഫലം പുറപ്പെടുത്തുന്നു. ദമ്പതികൾ തങ്ങളുടെ മക്കളുടെ മക്കളെ കണ്ട് സന്തോഷിക്കുന്നു. ആരംഭം മുതൽ സന്നിഹിതമായിരിക്കുന്ന സ്നേഹം ദിവസങ്ങൾതോറും വർഷങ്ങൾതോറും ദമ്പതികൾ പുതുതായി കണ്ടെത്തുമ്പോൾ കൂടുതൽ ബോധപൂർവകവും സുസ്ഥിരവും പക്വവുമായിത്തീരുന്നു. കുരിശിന്റെ വിശുദ്ധ യോഹന്നാൻ നമ്മോടു പറയുന്നതുപോലെ 'പഴയ സ്നേഹിതർ പരീക്ഷിക്കപ്പെട്ടവരും യഥാർത്ഥ സുഹൃത്തുക്കളുമാണ്.' അവർ ബാഹ്യമായി ശക്തമായ വികാരങ്ങൾകൊണ്ടും പ്രചോദനങ്ങൾകൊണ്ടും കത്തിജ്വലിക്കുന്നവരല്ല. എന്നാൽ ഇപ്പോൾ അവർ സ്നേഹമാകുന്ന വീഞ്ഞിന്റെ മാധുര്യം ആസ്വദിക്കുന്നു. ആ സ്നേഹം നന്നായി വളർച്ച നേടിയതും അവരുടെ ഹൃദയങ്ങളുടെ അഗാധതയിൽ സംഭരിക്കപ്പെട്ടതുമാണ്.'[253] അത്തരം ദമ്പതികൾ വിഷമസന്ധികളിൽ നിന്നും ക്ലേശങ്ങളിൽ നിന്നും വെല്ലുവിളികളിൽ നിന്നും ഓടിപ്പോകാതെ - പ്രശ്നങ്ങളെ ഒളിച്ചുവയ്ക്കാതെ, വിജയപൂർവം വിഷമസന്ധികളെയും ക്ലേശങ്ങളെയും തരണം ചെയ്തിട്ടുണ്ട്.



## വിഷമസന്ധികൾ ഉയർത്തുന്ന വെല്ലുവിളികൾ

232. ഓരോ കുടുംബവും എല്ലാത്തരം വിഷമസന്ധികളാലും മുദ്രിതമാണ്. എന്നാലും അവ കുടുംബത്തിന്റെ നാടകീയ സൗന്ദര്യത്തിന്റെ ഭാഗവുമാണ്. വിഷമസന്ധിയെ കീഴടക്കാനുള്ള പരിശ്രമം ബന്ധത്തെ ദുർബലപ്പെടുത്തില്ലെന്ന് മനസ്സിലാക്കാൻ ദമ്പതികളെ സഹായിക്കണം. ദുർബലപ്പെടുത്തുന്നതിനു പകരം അവരുടെ ഐക്യമായ വീഞ്ഞിനെ മെച്ചപ്പെടുത്താനും സുസ്ഥിരമാക്കാനും പക്വതയിലെത്തിക്കാനും വിഷമസന്ധിക്കു കഴിയും. ഒന്നിച്ചുള്ള ജീവിതം അവരുടെ സംതൃപ്തിയെ കുറയ്ക്കരുത്, പിന്നെയോ വർധിപ്പിക്കണം. ജീവിതപാതയിലെ ഓരോ അടിയും സന്തോഷിക്കാനുള്ള പുതിയ വഴികൾ കണ്ടെത്താൻ ദമ്പതികളെ സഹായിക്കാൻ കഴിവുള്ളതാണ്. ഓരോ വിഷമസന്ധിയും കൂടുതലായി ഒന്നിക്കുന്നതിൽ വളരാനോ അല്ലെങ്കിൽ വിവാഹിതരാവുകയെന്നതിന്റെ അർത്ഥത്തെപ്പറ്റി കൂടുതൽ പഠിക്കാനോ ഉള്ള പരിശീലനമായിത്തീരുന്നു. ദമ്പതികൾ അനിവാര്യമായ ഒരു അധോഗമനത്തിനോ സഹനീയമായ ഇടത്തരാവസ്ഥയ്ക്കോ കീഴടങ്ങേണ്ടതില്ല. നേരെ മറിച്ച്, വിവാഹം തടസ്സങ്ങളെ കീഴടക്കേണ്ടി വരുന്ന ഒരു വെല്ലുവിളിയായി കാണപ്പെടുമ്പോൾ ഓരോ വിഷമസന്ധിയും അവരുടെ ബന്ധമാകുന്ന വീഞ്ഞ് മൂക്കാനും മെച്ചപ്പെടാനും അനുവദിക്കാനുള്ള ഒരു അവസരമായിത്തീരുന്നു. വിഷമസന്ധികളെ നേരിടുന്നതിലും വെല്ലുവിളികളെ കണ്ടുമുട്ടുന്നതിലും അവയെ കുടുംബജീവിതത്തിന്റെ ഭാഗമായി അംഗീകരിക്കുന്നതിലും ദമ്പതികൾ സ്വീകരിക്കുന്ന സഹായം അവർക്കു നേട്ടമായി മാറുന്നു. അനുഭവജ്ഞാനമുള്ളവരും പരിശീലനം ലഭിച്ചവരുമായ ദമ്പതിമാർ മാർഗനിർദേശം നല്കാൻ സന്നദ്ധരായിരിക്കണം. ദമ്പതികൾ വിഷമസന്ധികൾമൂലം തളരാതിരിക്കാൻ അല്ലെങ്കിൽ ധൃതിപിടിച്ച് തീരുമാനങ്ങളെടുക്കുന്നതിന് പ്രലോഭിപ്പിക്കപ്പെടാതിരിക്കാൻ വേണ്ടിയാണത്. ഓരോ വിഷമസന്ധിക്കും നമ്മെ പഠിപ്പിക്കാൻ ഒരു പാഠമുണ്ട്. ഹൃദയത്തിന്റെ ചെവികൊണ്ട് അതു ശ്രദ്ധിച്ചു കേൾക്കേണ്ടതെങ്ങനെയെന്ന് നമ്മൾ പഠിക്കണം.

233. വിഷമസന്ധിയെ നേരിടുമ്പോൾ നാം ആദ്യം സ്വരക്ഷയ്ക്കായി പ്രതികരിക്കാനുള്ള പ്രവണത കാണിക്കും. കാരണം, നമ്മുടെ നിയന്ത്രണം നഷ്ടപ്പെടുകയാണെന്നു നമുക്കു തോന്നുന്നു. അല്ലെങ്കിൽ തെറ്റുപറ്റിയെന്നു തോന്നുകയും അതു നമ്മെ അസ്വസ്ഥരാക്കുകയും ചെയ്യുന്നു. നമ്മൾ പ്രശ്നത്തെ നിഷേധിക്കാനോ മറച്ചുവയ്ക്കാനോ നിസ്സാരമായി കരുതാനോ ശ്രമിക്കുന്നു. അത് അകന്നുപോകുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. പക്ഷേ ഇത് സഹായകമാകുകയില്ല. അത് കാര്യങ്ങളെ കൂടുതൽ മോശമാക്കുകയേ ഉള്ളൂ. ഊർജ്ജത്തെ നഷ്ടപ്പെടുത്തുകയും പരിഹാരമുണ്ടാകാൻ താമസിക്കുകയും ചെയ്യുന്നു. ദമ്പതികൾ അകന്നു നിന്നു വളരുന്നു.

ആശയവിനിമയം ചെയ്യാനുള്ള അവരുടെ കഴിവ് നഷ്ടപ്പെടുന്നു. പ്രശ്നങ്ങൾ കൈകാര്യം ചെയ്യപ്പെട്ടില്ലെങ്കിൽ ആശയ വിനിമയമാണ് ആദ്യം പോകുന്നത്. 'ഞാൻ സ്നേഹിക്കുന്ന വ്യക്തി' ക്രമേണ 'എന്റെ ജീവിത സഖി' ആയിത്തീരും. പിന്നീട് 'എന്റെ മക്കളുടെ അപ്പൻ, അല്ലെങ്കിൽ അമ്മ' ആയിത്തീരും. അവസാനം ഒരു അപരിചിതൻ അല്ലെങ്കിൽ അപരിചിത ആയിത്തീരും.

234. വിഷമസന്ധികളെ ഒന്നിച്ചു നേരിടണം. ഇതു പ്രയാസമുള്ള കാര്യമാണ്. കാരണം, തങ്ങൾക്ക് പറയണമെന്ന് തോന്നുന്നത് എന്താണെന്ന് പറയാതിരിക്കാൻ ചില ആളുകൾ മടികാണിക്കും. ദാഹിക്കുന്ന നിശ്ശബ്ദതയിലേക്ക് അവർ പിന്മാറുന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഹൃദയങ്ങൾ തമ്മിൽ സംസാരിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയെന്നത് കൂടുതൽ പ്രധാനപ്പെട്ട കാര്യമായിത്തീരുന്നു. ദമ്പതികൾ ഇങ്ങനെ ചെയ്യാൻ പഠിച്ചില്ലെങ്കിൽ അവർക്ക് അതു കൂടുതൽ കൂടുതൽ പ്രയാസമുള്ള കാര്യമായിത്തീരും. ആശയവിനിമയം സമാധാനത്തിന്റെ നിമിഷങ്ങളിൽ പഠിക്കുന്നതും പ്രയാസത്തിന്റെ നിമിഷങ്ങളിൽ പ്രയോഗിക്കേണ്ടതുമായ കലയാണ്. ദമ്പതികൾ അവരുടെ അത്യഗാധമായ ചിന്തകളെയും വികാരങ്ങളെയും കണ്ടെത്താനും അവയെ പ്രകാശിപ്പിക്കാനും സഹായിക്കപ്പെടണം. പ്രസവം പോലെ വേദനാജനകമായ ഒരു പ്രക്രിയയാണിത്. അത് പുതിയൊരു നിധിപ്രദാനം ചെയ്യും. സിനഡിനു മുമ്പുണ്ടായ ആലോചനയ്ക്ക് നല്കപ്പെട്ട മറുപടികൾ ഒരു കാര്യം വ്യക്തമാക്കി. മിക്കവരും പ്രയാസകരമോ നിർണായകരമോ ആയ സാഹചര്യങ്ങളിൽ അജപാലന സഹായം തേടുന്നില്ലെന്നതാണ് ആ കാര്യം. അജപാലനസഹായം സഹതാപമുള്ളതോ യാഥാർത്ഥ്യബോധമുള്ളതോ വ്യക്തികളുടെ കാര്യങ്ങളിൽ താത്പര്യമുള്ളതോ ആയി അവർ കാണുന്നില്ലെന്നതാണ് അതിന്റെ കാരണം. വിവാഹസംബന്ധമായ വിഷമസന്ധികളെ അതിന്റെ മുറിപ്പെടുത്തലിന്റെ ഭാരത്തോടും ആകുലതയോടും കൂടുതൽ സംവേദകത്വമുള്ളവരായി സമീപിക്കാൻ ഈ വസ്തുത നമ്മെ പ്രചോദിപ്പിക്കണം.

235. ചില വിഷമസന്ധികൾ മിക്കവിവാഹത്തെ സംബന്ധിച്ചും ഉണ്ടാകുന്നവയാണ്. പുതുതായി വിവാഹം ചെയ്ത ദമ്പതികൾ അവരുടെ വ്യത്യാസങ്ങളെ എങ്ങനെ സ്വീകരിക്കാമെന്നും അവരുടെ മാതാപിതാക്കളുമായുള്ള ഇടപെടലുകൾ എങ്ങനെ കുറയ്ക്കാമെന്നും പഠിക്കണം. ശിശുവിന്റെ വരവ് പുതിയ വൈകാരിക വെല്ലുവിളികളെ ഉണർത്തുന്നു. കൊച്ചുകുട്ടികളെ വളർത്തുന്നതിന് ജീവിതശൈലിയുടെ മാറ്റം അത്യന്താപേക്ഷിതമാണ്. കൗമാരപ്രായത്തിന്റെ വരവ് മാനസിക സംഘർഷവും മനോഭംഗവും മാതാപിതാക്കൾ തമ്മിലുള്ള സംഘർഷംപോലും ഉളവാക്കുന്നു. അവരുടെ ബന്ധത്തിനു പുനർനിർവചനം നല്കാൻ 'ശൂന്യമായ കൂട്' കടപ്പെടുത്തുന്നു. അതേ സമയം വാർധക്യത്തിലെത്തുന്ന മാതാപിതാക്കളെ ശുശ്രൂ



ഷിക്കുകയെന്ന ആവശ്യം അവരെപ്പറ്റി പ്രയാസമുള്ള തീരുമാനങ്ങളെടുക്കാൻ പ്രേരിപ്പിക്കുന്നു. ഇവയെല്ലാം ത്യാഗം ആവശ്യപ്പെടുന്ന സാഹചര്യങ്ങളാണ്. ഇവ ഭയവും കുറ്റബോധവും തകർച്ചയും തളർച്ചയും ഉത്പാദിപ്പിക്കും. ഇവയെല്ലാം വിവാഹത്തിൻമേൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

236. ഇനി ദമ്പതികളുടെ ജീവിതത്തെ ബാധിക്കുന്ന വ്യക്തിപരമായ വിഷമസന്ധികളുണ്ട്. സാമ്പത്തികത, തൊഴിൽ സ്ഥലത്തെ പ്രശ്നങ്ങൾ, വൈകാരികവും സാമൂഹികവും ആധ്യാത്മികവുമായ പ്രശ്നങ്ങൾ എന്നിവ അതിൽപ്പെടുന്നു. അപ്രതീക്ഷിത സാഹചര്യങ്ങൾ പ്രത്യക്ഷപ്പെടുന്നു. കുടുംബജീവിതത്തെ അത് താറുമാറാക്കുന്നു. ക്ഷമിക്കലിന്റെയും അനുരഞ്ജനത്തിന്റെയും ഒരു പ്രക്രിയ അതിന് ആവശ്യമുണ്ട്. ഓരോ വ്യക്തിയും മറ്റേ വ്യക്തിയോട് ക്ഷമിക്കാൻ ആത്മാർത്ഥമായി ശപഥം ചെയ്യണം. എന്നിട്ട് തെറ്റുകളിലേക്കു നയിച്ച സ്ഥിതി വിശേഷണങ്ങൾ താൻ എങ്ങനെയെങ്കിലും സൃഷ്ടിച്ചിട്ടുണ്ടോയെന്ന് ശാന്തതയോടും വിനയത്തോടും കൂടി ചോദിക്കണം. പരസ്പരം വാദിയെ പ്രതിയാക്കൽ പ്രക്രിയയിൽ ദമ്പതിമാർ എർപ്പെടുമ്പോൾ ചില കുടുംബങ്ങൾ തകരുന്നു. എന്നാൽ 'അനുഭവം വ്യക്തമാക്കുന്ന ഒരു വസ്തുതയുണ്ട്. അതായത്, ശരിയായ സഹായത്തിന്റെയും അനുരഞ്ജന പ്രവർത്തനങ്ങളുടെയും സഹായത്താൽ, ദൈവകൃപയിലൂടെ തൃപ്തികരമായ വിധത്തിൽ പരിഹാരം കണ്ടെത്താൻ പ്രശ്നസങ്കീർണമായ വിവാഹങ്ങളിൽ വലിയൊരു ശതമാനത്തിനും സാധ്യമാണ്. എങ്ങനെ ക്ഷമിക്കാമെന്ന് അറിയുകയും ക്ഷമിക്കപ്പെട്ടുവെന്നു എങ്ങനെ തോന്നാമെന്ന് അറിയുകയും ചെയ്യുകയെന്നത് കുടുംബജീവിതത്തിലെ ഒരു മൗലികാനുഭവമാണ്.'[254] 'കൃപാവരത്തിന്റെ പിന്തുണ ആവശ്യമുള്ള അനുരഞ്ജനമെന്ന ക്ലേശകരമായ കല ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും ഉദാരതാപൂർണമായ സഹകരണം ആവശ്യപ്പെടുന്നു. ചിലപ്പോൾ അത് പുറമേ നിന്നുള്ള സഹായവും വിദഗ്ധരുടെ സഹായവും ആവശ്യപ്പെടുന്നുണ്ട്.'[255]

237. ദമ്പതികളിൽ ഒരാൾക്കോ രണ്ടുപേർക്കോ തൃപ്തി തോന്നാതിരിക്കുകയോ തങ്ങൾ വിചാരിച്ചതുപോലെ കാര്യങ്ങൾ നടക്കുന്നില്ലെന്നു തോന്നുകയോ ചെയ്താൽ അത് വിവാഹബന്ധം ഉപേക്ഷിക്കാനുള്ള പര്യാപ്തമായ കാരണമാണെന്ന വിചാരം കൂടുതൽ കൂടുതൽ പൊതുവായിത്തീരുന്നു. അങ്ങനെ യാണെങ്കിൽ ഒരു വിവാഹവും നിലനില്ക്കുകയില്ല. ചിലപ്പോൾ എല്ലാം കഴിഞ്ഞുവെന്നു നിശ്ചയിക്കുന്നത് ഒരു സംഭവത്തിന്റെ പേരിലായിരിക്കും: അതൃപ്തി, ഏറ്റവും കൂടുതൽ ആവശ്യമായിരുന്ന സമയത്തുണ്ടായ അസാന്നിധ്യം, മുറിവേല്ക്കപ്പെട്ട അഹങ്കാരം, അല്ലെങ്കിൽ അവ്യക്തമായ ഭീതി. മാനുഷിക ദൗർബല്യത്തിൽ നിന്നുള്ള സാഹചര്യങ്ങൾ അനിവാര്യമായി ഉണ്ടാകും. അവ വൈകാരികമായി

കീഴടക്കുന്നവയായിരിക്കുകയും ചെയ്യും. താൻ പൂർണമായി വിലമതി ക്കപ്പെടുന്നില്ലെന്ന് ഒരാൾക്കു തോന്നാം. അല്ലെങ്കിൽ ഒരാൾക്ക് മൂന്നാമത് ഒരാളോട് ആകർഷണം തോന്നാം. അസൂയയും സംഘർഷങ്ങളുമുണ്ടാ കാം. ജീവിത പങ്കാളിയുടെ സമയവും ശ്രദ്ധയും തിന്നുതീർക്കുന്നതാത പര്യങ്ങളുമുണ്ടാകാം. ശാരീരിക പരിവർത്തനങ്ങൾ ഓരോ വ്യക്തിയിലും ഉണ്ടാകും. ഇവയും ഇവയെപ്പോലുള്ള മറ്റ് അനേകം കാര്യങ്ങളും സ്നേ ഹത്തെ ഭീഷണിപ്പെടുത്താതെ അതിനെ പുനരുജ്ജീവിപ്പിക്കാനും നവീക രിക്കാനുമുള്ള അനേകം സന്ദർഭങ്ങളായിത്തീരുകയാണു ചെയ്യുന്നത്.

238. അത്തരം സാഹചര്യങ്ങളിൽ, ബന്ധത്തിൽ പരിമിതികളുണ്ടെ ങ്കിലും, അപരവ്യക്തിയെ ജീവിതയാത്രയിലെ പങ്കാളിയായി കരുതുന്ന തിര ഞ്ഞെടുപ്പ് ഉറപ്പിച്ചു പറയാൻ ആവശ്യമായ പക്വത ചിലർക്കുണ്ട്. താൻ മനസ്സിൽ ലാളിക്കുന്ന സകല സ്വപ്നങ്ങളും നിറവേറ്റാൻ പങ്കാളിക്കു കഴി യുകയില്ലെന്ന് അവർ യാഥാർത്ഥ്യബോധത്തോടെ അംഗീകരിക്കുന്നു. തങ്ങൾ രക്തസാക്ഷികളാണെന്ന ചിന്ത ഇത്തരം ആളുകൾ ഒഴിവാക്കുന്നു; കുടുംബജീവിതം നല്കുന്ന ഏതുസാധ്യതയും അവർ മുതലാക്കുന്നു. വിവാഹോടമ്പടിയെ ശക്തിപ്പെടുത്തുന്നതിന് ക്ഷമാപൂർവം അധ്വാനിക്കു കയും ചെയ്യുന്നു. ഓരോ വിഷമസന്ധിക്കും ഒരു 'അതേ' ആയിരിക്കാൻ കഴിയുമെന്ന് ഒടുവിൽ അവർ മനസ്സിലാക്കുന്നു. ആ സമ്മതം സ്നേഹത്തെ നവീകരിക്കാനും ആഴപ്പെടുത്താനും ആന്തരികമായി ശക്തിപ്പെടുത്താനും കഴിവു നല്കും. വിഷമസന്ധികൾ ഉണ്ടാകുമ്പോൾ അവയുടെ വേരുക ണ്ടെത്താനും മൗലികവ്യവസ്ഥകളെകുറിച്ചും വീണ്ടും കൂടിയാലോചി ക്കാനും പുതിയ സന്തുലിതാവസ്ഥ നേടാനും ഒന്നിച്ചുമുന്നോട്ടുപോകാനും അവർക്കു ഭയമില്ല. ഇത്തരം സ്ഥിരമായ തുറവിയോടെ പ്രശ്നസങ്കീർണ മായ എത്ര സാഹചര്യങ്ങളെയും നേരിടാൻ അവർക്കു കഴിയും. ഏതു കാര്യത്തിലും അനുരഞ്ജനം ഒരു സാധ്യതയാണെന്ന് നാം മനസ്സിലാക്കു ന്നു. കൂടുതെ ഒരു വസ്തുത കൂടി നാം മനസിലാക്കുന്നു. അതായത് 'വിവാ ഹബന്ധം തകർന്നവരെ പരിചരിക്കാൻ ഒരു ശുശ്രൂഷാസംവിധാനം ഇന്ന് അടിയന്തിരമായി ആവശ്യമുണ്ട്.'[256]

## പഴയ മുറിവുകൾ

239. മുമ്പുണ്ടായ അനുഭവങ്ങളുടെ വ്രണം വഹിക്കുന്നതുകൊണ്ട് കുടുംബങ്ങളിൽ ഒരാൾ വൈകാരികമായി പക്വത പ്രാപിക്കാതിരിക്കുന്നതു കൊണ്ടുള്ള പ്രശ്നങ്ങൾ കുടുംബങ്ങൾ മിക്കപ്പോഴും അനുഭവിക്കുന്നു ണ്ടെന്നത് മനസിലാക്കാവുന്നതാണ്. സന്തോഷപ്രദമല്ലാത്ത ശൈശവമോ കൗമാരപ്രായമോ വ്യക്തിപരമായ വിഷമസന്ധികളെ ഉത്പാദിപ്പിക്കും. അവ വിവാഹത്തെ ബാധിക്കുകയും ചെയ്യും. എല്ലാവരും പക്വതയും സ്വാഭാവിക



തയുമുള്ളവരാണെങ്കിൽ വിഷമസന്ധികൾ കൂടെക്കൂടെ ഉണ്ടാകാതിരിക്കും, അല്ലെങ്കിൽ അവ സൃഷ്ടിക്കുന്ന വേദന കുറഞ്ഞിരിക്കും. കൗമാര പ്രായത്തിന്റെ അവസാനഘട്ടത്തിൽ ഉണ്ടാകേണ്ടിയിരുന്ന പക്വത ചിലർ പ്രാപിക്കുന്നത് നാല്പതോളം വയസ്സാകുമ്പോഴാണെന്നതാണു വസ്തുത. ചിലർ സ്നേഹിക്കുന്നത് ഒരു ശിശുവിന്റെ സ്വാർത്ഥതയുള്ള മാനസിക ദൗർബല്യത്തോടും സ്വാർത്ഥ തത്പരതയോടും കൂടിയ സ്നേഹം കൊണ്ടാണ്: അത് തൃപ്തിപ്പെടുത്താനാവാത്ത സ്നേഹമാണ്. അത് ആവശ്യപ്പെടുന്നതു ലഭിക്കാതെ വരുമ്പോൾ ആക്രോശിക്കുകയോ വില പിക്കുകയോ ചെയ്യുന്നു. ചിലർ കൗമാരപ്രായത്തിലെ സ്നേഹംകൊണ്ടു സ്നേഹിക്കുന്നു. അത് ശത്രുത, കടുത്ത വിമർശനം മറ്റുള്ളവരെ കുറ്റപ്പെടു ത്തുകയെന്ന ആവശ്യം എന്നിവയിൽ മുദ്രിതമാണ്. അവർ സ്വന്തം വികാര ങ്ങളിലും ഭാവനകളിലും കുടുങ്ങിക്കിടക്കുന്നു. മറ്റുള്ളവർ തങ്ങളുടെ ശൂന്യത നിറയ്ക്കണമെന്നും തങ്ങളുടെ സകല ആഗ്രഹങ്ങളും അവർ തൃപ് തിപ്പെടുത്തണമെന്നും ആഗ്രഹിക്കുന്നു.

240. അനേകർ വ്യവസ്ഥാതീതമായ സ്നേഹം ഒരിക്കലും അനുഭവിക്കാ നാവാതെ ശൈശവത്വം പിന്നിടുന്നു. ഇത് വിശ്വസിക്കാനുള്ള അവരുടെ കഴിവിനെയും മറ്റുള്ളവരോടുള്ള തുറവിയെയും ബാധിക്കുന്നു. വളർച്ച യിൽ മാതാപിതാക്കളോടും ശിശുക്കളോടുമുള്ള ബന്ധം അപര്യാപ്ത മായിരുന്നെങ്കിൽ അതും, ശ്രദ്ധിക്കപ്പെടണം. അല്ലെങ്കിൽ അത് വീണ്ടും ഉയർന്നുവരികയും വിവാഹജീവിതത്തെ ദ്രോഹിക്കുകയും ചെയ്യും. പരി ഹരിക്കപ്പെടാത്ത വിഷയങ്ങളെ കൈകാര്യം ചെയ്യണം. വിമോചന പ്രക്രിയ നടക്കുകയും വേണം. വിവാഹജീവിതത്തിൽ പ്രശ്നങ്ങൾ ഉരുത്തിരി യുമ്പോൾ, സുപ്രധാന തീരുമാനങ്ങൾ സ്വീകരിക്കുന്നതിനുമുമ്പ് പ്രധാന പ്പെട്ട ഒരു കാര്യം ചെയ്യാനുണ്ട്. ദമ്പതികളിൽ ഓരോ വ്യക്തിയും തന്റെ ചരിത്രത്തെ മുറുകെപ്പിടിക്കുന്നുവെന്നു ഉറപ്പുവരുത്തണം. അതിന് സുഖ പ്പെടുത്തൽ, ക്ഷമിക്കാനും ക്ഷമിക്കപ്പെടാനുമുള്ള കൃപാവരത്തിനായുള്ള പ്രാർത്ഥന, സഹായം സ്വീകരിക്കാനുള്ള സന്മനസ്സ്, പരിശ്രമം ഉപേക്ഷി ക്കാതെ തുടർന്നു പരിശ്രമിച്ചുകൊണ്ടിരിക്കൽ എന്നിവ ആവശ്യമാണെന്ന് അംഗീകരിക്കണം. ആത്മാർത്ഥമായ ആത്മപരിശോധന നടക്കണം. ഒരു വന്റെ കുറവുകളും അപക്വതയും ബന്ധത്തെ എങ്ങനെ ബാധിക്കുന്നു വെന്ന് കാണാനുള്ള സാധ്യത അതു നല്കും. മറ്റേ വ്യക്തി കുറ്റമുള്ള വ്യക്തിയാണെന്നതു തീർച്ചയാണെന്നു തോന്നിയാലും ആ വ്യക്തിക്കു മാറ്റം വരുമെന്ന പ്രതീക്ഷകൊണ്ടു മാത്രം വിഷമസന്ധിയെ അതിജീവി ക്കാനാവുകയില്ല. സംഘർഷം പരിഹരിക്കുന്നതിനു നമ്മുടെ തന്നെ ജീവി തത്തിൽ എന്താണു വളരേണ്ടത് അല്ലെങ്കിൽ സുഖപ്പെടുത്തേണ്ടത് എന്നു കൂടി നമ്മൾ ചോദിക്കണം.

## തകർച്ചയ്ക്കും വിവാഹമോചനത്തിനും ശേഷമുള്ള സഹഗമനം

241. ചില സംഭവങ്ങളിൽ സ്വന്തം മഹത്ത്വത്തോടുള്ള ആദരവും കുട്ടികളുടെ നന്മയും ആവശ്യപ്പെടുന്നത് അമിതമായ ആവശ്യങ്ങൾക്കു കീഴടങ്ങാതിരിക്കുക അല്ലെങ്കിൽ ഗൗരവപൂർണമായ ഒരു അനീതി അക്രമം അഥവാ സ്ഥിരമായിട്ടുള്ള മോശമായ പെരുമാറ്റം എന്നിവയ്ക്കു കീഴടങ്ങാതിക്കുക എന്നാണ്. അങ്ങനെയുള്ള സാഹചര്യങ്ങളിൽ 'വേർപെടുത്തൽ അനിവാര്യമായിത്തീരുന്നു. ചിലപ്പോൾ അത് ധാർമ്മികമായി അത്യന്താപേക്ഷിതമായിത്തീരുന്നു. ദുരുപയോഗം, അക്രമം എന്നിവ മൂലമുള്ള ഗൗരവപൂർണമായ ദ്രോഹത്തിൽ നിന്നും തരം താഴ്ത്തലിൽ നിന്നും ചൂഷണത്തിൽ നിന്നും അവഗണനയിൽ നിന്നും നിസ്സംഗതയിൽ നിന്നും വേർപെടുത്തൽ ധാർമ്മികമായി അത്യന്താപേക്ഷിതമായിത്തീരുന്നു.'[257] എന്നാലും 'വേർപെടുത്തൽ അവസാനത്തെ ആശ്രയമായി കരുതപ്പെടണം. അനുരഞ്ജനത്തിനുള്ള യുക്തിപൂർവകമായ മറ്റെല്ലാ പരിശ്രമങ്ങളും വൃഥാവിലായെന്നു തെളിയിക്കപ്പെടുമ്പോൾ മാത്രം ചെയ്യേണ്ട ഒന്നായി കരുതപ്പെടണം.'[258]

242. സിനഡുപിതാക്കന്മാർ ഇങ്ങനെ നിരീക്ഷിച്ചു: 'വേർപിരിഞ്ഞു കഴിയുകയോ വിവാഹമോചിതരാകുകയോ പരിത്യജിക്കപ്പെടുകയോ ചെയ്തവർക്കു നല്കുന്ന അജപാലനശുശ്രൂഷയെ സംബന്ധിച്ച് സവിശേഷമായ വിവേചിച്ചറിയൽ അനുപേക്ഷണീയമാണ്. ഒന്നിച്ചുള്ള ജീവിതം നിറുത്താൻ ഭർത്താവിൽ നിന്നോ ഭാര്യയിൽ നിന്നോ ഉള്ള മോശമായ പെരുമാറ്റം മൂലം നിർബന്ധിതരായവരെ സംബന്ധിച്ചും ഇതു ശരിയാണ്. സഹിക്കപ്പെട്ട അനീതി ക്ഷമിക്കുക എളുപ്പമുള്ള കാര്യമല്ല. എന്നാൽ ദൈവകൃപ ഈ യാത്രയെ സാധ്യമാക്കും. അജപാലനശുശ്രൂഷയിൽ അനുരഞ്ജനത്തിനും മധ്യസ്ഥതയ്ക്കുമുള്ള പരിശ്രമങ്ങൾ ഉണ്ടായിരിക്കുക അത്യന്താപേക്ഷിതമാണ്. രൂപതകളിൽ സവിശേഷ കൗൺസിലിങ്ങ് സെന്ററുകളുടെ സ്ഥാപനം വഴി അങ്ങനെ ചെയ്യണം.'[259] അതേസമയം വിവാഹമോചിതരാവുകയും വീണ്ടും വിവാഹം ചെയ്യാതിരിക്കുകയും മിക്കപ്പോഴും വിവാഹസംബന്ധമായ വിശ്വസ്തതയ്ക്കു സാക്ഷ്യം വഹിക്കുകയും ചെയ്യുന്നവർ, അവരുടെ ഇപ്പോഴത്തെ അവസ്ഥയിൽ നിലനില്ക്കാൻ ആവശ്യമായ പോഷണം ദിവ്യകാരുണ്യത്തിൽ കണ്ടെത്താൻ പ്രോത്സാഹിപ്പിക്കപ്പെടണം. പ്രാദേശിക സമൂഹവും അജപാലകരും ഏകാന്തതയനുഭവിക്കുന്ന അവരോടൊപ്പം സഞ്ചരിക്കണം. പ്രത്യേകിച്ച് അവർക്ക് കുട്ടികളുണ്ടെങ്കിൽ അല്ലെങ്കിൽ അവർ സാമ്പത്തിക പ്രയാസം അനുഭവിക്കുന്നുണ്ടെങ്കിൽ അങ്ങനെ ചെയ്യണം.'[260] ദരിദ്രരെ സംബന്ധിച്ചിടത്തോളം കുടുംബത്തകർച്ച കൂടുതൽ ആഘാതപരവും വേദനാജനകവുമാകും. എന്തെന്നാൽ പുതിയൊരു



ജീവിതം തുടങ്ങാൻ അവർക്ക് വളരെ കുറച്ചു വിഭവങ്ങളെ ഉള്ളൂ. ദാരിദ്ര്യമനുഭവിക്കുന്ന ഒരു വ്യക്തി സുരക്ഷിതമായ കുടുംബപരിസ്ഥിതിയിൽ നിന്നു നീക്കപ്പെടുമ്പോൾ പരിത്യക്തതയും ദ്രോഹങ്ങളും ഇരട്ടിയാകും:

243. വിവാഹമോചിതരാകുകയും പുതിയൊരു ഐക്യത്തിൽ പ്രവേശിക്കുകയും ചെയ്യുന്നവർ സഭയുടെ ഭാഗമാണെന്നു തോന്നുന്നവരാകാൻ പ്രചോദിപ്പിക്കണം. 'അവർ സഭാഭ്രഷ്ടരല്ല.' ആ വിധത്തിൽ അവരോടു പെരുമാറരുത്. കാരണം അവർ സഭാസമൂഹത്തിന്റെ ഭാഗമായി നിലകൊള്ളുന്നു.[261] ഈ സാഹചര്യങ്ങൾ 'ശ്രദ്ധാപൂർവമായ വിവേചിച്ചറിയലും ആദരപൂർവകമായ സഹഗമനവും ആവശ്യപ്പെടുന്നു. അവർ വിവേചനത്തിനു ഇരയായിട്ടുണ്ടെന്ന് അവർക്കു തോന്നത്തക്ക ഭാഷയും പെരുമാറ്റവും ഉപേക്ഷിക്കപ്പെടണം. സമൂഹത്തിന്റെ ജീവിതത്തിൽ പങ്കുചേരാൻ അവർ പ്രോത്സാഹിപ്പിക്കപ്പെടുകയും വേണം. സഭാസമൂഹം അത്തരം വ്യക്തികൾക്കു വേണ്ടി ചെയ്യുന്ന ശുശ്രൂഷ വിശ്വാസത്തിന്റെയും വിവാഹാത്തിന്റെ അലംഘ്യതകയെക്കുറിച്ചുള്ള സാക്ഷ്യത്തിന്റെയും ദുർബലപ്പെടുത്തലായി പരിഗണിക്കരുത്. അത്തരം ശുശ്രൂഷ സഭയുടെ പരസ്നേഹത്തിന്റെ സവിശേഷമായ പ്രകാശനമാണ്.'[262]

244. വിവാഹത്തിന്റെ അസാധുതയെക്കുറിച്ചുള്ള കേസുകളുടെ നടപടിക്രമം കൂടുതൽ അഭിഗമ്യവും സമയച്ചെലവു കുറഞ്ഞതുമാക്കണമെന്നും സാധിക്കുമെങ്കിൽ ചാർജ് ഈടാക്കാതെ അതു നടത്തണമെന്നും സിനഡുപിതാക്കന്മാരിൽ വലിയൊരു ഭാഗം 'ഊന്നിപ്പറഞ്ഞു.'[263] കേസുകളെപ്പറ്റിയുള്ള നടപടിക്രമത്തിന്റെ മന്ദഗതി കക്ഷികളിൽ കൊടിയ വേദനയും മാനസികസംഘർഷവും സൃഷ്ടിക്കുന്നു. ഈ വിഷയത്തെക്കുറിച്ച് ഞാൻ അടുത്തകാലത്തു പുറപ്പെടുവിച്ച രണ്ടു പ്രമാണരേഖകൾ,[264] വിവാഹത്തിന്റെ അസാധുതയെക്കുറിച്ചുള്ള പ്രഖ്യാപനത്തിനുവേണ്ടി വരുന്ന നടപടിക്രമത്തെ ലളിതമാക്കിയിട്ടുണ്ട്. അവയോടൊപ്പം സഭയിൽ ഇടയനും തലവനുമായി നിയമിക്കപ്പെട്ടിരിക്കുന്ന മെത്രാൻ ആ വസ്തുതയിൽ തന്നെ തന്റെ ശുശ്രൂഷയ്ക്കായി ഏല്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസികളുടെ ജഡ്ജിയാണെന്ന് വ്യക്തമാക്കാൻ'[265] ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് 'ആ പ്രമാണരേഖകളുടെ നിർവഹണം രൂപതകളിലെ മെത്രാന്മാരുടെ വലിയ ഉത്തരവാദിത്വമാണ്. ചില കേസുകളിൽ വിധിപറയാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടിരിക്കുന്നു. എല്ലാ കേസുകളിലും നീതിയെ എളുപ്പത്തിൽ സമീപിക്കാനാവുമെന്ന് വിശ്വാസികൾക്ക് അവർ ഉറപ്പു നല്കുകയും ചെയ്യണം. ഇതിനായി പ്രത്യേകം നിയോഗിക്കപ്പെട്ടിട്ടുള്ള വൈദികരും അല്മായരും ഉൾക്കൊള്ളുന്ന വേണ്ട സ്റ്റാഫിനെ സജ്ജീകരിക്കണം. വേർപെട്ടവരോ അല്ലെങ്കിൽ വിഷമസ്ഥിതിയിൽപ്പെട്ട ദമ്പതികളോ ആയിട്ടുള്ള വ്യക്തികൾക്ക് കുടുംബപ്രേഷിതത്വവുമായി ബന്ധപ്പെട്ട വിവരങ്ങൾ, കൗൺസിലിങ്ങ് മധ്യസ്ഥത എന്നീ സേവനങ്ങൾ ലഭ്യമാക്കണം. വിവാഹ

സംബന്ധമായ നടപടി ക്രമത്തിന്റെ ഭാഗമായ പ്രാഥമികാന്വേഷണത്തെ ലക്ഷ്യംവച്ച് വ്യക്തികളെ കണ്ടുമുട്ടുന്നതും ഈ സേവനങ്ങളിൽ ഉൾപ്പെടും (cf മീത്തിസ് യൂദെക്സ്, വകുപ്പ് 2-3).'[266]

245. 'എല്ലാ കേസുകളിലും സാഹചര്യത്തിന്റെ നിഷ്കളങ്കരായ ഇരകളായി ത്തീരുന്ന കുട്ടികളുടെ മേൽ വേർപെടലോ വിവാഹമോചനമോ ചെലു ത്തുന്ന അനന്തരഫലങ്ങളെ'[267] സിനഡു പിതാക്കന്മാർ ചൂണ്ടിക്കാണിച്ചു. മറ്റുള്ള എല്ലാ പരിഗണനകൾക്കും അപ്പുറത്ത് കുട്ടികളുടെ നന്മയായി രിക്കണം പ്രാഥമിക താത്പര്യം. കൂടുതലായിട്ടുള്ള താത്പര്യങ്ങളോ ലക്ഷ്യമോ അതിന്റെ മേൽ നിഴൽ വീശരുത്. വേർപിരിഞ്ഞ മാതാപിതാ ക്കളോട് ഞാൻ ഈ അഭ്യർത്ഥന നടത്തുന്നു: 'ഒരിക്കലും, നിങ്ങളുടെ കുട്ടിയെ മനുഷ്യ ബന്ദിയാക്കരുത്. അനേകം പ്രശ്നങ്ങളും കാരണങ്ങളും ഉണ്ടായതുകൊണ്ട് നിങ്ങൾ വേർപിരിഞ്ഞു. ജീവിതം നിങ്ങളെ ഈ പരീക്ഷ യിൽ ഉൾപ്പെടുത്തി. എന്നാൽ നിങ്ങളുടെ കുട്ടികൾ ഈ വേർപെടലിന്റെ ഭാരം വഹിക്കാൻ ഇടയാകരുത്. കുട്ടികളെ ജീവിതപങ്കാളിക്കെതിരേയുള്ള മനുഷ്യ ബന്ദിയാക്കരുത്. അവരുടെ മാതാപിതാക്കൾ ഒന്നിച്ചു ജീവിക്കുന്നി ല്ലെങ്കിലും അവർ തങ്ങളുടെ പിതാവിനെപ്പറ്റി അമ്മ നല്ലതുപറയുന്നതുകേട്ട് അല്ലെങ്കിൽ മാതാവിനെപ്പറ്റി അപ്പൻ നല്ലതു പറയുന്നതുകേട്ട് വളരണം.'[268] ശിശുവിന്റെ വാത്സല്യം ലഭിക്കാൻ വേണ്ടിയോ അല്ലെങ്കിൽ പകമൂലമോ അല്ലെങ്കിൽ സ്വയം നീതീകരണത്തിനുവേണ്ടിയോ പിതാവിനെ അല്ലെങ്കിൽ മാതാവിനെ തരംതാഴ്ത്തുന്നത് ഉത്തരവാദിത്വബോധമില്ലായ്മയാണ്. അങ്ങനെ ചെയ്യുന്നത് കുട്ടിയുടെ ആന്തരിക പ്രശാന്തതയെ ബാധിക്കും. സുഖപ്പെടുത്താൻ പ്രയാസമുള്ള മുറിവുകളുണ്ടാക്കുകയും ചെയ്യും.

246. വിവാഹത്തിന്റെ ഭാഗമായ സംഘർഷത്തിന്റെ സാഹചര്യങ്ങളെ സഭ മനസ്സിലാക്കുന്നു. അതേസമയം ഏറ്റവും വ്രണിതരാകുന്നവർക്കു വേണ്ടി സംസാരിക്കാതിരിക്കാൻ സഭയ്ക്കു സാധ്യമല്ല. മിക്കപ്പോഴും നിശ്ശബ്ദതയിൽ സഹിക്കുന്ന കുട്ടികൾക്കുവേണ്ടിത്തന്നെ. 'ഇന്ന് നമ്മുടെ സംവേദകത്വം വളർന്നിട്ടുണ്ടെന്നു തോന്നുന്നു. മനശ്ശാസ്ത്രപരമായ അപ ഗ്രഥനം പരിഷ്കൃതമായിട്ടുമുണ്ട്. എന്നാലും ഇന്ന് കുട്ടികളുടെ ആത്മാ ക്കളിലുള്ള മുറിവിനെപ്പറ്റി സ്പർശനശേഷിയില്ലാത്തവരാകുകയല്ലെ നമ്മൾ എന്ന് ഞാൻ എന്നോടുതന്നെ ചോദിക്കുന്നു... വൈവാഹിക വിശ്വ സ്തതയുടെ ഉടമ്പടി തകർക്കുന്ന വിധത്തിൽ അംഗങ്ങൾ മോശമായി പെരു മാറുകയും പരസ്പരം ദ്രോഹിക്കുകയും ചെയ്യുന്ന കുടുംബങ്ങളിലെ കുട്ടി കൾ വഹിക്കുന്ന അളവറ്റ മാനസികഭാരം നാം മനസിലാക്കുന്നുണ്ടോ?'[269] അത്തരം ദ്രോഹകരമായ അനുഭവങ്ങൾ സുനിശ്ചിത കടമകൾ ഏറ്റെടുക്കാൻ ആവശ്യമായ പക്വതയിലേക്കു വളരാൻ കുട്ടികളെ സഹായിക്കു ന്നില്ല. ഇക്കാരണത്താൽ, വിവാഹമോചനം നേടുകയും പുതിയ ബ ന്ധത്തിൽ ഏർപ്പെടുകയും ചെയ്യുന്ന മാതാപിതാക്കളെ ക്രൈസ്തവ



സമൂഹങ്ങൾ ഉപേക്ഷിക്കരുത്. പിന്നെയോ അവരെ ഉൾക്കൊള്ളുകയും അവരുടെ കുട്ടികളെ വളർത്താനുള്ള ശ്രമങ്ങളിൽ അവരെ പിന്തുണയ്ക്കു കയും വേണം. അവരെ 'സമൂഹത്തിന്റെ ജീവിതത്തിൽ നിന്ന് കൈയെത്താ ത്തിടത്ത്, ഒരുവിധത്തിൽ സഭാഭ്രഷ്ടരാക്കപ്പെട്ടവരെപ്പോലെ, നിറുത്തി യാൽ ക്രൈസ്തവവിശ്വാസത്തിൽ അവരുടെ കുട്ടികളെ വളർത്തുകയും സമർപ്പിതവും പ്രായോഗികവുമായ വിശ്വാസത്തിന്റെ മാതൃക നല്കുകയും ചെയ്യാൻ ആ മാതാപിതാക്കളെ നമുക്ക് എങ്ങനെ സഹായിക്കാൻ കഴിയും? ഈ സാഹചര്യങ്ങളിൽ കുട്ടികൾ വഹിച്ചു കഴിഞ്ഞ ഭാരം വർധിപ്പിക്ക ത്തക്കവിധത്തിൽ പ്രവർത്തിക്കുന്നതിൽ നിന്ന് നാം മാറി നില്ക്കണം!'[270] മാതാപിതാക്കളുടെ വ്രണങ്ങൾ സുഖപ്പെടാൻ സഹായിക്കുകയും അവരെ ആത്മീയമായി സഹായിക്കുകയും ചെയ്യുന്നത് കുട്ടികൾക്കും ഉപകാരപ്രദ മാകും. മാനസികാഘാതത്തിന്റെ അനുഭവത്തിലൂടെ കുട്ടികളെ കാണാൻ അവർക്ക് സഭയുടെ സുപരിചിതമായ മുഖം ആവശ്യമാണ്. വിവാഹമോ ചനം ഒരു തിന്മയാണ്. വിവാഹമോചനങ്ങളുടെ സംഖ്യയിലുണ്ടാകുന്ന വർധനവ് ഏറെ അസ്വസ്ഥതാജനകവുമാണ്. അതുകൊണ്ട് കുടുംബ ങ്ങളെ സംബന്ധിച്ച നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട അജപാലനധർമ്മം അവ രുടെ സ്നേഹത്തെ ശക്തിപ്പെടുത്തുകയെന്നതാണ്. അവരുടെ മുറിവുകൾ സുഖപ്പെടാൻ സഹായിക്കണം. നമ്മുടെ കാലഘട്ടത്തിലെ ഈ നാടകം വ്യാപിക്കാതിരിക്കാൻ തടസ്സം സൃഷ്ടിക്കണം.

## ചില സങ്കീർണ സാഹചര്യങ്ങൾ

247. 'മിശ്രവിവാഹത്തെ സംബന്ധിച്ച പ്രശ്നങ്ങൾ പ്രത്യേകം ശ്രദ്ധിക്ക പ്പെടണം. കത്തോലിക്കരും മാമ്മോദീസ സ്വീകരിച്ചിട്ടുള്ള മറ്റുവ്യക്തി കളും തമ്മിലുള്ള വിവാഹങ്ങൾക്ക് 'അവയുടേതായ പ്രത്യേക സ്വഭാവ മുണ്ട്. എന്നാലും നന്മയ്ക്കായി ഉപയോഗിക്കാവുന്നതും വികസിപ്പിച്ചെ ടുക്കാവുന്നതുമായ ധാരാളം ഘടകങ്ങൾ അവയിലുണ്ട്. അവയുടെ ആന്തരിക മൂല്യത്തിനും സഭൈക്യപ്രസ്ഥാനത്തിന് നല്കാൻ അവയ്ക്കു കഴിയുന്ന സംഭാവനയ്ക്കും വേണ്ടിത്തന്നെ.' ഈ ലക്ഷ്യത്തിനായി, 'വിവാ ഹത്തിനും വിവാഹോഘോഷത്തിനുമുള്ള ഒരുക്കങ്ങൾ തുടങ്ങുമ്പോൾ മുതൽ കത്തോലിക്കാശുശ്രൂഷകരും അകത്തോലിക്കാ ശുശ്രൂഷകരും തമ്മിൽ ഹൃദയപൂർവകമായ സഹകരണമുണ്ടായിരിക്കണം.' (ഫമിലിയാ രിസ് കൊൺസോർസ്യോ, 78). ദിവ്യകാരുണ്യത്തിൽ പങ്കുചേരുന്നതിനെ സംബന്ധിച്ചിടത്തോളം വിവാഹത്തിലെ അകത്തോലിക്കാ കക്ഷിയെ ദിവ്യ കാരുണ്യ സംസർഗത്തിലേക്കു പ്രവേശിപ്പിക്കണമോ വേണ്ടയോ എന്ന തീരുമാനം ആ വിഷയത്തിൽ ഇന്നു നിലവിലുള്ള പൊതുനിയമങ്ങൾ അനുസരിച്ചു ചെയ്യണം. പൗരസ്ത്യക്രിസ്ത്യാനികളെ സംബന്ധിച്ചും മറ്റു ക്രൈസ്തവരെ സംബന്ധിച്ചും അങ്ങനെ ചെയ്യണം. മാമ്മോദീസ സ്വീക രിച്ച രണ്ടു ക്രിസ്ത്യാനികൾ വിവാഹകൂദാശ സ്വീകരിക്കുന്ന പ്രത്യേക

സാഹചര്യം പരിഗണിച്ച് അപ്രകാരം ചെയ്യണം. മിശ്രവിവാഹത്തിൽ ദമ്പതികൾ മാമ്മോദീസ, വിവാഹം എന്നീ കൂദാശകളിൽ പങ്കുചേരുന്നുണ്ടെങ്കിലും ദിവ്യകാരുണ്യത്തിൽ പങ്കെടുക്കൽ ഒരു അപവാദമാണ്. ഓരോ സംഭവത്തിലും നല്കപ്പെട്ട നിയമമനുസരിച്ച് അതു നടത്തണം. (Pontifical Council for Promoting Christian Unity, Directory for the application of principles and Norms on Ecumenism, 25 March 1993, 159-160).'[271]

248. 'സമാനമല്ലാത്ത ആരാധന ഉൾക്കൊള്ളുന്ന വിവാഹങ്ങൾ അനുദിനജീവിതത്തിൽ മതാന്തരസംവാദത്തിനും സവിശേഷാനുകൂല്യമുള്ള സ്ഥാനം നല്കുന്നു... കുടുംബത്തിന്റെ ക്രൈസ്തവ തനിമ കുട്ടികളുടെ മതപരമായ വളർത്തൽ എന്നിവയെ സംബന്ധിച്ച് പ്രത്യേക പ്രയാസങ്ങൾ അതിലുണ്ട്... മിഷൻ പ്രദേശങ്ങളിലും, വളരെക്കാലത്തെ ക്രൈസ്തവ പാരമ്പര്യമുള്ള രാജ്യങ്ങളിൽപോലും സമാനമല്ലാത്ത ആരാധനയുള്ള വിവാഹിതരായ ദമ്പതികളുടെ കുടുംബങ്ങളുടെ സംഖ്യ വർധിച്ചു വരുന്നു. അത് വ്യത്യസ്ത സാമൂഹി-സാംസ്ക്കാരിക സാഹചര്യങ്ങളിൽ നടത്തുന്ന വ്യത്യസ്തരീതികളിലുള്ള അജപാലനശുശ്രൂഷ അടിയന്തിരാവശ്യമുള്ളതാക്കുന്നു. മതസ്വാതന്ത്ര്യമില്ലാത്ത രാഷ്ട്രങ്ങളിൽ വിവാഹം ചെയ്യുന്നതിനു മറ്റൊരു മതത്തിലേക്കു മാറാൻ ക്രൈസ്തവ കക്ഷി കടപ്പെട്ടിരിക്കുന്നു. അവിടെ സമാനമല്ലാത്ത ആരാധനയുള്ളവരുടെ കാനോനിക വിവാഹം ആഘോഷിക്കാനോ കുട്ടികളെ മാമ്മോദീസ മുക്കാനോ സാധ്യമല്ല. അതുകൊണ്ട് എല്ലാവരുടെയും മതസ്വാതന്ത്ര്യത്തിന്റെ അവശ്യാവശ്യകതയെക്കുറിച്ച് നാം ഉറപ്പിച്ചു പറയണം.'[272] 'അത്തരം വിവാഹത്തിൽ ഉൾപ്പെടുന്ന വ്യക്തികളുടെ കാര്യത്തിൽ ശ്രദ്ധ ചെലുത്തണം. വിവാഹത്തിനുമുമ്പുള്ള കാലഘട്ടത്തിൽ മാത്രം ശ്രദ്ധ ചെലുത്തിയാൽ പോരാ. ദമ്പതികളിൽ ഒരാൾ കത്തോലിക്കനും അഥവാ കത്തോലിക്കയും മറ്റേയാൾ അവിശ്വാസിയും അഥവാ അവിശ്വാസിനിയും ആയിരിക്കുന്ന ദമ്പതികളും കുടുംബങ്ങളും അനന്യമായ വെല്ലുവിളികൾ നേരിടുന്നു. അങ്ങനെ വരുമ്പോൾ, സുവിശേഷത്തിന് ഇത്തരം സാഹചര്യങ്ങളിൽ നിറയാനുള്ള കഴിവിനു സാക്ഷ്യം വഹിക്കണം. അവരുടെ കുട്ടികളെ ക്രിസ്ത്യാനികളായി വളർത്താനുള്ള സാധ്യത അതു നല്കും.'[273]

249. 'സങ്കീർണമായ വിവാഹ സാഹചര്യത്തിലുള്ള ഒരു വ്യക്തി മാമ്മോദീസ സ്വീകരിക്കാൻ ആഗ്രഹിക്കുമ്പോൾ പ്രത്യേക പ്രശ്നങ്ങൾ ഉണ്ടാകുന്നു. അവരിൽ ഒരാളെങ്കിലും ക്രൈസ്തവ വിശ്വാസത്തെക്കുറിച്ച് അറിയാതിരുന്ന കാലത്താണ് സുസ്ഥിരമായ വിവാഹബന്ധത്തിൽ ഏർപ്പെട്ടത്. ഇത്തരം സംഭവങ്ങളിൽ, അവരുടെ ആധ്യാത്മികനന്മയ്ക്കു ചേർന്നവിധത്തിലുള്ള അജപാലനവിധിധർമ്മം വിനിയോഗിക്കാൻ മെത്രന്മാർ വിളിക്കപ്പെട്ടിരിക്കുന്നു.'[274]



250. ആരെയും ഒഴിവാക്കാതെ ഓരോ വ്യക്തിക്കും തന്റെ അതിരറ്റ സ്നേഹം നല്കുന്ന കർത്താവായ യേശുവിന്റെ മനോഭാവം സഭ സ്വന്തമാക്കുന്നു.[275] സ്വവർഗാകർഷണം അനുഭവിക്കുന്ന അംഗങ്ങളുള്ള കുടുംബങ്ങളുടെ അവസ്ഥയെക്കുറിച്ച് സിനഡിൽ ഞങ്ങൾ ചർച്ച ചെയ്തു. ആ അവസ്ഥ മാതാപിതാക്കൾക്കോ കുട്ടികൾക്കോ കൈകാര്യം ചെയ്യാൻ എളുപ്പമുള്ളതല്ല. ഓരോ വ്യക്തിയും ലൈംഗികലക്ഷ്യം പരിഗണിക്കാതെ, അവന്റെ അല്ലെങ്കിൽ അവളുടെ മഹത്ത്വത്തിൽ ആദരിക്കപ്പെടുകയും പരിഗണനയോടുകൂടി ആ വ്യക്തിയോടും പെരുമാറുകയും വേണമെന്ന് എല്ലാറ്റിനും മുമ്പേ ഊന്നിപ്പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അന്യായമായ വിവേചനത്തിന്റെ ഓരോ അടയാളവും ശ്രദ്ധാപൂർവം ഒഴിവാക്കപ്പെടണം.[276] പ്രത്യേകിച്ച് ആക്രമണത്തിന്റെയും അക്രമത്തിന്റെയും ഏതു രൂപവും ഒഴിവാക്കപ്പെടണം. അത്തരം കുടുംബങ്ങൾക്ക് ആദരപൂർവകമായ അജപാലനശുശ്രൂഷ നല്കപ്പെടണം. സ്വവർഗാനുരാഗം പ്രകടിപ്പിക്കുന്നവർ ദൈവത്തിന്റെ ഇഷ്ടം മനസിലാക്കാനും അവരുടെ ജീവിതത്തിൽ ദൈവഹിതം പൂർണമായി നിറവേറ്റാനുമാണത്.[277]

251. കുടുംബത്തിന്റെ മഹത്ത്വത്തെയും ദൗത്യത്തെയും കുറിച്ചുള്ള ചർച്ചയിൽ സിനഡു പിതാക്കന്മാർ ഇങ്ങനെ നിരീക്ഷിച്ചു: 'സ്വവർഗാനുരാഗികളുടെ ഐക്യം വിവാഹത്തിന്റെ തലത്തിൽ പ്രതിഷ്ഠിക്കണമെന്ന നിർദേശങ്ങളെ സംബന്ധിച്ചിടത്തോളം, സ്വവർഗാനുരാഗികളുടെ ഐക്യങ്ങളെ വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ച ദൈവിക പദ്ധതിയോട് സാമ്യമുള്ളവയായോ അകന്ന സാമ്യമെങ്കിലുമുള്ളവയായോ കരുതുന്നതിന് യാതൊരു അടിസ്ഥാനവുമില്ല.' 'ഈ വിഷയത്തിൽ പ്രാദേശിക സഭകൾ സമ്മർദ്ദത്തിനു വിധേയമാക്കപ്പെടണമെന്നതു സ്വീകാര്യമല്ല. ഒരേ ലൈംഗികതയുള്ള വ്യക്തികൾ തമ്മിൽ വിവാഹം ചെയ്യാനുള്ള നിയമങ്ങളുടെ അവതരണത്തെ ആശ്രയിക്കുന്ന ദരിദ്രരാഷ്ട്രങ്ങൾക്ക് അന്താരാഷ്ട്ര സംഘങ്ങൾ സാമ്പത്തിക സഹായം നല്കണമെന്നതും സ്വീകാര്യമല്ല.'[278]

252. മാതാപിതാക്കളിൽ ഒരാൾ മാത്രമുള്ള കുടുംബങ്ങൾ ഉണ്ടാകുന്നത് താഴെപ്പറയുന്ന കാര്യങ്ങളാലാണ്. ജീവശാസ്ത്രപരമായിട്ടുള്ള മാതാക്കളോ പിതാക്കളോ കുടുംബത്തിന്റെ അംഗമായിരിക്കാൻ മനസ്സുകാണിക്കാതിരിക്കുക; മാതാപിതാക്കളിൽ ഒരാൾ കുട്ടികളെയുംകൊണ്ട് ഓടിപ്പോകാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യം, അക്രമത്തിന്റെ സാഹചര്യം; മാതാപിതാക്കളിൽ ഒരാളുടെ മരണം; മാതാപിതാക്കളിൽ ഒരാൾ കുടുംബത്തെ ഉപേക്ഷിക്കൽ, മറ്റു പല സാഹചര്യങ്ങളും. സംഭവം ഏതായാലും ഒറ്റപ്പെട്ട മാതാക്കൾക്ക് അഥവാ പിതാക്കൾക്ക് ക്രൈസ്തവ സമൂഹത്തിലെ മറ്റു കുടുംബങ്ങളിൽ നിന്നും ഇടവകയുടെ അജപാലന പ്രവർത്തനത്തിൽ നിന്നും പ്രോത്സാഹനവും പിന്തുണയും ലഭ്യമാകണം. ഇത്തരം കുടുംബങ്ങൾ മിക്കപ്പോഴും മറ്റു ക്ലേശങ്ങളും അനുഭവിക്കുന്നുണ്ട്. സാമ്പത്തിക

പ്രയാസങ്ങൾ, തൊഴിലിനെ സംബന്ധിച്ച അനിശ്ചിതത്വം, കുട്ടികളെ പിന്തുണയ്ക്കുന്നതിനെ സംബന്ധിച്ച പ്രശ്നങ്ങൾ, വീടില്ലായ്മ മുതലായവ അനുഭവിക്കുന്നുണ്ട്.[279]

## മരണം നമ്മെ കുത്തി മുറിവേല്പ്പിക്കുമ്പോൾ

253. സ്നേഹിക്കപ്പെട്ട ഒരാളുടെ മരണംമൂലം ചിലപ്പോൾ കുടുംബം വെല്ലുവിളി നേരിടുന്നു. ഈ അനുഭവത്തിലൂടെ കടന്നുപോകുന്ന കുടുംബങ്ങൾക്ക് പിന്തുണയെന്ന നിലയിൽ വിശ്വാസവെളിച്ചം നല്കുന്നതിൽ നാം പരാജയപ്പെടാൻ പാടില്ല.[280] ദുഃഖിച്ചുകൊണ്ടിരിക്കുന്ന ഒകു കുടുംബത്തിന് നാം പുറംതിരിഞ്ഞു നിന്നാൽ അത് കാരുണ്യമില്ലായ്മയെ കാണിക്കും. അജപാലനപരമായ അവസരങ്ങളുടെ നഷ്ടത്തെ സൂചിപ്പിക്കും. സുവിശേഷവത്കരണത്തിന്റെ മറ്റു പരിശ്രമങ്ങൾക്കെതിരേ വാതിലടയ്ക്കുന്നുവെന്ന് അത് അർത്ഥമാക്കും.

254. ഏറെ സ്നേഹിക്കപ്പെട്ട ഒരു വ്യക്തിയെ ഏറെ പങ്കുവച്ചനുഭവിച്ച ജീവിതപങ്കാളിയെ നഷ്ടപ്പെട്ടവർ അനുഭവിക്കുന്ന കഠിനവേദന എനിക്കു മനസ്സിലാക്കാൻ കഴിയും. യേശു തന്നെ ഒരു സുഹൃത്തിന്റെ മരണത്തിൽ അത്യധികം ദുഃഖിക്കുകയും വിലപിക്കാൻ തുടങ്ങുകയും ചെയ്തു (cf യോഹ 11:33,35). ഒരു കുട്ടിയെ നഷ്ടപ്പെട്ട മാതാപിതാക്കളുടെ ദുഃഖം നാം മനസിലാക്കാൻ തുടങ്ങുന്നത് എങ്ങനെയാണ്? 'സമയം പൂർണമായി അവസാനിക്കുന്നതുപോലെയാണത്. ഭൂതകാലത്തെയും ഭാവികാലത്തെയും തമ്മിൽ വേർതിരിക്കുന്ന അഗാധഗർത്തം ഉണ്ടാകുന്നു. ചിലപ്പോൾ ദൈവത്തെ കുറ്റപ്പെടുത്തുകപോലും ചെയ്യുന്നു. എത്രയോപേർ ദൈവത്തോടു കോപിക്കുന്നു. എനിക്കവരെ മനസ്സിലാക്കാൻ കഴിയും.'[281] 'ഒരാളുടെ ജീവിതപങ്കാളി നഷ്ടപ്പെടുന്നുവെന്നത് പ്രത്യേകമായ പ്രയാസമുണ്ടാക്കുന്നു... ചിലർ നഷ്ടം സഹിക്കുന്ന നിമിഷം മുതൽ തങ്ങളുടെ മക്കളിലും മരുമക്കളിലും കൂടുതൽ സമർപ്പണബുദ്ധിയോടെ തങ്ങളുടെ ഊർജ്ജം ചെലവഴിക്കാനുള്ള കഴിവു പ്രദർശിപ്പിക്കുന്നുണ്ട്. ആ സ്നേഹാനുഭവത്തിൽ തങ്ങളുടെ കുട്ടികളെ വളർത്തുകയെന്ന ദൗത്യത്തിന്റെ നവീകൃതമായ അർത്ഥം കണ്ടെത്തിക്കൊണ്ട് അങ്ങനെ ചെയ്യുന്നു. സമയം ചെലവഴിക്കാനും വാത്സല്യം സ്വീകരിക്കാനും ബന്ധുക്കൾ ഇല്ലാത്തവരെ ക്രൈസ്തവസമൂഹം പ്രത്യേകമായ ശ്രദ്ധയോടും സംലഭ്യതയോടും കൂടി സഹായിക്കണം. പ്രത്യേകിച്ച് അവർ ദരിദ്രരാണെങ്കിൽ അപ്രകാരം ചെയ്യണം.'[282]

255. സാധാരണമായി ദുഃഖാചരണപ്രക്രിയ ഏറെ സമയമെടുക്കും. ഒരു അജപാലകൻ ആ പ്രക്രിയയോടൊത്തു സഞ്ചരിക്കണമെങ്കിൽ അതിന്റെ ഓരോ ഘട്ടത്തിന്റെയും ആവശ്യങ്ങളനുസരിച്ച് പ്രവർത്തിക്കണം. ആ പ്രക്രിയ മുഴുവനും ചോദ്യങ്ങൾകൊണ്ടു നിറഞ്ഞിരിക്കും: സ്നേഹിക്കപ്പെട്ട



വ്യക്തി മരിക്കാനുള്ള കാരണങ്ങളെക്കുറിച്ച്, ചെയ്യപ്പെടാമായിരുന്ന സകല കാര്യങ്ങളെയും കുറിച്ച്, ഒരു വ്യക്തി മരണനിമിഷത്തിൽ എന്ത് അനുഭവിക്കുന്നു എന്നതിനെക്കുറിച്ച്. പ്രാർത്ഥനയുടെയും ആന്തരിക വിമോചനത്തിന്റെയും ആത്മാർത്ഥവും ക്ഷമാപൂർവകവുമായ പ്രക്രിയകൊണ്ട് സമാധാനം തിരിച്ചു വരുന്നു. സ്നേഹിക്കപ്പെട്ട വ്യക്തിയുടെ നഷ്ടത്തിനു ശേഷവും നമുക്കു നിർവഹിക്കാനുള്ള ഒരു ദൗത്യമുണ്ടെന്നും ഒരു ബഹുമതി നല്കലെന്നപോലെ ദുഃഖം ദീർഘിപ്പിക്കുന്നതുകൊണ്ട് ഒരു നന്മയുണ്ടാകുന്നില്ലെന്നും തിരിച്ചറിയാൻ ദുഃഖിക്കുന്ന വ്യക്തിയെ ചില പ്രത്യേക സമയങ്ങളിൽ നാം സഹായിക്കണം. നാം സ്നേഹിച്ചവർക്ക് നമ്മുടെ സഹനം ആവശ്യമില്ല. നമ്മുടെ ജീവിതത്തെ നശിപ്പിക്കുന്നതുകൊണ്ട് അതവർക്ക് പ്രശംസയാകുന്നുമില്ല. അവരിൽ സ്ഥിരം മനസ്സ് ഉറപ്പിച്ചിരിക്കുന്നതും അവരുടെ പേര് ഉദ്ധരിച്ചുകൊണ്ടിരിക്കുന്നതും സ്നേഹത്തിന്റെ ഏറ്റവും നല്ല പ്രകാശനമല്ല. അവർ ഇപ്പോൾ മറ്റൊരിടത്തായിരിക്കുന്നതുപോലെ അവരെ തുടർന്നും സ്നേഹിക്കുന്നതിനു പകരം അത് ഭൂതകാലത്തെ ആശ്രയിച്ചു കഴിയുകയാണ്. അവർക്ക് ഇനി ശാരീരികമായി നമ്മുടെയടുത്ത് ആയിരിക്കാൻ കഴിയുകയില്ല. എന്നാലും മരണത്തിനു ഏറെ ശക്തിയുണ്ടങ്കിലും 'സ്നേഹം മരണത്തപ്പോലെ ശക്തമാണ് '(ഉത്തമ 8:6). ശബ്ദം കൂടാതെ ശ്രവിക്കാനും അദൃശ്യമായതു കാണാനും നമ്മെ ശക്തരാക്കാൻ കഴിയുന്ന ഒരു സഹജാവബോധം സ്നേഹത്തിനുണ്ട്. നമ്മൾ സ്നേഹിച്ചവരെ അവർ ആയിരുന്നതുപോലെ സങ്കല്പിക്കുക എന്ന് ഇതിന് അർത്ഥമില്ല. പിന്നെയോ അവർ ഇപ്പോൾ വ്യത്യാസപ്പെട്ട് ആയിരിക്കുന്നതുപോലെ അവരെ സ്വീകരിക്കാൻ കഴിയുക എന്നാണ് ഇതിന്റെ അർത്ഥം. ഉത്ഥിതനായ യേശു, തന്റെ സുഹൃത്തായ മറിയം തന്നെ സ്പർശിക്കാൻ തുടങ്ങിയപ്പോൾ, നീ എന്നെ തടഞ്ഞു നിറുത്താതിരിക്കുക എന്ന് അവളോടു പറഞ്ഞു (cf യോഹ 20:17). വ്യത്യസ്തമായ ഒരു തരം കണ്ടുമുട്ടലിലേക്ക് അവളെ നയിക്കാൻ വേണ്ടിയാണത്.

256. മരിക്കുന്നവർ പൂർണമായി കടന്നുപോകുന്നില്ലെന്ന് അറിയുന്നത് നമുക്ക് ആശ്വാസകരമാണ്. ഉത്ഥിതനായ ക്രിസ്തു നമ്മെ ഒരിക്കലും ഉപേക്ഷിക്കുകയില്ലെന്ന് നമ്മുടെ വിശ്വാസം നമുക്ക് ഉറപ്പുതരുന്നു. അങ്ങനെ 'ജീവിതത്തെ വിഷലിപ്തമാക്കുന്നതിൽ നിന്ന്, നമ്മുടെ സ്നേഹത്തെ വിഫലമാക്കുന്നതിൽ നിന്ന്, നമ്മെ ഏറ്റവും ഇരുട്ടാർന്ന ഗർത്തത്തിലേക്ക് തള്ളിയിടുന്നതിൽ നിന്ന് മരണത്തെ തടയാൻ'[283] നമുക്കു കഴിയും. ദൈവം നമ്മെ സ്നേഹം മൂലം സൃഷ്ടിച്ചുവെന്നും മരണത്തോടെ നമ്മുടെ ജീവിതം അവസാനിക്കാതിരിക്കത്തക്കവിധം നമ്മെ സൃഷ്ടിച്ചുവെന്നും വേദഗ്രന്ഥം നമ്മോടു പറയുന്നു (cf ജ്ഞാനം 3:2-3). മരിച്ചുകഴിഞ്ഞിട്ട് ഉടനെ ക്രിസ്തുവുമായി കണ്ടുമുട്ടുന്നതിനെപ്പറ്റി വിശുദ്ധ പൗലോസ് ശ്ലീഹ പറയുന്നു: 'എന്റെ ആഗ്രഹം മരിച്ച് ക്രിസ്തുവിനോടു കൂടെയായിരിക്കാനാണ്'(ഫിലി 1:23).

ക്രിസ്തുവിനോടുകൂടി, മരണശേഷം 'ദൈവം തന്നെ സ്നേഹിക്കുന്ന വർക്കായി സജ്ജീകരിച്ചിരിക്കുന്നവ' (1 കോറി 2:9) നമ്മെ കാത്തിരിക്കുന്നു. മരിച്ചവർക്കുവേണ്ടിയുള്ള ആരാധനാക്രമത്തിന്റെ ആമുഖത്തിൽ ഇത് നന്നായി പറഞ്ഞിട്ടുണ്ട്: 'മരണത്തിന്റെ സുനിശ്ചിതത്വം നമ്മെ ദുഃഖിപ്പിക്കുന്നുണ്ടെങ്കിലും ഭാവിയിലെ അമർത്ത്യതയെക്കുറിച്ചുള്ള വാഗ്ദാനംകൊണ്ട് നാം ആശ്വസിപ്പിക്കപ്പെടുന്നു. എന്തെന്നാൽ കർത്താവേ, അങ്ങയിൽ വിശ്വസിക്കുന്നവരുടെ ജീവിതം അവസാനിക്കുന്നില്ല; മാറ്റപ്പെടുന്നതേ ഉള്ളൂ.' യഥാർത്ഥത്തിൽ, 'നമ്മൾ സ്നേഹിച്ചവർ ശൂന്യതയുടെ നിഴലുകളിൽ നഷ്ടപ്പെടുന്നില്ല. അവർ ദൈവത്തിന്റെ സുശക്തമായ നല്ല കരങ്ങളിലാണെന്ന് പ്രത്യാശ നമുക്ക് ഉറപ്പുതരുന്നു.'[284]

257. നമ്മൾ സ്നേഹിക്കുന്നവരുമായുള്ള കൂട്ടുകെട്ടിൽ നിലനില്ക്കാനുള്ള ഒരു മാർഗം അവർക്കുവേണ്ടി പ്രാർത്ഥിക്കുകയെന്നതാണ്.[285] ബൈബിൾ നമ്മോട് ഇങ്ങനെ പറയുന്നു: 'മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് വിശുദ്ധവും ഭക്തിപൂർണവുമാണ്' (2 മക്കാ 12:44-45). 'അവർക്കുവേണ്ടിയുള്ള നമ്മുടെ പ്രാർത്ഥന അവരെ സഹായിക്കാൻ മാത്രമല്ല ശക്തമായിരിക്കുന്നത്, അവരുടെ മധ്യസ്ഥത നമുക്കു കാര്യക്ഷമമാക്കിത്തീർക്കാനും അതു ശക്തമാണ്.'[286] ലോകത്തിൽ അനീതി സഹിക്കുന്നവർക്കുവേണ്ടി മധ്യസ്ഥത വഹിക്കുന്നവരായി രക്തസാക്ഷികളെ വെളിപാടിന്റെ പുസ്തകം ചിത്രീകരിക്കുന്നു (cf വെളി 6:9-11). ഈ ലോകവും അതിന്റെ ചരിത്രവുമായുള്ള ഐക്യദാർഢ്യത്തിൽ അവർ അങ്ങനെ ചെയ്യുന്നു. ചില വിശുദ്ധർ മരിക്കുന്നതിനുമുമ്പ്, സഹായിക്കാൻ തങ്ങൾ അടുത്തുണ്ടായിരിക്കുമെന്നു വാഗ്ദാനം ചെയ്തുകൊണ്ട് പ്രിയപ്പെട്ടവരെ ആശ്വസിപ്പിച്ചിട്ടുണ്ട്. സ്വർഗത്തിൽ നിന്ന് തുടർന്നും നന്മചെയ്യാൻ ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ ആഗ്രഹിച്ചു.[287] വിശുദ്ധ ഡോമിനിക് ഇങ്ങനെ പ്രസ്താവിച്ചു: 'മരണശേഷം ഞാൻ കൂടുതൽ സഹായം ചെയ്യുന്നവനായിരിക്കും... കൃപാവരങ്ങൾ നേടുന്നതിൽ കൂടുതൽ ശക്തനായിരിക്കും.'[288] ഇവയെല്ലാം യഥാർത്ഥത്തിൽ 'സ്നേഹത്തിന്റെ ഉടമ്പടികൾ'[289] ആണ്. കാരണം, 'കർത്താവിൽ ഉറങ്ങുന്ന സഹോദരങ്ങളുമായി യാത്രയിലായിരിക്കുന്നവർക്കുള്ള ഐക്യം ഒരുവിധത്തിലും ഇല്ലാതാകുന്നില്ല... പിന്നെയോ, ആധ്യാത്മിക നന്മകളുടെ വിനിമയം വഴി വീണ്ടും ശക്തമാക്കപ്പെടുകയാണ്.'[290]

258. നാം മരണത്തെ അംഗീകരിക്കുന്നുവെങ്കിൽ നമുക്ക് അതിനായി തയ്യാറെടുക്കാം. നമ്മുടെ അരുകിലൂടെ സഞ്ചരിക്കുന്നവരോടുള്ള സ്നേഹത്തിൽ വളരുകയെന്നതാണ് അതിനുള്ള മാർഗം. 'ഇനി മേൽ മരണം ഉണ്ടായിരിക്കുകയില്ല. ഇനിമേൽ ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവുകയില്ല' (വെളി. 21:4). അങ്ങനെയുള്ള ദിവസം വരെ സ്നേഹത്തിൽ വളരുകയെന്നതാണ് അതിനുള്ള മാർഗം. അങ്ങനെ, മരിച്ചുപോയ



നമ്മുടെ പ്രിയപ്പെട്ടവരെ ഒരിക്കൽക്കൂടി കണ്ടുമുട്ടാൻ നമുക്കു തയ്യാറാവാം. 'മരിച്ചുപോയ പുത്രനെ അവന്റെ അമ്മയ്ക്ക് യേശു തിരിച്ചുകൊടുത്തു' (ലൂക്കാ 7:15). നമ്മെ സംബന്ധിച്ചും അങ്ങനെ തന്നെയായിരിക്കും. കഴിഞ്ഞ ഭൂതകാലത്തിൽ വസിച്ചുകൊണ്ട് ഊർജം നമ്മൾ നഷ്ടപ്പെടുത്തരുത്. നാം എത്ര നന്നായി ഈ ഭൂമിയിൽ ജീവിക്കുന്നുവോ അത്ര വലുതായിരിക്കും സ്വർഗത്തിൽ നമ്മുടെ പ്രിയപ്പെട്ടവരോടൊപ്പം നമുക്ക് ആസ്വദിക്കാൻ കഴിയുന്ന സന്തോഷം. ഈ ഭൂമിയിൽ നമുക്ക് എത്ര കൂടുതൽ പക്വതയിലും പുരോഗതിയിലും ആയിരിക്കാൻ കഴിവുണ്ടോ അത്ര കൂടുതൽ സമ്മാനങ്ങൾ സ്വർഗീയ വിരുന്നിൽ കൊണ്ടുചെല്ലാൻ നമുക്കു കഴിയും.



*മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾ എവിടെയാണെന്ന് അറിയാൻ അമിതമായ വ്യഗ്രത കാണിക്കുകയും അവരുടെ സർവചലനങ്ങളെയും നിയന്ത്രിക്കുകയും ചെയ്താൽ അവർ സ്ഥലം കീഴടക്കാൻ മാത്രം പരിശ്രമിക്കും. എന്നാൽ വെല്ലുവിളികളെ നേരിടാൻ കുട്ടികളെ പഠിപ്പിക്കുകയും ശക്തിപ്പെടുത്തുകയും തയ്യാറാക്കുകയും ചെയ്യാനുള്ള വഴി ഇതല്ല. സ്വാതന്ത്ര്യത്തിലും പക്വതയിലും മുഴുവനായ ശിക്ഷണത്തിലും യഥാർത്ഥമായ ആത്മീയനിയന്ത്രണത്തിലും വളരാൻ അവരെ സ്നേഹപൂർവ്വം സഹായിക്കുകയെന്നതാണണ് പ്രധാനപ്പെട്ട കാര്യം.*

## അധ്യായം 7

# കുട്ടികളുടെ കൂടുതൽ നല്ല വിദ്യാഭ്യാസം

259. മാതാപിതാക്കൾ അവരുടെ കുട്ടികളുടെ ധാർമ്മിക വികസനത്തിൽ എപ്പോഴും സ്വാധീനം ചെലുത്തുന്നുണ്ട് - കൂടുതൽ നന്മയ്ക്കു വേണ്ടിയോ തിന്മയ്ക്കും വേണ്ടിയോ. അതിൽ നിന്നു ഒരു കാര്യം വ്യക്തമാകുന്നു. അതായത് അവർ അനുപേക്ഷണീയമായ ഈ ധർമ്മം ഏറ്റെടുക്കുകയും ബോധപൂർവം ആവേശത്തോടെ, യുക്തിപൂർവം സമുചിതമായി നിർവഹിക്കുകയും വേണം. കുടുംബങ്ങളുടെ വിദ്യാഭ്യാസധർമ്മം ഏറെ പ്രധാനപ്പെട്ടതാണ്. അതു വർദ്ധമാനമായ തോതിൽ സങ്കീർണമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അക്കാര്യം വിശദമായി ചർച്ച ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു.

### എവിടെയാണ് നമ്മുടെ കുട്ടികൾ?

260. കുടുംബങ്ങൾ, പിന്തുണയുടെയും മാർഗനിർദ്ദേശത്തിന്റെയും നയിക്കലിന്റെയും സ്ഥാനങ്ങളാകാതിരിക്കാൻ സാധ്യമല്ല, അവരെ സംബന്ധിക്കുന്ന രീതികളെക്കുറിച്ച് എത്രമാത്രം പുനർവിചാരം നടത്തിയാലും എത്രമാത്രം പുതിയ വിഭവങ്ങൾ കണ്ടെത്തിയാലും, കുട്ടികളെ എന്തിനെല്ലാം വിട്ടുകൊടുക്കാനാണ് തങ്ങൾ ആഗ്രഹിക്കുന്നതെന്ന് മാതാപിതാക്കൾ പരിഗണിക്കണം. താഴെപ്പറയുന്ന കാര്യങ്ങളിൽ നിർബന്ധമായും കുട്ടികൾക്ക് ശ്രദ്ധ ആവശ്യമാണ്: ആരാണ് അവർക്ക് വിനോദം ലഭ്യമാക്കുന്നത്? ടെലിവിഷൻ വഴിയും ഇലക്ട്രോണിക്സ് യന്ത്രങ്ങൾ വഴിയും ആരാണ് അവരുടെ മുറിയിൽ പ്രവേശിക്കുന്നത്? അവരുടെ വിശ്രമവേളകളിൽ ആരോടൊപ്പമാണ് ചെലവഴിക്കുന്നത്? കുട്ടികളോട് സുപ്രധാനകാര്യങ്ങളെപ്പറ്റി ലാളിത്യത്തോടും താത്പര്യത്തോടും കൂടി സംസാരിക്കാനും അവരുടെ സമയം വിനിയോഗിക്കാനുമുള്ള ഗുണപ്രദമായ മാർഗങ്ങൾ കണ്ടെത്താനും നാം സമയം ചെലവഴിക്കണം. എങ്കിൽ മാത്രമേ അവരെ അപകടങ്ങളിൽ നിന്നും രക്ഷിക്കാൻ കഴിയുകയുള്ളൂ. ജാഗ്രത എപ്പോഴും ആവശ്യമാണ്. അവഗണന ഒരിക്കലും ഉപകാരപ്രദമായിരിക്കുകയില്ല. അപകടസാധ്യതയെ നേരിടാൻ - ഉദാഹരണമായി അക്രമം, ദുരുപയോഗം അല്ലെങ്കിൽ മദ്യാസക്തി എന്നിവയെ നേരിടാൻ-തയ്യാറാകുന്നതിന് മാതാപിതാക്കൾ കുട്ടികളെയും കൗമാര പ്രായക്കാരെയും സജ്ജീകൃതരാക്കണം.

261. എന്നാലും അമിതവ്യഗ്രത വിദ്യാഭ്യാസമല്ല. ഒരു ശിശു അനുഭവിക്കേണ്ടിവരുന്ന എല്ലാ സാഹചര്യങ്ങളെയും നമുക്കു നിയന്ത്രിക്കാനാവുകയില്ല. 'സമയം സ്ഥലത്തേക്കാൾ വലുതാണ്'[291] എന്നത് ഇവിടെ സത്യമായി നിലകൊള്ളുന്നു. മറ്റുവാക്കുകളിൽ പറഞ്ഞാൽ സ്ഥലങ്ങൾ കീഴടക്കുകയെന്നതിനെക്കാൾ പ്രധാനപ്പെട്ട കാര്യം സാഹചര്യങ്ങളെ കണക്കിലെടുത്തു അവരെ സുസജ്ജമാക്കുകയെന്നതാണ്. മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾ എവിടെയാണെന്ന് അറിയാൻ അമിതമായ വ്യഗ്രത കാണിക്കുകയും അവരുടെ സർവചലനങ്ങളെയും നിയന്ത്രിക്കുകയും ചെയ്താൽ അവർ സ്ഥലം കീഴടക്കാൻ മാത്രം പരിശ്രമിക്കും. എന്നാൽ വെല്ലുവിളികളെ നേരിടാൻ കുട്ടികളെ പഠിപ്പിക്കുകയും ശക്തിപ്പെടുത്തുകയും തയ്യാറാക്കുകയും ചെയ്യാനുള്ള വഴി ഇതല്ല. സ്വാതന്ത്ര്യത്തിലും പക്വതയിലും മുഴുവനായ ശിക്ഷണത്തിലും യഥാർത്ഥമായ ആത്മീയനിയന്ത്രണത്തിലും വളരാൻ അവരെ സ്നേഹപൂർവ്വം സഹായിക്കുകയെന്നതാണണ് പ്രധാനപ്പെട്ട കാര്യം. ഇങ്ങനെ മാത്രമേ കുട്ടികൾ പ്രയാസം നേരിടുന്നിടത്തെല്ലാം സ്വയം രക്ഷയ്ക്കുള്ള ഉപായമുള്ളവരായിരിക്കുകയും ബുദ്ധിപൂർവ്വമായും വിവേകപൂർവകമായും പ്രവർത്തിക്കുകയും ചെയ്യുകയുള്ളൂ. അതുകൊണ്ട് കുട്ടികൾ വസ്തുതാപരമായി എവിടെ അല്ലെങ്കിൽ ഏതെങ്കിലും സമയത്ത് അവർ ആരുടെ കൂടെയാണ് എന്നതല്ല പിന്നെയോ, അസ്തിത്വപരമായി അവരുടെ ഉത്തമ ബോധ്യങ്ങളും ലക്ഷ്യങ്ങളും ആഗ്രഹങ്ങളും സ്വപ്നങ്ങളും അനുസരിച്ച് അവർ എവിടെ നില്ക്കുന്നു എന്നതാണ് പ്രധാനപ്പെട്ട ചോദ്യം. മാതാപിതാക്കളോട് ഞാൻ ചോദിക്കാൻ ഉദ്ദേശിക്കുന്ന ചോദ്യങ്ങൾ ഇവയാണ്: നമ്മുടെ കുട്ടികളുടെ ജീവിതയാത്രയിൽ അവർ 'എവിടെ'നില്ക്കുന്നുവെന്നു അറിയുവാൻ ശ്രമിക്കുന്നുണ്ടോ? അവരുടെ ആത്മാവിന്റെ സ്ഥിതി നമ്മൾ അറിയുന്നുണ്ടോ?സർവോപരി, നാം അറിയാൻ ആഗ്രഹിക്കുന്നുണ്ടോ?"[292]

262. പക്വതയെന്നത് നമ്മുടെ ജനെററിക് കോഡിലുള്ള എന്തെങ്കിലും ഒന്നിന്റെ വികസിക്കൽ മാത്രമായിരുന്നെങ്കിൽ ഒത്തിരിയൊന്നും ചെയ്യാനുണ്ടാവുകയില്ല. എന്നാൽ വിവേകം, നല്ല വിവേചനം, സാമാന്യബോധം എന്നിവ കേവല വളർച്ചയുടെ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നില്ല. പിന്നെയോ ഓരോ വ്യക്തിയുടെ ഉള്ളിൽ ആഴത്തിൽ സമ്മേളിക്കുന്ന നിരവധികാര്യങ്ങളെ, കൂടുതൽ വ്യക്തമായി പറഞ്ഞാൽ നമ്മുടെ സ്വാതന്ത്ര്യത്തിന്റെ കേന്ദ്രത്തിൽ തന്നെയാണ്, ആശ്രയിക്കുന്നത്. ഓരോ ശിശുവും ഈ സ്വാതന്ത്ര്യത്തിൽ ജനിച്ച ആശയങ്ങൾകൊണ്ടും പദ്ധതികൾ കൊണ്ടും നമ്മെ അനിവാര്യമാം വിധം വിസ്മയിപ്പിക്കും. നമ്മുടെ ആശയങ്ങളെക്കുറിച്ചു വീണ്ടുവിചാരം നടത്താൻ അവ നമ്മെ വെല്ലുവിളിക്കുകയും ചെയ്യും. ഇതൊരു നല്ലകാര്യമാണ്. സുബോധത്തോടും ബുദ്ധിശക്തിയോടുകൂടി പ്രശ്നങ്ങളെ നേരിടുക, ഉത്തരവാദിത്വപൂർവം



സ്വാതന്ത്ര്യം ഉപയോഗിക്കുന്നതിനു പ്രോത്സാഹനം നല്കുക എന്നിവ വിദ്യാഭ്യാസത്തിൽ ഉൾക്കൊള്ളുന്നു. തങ്ങളുടെ ജീവനും സമൂഹത്തിന്റെ ജീവനും തങ്ങളുടെ കൈകളിലാണന്നും സ്വാതന്ത്ര്യം തന്നെ മഹത്തായ ഒരു ദാനമാണെന്നും സന്നദ്ധതയോടെ മനസ്സിലാക്കുന്ന വ്യക്തികളെ രൂപപ്പെടുത്തുകയെന്നത് അതിൽ ഉൾക്കൊള്ളുന്നു.

## കുട്ടികളുടെ ധാർമ്മിക രൂപീകരണം

263. കുട്ടികളുടെ അടിസ്ഥാനപരമായ വിദ്യാഭ്യാസം ഉറപ്പു വരുത്താൻ മാതാപിതാക്കൾ വിദ്യാലയങ്ങളെ ആശ്രയിക്കുമ്പോഴും തങ്ങളുടെ കുട്ടികളുടെ ധാർമ്മിക പരിശീലനം മറ്റുള്ളവരെ പൂർണമായി ഒരിക്കലും ഏല്പിക്കാൻ പാടില്ല. ഒരു വ്യക്തിയുടെ വൈകാരികവും ധാർമ്മികവുമായ വികസനം ആത്യന്തികമായി അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് ഒരു പ്രത്യേക അനുഭവത്തിലാണ്. അതായത്, തന്റെ മാതാപിതാക്കളെ വിശ്വസിക്കാനാവുമെന്ന അനുഭവത്തിലാണ്. മാതാപിതാക്കൾ വിദ്യാഭ്യാസം നല്കുന്നവരെന്ന നിലയിൽ അവരുടെ കുട്ടികളിൽ വാത്സല്യം കൊണ്ടും മാതൃക കൊണ്ടും വിശ്വാസവും സ്നേഹപൂർണമായ ആദരവും നിക്ഷേപിക്കാൻ കടപ്പെട്ടിരിക്കുന്നു എന്നാണ് ഇതിന്റെ അർത്ഥം. എല്ലാവിധ പിശകുകളും ഉണ്ടെങ്കിലും തങ്ങളുടെ മാതാപിതാക്കൾക്ക് തങ്ങൾ പ്രധാനപ്പെട്ടവരാണെന്നത് കുട്ടികൾക്കു തോന്നാതിരുന്നാൽ അല്ലെങ്കിൽ മാതാപിതാക്കൾ ആത്മാർത്ഥതയോടെ തങ്ങളോടു താത്പര്യം കാണിക്കുന്നില്ലെന്നു തോന്നിയാൽ അവരെ അത് വേദനിപ്പിക്കുകയും പക്വത തേടിയുള്ള പാതയിൽ പലവിധ പ്രയാസങ്ങൾക്ക് കാരണമാകുകയും ചെയ്യും. ശാരീരികമോ മാനസികമോ ആയ ഈ മനോഭാവം എന്തെങ്കിലും തെറ്റു ചെയ്യുമ്പോൾ കുറ്റപ്പെടുത്തുന്നതുമൂലമുണ്ടാകുന്ന വേദനയെക്കാൾ കൂടുതൽ മുറിവേല്പ്പിക്കുന്നു.

264. കുട്ടികളുടെ ഇച്ഛാശക്തിയെ രൂപപ്പെടുത്താനുള്ള ഉത്തരവാദിത്വവും മാതാപിതാക്കൾക്കുണ്ട്. നല്ലശീലങ്ങളും നന്മയോടുള്ള സ്വാഭാവിക ചായ്‌വും വളർത്തിക്കൊണ്ട് അങ്ങനെ ചെയ്യണം. ക്രമാനുഗതമായ വളർച്ചയുടെ ഭാഗമായി ചിന്തയുടെയും പ്രവൃത്തികളുടെയും ചില രീതികൾ ആഗ്രഹിക്കത്തക്കതും വിലപ്പെട്ടതുമായി അവതരിപ്പിക്കുക ഇവിടെ ആവശ്യമാണ്. സമൂഹത്തിൽ ഉൾചേരാനുള്ള ആഗ്രഹം അല്ലെങ്കിൽ സംസർഗത്തിൽ കൂടുതൽ നല്ലതും കൂടുതൽ സാധാരണവുമായ ജീവിതത്തിനുവേണ്ടി താല്ക്കാലിക ഒരു സന്തോഷം ഉപേക്ഷിക്കുന്ന സ്വഭാവം അതിൽതന്നെ ഒരു മൂല്യമാണ്. അത് കൂടുതൽ വലിയ മൂല്യങ്ങളിലേക്കുള്ള തുറവിയെ പ്രചോദിപ്പിക്കും. ധാർമ്മിക പരിശീലനം എപ്പോഴും സജീവമായ രീതികൾ ഉപയോഗിച്ചും സംവാദത്തിലൂടെയും നടത്തണം. സൂക്ഷ്മതയോടെ കുട്ടികൾക്കു മനസ്സിലാകുന്ന ഭാഷയിൽ നടത്തണം.

മൂല്യങ്ങളെ കേവല തത്വങ്ങളായും ചോദ്യം ചെയ്യപ്പെടാനാവാത്ത സത്യങ്ങളായും അടിച്ചേൽപ്പിക്കാതെ, അവയുടെ പ്രാധാന്യം കുട്ടികൾതന്നെ സ്വയം തിരിച്ചറിഞ്ഞു സ്വാശീകരിക്കത്തക്കവണ്ണം, അനുമാനപരമായി അതു നടത്തുന്നു.

265. ശരിയായതു ചെയ്യുക എന്നതിന് 'ഏറ്റവും നല്ലതെന്നു തോന്നുന്നതു വിവേചിക്കുക' എന്നതിലേറെ അർത്ഥമുണ്ട്. എന്താണ് ചെയ്യേണ്ടതെന്ന് വ്യക്തമായി അറിയുന്നതും പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ അവബോധങ്ങളിൽ അവ എത്ര ഉറപ്പുള്ളതായാലും- നമ്മൾ മിക്കപ്പോഴും സ്ഥിരതയില്ലാത്തവരാണ്. നമ്മുടെ മനസ്സാക്ഷി വ്യക്തമായ ധാർമ്മിക തീരുമാനം കല്പിക്കുമ്പോഴും ചിലപ്പോൾ മറ്റുകാര്യങ്ങൾ കൂടുതൽ ആകർഷവും ശക്തവുമായി തോന്നും. ബുദ്ധിശക്തി ഗ്രഹിക്കുന്ന നന്മ നമ്മിൽ അഗാധമായ വൈകാരിക ചായ്‌വായി, മറ്റു ആകർഷണങ്ങളെ അതിശയിക്കുന്ന വിധത്തിൽ, നന്മയ്ക്കുവേണ്ടിയുള്ള ദാഹം, നമ്മിൽ വേരുപിടിക്കുന്ന അവസ്ഥയിൽ നാം എത്തി ചേരണം. വസ്തുനിഷ്ഠമായി നന്മയെന്നു നാം പരിഗണിക്കുന്നത് 'നമുക്ക്' ഇവിടെ ഇപ്പോൾ നന്മയാണെന്ന് മനസ്സിലാക്കാൻ അതു സഹായിക്കും. നന്മയായിട്ടുള്ളത് ചെയ്യുകയെന്നത് ഒരുവന്റെ താത്പര്യം തന്നെയാണെന്ന് അയാളെ കാണിക്കുകയെന്നത് നല്ല ധാർമ്മിക വിദ്യാഭ്യാസത്തിൽ ഉൾപ്പെടുന്നു. എന്തെങ്കിലും പരിശ്രമവും ത്യാഗവും ആവശ്യമായ ഒരു കാര്യം അതു നല്കുന്ന ഉപകാരങ്ങളെ വ്യക്തമായി ചൂണ്ടിക്കാണിക്കാതെ ആവശ്യപ്പെട്ടാൽ അതിന്റെ കാര്യക്ഷമത കുറഞ്ഞുകുറഞ്ഞു വരുന്നു.

266. നല്ല ശീലങ്ങൾ വികസിപ്പിച്ചെടുക്കണം, സുപ്രധാനവും ആന്തരീകരിക്കപ്പെട്ടതുമായ മൂല്യങ്ങളെ പ്രവർത്തനത്തിന്റെ ഗുണപ്രദവും സ്ഥിരവുമായ പ്രവർത്തനശൈലിയായി മാറ്റാൻ ശൈശവകാലത്തെ ശീലങ്ങൾക്കുപോലും സാധിക്കും. ഒരു വ്യക്തി സാമൂഹിക വാസനയുള്ളവനും മറ്റുള്ളവരോട് തുറവുള്ളവനുമായിരിക്കാം. എന്നാൽ, 'ദയവായി', 'നന്ദി', 'എനിക്കു ഖേദമുണ്ട്' എന്നൊക്കെ പറയാൻ പ്രായമായവർ ദീർഘകാലത്തേക്ക് ഒരുവനെ പരിശീലിപ്പിച്ചില്ലെങ്കിൽ അയാളുടെ നല്ല ആന്തരിക മനോഭാവം ശക്തിപ്പെടുകയില്ല. മനസ്സിനെ ശക്തിപ്പെടുത്തൽ, സവിശേഷ കർമ്മങ്ങളുടെ ആവർത്തനം എന്നിവ ധാർമ്മിക പെരുമാറ്റത്തെ പണിയാനുള്ള ഇഷ്ടികകളാണ്. നല്ല പെരുമാറ്റത്തിന്റെ ബോധപൂർവകവും സ്വതന്ത്രവും വിലപ്പെട്ടതുമായ ആവർത്തനമില്ലാതെ ധാർമ്മിക വിദ്യാഭ്യാസം സംഭവിക്കുകയില്ല. ബോധപൂർവ്വകവും ഉത്തമവുമായ പ്രവൃത്തികൾ കൂടാതെ ഏതെങ്കിലും ഒരു മൂല്യത്തോടുള്ള കേവലമായ ഒരാഗ്രഹം അല്ലെങ്കിൽ ഒരാകർഷണം മാത്രം ഒരു സദ്ഗുണത്തെ, സന്നിവേശിപ്പിക്കാൻ പോരുന്നതല്ല.



267. സ്വാതന്ത്ര്യം മഹത്തായ ഒന്നാണ്, എന്നാലും അത് ദുർവ്യയം ചെയ്യപ്പെടാനും നഷ്ടപ്പെടാനും സാധ്യതയുണ്ട്. ആശയങ്ങൾ, പ്രചോദനം, പ്രവർത്തനം, ഉത്തേജനം, പ്രതിഫലങ്ങൾ, മാതൃകകൾ, പ്രതീകങ്ങൾ, വിചിന്തനം, പ്രോത്സാഹനം, സംവാദം, പുനർവിചാരം എന്നിവ ധാർമ്മിക വിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തി സ്വാതന്ത്ര്യത്തെ വളർത്തണം. നന്മ ചെയ്യാൻ നമ്മെ സ്വാഭാവികമായി പ്രേരിപ്പിക്കുന്ന സ്ഥിരമായ ആന്തരിക തത്ത്വങ്ങളെ വികസിപ്പിക്കുന്നതിനു ഇവ സഹായിക്കും. സദാചാരപ്രവൃത്തിചെയ്യാൻ സ്ഥായിയായ ആന്തരിക ബോധ്യം നൽകുന്നു. അങ്ങനെ സദ്ഗുണപരമായ ജീവിതം സ്വാതന്ത്ര്യത്തെ പണിയുകയും ശക്തിപ്പെടുത്തുകയും രൂപപ്പെടുത്തുകയും ചെയ്യും. അല്ലാത്തപക്ഷം നാം മനുഷ്യത്വമില്ലാത്തതും സമൂഹവിരുദ്ധവുമായ പ്രവണതകളുടെ ഇരകളായിത്തീരും. എന്തെന്നാൽ നമ്മൾ ഓരോരുത്തരും വ്യക്തിപരമായ ഉൾപ്രചോദനത്താൽ 'ബോധപൂർവകവും സ്വതന്ത്രവുമായ തിരഞ്ഞെടുപ്പു നടത്തി'[293] പ്രവർത്തിക്കണമെന്ന് മാനുഷികത തന്നെ നമ്മോട് ആവശ്യപ്പെടുന്നുണ്ട്.

## പ്രചോദനമെന്ന നിലയിൽ തെറ്റുതിരുത്തലിനുള്ള മൂല്യം

268. തെറ്റായ പെരുമാറ്റത്തിന് അനന്തരഫലങ്ങളുണ്ടാകുമെന്ന് കുട്ടികളും കൗമാരപ്രായക്കാരും മനസ്സിലാക്കാൻ സഹായിക്കുകയെന്നതും അത്യാവശ്യമായ കാര്യമാണ്. മറ്റുള്ളവരെപ്പോലെ പെരുമാറാനും അവർ സൃഷ്ടിച്ച ദ്രോഹം അംഗീകരിക്കാനും അവരെ പ്രോത്സാഹിപ്പിക്കണം. ചില ശിക്ഷകൾ - അക്രമപരവും സമൂഹവിരുദ്ധവുമായ പെരുമാറ്റത്തിനുള്ള ശിക്ഷകൾ - ഭാഗികമായി ഈ ലക്ഷ്യം സാധിതമാക്കും. ക്ഷമ ചോദിക്കാനും മറ്റുള്ളവരോട് ചെയ്ത ദ്രോഹത്തിനു പരിഹാരം ചെയ്യാനും കുട്ടികളെ പരിശീലിപ്പിക്കുന്നുതു പ്രധാനകാര്യമാണ്. വിദ്യാഭ്യാസ പ്രക്രിയ വ്യക്തിപരമായ സ്വാതന്ത്ര്യത്തിന്റെ വളർച്ചയിൽ ഫലം പുറപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് ഒരു കുടുംബത്തിൽ വളർന്നത് നന്നായെന്നു കുട്ടികൾ മനസ്സിലാക്കാൻ തുടങ്ങും. പരിശീലനത്തിന്റെ ഓരോ പ്രക്രിയയുടെയും ആവശ്യങ്ങളും എതിർപ്പു കൂടാതെ നിർവഹിക്കാനും തുടങ്ങും.

269. കുട്ടികളുടെ പരിശ്രമങ്ങളെ വിലമതിക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോഴെല്ലാം തെറ്റുതിരുത്തലും ഒരു പ്രചോദനമാകും. അവർ മാതാപിതാക്കളുടെ സ്ഥിരവും ക്ഷമാപൂർണവുമായ വിശ്വാസത്തെ മനസ്സിലാക്കും. തങ്ങൾ പരിപാലിക്കപ്പെടുന്നുണ്ടെന്ന് സ്നേഹപൂർവം തിരുത്തപ്പെടുന്ന കുട്ടികൾ കരുതും. അവരുടെ കഴിവുകൾ തിരിച്ചറിയപ്പെടുന്നു എന്ന് അവർ ഗ്രഹിക്കും. ഇതിന് മാതാപിതാക്കൾ പൂർണരായിരിക്കണമെന്നില്ല. അവർ സ്വന്തം പരിമിതികൾ വിനയപൂർവം അംഗീകരിക്കുകയും നന്നാവാൻ പരിശ്രമിക്കുകയും ചെയ്താൽ മതി. എന്നാലും കുട്ടികൾ മാതാപിതാക്കളിൽ നിന്ന് പഠിക്കേണ്ട കാര്യങ്ങളിലൊന്ന് കോപത്താൽ

തോല്പിക്കപ്പെടരുതെന്നാണ്. എന്തെങ്കിലും തെറ്റുചെയ്യുന്ന കുട്ടിയെ തിരുത്തണം. പക്ഷെ, ഒരു ശത്രുവിനെപ്പെലെ കരുതരുത്. അല്ലെങ്കിൽ തങ്ങളുടെ വിരസത തീർക്കാനുള്ള വസ്തുവായി കരുതരുത്. മോശമായ ചില പെരുമാറ്റങ്ങൾ യുവസഹജമായ ചപലതകളും പരിമിതികളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് മുതിർന്നവർ മനസ്സിലാക്കുകയും വേണം. സ്ഥിരം ശിക്ഷിക്കാൻ താത്പര്യമുള്ള ഒരു മനോഭാവം ദ്രോഹകരമായിരിക്കും. ചില പ്രവൃത്തികൾ മറ്റുള്ളവയെക്കാൾ ഗൗരവമുള്ളവയാണെന്ന് മനസ്സിലാക്കാൻ അത് കുട്ടികളെ സഹായിക്കുകയില്ല. അത് നിരുത്സാഹപ്പെടുത്തലിലേക്കും ദ്രോഹത്തിലേക്കും നയിച്ചേക്കും: 'മാതാപിതാക്കളെ, നിങ്ങൾ കുട്ടികളിൽ കോപം ഉളവാക്കരുത്'(എഫേ 6:4: cf കൊളോ 3:21).

270. ശിക്ഷണം നിരുത്സാഹപ്പെടുത്തലാകരുത് മറിച്ച് നന്മയിൽ കൂടുതൽ പുരോഗമിക്കാൻ പ്രചോദനം നല്കുകയെന്നത് സുപ്രധാന കാര്യമാണ്. ശിക്ഷണം നമുക്ക് എങ്ങനെ ഏറ്റവും നല്ല ആന്തരിക മനുഷ്യനാക്കാൻ ഉപകരിക്കും? ശിക്ഷണമെന്നത് ശിശുവിന്റെ പ്രവർത്തനങ്ങളുടെ മേൽ സ്ഥാപിച്ചിട്ടുള്ള ക്രിയാത്മകമായ പരിധിയാണെന്നും അവന്റെ അല്ലെങ്കിൽ അവളുടെ വളർച്ച തടയാൻ സ്ഥാപിക്കുന്ന തടസ്സമല്ലെന്നും നാം എങ്ങനെ ഉറപ്പുവരുത്തും? സമാനമായ രണ്ടറ്റങ്ങൾക്കും ഇടയിൽ ഒരു സന്തുലിതാവസ്ഥ നാം കണ്ടെത്തണം. എല്ലാ കാര്യവും ശിശുവിന്റെ ആഗ്രഹങ്ങളെ ചൂഴ്ന്നുനില്ക്കുന്നതിന് ഒരാൾ പരിശ്രമിച്ചേക്കാം. അത്തരം കുട്ടികൾ തന്റെ ഉത്തരവാദിത്വങ്ങളെപ്പറ്റി ചിന്തിക്കാതെ അവകാശങ്ങളെക്കുറിച്ചു മാത്രമുള്ള ചിന്തയിൽ വളർന്നു വരും. മറ്റൊരാൾ ശിശുവിന് അതിന്റെ മഹത്വത്തെക്കുറിച്ചും വ്യക്തിപരമായ മഹത്വത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചുമുള്ള ബോധം ഒഴിവാക്കാൻ ശ്രമിച്ചേക്കും. അത്തരം കുട്ടികൾ തങ്ങളുടെ കടമകളാലും മറ്റുള്ളവരുടെ ആഗ്രഹങ്ങളുടെ നിർവഹണത്താലും കീഴടക്കപ്പെട്ട് കഷ്ടപ്പെടും.

## ക്ഷമാപൂർണമായ യാഥാർത്ഥ്യബോധം

271. അനുപാതമില്ലാത്ത ത്യാഗങ്ങളുള്ളതും എതിർപ്പിലേക്കും നിർബന്ധത്തിലേക്കും നയിക്കാത്ത കുറേ പരിശ്രമം മാത്രം ആവശ്യപ്പെടുന്നതുമായ കാര്യങ്ങൾ കുട്ടികളോട് അല്ലെങ്കിൽ യുവാക്കളോട് ആവശ്യപ്പെടുകയെന്നതാണ് ധാർമ്മിക വിദ്യാഭ്യാസത്തിൽ ഉൾക്കൊള്ളുന്നത്. മനസിലാക്കപ്പെടാനും സ്വീകരിക്കപ്പെടാനും വിലമതിക്കപ്പെടാനും സാധിക്കുന്നതും, അതേ സമയം ആനുപാതികമായ ത്യാഗം ആവശ്യമുള്ളതുമായ ചെറിയ പ്രവൃത്തികൾ ചെയ്യാൻ നിർദ്ദേശിച്ചുകൊണ്ടാണ് സാധാരണമായി ഇതു ചെയ്യുന്നത്. അങ്ങനെ ചെയ്തില്ലെങ്കിൽ അമിതമായി ആവശ്യപ്പെടുകമൂലം നാം ഒന്നും നേടുന്നില്ല. കുട്ടി നമ്മുടെ നിയന്ത്രണത്തിൽ നിന്നു സ്വതന്ത്രനാകുമ്പോൾ നന്മചെയ്യുന്നതിൽ നിന്ന് മാറുകയും ചെയ്യും.



272. അവഗണന, നിരാശ, വാത്സല്യമില്ലായ്മ, മാതാപിതാക്കൾ കുട്ടികളെ വളർത്തുന്നതിലുള്ള വികലതകൾ എന്നിവ മൂലം ധാർമ്മിക പരിശീലനത്തെ ചിലപ്പോൾ നീരസത്തോടെ കാണാനിടവരുന്നു. ധാർമ്മിക മൂല്യങ്ങൾ മാതാപിതാക്കളുടെ നിഷേധാത്മക പ്രവൃത്തികളോടൊ പ്രായപൂർത്തിയായവരുടെ കൃത്യവിലോപങ്ങളോടൊ ബന്ധപ്പെട്ടിരിക്കുന്നു. ഇക്കാരണത്താൽ കൗമാരപ്രായക്കാർ സാമ്യപ്പെടുത്താൻ സഹായിക്കപ്പെടണം: ചുരുക്കം ചില മാതൃകാ വ്യക്തികളിലാണ് മൂല്യങ്ങൾ പൂർണ്ണതയിൽ മൂർത്തീഭവിച്ചിട്ടുള്ളതെന്നും എന്നാൽ മറ്റു വ്യക്തികളിൽ അപൂർണമായും വ്യത്യസ്ത അളവുകളിലും മൂർത്തീഭവിച്ചിട്ടുണ്ടെന്നും മനസ്സിലാക്കാൻ അവർ സാഹായിക്കപ്പെടണം. അതേസമയം, അവരുടെ സന്ദേഹം മോശമായ അനുഭവങ്ങളോടു ബന്ധിക്കപ്പെട്ടിരിക്കാമെന്നതുകൊണ്ട് ആന്തരിക സുഖപ്പെടുത്തലിന്റെ സഹായം അവർക്ക് ആവശ്യമുണ്ട്. അങ്ങനെ മറ്റുള്ളവരെ മനസ്സിലാക്കാനും മറ്റുള്ളവരോടും, കൂടാതെ വലിയ സമൂഹത്തോടുമൊപ്പം സമാധാനത്തിൽ ജീവിക്കാനും അവർക്ക് കഴിവ് ലഭിക്കണം.

273. മൂല്യങ്ങളെ നിർദ്ദേശിക്കമ്പോൾ കുട്ടികളുടെ വയസ്സും കഴിവുകളും പരിഗണിച്ച്, കർക്കശവും മയപ്പെടാത്തതുമായ രീതികൾ അടിച്ചേൽപ്പിക്കാമെന്ന് സങ്കല്പിക്കാതെ സാവധാനത്തിൽ നാം മുന്നേറണം. ഒരു കുട്ടിയുടെ പെരുമാറ്റം പടിപടിയായി സംഭവിക്കുന്ന പ്രക്രിയയാണെന്നും സ്വാതന്ത്ര്യത്തെ നിയന്ത്രിതമാർഗത്തിലൂടെ പ്രവഹിപ്പിക്കണമെന്നും അതിനെ ഉത്തേജിപ്പിക്കണമെന്നും, കാരണം അതിന് സ്വയമേ പക്വതയിലേക്കുള്ള വളർച്ച ഉറപ്പുവരുത്താനാവുകയില്ലെന്നും മനശ്ശാസ്ത്രത്തിന്റെയും വിദ്യാഭ്യാസ ശാസ്ത്രങ്ങളുടെയും വിലപ്പെട്ട സംഭാവനകൾ നമ്മെ കാണിച്ചിട്ടുണ്ട്. സുസ്ഥാപിതമായ സ്വാതന്ത്ര്യം, യഥാർത്ഥ സ്വാതന്ത്ര്യം പരിമിതവും സുനിശ്ചിതവുമാണ്. നന്മയായത് തികഞ്ഞ സ്വാഭാവികതയോടെ തിരഞ്ഞെടുക്കാനുള്ള കഴിവല്ല അത്. 'ഇച്ഛാപൂർവമായ പ്രവൃത്തികളും' 'സ്വതന്ത്ര പ്രവൃത്തികളും' തമ്മിൽ പര്യാപ്തമായ വ്യത്യാസം എപ്പോഴും കാണിക്കുന്നില്ല. ഒരു വ്യക്തി തിന്മയായ ഒന്നിനെ വ്യക്തമായി പൂർണമനസ്സോടെ ആഗ്രഹിച്ചേക്കാം. പക്ഷെ അങ്ങനെ ചെയ്യുന്നത് തടയാനാവാത്ത വികാരത്തിന്റെയോ വികലമായ വളർത്തലിന്റെയോ ഫലമായിട്ടാണ്. അത്തരം സംഭവങ്ങളിൽ തീരുമാനം ഇഛാപൂർവകമാണ്. കാരണം, അത് അവരുടെ ആഗ്രഹത്തിന്റെ പ്രവണതയ്ക്കെതിരല്ല. അതു സ്വതന്ത്രമല്ല. കാരണം, ആ തിന്മ തിരഞ്ഞെടുക്കാതിരിക്കൽ പ്രായോഗികമായി അസാധ്യമാണ്. ലഹരി മരുന്നിന് അടിപ്പെട്ടവരിൽ ഇത് നാം കാണുന്നു. അവർക്ക് ആവശ്യം തോന്നുമ്പോൾ അത് പൂർണമായി ആവശ്യപ്പെടുന്നു. ആ നിമിഷത്തിൽ വേറെ ഒരു തീരുമാനവും സാധ്യമല്ലാത്ത വിധത്തിലാണ് അവരുടെ അവസ്ഥ. അവരുടെ തീരുമാനം ഇഛാപൂർവകമാണ്. പക്ഷെ, സ്വതന്ത്രമല്ല,

'അവർ സ്വതന്ത്രമായി തിരഞ്ഞെടുക്കട്ടെ' എന്നു പറയുന്നതിൽ അർത്ഥമില്ല. കാരണം, അവർക്ക് യഥാർത്ഥത്തിൽ തിരഞ്ഞെടുക്കാൻ കഴിവില്ല. അവർക്ക് മയക്കുമരുന്നുകൾ ലഭ്യമാക്കിയാൽ അവരുടെ ആസക്തി വർദ്ധിക്കുകയേ ഉള്ളു. അവർക്ക് മറ്റുള്ളവരുടെ സഹായം ആവശ്യമുണ്ട്. പുനരധിവാസ പ്രക്രിയയും അവർക്ക് ആവശ്യമാണ്.

## കുടുംബജീവിതം ഒരു വിദ്യാഭ്യാസ പശ്ചാത്തലമെന്ന നിലയിൽ

274. കുടുംബം മാനുഷിക മൂല്യങ്ങളുടെ പ്രഥമ വിദ്യാലയമാണ്. അവിടെ സ്വാതന്ത്ര്യത്തിന്റെ വിവേകപൂർവകമായ ഉപയോഗം നാം പഠിക്കുന്നു. ചില പ്രവണതകൾ ശൈശവാവസ്ഥയിൽ വളരുകയും പിന്നീട് ഏറെ ആഴത്തിൽ വേരുപിടിക്കുന്നതുകൊണ്ട് ജീവിതകാലം മുഴുവനും നിലനില്ക്കുകയും ചെയ്യും. ഒരു പ്രത്യേക മൂല്യത്തോടുള്ള ആകർഷണമായിട്ടോ ചില പ്രവർത്തന രീതികളോടുള്ള സ്വാഭാവിക വെറുപ്പായിട്ടോ അവ നിലനില്ക്കും. ചില ആളുകൾ ഒരു പ്രത്യേക രീതിയിൽ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. എന്തെന്നാൽ അവർ വളരെ ചെറുപ്പത്തിൽ പഠിച്ചതിന്റെ അടിസ്ഥാനത്തിൽ, ദ്രാവകങ്ങളുടെ ഓസ്മോസിസ് പോലെ, അങ്ങനെ സംഭവിക്കുന്നത് ശരിയാണെന്ന് അവർക്ക് തോന്നുന്നു: 'അങ്ങനെയാണ് എന്നെ പഠിപ്പിച്ചത്.' 'അങ്ങനെ ചെയ്യാനാണ് ഞാൻ പഠിച്ചത്.' വിവിധ വാർത്താ മീഡിയകൾ നല്കുന്ന ചില സന്ദേശങ്ങളെ വിമർശനബുദ്ധിയോടെ കാണാനും കുടുംബത്തിലായിരിക്കുമ്പോൾ നമുക്കു സാധിക്കും. ചില ടെലിവിഷൻ പരിപാടികളും പരസ്യരൂപങ്ങളും നിഷേധാത്മക സ്വാധീനം ഉളവാക്കുകയും കുടുംബജീവിതത്തിൽ പതിപ്പിച്ചിട്ടുള്ളതായ മൂല്യങ്ങളെ തകർക്കുകയും ചെയ്യുന്നുവെന്നത് ദുഃഖകരമാണ്.

275. മാനസികസംഘർഷവും ശീഘ്രഗതിയിലുള്ള സാങ്കേതിതവിദ്യാപരമായ മുന്നേറ്റങ്ങളും ആധിപത്യം പുലർത്തുന്ന നമ്മുടെ കാലത്ത്, കുടുംബങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ധർമ്മങ്ങളിൽ ഒന്ന് പ്രത്യാശയിലുള്ള വിദ്യാഭ്യാസം നല്കുകയെന്നതാണ്. കുട്ടികൾ എലക്ട്രോണിക് ഉപകരണങ്ങൾ കൊണ്ടു കളിക്കുന്നത് നിരോധിക്കണമെന്ന് അർത്ഥമില്ല. പിന്നയോ അവരുടെ വിമർശനപരമായ കഴിവുകൾ വികസിപ്പിക്കാനും ജീവിതത്തിൽ എല്ലാകാര്യങ്ങളിലും ഡിജിറ്റൽ സ്പീഡ് പ്രയോഗിക്കാനാവുമെന്ന് ചിന്തിക്കാതിരിക്കാനും അവരെ സഹായിക്കാനുള്ള മാർഗങ്ങൾ കണ്ടുപിടിക്കുകയെന്നാണർത്ഥം. ആഗ്രഹങ്ങൾ മാറ്റിവയ്ക്കുകയെന്നതിന് അവയെ നിഷേധിക്കുക എന്നർത്ഥമില്ല. അവയുടെ പൂർത്തികരണം താമസിപ്പിക്കുകയെന്നേ അർത്ഥമുള്ളൂ. ചില കാര്യങ്ങൾക്കായി കാത്തിരിക്കണമെന്ന് മനസ്സിലാക്കാൻ കുട്ടികളെ സാഹിയിക്കണം. അല്ലെങ്കിൽ തൊട്ടുത്ത ആഗ്രഹങ്ങൾ തൃപ്തിപ്പെടുത്തുന്നതിനെക്കുറിച്ച് അമിതാവേശമുള്ള



വരാകും, 'എല്ലാം ഇപ്പോൾത്തന്നെ ആവശ്യപ്പെടുക'യെന്ന ദുശ്ശീലം ഉണ്ടാക്കുകയും ചെയ്യും. ഇത് വലിയൊരു മിഥ്യാ ബോധമാണ്. ഇത് സ്വാതന്ത്ര്യത്തെ വളർത്താതെ അതിനെ ദുർബലപ്പെടുത്തുകയാണ് ചെയ്യുന്നത്. നേരെമറിച്ച്ശരിയായസമയംവരുന്നതുവരെചിലകാര്യങ്ങൾമാറ്റിവയ്ക്കാൻ നമ്മൾ പഠിപ്പിക്കപ്പെട്ടാൽ നാം ആത്മനിയന്ത്രണം പഠിക്കുന്നു. നമ്മുടെ പ്രചോദനങ്ങളിൽ നിന്ന് അകന്നു നില്ക്കാനും പഠിക്കുന്നു. കുട്ടികൾ തങ്ങളെപ്പറ്റിത്തന്നെ ഉത്തരവാദിത്വമുള്ളവരാണെന്ന് തിരിച്ചറിയുമ്പോൾ അവരുടെ ആത്മാഭിമാനം സമ്പന്നമാക്കപ്പെടുന്നു. ഇത് മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ മാനിക്കാൻ അവരെ പഠിപ്പിക്കുന്നു. കുട്ടികൾ മുതിർന്നവരെപ്പോലെ പെരുമാറണമെന്ന് ഇതിനു അർത്ഥമില്ലെന്നതു വ്യക്തമാണ്. ഉത്തരവാദിത്വപൂർണമായ സ്വാതന്ത്ര്യത്തിൽ വളരാനുള്ള കഴിവിനെ വിലകുറച്ചുകാണുകയെന്ന അർത്ഥവും ഇതിനില്ല. ആരോഗ്യകരമായ കുടുംബത്തിൽ സാധാരണമായി ഈ പഠന പ്രക്രിയ കുടുംബത്തിന്റെ പൊതുവായ ആവശ്യങ്ങളിലൂടെ സംഭവിക്കുന്നു.

276. സമൂഹവത്ക്കരണത്തിന്റെ പ്രാഥമികരംഗം കുടുംബമാണ്. എന്തെന്നാൽ നാം ആദ്യമായി മറ്റുള്ളവരോടു ബന്ധപ്പെടാനും ശ്രവിക്കാനും പങ്കുവയ്ക്കാനും ക്ഷമാശീലമുള്ളവരാകാനും ബഹുമാനം പ്രദർശിപ്പിക്കാനും പരസ്പരം സഹായിക്കാനും ഒന്നിച്ചു ജീവിക്കാനും പഠിക്കുന്നത് കുടുംബത്തിൽവച്ചാണ്. ലോകവും സമൂഹവും നമ്മുടെ ഭവനമാണെന്ന് നമുക്ക് മനസ്സിലാക്കിത്തരുകയെന്നത് വിദ്യാഭ്യാസത്തിന്റെ ദൗത്യമാണ്. ഈ വലിയ ലോക കുടുംബത്തിൽ എങ്ങനെ ഒരുമിച്ച് ജീവിക്കണമെന്ന് അതു നമ്മെ പരിശീലിപ്പിക്കുന്നു. കുടുംബത്തിൽ മറ്റുള്ളവരോടുള്ള ഉറ്റബന്ധവും ശ്രദ്ധയും ആദരവും നാം പഠിക്കുന്നു. നാം മാരകമായ സ്വാർത്ഥമാത്രതയിൽ നിന്നു പുറത്തുവരുകയും, നമ്മുടെ താത്പര്യവും കാരുണ്യവും വാത്സല്യവും അർഹിക്കുന്ന മറ്റുള്ളവരോടൊപ്പം ആണ് നാം ജീവിക്കുന്നതെന്ന് മനസ്സിലാക്കാൻ തുടങ്ങുകയും ചെയ്യുന്നു. അടുത്തടുത്തു ജീവിക്കുക, ദിവസത്തിന്റെ വിവിധ മണിക്കൂറുകളിൽ നേർക്കുനേർ പാതകൾ കടക്കുക, നമ്മെ ബാധിക്കുന്ന എല്ലാ കാര്യത്തിലും താല്പര്യമുണ്ടായിരിക്കുക, സാധാരണമായ ചെറിയ കാര്യങ്ങൾ മുഖേന മറ്റുള്ളവരെ സഹായിക്കുക എന്നീ പ്രാഥമികവും അനുദിനമുണ്ടാകുന്നതും ജീവിതത്തിന്റെ സൂക്ഷമതയുള്ള കാഴ്ചപ്പാട് കൂടാതെ സാമൂഹിക ബന്ധം ഉണ്ടാവുകയില്ല. കുടുംബം ഓരോ ദിവസവും അതിലെ അംഗങ്ങളെ വിലമതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതിന്റെ പുതിയ വഴികൾ കണ്ടെത്താൻ ശ്രമിക്കണം.

277. കുടുംബത്തിലും നമ്മുടെ ഉപഭോഗത്തെക്കുറിച്ചുള്ള പുനർവിചാരണ നടത്തുകയും നമ്മുടെ പൊതുഭവനമെന്ന നിലയിലുള്ള പരിസ്ഥിതിയുടെ സംരക്ഷണ ശ്രമത്തിൽ പങ്കുചേരുകയും ചെയ്യാം. 'കുടുംബം സമഗ്രമായ

പരിസ്ഥിതിയുടെ പ്രാഥമിക പ്രവർത്തകയാണ്. എന്തെന്നാൽ ഭൂമിയിലെ മാനവികസംസ്ക്കാരത്തിന്റെ രണ്ടുമൗലിക തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രാഥമിക സാമൂഹിക സ്ഥാപനം കുടുംബമാണ്: കൂട്ടായ്മയിലുള്ള സംസർഗ്ഗത്തിന്റെ തത്ത്വവും ഫലപൂർണതയുടെ തത്ത്വവും'[294] അതു പോലെതന്നെ, കുടുംബജീവിതത്തിലെ പ്രയാസങ്ങളുടെയും പ്രശ്നങ്ങളുടെയും സമയങ്ങൾ കുടുംബത്തെ സുപ്രധാന പാഠങ്ങൾ പഠിപ്പിക്കുന്നുണ്ട്. ഉദാഹരണമായി, രോഗങ്ങൾ ബാധിക്കുമ്പോൾ ഇതു സംഭവിക്കുന്നു. കാരണം 'രോഗത്തിന്റെ മുമ്പിൽ, കുടുംബങ്ങളിൽപോലും മാനുഷിക ദുർബലത മൂലം പ്രയാസങ്ങളുണ്ടാകുന്നു. എന്നാൽ പൊതുവേ, രോഗാവസ്ഥയുടെ കാലങ്ങൾ കുടുംബബന്ധങ്ങളെ കൂടുതൽ ശക്തമായി വളരാൻ സഹായിക്കുന്നു. മാനുഷിക രോഗത്തോടുള്ള സംവേദകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ പരാജയപ്പെടുന്ന ഒരു വിദ്യാഭ്യാസം ഹൃദയം തണുത്തതായിത്തീരാൻ ഇടയാക്കുന്നു. അതു യുവാക്കളെ മറ്റുള്ളവരുടെ സഹനത്തെ സംബന്ധിച്ച് സംവേദകത്വമില്ലാത്തവരാക്കുന്നു, സഹനത്തെ നേരിടാൻ കഴിവില്ലാത്തവരും പരിമിതികളെ സ്വീകരിച്ച് ജീവിക്കാൻ കഴിവില്ലാത്തവരുമാക്കുന്നു.'[295]

278. വാർത്താവിനിമയത്തിന്റെയും വിനോദത്തിന്റെയും മാധ്യമങ്ങളുടെ സങ്കേതിക വളർച്ച മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള വിദ്യാഭ്യാസ പ്രക്രിയയെ സാഹയിക്കുകയോ തടയുകയോ ചെയ്യാം. ഈ മാധ്യമങ്ങൾ നന്നായിട്ട് ഉപയോഗിച്ചാൽ അകലെ കഴിഞ്ഞുകൂടുന്ന കുടുംബാംഗങ്ങൾ തമ്മിൽ ബന്ധപ്പെടാൻ സഹായകമാകും. കൂടെകൂടെയുള്ള ബന്ധപ്പെടലുകൾ പ്രയാസങ്ങളെ അതിജീവിക്കാൻ സഹായിക്കും.[296] എന്നാലും കൂടുതൽ വ്യക്തിപരവും നേരിട്ടുള്ളതുമായ സംഭാഷണത്തിന് പകരം നില്ക്കാൻ ഈ മീഡിയകൾക്ക് കഴിവില്ലെന്നതു വ്യക്തമാണ്. നേരിട്ടുള്ള വ്യക്തിപരമായ സംഭാഷണത്തിനു ശാരീരിക സാന്നിധ്യം- അല്ലെങ്കിൽ മറ്റേവ്യക്തിയുടെ സ്വരം കേൾക്കലെങ്കിലും ആവശ്യമാണ്, അവ ആളുകളെ ഒന്നിച്ചായിരിക്കാൻ സഹായിക്കുന്നതിനുപകരം ചിലപ്പോൾ അകറ്റിനിറുത്തുന്നുവെന്നു നമുക്കറിയാം: ഭക്ഷണ സമയത്ത് എല്ലാവരും മൊബൈൽ ഫോണിൽ ചിലച്ചുകൊണ്ടിരിക്കുന്നു, അതുമല്ലെങ്കിൽ ഇലക്ട്രോണിക് ഉപകരണം കൊണ്ട് കളിക്കാൻ മണിക്കൂറുകൾ ഉപയോഗിക്കുന്ന ഒരു ജീവിത പങ്കാളിയെ കാത്തിരുന്ന് ക്ഷീണിച്ച് മറ്റേ ജീവിത പങ്കാളി ഉറങ്ങിപ്പോകുന്നു. കുടുംബങ്ങൾ ചർച്ചചെയ്യുകയും യാഥാർത്ഥ്യബോധമില്ലാത്ത നിരോധനങ്ങൾ കൂടാതെ തന്നെ പരസ്പര ബന്ധത്തെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ പരിഹരിക്കപ്പെടേണ്ടതായ ഒരു കാര്യമാണിത്. എങ്ങനെയായാലും ആശയവിനിമയത്തിന്റെ ഈ പുതിയരൂപങ്ങൾ കുട്ടികളിലും കൗമാരപ്രായക്കാരിലും സൃഷ്ടിക്കുന്ന അപകടസാധ്യതകളെ അവഗണിക്കാൻ നമുക്കു സാധ്യമല്ല. ചിലപ്പോൾ അവ വികാര



ശൂന്യത വളർത്തുകയും അവരെ യഥാർത്ഥ ലോകത്തിൽ നിന്ന് വിഛേദിക്കുകയും ചെയ്യും. 'സാങ്കേതിക വിദ്യാപരമായ ഈ വിഛേദിക്കൽ' അവരെ ദുരുപയോഗത്തിന് എളുപ്പത്തിൽ ഇരയാക്കും. സ്വാർത്ഥ താത്പര്യങ്ങളോടെ അവരുടെ സ്വകാര്യതയെ ആക്രമിക്കുന്നവരുടെ ദുരുപയോഗത്തിനുതന്നെ.

279. മാതാപിതാക്കൾ അധികാരഗർവുള്ളവരായിരിക്കുന്നതും നന്നല്ല. മാതാപിതാക്കളെ മാത്രമേ വിശ്വസിക്കാവു എന്ന ധാരണ വളർത്തിയാൽ അത് അവരുടെ സാമൂഹിക ബോധനത്തിന്റെയും വൈകാരിക വളർച്ചയുടെയും പ്രക്രിയയെ തടസ്സപ്പെടുത്തും. മാതാപിതാക്കളുമായുള്ള ബന്ധത്തെ കൂടുതൽ വിശാലമായ യാഥാർത്ഥ്യങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനു 'കുടുംബങ്ങളുടെ വിദ്യാഭ്യാസ ദൗത്യത്തെ സഹായിക്കാൻ ക്രൈസ്തവസമൂഹങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു.'[297] ക്രൈസ്തവ ജീവിതത്തിന് തുടക്കമിടുന്ന മതബോധനത്തിലൂടെ അതു പ്രത്യേകമായി നിർവഹിക്കണം. സമഗ്രമായ ഒരു വിദ്യാഭ്യാസം വളർത്താൻ 'കുടുംബവും ക്രൈസ്തവസമൂഹവും തമ്മിലുള്ള ഉടമ്പടി പുതുക്കണം.'[298] കത്തോലിക്കാ വിദ്യാലയങ്ങളുടെ പ്രാധാന്യത്തെ സിനഡു പിതാക്കന്മാർ ഊന്നിപ്പറയാൻ ആഗ്രഹിച്ചു: കത്തോലിക്കാ വിദ്യാലയങ്ങൾ 'കുട്ടികളെ വളർത്തുകയെന്ന കടമ നിർവഹിക്കാൻ മാതാപിതാക്കളെ സഹായിക്കുന്നതിൽ സജീവമായ പങ്കുവഹിക്കുന്നുണ്ട്... യേശുവിന്റെ സ്നേഹത്തോടെ ലോകത്തെ കാണാനും ദൈവസേവനത്തിനുള്ള വിളിയായി ജീവിതത്തെ മനസിലാക്കാനും കഴിവുള്ള പക്വതയുള്ള മുതിർന്നവരായി വളരാൻ ശിഷ്യരെ സഹായിക്കാനുള്ള കത്തോലിക്കാ വിദ്യാലയങ്ങളുടെ ദൗത്യത്തിൽ അവയെ പ്രോത്സാഹിപ്പിക്കണം.'[299] ഇക്കാരണത്താൽ 'സഭ തന്റെ അധ്യാപനം നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യത്തെയും ഇക്കാര്യത്തിൽ അധ്യാപകരെ ബോധപൂർവം തടയാനുള്ള അവകാശത്തെയും ശക്തിയുക്തം ഉറപ്പിച്ചു പറയുന്നു.'[300]

## ലൈംഗിക വിദ്യാഭ്യാസത്തിന്റെ ആവശ്യകത

280. കുട്ടികൾക്കും കൗമാരപ്രായക്കാർക്കും അവർ വളരുന്നതനുസരിച്ച് മനശ്ശാസ്ത്രം ശിശുശാസ്ത്രം അധ്യാപനശാസ്ത്രം എന്നിവയിലെ പുരോഗതികൾക്ക് തക്കമൂല്യം കല്പിച്ചുകൊണ്ട് ഭാവാത്മകവും വിവേകപൂർവകവുമായ ലൈംഗിക വിദ്യാഭ്യാസം നല്കണമെന്ന്'[301] രണ്ടാം വത്തിക്കാൻ സൂനഹദോസ് പറഞ്ഞു. നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഈ വെല്ലുവിളി സ്വീകരിച്ചിട്ടുണ്ടോയെന്നു നാം നമ്മോടു തന്നെ ചോദിക്കുന്നതു നന്നായിരിക്കും. ലൈംഗികതയെ നിസ്സാരമാക്കുകയും ദരിദ്രമാക്കുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിൽ ലൈംഗിക വിദ്യാഭ്യാസമെന്ന വിഷയത്തെ സമീപിക്കുക എളുപ്പമല്ല. സ്നേഹത്തിനു വേണ്ടിയുള്ള, പരസ്പരം സ്നേഹത്തിനും ആത്മദാനത്തിനുവേണ്ടിയുള്ള ഒരു വിദ്യാഭ്യാസത്തിന്റെ

കൂടുതൽ വിശാലമായ ഒരു ചട്ടക്കൂടിനുള്ളിലേ അതു കാണാൻ സാധിക്കുകയുള്ളൂ. അങ്ങനെ ലൈംഗികതയുടെ ഭാഷ ദുഃഖകരമാംവിധം ദരിദ്രമാക്കപ്പെടാതിരിക്കണം. പകരം അത് പ്രകാശിപ്പിക്കപ്പെടുകയും സമ്പന്നമാക്കപ്പെടുകയും ചെയ്യും. സന്തോഷിക്കാനും സ്നേഹപൂരസ്സരം ഒത്തുചേരാനുമുള്ള കഴിവുകളെ പോഷിപ്പിക്കാൻ പ്രാപ്തമായ ആത്മജ്ഞാനത്തിന്റെയും ആത്മനിയന്ത്രണത്തിന്റെയും വളർച്ചയുടെ ഒരു പ്രക്രിയയിലൂടെ ലൈംഗിക പ്രചോദനത്തെ വഴി തിരിച്ചുവിടാൻ കഴിയും.

281. കുട്ടികളും യവജനങ്ങളും പൂർണപക്വത പ്രാപിച്ചിട്ടില്ലെന്ന കാര്യം മനസിൽ വച്ചുകൊണ്ട് ലൈംഗികവിദ്യാഭ്യാസം നല്കണം. അറിവു തക്ക സമയത്തും തക്ക പ്രായത്തിലും നല്കപ്പെടണം. വിമർശനാത്മക ബോധം കൂടി വികസിപ്പിക്കാൻ സഹായിക്കാതെ വിവിരങ്ങൾ കൊണ്ട് അവരെ അടിമപ്പെടുത്തുന്നതു സഹായകരമല്ല. ലൈംഗികതയെ വികലമാക്കാൻ കഴിവുള്ള പുതിയ ആശയങ്ങളുടെയും നിർദ്ദേശങ്ങളുടെയും ആക്രമണത്തെ, അശ്ലീലസാഹിത്യമെന്ന ജലപ്രളയത്തെ, പ്രചോദനങ്ങളുടെ അമിതഭാരത്തെ, കൈകാര്യം ചെയ്യാൻ വേണ്ട വിമർശനാത്മകബോധം കൂടി വികസിപ്പിക്കണം. പക്വതയിലേക്കുള്ള തങ്ങളുടെ വളർച്ചയ്ക്ക് ഉപകാരം ചെയ്യാത്ത സന്ദേശങ്ങളാൽ തങ്ങൾ ആക്രമിക്കപ്പെടുന്നുവെന്ന് യുവജനം മനസ്സിലാക്കണം. സ്നേഹിക്കാനുള്ള തങ്ങളുടെ കഴിവിനെ വികലമാക്കുന്ന കാര്യങ്ങൾ ഉപേക്ഷിച്ചുകൊണ്ട് ഭാവാത്മകസ്വാധീനങ്ങളെ അംഗീകരിക്കാനും അന്വേഷിക്കാനും അവർ സഹായിക്കപ്പെടണം. 'കുട്ടികളെയും കൗമാരപ്രായക്കാരെയും ലൈംഗികതയെന്ന വിഷയത്തിലേക്കു പ്രവേശിപ്പിക്കുന്നതിന് നവീനവും കൂടുതൽ ഉചിതവുമായ ഭാഷ'[302] ആവശ്യമാണെന്ന് നാം മനസ്സിലാക്കുകയും വേണം.

282. അടക്കത്തെക്കുറിച്ചുള്ള ഗുണകരമായ ബോധത്തെ വളർത്തുന്ന ലൈംഗിക വിദ്യാഭ്യാസത്തിന് അളവറ്റ മൂല്യമുണ്ട്. കടന്നുപോയ യുഗത്തിന്റെ അവശിഷ്ടമാണ് അടക്കമെന്ന് ചിലർ എത്രമാത്രം കരുതിയാലും അടക്കം സ്വാഭാവികമായ മാർഗമാണ്. അടക്കം മുഖേന നാം നമ്മുടെ വ്യക്തിപരമായ സ്വകാര്യതയെ സംരക്ഷിക്കുന്നു. ഉപയോഗിക്കപ്പെടാനുള്ള വസ്തുവാക്കി മാറ്റപ്പെടുകയെന്നതിൽ നിന്ന് നമ്മെത്തന്നെ തടയുന്നു. അടക്കത്തെക്കുറിച്ചുള്ള ബോധമില്ലാതിരുന്നാൽ ആകർഷണവും ലൈംഗികതയും പ്രത്യുത്പാദനത്തെ സംബന്ധിച്ച അനിയന്ത്രിതമായ ആസക്തിയും സ്നേഹിക്കാനുള്ള നമ്മുടെ കഴിവിനെ വികലമാക്കി ചുരുക്കിക്കളയും. കൂടാതെ മനുഷ്യത്വരഹിതമായ പെരുമാറ്റത്തിലേക്കു നയിക്കുന്ന ലൈംഗികാക്രമണങ്ങളുടെ രീതികളുണ്ടാകും. മറ്റുള്ളവർക്ക് അത് വേദനയുളവാക്കുകയും ചെയ്യും.



283. മിക്കപ്പോഴും ലൈംഗിക വിദ്യാഭ്യാസം പ്രധാനമായി നല്കുന്നത് ചെയ്യുന്നത് 'സുരക്ഷിത ലൈംഗികത' യിലൂടെയുള്ള 'സംരക്ഷണ'മാണ്. അത്തരം രീതികൾ ലൈംഗികതയുടെ പ്രത്യുത്പാദനപരമായ സ്വാഭാവികലക്ഷ്യത്തോട് നിഷേധാത്മകപരമായ മനോഭാവം നല്കുന്നു. ജനിക്കാനിരിക്കുന്ന ശിശു ഒരു ശത്രു ആണെന്നും അതിനെതിരായി സംരക്ഷണം നേടണമെന്ന തോന്നലും ഉണ്ടാകും. ഇത്തരത്തിലുള്ള ചിന്ത സ്വശരീര പ്രേമത്തെയും സ്വീകരണത്തിന്റെ സ്ഥാനത്ത് എതിർപ്പിനെ വളർത്തുന്നു. കൗമാരപ്രായക്കാരെ വിവാഹത്തിനുചേർന്ന പക്വതയും മൂല്യങ്ങളും പരസ്പരസമർപ്പണവും വൈവാഹിക ലക്ഷ്യങ്ങളും അവശ്യം ഉള്ളവരായി കണക്കാക്കി അവരുടെ ശരീരത്തെയും ആഗ്രഹത്തെയും കളിപ്പാട്ടംപോലെ കളിക്കാൻ ക്ഷണിക്കുന്നത് എപ്പോഴും നിരുത്തരവാദിത്വപരമാണ്.അവരുടെ ആവശ്യങ്ങളും നേരിടുന്ന കുറവുകളും സഫലീകരിക്കാനുള്ള മാർഗമായി മറ്റു വ്യക്തികളെ ഉപയോഗിക്കാൻ ഉത്സാഹപൂർവം പ്രോത്സാഹിപ്പിക്കപ്പെടുന്നു. സ്നേഹത്തിന്റെ വ്യത്യസ്തപ്രകാശനങ്ങൾ, പരസ്പര താത്പര്യവും ശ്രദ്ധയും സ്നേഹപൂർവകമായ ആദരവും, ആഴത്തിൽ അർത്ഥമുള്ള ആശയവിനിമയം എന്നിവയോടുള്ള സംവേദകത്വം അവരെ പഠിപ്പിക്കുകയെന്നതാണ് പ്രധാനപ്പെട്ട കാര്യം. ഇതെല്ലാം സമഗ്രവും ഉദാരതാപൂർണവുമായ ആത്മദാനം നടത്താൻ തയ്യാറാക്കും. ആ ആത്മദാനമാകട്ടെ, പരസ്യമായ ഒരു സമർപ്പണം വഴി അവരുടെ ശരീരമെന്ന ദാനത്തിൽ പ്രകാശിപ്പിക്കപ്പെടും. അങ്ങനെ വിവാഹത്തിലെ ലൈംഗിക ഐക്യം, അതിനുമുമ്പുണ്ടായിരുന്ന എല്ലാംകൊണ്ടും സമ്പന്നമാക്കപ്പെട്ട, എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന, സമർപ്പണത്തിന്റെ ഒരു അടയാളമായി കാണപ്പെടും.

284. യാഥാർത്ഥ്യത്തിന്റെ രണ്ടു തലങ്ങളെക്കുറിച്ചുള്ള ആശയക്കുഴപ്പത്തിൽ യുവജനങ്ങൾ വഞ്ചിക്കപ്പെടരുത്: 'ലൈംഗികമായ ആകർഷണം നിമിഷനേരത്തേക്ക് ഐക്യത്തിന്റെ മിഥ്യാബോധത്തെ സൃഷ്ടിക്കുന്നു. എന്നാലും സ്നേഹമില്ലെങ്കിൽ ഈ 'ഐക്യം' അപരിചിതരെ മുമ്പ് ആയിരുന്നതുപോലെ അകലത്തിലാക്കും'[303] ശരീരത്തിന്റെ ഭാഷ ക്ഷമാപൂർവകമായ പരിശീലനം ആവശ്യപ്പെടുന്നുണ്ട്. യഥാർത്ഥ ആത്മദാനത്തെ ലക്ഷ്യം വച്ചുകൊണ്ട് വികാരങ്ങളെ വ്യാഖ്യാനിക്കാനും നിയന്ത്രിത മാർഗത്തിലൂടെ വഴിത്തിരിച്ചുവിടാനുള്ള പഠനപരിശീലനമാണത്. എല്ലാം പെട്ടെന്നു കൊടുക്കുന്നുവെന്നു നാം സങ്കല്പിക്കുമ്പോൾ യഥാർത്ഥത്തിൽ നാം ഒന്നും കൊടുക്കുന്നില്ലായിരിക്കാം. യുവജനം എത്രമാത്രം ദുർബലരും പരിഭ്രാന്തരുമായിത്തീരാമെന്നു മനസ്സിലാക്കണം. അവർ സ്നേഹം കാണിക്കുന്നതിലുള്ള അപക്വത നീട്ടിക്കൊണ്ടുപോകാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതും മറ്റൊരു കാര്യമാണ്. എന്നാൽ ആരാണ് ഇന്ന് ഇക്കാര്യങ്ങളെപ്പറ്റി പറയുന്നത്? യുവജനങ്ങളെ ഗൗരവപൂർവം കരു

താൻ ആർക്കാണു കഴിയുന്നത്? മഹത്തരവും ഉദാരതാപൂർണവുമായ സ്നേഹത്തിനുവേണ്ടി ഗൗരവപൂർവം തയ്യാറാകാൻ ആരാണ് അവരെ സഹായിക്കുന്നത്? ലൈംഗിക വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഏറെ കാര്യങ്ങൾ സന്ദിഗ്ധാവസ്ഥയിലാണ്.

285. ലൈംഗിക വിദ്യാഭ്യാസം വ്യത്യസ്തതകളോടുള്ള ആദരവും അവയെ ബഹുമാനിക്കലും കൂടി ഉൾക്കൊള്ളണം. യുവജനത്തെ അവരുടെ സ്വാർത്ഥമാത്രതയെ കീഴ്പ്പെടുത്താനും അന്യരെ സ്വീകരിക്കുന്നതിൽ തുറവുള്ളവരാക്കാനും വേണ്ടിയുള്ള സഹായമെന്ന നിലയിലാണ് അങ്ങനെ ചെയ്യേണ്ടത്. യുവജനങ്ങൾ സ്വന്തം ശരീരത്തെ അതു സൃഷ്ടിക്കപ്പെട്ട അവസ്ഥയിൽ സ്വീകരിക്കാൻ അവരനുഭവിക്കുന്ന പ്രയാസങ്ങൾക്ക് അതീതമായി സഹായിക്കപ്പെടണം. എന്തെന്നാൽ 'നമ്മുടെ ശരീരത്തിൻമേൽ നമുക്കു സമ്പൂർണമായ അധികാരമുണ്ടെന്ന ചിന്ത, മിക്കപ്പോഴും സൂക്ഷ്മരൂപത്തിൽ നാം സൃഷ്ടിയുടെ മേൽ സമ്പൂർണമായ അധികാരമുള്ളവരാണെന്ന ചിന്ത.. നമ്മിൽ നിന്നു വ്യത്യസ്തരായ മറ്റുള്ളവരുമായുള്ള കണ്ടുമുട്ടലിൽ നമ്മുടെതന്നെ ആത്മാവബോധത്തിന് നമ്മുടെ ശരീരത്തെ - അത് സ്ത്രൈണമായാലും പൗരുഷികമായാലും - സംബന്ധിച്ച വിലമതിക്കൽ അത്യന്താപേക്ഷിതമാണ്. ഇങ്ങനെ, സ്രഷ്ടാവായ ദൈവത്തിന്റെ സൃഷ്ടിയായ മറ്റൊരു സ്ത്രീയുടെ അല്ലെങ്കിൽ പുരുഷന്റെ സവിശേഷദാനങ്ങളെ സന്തോഷപൂർവം സ്വീകരിക്കാൻ കഴിയും; പരസ്പരം സമ്പന്നമാക്കൽ കണ്ടെത്താനാവും.'[304] വ്യത്യസ്തനായിരിക്കുന്നതിലുള്ള ഭയം മാറുന്നതുവഴി മാത്രമേ സ്വയംകേന്ദ്രീയതയിൽ നിന്നും സ്വാർത്ഥൈകനിരതത്വത്തിൽ നിന്നും നമ്മൾ സ്വതന്ത്രരാക്കപ്പെടുകയുള്ളൂ. ലൈംഗികവിദ്യാഭ്യാസം സ്വന്തം ശരീരങ്ങളെ സ്വീകരിക്കാൻ യുവജനങ്ങളെ സഹായിക്കണം. 'ലൈംഗികവ്യത്യാസത്തെ - അതിനെ എങ്ങനെ കൈകാര്യം ചെയ്യണമെന്നു ഒട്ടും അറിഞ്ഞുകൂടാത്തതുകൊണ്ട് - നിരസിക്കുന്ന'[305] വ്യാജഭാവം ഒഴിവാക്കാനും അവരെ പഠിപ്പിക്കണം.

286. പുരുഷനായിട്ടോ സ്ത്രീയായിട്ടോ ഉള്ള നമ്മുടെ ബാഹ്യാകാരം ജീവശാസ്ത്രപരമോ ഉത്പത്തിശാസ്ത്രപരമോ ആയ ഘടകങ്ങളുടെ ഫലം മാത്രമല്ലെന്ന വസ്തുത നാം അവഗണിക്കാൻ പാടില്ല. അത് അനേകം ഘടകങ്ങളുടെ ഫലമാണ്. സ്വഭാവം, കുടുംബചരിത്രം, സംസ്കാരം, അനുഭവം, വിദ്യാഭ്യാസം സുഹൃത്തുക്കളുടെയും കുടുംബാംഗങ്ങളുടെയും ആദരണീയരായ വ്യക്തികളുടെയും സ്വാധീനം എന്നിവയോടും പരിശീലനപരമായ മറ്റു സാഹചര്യങ്ങളോടും അതു ബന്ധപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ നിന്ന് പുരുഷനെയും സ്ത്രീയെയും വേർതിരിക്കാൻ സമുക്കു സാധ്യമല്ലെന്നതു സത്യമാണ്. ആ കർമ്മം നമ്മുടെ തീരുമാനങ്ങൾക്കും അനുഭവങ്ങൾക്കും അപ്പുറത്തുള്ളതാണ്. അവഗണിക്കാനാവാത്ത ജീവശാസ്ത്രപരമായ ഘടകങ്ങൾ അവിടെയുണ്ട്. എന്നാൽ പുരു



ഷത്വവും സ്ത്രീത്വവും കർക്കശമായ വ്യതസ്ത ഇനങ്ങളല്ലെന്നതും സത്യമാണ്. ഉദാഹരണമായി, പുരുഷനായിരിക്കുകയെന്ന ഭർത്താവിന്റെ അവസ്ഥയിലും ഭാര്യയുടെ തൊഴിൽ പരിപാടിയോട് വഴക്കത്തോടെ പൊരുത്തപ്പെടുത്താനാവും. വീട്ടുകാര്യങ്ങളോ കുട്ടികളെ വളർത്തുന്നതിന്റെ ചിലഭാഗങ്ങളോ ഏറ്റെടുക്കുകയെന്നത് അയാളുടെ പൗരഷത്വത്തെ കുറയ്ക്കുന്നില്ല, അത് പരാജയമോ ഉത്തരവാദിത്വമില്ലായ്മയോ സൂചിപ്പിക്കുന്നില്ല, ലജ്ജിക്കാനുള്ള കാരണമാകുന്നില്ല. പിതൃരൂപത്തിന്റെ മഹത്വത്തെ കുറയ്ക്കാത്ത അത്തരം ഗുണകരമായ 'ക്രയവിക്രയം' സ്വാഭാവികമായി കരുതി സ്വീകരിക്കാൻ കുട്ടികളെ സഹായിക്കണം. കർക്കശമായ നിലപാട് സ്ത്രീ ഭാവത്തിനോ പുരുഷഭാവത്തിനോ അമിതമായ ഊന്നൽ നല്കലായിത്തീരും. വിവാഹത്തിന്റെ യഥാർത്ഥ അവസ്ഥയിൽ സമൂർത്തമായിട്ടുള്ള യഥാർത്ഥ പാരസ്പര്യത്തെ വിലമതിക്കാൻ കുട്ടികളെ യുവജനത്തെയും അതു സഹായിക്കുകയില്ല. അത്തരം കാർക്കശ്യത്തിന് വ്യക്തിയുടെ കഴിവുകളുടെ വികസനത്തെ തടയാൻ കഴിയും. ഉദാഹരണമായി, കലയോ നൃത്തമോ വളർത്തുന്നത് യഥാർത്ഥത്തിൽ പുരുഷത്വത്തിന്റേതല്ലെന്നും നേതൃത്വം നിർവഹിക്കൽ സ്ത്രീത്വത്തിന്റേതല്ലെന്നും ചിന്തിക്കാൻ അവനെ അല്ലെങ്കിൽ അവളെ പ്രേരിപ്പിക്കും. ഇത് മാറിയിട്ടുണ്ട്. ദൈവത്തിനു നന്ദി. എന്നാൽ ചില സ്ഥലങ്ങളിൽ സങ്കുചിതമായ ആശയങ്ങൾ നിയമാനുസൃതമായ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നുണ്ട്. അത് കുട്ടികളുടെ സവിശേഷമായ തനിമയുടെയും കഴിവിന്റെയും ശരിയായ വികസനത്തെ തടയുകയും ചെയ്യുന്നു.

## വിശ്വാസകൈമാറ്റം

287. കുട്ടികളെ വളർത്തുന്നതിന് ക്രമാനുഗതമായ ഒരു വിശ്വാസകൈമാറ്റപ്രക്രിയ ആവശ്യമായിരിക്കുന്നു. ഇന്നത്തെ തൊഴിൽ ക്രമീകരണങ്ങളും അനേകർ അതിജീവനത്തിന് മാത്രമായി ഭ്രാന്തു പിടിച്ചു ഓടുന്ന ഇന്നത്തെ ലോകത്തിന്റെ സങ്കീർണതയും ഇതിനെ പ്രയാസമുള്ള കാര്യമാക്കുന്നു.[306] അങ്ങനെയാണെങ്കിലും ഭവനം വിശ്വാസത്തിന്റെ അർത്ഥവും സൗന്ദര്യവും വിലമതിക്കാനും പ്രാർത്ഥിക്കാനും അയൽക്കാരനെ സ്നേഹിക്കാനുമുള്ള സ്ഥാനമായി തുടരണം. ഇത് മാമ്മോദീസയോടെ തുടങ്ങുന്നു. വിശുദ്ധ ആഗസ്തീനോസു പറയുന്നതുപോലെ കുട്ടികളെ കൊണ്ടുവരുന്ന അമ്മമാർ 'വിശുദ്ധ ജനനത്തിൽ സഹകരിക്കുന്നു.'[307] അങ്ങനെ പുതിയ ജീവിതത്തിലുള്ള യാത്ര തുടങ്ങുന്നു. വിശ്വാസം മാമ്മോദീസയിൽ സ്വീകരിക്കുന്ന ദൈവത്തിന്റെ ദാനമാണ്. അതു നമ്മുടെ തന്നെ പ്രവൃത്തിയല്ല. എന്നാലും അതു വളരാനും വികസിക്കാനും വേണ്ടി ദൈവം മാതാപിതാക്കളെ ഉപയോഗിക്കുന്നു. അങ്ങനെ 'യേശുവിനോ മാതാവിനോ ചുംബനം കൊടുക്കാൻ കൊച്ചുകുട്ടികളെ മാതാപിതാക്കൾ പഠിപ്പിക്കുന്നത് മനോഹരമായ ഒരു കാര്യമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്! ആ നിമി

ഷത്തിൽ ശിശുവിന്റെ ഹൃദയം പ്രാർത്ഥനയുടെ സ്ഥാനമായിത്തീരുന്നു.'[308] മാതാപിതാക്കൾ യഥാർത്ഥത്തിൽ ദൈവത്തിൽ വിശ്വസിക്കുന്നുണ്ടെന്നും അവിടത്തെ അന്വേഷിക്കുന്നുണ്ടെന്നും അവർക്ക് അവിടത്തെ ആവശ്യ മാണെന്നു ഗ്രഹിക്കുന്നുണ്ടെന്നും അത് അർത്ഥമാക്കുന്നു. എന്തെന്നാൽ ഈ വിധത്തിൽ 'ഒരു തലമുറ അങ്ങയുടെ കർമ്മങ്ങളെ മറ്റൊരു തല മുറയോട് പ്രകീർത്തിക്കും. അങ്ങയുടെ ശക്തമായ പ്രവൃത്തികളെപ്പറ്റി പ്രഘോഷിക്കും' (സങ്കീ 145:4). 'പിതാക്കന്മാർ തങ്ങളുടെ സന്തതികളെ അങ്ങയുടെ വിശ്വസ്തത അറിയിക്കുന്നു' (ഏശ 38:19). ദൈവത്തിനു നന്ദി. ഇതിന്റെ അർത്ഥം ഇതാണ്: അവരുടെ ഹൃദയങ്ങളിൽ, നമുക്ക് എത്തിച്ചേ രാൻ കഴിയുന്നുണ്ടെങ്കിലും അവിടെ പ്രവർത്തിക്കാൻ, നാം ദൈവത്തോട് അപേക്ഷിക്കണം. ഒരു കടുകുമണി വളരെ ചെറുതാണ്. പക്ഷേ, അത് വലിയ മരമായിത്തീരുന്നു (cf മത്താ 13:31-32). നമ്മുടെ പ്രവൃത്തികളും അവയുടെ അനന്തരഫലങ്ങളും തമ്മിലുള്ള അനുപാത വ്യത്യാസം കാണാൻ ഇതു നമ്മെ പഠിപ്പിക്കുന്നു. നൽകിയിരിക്കുന്ന ദാനം നമ്മുടെ സ്വന്തമല്ലെന്നും അതിന്റെ സംരക്ഷണം മാത്രമാണ് നമ്മെ ഏല്പിച്ചിരിക്കുന്നുവെന്നും നാം അറിയുന്നു. എന്നാലും സർഗാത്മകമായ നമ്മുടെ സമർപ്പണം ദൈവ ത്തിന്റെ പദ്ധതിയോടു സഹകരിക്കാൻ നമ്മെ പ്രാപ്തരാക്കുന്ന ഒരു ദാന മാണ്. ഇക്കാരണത്താൽ 'ദമ്പതികളും മാതാപിതാക്കളും മതബോധന ത്തിലെ സജീവപ്രവർത്തകരായി വിലമതിക്കപ്പെടണം. തങ്ങളുടെ കുടും ബത്തിന്റെ സുവിശേഷവത്കരണ കർത്താക്കളെന്ന നിലയിലുള്ള തങ്ങ ളുടെ ദൗത്യത്തെപ്പറ്റി യുവമാതാപിതാക്കളെ പരിശീലിപ്പിക്കുന്നതിൽ കാര്യക്ഷമമായ മാതൃകയെന്ന നിലയിൽ കുടുംബമതാധ്യാപനം വലിയ സഹായമാണ്.'[309]

288. വിശ്വാസത്തിലുള്ള വിദ്യാഭ്യാസം ഓരോ ശിശുവിനും ചേർന്നതാകണം. എന്തെന്നാൽ പഴയ പഠിപ്പിക്കലുകളും കുറിപ്പിടകളും അതേപടി എപ്പോഴും പ്രായോഗികമല്ല. കുട്ടികൾക്ക് പ്രതീകങ്ങളും പ്രായോഗിക പഠനങ്ങളും കഥ കളും വേണം. കൗമാരപ്രായക്കാർക്ക് സാധാരണമായി അധികാരത്തെയും നിയമങ്ങളെയും സംബന്ധിച്ച അഭിപ്രായവ്യത്യാസം ഉണ്ടാകും. അതു കൊണ്ട് അവരുടെ തന്നെ വിശ്വാസാനുഭവത്തെ പ്രോത്സാഹിപ്പിക്കുകയും സ്വകീയ സൗന്ദര്യംകൊണ്ട് അവരെ ജയിക്കുന്ന ആകർഷകമായ സാക്ഷ്യ ങ്ങൾ നല്കുകയും ചെയ്യുകയെന്നതാണ് ഏറ്റവും നല്ല കാര്യം. കുട്ടികളുടെ വിശ്വാസത്തെ വളർത്തുന്നതിന് ആഗ്രഹിക്കുന്ന മാതാപിതാക്കൾ അവരുടെ വളർച്ചയുടെ രീതിയോട് സൂക്ഷ്മത പുലർത്തുന്നവരായിരിക്കും. എന്തെ ന്നാൽ ആധ്യാത്മികാനുഭവം അടിച്ചേല്പിക്കപ്പെടുന്നതല്ല. പിന്നെയോ സ്വത ന്ത്രമായി നൽകപെടുന്നതാണെന്ന് അവർക്ക് അറിയാം. തങ്ങളുടെ മാതാ പിതാക്കൾക്ക് യഥാർത്ഥത്തിൽ പ്രാർത്ഥന സുപ്രധാന കാര്യമാണെന്ന് കുട്ടി കൾ മനസിലാക്കുകയെന്നത് അത്യാവശ്യമായ കാര്യമാണ്. അതുകൊണ്ട്




കുടുംബപ്രാർത്ഥനയുടെ നിമിഷങ്ങളും ഭക്തികർമ്മങ്ങളും സുവിശേഷ വത്കരണത്തെ സംബന്ധിച്ചിടത്തോളം മതബോധനക്ലാസിനെക്കാളും മത പ്രഭാഷണത്തെക്കാളും ശക്തമായിരിക്കും. ക്രിസ്തുവിൽ നിന്ന് അകന്നു പോയ കുട്ടികൾക്കുവേണ്ടി മോനിക്കാ പുണ്യവതിയെപ്പോലെ പ്രാർത്ഥന തുടരുന്ന എല്ലാ അമ്മമാരോടും ഞാൻ പ്രത്യേകം നന്ദി പറയുന്നു.

289. കുട്ടികൾക്കു വിശ്വാസം പകർന്നു നല്കുന്ന ജോലി, അതായത് അതിന്റെ പ്രകാശനവും വളർച്ചയും സുഗമമാക്കുന്ന പ്രവൃത്തി മുഴുവൻ കുടും ബത്തെയും അതിന്റെ സുവിശേഷവത്കരണ ദൗത്യത്തിൽ സഹായി ക്കുന്നു. അത് വിശ്വാസത്തെ അവർക്കു ചുറ്റും - കുടുംബവൃത്തത്തിനു പുറത്തുപോലും - സ്വാഭാവികമായി വ്യാപിപ്പിക്കാൻ തുടങ്ങുന്നു. പ്രേഷി തത്വപരമായ കുടുംബങ്ങളിൽ വളരുന്ന കുട്ടികൾ മിക്കപ്പോഴും മിഷണറി മാരായിത്തീരുന്നു. ഊഷ്മളതയും സൗഹൃദവുമുള്ള കുടുംബങ്ങളിൽ വളർന്നുകൊണ്ട് അവർ ലോകത്തോട് അതേ വിധത്തിൽ ബന്ധപ്പെടാൻ പഠിക്കുന്നു. അവരുടെ വിശ്വാസവും ഉത്തമബോധ്യങ്ങളും ഉപേക്ഷി ക്കാതെ അങ്ങനെ ചെയ്യുന്നു. യേശു തന്നെ പാപികളോടൊപ്പം ഭക്ഷിക്കു കയും പാനം ചെയ്യുകയും (cf മർക്കോ 2:16; മത്താ 11:19) സമരിയാക്കാരി സ്ത്രീയോടു സംസാരിക്കുകയും (cf യോഹ 4 : 7-26) നിക്കദേമൂസിനെ രാത്രയിൽ സ്വീകരിക്കുകയും (cf യോഹ 3:1-21) തന്റെ പാദത്തിൽ സുഗ ന്ധദ്രവ്യം പൂശാൻ വേശ്യയെ അനുവദിക്കുകയും (cf ലൂക്കാ 7:36-50) ചെയ്തുവെന്നും രോഗികളുടെമേൽ കൈകൾ വയ്ക്കാൻ ശങ്കിച്ചില്ലെന്നും (cf മർക്കാ 1:40-45; 7:33) നമുക്ക് അറിയാം. അവിടത്തെ ശിഷ്യന്മാരെ സംബന്ധിച്ചും ഇതു ശരിയായിരുന്നു. മറ്റുള്ളവരെ അവർ അവജ്ഞയോടെ നോക്കിയില്ല. തങ്ങളുടെ ജനതയുടെ ജീവിതത്തിൽ നിന്ന് മാറി ചെറിയ പ്രബുദ്ധസംഘങ്ങളായി ഒന്നിച്ചു കഴിഞ്ഞില്ല. അധികാരികൾ അവരെ ശല്യ പ്പെടുത്തിയെങ്കിലും അവർ 'എല്ലാ ജനങ്ങളുടെയും' (അപ്പ 2:47; cf 4:21,33; 5:13) പ്രീതിക്കു പാത്രമായി.

290. 'കുടുംബം അങ്ങനെ അജപാലന ദൗത്യത്തിന്റെ പ്രവർത്തകയാ യിത്തീരുന്നു. സുവിശേഷത്തിന്റെ പരസ്യപ്രഘോഷണം വഴിയും അതിനു നല്കുന്ന സാക്ഷ്യത്തിന്റെ വിവിധ രൂപങ്ങളുടെ പൈതൃകം വഴിയും അങ്ങനെയായിത്തീരുന്നു. ദരിദ്രരോടുള്ള ഐക്യദാർഢ്യം, വ്യത്യ സ്ത ജനതകളോടുള്ള തുറവ്, സൃഷ്ടിസംരക്ഷണം, ഏറ്റവും കൂടുതൽ ആവശ്യത്തിൽ കഴിയുന്നവർ ഉൾപ്പെടെ മറ്റു കുടുംബങ്ങളുമായുള്ള ധാർമ്മികവും ഭൗതികവുമായുള്ള ഐക്യദാർഢ്യം, പൊതുനന്മയുടെ വളർച്ചയ്ക്കും നീതിയില്ലാത്ത സാമൂഹിക വ്യവസ്ഥിതികളെ രൂപാന്തര പ്പെടുത്തൽ എന്നിവയെല്ലാം സാക്ഷ്യത്തിന്റെ ഉദാഹരണങ്ങളാണ്. അത് കുടുംബം ജീവിക്കുന്ന പ്രദേശത്തു തുടങ്ങുന്നു. ശാരീരികവും ആധ്യാത്മിക വുമായ കാരുണ്യപ്രവൃത്തികളിലൂടെ നടത്തുകയും ചെയ്യുന്നു.'[310] ഇതെല്ലാം

നമ്മെ നയിക്കുകയും നിലനിറുത്തുകയും ചെയ്യുന്ന ദൈവപിതാവിന്റെ സ്നേഹത്തിലുള്ള നമ്മുടെ അഗാധമായ ക്രൈസ്തവവിശ്വാസത്തിന്റെ പ്രകാശനമാണ്. യേശുക്രിസ്തുവിന്റെ സമ്പൂർണ സ്വയംദാനത്തിൽ വെളിവാക്കപ്പെട്ട സ്നേഹമാണത്. ഇന്നും നമ്മോടൊപ്പം ജീവിക്കുകയും ഓരോഘട്ടത്തിലും ജീവിതത്തിലെ കൊടുംകാറ്റുകളെ ഒന്നിച്ചു നേരിടാൻ നമ്മെ ശക്തരാക്കുകയും ചെയ്യുന്ന ക്രിസ്തുവിന്റെ തന്നെ. എല്ലാ കുടുംബങ്ങളിലും സദ്വാർത്ത നല്ലകാലത്തും മോശമായ കാലത്തും വഴിനീളെയുള്ള പ്രകാശത്തിന്റെ ഉറവിടമെന്ന നിലയിൽ പ്രതിധ്വനിക്കണം. കുടുംബത്തിലുള്ള നമ്മുടെ ജീവിതത്തിന്റെ അനുഭവത്തിൽ നിന്നും നമുക്കെല്ലാവർക്കും ഇങ്ങനെ പറയാൻ കഴിയണം: ‘ദൈവത്തിനു ഞങ്ങളോടുള്ള സ്നേഹത്തിൽ വിശ്വസിക്കാൻ ഞങ്ങൾ വരുന്നു’ (1 യോഹ 4:16). ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ കുടുംബങ്ങൾക്കായുള്ള സഭയുടെ അജപാലനശുശ്രൂഷയ്ക്ക് കുടുംബങ്ങളെ ഗൃഹസഭകളും സമൂഹത്തിലെ സുവിശേഷവത്കരണത്തിനുള്ള പുളിമാവും ആക്കിത്തീർക്കാൻ കഴിയുകയുള്ളൂ.





*സഭ തന്റെ ഏറ്റവും ദുർബലരായ മക്കളെ ശ്രദ്ധയോടും കരുതലോടും കൂടി സഹഗമിക്കണം. അവർ മുറിവേറ്റതും ദ്രോഹിക്കപ്പെട്ടതുമായ സ്നേഹത്തിന്റെ അടയാളങ്ങൾ കാണിക്കുന്നു. അവരിൽ പ്രത്യാശയും ആത്മധൈര്യവും പുനഃസ്ഥാപിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ഒരു തുറമുഖത്ത് ലൈറ്റ് ഹൗസിൽ നിന്നുള്ള പ്രകാശരശ്മിപോലെ അല്ലെങ്കിൽ വഴിതെറ്റിയവർക്കോ കൊടുങ്കാറ്റിൽ പെട്ടവർക്കോ പ്രകാശം നല്കാൻ ജനങ്ങളുടെയിടയിൽ വഹിക്കപ്പെടുന്ന ടോർച്ചുപോലെ തന്നെ. സഭയുടെ ദൗത്യം മിക്കപ്പോഴും, യുദ്ധരംഗത്തിനടുത്തു സ്ഥാപിച്ച ആശുപത്രിയുടേതിനു സമാനമാണെന്ന കാര്യം നമുക്കു മറക്കാതിരിക്കാം*

# അധ്യായം എട്ട്

# സഹഗമനം, വിവേചിച്ചറിയൽ, ദൗർബല്യത്തെ ഉദ്ഗ്രഥിക്കൽ

291. വിവാഹോടമ്പടിയുടെ ഏതു ലംഘനവും 'ദൈവവേഷ്ടത്തിനു വിരുദ്ധമാണെന്ന്' സഭ അറിയുന്നു. എന്നാലും 'തന്റെ അനേകം മക്കളുടെ ദുർബലതയെക്കുറിച്ച് അവൾക്കു ബോധ്യമുണ്ട്'[311] എന്നിങ്ങനെ സിനഡു പിതാക്കന്മാർ പ്രസ്താവിച്ചു. യേശുക്രിസ്തുവിന്റെ നോട്ടത്താൽ പ്രകാശിതയായി 'തന്റെ ജീവിതത്തിൽ അപൂർണമായ രീതിയിൽ പങ്കുചേരുന്നവരിലേക്ക് സ്നേഹപൂർവം അവൾ തിരിയുന്നു. നന്മ ചെയ്യാനും സ്നേഹത്തോടെ പരസ്പരം ശുശ്രൂഷിക്കാനും അവർ ജീവിക്കുകയും ജോലിചെയ്യുകയും ചെയ്യുന്ന സമൂഹത്തെ സേവിക്കാനും വേണ്ട ധൈര്യം അവർക്കു നല്കിക്കൊണ്ട് അവരുടെ ജീവിതത്തിലും ദൈവകൃപ പ്രവർത്തിക്കുന്നുണ്ടെന്ന് തിരിച്ചറിഞ്ഞുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്.[312] കാരുണ്യത്തിനായി സമർപ്പിക്കപ്പെട്ട ജൂബിലി വർഷാചരണവും ഈ സമീപനത്തെ സ്ഥിരീകരിക്കുന്നുണ്ട്. അവൾ പൂർണതയിലേക്ക് നിരന്തരം വിളിച്ചുകൊണ്ടിരിക്കുന്നു. ദൈവത്തോട് കൂടുതൽ പൂർണമായി പ്രത്യുത്തരിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. എന്നാലും 'സഭ തന്റെ ഏറ്റവും ദുർബലരായ മക്കളെ ശ്രദ്ധയോടും കരുതലോടും കൂടി സഹഗമിക്കണം. അവർ മുറിവേറ്റതും ദ്രോഹിക്കപ്പെട്ടതുമായ സ്നേഹത്തിന്റെ അടയാളങ്ങൾ കാണിക്കുന്നു. അവരിൽ പ്രത്യാശയും ആത്മധൈര്യവും പുനഃസ്ഥാപിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ഒരു തുറമുഖത്ത് ലൈറ്റ് ഹൗസിൽ നിന്നുള്ള പ്രകാശരശ്മിപോലെ അല്ലെങ്കിൽ വഴിതെറ്റിയവർക്കോ കൊടുങ്കാറ്റിൽ പെട്ടവർക്കോ പ്രകാശം നല്കാൻ ജനങ്ങളുടെയിടയിൽ വഹിക്കപ്പെടുന്ന ടോർച്ചുപോലെ തന്നെ.'[313] സഭയുടെ ദൗത്യം മിക്കപ്പോഴും, യുദ്ധരംഗത്തിനടുത്തു സ്ഥാപിച്ച താത്കാലിക ആശുപത്രിയുടേതിനു സമാനമാണെന്ന കാര്യം നമുക്കു മറക്കാതിരിക്കാം.

292. ക്രൈസ്തവവിവാഹം, ക്രിസ്തുവും തന്റെ സഭയും തമ്മിലുള്ള ഐക്യത്തിന്റെ പ്രതിഫലനമെന്ന നിലയിൽ സ്വതന്ത്രവും വിശ്വസ്തവും പരവർജനീയവുമായ സ്നേഹത്തിൽ സ്ത്രീയും പുരുഷനും പരസ്പരം ദാനം ചെയ്യുന്ന ഐക്യത്തിൽ പൂർണമായി സാക്ഷാത്കരിക്കപ്പെടുന്നു. അവർ മരണംവരെ പരസ്പരം സ്വതന്ത്രമായിരിക്കുന്നു. ജീവൻ പകരുന്നതിനു തുറവിയുള്ളവരായിരിക്കുന്നു. ഒരു കൂദാശയിൽ പവിത്രീകൃതരായിരിക്കുന്നു. ആ കൂദാശ ഒരു ഗൃഹസഭയാകാനും സമൂഹത്തിനുവേണ്ടി പുതിയ ജീവൻ നല്കാനുള്ള പുളിമാവാകാനും വേണ്ട കൃപാവരം അവർക്കു നല്കുന്നതാണ്. ഐക്യത്തിന്റെ ചില രൂപങ്ങൾ ഈ ആദർശത്തിനു വിരുദ്ധമാണ്. മറ്റു ചില രൂപങ്ങൾ ഭാഗികമോ സമാനമോ ആയ വിധത്തിലെങ്കിലും ഈ ആദർശത്തെ സാക്ഷാത്കരിക്കുന്നുണ്ട്. സഭയുടെ പ്രബോധനത്തോട് ഇനിയും യോജിച്ചിട്ടില്ലാത്ത, അഥവാ യോജിക്കാത്ത ആ സാഹചര്യങ്ങളിലെ നിർമ്മാണാത്മകമായ ഘടകങ്ങളെ സഭ അവഗണിക്കുന്നില്ലെന്ന് സിനഡുപിതാക്കന്മാർ പ്രസ്താവിച്ചു.[314]

## അജപാലന ശുശ്രൂഷയുടെ പടികൾ

293. സിനഡുപിതാക്കന്മാർ കേവലം സിവിൾ വിവാഹത്തിന്റെ സവിശേഷ സാഹചര്യത്തെയും അല്ലെങ്കിൽ വേണ്ടവിധം വ്യത്യാസപ്പെടുത്തിക്കൊണ്ട് കേവല സഹവാസത്തെയും പരിഗണിച്ചു. താഴെപ്പറയുന്നവ ശ്രദ്ധിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്: 'അത്തരം ഐക്യങ്ങൾ പ്രത്യേകമായ സ്ഥിരതയിലെത്തിച്ചേരുമ്പോൾ, നിയമപരമായി അംഗീകരിക്കപ്പെട്ടു കഴിയുമ്പോൾ അവയ്ക്ക് അവരുടെ സന്തതികളോട് അഗാധമായ വാത്സല്യത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും സവിശേഷതയുണ്ടാകുന്നു. പരീക്ഷകളെ കീഴടക്കാനുള്ള കഴിവു പ്രദർശിപ്പിക്കുന്നു. ക്രമേണ വിവാഹകൂദാശയുടെ ആഘോഷം നടത്താമെന്ന വീക്ഷണത്തോടെ അജപാലനശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ നല്കാൻ അവയ്ക്കു കഴിയും.'[315] നേരേ മറിച്ച് ഇന്ന് അനേകം ചെറുപ്പക്കാർ വിവാഹത്തെ അവിശ്വസിക്കുകയും വിവാഹസമർപ്പണം അനിശ്ചിതകാലത്തേക്ക് മാറ്റിവച്ച് സഹവസിക്കുകയും ചെയ്യുന്നു. മറ്റു ചിലർ പണ്ടേ നടത്തിയ സമർപ്പണം ലംഘിക്കുകയും പെട്ടെന്ന് പുതിയൊരു സമർപ്പണം നടത്തുകയും ചെയ്യുന്നു. സഭാംഗങ്ങൾ എന്ന നിലയിൽ അവർക്കും കരുണാമയവും സഹായപൂർണവുമായ അജപാലനശുശ്രൂഷ ആവശ്യമാണ്.'[316] എന്തെന്നാൽ സഭയുടെ അജപാലകർക്ക് ക്രൈസ്തവ വിവാഹത്തെ വളർത്താൻ മാത്രമല്ല മറിച്ച് 'ഈ യാഥാർത്ഥ്യം ജീവിക്കാത്ത വളരെയേറെ ആളുകൾക്കുള്ള സാഹചര്യങ്ങളുടെ അജപാലനപരമായ വിവേചിച്ചറിയൽ നടത്താനും ഉത്തരവാദിത്വമുണ്ട്. ആ വ്യക്തികളുമായി അജപാലനപരമായ സംവാദത്തിൽ പ്രവേശിക്കുക ആവശ്യമാണ്. വിവാഹത്തിന്റെ സുവിശേഷത്തിലേക്കുള്ള - അതിന്റെ പൂർണതയിലേക്കുള്ള - കൂടുതൽ വലിയ തുറവിയിലേക്ക്, നയിക്കാൻ കഴിയുന്നവയും അവരുടെ ജീവിതത്തിലുള്ളവയുമായ ഘടകങ്ങളെ തിരിച്ചറിയാനാണത്.'[317] ഈ അജപാലന തിരിച്ചറിയലിൽ ഒരു കാര്യം ആവശ്യമാണ്. 'സുവിശേഷവത്കരണത്തെയും മാനുഷികവും ആത്മീയവുമായ വളർച്ചയെയും പോഷിപ്പിക്കുന്ന ഘടകങ്ങളെ തിരിച്ചറിയുക എന്നതാണ് ആ കാര്യം.'[318]

294. 'സിവിൽ വിവാഹവും, വിവാഹിതരാകാതെയുള്ള സഹവാസവും തിരഞ്ഞെടുക്കുന്നത് മിക്കപ്പോഴും സഭയോടുള്ള മുൻവിധിയാലോ കൗദാശിക ഐക്യത്തോടുള്ള എതിർപ്പിനാലോ അല്ല. പിന്നെയോ സാംസ്കാരികമോ ആകസ്മികമോ ആയ സാഹചര്യങ്ങളാൽ പ്രചോദിപ്പിക്കപ്പെട്ടിട്ടാണ്.'[319] അത്തരം സംഭവങ്ങളിൽ, ദൈവത്തിന്റെ സ്നേഹത്തെ പ്രതിഫലിപ്പിക്കുന്ന സ്നേഹത്തിന്റെ അടയാളങ്ങളോട് ബഹുമാനം കാണിക്കാവുന്നതാണ്.[320] 'ദീർഘകാലം സഹവസിച്ചിട്ട് സഭയിൽ വച്ച് വിവാഹാഘോഷം നടത്താൻ അപേക്ഷിക്കുന്നവരുടെ സംഖ്യ തുടർച്ചയായി വർധിച്ചുകൊണ്ടിരിക്കുന്നുവെന്ന് നമുക്ക് അറിയാം. മിക്കപ്പോഴും, സ്ഥാപനപരവും സുനിശ്ചിതവുമായിട്ടുള്ള ഏതിനെയും എതിർക്കുന്ന പൊതുമനോഭാവത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ഒരു തിരഞ്ഞെടുപ്പാണ്, സഹവസിക്കുകയെന്നത്. ജീവിതത്തിൽ കൂടുതൽ സുരക്ഷിതത്വത്തിനായി (സ്ഥിരജോലിയും സ്ഥിരമായ വരുമാനവും കാത്തിരിക്കുന്ന കാലത്തും ഇതു നടത്തുന്നു. ചില രാഷ്ട്രങ്ങളിൽ യഥാർത്ഥ ഐക്യങ്ങൾ ധാരാളമായിട്ടുണ്ട്. വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ച മൂല്യങ്ങളെ ത്യജിക്കുന്നതുകൊണ്ടു മാത്രമല്ല അങ്ങനെ സംഭവിക്കുന്നത്. പിന്നെയോ, ഒന്നാമതായി, സാമൂഹിക സാഹചര്യങ്ങളിൽ വിവാഹം ആഘോഷിക്കുന്നത് അമിതമായ ചെലവുള്ള കാര്യമായതുകൊണ്ടാണ്. അതിന്റെ ഫലമായി, ഭൗതിക ദാരിദ്ര്യം ആളുകളെ യഥാർത്ഥ ഐക്യത്തിലേക്കു തള്ളിവിടുന്നു.'[321] സംഭവം ഏതായാലും സുവിശേഷത്തിനു യോജിച്ച വിവാഹവും കുടുംബവുമെന്ന തികഞ്ഞ യാഥാർത്ഥ്യത്തിലേക്കു നയിക്കാൻ കഴിയുന്ന അവസരങ്ങളാക്കി അവയെ പരിവർത്തനം ചെയ്യിക്കാൻ പരിശ്രമിക്കുന്ന സർഗാത്മ പ്രത്യുത്തരമുണ്ടാകണമെന്ന് ഈ സാഹചര്യങ്ങളെല്ലാം ആവശ്യപ്പെടുന്നു. ഈ ദമ്പതികൾ ക്ഷമാപൂർവം, വിവേകത്തോടെ സ്വാഗതം ചെയ്യപ്പെടുകയും നയിക്കപ്പെടുകയും വേണം.'[322] ഇങ്ങനെയാണ് യേശു സമരിയാക്കാരിയായ സ്ത്രീയോട് പെരുമാറിയത് (cf യോഹ 4:1-26). അവളുടെ ജീവിതത്തിലെ ഇരുട്ടിൽ നിന്ന് അവളെ സ്വതന്ത്രയാക്കാനും സുവിശേഷത്തിന്റെ സമ്പൂർണ സന്തോഷത്തിലേക്കു നയിക്കാനും വേണ്ടി യഥാർത്ഥസ്നേഹത്തിനു വേണ്ടിയുള്ള അവളുടെ ആഗ്രഹത്തോടു പ്രത്യുത്തരിച്ചു.

295. ഇതുപോലെ ജോൺപോൾ 2-ാമൻ മാർപാപ്പാ അനുക്രമത്തിന്റെ നിയമം (law of Gradualness) എന്നു വിളിക്കപ്പെടുന്ന നിയമം നിർദ്ദേശിച്ചു. മനുഷ്യജീവി 'വളർച്ചയുടെ വിവിധഘട്ടങ്ങളിൽ ധാർമ്മിക നന്മയെ അറിയുകയും സ്നേഹിക്കുകയും പൂർണമാക്കുകയും ചെയ്യുന്നു'[323] എന്ന് അറിഞ്ഞുകൊണ്ടാണ് അങ്ങനെ ചെയ്തത്. ഇത് നിയമത്തിന്റെ ക്രമാനുഗതികത്വമല്ല. പിന്നെയോ നിയമത്തിന്റെ വസ്തുനിഷ്ഠമായ ആവശ്യങ്ങളെ മനസ്സിലാക്കാനോ വിലമതിക്കാനോ അല്ലെങ്കിൽ നിർവഹിക്കാനോ സാധിക്കാത്ത അവസ്ഥയിലുള്ളവരുടെ ഭാഗത്തുനിന്നുള്ള സ്വതന്ത്രപ്രവൃത്തികളുടെ വിവേകപൂർവകമായ അഭ്യസനത്തിലുള്ള ക്രമാനുഗതികത്വമാണ്. എന്തെന്നാൽ നിയമം തന്നെ വഴികാണിച്ചു തരുന്ന ദൈവത്തിന്റെ ദാനമാണ്. ആരെയും ഒഴിവാക്കാതെ എല്ലാവർക്കും നല്കുന്ന ഒരു ദാനമാണത്. ദൈവകൃപയുടെ സഹായത്താൽ അതു അനുസരിക്കാൻ കഴിയും. മനുഷ്യൻ അവന്റെ മുഴുവൻ 'വൈയക്തികവും സാമൂഹികവുമായ ജീവിതത്തിൽ ദൈവികദാനങ്ങളുടെ പുരോഗമനപരമായ ഉദ്ഗ്രഥനത്തോടും ദൈവത്തിനുള്ള സുനിശ്ചിതവും കേവലവുമായ ആവശ്യങ്ങളോടും കൂടെ ക്രമേണ മുന്നേറുകയാണെങ്കിലും'[324] അത് അനുസരിക്കാനാവും.

## ക്രമരഹിതമായ 'സാഹചര്യങ്ങളുടെ' വിവേചിച്ചറിയൽ[325]

296. ദൗർബല്യത്തിന്റെയും അപൂർണതയുടെയും വിവിധ സാഹചര്യങ്ങളെ സിനഡു പരിഗണിച്ചു. ഇവിടെ മുഴുവൻ സഭയോടും ഞാൻ വ്യക്തമായി പറയേണ്ട ഒരു കാര്യം, നമ്മൾ തെറ്റായ വഴിയിലൂടെ സഞ്ചരിക്കാതിരിക്കാൻവേണ്ടി, ആവർത്തിച്ചു പറയാൻ ഞാൻ ആഗ്രഹിക്കുന്നു: 'സഭയുടെ ചരിത്രത്തിൽ ഉടനീളം വീണ്ടും വീണ്ടും ഉണ്ടാകുന്ന രണ്ടുതരം ചിന്താഗതികളുണ്ട്: എറിഞ്ഞുകളയലും, പുനഃസ്ഥാപിക്കലും. ജറുസലെം സൂനഹദോസിന്റെ കാലം മുതൽ സഭയുടെ മാർഗം എപ്പോഴും യേശുവിന്റെ മാർഗമായിരുന്നു. കാരുണ്യത്തിന്റെയും പുനഃസ്ഥാപനത്തിന്റെയും മാർഗം തന്നെ... സഭ ഒരിക്കലും ആരെയും എന്നേക്കുമായി ശപിക്കരുത്. പിന്നെയോ ആത്മാർത്ഥഹൃദയത്തോടെ അപേക്ഷിക്കുന്ന ആരുടെയും മേൽ ദൈവകാരുണ്യത്തിന്റെ തൈലം ഒഴിക്കുന്നതാണ്... എന്തെന്നാൽ യഥാർത്ഥ പരസ്നേഹം എപ്പോഴും അംഗീകാരം തേടാത്തതാണ്, വ്യവസ്ഥാതീതമാണ്, തികച്ചും സൗജന്യമാണ്.'[326] തന്മൂലം 'വിവിധ സാഹചര്യങ്ങളുടെ സങ്കീർണത പരിഗണിക്കാതെയുള്ള വിധി നിർണയങ്ങൾ ഒഴിവാക്കുക അത്യാവശ്യമാണ്. ജനങ്ങൾ തങ്ങളുടെ സാഹചര്യം മൂലം എങ്ങനെ മാനസിക സംഘർഷം അനുഭവിക്കുന്നുവെന്നു ശ്രദ്ധിക്കുക അത്യാവശ്യമാണ്.'[327]

297. ഓരോ വ്യക്തിയിലേക്കും എത്തിച്ചേരുന്നതിന്റെ കാര്യമാണിത്. സഭാസമൂഹത്തിൽ പങ്കുചേരുന്നതിന്റെ ശരിയായ മാർഗം കണ്ടെത്താനും അങ്ങനെ, 'അംഗീകാരം അന്വേഷിക്കാത്ത, വ്യവസ്ഥാതീതമായ, സൗജന്യമായ' കാരുണ്യത്താൽ സ്പർശിക്കപ്പെടുന്നതിന്റെ അനുഭവമുണ്ടാകാനും ഓരോ വ്യക്തിയെയും സഹായിക്കുകയെന്ന ആവശ്യത്തിന്റെ കാര്യമാണിത്. ആരും എന്നേക്കുമായി ശപിച്ചു തള്ളപ്പെടരുത്. എന്തെന്നാൽ അതല്ല സുവിശേഷത്തിന്റെ യുക്തി! വിവാഹബന്ധം വേർപെടുത്തി വീണ്ടും വിവാഹം ചെയ്തവരെക്കുറിച്ചു മാത്രമല്ല ഇവിടെ ഞാൻ പറയുന്നത്. പിന്നെയോ എല്ലാവരെക്കുറിച്ചുമാണ് - അവർ ഏതു സാഹചര്യത്തി

ലുള്ളവരായാലും. സ്വാഭാവികമായി, വസ്തുനിഷ്ഠമായ ഒരു പാപത്തെ, അത് ക്രൈസ്തവദർശനത്തിന്റെ ഭാഗമെന്ന നിലയിൽ ധിക്കാരപൂർവം പ്രദർശിപ്പിക്കുമ്പോൾ, അല്ലെങ്കിൽ സഭ പഠിപ്പിക്കുന്നതിൽ നിന്നു വ്യത്യസ്തമായ ഒന്ന് മറ്റുള്ളവരുടെമേൽ അടിച്ചേല്പിക്കുമ്പോൾ, അയാൾക്ക് ഒരു വിധത്തിലും മറ്റുള്ളവരെ പഠിപ്പിക്കാനോ അവരോട് പ്രഘോഷിക്കാനോ സാധിക്കില്ല. ഇത് സമൂഹത്തിൽ നിന്നു വേർപെടുത്തുന്ന ഒരു കാര്യമാണ് (cf മത്താ 18:17). അത്തരമൊരു വ്യക്തി വീണ്ടും സുവിശേഷസന്ദേശവും മാനസാന്തരത്തിലേക്കുള്ള വിളിയും ശ്രദ്ധിച്ചുകേൾക്കുക ആവശ്യമാണ്. എന്നാലും ആ വ്യക്തിക്ക് സമൂഹത്തിന്റെ ജീവിതത്തിൽ പങ്കുചേരാം. സാമൂഹിക സേവനത്തിലോ പ്രാർത്ഥനാസമ്മേളനങ്ങളിലോ അല്ലെങ്കിൽ അയാൾ തന്നെ തുടങ്ങുന്ന എന്തെങ്കിലും പരിപാടിയിലോ പങ്കുചേരാം. ഇടവകവികാരിയുടെ വിവേചിച്ചറിയലോടെ അങ്ങനെ ചെയ്യാം. വ്യത്യസ്ത 'ക്രമരഹിത' സാഹചര്യങ്ങളെ കൈകാര്യം ചെയ്യുന്ന രീതിയെ സംബന്ധിച്ച് സിനഡുപിതാക്കന്മാർ പൊതുവായ അഭിപ്രായൈക്യത്തിലെത്തി. അതിനെ ഞാൻ പിന്താങ്ങുന്നു. 'സിവിൽ വിവാഹം ചെയ്തവരോടും വിവാഹബന്ധം വേർപെടുത്തി പുനർവിവാഹം ചെയ്തവരോടും, അല്ലെങ്കിൽ സഹവസിക്കുന്നവരോടുമുള്ള അജപാലനസമീപനത്തെ പരിഗണിക്കുമ്പോൾ സഭയ്ക്ക് ഒരു ഉത്തരവാദിത്വമുണ്ട്. അവരുടെ ജീവിതത്തിലെ കൃപാവരത്തിന്റെ ദൈവികബോധനവിദ്യ മനസ്സിലാക്കുന്നതിന് അവരെ പഠിപ്പിക്കാൻ കടമയുണ്ട്: 'ദൈവത്തിന് അവരെപ്പറ്റിയുള്ള പദ്ധതിയുടെ'[328] പൂർണതയിലെത്തിച്ചേരാൻ സഹായിക്കുന്നതിനും കടമയുണ്ട്. ദൈവിക പദ്ധതിയുടെ പൂർണതയിലെത്തിച്ചേരുകയെന്നത് പരിശുദ്ധാത്മാവിന്റെ സഹായത്താൽ എപ്പോഴും സാധ്യമാണ്.

298. ഉദാഹരണമായി, വിവാഹബന്ധം വേർപെടുത്തിയിട്ട് പുതിയ ഐക്യത്തിൽ പ്രവേശിച്ചവർക്ക് വ്യക്തിപരവും അജപാലനപരവുമായ സമുചിത തിരിച്ചറിയലിന് ഒട്ടും ഇടം നല്കാത്തവിധം അമിതമായ കാർക്കശ്യമുള്ള ഇനങ്ങളിൽ പെടുത്താത്ത, വർഗീകരിക്കാത്ത, വിവിധ സാഹചര്യങ്ങൾ കണ്ടെത്താൻ കഴിയും. പുതിയ കുട്ടികളോടും തെളിയിക്കപ്പെട്ട വിശ്വസ്തതയോടും ഉദാരതാപൂർണമായ സ്വയം ദാനത്തോടും ക്രൈസ്തവസമർപ്പണത്തോടും അതിന്റെ ക്രമരാഹിത്യത്തെക്കുറിച്ചുള്ള ബോധത്തോടും പുതിയ പാപത്തിലേക്കു വീണേക്കുമെന്ന മനസ്സാക്ഷിയിൽ തോന്നാതെ തന്നെ തിരിച്ചുപോകാനുള്ള വലിയ വിചാരത്തോടും കൂടിയ ഒരു രണ്ടാം വിവാഹമാണ് ഒരു കാര്യം. 'കുട്ടികളുടെ വളർത്തൽ പോലെ ഗൗരവമുള്ള കാരണങ്ങളാൽ വേർപെടാനുള്ള ബാദ്ധ്യത നിർവഹിക്കാൻ സാധിക്കാത്ത'[329] സാഹചര്യങ്ങൾ സഭ അംഗീകരിക്കുന്നുണ്ട്. തങ്ങളുടെ ഒന്നാം വിവാഹത്തെ രക്ഷിക്കാൻ എല്ലാ പരിശ്രമവും ചെയ്തവരുടെയും നീതിരഹിതമായി ഉപേക്ഷിക്കപ്പെട്ടവരുടെയും സംഭവങ്ങളുണ്ട്. അല്ലെങ്കിൽ



കുട്ടികളെ വളർത്തുന്നതിനുവേണ്ടി രണ്ടാം ഐക്യത്തിലേക്കു പ്രവേശിച്ചവരും തങ്ങൾ മുമ്പു നടത്തിയതും അപരിഹാര്യമാംവിധം തകർന്നതുമായ വിവാഹം ഒരിക്കലും സാധുവായിരുന്നില്ലെന്ന് വ്യക്തിപരമായി മനസ്സാക്ഷിയിൽ ഉറപ്പുള്ളവരുമായ വ്യക്തികളുടെ സംഭവങ്ങളുമുണ്ട്.'[330] അടുത്തകാലത്തെ വിവാഹം വേർപെടുത്തലിൽ നിന്നുണ്ടായതും കുട്ടികൾക്കും മുഴുവനും കുടുംബങ്ങൾക്കും ഏറെ സഹനവും ആശയക്കുഴപ്പവും സൃഷ്ടിക്കുന്നതുമായ പുതിയ ഐക്യമാണ് മറ്റൊരു കാര്യം. അല്ലെങ്കിൽ കുടുംബത്തോടുള്ള കടമകളുടെ നിർവഹണത്തിൽ സ്ഥിരം പരാജയപ്പെടുന്ന വ്യക്തിയുടെ കാര്യവുമുണ്ട്. വിവാഹത്തെയും കുടുംബത്തെയും സംബന്ധിച്ച ബൈബിൾ നിർദേശിക്കുന്ന ആദർശം ഇതല്ലെന്ന കാര്യം വ്യക്തമായി നിലകൊള്ളണം. അജപാലകരുടെ വിവേചിച്ചറിയൽ എപ്പോഴും 'പര്യാപ്തമാം വിധം വേർതിരിച്ചറിയൽ'[331] വഴി സംഭവിക്കണമെന്നും സാഹചര്യങ്ങളെ ശ്രദ്ധാപൂർവം തിരിച്ചറിയുന്ന'[332] ഒരു സമീപനത്തോടുകൂടി വേണമെന്നും സിനഡു പിതാക്കന്മാർ പ്രസ്താവിച്ചു. 'എളുപ്പമുള്ള കുറിപ്പടി'കൾ ഒന്നുമില്ലെന്നു നമുക്കറിയാം.[333]

299. താഴെക്കാണുംവിധം നിരീക്ഷിച്ച സിനഡുപിതാക്കന്മാരോട് ഞാൻ യോജിക്കുന്നു: 'വിവാഹം വേർപെടുത്തുകയും സിവിൾപരമായി വീണ്ടും വിവാഹം നടത്തുകയും ചെയ്തിട്ടുള്ള മാമ്മോദീസ സ്വീകരിച്ചവരെ കൂടുതൽ ശ്രദ്ധയോടെ സഭാസമൂഹങ്ങളിലേക്ക് പൂർണമായി കൂട്ടിച്ചേർക്കണം. ഉതപ്പിനുള്ള ഏത് സന്ദർഭവും ഒഴിവാക്കിക്കൊണ്ട് സാധ്യമായ വിവിധരീതികളിൽ അങ്ങനെ ചെയ്യണം. കൂട്ടിച്ചേർക്കലിന്റെ യുക്തി അവരുടെ അജപാലന ശുശ്രൂഷയുടെ അടിസ്ഥാനമാണ്. തങ്ങൾ ക്രിസ്തുവിന്റെ ശരീരമെന്ന നിലയിൽ അവർ സഭയുടേതായിരിക്കുന്നുവെന്നു മനസിലാക്കാൻ മാത്രമല്ല സഭയിൽ സന്തോഷപ്രദവും ഫലപൂർണവുമായ ഒരനുഭവം തങ്ങൾക്ക് ഉണ്ടാകുമെന്ന് അറിയാനും അവരെ അനുവദിക്കുന്ന ഒരു ശുശ്രൂഷയാണത്. അവർ മാമ്മോദീസ സ്വീകരിച്ചവരാണ്. അവർ സഹോദരീസഹോദരന്മാരാണ്; എല്ലാവരുടെയും നന്മയ്ക്കുവേണ്ടി പരിശുദ്ധാത്മാവ് അവരുടെ ഹൃദയങ്ങളിലേക്ക് ദാനങ്ങളും കഴിവുകളും പ്രവഹിപ്പിക്കുന്നുണ്ട്. വ്യത്യസ്ത സഭാത്മക ശുശ്രൂഷകളിൽ അവരുടെ ഭാഗഭാഗിത്വം പ്രകടിപ്പിക്കപ്പെടാം. ലിറ്റർജിപരവും വിദ്യാഭ്യാസപരവും സ്ഥാപനപരവുമായ ചട്ടക്കൂട്ടിൽ നിന്ന് അഭ്യസിക്കപ്പെടുന്ന ഒഴിവാക്കലിന്റെ വിവിധരൂപങ്ങളെ എങ്ങനെ കീഴ്പ്പെടുത്താമെന്ന് വിവേചിച്ചറിയുക ഇക്കാര്യത്തിൽ അത്യന്താപേക്ഷിതമാണ്. അത്തരം വ്യക്തികൾ സഭയുടെ ഭ്രഷ്ടരാക്കപ്പെട്ട അംഗങ്ങളാണെന്ന് തോന്നേണ്ടതില്ല. പകരം സജീവ അംഗങ്ങളായി കരുതപ്പെടാം. സഭയിൽ ജീവിക്കുകയും വളരുകയും ചെയ്യാൻ കഴിവുള്ളവരായി കരുതപ്പെടാം. അവരെ എപ്പോഴും സ്വാഗതം ചെയ്യുന്ന വാത്സല്യത്തോടെ സൂക്ഷിക്കുന്ന ജീവന്റെയും സുവിശേഷത്തിന്റെയും മാർഗത്തിൽ അവരെ

പ്രോത്സാഹിപ്പിക്കുന്ന സഭയുടെ അംഗങ്ങളായിത്തന്നെ. അവരുടെ കുട്ടികളുടെ ശുശ്രൂഷയ്ക്കും ക്രൈസ്തവമായ വളർത്തലിനും ഈ ഉദ്ഗ്രഥനം ആവശ്യമാണ്. കുട്ടികൾ ഏറ്റവും പ്രധാനപ്പെട്ടവരായി കരുതപ്പെടേണ്ടവരാണ്.'[334]

300. ഞാൻ സൂചിപ്പിച്ചതുപോലെയുള്ള സാഹചര്യങ്ങളുടെ അളവറ്റ വൈവിധ്യമാണുള്ളത്. അതു പരിഗണിക്കുമ്പോൾ കാനോൻ നിയമങ്ങൾക്ക് അനുസൃതമായും, എല്ലാ സംഭവത്തിലും പ്രയോഗിക്കത്തക്ക, പൊതു നിയമങ്ങളുടെ ഒരു സംഘാതം സിനഡിൽ നിന്നോ ഈ ആഹ്വാനത്തിൽ നിന്നോ പ്രതീക്ഷിക്കാൻ സാധ്യമല്ലെന്നത് മനസിലാക്കാവുന്ന കാര്യമാണ്. പ്രത്യേക സംഭവങ്ങളെ സംബന്ധിച്ച ഉത്തരവാദിത്വപൂർണവും വ്യക്തിപരവും അജപാലനപരവുമായ വിവേചിച്ചറിയൽ ഏറ്റെടുക്കാൻ നവീകൃതപ്രോത്സാഹന രീതിയാണ് സാധ്യമായിട്ടുള്ളത്. 'ഉത്തരവാദിത്വത്തിന്റെ അളവ് എല്ലാ സംഭവങ്ങളിലും തുല്യമല്ല'[335] എന്ന് അംഗീകരിക്കുന്നതായിരിക്കണം അത്. ഒരു നിയമത്തിന്റെ അനന്തരഫലങ്ങൾ എപ്പോഴും ഒന്നുതന്നെയായിരിക്കണമെന്നു നിർബന്ധമില്ല.[336] വിവാഹബന്ധം വേർപെടത്തി പുനർവിവാഹം ചെയ്തവന് 'സഭയുടെ പ്രബോധനമനുസരിച്ചും മെത്രാന്റെ മാർഗനിർദേശങ്ങളനുസരിച്ചും അവരുടെ അവസ്ഥ മനസിലാക്കാൻ സഹായിച്ചുകൊണ്ട് അവരോടൊപ്പം സഞ്ചരിക്കുക എന്നത് വൈദികർക്കുള്ള ഒരു കടമയാണ്. വിചിന്തനത്തിന്റെയും അനുതാപത്തിന്റെയും നിമിഷങ്ങളിലൂടെ നടത്തുന്ന ആത്മപരിശോധനയുടെ പ്രക്രിയ ഉപയോഗപ്രദമാണ്. വിവാഹബന്ധം വേർപെടുത്തി പുനർവിവാഹം ചെയ്തവർ തങ്ങളോടു തന്നെ ചോദിക്കണം: വൈവാഹിക ഐക്യം വിഷമസ്ഥിതിയിലെത്തയപ്പോൾ കുട്ടികളോട് എങ്ങനെ പെരുമാറി? അനുരഞ്ജനത്തിനുള്ളശ്രമം നടത്തിയോ? ഉപേക്ഷിക്കപ്പെട്ട കക്ഷിക്ക് എന്തുസംഭവിച്ചു? കുടുംബത്തിലെ മറ്റ് അംഗങ്ങളുടെ മേലും വിശ്വാസസമൂഹത്തിൻമേലും എന്ത് അനന്തരഫലങ്ങളാണ് പുതിയ ബന്ധം സൃഷ്ടിച്ചത്. വിവാഹത്തിനു തയ്യാറാകുന്ന യുവജനത്തിന് എന്തു മാതൃകയാണു നല്കിയത്? ആർക്കും നിഷേധിക്കപ്പെടാത്ത ദൈവകാരുണ്യത്തിലുള്ള വിശ്വാസം ശക്തിപ്പെടുത്താൻ ആത്മാർത്ഥമായ വിചിന്തനത്തിനു കഴിയും.'[337] നാം പറയുന്നത് സഹഗമനത്തിന്റെയും വിവേചിച്ചറിയലിന്റെയും പ്രക്രിയയെക്കുറിച്ചാണ്. 'അത് വിശ്വാസികളെ ദൈവതിരുമുമ്പിലുള്ള അവരുടെ അവസ്ഥയെ സംബന്ധിച്ച് ബോധത്തിലേക്കു നയിക്കും. വൈദികനുമായി ആന്തരിക മണ്ഡലങ്ങളിൽ നടത്തുന്ന സംഭാഷണം സഹായകമാണ്. സഭയുടെ ജീവിതത്തിൽ കൂടുതൽ പൂർണതയുള്ള ഭാഗഭാഗിത്വത്തിനുള്ള സാധ്യതയെ തടയുന്നതെന്തോ അതിനെ സംബന്ധിച്ചും ആ സാധ്യതയെ പോഷിപ്പിക്കുന്നതിനും വളർത്തുന്നതിനും എന്തു നടപടികൾ സ്വീകരിക്കണമെന്നതിനെ സംബന്ധിച്ചും വിധി നിർണയത്തിനുവേണ്ട പരിശീലനത്തിന് അതു



സഹായകമാണ്. ക്രമാനുഗതികത്വം നിയമത്തിൽത്തന്നെയുള്ളതല്ല (cf ഫമിലിയാരിസ് കോൺസോസ്യോ, 34). അതുകൊണ്ട്, സഭ നിർദ്ദേശിക്കുന്നതനുസരിച്ചുള്ള സത്യത്തിന്റെയും പരസ്നേഹത്തിന്റെയും സുവിശേഷസംബന്ധമായ ആവശ്യങ്ങളിൽ നിന്ന് ഒരിക്കലും വിഛേദിക്കാൻ പാടില്ല. ഈ തിരിച്ചറിയൽ നടക്കുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾ ഉണ്ടായിരിക്കുക അത്യാവശ്യമാണ്: 'വിനയം, സഭയോടും അവളുടെ പ്രബോധനത്തോടുമുള്ള തിരിച്ചറിയലും സ്നേഹവും, ദൈവത്തിന്റെ ഇഷ്ടത്തെ ആത്മാർത്ഥമായി അന്വേഷിക്കൽ, അതിനോട് കൂടുതൽ പൂർണമായി പ്രത്യുത്തരിക്കാനുള്ള ആഗ്രഹം.'[338] തെറ്റിധാരണകളുണ്ടാവുകയെന്ന വലിയ അപകടത്തെ ഒഴിവാക്കാൻ ഈ മനോഭാവങ്ങൾ സാരാംശപരമാണ്. പെട്ടെന്ന് 'ഒഴിവുകൾ' നല്കാൻ ഏതു പുരോഹിതനും കഴിയുമെന്ന ധാരണ, അല്ലെങ്കിൽ ആനുകൂല്യങ്ങൾ നല്കിക്കൊണ്ട് പകരമായി കൂദാശാപരമായ ആനുകൂല്യങ്ങൾ ചിലർക്കു സാധിക്കുമെന്ന ധാരണ എന്നിവ തെറ്റാണ്. തന്റെ ആഗ്രഹങ്ങളെ സഭയുടെ പൊതുനന്മയ്ക്കു എതിരേ മുന്നോട്ടുവയ്ക്കാൻ ഉദ്ദേശ്യമില്ലാത്ത ഉത്തരവാദിത്വമുള്ള തന്ത്രശാലിയായ ഒരാൾ തന്റെ പ്രശ്നത്തിന്റെ ഗൗരവം തിരിച്ചറിയാൻ സാധിക്കുന്ന ഒരു അജപാലകനെ കണ്ടുമുട്ടുന്നു. സഭയ്ക്ക് ഇരട്ട മാനദണ്ഡമുണ്ടെന്ന ചിന്തയിലേക്കു ജനങ്ങളെ നയിക്കുകയെന്ന അപകടസാധ്യത അതുമൂലം ഉണ്ടാകണമെന്നില്ല.

## അജപാലനപരമായ തിരിച്ചറിയലിലെ മയപ്പെടുത്തുന്ന ഘടകങ്ങൾ

301. ചില ക്രമവിരുദ്ധ സാഹചര്യങ്ങളിൽ സവിശേഷ തിരിച്ചറിയലിന്റെ സാധ്യതയും ആവശ്യവും പര്യാപ്തമാംവിധം മനസിലാക്കണം. അതിന് ഒരു കാര്യം എപ്പോഴും പരിഗണിക്കണം. സുവിശേഷത്തിലെ ആവശ്യങ്ങൾ ഏതെങ്കിലും തരത്തിൽ മയപ്പെടുത്തുന്നവെന്ന് ആരും ചിന്തിക്കാതിരിക്കാൻ വേണ്ടിയാണത്. മയപ്പെടുത്തുന്ന ഘടകങ്ങളെയും സാഹചര്യങ്ങളെയും കുറിച്ച് സഭയ്ക്ക് സുദൃഢമായ വിചിന്തനപദ്ധതിയുണ്ട്. അതുകൊണ്ട് 'ക്രമവിരുദ്ധ'മായ അവസ്ഥയിൽ ജീവിക്കുന്ന എല്ലാവരും മാരകപാപാവസ്ഥയിലാണെന്നും വിശുദ്ധീകരണ വരപ്രസാദമില്ലാത്തവരാണെന്നും വെറുതേ പറയാനാവുകയില്ല. ഇവിടെ നിയമത്തെക്കുറിച്ചുള്ള കേവലമായ അജ്ഞതയെക്കാൾ കൂടുതലായ ഒന്നുണ്ട്. ഒരാൾക്ക് നിയമം പൂർണമായിട്ട് അറിയാമായിരിക്കാം. എന്നാലും അതിന്റെ 'ആന്തരിക മൂല്യം' മനസിലാക്കാൻ വളരെ പ്രയാസമുണ്ടായിരിക്കും[339] അല്ലെങ്കിൽ കൂടുതൽ പാപം കൂടാതെ വ്യത്യസ്തമായി പ്രവർത്തിക്കാനോ നിശ്ചയിക്കാനോ അനുവദിക്കാത്ത വസ്തുനിഷ്ഠമായ ഒരവസ്ഥയിലായിരിക്കാം. സിനഡുപിതാക്കന്മാർ പറഞ്ഞതുപോലെ 'ഒരു തീരുമാനമെടുക്കുന്നതിനുള്ള കഴിവിനെ പരിമിതപ്പെടുത്തുന്ന ഘടകങ്ങൾ ഉണ്ടായിരിക്കാം.'[340]

ഒരാൾക്ക് കൃപാവരവും പരസ്നേഹവും ഉണ്ടായിരിക്കാം. എന്നാലും ഏതെങ്കിലും ഒരു പുണ്യം അഭ്യസിക്കാൻ കഴിവില്ലായിരിക്കാം എന്നിങ്ങനെ വിശുദ്ധ തോമസ് അക്വീനാസ് അംഗീകരിച്ചിട്ടുണ്ട്.[341] മറ്റു വാക്കുകളിൽ പറഞ്ഞാൽ, ഒരു വ്യക്തിക്ക് നിവേശിത ധാർമ്മിക സദ്ഗുണങ്ങളെല്ലാം ഉണ്ടെങ്കിലും അവയിൽ ഒന്നിന്റെ അസ്തിത്വത്തെ വ്യക്തമായി പ്രകാശിപ്പിക്കാൻ അയാൾക്കു കഴിയുന്നില്ല. കാരണം ആ സദ്ഗുണത്തിന്റെ ബാഹ്യമായ അഭ്യസനം പ്രയാസമുള്ളതാക്കപ്പെട്ടിരിക്കുന്നു: 'ചില വിശുദ്ധന്മാർക്ക് ചില പുണ്യങ്ങൾ ഇല്ലായിരുന്നുവെന്നു പറയപ്പെടുന്നു. ആ പുണ്യങ്ങളുടെ അഭ്യസനം അവർക്ക് പ്രയാസമുള്ള കാര്യമായിരുന്നതുകൊണ്ടുതന്നെ - അവർക്കു എല്ലാ പുണ്യങ്ങളുടെയും ശീലമുണ്ടായിരുന്നെങ്കിലും.'[342]

302. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ഈ ഘടകങ്ങളെ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്: 'അജ്ഞത, അശ്രദ്ധ, ബലപ്രയോഗം, ഭയം, ശീലം, ക്രമരഹിതങ്ങളായ അടുപ്പങ്ങൾ എന്നിവയ്ക്കും മനശ്ശാസ്ത്രപരമോ സാമൂഹികമോ ആയ മറ്റു ഘടകങ്ങൾക്കും ഒരു പ്രവൃത്തിയുടെ ആരോപണവിധേയത്വ സാധ്യതയെയും ഉത്തരവാദിത്വത്തെയും കുറയ്ക്കാനോ ഇല്ലാതാക്കാൻപോലുമോ കഴിയും.'[343] മതബോധനഗ്രന്ഥം മറ്റൊരു ഖണ്ഡികയിൽ ധാർമ്മിക ആരോപണ വിധേയത്വ സാധ്യതയെ മയപ്പെടുത്തുന്ന സാഹചര്യങ്ങളെപ്പറ്റി വീണ്ടും സൂചിപ്പിക്കുകയും ദീർഘമായി പ്രതിപാദിക്കുകയും ചെയ്യുന്നുണ്ട്. ധർമ്മത്തെ സംബന്ധിച്ച ഒരുവന്റെ അപരാധത്തെ ലഘൂകരിക്കുകയോ ഒരുപക്ഷേ നിസ്സാരമാക്കുകയോ ചെയ്യുന്ന വൈകാരിക അപക്വത, തഴക്കത്തിന്റെ ശക്തി, ആശങ്കകൾ അല്ലെങ്കിൽ മറ്റുള്ള മാനസിക-സാമൂഹിക ഘടകങ്ങൾ എന്നിവയെ കണക്കിലെടുക്കേണ്ടതാണ്.'[344] ഇക്കാരണത്താൽ, വസ്തുനിഷ്ഠമായ ഒരവസ്ഥയെക്കുറിച്ചുള്ള നിഷേധാത്മക വിധിനിർണയം വ്യക്തിയുടെ ആരോപണ വിധേയത്തെയോ പാപാവസ്ഥയെയോ സംബന്ധിക്കുന്ന ഒരു വിധിനിർണയത്തെ ഉൾക്കൊള്ളുന്നില്ല.[345] ഈ ബോധ്യങ്ങളുടെ അടിസ്ഥാനത്തിൽ സിനഡു പിതാക്കന്മാർ ഉറപ്പിച്ചു പറയാൻ ആഗ്രഹിച്ചത് സമുചിതമായതാണെന്ന് ഞാൻ കരുതുന്നു. ചില സാഹചര്യങ്ങളിൽ വ്യത്യസ്തമായി പ്രവർത്തിക്കാൻ ആളുകൾക്കു വളരെ പ്രയാസമുണ്ട്. അതുകൊണ്ട് ഒരു പൊതുതത്ത്വത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെ ചില പ്രവൃത്തികളെയോ തീരുമാനങ്ങളെയോ സംബന്ധിച്ച ഉത്തരവാദിത്വം എല്ലാ സംഭവങ്ങളിലും ഒന്നുപോലെയല്ലെന്നു തിരിച്ചറിയുക അത്യാവശ്യമാണ്. അജപാലനപരമായ തിരിച്ചറിയൽ ഒരു വ്യക്തിയുടെ ശരിയായി രൂപീകരിക്കപ്പെട്ട മനസ്സാക്ഷിയെ പരിഗണിച്ചുകൊണ്ട് ഈ സാഹചര്യങ്ങൾക്കുള്ള ഉത്തരവാദിത്വം സ്വീകരിക്കണം. പ്രവൃത്തികളുടെ അനന്തരഫലങ്ങൾ പോലും എല്ലാ സംഭവങ്ങളിലും ഒന്നുപോലെയായിരിക്കണമെന്നു നിർബന്ധമില്ല.[346]



303. അത്തരം വസ്തുനിഷ്ഠമായ ഘടകങ്ങളുടെ സ്വാധീനം അംഗീകരിച്ചുകൊണ്ട് ഒരു കാര്യം കൂട്ടിച്ചേർക്കാനാവും. അതായത്, വിവാഹത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയെ വസ്തുനിഷ്ഠമായി മൂർത്തമാക്കാത്ത ചില സാഹചര്യങ്ങളിൽ വ്യക്തിയുടെ മനസ്സാക്ഷി സഭയുടെ പതിവിലേക്ക് കൂട്ടിച്ചേർക്കപ്പെടുന്നതാണ് കൂടുതൽ നല്ലത്. സ്വാഭാവികമായി, പ്രകാശിതമായ ഒരു മനസ്സാക്ഷിയുടെ വികസനത്തിനായി പ്രോത്സാഹിപ്പിക്കാൻ എല്ലാ പരിശ്രമവും ചെയ്യണം. ഒരുവൻ തന്റെ അജപാലകന്റെ ഉത്തരവാദിത്വപൂർണവും ഗൗരവാവഹവുമായ രൂപപ്പെടുകയും നയിക്കപ്പെടുകയും ചെയ്യുന്ന മനസ്സാക്ഷിയായിരിക്കണം അത്. ദൈവകൃപയിലുള്ള പൂർവാധികം മഹത്തരമായ വിശ്വാസത്തെ പ്രോത്സാഹിപ്പിക്കുകയും വേണം. എന്നാലും ഒരു സാഹചര്യം സുവിശേഷത്തിന്റെ പൊതുവായ ആവശ്യങ്ങളോട് വസ്തുനിഷ്ഠമായി ചേരുന്നില്ലെന്ന് തിരിച്ചറിയുന്നതിലും കൂടുതൽ മനസ്സാക്ഷിക്ക് ചെയ്യാനാകും. ദൈവത്തോട് ഇപ്പോൾ പറയാൻ കഴിയുന്ന ഏറ്റവും ഉദാരതാപൂർണമായ പ്രത്യുത്തരം എന്താണെന്ന് ആത്മാർത്ഥമായും സത്യസന്ധമായും തിരിച്ചറിയാൻ കൂടി അതിനു കഴിയും. ഒരുവന്റെ പരിമിതികളുടെ വസ്തുനിഷ്ഠമായ സങ്കീർണതയ്ക്കിടയിൽ എന്താണ് ദൈവം തന്നോട് ചോദിക്കുന്നതെന്ന് - അത് ഇനിയും പൂർണമായി വസ്തുനിഷ്ഠമായ ആദർശമല്ലെങ്കിലും - ധാർമ്മിക തീർച്ചയോടെ കാണാനും കഴിയും. എങ്ങനെയായാലും ഈ തിരിച്ചറിയൽ സ്വയംചാലകമാണെന്ന് നമുക്ക് ഓർമ്മിക്കാം. അത് വളർച്ചയുടെ പുതിയ ഘട്ടങ്ങളോട് എപ്പോഴും തുറവുള്ളതായി നിലകൊള്ളണം. ആദർശപൂർണമായി സാക്ഷാത്കൃതമാക്കാൻ സഹായിക്കാനാവുന്ന പുതിയ തീരുമാനങ്ങളിലേക്കും തുറവുള്ളതായിരിക്കണം.

## നിയമങ്ങളും സൂക്ഷ്മദർശിത്വവും

304. ഒരു വ്യക്തിയുടെ പ്രവൃത്തികൾ നിയമത്തിന് അല്ലെങ്കിൽ ചട്ടത്തിന് ചേർന്നതാണോയെന്നു പരിശോധിക്കുകമാത്രം ചെയ്യുന്നത് ലഘൂകരണമാണ്. കാരണം, മനുഷ്യന്റെ വസ്തുനിഷ്ഠമായ ജീവിതത്തിന് ദൈവത്തോടുള്ള സമ്പൂർണ വിശ്വസ്തത തിരിച്ചറിയാനും അത് ഉറപ്പുവരുത്താനും അതുമാത്രം പോരാ. വിശുദ്ധ തോമസ് അക്വീനാസിന്റെ പ്രബോധനം നാം എപ്പോഴും ഓർക്കാനും നമ്മുടെ അജപാലന സൂക്ഷമാവലോകനത്തിൽ കൂട്ടിച്ചേർക്കാൻ പഠിക്കാനും ഞാൻ അത്യുത്സാഹത്തോടെ ആവശ്യപ്പെടുന്നു: 'പൊതുതത്ത്വങ്ങളിൽ അത്യാവശ്യം ഉണ്ടെങ്കിലും നാം വിശദവിവരങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്തോറും കൂടെക്കൂടെ കുറവുകൾ നാം കാണുന്നു... പ്രവൃത്തിയുടെ കാര്യത്തിൽ സത്യം അഥവാ പ്രായോഗിക സത്യസന്ധത എല്ലാറ്റിനെ സംബന്ധിച്ചും ഒന്നുപോലെയല്ല. പൊതു തത്ത്വങ്ങളെ സംബന്ധിച്ചുമാത്രം ഒന്നുപോലെയാണ്. വിശദാംശങ്ങളിൽ ഒരേ സത്യസന്ധതയുള്ളിടത്ത് അത് എല്ലാവർക്കും തുല്യനില

യിൽ അറിയപ്പെട്ടിട്ടില്ല... നാം വിശദാംശങ്ങളിലേക്ക് കൂടുതൽ ഇറങ്ങിച്ചെല്ലുന്നതനുസരിച്ച് തത്ത്വം പരാജയപ്പെടുന്നതായി കാണാം'[347] ഒരിക്കലും അവഗണിക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യാനാവാത്ത നന്മയെ പൊതുനിയമങ്ങൾ നിശ്ചയിക്കുന്നുവെന്നത് സത്യമാണ്. എന്നാൽ അവയുടെ ക്രോഡീകരണത്തിൽ എല്ലാ പ്രത്യേക സാഹചര്യങ്ങൾക്കുള്ള കാര്യങ്ങൾ തികച്ചും വ്യക്തമാക്കാൻ സാധിക്കുകയില്ല. അതേസമയം ഒരു കാര്യം പറയേണ്ടിയിരിക്കുന്നു. ഒരു പ്രത്യേക സാഹചര്യത്തിലെ പ്രായോഗിക തിരിച്ചറിയലിന്റെ ഭാഗമായിരിക്കുന്നതിനെ ഒരു നിയമത്തിന്റെ തലത്തിലേക്ക് ഉയർത്താൻ പാടില്ല. അത് അസഹനീയമായ ധർമ്മാധർമ്മവിചാരണയിലേക്കു നയിക്കുക മാത്രമല്ല ചെയ്യുന്നത്. പിന്നെയോ സവിശേഷശ്രദ്ധയോടെ സംരക്ഷിക്കേണ്ട മൂല്യങ്ങളെത്തന്നെ അപകടപ്പെടുത്തുക കൂടിചെയ്യും.[348]

305. ഇക്കാരണത്താൽ ക്രമരഹിത സാഹചര്യങ്ങളിൽ ജീവിക്കുന്നവരോട് വെറും ധാർമ്മിക നിയമങ്ങൾ മാത്രം പ്രയോഗിച്ചാൽ മതി; അതും ആളുകളുടെ ജീവിതത്തെ എറിയാനുള്ള കല്ലുകളെന്നപോലെ മതി എന്ന് ഒരു അജപാലകന് വിചാരിക്കാൻ പാടില്ല. സഭയുടെ പ്രബോധനങ്ങളുടെ പിന്നിൽ പതിവായി ഒളിച്ചിരിക്കുന്ന ഒരുവന്റെ അടയ്ക്കപ്പെട്ട ഹൃദയത്തെ അത് സൂചിപ്പിക്കും. അപ്പോൾ 'മോശയുടെ സിംഹാസനത്തിൽ ഇരുന്നുകൊണ്ട് അധീശത്വത്തോടും ഉപരിപ്ലവത്തോടുംകൂടെ പ്രയാസമുള്ള കേസുകൾ, വ്രണപ്പെട്ട കുടുംബങ്ങൾ എന്നിവ സംബന്ധിച്ച് വിധി പ്രസ്താവന നടത്തുന്നു'.[349] ഇതേ ചിന്താരീതിയോടെ അന്താരാഷ്ട്ര ദൈവശാസ്ത്ര കമ്മീഷൻ ഇങ്ങനെ നിരീക്ഷിച്ചിട്ടുണ്ട്: 'ധാർമ്മികവിഷയത്തിൽ കാരണത്തിൽനിന്ന് കാര്യത്തെ തെളിയിക്കുന്നതായി (a priori), അടിച്ചേല്പിക്കുന്നതും പണ്ടേ സ്ഥാപിക്കപ്പെട്ടതുമായ നിയമസംഘാതമായി സ്വാഭാവിക നിയമത്തെ അവതരിപ്പിക്കാൻ പാടില്ല. പിന്നെയോ അത് തീരുമാനങ്ങളെടുക്കുകയെന്ന അഗാധമായ വൈയക്തിക പ്രക്രിയയ്ക്കുള്ള വസ്തുനിഷ്ഠമായ പ്രചോദനത്തിന്റെ ഉറവിടമാണ്'[350] വ്യവസ്ഥപ്പെടുത്തുന്നതും മയപ്പെടുത്തുന്നതുമായ ഘടകങ്ങളുടെ രൂപങ്ങൾ മൂലം ഒരുകാര്യം സാധ്യമാകാം. അതായത്, പാപത്തിന്റെ വസ്തുനിഷ്ഠമായ ഒരു സാഹചര്യത്തിൽ - അത് വ്യക്തിനിഷ്ഠമായി കുറ്റകരമോ പൂർണമായി അത്തരത്തിലുള്ളതോ ആയിരിക്കണമെന്നില്ല - ഒരു വ്യക്തിക്ക് ദൈവകൃപയിൽ വളരാൻ കഴിയും, സ്നേഹിക്കാൻ കഴിയും, ദൈവകൃപയുടെയും പരസ്നേഹത്തിന്റെയും ജീവിതത്തിൽ വളരാനും കഴിയും. ഈ ലക്ഷ്യത്തിനായി സഭയുടെ സഹായം സ്വീകരിച്ചുകൊണ്ട് അങ്ങനെ ചെയ്യാനാവും.[351] ദൈവത്തോടു പ്രത്യുത്തരിക്കാനും പരിമിതികളുടെ ഇടയിൽ വളരാനുമുള്ള സാധ്യമായ വഴികൾ കണ്ടുപിടിക്കാൻ വിവേചിച്ചറിയൽ സഹായിക്കണം. എല്ലാറ്റിനെയും മുഴുവൻ തിന്മയുള്ളതായിമാത്രമോ മുഴുവൻ നന്മയുള്ളതായി



മാത്രമോ കരുതിക്കൊണ്ട് നമ്മൾ ചിലപ്പോൾ കൃപയുടെയും വളർച്ചയുടെയും വഴി അടച്ചുകളയും ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന വിശുദ്ധീകരണ മാർഗങ്ങളെ നിരുത്സാഹപ്പെടുത്തുകയും ചെയ്യും. നമുക്ക് ഒരു കാര്യം ഓർമ്മിക്കാം: 'ബാഹ്യമായി ക്രമപ്പെട്ടതായി കാണപ്പെടുകയും വലിയ പ്രയാസങ്ങളെ നേരിടാതെ ഓരോ ദിവസവും ചലിക്കുകയും ചെയ്യുന്ന ജീവിതത്തെക്കാൾ കൂടുതലായി ദൈവത്തെ പ്രീതിപ്പെടുത്തുന്നത് വലിയ മാനുഷിക പരിമിതികളുടെ മധ്യത്തിൽ ഒരടി മുന്നോട്ടുവയ്ക്കുന്നതായിരിക്കും'[352]. ശുശ്രൂഷകരുടെയും സമൂഹങ്ങളുടെയും പ്രായോഗിക അജപാലന ശുശ്രൂഷ ഈ യാഥാർത്ഥ്യത്തെ ആശ്ലേഷിക്കുന്നതിൽ പരാജയപ്പെടരുത്.

306. ഓരോ സാഹചര്യത്തിലും, ദൈവത്തിന്റെ നിയമം പൂർണമായി അനുസരിച്ചു ജീവിക്കുന്നതിൽ പ്രയാസങ്ങളുള്ളവരെ കൈകാര്യം ചെയ്യുമ്പോൾ പരസ്നേഹത്തിന്റെ പാത (via caritatis) യിലൂടെ സഞ്ചരിക്കാനുള്ള ക്ഷണം വ്യക്തമായി കേൾക്കപ്പെടണം. സഹോദരസ്നേഹമാണ് ക്രിസ്ത്യാനികളുടെ ഒന്നാമത്തെ നിയമം (cf യോഹ 15:12; ഗലാ 5:14). വേദഗ്രന്ഥത്തിലെ ഉറപ്പുനല്കുന്ന വാക്കുകൾ നമുക്കു മറക്കാതിരിക്കാം: 'സർവോപരി നിങ്ങൾക്ക് ഗാഢമായ പരസ്പരസ്നേഹം ഉണ്ടായിരിക്കട്ടെ; കാരണം, സ്നേഹം നിരവധി പാപങ്ങളെ മറയ്ക്കുന്നു' (1 പത്രോ 4:8); '....ധർമ്മനിഷ്ഠ പാലിച്ചുകൊണ്ട് പാപങ്ങളിൽനിന്നും മർദ്ദിതരോടു കാരുണ്യം കാണിച്ചുകൊണ്ട് അകൃത്യങ്ങളിൽനിന്നും ഒഴിഞ്ഞു നില്ക്കുക, അങ്ങനെ നിന്റെ സ്വസ്ഥതയുടെ കാലം നീട്ടിക്കിട്ടിയേക്കും' (ദാനി. 4:24[27]); 'ജലം ജ്വലിക്കുന്ന അഗ്നിയെ കെടുത്തുന്നതുപോലെ ദാനധർമ്മം പാപത്തിനു പരിഹാരമാണ്' (പ്രഭാ. 3:30). ഇതുതന്നെയാണ് വിശുദ്ധ ആഗസ്തീനോസ് പഠിപ്പിക്കുന്നതും: 'തീപിടിത്തത്തിന്റെ ഭീഷണിയുണ്ടാകുമ്പോൾ അതു കെടുത്താൻ നാം ജലത്തിനായി ഓടുന്നു... അതുപോലെതന്നെ, നമ്മുടെ വൈക്കോലിൽനിന്ന് പാപത്തിന്റെ അഗ്നിജ്വാല ഉയരുകയും നമ്മൾ അസ്വസ്ഥരാവുകയും ചെയ്യുമ്പോൾ, ഒരു കാരുണ്യപ്രവൃത്തിചെയ്യാനുള്ള അവസരം നമുക്കു നല്കപ്പെട്ടാൽ അഗ്നിജ്വാലയെ കെടുത്താനുള്ള ഒരു നീരുറവ നമുക്കു നല്കപ്പെട്ടാലെന്നപോലെ അതിൽ സന്തോഷിക്കണം'.[353]

## അജപാലനകരുണയുടെ യുക്തി

307. എല്ലാ തെറ്റിധാരണയും ഒഴിവാക്കാൻ ഒരു വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതായത് വിവാഹത്തെ അതിന്റെ പൂർണമായ ആദർശത്തോടെ, ദൈവത്തിന്റെ പദ്ധതിയെ അതിന്റെ പൂർണമായ മഹത്ത്വത്തിൽ നിർദേശിക്കുന്നതിൽനിന്ന് സഭ ഒരുവിധത്തിലും ഒഴിവാകരുത്. 'മാമ്മോദീസ സ്വീകരിച്ച ആളുകൾ ഒരു വസ്തുത മനസ്സിലാക്കാൻ പ്രോത്സാഹിപ്പിക്കപ്പെടണം. അതായത് വിവാഹ കൂദാശയ്ക്ക് അവരുടെ സ്നേഹപദ്ധതികളെ സമ്പന്നമാക്കാൻ കഴിയും. കൂദാശയിലുള്ള ക്രിസ്തു

വിന്റെ കൃപയാലും സഭയുടെ ജീവിതത്തിൽ പൂർണമായ പങ്കുചേരാനുള്ള സാധ്യതയാലും അവർ താങ്ങിനിറുത്തപ്പെടും.'[354]' ആ ആദർശം നിർദേശിക്കുന്നതിൽ മന്ദോഷ്ണമനോഭാവം, ഏതെങ്കിലും തരത്തിലുള്ള ആപേക്ഷികതാവാദം അല്ലെങ്കിൽ അയോഗ്യമായ അകൽച്ച സുവിശേഷത്തോടുള്ള വിശ്വസ്തതയുടെ അഭാവമാണ്. കൂടാതെ ഇത് യുവജനങ്ങളെക്കുറിച്ച് സഭയ്ക്കുള്ള സ്നേഹത്തിന്റെ അഭാവവുമാണ്. അസാധാരണസാഹചര്യങ്ങളെ നേരിടുന്നതിൽ ധാരണ കാണിക്കുകയെന്നതിന് കൂടുതൽ പൂർണമായ ആദർശത്തിന്റെ പ്രകാശം കുറയ്ക്കുകയെന്ന് അർത്ഥമില്ല. മനുഷ്യനു യേശു നല്കുന്നതിൽനിന്നു കുറഞ്ഞ ഒന്ന് നിർദേശിക്കുകയെന്നും അർത്ഥമില്ല. ഇന്ന് പരാജയങ്ങളെ സംബന്ധിച്ച അജപാലനശുശ്രൂഷയെക്കാൾ പ്രധാനപ്പെട്ടത് വിവാഹങ്ങളെ ശക്തിപ്പെടുത്തുകയും അങ്ങനെ അവയുടെ തകർച്ച തടയുകയും ചെയ്യുകയെന്നതാണ്.

308. അതേസമയം മനശാസ്ത്രപരവും ചരിത്രപരവും ജീവശാസ്ത്രപരം പോലുമായ സാഹചര്യങ്ങളെ മയപ്പെടുത്തുന്നതിന്റെ ഭാരത്തെക്കുറിച്ചുള്ള നമ്മുടെ ബോധത്തിൽനിന്ന് ഒരു വസ്തുത വ്യക്തമാകും. അതായത്, 'സുവിശേഷപരമായ ആദർശത്തിൽനിന്നു മാറിപ്പോകാതെതന്നെ വ്യക്തിപരമായ വളർച്ചയുടെ ക്രമാനുഗതമായ ഘട്ടങ്ങളെ കാരുണ്യത്തോടും ക്ഷമാശീലത്തോടുംകൂടി സഹഗമിക്കുകയെന്ന ആവശ്യമാണത്. ആ ഘട്ടങ്ങൾ പുരോഗമനാത്മകമായി പ്രത്യക്ഷപ്പെടുമ്പോൾ അങ്ങനെ ചെയ്യണം'. ആവുന്നത്ര ചെയ്യാൻ നമ്മെ പ്രചോദിപ്പിക്കുന്ന കർത്താവിന്റെ കാരുണ്യത്തിന് സ്ഥാനം നല്കിക്കൊണ്ട് അങ്ങനെ ചെയ്യണം'[355] ആശയക്കുഴപ്പത്തിന് അവസരം നല്കാത്ത കൂടുതൽ കർക്കശമായ അജപാലനശുശ്രൂഷയെ കൂടുതൽ ഇഷ്ടപ്പെടുന്നവരെ ഞാൻ മനസ്സിലാക്കുന്നു. എന്നാൽ പരിശുദ്ധാത്മാവ് മാനുഷികദൗർബല്യങ്ങളുടെ മധ്യേ വിതയ്ക്കുന്ന നന്മയെ ശ്രദ്ധിക്കുന്ന ഒരു സഭയാണ് യേശു ആവശ്യപ്പെടുന്നതെന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. തന്റെ വസ്തുനിഷ്ഠമായ പ്രബോധനം വ്യക്തമായി പ്രകാശിപ്പിച്ചുകൊണ്ട് 'തനിക്കു സാധിക്കുന്ന നന്മ എപ്പോഴും ചെയ്യുന്ന അമ്മയാണത്. നന്മചെയ്യുന്ന പ്രക്രിയയിൽ തെരുവിലെ ചെളിപുരണ്ട് തന്റെ പാദരക്ഷകൾ അഴുക്കുള്ളതായാലും അങ്ങനെ ചെയ്യുന്നു'[356] സഭയുടെ അജപാലകന്മാർ സുവിശേഷത്തിന്റെ സമ്പൂർണമായ ആദർശവും സഭയുടെ പ്രബോധനവും വിശ്വാസികൾക്കു നിർദേശിച്ചുകൊടുക്കണം. പ്രകോപനമോ അമിതമാംവിധം കഠിനമോ ധൃതിപിടിച്ചുള്ളതോ ആയ വിധിനിർണയങ്ങളോ കൂടാതെ ദുർബലരോട് സഹതാപത്തോടെ പെരുമാറാൻ അവരെ പഠിപ്പിക്കുകയുംവേണം. വിധിക്കുകയോ ശപിക്കുകയോ ചെയ്യരുതെന്ന് സുവിശേഷംതന്നെ നമ്മോടു പറയുന്നുണ്ട് (cf മത്താ 7:1; ലൂക്കാ 6:37). 'മാനുഷികദൗർഭാഗ്യമായ നീർച്ചുഴിയിൽനിന്ന് അഭയസ്ഥാനം നല്കുന്ന വൈയക്തികമോ സാമൂഹികമോ



ആയ വേലിക്കെട്ടുകളുടെ അന്വേഷണം നിർത്തണമെന്നും അതിനുപകരം മറ്റു മനുഷ്യരുടെ ജീവിതങ്ങളാകുന്ന യാഥാർത്ഥ്യത്തിലേക്കു പ്രവേശിക്കണമെന്നും കാരുണ്യത്തിന്റെ ശക്തി അറിയണമെന്നും യേശു പ്രതീക്ഷിക്കുന്നു. നാം അങ്ങനെ ചെയ്യുന്നിടത്തെല്ലാം നമ്മുടെ ജീവിതം വിസ്മയനീയമായി സങ്കീർണമായിത്തീരും.'[357]

309. കാരുണ്യത്തിനു സമർപ്പിക്കപ്പെട്ട ഒരു വിശുദ്ധവർഷത്തിന്റെ സാഹചര്യത്തിൽ ഈ വിചിന്തനങ്ങൾ ഉണ്ടാകുന്നുവെന്നത് ദൈവികപരിപാലനയാണ്. കാരണം, കുടുംബങ്ങളെ ബാധിക്കുന്ന വിവിധ സാഹചര്യങ്ങളിലും 'ദൈവകാരുണ്യം, സുവിശേഷത്തിന്റെ ഹൃദയസ്പന്ദനം, പ്രഘോഷിക്കാൻ സഭയെ ഏല്പിച്ചിരിക്കുന്നു. അത് ഓരോ വ്യക്തിയുടെയും മനസ്സിലും ഹൃദയത്തിലും തുളച്ചുകയറണം. ആരെയും ഒഴിവാക്കാതെ ഓരോ വ്യക്തിയിലേക്കും ചെന്നെത്തുന്ന ദൈവപുത്രന്റെ പെരുമാറ്റമനുസരിച്ച് ക്രിസ്തുവിന്റെ മണവാട്ടി പെരുമാറണം'[358] യേശുതന്നെ നൂറ് ആടുകളുടെ ഇടയനാണെന്ന്, തൊണ്ണൂറ്റിഒൻപതെണ്ണത്തിന്റെ മാത്രം ഇടയനല്ലെന്ന്, അവൾക്ക് അറിയാം. അവിടന്ന് അവയെ എല്ലാറ്റിനെയും സ്നേഹിക്കുന്നു. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ, 'എല്ലാവരിലേക്കും - വിശ്വാസികളിലേക്കും വിദൂരസ്ഥരിലേക്കും - ദൈവരാജ്യം നമ്മുടെയിടയിൽ സന്നിഹിതമായിക്കഴിഞ്ഞുവെന്നതിന്റെ അടയാളമെന്ന നിലയിൽ കരുണയുടെ തൈലം എത്തിച്ചേരുകയെന്നത്'[359] സാധ്യമായിത്തീരും.


310. നമുക്ക് ഒരു വസ്തുത മറക്കാനാവുകയില്ല. അതായത്, 'കരുണ ദൈവപിതാവിന്റെ മാത്രം പ്രവൃത്തിയല്ല. അത് അവിടത്തെ യഥാർത്ഥമക്കൾ ആരാണെന്ന് അറിയാനുള്ള ഒരു മാനദണ്ഡമായിത്തീരുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ നാം കരുണ കാണിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. കാരണം, കരുണ ആദ്യം നമ്മോടു കാണിച്ചിരിക്കുന്നു.'[360] ഇത് വെറും റൊമാന്റിസിസമല്ല. അല്ലെങ്കിൽ ദൈവസ്നേഹത്തോടുള്ള മന്ദോഷ്ണമായ പ്രത്യുത്തരമല്ല. നമുക്ക് ഏറ്റവും നല്ലത് എന്താണെന്ന് ദൈവസ്നേഹം എപ്പോഴും അന്വേഷിക്കുന്നു. എന്തെന്നാൽ 'കരുണ സഭയുടെ ജീവിതത്തിന്റെ അടിസ്ഥാനം തന്നെയാണ്. അവളുടെ എല്ലാ അജപാലനപ്രവർത്തനങ്ങളും വിശ്വാസികളോട് അവൾ കാണിക്കുന്ന കരുണയോടുകൂടിയതായിരിക്കണം. അവളുടെ പ്രഭാഷണത്തിലോ ലോകത്തിന് അവൾ നല്കുന്ന സാക്ഷ്യത്തിലോ കരുണയില്ലാത്തതായി ഒന്നുമുണ്ടായിരിക്കരുത്'[361] 'ചിലപ്പോൾ നമ്മൾ കൃപാവരത്തെ എളുപ്പമാക്കുന്നവരെന്നതിനെക്കാൾ അതിന്റെ വിധിയാളന്മാരായി പ്രവർത്തിക്കുന്നു എന്നതു ശരിയാണ്. എന്നാൽ സഭ ഒരു ചുങ്കസ്ഥലമല്ല. അത് പിതാവിന്റെ ഭവനമാണ്. അവിടെ എല്ലാവർക്കും അവരുടെ പ്രശ്നങ്ങളോടുകൂടിത്തന്നെ സ്ഥലമുണ്ട്.'[362]

311. ധർമ്മശാസ്ത്രാധ്യാപനം ഈ പരിഗണനകൾ ഉൾപ്പെടുത്തുന്നതിൽ പരാജയപ്പെടരുത്. എന്തെന്നാൽ സഭയുടെ ധാർമ്മിക പ്രബോധനത്തോടു താത്പര്യം കാണിക്കണമെന്നതു ശരിയാണെങ്കിലും സുവിശേഷത്തിന്റെ ഏറ്റവും ഉന്നതവും ഏറ്റവും കേന്ദ്രസ്ഥവുമായ മൂല്യങ്ങളെ ഊന്നിപ്പറയാനും അവയെ പ്രോത്സാഹിപ്പിക്കാനും സവിശേഷ ശ്രദ്ധചെലുത്തണം[363] ദൈവസ്നേഹമെന്ന തികഞ്ഞ സൗജന്യദാനത്തോടുള്ള പ്രത്യുത്തരമെന്നനിലയിൽ പ്രത്യേകമായി പരസ്നേഹത്തിന്റെ കാര്യത്തിൽ അങ്ങനെ ചെയ്യണം. നമ്മുടെ അജപാലനപ്രവർത്തനത്തിൽ ദൈവത്തിന്റെ വ്യവസ്ഥാതീതമായ സ്നേഹത്തിന് സ്ഥാനം നല്കാൻ പ്രയാസമുള്ളതായി നമുക്കു തോന്നുന്നു.[364] കാരുണ്യത്തെ സംബന്ധിച്ച് നാം അനേകം വ്യവസ്ഥകൾ വയ്ക്കുന്നു. അങ്ങനെ അതിന്റെ വസ്തുനിഷ്ഠമായ അർത്ഥവും യഥാർഥ പ്രാധാന്യവും ഇല്ലാതാക്കുന്നു. സുവിശേഷത്തിന്റെ ശക്തി കുറയ്ക്കാനുള്ള ഏറ്റവും മോശമായ മാർഗമാണിത്. ഉദാഹരണമായി, കാരുണ്യം നീതിയെയും സത്യത്തെയും ഒഴിവാക്കുന്നില്ലെന്നത് സത്യമാണ്, പക്ഷേ, കരുണയാണ് നീതിയുടെ പൂർണതയും ദൈവികസത്യത്തിന്റെ ഏറ്റവും പ്രകാശപൂർണമായ പ്രകാശനവും എന്ന് പ്രഥമവും പ്രധാനവുമായി നാം പറയണം. ഇക്കാരണത്താൽ 'ദൈവത്തിന്റെ സർവശക്തിയെയും പ്രത്യേകിച്ച് അവിടത്തെ കരുണയെയും അവസാനം സംശയത്തിലാക്കുന്ന ഏതു ദൈവശാസ്ത്ര സങ്കല്പവും അപര്യാപ്തമായി'[365] നാം എപ്പോഴും പരിഗണിക്കണം.

312. കൂടുതൽ വൈകാരികതയുള്ള പ്രശ്നങ്ങളെ കൈകാര്യം ചെയ്യുമ്പോൾ തണുത്ത ബ്യൂറോക്രാറ്റിക് ധാർമ്മികതയെ ഉപേക്ഷിക്കാൻ ഇതു നമുക്ക് ഒരു ചട്ടക്കൂടും സംവിധാനവും നല്കുന്നു. അത്തരം ധാർമ്മികതയ്ക്കുപകരം ഇത് കരുണാപൂർണമായ സ്നേഹംകൊണ്ട് നിറഞ്ഞ അജപാലന തിരിച്ചറിയലിന്റെ സാഹചര്യത്തിൽ നമ്മെ പ്രതിഷ്ഠിക്കുന്നു. ആ സ്നേഹമാകട്ടെ മനസ്സിലാക്കാനും, ക്ഷമിക്കാനും, സഹയാത്ര നടത്താനും, പ്രത്യാശിക്കാനും സർവോപരി സമഗ്രമായിരിക്കാനും എന്നും സന്നദ്ധമാണ്. അതാണ് സഭയിൽ പ്രബലപ്പെടേണ്ട സുസ്ഥിര മനോഭാവം 'സമൂഹത്തിന്റെ ഏറ്റവും അകന്ന അരികുകളിൽ ജീവിക്കുന്നവരിലേക്ക് നമ്മുടെ മനസ്സു തുറക്കാൻ'[366] നമ്മെ പ്രേരിപ്പിക്കുന്നതും അതായിരിക്കണം. സങ്കീർണ സാഹചര്യങ്ങളിലുള്ള വിശ്വാസികളെ, തങ്ങളുടെ അജപാലകരോട് അല്ലെങ്കിൽ ജീവിതം കർത്താവിനു സമർപ്പിച്ച അല്മായരോട് ആത്മവിശ്വാസത്തോടെ സംസാരിക്കാൻ ഞാൻ പ്രോത്സാഹിപ്പിക്കുന്നു. തങ്ങളുടെ ആശയങ്ങളുടെയോ ആഗ്രഹങ്ങളുടെയോ ഒരു സ്ഥിരീകരണം അവർ എപ്പോഴും അവരിൽ കണ്ടുമുട്ടിയെന്നുവരില്ല. എന്നാലും അവർ തീർച്ചയായും കുറച്ചു പ്രകാശം സ്വീകരിക്കും. അവരുടെ സാഹചര്യത്തെ കൂടുതൽ നന്നായി മനസ്സിലാക്കാനും വൈയക്തിക വളർച്ചയ്ക്കുള്ള ഒരു



വഴി കണ്ടെത്താനും അതു സഹായിക്കും. സംവേദകത്വത്തോടും പ്രശാന്തതയോടുംകൂടി അവരെ ശ്രവിക്കാൻ ഞാൻ സഭയുടെ അജപാലകരെ പ്രോത്സാഹിപ്പിക്കുകകൂടി ചെയ്യുന്നു. അവരുടെ കഷ്ടാവസ്ഥയും അവരുടെ വീക്ഷണവും ആത്മാർത്ഥമായ ആഗ്രഹത്തോടെ അവർ മനസ്സിലാക്കണം. അവർ കൂടുതൽ നല്ല ജീവിതം നയിക്കാനും സഭയിൽ അവർക്കുള്ള ശരിയായ സ്ഥാനം തിരിച്ചറിയാനും അവരെ സഹായിക്കുന്നതിനാണത്.



*ഒരു കുടുംബം ക്രിസ്തുവിൽ കേന്ദ്രീകൃതമാണെങ്കിൽ അതിന്റെ മുഴുവൻ ജീവിതത്തെയും ഏകീകരിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യും. വേദനയുടെയും പ്രയാസങ്ങളുടെയും നിമിഷങ്ങളെ കർത്താവിന്റെ കുരിശുമായുള്ള ഐക്യത്തിൽ അനുഭവിക്കും. അവയെ കീഴടക്കാൻ അവിടന്നുമായുള്ള അടുപ്പം കഴിവു നല്കും. കുടുംബജീവിതത്തിന്റെ ഏറ്റവും ഇരുണ്ട മണിക്കുറുകളിൽ പരിത്യക്താവസ്ഥയിലുള്ള യേശുവുമായുള്ള ഐക്യം തകർച്ച ഒഴിവാക്കാൻ സഹായിക്കും.*

## അധ്യായം ഒൻപത്

# വിവാഹത്തിന്റെ ആധ്യാത്മികതയും കുടുംബവും

313. നാം വിളിക്കപ്പെട്ടിരിക്കുന്ന ജീവിതാവസ്ഥയനുസരിച്ച് പരസ്നേഹം പലവർണങ്ങൾ സ്വീകരിക്കുന്നു. പല ദശകങ്ങൾക്കു മുമ്പ് അല്പമായ പ്രേഷിതത്വത്തെപ്പറ്റി സംസാരിച്ചുകൊണ്ട് രണ്ടാം വത്തിക്കാൻ സൂനഹദോസ് കുടുംബജീവിതത്തിൽ നിന്നു ജനിച്ച ആധ്യത്മികതയെ ഊന്നിപ്പറഞ്ഞു. ആ കൗൺസിൽ ഇങ്ങനെ പ്രസ്താവിച്ചു: അല്മായ ആധ്യാത്മികത 'വിവാഹജീവിതത്തിന്റെയും കുടുംബജീവിതത്തിന്റെയും സാഹചര്യങ്ങളിൽ നിന്ന് അതിന്റെ സവിശേഷ സ്വഭാവം സ്വീകരിക്കുന്നു.'[367] 'കുടുംബശുശ്രൂഷ ആ ആധ്യാത്മികതയ്ക്ക് അന്യമായിരിക്കരുത്.'[368] കുടുംബജീവിതത്തിലും അതിന്റെ ബന്ധങ്ങളിലും വികസിക്കുന്ന ഈ സവിശേഷ ആധ്യാത്മികതയുടെ ചില മൗലികസ്വഭാവ വിശേഷങ്ങളെ വിവരിക്കുവാൻ കുറച്ചു സമയം ചെലവഴിക്കുന്നത് യോഗ്യമാണ്.

## പ്രകൃത്യതീത സംസർഗത്തിന്റെ ഒരു ആധ്യാത്മികത

314. ദൈവകൃപയിൽ ജീവിക്കുന്നവരുടെ ഹൃദയങ്ങളിൽ ദൈവം എങ്ങനെ നിവസിക്കുന്നുവെന്ന് നമ്മൾ എപ്പോഴും പറഞ്ഞിട്ടുണ്ട്. വൈവാഹിക സംസർഗത്തിന്റെ ദേവാലയത്തിൽ ത്രിത്വം സന്നിഹിതമാണെന്ന് നമുക്ക് ഇന്നു കൂട്ടിച്ചേർത്തു പറയാം. ദൈവം തന്റെ ജനത്തിന്റെ സ്തുതികളിൽ നിവസിക്കുന്നു (cf സങ്കീ 22:3). അതുപോലെ അവിടന്ന്, തനിക്കു മഹത്ത്വം നല്കുന്ന വൈവാഹിക സ്നേഹത്തിൽ അഗാധതയിൽ ആഴമായി നിവസിക്കുന്നു.

315. എല്ലാവിധത്തിലുമുള്ള അനുദിനക്ലേശങ്ങളോടും കഠിനാധ്വാനത്തോടും സന്തോഷത്തോടും പ്രത്യാശയോടും കൂടിയ യഥാർത്ഥവും സുദൃഢവുമായ കുടുംബങ്ങളിൽ കർത്താവിന്റെ സാന്നിധ്യം അധിവസിക്കുന്നു. കുടുംബത്തിൽ വസിക്കുകയെന്നത് കാപട്യം കാണിക്കുന്നതോ നുണ പറയുന്നതോ പ്രയാസമുള്ള കാര്യമാക്കുന്നു. മുഖംമൂടിക്കു പിന്നിൽ ഒളിക്കാൻ നമുക്കു സാധ്യമല്ല. ആ യാഥാർത്ഥ്യം സ്നേഹത്താൽ നിവേശിപ്പിക്കപ്പെട്ടതാണെങ്കിൽ, കർത്താവ് അവിടെ തന്റെ സന്തോഷ

ത്തോടും സമാധാനത്തോടും കൂടെ ഭരിക്കുന്നു. കുടുംബപരമായ സ്നേഹത്തിന്റെ ആധ്യാത്മികത ആയിരക്കണക്കിന് ചെറുതും എന്നാൽ യഥാർത്ഥവുമായ ചേഷ്ടകളാൽ സൃഷ്ടിക്കപ്പെട്ടതാണ്. കൂട്ടായ്മയെ ആഴപ്പെടുത്തുന്ന ആ വ്യത്യസ്ത ദാനങ്ങളിലും കണ്ടുമുട്ടലുകളിലും ദൈവത്തിന് നിവാസകേന്ദ്രമുണ്ട്. ഈ പരസ്പര താത്പര്യം 'മാനുഷികവും ദൈവികവുമായവയെ ഒന്നിച്ചു ചേർക്കുന്നു.'[369] എന്തെന്നാൽ അത് ദൈവസ്നേഹത്താൽ നിറഞ്ഞതാണ്. അവസാനമായി, വൈവാഹിക ആധ്യാത്മികത ദൈവികസ്നേഹം നിവസിക്കുന്ന ഉടമ്പടിയുടെ ആധ്യാത്മികതയാണ്.

316. കുടുംബപരമായ കൂട്ടായ്മയുടെ ശരിയായ അനുഭവം അനുദിന വിശുദ്ധീകരണത്തിലേക്കും മൗതികമായ വളർച്ചയിലേക്കുമുള്ള യഥാർത്ഥ പാതയാണ്, ദൈവത്തോടുള്ള ബന്ധത്തിൽ കൂടുതൽ ആഴപ്പെടാനുള്ള മാർഗമാണ്. കുടുംബജീവിതത്തിന്റെ സഹോദരപരവും സാമൂഹികവുമായ ആവശ്യങ്ങൾ ഹൃദയത്തിന്റെ തുറവിയിലുള്ള വളർച്ചയ്ക്കുള്ള പ്രേരണയാണ്. അങ്ങനെ കർത്താവുമായുള്ള പൂർവാധികം പൂർണമായ കണ്ടുമുട്ടലിനുള്ള പ്രേരണയാണ്. ദൈവവചനം നമ്മോട് ഇങ്ങനെ പറയുന്നു: 'തന്റെ സഹോദരനെ വെറുക്കുന്നവൻ അന്ധകാരത്തിലാണ്. അവൻ അന്ധകാരത്തിൽ നടക്കുന്നു.' (1 യോഹ 2:11). അത്തരം ഒരു വ്യക്തി മരണത്തിൽ നിവസിക്കുന്നു' (1 യോഹ 3:14). 'അവൻ ദൈവത്തെ അറിയുന്നില്ല' (1 യോഹ 4:8). എന്റെ മുൻഗാമിയായ ബനഡിക്ട് 16-ാമൻ ഇങ്ങനെ ചൂണ്ടിക്കാണിച്ചു: 'നമ്മുടെ അയൽക്കാരന്റെ നേരേ കണ്ണടയ്ക്കൽ ദൈവത്തോടുള്ള ബന്ധത്തിൽ നമ്മെ അന്ധരാക്കൽ കൂടിയാണ്.'[370] 'മങ്ങിപ്പോയ ലോകത്തെ സ്ഥിരം പ്രകാശിപ്പിക്കാൻ'[371] കഴിയുന്ന ഏകപ്രകാശം, അവസാനമായി, സ്നേഹമാണ്. നാം 'പരസ്പരം സ്നേഹിച്ചാൽ ദൈവം നമ്മുടെയിടയിൽ വസിക്കും. അവിടത്തെ സ്നേഹം നമ്മിൽ പൂർണമാക്കപ്പെടും' (1 യോഹ 4:12). 'മനുഷ്യവ്യക്തിക്ക് ഒരു സാമൂഹിക മാനം അന്തർലീനമായിട്ടുണ്ട്'.[372] 'ആ സാമൂഹികമാനത്തെ സംബന്ധിച്ചിടത്തോളം വ്യക്തിയുടെ പ്രഥമവും മൗലികവുമായ പ്രകാശനം വിവാഹം ചെയ്ത ദമ്പതികളും കുടുംബവുമാണ്.'[373] ആധ്യാത്മികത കുടുംബത്തിന്റെ കൂട്ടായ്മയിൽ സമൂർത്തമായിത്തീരുന്നു. അങ്ങനെ കുടുംബം പരിശുദ്ധാത്മാവിലുള്ള ജീവിതത്തിന്റെ വളർച്ചയെ തടയുന്നുവെന്ന് അഗാധമായ ആധ്യാത്മികാഭിനിവേശങ്ങളുള്ളവർക്കു തോന്നരുത്. പിന്നെയോ അവരെ മൗതികമായ ഐക്യത്തിലേക്കു നയിക്കാൻ കർത്താവ് ഉപയോഗിക്കുന്ന പാതയായി അതിനെ കാണണം.

## ഉത്ഥാന വെളിച്ചത്തിൽ ഒന്നിച്ച് പ്രാർത്ഥിക്കുന്നവർ

317. ഒരു കുടുംബം ക്രിസ്തുവിൽ കേന്ദ്രീകൃതമാണെങ്കിൽ അതിന്റെ മുഴുവൻ ജീവിതത്തെയും ഏകീകരിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യും.



വേദനയുടെയും പ്രയാസങ്ങളുടെയും നിമിഷങ്ങളെ കർത്താവിന്റെ കുരിശുമായുള്ള ഐക്യത്തിൽ അനുഭവിക്കും. അവയെ കീഴടക്കാൻ അവിടന്നുമായുള്ള അടുപ്പം കഴിവു നല്കും. കുടുംബജീവിതത്തിന്റെ ഏറ്റവും ഇരുണ്ട മണിക്കൂറുകളിൽ പരിത്യക്തതാവസ്ഥയിലുള്ള യേശുവുമായുള്ള ഐക്യം തകർച്ച ഒഴിവാക്കാൻ സഹായിക്കും. ക്രമേണ, 'പരിശുദ്ധത്മാവിന്റെ കൃപയാൽ (ദമ്പതികൾ) വിവാഹജീവിതത്തിലൂടെ വിശുദ്ധിയിൽ വളരുന്നു. ക്രിസ്തുവിന്റെ കുരിശെന്ന രഹസ്യത്തിൽ പങ്കുചേർന്നുകൊണ്ടും വിശുദ്ധിയിൽ വളരുന്നു. ക്രിസ്തുവിന്റെ കുരിശിന്റെ രഹസ്യം പ്രയാസങ്ങളെയും സഹനങ്ങളെയും സ്നേഹത്തിന്റെ കാഴ്ചയായി മാറ്റുന്നു.'[374] കൂടാതെ, സന്തോഷത്തിന്റെയും വിശ്രമത്തിന്റെയും ആഘോഷത്തിന്റെയും ലൈംഗികതയുടെ പോലും നിമിഷങ്ങളെ ഉത്ഥാനത്തിന്റെ പൂർണജീവിതത്തിലുള്ള പങ്കെടുക്കലായി അനുഭവിക്കാം. വിവാഹിതരായ ദമ്പതികൾ വ്യത്യസ്തങ്ങളായ അനുദിനപ്രവൃത്തികൾകൊണ്ട് 'ഉത്ഥിതനായ കർത്താവിന്റെ നിഗൂഢസാന്നിധ്യം അനുഭവിക്കാനുള്ള ദൈവത്താൽ പ്രകാശിതമായ സ്ഥാനം'[375] സൃഷ്ടിക്കുന്നു.

318. പെസഹാപരമായ ഈ വിശ്വാസത്തെ പ്രകാശിപ്പിക്കാനും ശക്തിപ്പെടുത്താനുമുള്ള ഒരു സവിശേഷ മാർഗമാണ് കുടുംബപ്രാർത്ഥന.[376] സജീവനായ ദൈവത്തിന്റെ മുമ്പിൽ സമ്മേളിക്കാനും അവിടത്തോട് നമ്മുടെ ആകുലതകളെക്കുറിച്ചു പറയാനും നമ്മുടെ കുടുംബത്തിന്റെ ആവശ്യങ്ങൾ നടത്തിത്തരാൻ വേണ്ടി അപേക്ഷിക്കാനും പ്രയാസം അനുഭവിക്കുന്ന ഒരാൾക്കു വേണ്ടി പ്രാർത്ഥിക്കാനും സ്നേഹം കാണിക്കുന്നതിനുവേണ്ട സഹായം അപേക്ഷിക്കാനും ജീവനും അതിന്റെ അനുഗ്രഹങ്ങൾക്കും വേണ്ടി നന്ദി പറയാനും കന്യകാമറിയത്തോട് അവളുടെ മാതൃത്വപരമായ പുറംകുപ്പായത്തിന്റെ കീഴിൽ നമ്മെ സംരക്ഷിക്കാനും വേണ്ടി പ്രാർത്ഥിക്കാൻ ഓരോ ദിവസവും കുറച്ചു നിമിഷങ്ങൾ കണ്ടെത്താവുന്നതാണ്. ലളിതമായ കുറച്ചു വാക്കുകൾ കൊണ്ട് വഴി നമ്മുടെ കുടുംബങ്ങൾക്ക് അളവറ്റ നന്മ ചെയ്യാൻ ഈ പ്രാർത്ഥനാനിമിഷത്തിനു കഴിയും. ജനകീയ ഭക്തിയുടെ വിവിധ പ്രകാശനങ്ങൾ അനേകം കുടുംബങ്ങൾക്ക് ആധ്യാത്മികതയുടെ നിക്ഷേപമാണ്. കുടുംബത്തിന്റെ സാമൂഹിക പ്രാർത്ഥനാസഞ്ചാരം ഒന്നിച്ച് ദിവ്യകാരുണ്യത്തിൽ പങ്കെടുക്കുന്നതു വഴി പൂർണമാകുന്നു, പ്രത്യേകിച്ച് ഞായറാഴ്ച വിശ്രമത്തിന്റെ സാഹചര്യത്തിൽ. യേശു കുടുംബങ്ങളുടെ വാതിലിൽ മുട്ടുന്നു, ദിവ്യകാരുണ്യ അത്താഴത്തിൽ അവരോടൊപ്പം പങ്കുചേരാൻ (cf വെളി 3:20). അവിടെ ദമ്പതികൾക്ക് പെസഹാപരമായ ഉടമ്പടിയിൽ ഒപ്പുവയ്ക്കാൻ കഴിയും. ആ ഉടമ്പടി അവരെ ഒന്നിപ്പിച്ചതാണ്, ദൈവം മനുഷ്യവംശത്തോടൊപ്പം കുരിശിൽ മുദ്രവച്ച ഉടമ്പടിയെ പ്രതിഫലിക്കുന്ന ഒന്നാണ്.[377] ദിവ്യകാരുണ്യം പുതിയ ഉടമ്പടിയുടെ കൂദാശയാണ്. അവിടെ ക്രിസ്തുവിന്റെ രക്ഷാകര ജോലി നിർവഹിക്കപ്പെട്ടു (cf ലൂക്കാ 22:20).

വിവാഹജീവിതവും ദിവ്യകാരുണ്യവും തമ്മിലുള്ള ഉറ്റബന്ധം അങ്ങനെ കൂടുതൽ വ്യക്തമാക്കുന്നു.[378] എന്തെന്നാൽ 'ഗൃഹസഭ'[379] എന്ന നിലയിൽ ഓരോ ദിവസവും വിവാഹോടമ്പടി ജീവിക്കാൻ ആവശ്യമായ ശക്തിയും പ്രചോദനവും ദിവ്യകാരുണ്യമെന്ന ഭക്ഷണം ദമ്പതികൾക്കു നല്കുന്നു.

## പരവർജനീയവും സ്വതന്ത്രവുമായ സ്നേഹത്തിന്റെ ഒരു ആധ്യാത്മികത

319. വിവാഹമെന്നത് പൂർണമായും മറ്റൊരു വ്യക്തിയുടേതായിരിക്കുകയെന്ന അനുഭവം കൂടിയാണ്. പരസ്പരം പിന്തുണയ്ക്കാനും ഒന്നിച്ച് വാർധക്യത്തിലേക്കു വളരാനും അങ്ങനെ ദൈവത്തിന്റെ തന്നെ വിശ്വസ്തതയെ പ്രതിഫലിപ്പിക്കാനുമുള്ള വെല്ലുവിളിയും ആഗ്രഹവും ദമ്പതികൾ സ്വീകരിക്കുന്നു. ജീവിതശൈലിയെ രൂപപ്പെടുത്തുന്ന ഈ ദൃഢനിശ്ചയം 'ദാമ്പത്യപരമായ സ്നേഹത്തിന്റെ ഉടമ്പടിയുടെ ഒരു ആന്തരികാവശ്യമാണ്.'[380] കാരണം, 'എന്നേക്കും സ്നേഹിക്കുന്നതിനു തീരുമാനിക്കാനാവാത്ത ഒരു വ്യക്തിക്ക് ഒരു ദിവസം പോലും സ്നേഹിക്കാൻ ഒരിക്കലും കഴിഞ്ഞെന്നു വരില്ല.'[381] അതേസമയം, ഒരു നിയമത്തോടുള്ള കേവലം അനുസരണയോടെയുള്ള കീഴടങ്ങലിന്റെ കാര്യമായാൽ അത്തരം വിശ്വസ്തത ആത്മീയമായി അർത്ഥശൂന്യമായിരിക്കും. അത് ദൈവം മാത്രം നോക്കിക്കാണുന്ന ഹൃദയത്തിന്റെ കാര്യമാണ് (cf മത്താ 5:28). ഓരോ പ്രഭാതത്തിലും ഉണരുമ്പോൾ, ദിവസത്തിന്റെ ഗതിയിൽ എന്തൊക്കെ സംഭവിച്ചാലും വിശ്വസ്തരായിരിക്കാനുള്ള നമ്മുടെ തീരുമാനത്തെ ദൈവത്തിന്റ മുമ്പിൽ നാം വീണ്ടും സ്ഥിരീകരിക്കുന്നു. നമ്മൾ എല്ലാവരും ഉറങ്ങാൻ പോകുന്നതിനുമുമ്പ്, കർത്താവിന്റെ സഹായത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് എഴുന്നേല്ക്കുമെന്നും ദൗത്യം തുടരുമെന്നും നാം പ്രത്യാശിക്കുന്നു. ഇങ്ങനെ ദമ്പതികളിൽ ഒരാൾ മറ്റേയാൾക്ക്, നമ്മെ ഒരിക്കലും ഉപേക്ഷിക്കാത്ത കർത്താവിനോടുള്ള അടുപ്പത്തിന്റെ അടയാളവും ഉപകരണവുമാണ്: 'കണ്ടാലും! ലോകാവസാനം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും' (മത്താ 28:20).

320. ദമ്പതികളുടെ സ്നേഹം അതിന്റെ സ്വാതന്ത്ര്യത്തിന്റെ ഉന്നതത്തിലെത്തിച്ചേരുകയും ആരോഗ്യകരമായ സ്വയംചാലകത്വത്തിന്റെ അടിസ്ഥാനമാകുകയും ചെയ്യുന്ന ഒരവസ്ഥയുണ്ട്. ദമ്പതികളിൽ ഒരാൾ മറ്റേയാളെ തന്റെ മാത്രം സ്വന്തമായി കാണാതെ അയാൾ കൂടുതൽ പ്രാധാന്യമുള്ള യജമാനനായ കർത്താവിന്റേതായി തിരിച്ചറിയുമ്പോഴാണ് ഇതു സംഭവിക്കുന്നത്. സ്നേഹത്തിന്റെ അത്യഗാധവും അതീവവൈയക്തികവുമായ അന്തർഭാഗത്തെ ഭരിക്കാമെന്ന് ദൈവത്തിനല്ലാതെ മറ്റാർക്കും ഭാവിക്കാനാവുകയില്ല. അതേസമയം യഥാർത്ഥ ആധ്യാത്മികതയുടെ തത്ത്വം ആവശ്യപ്പെടുന്ന ഒരു കാര്യമുണ്ട്: അതായത്, തന്റെ ആഗ്രഹ



ങ്ങളെ മുഴുവനും തൃപ്തിപ്പെടുത്താൻ മറ്റേ വ്യക്തിക്കു കഴിയുമെന്ന് ദമ്പതികളിൽ ഒരാൾ വിചാരിക്കരുത്. ഡീട്രിച്ച് ബോൺഹോഫെർ നന്നായി പറഞ്ഞിട്ടുള്ളതുപോലെ, ഓരോ വ്യക്തിയുടെയും ആധ്യാത്മിക യാത്ര മറ്റെ വ്യക്തിയെ സംബന്ധിച്ചിടത്തോളം മോഹവിമുക്തിയുണ്ടാകാൻ സഹായിക്കണം.[382] ദൈവസ്നേഹത്തിന് അനുരാപമായതുമാത്രം ആയിരിക്കുന്ന ഒന്നു മറ്റേ വ്യക്തിയിൽ നിന്നു പ്രതീക്ഷിക്കുന്നത് നിറുത്താൻ സഹായിക്കണം. ആന്തരികമായ ഒരു ശൂന്യവത്കരണം ഇത് ആവശ്യപ്പെടുന്നുണ്ട്. ദമ്പതികളിൽ ഓരോ വ്യക്തിയും ദൈവത്തോടുള്ള വ്യക്തിപരമായ ബന്ധത്തിനായി മാത്രം നീക്കിവയ്ക്കുന്ന സ്ഥാനം പൊതു ജീവിതത്തിന്റെ മുറിവുകളെ സുഖപ്പെടുത്താൻ സഹായിക്കുക മാത്രമല്ല ചെയ്യുന്നത്, പിന്നെയോ ദൈവസ്നേഹത്തിൽ തങ്ങളുടെ ജീവിതത്തിനുള്ള അർത്ഥത്തിന്റെ ആഴമായ ഉറവിടം കണ്ടെത്താൻ കൂടി സഹായിക്കും. ആന്തരികമായ ഈ സ്വാതന്ത്ര്യം സാധ്യമാക്കാൻ പരിശുദ്ധാത്മാവിന്റെ സഹായത്തിനായി ഓരോ ദിവസവും നാം പ്രാർത്ഥിക്കണം.

## കരുതുന്ന, ആശ്വസിപ്പിക്കുന്ന, പ്രചോദിപ്പിക്കുന്ന ഒരു ആധ്യാത്മികത

321. 'ക്രൈസ്തവ ദമ്പതിമാർ പരസ്പരവും അവരുടെ കുട്ടികൾക്കും ബന്ധുക്കൾക്കും കൃപാവരത്തിന്റെയും വിശ്വാസ സാക്ഷ്യത്തിന്റെയും സഹകാരികളാണ്.'[383] ജീവൻ നല്കാനും ജീവനെ സംരക്ഷിക്കാനും ദൈവം അവരെ വിളിക്കുന്നു. ഇക്കാരണത്താൽ 'കുടുംബം എപ്പോഴും ഏറ്റവും അടുത്ത 'ഹോസ്പിറ്റൽ' ആയിരുന്നു.'[384] അതുകൊണ്ട് പരസ്പരം കരുതുകയും പ്രോത്സാഹിപ്പിക്കുകയും നമ്മുടെ കുടുംബ ആധ്യാത്മികതയുടെ ഭാഗമായി അതിനെ അനുഭവിക്കുകയും ചെയ്യാം. ദമ്പതികളായിട്ടുള്ള ജീവിതം ദൈവത്തിന്റെ സർഗാത്മക പ്രവൃത്തിയിലുള്ള അനുദിന ഭാഗഭാഗിത്വമാണ്. ഓരോ വ്യക്തിയും മറ്റേ വ്യക്തിക്ക് പരിശുദ്ധാത്മാവിൽ നിന്നുള്ള സ്ഥിരമായ വെല്ലുവിളിയുമാണ്. 'സ്ത്രീയും പുരുഷനും അവരുടെ ദാമ്പത്യസ്നേഹം പ്രകാശിപ്പിക്കാൻ ഉപയോഗിക്കുന്ന ജീവിതത്തിലൂടെയും വസ്തുനിഷ്ഠമായ വാക്കിലൂടെയും ദൈവത്തിന്റെ സ്നേഹം പ്രഘോഷിക്കപ്പെടുന്നു.[385] അങ്ങനെ അവർ രണ്ടുപേരും, ഒരു വാക്കുകൊണ്ട്, നോട്ടംകൊണ്ട്, സഹായംകൊണ്ട്, ചുംബനംകൊണ്ട്, ആശ്ലേഷംകൊണ്ട് ആശ്വസിപ്പിക്കുന്ന ദൈവികസ്നേഹത്തിന്റെ പരസ്പര പ്രതിഫലനങ്ങളാകുന്നു. ഇക്കാരണത്താൽ, 'ഒരു കുടുംബത്തെ രൂപപ്പെടുത്താൻ ആഗ്രഹിക്കുകയെന്നത് ദൈവത്തിനുള്ള സ്വപ്നത്തിന്റെ ഭാഗമാക്കാൻ അവിടത്തോടൊപ്പം സ്വപ്നം കാണുന്നതിനു തീരുമാനമെടുക്കാൻ, അവിടത്തോടൊപ്പം പണിയുന്നതിന് ആഗ്രഹിക്കാൻ, ഒരുവനും ഒറ്റക്കാണെന്നു തോന്നാതിരിക്കുന്ന ലോകത്തിന്റെ നിർമ്മിക്കലാകുന്ന ഈ അദ്ഭുതകഥയിൽ പങ്കുചേരാൻ ശപഥം ചെയ്യുകയെന്നതാണ്.'[386]

322. എല്ലാ കുടുംബജീവിതവും കാരുണ്യത്തിലുള്ള ഒരു 'ആടുമേയ്ക്ക ലാണ്.' നമ്മിൽ ഓരോരുത്തരും നമ്മുടെ സ്നേഹംകൊണ്ടും ശുശ്രൂഷ കൊണ്ടും മറ്റുള്ളവരുടെ ജീവിതത്തിന്മേൽ ഒരടയാളമിടുന്നു. വിശുദ്ധ പൗലോസിനോടൊപ്പം നമുക്കു പറയാൻ കഴിയും: ഞങ്ങളുടെ ഹൃദയ ങ്ങളിൽ എഴുതപ്പെട്ട...ഞങ്ങളുടെ ശിപാർശക്കത്ത് നിങ്ങൾ തന്നെയാണ്... മഷികൊണ്ടല്ല ജീവിക്കുന്ന ദൈവത്തിന്റെ ആത്മാവുകൊണ്ട് എഴുതപ്പെട്ട താണത്' (2 കോറി 3:2-3). നമ്മിൽ ഓരോരുത്തരും മറ്റുള്ളവരിലേക്ക് യേശുവിന്റെ നാമത്തിൽ 'മനുഷ്യരെപ്പിടിക്കാൻ' (ലൂക്കാ 5:10) 'വല എറി യുന്നവരാകും' (ലൂക്കാ 5:5). അല്ലെങ്കിൽ ഒരു കർഷകനാകും. ആ കർഷ കൻ താൻ അറിയുന്നവരിൽ നിന്ന് ഏറ്റവും നല്ലതു പുറത്തെടുക്കാൻ താൻ അറിയുന്നവരായ പുതുമണ്ണിൽ ഉഴുകുന്നു. വൈവാഹിക ഫലപൂർണത മറ്റുള്ളവരെ സഹായിക്കുകയെന്നത് ഉൾക്കൊള്ളുന്നുണ്ട്. എന്തെന്നാൽ, 'ആരെയെങ്കിലും സ്നേഹിക്കുകയെന്നത് ആ വ്യക്തിയിൽ നിന്ന് നിർവചി ക്കപ്പെടാനോ മുൻകൂട്ടി കാണാനോ കഴിയാത്ത എന്തെങ്കിലും പ്രതീക്ഷിക്ക ലാണ്. അതേ സമയം അത് അയാൾക്ക് ഒരുവിധത്തിൽ തന്റെ പ്രതീക്ഷ സാധ്യമാക്കുകയെന്നതുമാണ്.'[387] ഇതുതന്നെ ദൈവത്തെ ആരാധിക്കാ നുള്ള ഒരു മാർഗമാണ്. വളർത്താൻ നമ്മൾ അവരെ സഹായിക്കുമെന്നു പ്ര ത്യാശിച്ചുകൊണ്ട് അവിടന്ന് മറ്റുള്ളവരിൽ വളരെയേറെ നന്മകൾ വിതച്ചി ട്ടുണ്ടല്ലോ.

323. നാം സ്നേഹിക്കുന്നവരെ ദൈവത്തിന്റെ കണ്ണുകൾകൊണ്ട് ധ്യാനി ക്കുയും അവരിൽ ക്രിസ്തുവിനെ കാണുകയും ചെയ്യുകയെന്നത് ആഴമായ ആധ്യാത്മികാനുഭവമാണ്. അവരുടെ മഹത്ത്വത്തെ വിലമതിക്കാൻ നമ്മെ ശക്തരാക്കുന്ന സ്വാതന്ത്ര്യവും തുറവിയും ഇത് ആവശ്യപ്പെടുന്നുണ്ട്. നമ്മെ പൂർണമായി നല്കിക്കൊണ്ടും മറ്റെല്ലാം മറന്നുകൊണ്ടും മാത്രമേ മറ്റുള്ള വരെ സംബന്ധിച്ച് നമുക്കു പൂർണമായി സമീപസ്ഥരായിരിക്കാൻ കഴി യുകയുള്ളൂ. നാം സ്നേഹിക്കുന്നവർക്ക് നമ്മുടെ സമ്പൂർണമായ ശ്രദ്ധ ഏറ്റവും വിലമതിക്കപ്പെട്ടതാണ്. ഇക്കാര്യത്തിൽ യേശു നമ്മുടെ മാതൃക യാണ്. തന്നോട് സംസാരിക്കാൻ അടുത്തുവരുന്നവരെ മുഖാമുഖം സ്നേഹപൂർവകമായും അവൻ ശ്രദ്ധിക്കുന്നു (cf മർക്കോ 10:21). അവി ടത്തെ സാന്നിധ്യത്തിൽ അവഗണിക്കപ്പെട്ടതായി ആർക്കും തോന്നിയി ട്ടില്ല. എന്തെന്നാൽ അവിടത്തെ വാക്കുകളും ആംഗ്യങ്ങളും ഒരു ചോദ്യം ചോദിച്ചു: 'ഞാൻ നിനക്ക് എന്തു ചെയ്യണമെന്നാണ് നീ ആഗ്രഹിക്കുന്നത്?' (മർക്കോ 10:51). ഇതാണ് കുടുംബത്തിന്റെ അനുദിനജീവിതത്തിൽ നാം അനുഭവിക്കുന്നത്. നമ്മോടൊപ്പം ജീവിക്കുന്നവരിൽ ഓരോ വ്യക്തിക്കും പൂർണമായ ശ്രദ്ധയ്ക്ക് അർഹതയുണ്ടന്ന് നാം സ്ഥിരം അനുസ്മരിപ്പിക്ക പ്പെട്ടുകൊണ്ടിരിക്കുന്നു. കാരണം ആ വ്യക്തി പിതാവിനുള്ള അളവറ്റ സ്നേഹത്തിന്റെ വിഷയമെന്ന നിലയിൽ അനന്ത മഹത്ത്വമുള്ളയാളാണ്.



ഇത് ഒരു വാത്സല്യത്തെ ഉത്പാദിപ്പിക്കുന്നു. 'സ്നേഹിക്കപ്പെടുന്നതിന്റെ സന്തോഷം അത് ആ വ്യക്തിയിൽ ഉണർത്തുന്നു. വാത്സല്യം പ്രത്യേക മായ ഒരുവിധത്തിൽ പ്രകാശിപ്പിക്കപ്പെടുന്നു. അപരന്റെ പരിമിതികളെ, പ്രത്യേകിച്ച് അവ വ്യക്തമായിരിക്കുമ്പോൾ, കൈകാര്യം ചെയ്യുന്നതിൽ സ്നേഹപൂർമണമായ ശ്രദ്ധ ചെലുത്തിക്കൊണ്ട് അങ്ങനെ ചെയ്യുന്നു.'[388]

324. കുടുംബാന്തരീക്ഷം, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട ജീവനോടു തുറവു കാണിക്കുന്നത് അതിൽത്തന്നെ ജീവനെ ഉത്പാദിപ്പിച്ചുകൊണ്ടു മാത്രമല്ല, പിന്നെയോ മുന്നോട്ടു പോകുകയും മറ്റുള്ളവരെ ശുശ്രൂഷിച്ചും അവരുടെ സന്തോഷത്തിനായി പരിശ്രമിച്ചും ജീവനെ വ്യാപിപ്പിക്കു ന്നതുകൊണ്ടു കൂടിയാണ്. ഈ തുറവ് ആതിഥ്യമര്യാദയിൽ പ്രത്യേക പ്രകാശനം കണ്ടെത്തുന്നു.[389] ദൈവവചനം സുശക്തമായി പ്രോത്സാഹി പ്പിക്കുന്ന ഒന്നാണത്: 'ആതിഥ്യ മര്യാദ മറക്കരുത്. അതുവഴി ദൈവദൂ തന്മാരെ അറിയാതെ സത്കരിച്ചവരുണ്ട്' (ഹെബ്രാ 13:2). ഒരു കുടുംബം സ്വാഗതം ചെയ്യുകയും മറ്റുള്ളവരിലേക്ക് എത്തിച്ചേരുകയും ചെയ്യുമ്പോൾ, പ്രത്യേകിച്ച് ദരിദ്രരെയും ഉപേക്ഷിക്കപ്പെട്ടവരെയും സംബന്ധിച്ച് അങ്ങനെ ചെയ്യുമ്പോൾ അത് 'സഭയുടെ മാതൃത്വത്തിന്റെ അടയാളവും സാക്ഷിയും ഭാഗഭാഗിത്വം വഹിക്കുന്നതു'[390] മായിത്തീരുന്നു. ത്രിത്വത്തിന്റെ പ്രതിഫ ലനം എന്ന നിലയിലുള്ള സംഘാത്മക സ്നേഹമാണ് കുടുംബത്തിന്റെ ആധ്യാത്മികാർത്ഥത്തെയും മറ്റുള്ളവരോടുള്ള അതിന്റെ ദൗത്യത്തെയും യഥാർത്ഥത്തിൽ ഐക്യപ്പെടുത്തുന്നത്. എന്തെന്നാൽ അത് കുടുംബ ത്തിന്റെ സംഘാത്മകമായ എല്ലാ അവശ്യകർത്തവ്യങ്ങളിലും പ്രഘോ ഷണം സന്നിഹിതമാക്കുന്നു. ഒരേ സമയം കൃത്യമായി ഗൃഹസഭയും ലോകത്തെ പരിവർത്തനം ചെയ്യിക്കാനുള്ള ഒരു സജീവകോശവുമായി നിലകൊള്ളുന്നതു വഴിയാണ് കുടുംബം അതിന്റെ ആധ്യാത്മികത ജീവി ക്കുന്നത്.[391]

325. വിവാഹത്തെ സംബന്ധിച്ചുള്ള ഗുരുവിന്റെ പ്രബോധനവും (cf മത്താ 22:30) വിശുദ്ധ പൗലോസിന്റെ പ്രബോധനവും (cf 1 കോറി 7:29-31) നമ്മുടെ മാനുഷികാസ്തിത്വത്തിന്റെ ആത്യന്തികവും സുനിശ്ചിതവുമായ മാന ത്തിലാണ് സ്ഥാപിച്ചിട്ടുള്ളത്. അങ്ങനെ ചെയ്തത് ആകസ്മികമായിട്ടല്ല. ഈ പ്രബോധനത്തിന്റെ സമ്പന്നതയെ നാം അടിയന്തിരമായി വീണ്ടും കണ്ടെത്തണം. അതു ശ്രദ്ധിച്ചുകൊണ്ട് വിവാഹിതരായ ദമ്പതികൾ ജീവി തത്തിലുള്ള അവരുടെ യാത്രയുടെ കൂടുതൽ ആഴത്തിലുള്ള അർത്ഥം. കണ്ടെത്തും. ഈ ആഹ്വാനം പലപ്പോഴും ശ്രദ്ധിച്ചിട്ടുള്ളതുപോലെ, പൂർണതയോടെ രൂപപ്പെടുത്തിയ ഒരു കുടുംബവും സ്വർഗത്തിൽ നിന്നു താഴോട്ടുപോകുന്നില്ല. കുടുംബങ്ങൾ സ്നേഹിക്കാനുള്ള കഴിവിൽ സ്ഥിരം വളരുകയും പക്വത പ്രാപിക്കുകയും വേണം. ഇത് ഒരിക്കലും അവസാനി

ക്കാത്ത ഒരു വിളിയാണ്. അത് ത്രിത്വത്തിന്റെ സംപൂർണ കൂട്ടായ്മയിൽ നിന്ന്, ക്രിസ്തുവും സഭയും തമ്മിലുള്ള അഗാധമായ ഐക്യത്തിൽ നിന്ന്, നസ്രസിലെ തിരുക്കുടുംബമാകുന്ന സ്നേഹിക്കുന്ന സമൂഹത്തിൽ നിന്ന് സ്വർഗത്തിലെ വിശുദ്ധരുടെ ഇടയിലുള്ള ശുദ്ധമായ സഹോദര്യത്തിൽ നിന്ന്, ജനിച്ചതാണ്. നാം ഇനിയും എത്തിച്ചേരേണ്ടിയിരിക്കുന്ന സാക്ഷാത്കാരത്തെക്കുറിച്ചുള്ള നമ്മുടെ ധ്യാനം കുടുംബങ്ങളെന്ന നിലയിൽ നാം നടത്തുന്ന ചരിത്രപരമായ യാത്രയെ ശരിയായ സമഗ്ര വീക്ഷണത്തിൽ കാണുവാൻ നമ്മെ അനുവദിക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെ നമ്മുടെ വ്യക്ത്യന്തരബന്ധങ്ങളിൽ നിന്ന് ഒരു പൂർണതയും നിയോഗങ്ങളുടെ വിശുദ്ധിയും വരാനിരിക്കുന്ന സ്വർഗരാജ്യത്തിൽ മാത്രം നമുക്കു കണ്ടെത്താനാവുന്ന സ്ഥിരതയും ആവശ്യപ്പെടുകയെന്നതു നിറുത്താനും നമ്മെ അനുവദിക്കുന്നു. ദുർബലതയുടെ സാഹചര്യങ്ങളിൽ ജീവിക്കുന്നവരെ കർക്കശമായി വിധിക്കുന്നതിൽ നിന്നും നമ്മെ അതു മാറ്റി നിറുത്തുന്നു. നമ്മെക്കാളും നമ്മുടെ കുടുംബങ്ങളെക്കാളും വലിയ ഒന്നിനുവേണ്ടി നിരന്തരം പരിശ്രമിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. നിരന്തരമുള്ള ഈ പ്രചോദനം എല്ലാ കുടുംബങ്ങളും അനുഭവിക്കണം. കുടുംബങ്ങൾ എന്ന നിലയിലുള്ള ഈ യാത്ര നമുക്കു നടത്താം. നമുക്കു സ്ഥിരം ഒന്നിച്ചു നടക്കാം. നമുക്കു സങ്കല്പിക്കാനാവുന്നതിലും വലുതാണ് നമുക്കായി വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്. നമ്മുടെ പരിമിതികൾ മൂലം ഒരിക്കലും ധൈര്യം നഷ്ടപ്പെട്ടവരാകരുത്. അല്ലെങ്കിൽ ദൈവം നമ്മുടെ മുമ്പിൽ പ്രദർശിപ്പിക്കുന്ന സ്നേഹപൂർണതയുടെയും കൂട്ടായ്മയുടെയും അന്വേഷണം ഒരിക്കലും നിറുത്തരുത്.

## തിരുക്കുടുംബത്തോടുള്ള പ്രാർത്ഥന

യേശുവേ, മറിയമേ, യൗസേപ്പേ
യഥാർത്ഥസ്നേഹത്തിന്റെ തിളക്കത്തെക്കുറിച്ച്
നിങ്ങളിൽ ഞങ്ങൾ ധ്യാനിക്കുന്നു
ആത്മവിശ്വാസത്തോടെ ഞങ്ങൾ നിങ്ങളിലേക്കു തിരിയുന്നു
നസ്രസിലെ തിരുക്കുടുംബമേ,
ഞങ്ങളുടെ കുടുംബങ്ങളും
കൂട്ടായ്മയുടെയും പ്രാർത്ഥയുടെയും സ്ഥാനങ്ങളാകാനും സുവിശേഷത്തിന്റെ യഥാർത്ഥ വിദ്യാലയങ്ങളാകാനും ചെറിയ ഗൃഹസഭകളാകാനും
അനുഗ്രഹം നല്കണമേ.
നസ്രസിലെ തിരുക്കുടുംബമേ
കുടുംബങ്ങൾ വീണ്ടും ഒരിക്കലും
അക്രമവും പരിത്യക്തതാവസ്ഥയും വിഭജനവും അനുഭവിക്കാൻ
ഇടയാകാതിരിക്കട്ടെ



ദ്രോഹിക്കപ്പെട്ടവരും ഉതപ്പുനല്കപ്പെട്ടവരും പെട്ടെന്ന് ആശ്വാസവും സൗഖ്യവും കണ്ടെത്തട്ടെ.
നസ്രസിലെ തിരുക്കുടുംബമേ
കുടുംബത്തിന്റെ പവിത്രതയും അലംഘ്യതയും
ദൈവത്തിന്റെ പദ്ധതിയിലുള്ള അതിന്റെ സൗന്ദര്യവും
ഞങ്ങളെ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കണമേ
യേശുവേ, മറിയമേ, യൗസേപ്പേ
കരുണാപൂർവം ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
ആമേൻ

*റോമിൽ സെന്റ് പീറ്റേഴ്സിൽ നല്കപ്പെട്ടത്,*
*കരുണയുടെ അസാധാരണജൂബിലിയുടെ കാലത്ത് മാർച്ച് 19-ാംതീയതി, വിശുദ്ധ യൗസേപ്പിന്റെ തിരുനാൾ ദിവസം, 2016-ാംവർഷത്തിൽ എന്റെ പരമാചാര്യത്വത്തിന്റെ നാലാംവർഷം*

Franciscus

# കുറിപ്പുകൾ

1 Third Extraordinary GeneralAssembly of the Synod of Bishops, Relatio Synodi (18 October 2014), 2.

2 Fourteenth Ordinary GeneralAssembly of the Synod of Bishops, Relatio Finalis (24 October 2015), 3.

3 Concluding Address of the Fourteenth Ordinary General Assembly of the Synod of Bishops (24 October 2015): L'Osservatore Romano, 26-27 October 2015, p. 13; cf. PontificalBiblicalCommission, Fede e cultura alla luce della Bibbia. Atti della sessione plenaria 1979 della Pontificia Commissione Biblica, Turin, 1981; Second Vatican EcumenicalCouncil, Pastoral Constitution on the Church in the Modern World Gaudium et Spes, 44; John PaulII, Encyclical Letter Redemptoris Missio (7 December 1990), 52: AAS 83 (1991), 300; Apostolic Exhortation Evangelii Gaudium (24 November 2013), 69, 117: AAS 105 (2013), 1049, 1068-69.

4 Address at the Meeting of Families in Santiago de Cuba (22 September 2015): L'Osservatore Romano, 24 September 2015, p. 7.

5 Jorge Luis Borges, " Calle Desconocida", in Fervor de Buenos Aires, Buenos Aires, 2011, 23.

6 Homily at the Eucharistic Celebration in Puebla de los Ángeles (28 January 1979), 2: AAS 71 (1979), 184.

7 Cf. ibid.

8 John PaulII, Apostolic Exhortation Familiaris Consortio (22 November 1981), 4: AAS 74 (1982), 84.

9 Relatio Synodi 2014, 5.

10 Spanish Bishops' Conference, Matrimonio y familia (6 July 1979), 3, 16, 23.

11 Relatio Finalis 2015, 5.

12 Relatio Synodi 2014, 5.

13 Relatio Finalis 2015, 8.

14 Address to the United States Congress (24 September 2015): L'Osservatore Romano, 26 September 2015, p. 7.

15 Relatio Finalis 2015, 29.

16 Relatio Synodi 2014, 10.

17 Third Extraordinary GeneralAssembly of the Synod of Bishops, Message, 18 October 2014.

18 Relatio Synodi 2014, 10.

19 Relatio Finalis 2015, 7.



20 Ibid., 63.

21 Catholic Bishops' Conference of Korea, Towards a Culture of Life! (15 March 2007), 2.

22 Relatio Synodi 2014, 6.

23 PontificalCouncilfor the Family, Charter of the Rights of the Family (22 October 1983), Art. 11.

24 Cf. Relatio Finalis 2015, 11-12.

25 PontificalCouncilfor the Family, Charter of the Rights of the Family (22 October 1983), Introduction.

26 Ibid., 9.

27 Relatio Finalis 2015, 14.

28 Relatio Synodi 2014, 8.

29 Cf. Relatio Finalis 2015, 78.

30 Relatio Synodi 2014, 8.

31 Relatio Finalis 2015, 23; cf. Message for the World Day of Migrants and Refugees on 17 January 2016 (12 September 2015), L'Osservatore Romano, 2 October 2015, p. 8.

32 Relatio Finalis 2015, 24.

33 Ibid., 21.

34 Ibid., 17.

35 Ibid., 20.

36 Cf. ibid., 15.

37 Concluding Address of the Fourteenth Ordinary General Assembly of the Synod of Bishops (24 October 2015): L'Osservatore Romano, 26-27 October 2015, p. 13. 34 Ibid., 17.

38 Argentinian Bishops' Conference, Navega mar adentro (31 May 2003), 42.

39 Mexican Bishops' Conference, Que en Cristo Nuestra Paz México tenga vida digna (15 February 2009), 67.

40 Relatio Finalis 2015, 25.

41 Ibid., 10.

42 Catechesis (22 April 2015): L'Osservatore Romano, 23 April 2015, p. 7.

43 Catechesis (29 April 2015): L'Osservatore Romano, 30 April 2015, p. 8.

44 Relatio Finalis 2015, 28.

45 Ibid., 8.